നാമം ഇല്ലാത്തവൾ

Naamam Ellathaval | Author : Vedan | www.kkstories.com

" ദൂരെ ഒരാൾ " എന്ന എന്റെ കഥക്ക് ഒപ്പം എഴുതിയ ഒന്നാണ് ഈ കഥ , ഇടണം എന്നുദ്ദേശിച്ച കഥയല്ല, എന്നാൽ കളയാനും തോന്നുന്നില്ല . അതുകൊണ്ട് അവസാനം ഇടാം എന്ന് വെച്ചു... പിന്നെ ❤️ കുറവാണെകിൽ ഇതിന്റെ സെക്കന്റ് പാർട്ട് കാണില്ല കേട്ടോ ... വേറെ ഒന്നും അല്ല പറഞ്ഞല്ലോ കളയാൻ ഇരുന്ന ഒന്നാണ് ഇത് അപ്പോ നിങ്ങൾക് ഇഷ്ടമായില്ല എങ്കിൽ പിന്നീട് പാർട്ടുകൾ കാണില്ല... അപ്പോ കുടുതൽ ഒന്നും പറയാൻ ഇല്ല സപ്പോർട്ട് ചെയ്യുക, കഥ ഇഷ്ടമായാൽ അഭിപ്രായം പറയണം ❤️❤️

അപ്പോ കഥയിലേക്ക് പോകാം

:എടി പെണ്ണെ കിടന്നു ഉറങ്ങൻ നോക്കിക്കേ, സമയം ദേ 10 ആകുന്നു. മതി കളിച്ചത്..

:ഒന്ന് പോയെ അമ്മ, ഞാൻ എന്റെ അപ്പയോട് കൂടെ അല്ലെ കിടക്കുന്നെ അമ്മക് എന്നാ ഇപ്പോ. അപ്പ ഈ അമ്മക് അസൂയ ആ....

www.kkstories.com

:ഡി എന്റെ കൊച്ചിനെ വല്ലതും പറഞ്ഞാൽ ഉണ്ടലും അഹ്... അപ്പന്റെ പൊന്ന് കിടന്നോടാ...

: ഓ ഇപ്പോ അങ്ങനെ ആയി അല്ലെ ആയിക്കോട്ടെ, ഇനി കെട്ടിപിടിച്ചു കിടക്കാൻ വയ്യേ. അപ്പോ കാണിച്ച തരാം, അഹ് ഹ അല്ലപിന്നെ.. (പെണ്ണ് പിണങ്ങി അല്ലോ ദൈവമേ)

:മോളെ നീ അങ്ങനെ കടുത്ത തീരുമാനം ഒന്നും എടുക്കല്ലേ.. എനിക്ക് ഒരുപാട് പ്ലാൻസ് ഉള്ളതാ. (അവളുടെ ഇടുപ്പിൽ ഒന്ന് നുള്ളിക്കൊണ്ട് പറഞ്ഞു)

:ചീ എന്തോന്നാ മനുഷ്യ കൊച്ചിന്റെ മുന്നിൽ വച്ചാണോ ഇങ്ങനെ ഒക്കെ..

: ഓ....കൊച്ചു മുൻപിൽ ഉണ്ടന്ന് പറഞ്ഞു പ്രണയിക്കാതെ ഇരിക്കുന്ന 2 എണ്ണം.. നിങ്ങടെ റൊമാൻസ് കണ്ട് കണ്ട് ഇതൊക്കെ ശീലം ആയി എന്റെ അമ്മക്കുട്ടി...

:ദേ പെണ്ണെ നിനക്ക് കുറച്ചു കുടുന്നുണ്ടെ..

: രണ്ടും ഇവിടെ കിടന്നോ. എനിക്ക് വയ്യ അമ്മയുടേം മോളുടേം ഇടയിൽ കിടന്നു ചാകാൻ ഞാൻ പോണേ....

: ഏട്ടാ..... ഒരു നീട്ടിവിളി

(ഞാൻ എണ്ണിറ്റതുപോലെ തന്നെ വന്നു കിടന്നു..)

മീനു :അപ്പാ .. അപ്പ എന്തിനാ ഈ ഡോക്ടറെ പ്രമിച്ചേ വേറെ ആരേം കിട്ടിയിലായിരുന്നോ...

:അതെന്താടി എന്റെ കെട്ടിയോൾക്ക് ഒരു കുഴപ്പം.... അവള് ഈ അപ്പയുടെ സുന്ദരി അല്ലെ...

ആമി :മതി സോപ്പിട്ടത്,, കിടന്നേ നാളെ എനിക്ക് ഡ്യൂട്ടി ഉള്ളതാ..

മീനു : കണ്ടോ അപ്പാ ഇതാ ഞാൻ പറഞ്ഞെ., മൂഷട്ടാ.....! രണ്ടും അപ്പനും അമ്മയും ആണെന്ന് പറയാൻ തന്നെ എനിക്ക് ചമ്മലാ...

ആമി : നീ പോടീ പെണ്ണെ, ഞാൻ എന്റെ കെട്ട്യോൻ ഓട് പലതും പറയും.. പിന്നെ നിനക്ക് എന്തിനാ ചമ്മൽ, എന്താടി ഞങ്ങൾ ക്ക് ഒരു കുറവ് ഏഹ്..

മീനു : ഒരു കുറവും ഇല്ല,, പുതിയ സ്കൂൾ ആയത് കാരണം ഞാൻ എല്ലാർക്കും ഉത്തരം കൊടുത്ത് കൊടുത്ത് മടുത്തുന്നു എന്ന് പറഞ്ഞാൽ മതിയല്ലോ...

www.kkstories.com

: (പകുതി ഉറക്കത്തിൽ നിന്ന് ഞാൻ ചോദിച്ചു) എന്താടാ എന്റെ പൊന്നിന് പറ്റിയെ അത് പറ ആദ്യം .

മീനു :സ്കൂൾ മീറ്റിങ് വന്നപ്പോ ഉഷ മിസ്സ് ചോദിക്കുവാ, ഏട്ടനും ഏട്ടത്തി ഉം ആണോ എന്ന്.. അവരേം കുറ്റം പറയാൻ ഒക്കില്ല രണ്ടും നവ ദമ്പതികളെ പോലെ അല്ലെ നടക്കുന്നേ...

ആമി : എന്നിട്ട് നീ എന്ത് പറഞ്ഞു അവരോട്.

മീനു : ഹ ഹ ഹാ ഞാൻ പറഞ്ഞു അത് ഏട്ടനും ചേച്ചിയും ആണ് എന്ന്. ചേച്ചിയുടെ കല്യാണം കഴിഞ്ഞെന്നും. ഏട്ടന് തേപ്പ് കിടിയത് കൊണ്ട് കല്യാണം വേണ്ടന് പറഞ്ഞു നടപ്പാ എന്ന്...

: എടി നീ എന്തിനാ മോളെ അങ്ങനെ പറഞ്ഞെ ശേ.... ഞാൻ ഇനി അവരുടെ ഒക്കെ മുഖത്തു എങ്ങനെ നോക്കും.

ആമി : അത് നന്നായി പോയി. നിങ്ങളോട് ഞാൻ എത്ര ആയി പറയുന്നു ആ തടി ഒക്കെ ഒന്ന് വെട്ടി നിർത്താൻ....എന്നിട്ട് പറയെടി മോളെ മിസ്സ് എന്ത് പറഞ്ഞു... (ഓ അവളുടെ ഒരു ആവേശം)

മീനു : പിന്നെ ചോദിച്ചത് മുഴുവൻ അപ്പനെ പറ്റിയ, എന്ത് പറ്റിയതാ.....? വർക്ക് ചെയ്യുവാനോ...? എത്ര വരെ പഠിച്ചു. വീട്ടിൽ ആരേലാം ഉണ്ട്. അങ്ങനെ കുറെ. കൂടുതൽ ചോദിച്ചത് അപ്പയെ പറ്റിയാ. മിസ്സ് ആ മീറ്റിംഗ് യിൽ ഒന്നും അല്ല ശ്രദിച്ചേ അപ്പയെ ആണ് എന്തൊരു നോട്ടം ആയിരുന്നു,. ദൈവമേ സ്വന്തം മോളോട് തന്നെ അപ്പനെ സെറ്റ് ആക്കി തരാൻ പറയുവോ...., എന്നായിരുന്നു എനിക്ക് പേടി.

"ഞാൻ മീനുട്ടിക്ക് മീര യെ കണ്ണ് കൊണ്ട് കാണിച്ചു കൊടുത്ത്. പുള്ളിക്കാരി ആകെ വിളറി വെളുത്തു, നേരത്തെ അങ്ങനെ പറയണ്ടായിരുന്നു എന്ന് തോന്നിക്കാണും.. ഞങ്ങൾ ചിരി കടിച്ചു പിടിച്ചു."

: ശേ ഞാൻ കണ്ടില്ലലോ. മോളെ ഏതായാലും ഇനി മാറ്റിപറയാൻ ഒന്നും നിൽക്കണ്ട കേട്ടോ അങ്ങനെ നിൽക്കട്ടെ അല്ലേടി പൊണ്ടാട്ടി... (മുക്കിനു പിടിച്ചു വലിച്ച് ആയിരുന്നു ചോദ്യം. പെണ്ണ് കലിപ്പ് മൂഡ് ഓൺ ആക്കി. എന്റെ കൈ മുതട്ടിമറ്റി)

ആമി : ദേ ഏട്ടാ എനിക്ക് ചൊറിഞ്ഞ് വരുന്നുണ്ടേ. അവളുടെ ഒരു അന്വേഷണം ഞാൻ മാറ്റി കൊടുകാം അവള്ക്..അല്ലേലും എനിക്ക് പണ്ടേ പണവും സമ്പത്തും ഇല്ലാലോ പാവപ്പെട്ട കൃഷിക്കാരന്റ മോളല്ലേ....

: ദേ തുടങ്ങി അവൾ. എടി പണ്ട് ഞാൻ എന്തോ പറഞ്ഞെന്നും പറഞ്ഞു... ദേ...ഡി മോളെ ഡോക്ടർ അനാമിക ശ്രീഹരിക്കു പോസ്സസീവ്നെസ്സ്...(അതും പറഞ്ഞു ഞങ്ങൾ ചിരിക്കാൻ തുടങ്ങി)

www.kkstories.com

മീനു: എന്തോന്നാ ഡോക്ടറെ ഇത്. അങ്ങനെ ആണെങ്കിൽ ക്ലസിൽ ഉള്ള ഫ്രണ്ട്സ് എല്ലാം ചോദിച്ചാലോ അപ്പനെ കുറിച്ച്... എല്ലാർക്കും ഇങ്ങേരെകുറിച്ച് അറിഞ്ഞാൽ മതിയായിരുന്നു.. (അങ്ങനെ മീരയ്ക്ക് ഉള്ള അവസാന ആണിയും മീനൂട്ടി അടിച്ചു കഴിഞ്ഞു)

: ശോ ഈ ഫാൻസ്...., നേരത്തെ കെട്ടണ്ടായിരുന്നു....

ആമി : നിങ്ങള് ചവിട്ട് വാങ്ങിക്കാറായി .. ഹോസ്പിറ്റലിൽ ഉലും ഇത് തന്നെ. സിസ്റ്റർമാർക് എലാം മനു സിർനെ കുറിച്ച് അറിഞ്ഞാൽ മതിയല്ലോ.. ക്യൂട്ട് ആൻഡ് കേറിയിങ് ആയ ഒരു ഹുസ്ബൻഡ് നെ കുറിച്ച് അറിയാൻ ആണ് എല്ലാർക്കും താല്പര്യം. അത് എങ്ങനെ പണ്ടും ഇതിലും അപ്പുറം അല്ലായിരുന്നോ. പെണ്ണ് കിടക്കുന്നു എന്നെകൊണ്ട് ഒന്നും പറയിപ്പിക്കരുത്.... (എന്നും പറഞ്ഞു പെണ്ണ് തിരിഞ്ഞുകിടന്നു)

:ഹാ നീ ഇങ്ങനെ ചൂടാവല്ലേ.. അവര് ചുമ്മാ പറയുന്നത് അല്ലേടി എന്റെ പൊന്നു ഇങ്ങ് വന്നേ ഏട്ടൻ ചോദിക്കട്ടെ..! (അവളുടെ പിൻ കഴുത്തിൽ ഒരു മുത്തം ഇട്ട് കൊണ്ട് പെണ്ണ് ഒന്ന് പിടഞ്ഞു)

മീനു : അതെ ഒരു പാവം കൊച് ഇവിടെ കിടപ്പുണ്ട് ആ ബോധം വേണം രണ്ടിനും (അവളുടെ ശബ്ദം ആണ് ഞങ്ങളെ ഉണർത്തിയത് പെട്ടെന്നു തിരിഞ്ഞ് കിടന്ന മീരയെ കണ്ട് ഞങ്ങൾ ഒന്ന് ചിരിച്ചു. കിട്ടി അപ്പോ തന്നെ കൈയിൽ ഒരു അടി)

ആമി : നീ പോയി കിടന്നേ.. പോ..പോയി ഉറങ്ങൻ നോക്ക്...ചെല്ല്.....

മീനു: അയ്യടാ രണ്ടിനെയും റൊമാൻസ് ഒന്നും ഇന്ന് നടക്കില്ല ഞാൻ ഇന്ന് ഇവിടെ ആണ് കിടക്കുന്നേ,അത് കൊണ്ട് മക്കള് മര്യാദയ്ക്ക് കിടന്നോണം...

"ആമി എന്നെ നോക്കി അവളോട് റൂമിൽ പോകാൻ പറയാൻ കണ്ണ് കൊണ്ട് കാണിക്കുന്നു എനിക്ക് ആണെങ്കിൽ ചിരി വന്നിട്ട്.. കല്യാണം കഴിഞ്ഞിട്ട് ഇത്ര കൊല്ലം ആയിട്ടും എന്നെ കെട്ടിപിടിച്ചു എന്റെ നെഞ്ചിൽ കിടക്കാതെ പുള്ളികാരിക് ഉറക്കം വരില്ല.. അതാണ്"

: മീനുട്ടി പോയികിടക്ക് അമ്മക് നാളെ ഹോസ്പിറ്റലിൽ പോകണ്ടതല്ലേ നാളെ കഴിഞ്ഞു സാറ്റർഡേ അല്ലെ അമ്മയും ലീവ് ആണ് നമ്മക്ക് നാളെ കഴിഞ്ഞു പോളികാം മോള് പോയി കിടക്കട ചക്കരെ...

മീനു : അപ്പ പറഞ്ഞോണ്ട് മാത്രം പോകാം.. (പോകുന്ന പോക്കിൽ ഒരു കൊഞ്ഞനം കുത്തിട്ടാണ് പോകുന്നേ... ഇപ്പോ മനസ്സിൽ ആയി കാണുമല്ലോ അവൾക് ആരെയാ ഇഷ്ടം എന്ന് അവൾ അപ്പന്റ പൊന്നു ആണ്..) ഇനി എന്റെ കാന്താരിയെ എങ്ങനെ സമദനിപ്പിക്കുമോ ആവോ.. അവളോട് കുറച്ചു ചേർന്ന് കിടന്നു . പുള്ളിക്കാരി തിരിഞ്ഞു കിടക്കുവാണ് പിണക്കം ആണ്

: ഡി.... (അനക്കം ഇല്ല) മീരു.....

ആമി : ഉം(നേർത്ത ഒരു മൂളൽ)

:എന്താടി എന്റെ പെണ്ണിന്

ആമി : ഏട്ടാ ഞാൻ ഒരുപാട് തടി വച്ചോ (ഓ അപ്പോ അതാണ് കാര്യം പെണ്ണിന് കുശുമ്പ് കേറീട്ടുള്ള പിണക്കം ആണ്)

: എന്ന് ആര് പറഞ്ഞു എന്റെ പെണ്ണ് സുന്ദരി അല്ലെ. ഈ മനുവിന്റെ ചൂന്ദരി..

മുഖം തിരിച്ചു എന്റെ കാണിലോട്ട് നോക്കിട് സത്യം എന്ന്. അതിനു മറുപടി ആയി അവളുടെ ചുണ്ടിൽ ചുണ്ട് ചേർത്ത് ആണ് അതിനുള്ള ഉത്തരം കൊടുത്തേ.... എന്നിട്ട് പതിയെ അവൾ എണീറ്റ് ബാത്റൂമിലേക്ക് പോയി.

" ഇപ്പൊ ഏകദേശം കാര്യങ്ങളൊക്കെ നിങ്ങൾക് മനസ്സിലായി കാണുമല്ലോ. അതെ ഞങ്ങളെ ലവ് മാരേജ് ആയിരുന്നു എന്നൊക്കെ പറയണം എന്ന് ഉണ്ട് പക്ഷെ ഞങ്ങളുടെ

www.kkstories.com

അറേഞ്ച് മാര്യേജ് ആണ്... എനിക്കും അവൾക്കും വെക്തമായി ഓർമ്മ ഇല്ലാത്ത ഒരു കല്യാണം.

കതക് ആരോ തുറക്കുന്നത് പോലെ തോന്നി. തല ഉയർത്തി നോക്കി...

: അല്ല ഇതാര്, അപ്പേടെ മുത്തോ, ഉറങ്ങിയില്ലെടാ....

"മീനുട്ടി ആണ്..... "

മീനു : അപ്പേ എനിക്ക് ഉറക്കം വരണില്ല. ഞാൻ ഇവിടെ കിടന്നോട്ടെ... (എന്നും ചോദിച്ചോണ്ട് എന്റെ ദേഹത്തോട്ട് ഒരു ചാട്ടം)

അങ്ങനെ അവളുടെ സ്കൂളിലെ ഓരോ കാര്യം ചോദിച്ചു കൊണ്ട് അങ്ങനെ കിടന്നു ഇടയ്ക്ക് ഉഷ മിസ്സിനെ കുറിച്ച് ചോദിക്കുമ്പോൾ. തലയൊന്നു പൊക്കി എന്താണ് ഉദ്ദേശം എന്ന ഭാവത്തിൽ എന്നെ ഒന്ന് നോക്കും. ഞാനാണെങ്കിൽ അമ്മയോട് പറയരുത് എന്നു പറയും. അങ്ങനെ ഓരോന്ന് പറഞ്ഞു ഇരിക്കുമ്പോൾ ബാത്റൂമിലെ ഡോറും തുറന്നു വരുന്നു എന്റെ മീര..എന്റെ ഭാര്യ....

ആമി : നീ പോയില്ലെടി... (മുടി കൊതുന്ന ഇടയിൽ കുറച്ചു ദെഷ്യത്തോടെ ആണ് ചോദ്യം)

മീനു : ഞാൻ ഇന്ന് ഇവിടെ ആണ് കിടക്കുന്നെ അപ്പ എന്നോട് കിടന്നോളാൻ പറഞ്ഞു... (അവൾ ഒന്ന് കൊഞ്ഞനം കുത്തി കാണിച്ചു)

ആമി :ദേ പെണ്ണെ നിന്റെ കളി കുറച്ചു കൂടുന്നുണ്ടേ.. നിങ്ങളാ ഇവൾക്ക് വളം വച്ചു കൊടുക്കുന്നെ (ചുമ്മാ കിടന്ന എന്റെ മെക്കിട്ടു ആയി. അമ്മയു മോളും അടികുടിയാൽ ഞാൻ ഒന്നും മിണ്ടില്ല. ഞാൻ നന്നായി ഒന്ന് ഇളിച്ചു കാണിച്ചു)

: അവള് ഇവിടെ കിടന്നോട്ടെടി.... 'എന്നും പറഞ്ഞു മോളുടെ നെറ്റിയിൽ ഒരു മുത്തം കൊടുത്തു ചേർത്തുപിടിച്ചു..' എന്നിട്ട് കൈ നീട്ടി അവളെ വിളിച്ചു പൂച്ച കുഞ്ഞു പതുങ്ങുന്ന പോലെ എന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി.

അങ്ങനെ രണ്ടുപേരും ചേർത്തുപിടിച്ച് അങ്ങനെ കിടന്നു.

: അപ്പേ.... കഥ പറ പ്ലീസ്.....?

അവൾവിടുന്ന ലക്ഷണം ഇല്ല..

: മം പറയാം...

ആമി എന്റെ മുഖത്തേക്ക് തന്നെ നോക്കി കിടക്കുന്നു ഞാൻ അവളുടെ കണ്ണിലേക്കു എന്റെ ചുണ്ടുകൾ അടുപ്പിച്ചു. പതിയെ മീനുവിന്റ മുടിയിൽ തലോടി ഞാൻ കഥ പറയാൻ തയാറെടുത്തു....

""""""

" അമ്മാ....അമ്മ പറഞ്ഞാ അച്ഛൻ കേൾക്കും.. "

പാത്രത്തിലെ അവസാന കഷ്ണ ദോശയും വായിലാക്കി ഞാൻ അമ്മയെ സോപ്പിടാൻ നോക്കുന്നു

" നടക്കില്ല മോനെ നടക്കില്ല...ആ കാര്യത്തിന് എന്റെ മോൻ വെള്ളം വാങ്ങി വെക്കേണ്ട "

എന്റെ പ്രതീക്ഷകളെ തല്ലിക്കെടുത്തിയായിരുന്നു അമ്മയുടെ മറുപടി

www.kkstories.com

" എന്റെ അമ്മ കുട്ടി അങ്ങനെ പറയല്ലേ പ്ലീസ്... അമ്മടെ അജുന് വേണ്ടി അല്ലെ... "

" ഇല്ലെടാ പൊന്നേ നടക്കില്ല മോൻ വേറെ വല്ല പ്ലാനും ഉണ്ടെങ്കിൽ പറഞ്ഞോക്ക്.."

എന്റെ പാത്രത്തിലേക്ക് ഒരു ദോശയും കൂടെ ഇട്ട് അമ്മ വീണ്ടും പണിയിൽ മുഴുകി

" അഹ്.... ദേ വരുന്നു നിന്റെ പുന്നാര ഏട്ടത്തി അങ്ങോട്ടേക്ക് പറ... ചെലപ്പോ നടക്കും "

അമ്മയുടെ വാക്കുകൾ എന്നെ എത്തിച്ചത് ദേഷ്യത്താൽ കത്തിജ്വലിക്കുന്ന കണ്ണുകളുമായി നിൽക്കുന്ന ഏട്ടത്തിയിൽ ആണ്

ഏട്ടത്തി രണ്ടു ചുവട് മുന്നോട്ട് വെച്ച് അടുക്കളയിൽ കേറി എന്നെ മൊത്തത്തിൽ ഒന്ന് നോക്കി.. കാര്യം പിടികിട്ടിയപ്പോ ഞാൻ സ്ലാബിൽ നിന്ന് താഴ്യ്ക്ക് ഇറങ്ങി.ദൈവമേ ജീവൻ ബാക്കി വച്ചേക്കണേ..

" അജു നിന്നോട് പല തവണ പറഞ്ഞിട്ടുണ്ട്..... കുളിക്കാതെ ആഹാരത്തെ തൊടരുതെന്ന്.... അതെങ്ങനെയാ ഏട്ടന്റെ അല്ലെ അനിയൻ...അമ്മ ഇപ്പൊ എന്തിനാ ഇവന് ഫുഡ് കൊടുത്തേ..."

എനിക്കെട്ട് ഒരു അടിയും തന്ന് അടുക്കളയിലേക്ക് കയറി അമ്മക്ക് നേരെ തിരിഞ്ഞു. കുളിക്കാതെ ഫുഡ് കഴിക്കുന്നത് ഇഷ്ടമല്ല പുള്ളിക്കരത്തിക്ക്. അമ്മ കൈമലർത്തി . ഞാൻ ആണെകിൽ നാളത്തെ കാര്യത്തിന് ഇടക്ക് ഇത് വിട്ടും പോയി. അഹ് ഏതായാലും കിട്ടുന്നത് വാങ്ങിക്കാം.

www.kkstories.com

" എന്റെ പൊന്നേട്ടത്തി... വാങ്ങിക്കാനുള്ളത് ഒക്കെ പിന്നെ വാങ്ങിച്ചോളാം ഞാൻ.. പറ്റുമെങ്കിൽ എന്നെ ഒന്ന് ഹെല്പ് ചെയ്യ്...,"

ഞാൻ അവസാനശ്രമം എന്നോണം ഏട്ടത്തിയുടെ മുഖത്തേക്ക് നോക്കി

" നടക്കില്ല "

ഒന്ന് കേൾക്കുകപോലും ചെയ്യാതെ.. എന്റെ വാക്കുകൾ അപ്പാടെ ഇല്ലാതാക്കി. അമ്മയിൽ നിന്ന് ആക്കിയുള്ള ചിരി എനിക്ക് കേൾകാം എങ്കിലും ഞാൻ അത് കാര്യമാക്കില്ല.. ഇനി അറ്റകൈ തന്നെ പ്രയോഗിക്കാം, ഫ്രിഡ്ജ് തുറന്ന് എന്തോ എടുക്കുന്നതിനിടയിൽ ഞാൻ ഒരു ഡിമാൻഡ് ഇട്ട്

" എന്റെ കൂടെ നിന്നാൽ ഞാൻ ഡയറി മിൽക്ക് സിൽക്ക് വാങ്ങിതരാം.... എന്ത് പറയുന്നു "

www.kkstories.com

അതിൽ വീഴും എന്ന് എനിക്ക് ഉറപ്പായിരുന്നു. പുള്ളിക്കാരിക്ക് ഡയറി മിൽക്കിൽ ആരോ കൈവിഷം കൊടുത്തിട്ടുണ്ട്. അതോടെ പുള്ളി ഒന്ന് അടങ്ങി എന്നെനിക്ക് തോന്നി

" 3 എണ്ണം വാങ്ങിച്ചു തന്നാൽ ഞാൻ കൂടെ നിക്കാം.. ഡീൽ ആണോ... "

ഇതെല്ലാം കേട്ട് കൊണ്ട് അമ്മ മൂലയ്ക്ക് നിന്ന് തേങ്ങാ തിരുമുന്നു

" നിനക്ക് നാണമില്ലേ പെണ്ണേ... ചോക്ലേറ്റും തിന്നു നടക്കാൻ കൊച്ചുകുട്ടിയാണെന്നാ പെണ്ണിന്റ വിചാരം "

പറയുന്നതിനോടൊപ്പം അമ്മയുടെ കുണുങ്ങി ചിരിയും കേൾക്കാം

" അച്ചോടാ പറയണ്ടേ .... എന്റെ കുട്ടിക്കും ഞാൻ തരത്തില്ലേ.... "

പുറം തിരിഞ്ഞു നിന്ന് തേങ്ങ തിരുമ്മുന്ന അമ്മയുടെ വയറിലൂടെ കൈയ്യിട്ട് കൊണ്ടാണ് ഏട്ടത്തി അത് പറഞ്ഞത്.. സംഭവം അമ്മയും മരുമോളും ഭയങ്കര സിങ്ക് ആണ്

" ഹാ.... കൊഞ്ചാതെ പോ... പെണ്ണെ... "

www.kkstories.com

" ദേ.... അമ്മായിമ്മേ ഞാൻ ഒരു കാര്യം പറഞ്ഞേക്കാം.. മര്യാദക് അല്ലങ്കിൽ ഞാൻ ഗാർഹിക പീഡനത്തിന് നിങ്ങൾക് എതിരെ പരാതി കൊടുക്കും... കൊടുക്കട്ടെ.... ഏഹ് "

അല്പം ദെഷ്യം പിടിച്ചുള്ള സംസാരം. ഇത് ഇവിടെ പതിവാണ്, നമ്മള് ഓർക്കും രണ്ടുംകുടെ ഉടക്കിയെന്ന്.. എവിടെ അത് കാണാൻ ഉള്ള ഭാഗ്യം ഒന്നും നമ്മക്ക് ഇല്ലേ...

അത് പറഞ്ഞു നിർത്തിയതും രണ്ടും കൂടെ മുഖത്തോട് മുഖം നോക്കി ചിരിക്കാൻ തുടങ്ങി

" അമ്മയുടേം മോളുടേം സ്നേഹപ്രകടനം കഴിഞ്ഞെങ്കിൽ.. ഈ ഉള്ളവന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ തമ്പുരാട്ടിയെ കൊണ്ടുപൊക്കോട്ടെ... "

ഞാൻ ഒരു ആക്കിയ ചിരിയോടെ അത് പറഞ്ഞപ്പോ ഏട്ടത്തി എന്നെ നോക്കി കൊഞ്ഞനം കുത്തി അമ്മയാണെകിൽ ഒരാടിയും...

" എന്തോന്നാ.. എല്ലാരും ഭയകര കളി തമാശയിൽ ആണല്ലോ... "

അടുക്കളയിലേക്ക് കേറിക്കൊണ്ട് ഏട്ടൻ എന്റെ മുഖത്തേക്ക് നോക്കി

" എന്താടാ "

www.kkstories.com

എന്റെ മുഖം ഒന്ന് മാറിയാൽ ഏട്ടന് മനസിലാകും അതാണ് സത്യം.

" രണ്ടാളോടും ഒരു കാര്യം പറയാം "

" എന്തോന്നാടാ കുറെ ആയല്ലോ .. നീ പറ... എന്തെമ്മേ കാര്യം "

ഏട്ടത്തി അമ്മയുടെ മുഖത്തേക്ക് നോക്കി

" ഇവൻ ഏതോ.. വണ്ടി വാങ്ങിയെന്നോ അത് അച്ഛനോട് പറയണമെന്നോ... എന്തൊക്കയോ പറയുന്ന കേട്ട് "

അരിഞ്ഞ പച്ചക്കറി അടുപ്പത്തു വച്ച ചീനച്ചട്ടിയിൽ ഇട്ടുകൊണ്ട് അമ്മ ഒരു ഒഴിക്കൻ മട്ടിൽ പറഞ്ഞു നിർത്തി

" അയ്യേ... ഈ ചിള് കേസിനാണോ ഞാൻ... ഡേയ്... ഒന്ന് പോയി പരിഹരിച്ചു കൊട്.. ചെല്ല് നമ്മടെ പയ്യനല്ലേ.... "

അടുപ്പിൽ ഇരിക്കുന്ന തോരൻ ഇളകികൊണ്ട് ഇരുന്ന തവി കൈയിൽ എടുത്ത് കറക്കികൊണ്ട് ഏട്ടത്തി ഏട്ടനോട് അത് പറയുമ്പോ... ഏട്ടന്നൂൾപ്പടെ എല്ലാരും ചിരിച്ചു പോയി... ഇപ്പോ മനസിലായില്ലേ ഞങ്ങളുടെ ഒരു വൈബ്...

www.kkstories.com

" പോടെയ്... പോടെയ്... നീ വാടേ.... "

എട്ടത്തിക്ക് നേരെ ഒരു ലോഡ് പുച്ഛം വാരിവിതറി കൊണ്ട് ഏട്ടൻ എന്റെ തോളിൽ കൈയിട്ട് മുന്നോട്ടു നടന്നു

അച്ഛനോട് കാര്യങ്ങൾ എല്ലാം ചേട്ടൻ തന്നെയാണ് പറഞ്ഞത്. അങ്ങേര് ആദ്യം കുറെ മൊട കാണിച്ചെങ്കിലും. ഏട്ടന്റെ വാശിക്ക് മുന്നിൽ അച്ഛന് സമ്മതിക്കേണ്ടിവന്നു.. സത്യം അറിയുമ്പോൾ ഏട്ടൻ എന്നെ വാരി ഉടുക്കാതെ ഇരുന്നാൽ മതി.

അന്ന് കാര്യങ്ങൾ അങ്ങനെ പോയി പിറ്റേന്ന് രാവിലെ തന്നെ അവർ വിളിച്ച് കറക്റ്റ് ലൊക്കേഷൻ ചോദിച്ചു ജംഗ്ഷനിലെത്തി എന്നും പറഞ്ഞു.. ഞാൻ ലൊക്കേഷൻ അയച്ചുകൊടുത്തു വീടിന്ടെ ഉമ്മറത്ത് ഇരിപ്പായി..

"നീ ഇങ്ങനെ ഇരിക്കുന്നത് കണ്ടാൽ തോന്നും നിന്റെ ഭാര്യ പ്രസവിക്കാൻ കിടക്കുവാണെന്നു..."

www.kkstories.com

ഞാൻ ടെൻഷൻ അടിക്കുന്നത് കണ്ട് ഏട്ടത്തി പറഞ്ഞു. അവർക്ക് അങ്ങനെ പറയാം വരുന്ന സാധനത്തിന്റെ വില അറിഞ്ഞാൽ ഉള്ള കര്യം ഓർക്കാൻ കൂടെ വയ്യ. അയിന്റെ ഇടക്ക് ഓരോ ചളിയായി ഇറങ്ങിക്കോളും... ഇതിന് പോഷകാഹാരത്തിന് കുറവുണ്ട് കൂടാതെ ബുദ്ധിക്കും ഇതിനൊക്കെ ആരാന്നോ ലക്ച്ചർ ആയി ജോലിക്കൊടുത്തെ

" ഇതേ ഒരു പേപ്പറിൽ എഴുതി തന്നേര് സമയം കിട്ടുമ്പോ വായിച്ചു ചിരിച്ചോളാം.... "

ഏട്ടത്തിയുടെ ആ കമന്ററി പാടെ പുച്ഛിച്ചു തള്ളി ഞാൻ അവിടെനിന്നും എണ്ണിറ്റ്

" ഓ നിന്റെ സ്റ്റാഡേർഡ്നു പറ്റിയ ഒരണം ഞാൻ പറഞ്ഞന്നേ ഉള്ളെള... ദേ ഡാ വണ്ടി വന്നു.. ഏഹ് ഇത് എന്തോന്നാ ഇത്രം വലിയ വണ്ടി ഒരു ബൈക്ക് കൊണ്ട് വരാൻ."

എന്നെ ആക്കികൊണ്ട് സംസാരിച്ച വാക്കുകൾ നിർത്തി മുഖത്ത് ആചാര്യം വന്ന് നിറഞ്ഞു..കണ്ടെയ്നർ വന്നപ്പോ ഏട്ടത്തി ഒന്ന് ശംകിച്ചു.

" നി വല്ല കാറും അണോ വാങ്ങിയെ...."

www.kkstories.com

വണ്ടിയിൽ ഒന്ന് നോക്കികൊണ്ട് ഏട്ടൻ അങ്ങോട്ടേക് വന്നു, അപ്പൊത്തന്നെ തൊപ്പിവെച്ച ഒരാൾ എന്റെ അരികിൽ എത്തിയിരുന്നു

" ഇതിൽ പറയുന്ന അർജുൻ വിശ്വനാഥൻ "

അയാൾ ഞങ്ങളെ ഒന്ന് നോക്കിട്ട് ചോദിച്ചു നിർത്തി

" ഞാൻ ആണ് "

അയാൾ തിരക്കുന്ന ആൾ ഞാൻ ആണെന്നറിഞ്ഞതോടെ ഒരു ഫോം എന്റെ നേരെ നീട്ടി.. അപ്പോളേക്കും ബൈക്ക് അൺലോഡ് ചെയ്തിരുന്നു ഏട്ടനും ഏട്ടത്തിയും എന്നെ ഒന്ന് നോക്കി ബൈക്കിന്റെ അടുത്തേക്ക് നടന്നു.. ഞാൻ ആ ഫോമിൽ ഒപ്പ്പും ഇട്ട് അങ്ങോട്ടേക് ചെന്നു

അയ്യോടാ മറന്നു..... അച്ഛനും അമ്മയും ഇവിടെ ഇല്ല ... അവർ അടുത്തൊരു വീട്ടിൽ കല്യാണത്തിന് പോയേക്കുവാ... ഇല്ലേൽ ഇപ്പൊ കാണാമായിരുന്നു പുകില്.

അപ്പോ തിരിച്ചു വരാം

കവർ പൊട്ടിച്ചു വണ്ടി കണ്ടപ്പോ രണ്ടാളുടേം കിളി പാറി എന്നെനിക് മനസിലായി

www.kkstories.com

" ഇതിന് എത്ര ആയെന്നാടാ നാറി നീ ഞങ്ങളോട് പറഞ്ഞെ.. "

എന്നെ രൂക്ഷമായി നോക്കി ഏട്ടൻ എനിക്ക് നേരെ ചോദ്യം എറിഞ്ഞപ്പോ ഞാൻ ഒന്ന് പതറി

" ദാ... സർ എമൗണ്ട് ബില്ല് "

അഹ് തീർന്ന്.... അല്ല ഈ മലരൻ പോയില്ലായിരുന്നോ...?? ആ ഫോം തന്ന നാറിയാണ്

ആല്ലേൽ തന്നെ ബില്ല് കൊടുക്കാൻ ഇവനാര് ബിൽലാദനോ....!

" ഇങ്ങ് തന്നെ നോക്കട്ടെ "

എന്നും പറഞ്ഞു ഏട്ടത്തി ആ പേപ്പർ കൈയിൽ നിന്ന് വാങ്ങിയതേ...

www.kkstories.com

" ഈശ്വരാ... "

നെഞ്ചത്ത് കൈവെച്ചുപോയി പാവം

" എന്നാടി... എന്നാന്നു... "

ഏട്ടൻ ഏട്ടത്തിയെ കുലിക്കി വിളിച്ചു.. അമ്പരന്ന മുഖത്തോടെ കൈയിലെ പേപ്പർ മാത്രം ഏട്ടന് നേരെ നീട്ടി അവിടേം ഇത് തന്നെ അവസ്ഥ

അപ്പോളേക്കും വന്നവർ പോയി നാട്ടുകാർ കുടി.. അത് പിന്നെ അങ്ങനെ ആണല്ലോ മറ്റുള്ളവരുടെ വീട്ടിൽ എന്ത് നടക്കുന്നു എന്നറിഞ്ഞില്ലെങ്കിൽ ഒരു സമാധാനവും അവർക്ക് കിട്ടുകേല..

" ഇതാരുടെ വണ്ടിയാ അജി.. "

www.kkstories.com

രമണി ചേച്ചിയാണ്... ഇതറിഞ്ഞിട്ട് വേണം പെണ്ണുമ്പുള്ളക്ക് തൊഴിലുറപ്പില് പോയി ഡീറ്റെയിൽസ് കൊടുക്കാൻ. പണ്ട് പത്തിലോ മറ്റോ പഠിക്കുമ്പോ സുകുമാരൻ ചേട്ടന്റെ കടയിൽ നിന്ന് കോല് മുട്ടായി വാങ്ങി കഴിച്ചോണ്ട് വന്ന ഞാൻ സിഗരറ്റ് വലിച്ചെന്ന് വീട്ടിൽ പറഞ്ഞ മോന്റെ മോളാണ് നമ്മടെ രമണി ചേച്ചി... ദൈവമേ ചേച്ചിക്ക് നല്ലത് മാത്രം വരുത്തണേ.....

" ഇവന്റെയാ ചേച്ചി... "

ഏട്ടൻ അതും പറഞ്ഞു എന്നെ മാറ്റി നിർത്തി കൂടെ ഏട്ടത്തിയും

" ഇത് എങ്ങനും അച്ഛൻ അറിഞ്ഞാൽ.... "

" അറിയരുത്....."

" എന്തോ.....?? "

www.kkstories.com

" അല്ല പറയരുതേ എന്ന് പറഞ്ഞയാ... "

" ഞങ്ങൾക്ക് എന്താ ഗുണം... "

" ഞാൻ എന്നും നിങ്ങളോട് കടപ്പെട്ടിരിക്കും "

" അതൊക്കെ നീ പെട്ടോ... ബട്ട് ഒരു ഡിമാന്റ് ഉണ്ട്.... "

ഞാൻ ഏട്ടന്റെ മുഖത്തേക്ക് ഒന്ന് നോക്കി.. ഇങ്ങേര്...

" നീ പോകുന്നവരെ ഇത് ഞാൻ ഓടിക്കും "

" അഹ് വേറെ നിവർത്തിയില്ലലോ മ്..... അച്ഛൻ അറിയുന്നതിലും നല്ലത് ഇത് തന്നാ... ശെരി കൊണ്ട് പൊക്കോ "

ഞാൻ വേറെ നോവർത്തിയില്ലാതെ സമ്മതം മൂളി.. ഇല്ലേൽ വരാൻ പോകുന്ന ഭാവിശ്യത്തുകൾ വളരെ വലുതായിരിക്കും

www.kkstories.com

.

" അപ്പോപ്പിനെ ഞാൻ എന്താ വല്ല രണ്ടാങ്കെട്ടിലുള്ളതാണോ.. ഞാനും കൊണ്ടോകും "

കൊച്ചുകുട്ടികൾ വാശിപിടിക്കണ പോലെ നില്ക്കാ ഏട്ടത്തി

" ആഹ്ഹ്.... കൊണ്ട് പൊക്കോ പെണ്ണുമ്പുള്ളെ... "

" പ്ഫാ... പെണ്ണുമ്പുള്ള നിന്റെ മറ്റവള് "

ഒരാട്ടലും ഒറ്റ ചിരിയും... ഇതിന് വട്ട് തന്നെ.... ദൈവമേ എന്റെ ഏട്ടൻ

" പിന്നെ ഡയറി മില്കിന്റെ കാര്യം മറക്കണ്ട.. അപ്പോ ഒക്കെ ഞാൻ ദാ വരണു "

" അല്ല അപ്പൊ നിന്റെ മറ്റേ ബൈക്ക് എന്ത് ചെയ്യും "

www.kkstories.com

" അതിനല്ലേ നിങ്ങള് മനുഷ്യാ...."

" പോടാ "

കേട്ടത് വിശ്വസിക്കാനാവാത്ത രീതിയിൽ എന്നെ നോക്കി നിന്ന ചേട്ടന് ഒരു കവർ വെച്ചുകൊടുത്തത് ചേട്ടത്തിയായിരുന്നു

" ഓ.....എല്ലാരും അറിഞ്ഞോണ്ട് ആയിരുന്നോ.... "

ആ സ്വരം ഒന്ന് ഇടറി.. കണ്ണുകളിൽ ചെറുനനവ്.. ഈ നിക്കണ മനുഷ്യന് എന്ത് കൊടുത്താലും എനിക്ക് മതിയാവില്ല.... അപ്പോ നിങ്ങൾ ഓർക്കും എന്തിനാ പഴയ ബൈക്ക് ഏട്ടന് കൊടുക്കണേ ഇത്രക്ക് ഇഷ്ടമാണക്കിൽ.. എടൊ... ആ ബൈക്ക് വാങ്ങിട്ട് മാസങ്ങളെ ആകുന്നുള്ളൂ..

ഏട്ടനും ഏട്ടത്തിക്കും ഞാൻ എന്റെ കൊച്ചിനെ കൊടുക്കുമ്പോൾ ഒരു നോട്ടം അവളിലേക്ക് പോയി... എന്റെ ഹിമാലയ കുട്ടി.. ❤️❤️

രണ്ടും കൂടെ പുതിയ ബൈക്കിൽ കേറി ചുറ്റാൻ ഉള്ള പ്ലാൻ എടുക്കലായി.. Couple റൈഡർസ്ന്റെ ഇടക്ക് നമ്മള് പാവം സോളോ റൈഡർസനു എന്ത് കാര്യം.. ഏട്ടത്തിയും ബൈക്കോക്കെ നന്നായി ഓടിക്കും പുള്ളിക്കാരത്തി അച്ഛന്റെ ബുള്ളറ്റിനായിരുന്നു കോളേജിൽ പൊക്കൊണ്ടിരുന്നത്

www.kkstories.com

" അതേ... അതിന്മേൽ കേറി തിരിക്കുന്ന പോലെ ഇതെല് തിരിക്കരുത്... പിന്നെ പത്രത്തിലും ചുവരിലും കാണേണ്ടി വരും രണ്ടിനേം... "

ഹെൽമെറ്റ് വെച്ച് ബൈക്കിൽ കേറിയ ഏട്ടനോട് ഞാൻ അത് പറഞ്ഞപ്പോ... മായാവിയിൽ സലിംഏട്ടൻ പറയുന്നത് പോലെ പോടാ... എന്നൊരു ആക്ഷൻ..

" മാറി നിക്കേടാ... ചളള് ചെക്കാ.... റൈഡർസ് പോകുന്നത് കാണാൻ പാടില്ലേ... "

എന്നെ ഒരു തള്ളും വെച്ച് തന്ന് ബൈക്കിന്റെ ബാക്കിൽ കേറാൻ നോക്കുന്ന ചേച്ചിയെ കണ്ട് എനിക്ക് ചിരി പൊട്ടി

" എന്തോന്നാ... ഏണി വേണ്ടിവരുമോ "

www.kkstories.com

" വേണ്ടിവരുമെന്നാ തോന്നുന്നേ.... "

ഓ.. ഒരു വിധത്തിൽ പിടിച്ചു കേറി എന്നിട്ട് എനിക്ക് ഒരു അളിഞ്ഞ ചിരിയും... ഈ.....

അവര് അങ്ങനെ എന്റെ ലേറ്റസ്റ്റ് മോഡൽ R6 ഉം കൊണ്ട് പോകുന്നത് ഞാൻ അങ്ങനെ നോക്കി നിന്ന്, അകത്തോട്ടു വിട്ട്... ഓഫീസിൽ വിളിച്ചു നാളെ കഴിഞ്ഞ് ഉറപ്പായും എത്താം എന്ന് പറഞ്ഞു ഫോൺ വെച്ചതെ ... മാഗ്ഗിയുടെ കാൾ വന്നു...ഫോൺ എടുത്ത് കുറെ തെറിയും കേട്ട് മറുപടിയും കൊടുത്ത് ഫോൺ വെച്ച്.. അവൾ മാഗ്ഗി... അവൾ എന്റെ നല്ലൊരു ഫ്രണ്ട് ആണ് വന്നാ അന്നുമുതൽ ഇന്ന് വരെ ഒരു കളങ്കവും സംഭവിക്കാത്ത സൗഹൃദം... ഒരു വീട്ടിൽ ഒന്നിച്ചു കഴിഞ്ഞിട്ടുണ്ട് ഞങ്ങൾ പക്ഷെ മോശമായി ഞങ്ങൾ രണ്ടാൾ ഇൽ നിന്നും ഒന്നും ഉണ്ടായിട്ടില്ല ഫോൺ വെച്ച് ഞാൻ അകത്തേക്ക് പോയി...

കുറച്ച് കഴിഞ്ഞു വണ്ടി വരുന്ന ശബ്ദം കേട്ട് ഞാൻ ഇറങ്ങി ചെന്ന്.. വണ്ടി ഓടിച്ചത് എന്റെ പുന്നാര ഏട്ടത്തി ആയിരുന്നു.

"എങ്ങനെ ഉണ്ടട്ടത്തി വണ്ടി..."

"എടാ ഇത് എന്തോന്നാ മിസൈൽ ഓ... അങ്ങ് കൊണ്ട് പോകുവാണല്ലോ.."

പെട്ടന്ന് ചേട്ടൻ എന്റെ കുത്തിനു പിടിച്ചു... ഏട്ടത്തി ചിരിക്കുണ്ട് ഞാൻ എന്താണ് എട്ടതിയോട് കണ്ണുകൊണ്ട് കാണിച്ചപ്പോ ഇപ്പൊ കിട്ടും എന്ന് തിരിച്ചു കാണിച്ചു. കാര്യം മനസിലായ എന്റെ ചുണ്ടിലും ചിരി വന്നുചേർന്നു.

www.kkstories.com

" ചതിക്കുവായിരുന്നു അല്ലേടാ...? "

ഞാൻ അതെ എന്ന് തലയിട്ടി.

"പാവം ഏട്ടന്റെ അക്കൗണ്ട് empty ആയെടാ അജു .."

ഏട്ടത്തി ചിരി തുടങ്ങി ഞാനും അങ്ങ് ചിരിച്ചുകൊടുത്തു. ഇലേൽ ചിലപ്പോ ഫുഡ് തന്നില്ലെന്ന്തന്നെ വരും.

"നീ മിണ്ടരുത്.... അഹ് എത്ര അടിക്കണം എന്ന് ചോദിച്ചപ്പോ ഫുൾ ടാങ്ക് അടിച്ചോളാൻ..."

ഏട്ടത്തി വൃത്തിയായി ഇളിച്ചു കാണിച്ചു.

"നിങ്ങള് എന്നാൽ വഴക്ക് പിടിക്ക് ഞാൻ ദേ വരണു..."

അങ്ങനെ വണ്ടിയും എടുത്ത് ഒന്ന് പുറത്തേക്ക് ഇറങ്ങി മണ്ണിട്ട പാതയിലൂടെ ഇൻല്യൻ ഫോർ ന്റെ മുഴകത്തോടെ അവൻ അങ്ങനെ നീങ്ങി

തണുത്ത കാറ്റിന്റെ നേരിയ തണുപ്പും മങ്ങിവരുന്ന സൂര്യരശ്മികളും നെൽകാതിരിൽ വിരിഞ്ഞു നിക്കണ സ്വർണകനികളുടെ അഴകും എല്ലാം ആസ്വദിച്ചു ഞാൻ മുന്നോട്ട് നീങ്ങി.

www.kkstories.com

അമ്മേ.....

എന്നൊരു നിലവിളി ഉയർന്നതൊടെ ഞാൻ വണ്ടി ബ്രേക്കിട്ട് നിർത്തി

" എവിടെ നോക്കിയാടോ... പൊട്ടക്കണ്ണാ താൻ വണ്ടി ഓടിക്കണേ... "

വീണ വീഴ്ചയിൽ തന്നെ ഇരുന്നുകൊണ്ട് കൈ മുട്ട് രണ്ടും തുക്കുന്നതിന് ഇടയിൽ മുഖം ഉയർത്തി എന്റെ നേർക്ക് ഒരു പോരുവിളി നടന്നതാണ്

" ആം സൊ.. സോറി... എക്സ്ട്രേമേലി സോറി.. ഞാൻ കണ്ടില്ല "

ഞാൻ ഓടിച്ചെന്നു അവളെ പിടിച്ചു എണ്ണിപ്പിച്ചു...

www.kkstories.com

" ഓ... കണ്ടില്ല പോലും.... മനുഷ്യനെ കൊല്ലാൻ നോക്കിട്ട്.... എന്റ്ശ്വരാ.. എന്റെ പാല്... "

അപ്പോളാണ് ഞാനും അത് കണ്ടത് പാല് മുഴുവൻ റോഡിൽ പോയി. കഷ്ടം

" കാര്യമായി ഒന്നും പറ്റില്ലാല്ലോ.. പോട്ടെ... "

എന്നും പറഞ്ഞു ഞാൻ ബൈക്കിനു നേരെ നടന്നു

" പോട്ടെന്നോ... ഡോ... എടൊ പൊട്ടക്കണ്ണാ... "

" അഹ്....?? "

www.kkstories.com

" എങ്ങോട്ടു പോണ്... "

" എടൊ ഞാൻ പറഞ്ഞല്ലോ.. ഞാൻ കണ്ടില്ല അങ്ങനെ പറ്റിയതാണ് "

ഞാൻ വീണ്ടും ഒന്ന് താണു

" കാണില്ല റോഡ് നോക്കി ഓടിക്കണം... "

അവൾ കുറച്ച് ഉച്ചത്തിൽ ആണ് സംസാരിച്ചേ... അതോടെ ഞാൻ വീണ്ടും ഒന്ന് കൂൾ ആയി

" അഹ്.. താൻ ചുടാക്കാതെ.... "

" ഇല്ല ഞാൻ ചുടാക്കുന്നില്ല.. എന്റെ പാലിന്റെ കാശ് ഇങ്ങ് തന്നേക്ക് ഞാൻ പോയേക്കാം "

www.kkstories.com

ഞാൻ ഒന്ന് ചിരിച്ചു... പിന്നീട് പേഴ്സിൽ നിന്ന് പൈസ എടുത്ത് അവൾക് കൊടുത്ത്

"സമാദാനം ആയല്ലോ... "

" മം... ഇനി മേലാൽ ഈ പാട്ടയും ആയി ഊരുതെണ്ടാൻ ഇറങ്ങിയാൽ ഉണ്ടല്ലോ. "

പതിനഞ്ചു ലക്ഷം വില വരുന്ന ഈ ബൈക്കിനെ എങ്ങനെ ഇവൾക്ക് പട്ടാ എന്നൊക്കെ വിളിക്കാൻ തോന്നി ദൈവമേ....

ഇതിന് ഇടക്ക് അവൾ സൈക്കിൾ ഒക്കെ നേരെ വെച്ച് റെഡി ആയി

" ഇല്ല മാഡം.... ഞാൻ ഇനി താങ്കളുടെ മുന്നിൽ വരാതെ ഇരിക്കാൻ നോക്കാം "

www.kkstories.com

" അങ്ങനെ ആണേൽ തനിക്കു കൊള്ളാം, കേട്ടോഡോ പൊട്ടക്കണ്ണാ.... "

അതും പറഞ്ഞു അവൾ സൈക്കിളും ഉന്തി മുന്നോട്ടു നടന്നു

" നിനക്ക് ഞാൻ കാണിച്ചു തരാടി എപ്പരാച്ചി "

" എന്താ.....എന്തെകിലും പറഞ്ഞോ... പൊട്ടക്കണ്ണാ... "

തല ചരിച്ച് സംശയം രൂപേണ എന്നെ ഒന്ന് നോക്കി

" ഏയ്യ് ഒന്നും ഇല്ലല്ലോ... "

മം

ഒരു ചെറുചിരിയോടെ അവൾ നടന്നു നീങ്ങി

www.kkstories.com

പിറ്റേന്ന് പറഞ്ഞത് പോലെ ഏട്ടത്തി കോളേജിൽ ഞാനും ആയി പോയി എനിക്ക് കുറച്ച് സർട്ടിഫിക്കറ്റ് ഒക്കെ മേടിക്കണമായിരുന്നു

കോളേജിൽ പിള്ളാര് ഫുൾ നോട്ടം സോറി എന്നെ അല്ല വണ്ടി... ഞാൻ ഒരു ജീൻസും ടി ഷർട്ടും ആയിരുന്നു.... ഞങ്ങൾ പാർക്കിങ്ങിൽ വണ്ടി നിർത്തി

" ഇതാരാ..... "

ഒരു പുച്ചക്കണ്ണി കിളി... കണ്ടാൽ ഐശ്വര്യറായിയെ പോലെ ഇരിക്കും

" അനിയനാ... "

വണ്ടിയിൽ നിന്ന് ഇറങ്ങിക്കൊണ്ട് ഏട്ടത്തി മറുപടി നൽകി

www.kkstories.com

" അല്ല മിസ്സേ... മിസ്സെന്താ ബൈക്കിൽ ഒക്കെ "

" അത് ഇപ്പോ ആർക്കടാ.... ഒരു ചേഞ്ച് ആഗ്രഹിക്കാത്തത്.... "

ഏട്ടത്തി ഒരു ചിരിയോടെ അത് പറഞ്ഞപ്പോ എല്ലാരും ഒന്ന് ചിരിച്ചു

" അല്ല ഈ ചേട്ടൻ ഒന്നും മിണ്ടില്ലേ.."

ആദ്യം ഇതാരാ... എന്ന് ചോദിച്ച കിളി തന്നെ... കൊള്ളാം ഉരുപ്പിടി തന്നെ . ഇവളേം കൊതിപ്പിച്ചു കടന്നുകളഞ്ഞല്ലോ. . എന്തേ... നിങ്ങൾക് ഫീൽ ആയോ...

" ഇല്ല എനിക്ക് ജന്മനാ സംസാരിക്കാൻ ഉള്ള ശേഷി ഇല്ല... എന്തേ.... "

ഞാൻ ആ പെണ്ണിനെ ഒന്ന് നോക്കിട്ട് ഏട്ടത്തിക്ക് നേരെ നിന്ന്

www.kkstories.com

" എന്നാ ഞാൻ പോയി സർട്ടിഫിക്കറ്റ് വാങ്ങി.. വീട്ടിലെക്ക് പോവാ "

അഹ്

ഏട്ടത്തിയിൽ നിന്ന് മറുപടി കിട്ടിയപ്പോ ഞാൻ ഓഫീസിലേക്ക് നടന്നു. പോകുന്ന പൊക്കിൽ അവളെ ഒന്ന് ഇരുത്തിനോക്കാനും ഞാൻ മറന്നില്ല

" മൊരടൻ "

ഞാൻ അവളെ പാസ്സ് ചെയ്തു പോയപ്പോളേക്കും ഒരു നേർത്ത ശബ്ദം അത് ഞാൻ കേട്ടെങ്കിലും തിരിഞ്ഞു നോക്കാൻ പോയില്ല.. മുന്നോട്ട് നീങ്ങി ഒരു ചെറു ചിരിയോടെ , സർട്ടിഫിക്കറ്റും വാങ്ങി തിരിച്ചു വരാന്തായിലൂടെ നടന്നപ്പോൾ ദേ ആ പെണ്ണ്.... ഏത് നമ്മടെ (നമ്മടെ അല്ല എന്റെ... അയ്യടാ..) പൂച്ചക്കണി .. അവളുടെ കണ്ണുകൾക്ക് ഒരു കാന്തത്തിന്റെ ശക്തി

www.kkstories.com

" ഹലോ...."

ആ ഒരു നീട്ടി വിളി ദൂരത്തുനിന്നുണെകിലും ആ വിളി അവസാനിച്ചത് എന്റെ അരികിൽലായിയാണ്

" അഹ് താൻ ഓ.... "

ഞാൻ ഓർമ്മപുതുക്കാൻ എന്നോണം ചോദിച്ചു

" അല്ലാതെ തന്നെ അറിയാവുന്ന ആരും ഇവിടെ ഇല്ലാലോ... ഹമ്... "

www.kkstories.com

എന്റെ മറുപടിക്ക് ഒരു പൂച്ചം കലർന്ന ചിരിയോടെ ഉള്ള മറുപടി

" നിങ്ങളെ സയൻസ് ആൻഡ് ആർട്സ് പഠിപ്പിക്കുന്നത് ഇപ്പോളും ഗായത്രി മാധവ് അല്ലെ.. "

തിരിച്ചും ഒരുലോഡ് പൂച്ചം വാരി എറിഞ്ഞു കൊണ്ട് ഞാൻ ആ വാക്കുകൾ അവിടെ കൊണ്ട് നിർത്താൻ എന്നോണം തിരിഞ്ഞു

" അല്ലാ.... ഒന്ന് നിന്നെ മിസ്സിനെ എങ്ങനെ അറിയാം "

ആകാംഷ നിറഞ്ഞ സ്വരം

www.kkstories.com

" അവൾ എന്റെ ക്ലാസ്സ്മേറ്റ് ആയിരുന്നു "

തിരിഞ്ഞുള്ള അതേ നടപ്പിൽ തന്നെ മറുപടിയും കൊടുത്ത് ഞാൻ നേരെ നടന്നു.. വെയ്റ്റിംഗ് ഷെഡിൽ നിന്ന് ബസും കേറി നാട്ടിലേക്ക് തിരിച്ചു.ഏതോ ഒരു കാറ്റിന്റെ തലോടലിൽ ഞാനും അലിഞ്ഞു ചേർന്ന്.. കണ്ടാക്ടർ വിളിച്ചപ്പോൾ ആണ് എനിക്ക് സോബോധം വന്നത്... നടേത്തി. ബസും ഇറങ്ങി വീട്ടിലെക്ക് ഉള്ള വഴിയേ നടന്നു.കാറ്റിന്റെ താഴുകലും ഏറ്റ്

ഒരുപാട് നടന്നപ്പോൾ.. ആരോ വിളിക്കുന്നത് പോലെ.... തോന്നിയതാവം.

" എടൊ... ഒന്ന് നിൽക്കടോ.. "

ഇതാരപ്പാ.... ദേ വരുന്നു നമ്മടെ പാൽക്കാരി

" അഹ് സെച്ചിയോ... ഓ സോറി ഇയുള്ളവന് വിൽക്ക്കു ഏല്പിച്ചേക്കുന്ന സമയം അല്ലെ ഇത്. എങ്കള് അറിഞ്ഞില്ല തമ്പാട്ടി. "

ഞാൻ അല്പം കുനിഞ്ഞു നിന്ന് അത് പറഞ്ഞപ്പോ അവൾ ആ കുഞ്ഞിപ്പല്ലുകൾ കാട്ടി മുത്തുപോഴിക്കുന്നത് പോലെ ഒന്ന് ചിരിച്ചു ഓ... എന്റശ്വരാ... അഴകുനാ അഴക് അപ്പടി ഒരാഴക്ക്.

www.kkstories.com

" അഹ് ആ പേടി എപ്പോളും നല്ലയാ.. "

ഞങ്ങൾ മുന്നോട്ട് നടന്നു.. അവൾ ഓരോ കാര്യങ്ങൾ ചോദിച്ചു ഞാനും. അങ്ങനെ ഞങ്ങൾക്കിടയിലെ മഞ്ഞുരുകി. അവൾ ഒരുപാട് സംസാരിക്കുന്ന കുട്ടത്തിൽ ആണ് വീട്ടിലെ കാര്യങ്ങളും എല്ലാം പറഞ്ഞു അവൾ അവരുടെ ദാരിദ്ര്യമോ കഷ്ടപ്പാടോ അവളുടെ വാക്കുകളിൽ വരാതെ ഇരിക്കാൻ പരമാവധി ശ്രമിക്കുണ്ടെന്നു എനിക്ക് മനസിലായി.രണ്ടാഴ്ച കഴിഞ്ഞാൽ അവളുടെ കല്യാണം ആണെന്നും ആളെ ഇത് വരെ ഫോട്ടോയിൽ പോലും കണ്ടിട്ടില്ല എന്നും പറഞ്ഞു. സംഭവം എന്റെ അച്ഛൻ ആണ് ഈ കല്യാണം നടത്തുന്നെ കള്ള തന്ത കെട്ടുന്ന ചെക്കന്റെ ഫോട്ടോ പോലും കാണിക്കാൻ

ദയവ് തോന്നാത്ത കാലമാടൻ.. . എന്നെ കുറിച്ച് ചോദിച്ചപ്പോ ഞാൻ കാര്യമായി ഒന്നും പറഞ്ഞില്ല ജോലിയെ കുറിച്ചും ഒക്കെ പറഞ്ഞു ഒഴിവായി വീട്ടുകാരെ കുറിച്ച് ഞാൻ മനഃപൂർവം പറഞ്ഞില്ല.. അവൾ ചോദിച്ചും ഇല്ല.അത് അറിഞ്ഞാൽ ചിലപ്പോൾ അവൾ ഇപ്പോ കാണിക്കുന്ന ഒരു അടുപ്പം പോലും നഷ്ടപ്പെടും

അങ്ങനെ അവൾ യാത്ര പറഞ്ഞു വീട്ടിലെക്ക് നടന്നു ഞാൻ എന്റെ വീട്ടിലേക്ക്

വൈകിട്ട്

www.kkstories.com

" നീ ഇന്ന് നിത്യനെ വീണ്ടും കണ്ടോ.. സംസാരിച്ചോ... "

ഉമ്മറത്തു ഇരുന്ന് ഫോണിൽ തൊണ്ടികൊണ്ട് ഇരുന്ന എന്നോട് ആ ചോദ്യം എറിഞ്ഞത് ഏട്ടത്തി ആണ്

"ഏത് നിത്യാ...? "

ഞാൻ ആളെ മനസിലാകാതെ സംശയരൂപേണ ഏട്ടത്തിക്ക് മുഖം കൊടുത്തു

" അഹ് എടാ ഇന്ന് രാവിലെ കോളേജിൽ വെച്ച് നിനക്ക് സംസാരിക്കാൻ കഴിവില്ലേ എന്ന് ചോദിച്ചാ "

ഏട്ടത്തി കാര്യങ്ങൾ മുഴുവനായി വിശദീകരിച്ചപ്പോ എനിക്ക് ആളെ മനസിലായി

www.kkstories.com

" അഹ് ഹാ പെണ്ണോ... ആഹ് സംസാരിച്ചായിരുന്നു എന്തേയ്.... "

" അഹ്.. അങ്ങനെ പറ വെറുതെയല്ല പെണ്ണ് ഇന്ന് ഫുൾ എന്റെ പുറകെ നടന്നെ... "

" ഏട്ടത്തിയുടെ പുറകെ ആ പെണ്ണ് എന്തിനാ നടക്കുന്നേ... "

തൈര്..... കാര്യം എനിക്ക് ഒന്നും മനസിലാകുന്നില്ല

" ഇത്പോലെ ഒരു ബോൾട്ട്... എടാ ഊപ്പേ.. ആ പെണ്ണ് നിന്റെ കാര്യങ്ങൾ ചോദിച്ചാ എന്റെ പുറകെ നടന്നെ "

www.kkstories.com

ഏട്ടത്തി തനി ചേച്ചിയായി

" നിങ്ങള് ഒരു കോളേജ് ലക്ചർ അല്ലെ ഇത്രയും മ്ലേച്ഛകരമായ വാക്കുകൾ ഉച്ചരിക്കാൻ നാണമില്ലേ സ്ത്രീയെ നിങ്ങൾക്ക്.. "

" ഇല്ല എനിക്ക് ഇച്ചിരി നാണകുറവാ. നിന്റെ അല്ലെ ഏട്ടത്തി അപ്പോ ഇത്രെയൊക്കെ പ്രതീക്ഷിച്ചാൽ മതി "

കിട്ടിയോ.... ഇല്ല ചോദിച്ചുമേടിച്ചു....

www.kkstories.com

" അല്ലേടത്തി ആ പെണ്ണിന് എന്റെ കാര്യങ്ങൾ അറിഞ്ഞിട്ട് ഇപ്പോ എന്തിനാ.. "

ഞാൻ ചമ്മൽ മാറ്റാനായി ഏട്ടത്തിയോട് ചോദിച്ചതിന് മറുപടി വന്നത് അമ്മയിൽ നിന്നായിരുന്നു

" ആ പെണ്ണിന് എന്റെ മോനെ ഇഷ്ടയത്കൊണ്ട്... അല്ലേടി മോളെ... "

എന്റെ പെട്ടിയിൽ ആണി അടിച്ചുകൊണ്ട് അമ്മ സാരീതലപ്പിൽ കയ്യും തൂത്തു അടുക്കളയിൽ നിന്ന് അഗമനം ആയി

" പിന്നല്ലാതെ... എന്റെ മോനെ കണ്ടാൽ ആർക്കാ പ്രേമം തോന്നത്തെ... അമ്മേ നമ്മടെ ശരധചേച്ചിടെ മോള് ഇവനെ കെട്ടണം എന്ന് പറഞ്ഞല്ലേ....കിണറ്റിൽ ചാടാൻ പോയെ... ശോ "

എന്റെ പെട്ടിയിലെ അവസാന ആണിയും അടിച്ചു രണ്ടും കൂടെ കുട്ടച്ചിരി. അച്ഛൻ ഇല്ല ഇവിടെ അച്ഛനും ഏട്ടനും എങ്ങോട്ടോ പോയതാണ്.. അമ്മയും മരുമോളും കൂടെ എനിക്കെട്ട് വെക്കാൻ ആണെന്ന് അറിഞ്ഞ ഞാൻ നൈസ്യായിട്ട് വലിയാൻ തീരുമാനിച്ചു. അപ്പോളും അവിടെ ചിരി നിന്നില്ല.. ചിരിക്കട്ടെ രണ്ടിന്റേം കൊലച്ചിരി

www.kkstories.com

അല്ലേലും മറ്റവൾ എന്തിനാ എന്നെ തിരക്കിയെ... ഇനി ഞാൻ വലിയ സംഭവം ആണെന്ന് ഗായത്രി മുകേന അറിഞ്ഞു വല്ല ഓട്ടോഗ്രാഫ്നും വന്നായിരിക്കും അങ്ങനെ ഓരോന്ന് ആലോചിച്ചു ഉറങ്ങി പോയി രാവിലെ അമ്മയുടെ വിളിയും കേട്ട് റെഡി ആയി ഞാൻ നേരെ എറണാകുളതെക്കു തിരിച്ചു.. രണ്ടാഴ്ച കഴിഞ്ഞാൽ അച്ഛൻ നടത്തുന്ന സമൂഹവിവാഹം ഉണ്ട് അതിന് വരണം. ഗ്രാമപ്രദേശം ആയതുകൊണ്ട് ഒരു കുട്ടിയെ ഇറക്കിവിടൻ ഉള്ള വക ഒന്നും ഇന്നാട്ടിൽ ഉള്ളവർക്ക് കുറവാ... അതിനായി അച്ഛൻ കണ്ടെത്തിയ വഴിയാണ് ഈ സമൂഹവിവാഹം... നാട്ടിലുള്ളവരുടെ എല്ലാം കെട്ട് നടത്താൻ തന്തക്ക് സമയം ഉണ്ട് ഇവിടെ ഒരുത്തൻ പേര നിറഞ്ഞു നിക്കണ കാര്യം പുള്ളി മറന്നു... ഹമ്... തന്ത ആണത്രേ തന്ത....

എറണാകുളത്തെ ഒരു പകൽ

പൊട്ടാ....എടാ എണ്ണിക്കാൻ "

ഒരു കുലുക്കിവിളി കേട്ടാണ് ഞാൻ ഉണർന്നത്

" ഒന്ന് പോയെ അമ്മേ... കുറച്ചൂടെ... കുറച്ചൂടെ കഴിയട്ടെ.... "

www.kkstories.com

" അമ്മ അല്ലേടാ നിന്റെ കാലൻ ആണ്... എണീക്കെടാ പോത്തേ.... "

പറയുന്നതിനൊപ്പം ഒറ്റ ചവിട്ടും ഞാൻ രണ്ട് മലക്കം മറിഞ്ഞു താഴേക്ക്. തലയൊന്നു കുടഞ്ഞു.. എന്തിനാ ഇപ്പോ ആളുകള് പടക്കം പൊട്ടിച്ചേ.. ഇന്ന് വിഷുവാ...

" വീണടത്തു കിടന്ന് ദിവസ്വപ്നം കാണാതെ.. എണ്ണിറ്റ് പോടെ... "

കൈ രണ്ടും ഊരക്ക് വെച്ചു എന്നെ നോക്കി ചിരിക്കുന്ന ആ നാറിയെ നോക്കി ദാഹിപ്പിച്ചിട്ട് ഞാൻ എണ്ണിറ്റ്... ആരായിരിക്കും എന്നല്ലേ വേറെ ആര് ആ മറുത.. മാഗ്ഗി . അവൾ അല്ലാതെ ഈ പണി വേറെ ആരേലും കാണിക്കുവോ...

" എന്ടാ... ഇങ്കെ വന്തേ... ഏതുക്ക്ടാ....എന്നെ ടെൻഷൻ പാൻട്ര.. എങ്ക പത്താലും നീ.. "

ഞാൻ കൊച്ചിരാജാവിലെ മുത്തുവിന്റെ സ്റ്റൈൽയിൽ അത് പറഞ്ഞപ്പോ ഞങ്ങൾ രണ്ടാളും ഒന്ന് ചിരിച്ചു.. പിന്നെ പതിവ് പോലെ അവൾ റെഡി ആയി വരാം എന്ന് പറഞ്ഞു അവളുടെ ഫ്ലാറ്റിലേക്ക് പോയി തൊട്ടടുത്ത റൂം ആണ് അവളുടെ.

അവളെകുറിച്ച് പറയാൻ ആണെകിൽ

വണ്ണം തോന്നാത്ത എന്നാൽ ആവിശ്യത്തിന് വണ്ണമുള്ള ഒരു സുന്ദരി. പീലികണ്ണിൽ എപ്പോളും ഒരു കുസൃതി ഒളിക്കുന്ന എപ്പോളും ചിരിച്ച മുഖവും എന്റെ വാലായി നടക്കണ നല്ല ഫസ്റ്റ് ക്ലാസ്സ് കോട്ടയംകാരി അച്ചായതി.

പുതിയ വണ്ടിയുടെ കാര്യം ഞാൻ അവളെ നേരത്തെ വിളിച്ചു അറിയിച്ചിരുന്നു... പുള്ളിക് കറങ്ങാൻ ഓസിനു ഒരു ബൈക്കും ഒരു ഡ്രൈവറെയും കിട്ടില്ലോ. അങ്ങനെ ഞങ്ങൾ രണ്ടാളും പെട്ടെന്ന് റെഡി ആയി ഓഫീസിൽ ചെന്ന്.. അവൾ അവിടെ എന്നെ അസ്സിസ്റ്റ് ചെയുന്നു.. അങ്ങനെ തിരക്കുകളിൽ പെട്ട് രണ്ടാഴ്ച കഴിഞ്ഞു. ഇതിന് ഇടക്ക് അമ്മയുടേം അച്ഛന്റേം കാളുകൾ വേറെ തലേന്ന് തന്നെ വന്നോളാം എന്ന് പറഞ്ഞു ഞാൻ കിടക്കാൻ തയാർ എടുത്ത്. മാഗ്ഗി കൂടെ വരുണ്ട് എന്ന് പറഞ്ഞേക്കിലും അവൾക് ലീവ് കിട്ടിയില്ല അതിന്റെ പരിഭവം ഉണ്ട് പെണ്ണിന്റ മുഖത്ത്.

" എടി പെണ്ണെ... ഞാൻ പോയിട്ട് പെട്ടെന്ന് വരില്ലേ... നോക്കട്ടെ നല്ലൊരണത്തിനെ നിന്റെ നാത്തൂന്നായി കിട്ടുവോന്നു "

അത് പറഞ്ഞപ്പോ തന്നെ കിട്ടി കവിളിൽ ഒരു കുത്ത്..

ചെക്കന്റെ ഓരോ ആഗ്രഹം എന്നൊരു ഡയലോഗ്ഉം ഏതായാലും പെണ്ണ് ഒന്ന് തണുത്തിട്ടുണ്ട്.. അവളോട് യാത്ര പറഞ്ഞു ഞാൻ വീട്ടിലെക്ക് തിരിച്ചു.. നാട്ടിലെ വന്നാൽ വേറെ വണ്ടി ഒന്നും പിടിക്കണ്ട ഞാൻ വന്ന് നിന്നെ കുട്ടിക്കോളാം എന്നായിരുന്നു ഏട്ടന്റെ മറുപടി.. അത് പതിവില്ലാത്തതാണല്ലോ... എങ്ങനെ എങ്കിലും വാടാ നാറി എന്നാണ് അഥവാ വിളിച്ചാൽ ഉള്ള മറുപടി... മോനെ അജു ഇതിലെന്തോ ഉണ്ട്. നീ സൂക്ഷിച്ചോ... ആരോ ഉള്ളിൽ ഇരുന്ന് പറയുന്ന പോലെ

കാറിൽ കയറി വീട്ടിലെക്ക് പോകുന്ന പൊക്കിൽ ഏട്ടൻ എന്നോട് യാത്രയെ കുറിച്ചൊക്കെ ചോദിച്ചു... അഹ് ഞാൻ ഒരു ഒഴുക്കൻ മട്ടിൽ എല്ലാത്തിനും ഉത്തരം കൊടുത്തു..

" പിന്നെ മോനെ ഇനി ഇങ്ങനെ കളിച്ചു നടക്കരുത് കേട്ടോ.. കുറച്ചൂടെ ഉത്തരവാദിത്തം ഒക്കെ വരണം "

www.kkstories.com

ഇങ്ങേർക്ക് എന്തോ പറ്റിട്ടുണ്ട്... ഒരു ബന്ധവും ഇല്ലാത്ത കാര്യങ്ങൾ ഒക്കെ ആണല്ലോ പറയുന്നത് .. ഏട്ടത്തി വല്ലതും വെച്ച് തലകെട്ട് പിരിത്തോ....??

ഞാൻ ഒന്നും മൈൻഡ് അക്കിയില്ലാ.. വീട്ടിൽ ചെന്നപ്പോ പന്തൽ ഒക്കെ ഉണ്ട് ആഘോഷം ഇവിടെ വരെ ആയോ.. സംഭവം കളർ ആയിട്ടുണ്ട്... തന്തപ്പടിക്ക് ഇത്രേം ബുദ്ധിഒക്കെ ഉണ്ടോ...

ഞാൻ അകത്തേക്ക് കേറി കുറച്ചു ആളുകൾ ഒക്കെ ഉണ്ട്... ഇവര് ഇവിടെ വന്നിരിക്കുന്ന നേരത്തു ആ കല്യാണവീട്ടിൽ പോയി ഇരുന്നൂടെ.. ഒരു ആളനക്കം ഒക്കെ ഉണ്ടാവല്ലോ... ബ്ലഡി ഗ്രാമവാസീസ്...

" അഹ് ഇതാ ആള്... എന്താ മോനെ നീ ലേറ്റ് ആയെ.. എല്ലാരും നിന്നെയാ അന്വേഷിക്കുന്നെ... "

അവിടെ ഇരുന്ന ഏതോ ഒരു തള്ള..എന്നെ അന്വഷിക്കാൻ ഞാൻ ആര് പിടികിട്ടാപുള്ളി സുകുമാരാ കുരിപ്പോ... എന്നെ കാണണം എങ്കിൽ ഞാൻ ഉള്ളടത്തു വരണം മിസ്റ്റർ... എന്ന് ചോദിക്കണം എന്നുണ്ടായിരുനെകിലും അപ്പോളേക്കും അമ്മ വന്നെന്നെ അകത്തേക്ക് കൊണ്ട് പോയി

" നീ എന്താ.. ഇത്രം ലേറ്റ് ആയെ... "

എന്റെ തോളിൽ നിന്ന് ബാഗ് ഊരുന്നതിനു ഇടക്ക് അമ്മ ചോദിച്ചു നിർത്തി

" അതിന് എന്താ ഞാൻ വന്നില്ലേ.. എന്റെ പുന്നാര മാളുമ്മാ... ".

www.kkstories.com

ഞാൻ അമ്മേനെ കെട്ടിപിടിച്ചു

" ഹാ.. നാറണ് അസത്തെ.... പോയി കുളിച്ചിട്ട് വാ... അവരെല്ലാം നിന്നെ നോക്കി നിൽകുവാ . "

ഞാൻ കെട്ടിപിടിച്ച പിടിത്തത്തിൽ നിന്ന് വഴുതിമാറി അമ്മ തോർത്തെടുത്തു എന്റെ കൈയിൽ തന്നു .

" അല്ല അവരെല്ലാം എന്നെ കണ്ടിട്ട് ഇപ്പോ എന്തിനാ... എന്റെ കല്യാണം അണോ അതിന് ഇവിടെ നടക്കണേ... "

ഒരു പരിഹാസ ചിരിയിൽ ഉയർന്ന എന്റെ ചിരി ഏട്ടത്തിയുടെ വാക്കുകളിൽ ഇല്ലാതെ ആയി

" അതേല്ലോ... എന്റെ മോന്റെ കല്യാണം തന്നാ ഇവിടെ നടക്കുന്നേ... "

www.kkstories.com

അമ്മയുടെ തോളിൽ കൈ ചാരി ഏട്ടത്തി അത് പറഞ്ഞപ്പോൾ ആണ് ഇത്രയും നേരം ആളുകൾ എന്നോട് കാണിച്ച മനോഭാവത്തിന്റെ ഒരു ഇത് എനിക്ക് മനസ്സിലായത്... അപ്പൊ അതാണല്ലേ കാര്യം...

എന്റെ കല്യാണം ഞാൻ... ഈ ഞാൻ അറിയാതെ നടത്തുന്നു....

" എന്നോട് ഒരു വാക്ക് പോലും ചോദിക്കാതെയോ...എനിക്ക് ഈ കല്യാണത്തിന് താല്പര്യ..... "

പറഞ്ഞു തീർന്നില്ല ദേ തന്തപ്പടി നിൽക്കണ്.. ഏഹ്..കൈയിൽ പിച്ചാത്തി ഒക്കെ ഉണ്ടല്ലോ... ഇങ്ങേര് അത് വെച്ച് വീട്ടുവോ....

" ഈ..കല്യാണത്തിന് താല്പര്യം ഇല്ലേ നിനക്ക്..."

ഗംഭീരം നിറഞ്ഞ ശബ്ദം.. ഒന്ന് പതറിയോ ഞാൻ... എവിടുന്നാ ബാൻഡ് മേളത്തിന്റെ ശബ്ദം കേൾക്കുന്നുണ്ടല്ലോ.ഇന്ന് വേറെ വല്ല പരിപാടിയും ഉണ്ടോ..പിന്നെയാണ് അറിഞ്ഞേ പേടിച്ചു മുട്ടുകാൽ കുട്ടി ഇടിക്കുന്നതാണ്...

www.kkstories.com

" എനിക്ക് നൂറുവട്ടം സമ്മതം അച്ഛാ... ദേ ഈ കല്യാണം മുടക്കാൻ എങ്ങനും ആരേലും നോക്കിയ.. ഹാ.... അച്ഛൻ ഇപ്പോ വന്നു... "

പേടിയിൽ എന്തൊക്കയോ വിളിച്ചു പറഞ്ഞു.. അച്ഛൻ എന്നെ ഒന്ന് നോക്കിട്ട് നേരെ വെളിയിലേക്ക് നടന്നു... ഇങ്ങേര് ആര് പാൽവാൽ ദേവാനോ....കത്തിയും വാളും ആയി നടക്കാൻ

വെറുതെ എന്റെ ശവം വേഴ്ത്തണ്ട എന്നോർത്താ ഞാൻ മിണ്ടാതെ നിന്നെ ... അല്ലേൽ കാണരുന്നു എന്നെ ഇപ്പോ കോടി പുതപ്പിച്ചു കിടത്തണേ... എന്നോട് കളിച്ചാൽ ഇങ്ങനെ ഇരിക്കും ഹും....

" അയ്യടാ.... അവന്റെ ഒരു ധൈര്യം കണ്ടില്ലേ... "

ഏട്ടത്തി എന്റെ നിൽപ്പും ഭാവവും കണ്ട് ഇപ്പോളും ചിരിയാ.. അമ്മയും മോശമൊന്നും അല്ല..

" അല്ലേലും ഞാൻ ഒരു കല്യാണം കഴിക്കണം എന്നോർത്തിരിക്കുവായിരുന്നു.. അല്ലെ അമ്മേ... "

www.kkstories.com

ഞാൻ ചമ്മല് മാറ്റാൻ സ്റ്റീരം ഐറ്റം എടുത്ത്...

" അഹ് ഡി മോളെ.. ഇവൻ പറഞ്ഞായിരുന്നു. നല്ല കുട്ടിയാടാ.. സുന്ദരിയാ എന്റെ മോള്.. കാശിന് കുറച്ച് കുറവേ ഉള്ളു എനിക്ക് അറിയാവുന്നോരാ... എന്റെ മോനായിട്ട് എതിര് പറയരുത് "

അമ്മ അത് പറയുന്നതിനോടൊപ്പം കണ്ണുകൾ നിറഞ്ഞിരുന്നു. ഞാൻ അമ്മയെ കെട്ടിപിടിച്ചു

" അമ്മേടെ മോന് അമ്മ പറയുന്നതിന് അപ്പുറം ഉണ്ടോമ്മേ "

അതിന് മറുപടിയായി എന്റെ കവിളിൽ ഒന്ന് തലോടി അമ്മ വെളിയിലേക്ക് ഇറങ്ങി

" സത്യമായിട്ടും ഇതിന് ഇഷ്ടമല്ലെടാ നിനക്ക്.. അച്ഛൻ ഇങ്ങനെ ഒരുകാര്യം പറഞ്ഞപ്പോ ഞാൻ ആണ് അത് മതി എന്ന് പറഞ്ഞത്.. എന്നോട് ചോദിച്ചത് നിനക്ക് അവിടെ വല്ല ചുറ്റിക്കളി ഉണ്ടോ എന്നാണ്.. എനിക്ക് അറിയരുതോ നിന്നെ എന്തേലും ഉണ്ടേൽ നീ എന്നോട് പറയാതെ ഇരിക്കില്ലല്ലോ.. എന്റെ മോന് ഈ കുട്ടി നന്നായി ചേരുമെടാ.. ഏട്ടത്തിടെ മുത്ത് എതിര് പറയല്ലേ... "

എന്നെ കെട്ടിപിടിച്ചു അത് അത്രയും പറയുമ്പോളും എന്നെ എന്തോരം ഈ സ്ത്രീ സ്നേഹിക്കുണ്ട് എന്നെനിക് മനസ്സിലായി... എല്ലാം കണ്ട് നിറഞ്ഞ കണ്ണുകളും ആയി നിൽക്കുന്ന ഏട്ടനും ഇതേ പറയാൻ ഉണ്ടായിരുന്നുള്ളു.. ആരായാലും ഏതവളായാലും ഞാൻ കാരണം അതിന് കഷ്ടപ്പാട് ഉണ്ടാകില്ല എന്ന് ഞാൻ അവർക്ക് വാക്ക് കൊടുത്ത്...

www.kkstories.com

പിനേം കുറേ നേരം അവരോട് സംസാരിച്ചു ഇതിനിടക്ക് പെണ്ണ് ആരാണെന്നു ചോദിക്കുണ്ടേലും അവരാരും പറയുന്നില്ല.. നേരിട്ട് കണ്ടാൽ മതി എന്നാണ് മറുപടി... ഞാൻ പിന്നെ മുറിയിൽ കയറി കിടന്ന്.. നാളെ ആരായിരിക്കും എന്റെ ഭാര്യ ആകാൻ പോകുന്നെ എന്നെല്ലാം ഓർത്ത് ഉറക്കത്തിലേക്ക് വഴുതി വീണുപോയിരുന്നു ഞാൻ.

<><><><><><><><><><><><><><><><><><><><><><><><><><><><>

പിറ്റേന്ന് രാവിലെ തന്നെ എന്നെ ഒരുക്കുന്ന പരുപാടികാൾ വന്നു ബന്ധുക്കൾ എല്ലാം എത്തിയിരുന്നു.. അപ്പോ ഞാൻ മാത്രേ അറിയാൻ ഉള്ളായിരുന്നു സ്വന്തം കല്യാണം ആണെന്ന്...

ഓരോരുത്തരായി ആ ഓഡിറ്റോറിയം നിറഞ്ഞിരിക്കുന്നു.. പലപല ആളുകളുടെ കല്യാണം അല്ലെ... അതാവും ഇത്രേ തിരക്ക്.. വിശ്വനാഥ്ന്റെ മകൻ എന്ന നിലക്കുള്ള ഒരു ആർഭാടവും അവിടെ എനിക്ക് ഇല്ല മറ്റ് മണവാളന്മാരിൽ ഒരാൾ. ആ കാര്യം ഓർത്തപ്പോ എനിക്ക് അച്ഛനോട് അഭിമാനം തോന്നിപ്പോയി ഒരു നിമിഷം... എന്നാലും അതൊന്നും അല്ല എന്റെ പ്രശ്നം എന്റെ പെണ്ണെവിടെ....??

" മുഹൂർത്തം ആകുന്നു .... കുട്ടികളെ വിളിച്ചോളൂ .. "

www.kkstories.com

എന്ന ഒരു പ്രായമായ തിരുമേനിയുടെ ശബ്ദം എന്നിൽ അല്പം ടെൻഷൻ ഉണ്ടാക്കി...

ഞാൻ.... ഞാൻ വിവാഹിതൻ ആകാൻ ഇനി നിമിഷങ്ങൾ.. ഇറങ്ങി ഓടിയാലോ...പുല്ല് ഒരു സിഗരറ്റ് വലിച്ചിട്ടു വന്നോട്ടെ എന്ന് തിരുമേനിയോട് ചോദിച്ചാലോ... ശേ അത് മോശമല്ലേ .. എന്ത് മോശം പുള്ളിക്കും ഒരണം കൊടുത്താൽ പോരെ... അല്ലേൽ തലകറങ്ങി വീണാലോ...

എന്തൊക്കെയോ മനസ്സും ഞാനും തമ്മിൽ സംസാരിച്ചു...പിന്നെ കണ്ണുകൾ പോയത്

താലത്തിൽ പുടവയും വേറെ എന്തൊക്കയോയായി എന്റെ നേർക്ക് വരുന്ന അവളെ കണ്ട് എന്റെ കണ്ണ് മിഴിഞ്ഞു പോയി.. ഏഹ് ഇത്.. ഇതാവളല്ലേ... അതെ... ആ ആ പാൽക്കാരി...

കല്യാണപുടവയിൽ സുന്ദരി എന്നൊന്നും അല്ല അതി സുന്ദരി. സാരിയിൽ കൂടുതൽ സുന്ദരിയായിട്ടുണ്ട്... അവളെ മൊത്തത്തിൽ നോക്കുന്നതിന് ഇടക്ക് ആ മുഖത്തേക് ഒന്ന് നോക്കിയ ഞാൻ കാണുന്നത്.. എന്നെ നോക്കുന്ന അവളെയാണ്.. ആ മുഖത്ത് അമ്പരപ്പ് വിട്ടമാറീട്ടില്ല ... ഞാൻ ഇനി പ്രതികാരം തീർക്കുമോ എന്നായിരിക്കും അതിന്റെ പേടി

ചെറുതായി ആ കൃഷ്ണമണി നിറഞ്ഞിട്ടുണ്ടോ .. ഞാനാണ് അവളുടെ വരൻ എന്നറിഞ്ഞതിൽ ആ മുഖത്തു ഒരമ്പരപ്പ് ഞാൻ കണ്ട് അതിന് അധികം ആയുസ്സ് ഉണ്ടായില്ല തലകുനിഞ്ഞു വരുന്ന അവൾ എന്റെ അരികിൽ എത്തിട്ടും എന്നെ ഒന്ന് നോക്കുനില്ല..

" ഹലോ... താൻ ആയിരുന്നോ വധു.. "

ഞാൻ അവളോട് കേൾക്കാൻ പാകത്തിൽ പറഞ്ഞു അവൾ അതെ ഇരുപ്പ്... .

" ഞാനും ഇന്നലെയാണ് അറിഞ്ഞേ എന്റെ കല്യാണം ആണെന്ന് "

www.kkstories.com

അതിന് അവൾ ഒരു ചിരി തന്നു ആരും കാണാതെ ചുണ്ടിന്റെ കോണിൽ ഒളിപ്പിച്ച ആ ചിരി പെട്ടെന്ന് മാഞ്ഞു

" അതെ അവള് വീട്ടിലോട്ട് തന്നാ വരുന്നേ... നീ ഇങ്ങനെ ആക്രാന്തം പിടിക്കാതെ "

ഏട്ടത്തി ആണ്.. ഞാൻ തലച്ചേരിച്ചു ഒന്ന് നോക്കി നിങ്ങൾക് എന്തിന്റെ കേടാ തള്ളേ എന്നൊരു ഭാവത്തോടെ... അതിന് ആക്ഷൻ ഹീറോയിലെ ആ കള്ളുകുടിയൻ ജോജുനോട് കാണിക്കുന്നപോലെ ഒരു ആക്ഷൻ

" മുഹൂർത്തം ആയി ദാ...താലി. പിടിക്ക്യ.... "

എവിടുന്നോ വിളിച്ചുണർത്തിയത് പോലെ തിരുമേനിയുടെ ശബ്ദം ഉയർന്നതും എന്റെ ഉള്ള കാറ്റും പോയി.. അങ്ങനെ കല്യാണം ഒക്കെ നന്നായി തന്നെ കഴിഞ്ഞു.. എല്ലാരും ഒരേ സമയം തന്നെ ആയിരുന്നു കെട്ട്...

കൈപിടിച്ച് തരുന്ന സമയമാണ് ഞാൻ അവളുടെ വീട്ടുകാരെ ശ്രദ്ദിക്കുന്നെ.. പ്രായമായ ഒരച്ഛൻ.. തീരെ വയ്യാ എന്ന് അദ്ദേഹത്തിന്റെ നിൽപ്പിൽ ഉണ്ട്.. ഒരു അമ്മ അതും ഒരു പാവം ആണെന്ന് തോന്നുന്നു ഒരു അനിയത്തി ആള് ഒരു കുറുമ്പിയാണ്... അവളുടെ അച്ഛനും അമ്മയ്ക്കും എന്നോട് സംസാരിക്കാൻ ഒരു മടി... എനിക്ക് ഈ വിവാഹം ഇഷ്ടമായില്ലെങ്കിലോ എന്നോർത്തു കാണും.. അല്ലെങ്കിൽ തങ്ങളുടെ മോളെ ആ വീട്ടിൽ ഇട്ട് നരകിപ്പികുവോ എന്നൊരു തോന്നൽ കാണും.. ഈ സമയങ്ങളിൽ അവൾ എന്നോടോ ഞാൻ അവളോടൊ ഒന്നും മിണ്ടില്ല.. അമ്മയെ കെട്ടിപിടിച്ചു കരയുന്ന അവളുടെ അടുത്തേക്ക് ഞാൻ ചെന്നു അവൾ കരച്ചില് തന്നെ.. ആ മാതാപിതാക്കളുടെ മുഖത്ത് എന്നോട് തങ്ങളുടെ മകളെ നോക്കിക്കോളാണെ എന്നോട് അഭ്യർത്ഥന ഉണ്ടെനെനിക് തോന്നി

www.kkstories.com

" അച്ഛൻ വിഷമിക്കണ്ട.. പൊന്ന് പോലെ നോക്കിക്കോളാം... "

ആ മനുഷ്യന്റെ കൈയിൽ പിടിച്ചു ഞാൻ അത് പറഞ്ഞപ്പോ അവൾ എന്നെ അമ്മയുടെ തോളിൽ നിന്ന് തലയെടുത്ത് ആചാര്യത്തോടെ നോക്കി. ഞാൻ ഒന്ന് ചിരിച്ചതെ ഉള്ളു അതിന്

" മോള് എന്തിനാ പഠിക്കുന്നെ... "

അപ്പുറത്തായി മാറി നിൽക്കുന്ന അവളുടെ അനിയത്തിയുടെ തലയിൽ തലോടി അത് ചോദിച്ചപ്പോ അവൾ ഒന്ന് ചിരിച്ചു

" പ്ലസ് ടു കഴിഞ്ഞു ഇനി എവിടേലും ജോലി നോക്കണം ഏട്ടാ..., "

" അതെന്താ ജോലി അപ്പൊ മോള് പഠിക്കുന്നില്ലേ.. "

www.kkstories.com

അതിന് മറുപടിയായി അവൾ അച്ഛന്റെയും അമ്മയുടെയും മുഖത്തേക്ക് നോക്കി

" അഹ് അത് നമ്മക്ക് പിന്നെ സംസാരിക്കവേ.. ഏട്ടൻ ഇവിടെ ഉണ്ടല്ലോ... "

ചിരിച്ചുകൊണ്ട് ഞാൻ മറുപടി കൊടുത്തപ്പോ വോൾടേജ് ഇല്ലാത്ത ഒരു ചിരി എല്ലാരിൽ നിന്നും ഉണ്ടായി.. ഒരുപാട് കല്യാണം ഉണ്ടായിരുന്നതിനാൽ ഇറങ്ങാൻ കുറെ സമയം എടുത്തു . ആ സമയത്ത് ഞാൻ അഞ്ചു (അവളുടെ അനിയത്തി) ആയി നല്ലരീതിയിൽ കൂട്ടായി അതോടൊപ്പം വീട്ടുകാരുമായും. അങ്ങനെ അവരോട് എല്ലാം യാത്രയും പറഞ്ഞു അവിടെനിന്നും ഇറങ്ങി.കരച്ചിലും പിഴിച്ചിലും ഒക്കെ കഴിയണ്ടെടെ.. വീട്ടിൽ എത്തിയപ്പോ കുറെയേറെ ലേറ്റ് ആയി... റൂമിൽ കയറിയപാടെ ഞാൻ ഒരു ടവൽ എടുത്ത് അവൾക് കൊടുത്ത് കുളിച്ചോളാൻ പറഞ്ഞു ബാത്രൂം കാണിച്ചുകൊടുത്തു ഞാൻ താഴെയും പോയി കുളിച്ചു. ഡ്രസ്സ് ഞാൻ ആൾറെഡി എടുത്തിട്ടുണ്ടായിരുന്നു

അങ്ങനെ താഴെ ഇരിക്കുമ്പോൾ ആണ് അമ്മയും ഏട്ടത്തിയും അടുത്തേക്ക് വരണേ

" ഇഷ്ടയോടാ..നിനക്ക് അവളെ "

കല്യാണം കഴിഞ്ഞു ഇത്രയും ആയപ്പോളെങ്കിലും ചോദിച്ചല്ലോ സന്തോഷം.

" അത്... ആ താലി കെട്ടുന്ന സമയത്തെ ഇവന്റെ നോട്ടം കണ്ടാൽ അറിയാൻ മേലെ... "

www.kkstories.com

എന്നെ ആക്കിയുള്ള പതിവ് കമന്റ് എത്തി

" നിങ്ങൾക് എന്റെ മെക്കിട്ട് കേറിയില്ലങ്കിൽ ഒരു സമാദാനവും ഇല്ലാലെ.."

ഞാൻ ദയനീയമായി അത് ചോദിക്കുമ്പോൾ അവിടെ ചിരി

" ഹാ....മോളെന്താ അവിടെ തന്നെ നിന്നെ ഇങ്ങിട് വാ.... "

സ്റ്റെപ് ഇറങ്ങി ഞങ്ങളുടെ അടുത്തോട്ടു വരണോ തിരിച്ചു കേറിപോണോ എന്ന് ശംകിച്ചു നിൽക്കുന്ന അവളോട് അമ്മ അത് പറഞ്ഞപ്പോ പെണ്ണ് പയ്യെ പയ്യെ അടുത്തേക്ക് വന്നു

www.kkstories.com

" കണ്ടോടാ...എന്റെ മോള് എന്ത് പവാന്ന് "

അമ്മ അവളെ കൂടെ ഇരുത്തി അത് പറഞ്ഞപ്പോ ഞാൻ ചിരിച്ചുപോയി.കാര്യം എന്താണെന്ന് അവർ തിരക്കിയപ്പോ ഞാൻ അവളെ ഒന്ന് നോക്കി.. എന്നെ ദയനീയം ആയി നോക്കുന്നു ഞാൻ അന്ന് നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞു അതോടെ എല്ലാം വീണ്ടും ചിരി തുടങ്ങി

" പെൺകുട്ടികൾ അയാൽ ഇങ്ങനെ വേണം... നന്നായി മോളെ ഇവന് രണ്ട് കുറവുണ്ടായിരുന്നു "

അമ്മ അവളുടെ മുഖം കണ്ട് അവളെ ഒന്ന് പൊക്കി പറഞ്ഞതെ ഉള്ളു ഒറ്റ കരച്ചിൽ അമ്മെമനെ കെട്ടിപിടിച്ചു ആ കരച്ചിൽ കുറച്ച് നേരം നോക്കിക്കിൽക്കാനെ ഞങ്ങൾക്ക്ആയുള്ളൂ.. അതോടെ ഇവള് വെറും നാട്ടുമ്പുറത്തുകാരി പൊട്ടിപെണ്ണാണെന്ന് എനിക്ക് മനസിലായി... ഏട്ടത്തിയും കൂടെ സമദനിപ്പിച്ചപ്പോ പെണ്ണൊന്നടങ്ങി

" ഇനി മേലാൽ എന്റെ കുഞ്ഞിനെ കളിയാക്കിയാൽ ഉണ്ടല്ലോ രണ്ടിനും കിട്ടും എന്റെ കൈയിൽ നിന്ന് "

www.kkstories.com

അമ്മ സാരി കൊണ്ട് അവളുടെ മുഖം തുടച്ചു മാറ്റി അത് പറയുമ്പോ അവൾ ഒരു പൂച്ചാകുഞ്ഞിനെ പോലെ അമ്മയിൽ ഒതുങ്ങുക ആയിരുന്നു

" അത് തന്നെ ഇനി മേലാൽ നീ വല്ലോം പറഞ്ഞാൽ. "

എന്നും പറഞ്ഞു ഏട്ടത്തി എന്റെ കൈയിൽ ഒറ്റ അടി

" സജി..... "

ഞാൻ ഒന്ന് ഇരുത്തി വിളിച്ചു അതിന് ഒരു ചിരിയും തന്ന് ഏട്ടത്തി അവളെ കെട്ടിപിടിച്ചു ഒരു ഉമ്മയും ആ കവിളിൽ കൊടുത്തു

" എന്റെ കുഞ്ഞിന് എന്തൊണ്ടങ്കിലും ഈ ചേച്ചിയോട് പറയാട്ടോ... ഈ കൊന്തനെ നോക്കണ്ട... പാവമാ എന്തെകിലും പറഞ്ഞാൽ ചേച്ചിയോട് പറഞ്ഞാൽ മതി നല്ല അടികൊടുക്കാട്ടോ.. ".

കുട്ടികളോട് സംസാരിക്കുന്നപോലെ അവളോട് പറയുന്നത് കെട്ട് ചിരി വന്നെകിലും പിടിച്ചു നിന്ന്

" സജി..... "

www.kkstories.com

ഞാൻ വീണ്ടും കടുപ്പിച്ചു വിളിച്ചു... ചുമ്മാ അങ്ങ് മുതലേടുക്കുവാണെന്നെ..

" എന്തോന്നാ ചെക്കാ നിനക്ക് "

" അല്ലമ്മേ ആരാ ഈ സജി... ഇവിടുത്തെവല്ലോരും ആണോ... "

അവളുടെ ആ ചോദ്യത്തിന് ഞാനും ഏട്ടത്തിയും പരസ്പരം ഒന്ന് നോക്കി

" മോള് ഈ സിനിമ ഒന്നും കാണാറില്ലേ "

അമ്മയുടെ ആ ചോദ്യത്തിന് ഇല്ലന്ന് അവൾ ചുമൽകൂച്ചി

" അതെന്താ"

www.kkstories.com

ഏട്ടത്തിയിൽ നിന്ന്

" വീട്ടിൽ ടീവി ഒന്നും ഇല്ലേച്ചി .. നേരത്തെ അപ്പുറത്തെ വീട്ടിൽ പോയി ഞാനും അഞ്ജുവും കാണും. ഒരീസം അവര് ഞങ്ങള് വരണ കണ്ട് ടീവി നിർത്തി... കംപ്ലയിന്റ് ആണെന്നും ഇനി കാണാൻ പറ്റില്ല എന്ന് പറഞ്ഞപ്പോ ഒരുപാട് സങ്കടം ആയി. വീട്ടിൽ നിന്ന് എന്തെങ്കിലും കൊടുപോവൊന്ന് പേടിച്ചയിരിക്കും .. അതിപിന്നെ ടീവി ഒന്നും കാണാറില്ല "

അവൾ അത് ചിരിയോടെ പറഞ്ഞു നിർത്തിയപ്പോ... എന്റെ തൊണ്ട വരണ്ടു ഇങ്ങനെ ഒരു അവസ്ഥാ പറഞ്ഞു കേട്ടിട്ടേ ഉള്ളു .. അത് ഇത്രയും ഭയാനകം ആണെന്നറിഞ്ഞില്ല

അമ്മ സാരിയുടെ തലപ്പുകൊണ്ട് കണ്ണുതുടക്കുന്നത് ഞാൻ കണ്ട്

" അത് അന്നല്ലേ.. ഇന്ന് നി എന്റെ മോന്റെ ഭാര്യയാണ് നിനക്ക് ഒരു കുറവും അവൻ വരുത്തില്ല അത് ഈ അച്ഛന്റ്റെ വാക്കാണ് "

തൊട്ട് പുറകിൽ നിന്നച്ഛന്റെ വാക്ക് വന്നതും അവൾ ചാടി എണ്ണിറ്റ് അച്ഛൻ അവളെ അവിടെ ഇരുത്തി അകത്തേക്ക് പോയി... പുള്ളി അല്ലേലും അതികം സംസാരം ഇല്ല .. ഇന്നാട്ടിലെ ബിലാൽ ഇക്ക ആണ്....

www.kkstories.com

" നി നേരത്തെ ചോദിച്ചില്ലേ സജി ആരാന്നു... ഈ വീട്ടിലെ സജിയാണ് ആ പോണത്.... "

അവളോട് അത് പറഞ്ഞപ്പോ ഏട്ടത്തി യും അവളും അമ്മയും ചിരിക്കുന്നത് കണ്ട് എനിക്ക് ഒരുപാട് സന്തോഷം തോന്നി

" ടാ.. ടാ അജു നിനക്ക് കുടണുണ്ട്... "

എന്റെ കൈയിൽ പതിയെ അമ്മ തല്ലി അത് പറഞ്ഞു അച്ഛന്റ്റെ പുറകെ നടന്നു

" നിനക്ക് എന്നാ ഇനി പോണ്ടേ... "

" നാളെ കഴിഞ്ഞു... ഒന്നും പറയാതെ ആണല്ലോ വന്നേ ... ദൈവമേ അവന്മാര് എന്നെ കൊല്ലും "

" ആ.. കാര്യം ഉറപ്പല്ലേ.. എങ്കിൽ നിങ്ങള് പോയി കിടക്കു സമയം ഒരുപാടായില്ലേ ... ഞാൻ എന്റെ കണവൻ എന്തിയെ എന്ന് നോക്കിട്ട് വരാം."

www.kkstories.com

എന്നും പറഞ്ഞു ഒരു നെടുവീർപ്പിട്ട് ഏട്ടത്തി എണ്ണിറ്റ്.. ഇന്ന് ഒരുപാട് ഓടിയതാ പാവം

" അതികം തിരയണ്ട.. ആ മാവിന്റെ ചോട്ടിൽ ഉണ്ട്.. അവിടേം ഒരു കുരുക്ഷേത്രഭൂമി അക്കിട്ടുണ്ട്..... വാ നമ്മക്ക് പോവാം "

എന്നും പറഞ്ഞു ഞാൻ അവളേം കൂട്ടി മുകളിലത്തെ എന്റെ മുറിയിലേക്ക് കയറി

" ഈ മനുഷ്യനെ കൊണ്ട് ഞാൻ തോറ്റു "

ആത്മാഗതം പറഞ്ഞു വെളിലേക്ക് പോകുന്ന ഏട്ടത്തിയേം നോക്കി ഞങ്ങൾ റൂമിൽ കേറി.

" താൻ വല്ലോം കഴിച്ചായിരുന്നോ ... "

www.kkstories.com

മുറിയാകെ നോക്കുന്നതിന് ഇടക്ക് എന്റെ വാക്ക് കെട്ട് അവൾ കഴിച്ചെന്നു തലയാട്ടി

" താൻ കിടന്ന് തത്തി കളിക്കുവൊന്നും വേണ്ട.. കട്ടിലിൽ കിടന്നോ അത് ഡബിൾ ഡക്ക് ആ വലിച്ചാൽ മതി "

എന്നും പറഞ്ഞു ഞാൻ ആ ബെഡ് രണ്ടാക്കി അവൾ എന്നെ സംശയ രൂപേണ നോക്കി

" രണ്ടാൾക്കും സമയം വേണ്ടിവരുമെന്നിക്കു തോന്നി.... അതല്ല താൻ ഒക്കെയാണെങ്കിൽ ഞാനും ഒക്കെയാണ് "

ഞാൻ കൂൾ ആയി അത് പറഞ്ഞപ്പോ അവൾ ഒന്ന് പരുങ്ങി അതോടെ ഞാൻ എണ്ണിറ്റ് ബെഡ് വീണ്ടും ഒന്നാക്കി അവൾ വന്നു ബെഡിൽ ഇരുന്നു മറുതലക്കൽ ഞാനും

" താൻ ഇവിടെ നിക്കുന്നോ അതോ എന്റൊപ്പം അങ്ങ് വരുന്നോ.."

" അമ്മയോട് ചോദിച്ചിട്ട് "

www.kkstories.com

ഓ നക്കുണ്ടായിരുന്നോ.... വീണ്ടും മാറ്റാവൊന്നും ഇല്ല തലകുനിച്ചു തന്നെ ആ ഇരിപ്പ് തുടർന്ന്

" താൻ എന്ത് വരെ പഠിച്ചു....? "

എന്റെ ആ ചോദ്യത്തിന് അവൾ ഒന്നു പതറി. കൈകൾ തമ്മിൽ കൂട്ടി ഉരുമ്മി...

" കേട്ടില്ലേ താൻ.....?"

ഞാൻ വളരെ സോഫ്റ്റ് ആയിട്ട് ചോദിച്ചപ്പോ അവൾ പറഞ്ഞു തുടങ്ങി

" രണ്ടാളെ പഠിപ്പിക്കാനുള്ള സാമ്പത്തികം ഒന്നും ഇല്ലാത്തോണ്ട് പ്ലസ് ടു കൊണ്ട് പഠിത്തം നിർത്തി പിന്നെ പശുവും വീടും ഒക്കെയായി അങ്ങനെ പോയി... "

www.kkstories.com

മടിച്ചുമടിച്ചാണ് പറഞ്ഞതെങ്കിലും ആ വാക്കുകൾ ഒരു സങ്കടം ഉള്ളതായി എനിക്ക് തോന്നി..

" താനും എന്റെ കൂടെ എറണാകുളത്തു വരുണ്ട് കേട്ടോ.... ""

അതിന് ഒട്ടും മടിക്കാതെ അവൾ തലയാട്ടി

" ഹാ താൻ എന്താടോ ഇങ്ങനെ ചാത്തപോലെ ഇരിക്കണേ.... ഏഹ്.... ഈ വിവാഹം ഇഷ്ടയില്ലേ... ഇല്ലേൽ പറഞ്ഞോടോ.... നമ്മക്ക് വഴിയുണ്ടാക്കാം. വേറെ ആരേലും ഉണ്ടോ മനസ്സിൽ "

അവസാനം അത് പറഞ്ഞപ്പോഴേക്കും അവൾ എന്നെ ഒന്നു നോക്കി ഹോ. അരുതാത്തതു എന്തോ എന്നിൽ നിന്ന് കേട്ടത്പോലെ ആ മുഖം താണു ... ആ നോട്ടത്തിൽ ഞാൻ ഇല്ലാതായത് പോലെ പക്ഷേ ആ നോട്ടം ദെഷ്യത്തോടെ ആയിരുന്നില്ല തികച്ചും ദയനീയമായിരുന്നു.

www.kkstories.com

" ഹാ... താൻ എന്തിനാടോ കരായണേ... അതിന് മാത്രം ഒന്നും ഉണ്ടായില്ലല്ലോ... ശരി പോട്ടെ ഞാൻ പറഞ്ഞത് തിരിച്ചെടുത്തു... അഹ് പോട്ടെന്നു.. കണ്ണ് തുടയ്ക്ക്... "

പെട്ടെന്ന് നിറഞ്ഞ കണ്ണുകളോടെ എന്നെ നോക്കി നിൽക്കുന്ന അവളോട് എനിക്ക് അത് മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. പക്ഷേ പലതും ഞാൻ തീരുമാനിച്ചിരുന്നു ഈ ചുരുങ്ങിയ നിമിഷങ്ങൾക്കുള്ളിൽ.

അങ്ങനെ ഞങ്ങൾ ഉറക്കത്തിലേക്ക് ഒഴുകിയിറങ്ങി പുതിയ ഒരു ജീവിതത്തിലേക്ക് ഉള്ള മുൻപടി ആയി...

രവിലെ ഒരു കുലുക്കം ശരീരത്തിനു അനുഭവപ്പെട്ടപ്പോ ഞാൻ ഒന്ന് ഞെട്ടി...

" ഇയ്യോ ഭൂമികുലുക്കം...."

ഞാൻ ബെഡിൽ നിന്ന് ഒറ്റ ചാട്ടത്തിന് തറയിൽ കമന്നു കിടന്നു

" ന്റെ കൃഷ്ണാ.... "

എന്റെ സ്വരം ഉയർന്ന അതെ സമയം അവളും ചെവിക്കു മീതെ കൈ വച്ച് ഒറ്റ അലർച്ച

ഒച്ച കേട്ട ഭാഗത്തേക്ക് നോക്കി

www.kkstories.com

" നീ ഏതാ....??? "

കണ്ണ് തുറന്ന് നോക്കിയതെ ഞാൻ ഒന്ന് ഞെട്ടി. .ഏതാ ഈ പെണ്ണ്..?

തും കോൻഹോ..നീ ആരാണെന്നു നിനക്ക് എന്തുവേണം... വാട്ട് യു വാണ്ട്..??? ?

പിന്നെയാണ് എന്റെ കല്യാണം കഴിഞ്ഞല്ലോ ഈശ്വര.....എന്നൊരു ഓർമ്മ എനിക്ക് വന്നേ... എന്റെയൊരു കാര്യം.

അവിടേം ഒരു ഞെട്ടൽ..കാണുമല്ലോ സ്വഭാവികം.എനിക്ക് അവളെ നോക്കാൻ ഒരു ചമ്മൽ , ഉണ്ടാകാതെ ഇരിക്കുവോ സ്വന്തം ഭാര്യയോട് ആദ്യമായി ചോദിച്ചചോദ്യം കൊള്ളാം.

നി ആരാണ് നിനക്ക് എന്തെര് വേണമെന്ന് ??

" അല്ല... നീ... അഹ് നിപ്പോ എണ്ണിറ്റു... "

എന്തൊക്കയോ തല്ലിക്കുട്ടി അങ്ങോട്ടു എഴുന്നള്ളിച്ചു. പിടിച്ചു നിൽക്കണമല്ലോ.

" കുറച്ചേരായി "

www.kkstories.com

ഒരു കാറ്റ് പോലെ ഉള്ള മർമ്മരം.. ഈ പെണ്ണിന്റ ഒച്ച എവിടെപ്പോയി ഇനി ഇപ്പൊ ഇവൾ മാറ്റവളുടെ അപരയാണോ..??അപ്പോളാണ് ഞാൻ അവളെ ആദ്യമായി ശ്രദിക്കുന്നെ.. കുറച്ച് നീണ്ട മുഖം ഉണ്ടകണ്ണുകൾ അത് ചെറുതായി എഴുതിട്ടുണ്ട്.. വിരിഞ്ഞ മാറിടം ഒന്നുമല്ല എന്റെ പെണ്ണിന്റെ ഒതുങ്ങിയ ഇടുപ്പഴക് തത്തമ്മ ചുണ്ടുകൾ കാലിൽ ചെറു പതസരം.. ചുരുക്കിപ്പറഞ്ഞാൽ നമ്മടെ തീരൻ മൂവിയിലെ നായികയെ പോലെ ഇരിക്കും എന്റെ പെണ്ണിനെ കാണാൻ..

അപ്പോളേക്കും ഫോൺ ബെല്ലടിക്കാൻ തുടങ്ങി അവളുടെ കൈയിൽ നിന്ന് കോഫിയും വാങ്ങി അവളോട് ഫോൺ എടുക്കാൻ പറഞ്ഞു.. ഫോൺ എടുത്ത് ലൗഡ് സ്പീക്കറിർ ഓണാക്കി ബെഡിൽലേക്ക് ഇട്ട്

മാഗ്ഗിയാണ് ----------

" എന്താഡി.... "

ചെറിയ ഒരു ഉല്സഹാമില്ലയിമയോടെ ആണ് ഞാൻ സംസാരിച്ചത്

" നിന്റെ അപ്പൻ വിശ്വനാഥൻ പെറ്റു മൈരേ.. രണ്ട് അമ്മയും മുയലും അത് പറയാൻ വിളിച്ചതാ... "

വെട്ടിതിരിഞ്ഞു അവളെ നോക്കുമ്പോ കണ്ണ് പുറത്തേക്ക് തള്ളി നിന്നടത്തു തന്നെ തറച്ചൊരു നിൽപ്

ഫോൺ ഞാൻ സ്പീക്കർറിൽ നിന്ന് മാറ്റി ചെവിയോട് ചേർത്ത് അവൾക്ക് ഒരു അളിഞ്ഞ ചിരിയും പാസ്സാക്കി, ആദ്യമേ ഇത് ചെയ്താൽ മതിയായിരുന്നു.. അഹ് പോയ വളി പിടിച്ചാൽ കിട്ടില്ലല്ലോ...

www.kkstories.com

" എന്റെ പൊന്ന് മോളെ.... രാവിലെ തന്നെ തെറി വിളിക്കാതെ "

ഇതിലും വലുത് വിളിക്കാതെ ഇരുന്നതിൽ ദൈവത്തിനോട് നന്ദിയും പറഞ്ഞു അവളോട് പൊക്കോളാൻ കണ്ണ് കാട്ടി. തലകുനിച്ചു തിരിഞ്ഞു പോകുന്ന അതിനെ ഞാൻ അങ്ങനെ നോക്കി നിന്ന്

" എടാ മലരേ..... "

" എന്തോന്നാ കു.. അല്ലേൽ വേണ്ട.. നീ കാര്യം പറയെടി . "

"എടാ നീ എന്ന വരുന്നേ "

"ഇത് ചോദിക്കാൻ ആണോടി തോമാച്ചന്റെ മോളെ നീ രാവിലെ എന്റെ തന്തക്ക് വിളിച്ചേ.. "

" ഹാ... കാര്യം പറ മോനെ ദിനേശാ ..''

www.kkstories.com

പെണ്ണ് കലിപ്പൊക്കെ വിട്ട് ചിരിക്കുന്നുണ്ട്.

" നാളെ "

" എന്നാൽ നീ ഒരാഴ്ച കഴിഞ്ഞു വന്നാൽ മതി,, "

" ഏഹ് അയെന്നാ"

" എടാ നമ്മടെ ജേക്കബ് സർ ഇല്ലേ (ഞങ്ങളുടെ ഹെഡ്) അങ്ങേര് വടിയായി"

" അയ്യോടാ... അത് കഷ്ടമായി പോയല്ലോ "

മുറിയിലേക്ക് കയറി വരുന്ന അവളെ നോക്കിയാണ് ഞനത് പറഞ്ഞത്. നേരെയാണ് നടത്തം എങ്കിലും നോട്ടം ഇങ്ങോട്ട് ആണ്.. ഉം പുരികം ഉയർത്തി ഞാൻ ചോദിച്ചതും കാറ്റ് പോലെ ഒറ്റ പോക്ക് വെളിയിലേക്ക് അത് കണ്ട് ഒരു ചിരി ചിരിച്ചു ഞാൻ എന്റെ ഖേതം അറിയിച്ചു

www.kkstories.com

" അഹ്... എന്തായാലും നീ ഇനി വൺ വീക് കഴിഞ്ഞല്ലേ വരൂ.. അതോ നാളെ വരുവോ.. "

" ഏയ്യ് ഇല്ല ഇല്ല.... ഞാൻ വൺ വീക് കഴിഞു... പിന്നെ വേറെ ഒരു സംഭവം ഉണ്ട് വന്നിട്ട് പറയാം ''

ചെറിതായി ഒന്ന് സൂചിപ്പിച്ചു ഇപ്പോ പറഞ്ഞാൽ പെണ്ണ് പെട്ടിയും പോക്കാണവും എടുത്തോണ്ട് ഇങ്ങോട്ട് പോരും

" മ്മ് അത് നീ എന്തേലും ചെയ്യ്... അപ്പോ ശെരി "

ഒരുലോഡ് പുച്ഛവും വാരിയെറിഞ്ഞു അവൾ ഫോൺ വെക്കാൻ പോയപ്പോ ഞാൻ തടഞ്ഞു

" എന്താടാ ..... "

ഒരു താല്പര്യം ഇല്ലാത്ത സംസാരം

www.kkstories.com

" മാഗ്ഗി മോളു.... "

" ബൈക്ക് ഇങ്ങ് എത്തിക്കണം... അല്ലിയോ....?"

ഞാൻ ഒന്ന് ചിരിച്ചു.. അന്ന് പെട്ടെന്ന് വിളിച്ചതുകൊണ്ട് ബൈക്ക് എടുക്കുന്ന കാര്യം വിട്ട് പോയായിരുന്നു... പിന്നെ സാഹചര്യം നിങ്ങൾക്ക് അറിയാല്ലോ..

" അതേടാ മോളു "

"ഓലുപ്പിക്കല്ലേ .. ഓലുപ്പിക്കല്ലേ ചെക്കാ... വണ്ടി ഞാൻ സുമേഷിന്റെ കൈയിൽ കൊടുത്ത് വിട്ടിട്ടുണ്ട് കൊരങ്ങാ... ഇന്ന് അവടെ എത്തുടാ....അപ്പൊ ശെരി"

"താക്സ് മോളു... "

" നിന്റെ തന്തക്ക് കൊണ്ട് കൊട് ഹും... "

ആ രാവിലെ തന്തക്ക് വിളികേട്ടപ്പോ എന്താ സുഖം.ഞാൻ ഒരു ചിരിയോടെ ഫോൺ വെച്ചു. ബാത്റൂമിലേക്ക് കേറി ഫ്രഷ് ആയി താഴേക്ക് ചെന്നു, ചെല്ലുമ്പളുണ്ട് ദേ ഇരിക്കണ് മൂന്നും

www.kkstories.com

" എന്റെ അമ്മേ ആ കൊച്ചിനെ അവളും അവളുടെ അമ്മയും കൂടെ വലിചിഴച്ചു കൊണ്ട് പോണാത് കാണണം ഹൊ സഹിക്കാൻ പറ്റില്ല മോളെ..."

ഏട്ടത്തിയാണ് കാര്യമായി എന്തോ നൊണയും കൊതിയും ഓതികൊടുക്കുവാണ് പെണ്ണുമ്പുള്ള.അത് കേൾക്കാൻ വേറെ രണ്ടെണ്ണം...എന്തായാലും ഏട്ടത്തിയുടെ വായിലെ വെള്ളോം വറ്റികുന്നതല്ലേ ഞാനും കൂടെ കെട്ടേക്കാം.താല്പര്യം ഉണ്ടായിട്ടല്ലട്ടോ.

" എന്നിട്ട്.. അവളെ തല്ലിയോ ചേച്ചി "

നിഷ്കളങ്കമായ ചോദ്യം അതിലുപരി ന്യായമായ ഒരു ചോദ്യം.. അല്ല ഇത് ആരുടെ കാര്യമാ ഏട്ടത്തി ഈ പറയണേ... ഞാൻ അങ്ങോട്ടേക് ചെന്ന് അവൾക്കു പുറകിലായി ഇരുന്നു.

സംഭവം അറിയണമല്ലോ നമ്മടെ നാട്ടിലെ ഒരു കൊച്ചിന് അഹ് ഹാ....എന്നിലെ ഞാൻ തന്നെ കെട്ടിയിട്ട ഓൺലൈൻ ആങ്ങള ഉണർന്നു..

" അഹ് മോളെ കുറെ പാവം .. ഒരുപാട് കുത്തുവാക്ക് പറഞ്ഞു പാവം എല്ലാം കേട്ട് ഒന്നും മിണ്ടാതെ കണ്ണീർ ഓലുപ്പിച്ചു നിന്നതേ ഉള്ളു പാവം ."

എന്നലും കഷ്ടമുണ്ട് പാവം കൊച്ച്.. എനിക്ക് അറിയാവുന്ന വല്ലോരും അണോ ഈശ്വര... ഞാൻ മനസ്സിൽ ഓർത്ത് ചേട്ടത്തിക്കു നേരെ എന്റെ സംശയങ്ങൾ ഉന്നയിച്ചു

" ആ കൊച്ചിന്റെ കല്യാണം കഴിഞതാണോ ഏട്ടത്തി "

www.kkstories.com

ഞെട്ടി തിരിഞ്ഞു എന്നെ നോക്കിയ അവൾക് ഞാൻ ഒരു ചിരി വെച്ചു കൊടുത്ത് അവളോട് കുറച്ചൂടെ ചേർന്നിരുന്നു അവളുടെ തോളിലൂടെ കയ്യിട്ടു ഞാൻ ഏട്ടത്തിയെ നോക്കി അവൾ ഒന്ന് വിറച്ചത് ഞാൻ അറിഞ്ഞു.. എന്നെ നോക്കിയില്ല അമ്മയെയും ഏട്ടത്തിയെയും മാറി മാറിനോക്കുന്നത് ഞാൻ കാണുണ്ട്. അമ്മ ഇതൊന്നും ശ്രദിക്കുന്നില്ല ഇടക്ക് കണ്ണൊക്കെ തുടക്കുണ്ട്,പാവം .ഏട്ടത്തി കഥ പറയുന്ന ഫ്ലോവയിൽ ആണ്

" അഹ് ടാ ... അവൻ ഒരു പാവമാടാ .. "

തോന്നി അത് അങ്ങനെ വരു....അങ്ങനെ സംഭവിക്കു...

" എന്നാലും ആ പാവം പെണ്ണിന്റെ വിധിയെ.. ഈശ്വര....അഹ് അനുഭവിച്ചല്ലേ പറ്റു,"

അമ്മ ആരോടെന്നില്ലാതെ പറഞ്ഞിട്ട് മൂക്കും സരിതലപ്പിൽ തൂത്ത് എണ്ണിറ്റ് അടുക്കളയിലേക്ക് പോയി

" ഏട്ടത്തിക്കു അറിയാവുന്ന കുട്ടരാണോ... "

" കഴിഞ്ഞ 3 വർഷമായിട്ട് അറിയാവുന്നവരാ... എന്നലും ഇന്നെങ്കിലും അവളെ ഒന്ന് സ്വീകരിച്ചാൽ മതിയായിരുന്നു "

www.kkstories.com

നെഞ്ചിൽ കൈവെച്ചു ഊരക്ക് കൈയും കൊടുത്ത് അമ്മക് പിന്നാലെ നടന്നുപോകുന്നതിനിടയിൽ എനിക്കുള്ള മറുപടിയും കിട്ടി

" കഷ്ടമുണ്ടല്ലേ ആമി ... പാവം "

എന്റെ കൈയിൽ ഒതുങ്ങികൂടിയ അവളുടെ ചെവിയിൽ ഞാൻ അത് പറഞ്ഞപ്പോ പെണ്ണൊന്നു ഞെട്ടി

" ചേച്ചി സീരിയലിന്റെ കാര്യാ പറഞ്ഞെ.... "

എന്റെ മുഖത്തേക് ഒന്ന് നോക്കിയത് പറഞ്ഞപ്പോ ഞാൻ അവളെ വിട്ട് ചാടി എണ്ണിറ്റ്. പന്ന പെൺമ്പുള്ള അടിച്ചു വായിൽ തന്നല്ലോ...അവൾ കുടുകുട ചിരിക്കുന്നത് കണ്ട് എനിക്കും ചിരി വന്നു...

" എന്താ രണ്ടും കൂടെ ഭയങ്കര ചിരിയാണല്ലോ ....പറ ഞങ്ങളും ചിരിക്കട്ടെ "

ഏട്ടത്തിയുടെ ശബ്ദം ആണ് ആ ചിരിയിൽ നിന്ന് ഞങ്ങളെ മോചിപ്പിച്ചത്.പെട്ടെന്ന് പെണ്ണിന്റെ മുഖം ഒക്കെ തുടുത്തു നാണംകൊണ്ട് എന്റെ പിന്നിലായി ഒളിച്ചു എന്നിട്ട് എന്നെ ഒരു നോട്ടം. ഹൊ....

www.kkstories.com

" അത്.....അല്ല അത് പോട്ടെ.....നിങ്ങള് ഇത് ഏത് പെങ്കൊച്ചിന്റെ കാര്യവാ ഇത്രേം നേരം പറഞ്ഞെ... "

ഞാൻ ഏട്ടത്തിയെ ഒന്ന് രൂക്ഷമായി നോക്കി.. ഇത്രേം നേരം എന്നെ ആകാംഷയുടെ മുന്നിൽ നിർത്തിയതല്ലേ...

" ആ കണ്ണീർ മഴയിലെ അപർണ്ണയെ കുറിച്ച്...."

മലര്....അപർണ്ണ അല്ല അപർണ്ണയുടെ പ...

അതേ മുഖഭാവത്തിൽ എന്നോട് അത് പറഞ്ഞപ്പോ.ഞാൻ ഒരു കൈ മലർത്തി പകുതി വിരലുകൾ ഉയർത്തി മുഖത്ത് പുച്ഛം വരുത്തി ഏട്ടത്തിയെ നോക്കി

" പിന്നെ എനിക്ക് ഒരാഴ്ച കൂടെ ഉണ്ട് ലീവ് അപ്പൊ ഞങ്ങള് അത് കഴിഞ്ഞേ പോണുള്ളൂ... "

www.kkstories.com

അമ്മയെ നോക്കി തുടങ്ങിയാ സംസാരം അവളെ നോക്കിയാണ് അവസാനിച്ചത്

" അത് നന്നയി ഇവളെയൊന്നു കണ്ട് എനിക്ക് കൊതിതീർന്നില്ല "

എന്റെ പുറകിൽ നിന്നവളെ വലിച്ചു മുന്നിലേക്ക് നിർത്തി പൂണ്ടടക്കം കെട്ടിപിടിച്ചായിരുന്നു അമ്മയുടെ മറുപടി.അതിന് അവൾ ഒരു ചിരി ചിരിച്ചു.എന്താപ്പോ പറയാ. കുപ്പയിലും മാണിക്യം എന്നൊരു പഴംചൊല്ലു അനിവൃതം ആയി.

" നിനക്ക് എന്തേലും അവളോട് സംസാരിക്കാൻ ഉണ്ടേൽ നേരിട്ട് പറയെടാ... അതിന് അവൻ വളഞ്ഞു കുത്തി മുക്കിൽ പിടിക്കണ് "

ചമ്മി, നാറി... ഇല്ല നാറ്റിച്ചു....എനിക്ക് എന്തിന്റെ കേടായിരുന്നു.അവളെ നോക്കിയപ്പോ താഴേക്കു നോക്കി നിക്കണ്.. ഇവളുടെ ആരേലും ഭൂമിയും തുറന്ന് വരൂവെന്നു പറഞ്ഞിട്ടുണ്ടോ ദൈവമെ എപ്പോളും ഇപ്പോളും താഴേക്ക് നോക്കാൻ ....

" എനിക്ക് എന്റെ ഭാര്യയോട് പറയാൻ ഉള്ളത് ഞാൻ അവളോട് പറഞ്ഞോളാം..അയിന് ആരുടേം വക്കാലത്തൊന്നും ഈ അർജുൻ വിശ്വനാഥന് വേണ്ട "

www.kkstories.com

ഞാൻ മുഖം കൊട്ടി സ്റ്റൈർ കയറി

" ഓ അവന്റെ ഒരു ഭാര്യ..... ഇന്നാ ഇതിനെ കൂടെ കോടോയിക്കോ... "

ഞാൻ അവളേം കൂട്ടി ഒരു ചിരിയോടെ മുറിയിലേക്ക് നടന്നു....

××××××××××××××××××××

അയ്യോ.....

കണ്ണാടിക്ക് മുന്നിൽ നിന്ന എന്റെ വായിൽ നിന്നാണ് സുഹൃത്തുക്കളെ ആ ഒച്ച വന്നത്

" എന്താ ...."

www.kkstories.com

പരിഭ്രമം നിറഞ്ഞ സ്വരം

ഇവളുടെ പേര് എന്നാ.....? കോപ്പ് സ്വന്തം ഭാര്യയുടെ പേരറിയാത്ത ആദ്യത്തെ ഭർത്താവ് ഞാൻ ആയിരിക്കും.. വല്ല പൊന്നെന്നോ കരളേന്നോ വിളിച്ച് അഡ്ജസ്റ്റ് ചെയ്താലോ.... അയ്യേ അത് വേണ്ട ഞാൻ പഞ്ചാര ആണെന്ന് വിചാരിക്കും, ആദ്യമേ കൈന്ന് പോയി

"ഡി..... "

എന്നെ തന്നെ നോക്കി നിന്ന അവളുടെ കണ്ണുകൾ ഒന്ന് വെമ്പി...

" മം "

നേർത്ത മർമ്മരംഅതോടെ ഞാൻ അവളുടെ അടുത്തേക്ക് ഇരുന്നു

" സോറി.... ഇച്ചിരി ഒച്ച കൂടിപ്പോയി... "

www.kkstories.com

ഞാൻ അവളുടെ കൈയിൽ പിടിച്ചു കൊണ്ട് അത് പറഞ്ഞപ്പോ ഒരു നേരിയ ചിരി എനിക്ക് തന്നവൾ തലകുനിച്ചു

" അതേ "

ഞാൻ വീണ്ടും വിളിച്ചു

" എനിക്ക്...ഉം...പേര് അറിയത്തില്ല....!!"

ചെറിയൊരു ലജ്ജയോടെ ആണ് ഞാൻ ചോദിച്ചത്.. പെണ്ണ് അടക്കി ചിരിക്കുണ്ട് കള്ളി...

പെട്ടെന്ന് എന്നെ ഒരു നോട്ടം.. ആ നോട്ടത്തിൽ ഞാൻ കണ്ട് അന്ന് ആ വഴിയിൽ വെച്ചുകണ്ട കാന്താരിയെ അല്ലെ

www.kkstories.com

" അയ്യേ.... സ്വന്തം ഭാര്യയുടെ പേര് അറിയില്ലെന്ന്.. ആരും കേൾക്കണ്ട കഷ്ടോണ്ട്... "

മുക്കത്തു വിരൽ വെച്ചു കളിപ്പിക്കുന്ന ചിരി എന്നെ കളിയാക്കാൻ പെണ്ണിന് ഒരു പമ്മലും ഇല്ല...

" എങ്ങനെ ഇരുന്ന പെണ്ണാ... അവള് അവളുടെ തനി കുറുമ്പ് എടുത്തകണ്ടോ..... "

ഞാൻ അത് പറഞ്ഞപ്പോഴേക്കും അവൾ പിന്നേം പഴേപോലെ തലകുനിച്ചു ഇരിപ്പായി

"പേര് പറഞ്ഞില്ല....???"

ഞാൻ ആരോടെന്നില്ലാതെ പറഞ്ഞതും പെണ്ണ് ഒന്നും മിണ്ടണില്ല

www.kkstories.com

" ഛീ.... പറയെടി... "

ഒറ്റ അലർച്ച സ്വിച് ഇട്ടപോലെ പെണ്ണ് മുഖം ഉയർത്തി എന്നെ നോക്കി... ആ മുഖത്തുനിന്ന് അമ്പരപ്പ് എനിക്ക് വായിച്ചെടുക്കം

"അന....അന ..."

" ആനയോ....??"

അവൾ നിന്ന് വിക്കിയാപ്പോ ഞാൻ പുരികം ഒന്ന് പൊക്കി അത് ചോദിച്ചു

" അല്ല... അനാമിക... "

അവൾ ഇപ്പോളും പേടിയോടെ നോക്കുകയാണ്... ഞാൻ ഒരു സംഭവം തന്നെ...

" അപ്പോ എന്റെ ആമികുട്ടി... എനിക്ക് ഒരു ചായ ഇട്ടോണ്ട് വരവോ... "

അങ്ങനെ വിളിച്ചുകൊണ്ടാണോ ഒന്ന് നോക്കി., ഞാൻ അത് പറയണ്ട താമസം കണ്ണൊന്നു തുടച്ചു പെണ്ണ് താഴോട്ട് ഒറ്റ ഓട്ടം.. ഞാൻ ഒരു ചിരിയോടെ അത് നോക്കി നിന്ന്.. കുറച്ചുകഴിഞ്ഞു ലാപ്പിൽ നോക്കിയിരിക്കുമ്പോൾ ആണ് പെണ്ണ് വരുന്നേ... ഒരു മടി ഒക്കെ ഉണ്ട് വരാൻ. പേടിച്ചിട്ടായിരിക്കും

പേടിക്കണം ഭീകരൻ ആണ് ഞാൻ കൊടും ഭീകരൻ

" ദേ... ചായ "

അവൾ എന്റെ നേരെ കോഫി മഗ്ഗ് നീട്ടി

'"ആർക്കാ "

www.kkstories.com

ഉം....

" ആർക്കാ..? "

ഉം....

എന്റെ മുഖത്തേക് നോക്കി തല മുന്നോട്ട് ചെറുതായി ചലിപ്പിച്ചു എനിക്കാണെന്ന് ഉള്ള ആക്ഷൻ ആണ് അവിടെ

www.kkstories.com

" നിനക്ക്... എ... "

" ഡാ.... ദേ നിന്നെ കാണാൻ ആരോ വന്നേക്കുന്നു "

അമ്മ താഴെ നിന്ന് അലച്ചു കുവുന്നുണ്ട്.. റൊമാന്റിക് ആകാൻ തള്ള സമ്മതിക്കില്ല...

" അഹ് വരാണ് "

ഞാൻ ബെഡിൽ നിന്നും എണ്ണിറ്റ് അവൾക് നേരെ തിരിഞ്ഞു

" ദേ നിന്റെ കൂടെ പാട്ട വന്നിട്ടുണ്ട്.. ബാ കാണാം "

അവൾ ഒരു സംശയത്തോടെ എന്നെ തന്നെ നോക്കി

www.kkstories.com

ബൈക്ക് വന്നതാണെന്ന് എനിക്ക് മനസിലായിരുന്നു അവൻ മെസ്സേജ് ഇട്ടായിരുന്നേ...

അങ്ങനെ ബൈക്ക് ഒക്കെ പോർച്ചിൽ കേറ്റി ഇട്ട്. അവനോട് കല്യാണം കഴിഞ്ഞ കാര്യം പറഞ്ഞപ്പോ ഒറ്റ അടിയും കുറെ തെറിയും.. സ്നേഹം കൊണ്ടാ... പുല്ലെൻ. വേറെ ആരോടും പറയണ്ട എന്ന് അവന്റെ കാലുപിടിച്ചു പറഞ്ഞുകൊണ്ട് നോക്കാം എന്നൊരു ഡയലോഗും ഇട്ട് അവൻ പോയി, കഴിക്കാൻ വിളിച്ചെങ്കിലും അവന്റെ ഫ്രണ്ട്സ് ഉള്ളത്കൊണ്ട് വേറെ ഒരു ദിവസം കേറാം എന്നവൻ പറഞ്ഞു

അങ്ങനെ റൂമിൽ ഇരിക്കുമ്പോൾ ആണ് അവൾ എന്റെ അടുത്ത് വന്ന് നിൽക്കുന്ന കണ്ടേ

" ഉം എന്താ... "

ഞാൻ അവളെ നോക്കാതെ പറഞ്ഞതും.. എന്തോ പറയാൻ വന്നവൾ പെട്ടെന്നു ഒന്നും ഇല്ലെന്ന് പറഞ്ഞു തിരിച്ചു പോകാൻ ഡോർ തുറന്നതും ഞാൻ അവളെ വലിച്ചു നെഞ്ചിലേക്കു ഇട്ടു.

'' എ.... എന്താ.. ".

പെണ്ണ് നന്നായി വിറക്കുണ്ട്.. എന്റെ നെഞ്ചിൽ തന്നെയാണ് കിടപ്പ് ഒന്ന് മാറാൻ പോലും നോക്കണില്ല. വിജാരംഭിച്ചു പോയിക്കാണും

" എന്താ ആമി പേടിയാണോ എന്നെ "

www.kkstories.com

അവൾ ഒന്നും മിണ്ടില്ല എന്നെ ഒന്ന് നോക്കിട്ടു വേറെ എങ്ങോട്ടോ നോക്കി നിൽക്കുന്ന പെണ്ണിന്റെ കണ്ണുകളിൽ ഒരു പരിഭവം ഒളിഞ്ഞു കിടപ്പുണ്ട്

" എന്റെ ആമിക്ക് ഇഷ്ടയില്ലേ ഇവിടെ ആരേം.... "

ആദ്യം ഒന്ന് ഞെട്ടിയെകിലും, അവൾ എന്റെ മുഖത്തേക് നോക്കി ആയെന്ന് തലയാട്ടി...

" എന്നെ ഇഷ്ടയോ... "

അത് ഞാൻ ചോദിച്ചപ്പോ പെണ്ണ് നാണംകൊണ്ട് എന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി

" അതേ... സോറിട്ടോ... നുമ്പേ കരയി.... "

പറയുന്നതിനു മുന്നെ അവൾ എന്റെ വാ പൊത്തി വേണ്ടെന്ന് തലയാട്ടി ഞാൻ അവളുടെ മുഖം തിരിച്ചു കവിളിൽ ഒരു ഉമ്മ അങ്ങ് കൊടുത്ത് പെണ്ണ് ഒന്ന് ഞെട്ടി പിന്നെ ഞാൻ നെറ്റിയിൽ ചുണ്ടമർത്തി അവൾ കണ്ണുകൾ അടച്ചു അത് ഏറ്റുവാങ്ങി.. പിന്നെ അനക്കം ഒന്നും ഇല്ല

www.kkstories.com

നെറ്റിയിലെ സിന്ദൂരത്തിനു വല്ലാത്ത ഒരു തെളിച്ചം.. അത് എന്റെ സ്നേഹത്തിന്റെ ആഴം ആണെന്ന് ആ നിമിഷം ഞാൻ അറിഞ്ഞു. അല്ലേലും സീമന്തരേഖയിലെ ചുവപ്പ് എല്ലാ ഭർത്താക്കൻമാർക്കും ഒരു വികാരമാണ് (നല്ലത് ചിന്തിക്കു ലോകമേ)

ഉമ്മയുടെ ഹാങ്ങ് ഓവർ കഴിഞ്ഞതും പെണ്ണ് എന്നിൽ നിന്ന് അകന്നു മാറാൻ നോക്കി

" പോവ്വാ... അമ്മ അന്വേഷിക്കും "

എന്നെ വിട്ട് മാറി അത് പറഞ്ഞു അവൾ വാതിലിൽ എത്തി ഒന്ന് തിരിഞ്ഞു നോക്കി ഞാൻ എന്താ എന്ന് ചോദിച്ചപ്പോ ഒരു കള്ളച്ചിരി

" എനിക്ക് ഇഷ്ട്ടാട്ടോ... ഈ പൊട്ടക്കണ്ണനെ..'"

" നിക്കെടി അവിടെ ...'"

പുറകെ ഓടാൻ നോക്കിയതും എന്റെ കാല് കട്ടിലിന്റെ കോണിൽ തട്ടി, ഞാൻ നിലവിളിച്ചു അവിടെ ഇരുന്നു പോയി. ഒരു കാര്യവും ഇല്ലായിരുന്നു എവിടോ ഇരുന്ന പാമ്പിനെ വേറെ പാലടത്തും വെച്ച അവസ്ഥയായി പോയി

" എന്താ... എന്തേട്ടാ... "

www.kkstories.com

അവൾ ഓടി എന്റെ അടുത്തേക്ക് വന്നു. മുട്ട് കുത്തി എന്റൊപ്പം ഇരുന്നു എന്റെ കാല് നോക്കി

" എന്റെ കൃഷ്ണാ... ചോര വരണുണ്ടല്ലോ... "

അവൾ വെപ്രാളപ്പെട്ട് ചുറ്റും ഒന്ന് നോക്കി, പിന്നീട് എന്റെ കാലിലെ ചെറുവിരൽ വായിലേക്ക് വെച്ച് ആ ചോര നുണഞ്ഞു

" ഹാ... എന്താ ആമി നീ ഈ കാണിക്കണേ... "

അവളുടെ ആ പ്രവർത്തി ഒരു ഞെട്ടൽ ഉണ്ടാക്കിയെങ്കിലും പെട്ടെന്ന് ഞാൻ കാല് വലിച്ചു

" തുപ്പല് നല്ലതാ മുറിവിന്, "

നിഷ്കളങ്കമായ അവളുടെ മറുപടിക്ക് മുന്നിൽ ഞാൻ ഒന്ന് നിന്ന് പോയി. ഓരോ കോണച്ച വിശ്വാസം,എങ്കിൽ പിന്നെ ഹോസ്പിറ്റലിൽ ഒരുലോഡ് തുപ്പലിറക്കിയാൽ മതിയല്ലോ..

" അവള്ടെ ചികിത്സാ.... എന്നെക്കൊണ്ടൊന്നും പറയിപ്പിക്കണ്ട.. വാ ഇങ്ങോട്ട്.... "

www.kkstories.com

അവളേം വലിച്ചു ബാത്റൂമിൽ കേറി കൈയിൽ വെള്ളം നിറച്ചു അവളുടെ വാ കഴുകി കൊടുത്ത് അപ്പോളെല്ലാം എന്നെ തന്നെ ഉറ്റുനോക്കുവായിരുന്നു ആ ഉണ്ടകണ്ണുകൾ

" നോക്കി പേടിപ്പിക്കാതെടി ഉണ്ടക്കണ്ണി... "

ഒരു ചിരി സമ്മാനിച്ചവൾ വെളിയിലേക്ക് ഇറങ്ങി

" അതേ.... ഒരുങ്ങിക്കോ നിന്റെ വീട്ടിലെക്ക് പോണ്ടേ.... നുമ്പേ അതല്ലേ മോള് പറയാൻ വന്നേ... "

ആ മുഖത്ത് അമ്പരപ്പ് ഇതെങ്ങനെ എന്നൊരു ഭാവം. ചെറുനനവ് വീണ കണ്ണുകളിൽ തിളക്കം.

" വേണ്ടെട്ടാ... നാളെ പോകാം വീട്ടിൽ.

പിന്നെ..... എനിക്ക് ഇന്ന് ഒന്ന് അമ്പലത്തിൽ പോണവായിരുന്നു.. "

www.kkstories.com

ഡോറിന്റെ അവിടെ നിന്ന് തിരിഞ്ഞു നോക്കിയ അവളോട് റെഡി ആയിക്കോ എന്ന് പറഞ്ഞപ്പോ. തലയാട്ടി അവൾ ഡ്രസ്സ് എടുത്ത് ബാത്റൂമിൽ കേറി .. ഞാനും ഫ്രഷ് ആകാൻ താഴേക്കു പോയി

ഞാൻ കുളികഴിഞ്ഞു ഇറങ്ങിവന്നപ്പോ പെണ്ണ് അമ്മയോടും ചേട്ടത്തിയോടും എന്തൊക്കയോ സംസാരിച്ചു അടുക്കളയിൽ സഹായിക്കുന്നു.. അമ്മ അവളെ വലുതായി ജോലി ഒന്നും ചെയ്യിപ്പിക്കാൻ സമ്മതിക്കുന്നില്ല.തള്ള ഓവറക്ട് ചെയ്തു ചളവാക്കുവോ..

. " എന്തോന്നാടാ സ്വന്തം ഭാര്യയെ ഒളിഞ്ഞു നോക്കുന്നോ... "

എന്റെ പുറത്ത് ഒരു കൈ വന്നു വീണപ്പോൾ ആണ് ഞാൻ തല ചരിച്ചു നോക്കിയേ.ഏട്ടനാ

" ഏയ്യ് ഞാൻ വെറുതെ അവരെ നോക്കുവായിരുന്നു "

" അവരെയൊ.... അതോ അവളെയോ.... "

www.kkstories.com

എന്തോ അർത്ഥം വെച്ച് സംസാരിക്കണപോലെ.. നമ്മക്ക് പിന്നെ നാണം അടുത്തൂടെ പോലും പോകാത്തത് കൊണ്ട് യാതൊരു പ്രശ്നവും ഇല്ല. ഒരു ഇളിയും പാസ്സാക്കി ഞാൻ ഹാളിലേക് നടന്നു

" ആമി..... "

ഹാളിൽ ഇരുന്ന് നീട്ടി വിളിച്ചു.. ഞാൻ അല്ലാതെ വേറെ ആര്

" അഹ് വരാണു..... "

"ഓ... അവന്റെയൊരു കാമി.. എണ്ണിച്ചു പോടെ..."

ഈ പെണ്ണുമ്പുള്ളക്ക് എന്തോ കൊഴപ്പമാടെ എവിടേതിരിഞ്ഞാലും ഉണ്ടല്ലോ

www.kkstories.com

" അയ്യോ ഇത് എവിടുന്ന് പൊട്ടിമുളച്ചു വരണ് "

വെളിയിലേക്ക് കാലെടുത്തു കുത്തിയ ഏട്ടത്തിയോട് തികച്ചും പുച്ഛം കലർത്തിയാണ് ഞാൻ അതുപറഞ്ഞത്.

" പോടെ... പോടെ.. പോടേയ്. "

. അതിലും നൂറിരട്ടി പുച്ഛം ചേർത്ത് മറുപടി വന്നപ്പോൾ എനിക്ക് വയറു നിറഞ്ഞു

എന്റെ വിളിക്കേട്ട് വരുന്നുണ്ട് പെണ്ണ് പെണ്ണിന് ഇപ്പോ വലിയ പേടിയൊന്നും ഇല്ല എന്റെ അടുത്തേക്ക് ഒരു ചിരിയോടെ നടന്നു വരുന്നവളെ ഞാൻ ഒന്ന് നോക്കി നിന്ന് പോയി. അതുകണ്ടപ്പോ പെണ്ണിന്റെ മുഖത്ത് രക്തം ഇരച്ചു കേറി

ഒരു ചുവന്ന ചുരുദാർ വലിയ വിലയുടെ ഒന്നും അല്ലെന്ന് കണ്ടപ്പോ തന്നെ മനസിലായി.. എന്തൊക്കെ ഇട്ടാൽ എന്നാ ആ ചിരി മതിയല്ലോ എല്ലാത്തിനെക്കാളും

" പോണ്ടേ.... "

" ഇപ്പോ വരവേ.. "

www.kkstories.com

എന്നും പറഞ്ഞു ഒറ്റ ഓട്ടം അടുക്കളയിലെക്ക്.. എല്ലാരോടും യാത്ര പറഞ്ഞു നിൽകുമ്പോ അമ്മ എന്റെ അടുത്തേക്ക് വന്ന് എന്നെ മാറ്റി നിർത്തി

" എടാ അവൾക് കുറച്ച് ഡ്രസ്സ് ഒക്കെ എടുത്ത് കൊടുക്കണേ..അവള് സമ്മതിക്കില്ല എന്നാലും മോൻ വാങ്ങിക്കോട്.. അവള് കൊണ്ടുവന്ന ഡ്രസ്സ് മുഴുവൻ പഴയതൊക്കെയാ.."

ഞാൻ തലയാട്ടി

" മോന് വിഷമം ഉണ്ടോ ഈ കല്യാണം അമ്മ നടത്തിയതിൽ..ഉണ്ടേൽ അമ്മയോട് ക്ഷമിക്കണേ അമ്മേടെ മോൻ "

അതിന് അമ്മയുടെ കവിളിൽ ഒരു ഉമ്മയായിരുന്നു മറുപടി. ഇത്രയും നല്ല ഒരു ഭാര്യയെ എനിക്ക് സമ്മാനിച്ചതിൽ

www.kkstories.com

" എടാ മോൾടെ കൂടെ തന്നെ കാണണേ.. ഒറ്റക്കാകിട്ട് എങ്ങോട്ടും പോകല്ല്... എന്നാൽ ഇനി നിൽക്കണ്ട നടയടക്കും ഇറങ്ങിക്കോ രണ്ടാളും... "

ഞാൻ കാറിൽ കേറി വെളിയിലേക്ക് ഇറക്കി അവൾ വന്നു കേറിയപ്പോ ഞാൻ വണ്ടി മുന്നോട്ട് എടുത്ത് കുറച്ചുനേരം ആരും ഒന്നും മിണ്ടില്ല

വിരാമം ഇടാൻ ഞാൻ തന്നെ തീരുമാനിച്ചു

" അമ്പലത്തിൽ പോയി തൊഴുതിട്ട് നമ്മക്ക് കുറച്ച് ഷോപ്പിംഗ് ഉണ്ടേ... നീ നിനക്ക് ആവശ്യം ഉള്ളത് വാങ്ങിക്കോണം കേട്ടോ.."

അത്രേം നേരം വെളിയിലേക്ക് നോക്കി പുറത്തെ കാഴ്ചകൾ ശ്രദിച്ച പെണ്ണ് പെട്ടന്ന് എന്നെ ഒന്ന് നോക്കി

" എനിക്ക് ഒന്നും അങ്ങനെ വാങ്ങൻ ഇല്ലേട്ടാ... "

ചെറിയ ഒരു പമ്മലോഡ് കൂടിയാണ് അവളുടെ സംസാരം

" അതെ., വാങ്ങിക്കാമോ എന്നല്ല ഞാൻ ചോദിച്ചേ... വാങ്ങണം എന്നാ പറഞ്ഞെ... അതുകൊണ്ട് എന്റെ ഭാര്യ ഞാൻ പറയണത് കേട്ട മതിട്ടോ.... "

www.kkstories.com

അതിനവൾ എന്തിനോ ആർക്കോ വേണ്ടി ഒന്ന് ചിരിച്ചു. ചിലപ്പോൾ ഞാൻ ഈ കാണിക്കുന്ന സ്നേഹം തനിക്ക് അർഹത പെട്ടതല്ലെന്ന് തോന്നിക്കണം അല്ലങ്കിൽ ഇങ്ങനെ ഒക്കെ ചെയ്താൽ വീട്ടിൽ ഏട്ടത്തിയും അമ്മയും വല്ലതും പറയുമോ എന്ന് തോന്നിക്കാണും

അങ്ങനെ അമ്പലത്തിൽ എത്തിയതറിഞ്ഞില്ല തൊഴുതു ഇറങ്ങിയപ്പോ നനഞ്ഞു പാതികീറിയ വാഴയിലയിൽ നിന്നും കുറച്ച് ചന്ദനം എന്റെ നെറ്റിയിൽ അവൾ ചാർത്തിതരുമ്പോ എനിക്ക് ഇതെല്ലാം ആദ്യനുഭവം ആയിരുന്നു.. അതിന്റെ ഒരു ത്രിൽൽ അങ്ങനെ നിന്ന് പോയി

" രണ്ടും കൂടെ അമ്പലപ്പറമ്പിൽ എന്തോന്നാ കിന്നാരം... "

ശരിയെച്ചിയാണ് ഏട്ടത്തിയുടെ കൂട്ടുകാരി. ചങ്ക്എന്നൊക്കെ വേണേൽ പറയാം

അങ്ങനെ ചേച്ചിയോട് കുറച്ചുനേരം കത്തിയും വെച് ഞങ്ങൾ ഗ്രാമത്തിന്റെ പച്ചപ്പിനോട് വിടപറഞ്ഞു ടാറിട്ട വഴികളിലേക്ക് ചേക്കേറി.

അതെല്ലാം ഈ പെണ്ണിന് പുതിയ കാഴ്ചയായിരുന്നു എന്ന് ഞാൻ അറിയുക ആയിരുന്നു.. പുറത്തെ ഓരോ കടകളും ചില്ലിലിട്ട ബേക്കറി ഐറ്റം കാണുമ്പോ പെണ്ണിന്റെ കണ്ണ് വിടരുന്നത് ഞാൻ അറിയുണ്ടായിരുന്നു അതെല്ലാം ഒരു ചിരിയോടെ കണ്ട് ഞാൻ വണ്ടിയും പാർക്കിൽ ഇട്ട് അവളുടെ കൈയും പിടിച്ചു മാളിലേക്ക് നടന്നു. അത് കണ്ടപ്പോളെ പെണ്ണിന്റെ കിളി പോയി അമ്പരന്ന് നിൽപ്പുണ്ട്

www.kkstories.com

" ഏട്ടാ.... വേണ്ടെട്ടാ എനിക്ക് പേടിയാ ഞാൻ... ഞനൊറപ്പായും വീഴും... "

എസ്കേലേറ്റർ കേറുന്നതിന്റെ മേളമാണ് പെണ്ണ് ഈ കാണിക്കുന്നേ

" അഹ്... പേടിക്കതേടി പെണ്ണെ ഞാൻ ഇല്ലേ... ബാ... "

ഞാൻ കൈ നീട്ടിയതും പെണ്ണ് കൈ എന്റെ കൈക്ക് മുകളിൽ വെച്ച് ആദ്യപടി വെച്ചതെ കാൽ വലിച്ചു

" ഇല്ലേട്ടാ വയ്യാ എന്നെകൊണ്ട് പറ്റണില്ല... ഏട്ടൻ പോയി നോക്കിട്ട് വന്നമതി ഞാൻ താഴെ കാണും "

പുറകിൽ നിൽക്കുന്നവർ ഞങ്ങളെ കടന്നു സ്റ്റെർ കയറുമ്പോൾ ഒരു ചിരിയുണ്ട് എല്ലാരിലും . അതുകണ്ടു എല്ലാർക്കും ഒരു ചിരിയും പാസ്സാക്കി തിരിഞ്ഞു നടന്ന പെണ്ണിനെ ഞാൻ എടുത്ത് പൊക്കി.. ഞെട്ടി അവൾ മാത്രമല്ല എല്ലാരും ചുറ്റും ഉള്ളവർ ഞങ്ങളെ തന്നെ ഉറ്റുനോക്കുന്നത് പെണ്ണിന് വല്ലാത്ത ചമ്മൽ ഉണ്ടാക്കി അതിന്റെ പ്രതിഫലം എന്നോണം എന്റെ കൈയിൽ കിടന്ന് പെണ്ണ് കൂതറുണ്ട്.

www.kkstories.com

" തെഴെറക്കെട്ടാ.... ദേ എല്ലാരും നോക്കണ് അയ്യേ നാണക്കേട്.... "

സ്റ്റെർ കയറുന്നതിനൊപ്പം അവൾ വിളിച്ചുപറഞ്ഞതിനൊന്നും ഞാൻ മറുപടി കൊടുക്കുന്നില്ലന്നറിഞ്ഞതോടെ പെണ്ണടങ്ങി എന്റെ കഴുത്തിൽ കൈയും കോർത്തു എന്റെ കണ്ണിലേക്ക് നോക്കി അങ്ങനെ കിടന്ന്

" അതെ ഇനി ഭാര്യനെ താഴെ ഇറക്കാട്ടോ... "

പുറകിൽ നിന്ന ഒരു കൂട്ടം പെൺകുട്ടികളുടെ ശബ്ദം ആണ് എന്നെയും എന്റെ ആമിയെയും ഉണർത്തിയത് ഒരു ചിരിയും കൊടുത്ത് ഞാൻ അവളെ താഴെറക്കി.. എന്റെ കൈയിൽ കോർത്തു പിടിച്ചു അല്പം കളർമങ്ങിയ ചുരിദാറും ഇട്ട് വരുന്ന പെണ്ണിനോട് എനിക്ക് സങ്കടവും ദെഷ്യവും തോന്നി.എന്തേലും വേണേൽ ഇവൾക്ക് എന്നോട് പറയരുതോ.. നേരെ തുണികടയിൽ കേറി ഉള്ളതെല്ലാം വലിച്ചെടുത്തു താഴെയിട്ട് അവൾക് ഒരു ഓപ്ഷൻ പറയാൻ പോലും ഇല്ലാതെ സകലതും വാങ്ങി ഇനി മേലാൽ നരച്ചതും മങ്ങിയതും ഇടരുത്.. വീട്ടിൽ ചെന്നിട്ട് വേണം പുല്ലെല്ലാം കത്തിക്കാൻ

" ഡോ....!! "

www.kkstories.com

ഒറ്റ ഞെട്ട്... പുല്ല് നല്ലജീവൻ അങ്ങ് പോയി ഏത് പുന്നാര മോളാണോ,, തിരിഞ്ഞു നോക്കിയ എന്റെ നേരെ രണ്ട് പൂച്ചക്കണ്ണുകൾ നീണ്ടു

" ഹാ... താനോ.... "

ഏത് നമ്മടെ (ഇപ്പോ നമ്മടെയാട്ടോ) കോളേജിൽ വെച്ച് കണ്ട ആ പൂച്ചക്കണ്ണി

" എവിടായിരുന്നു.. പിന്നെ അങ്ങോട്ടേക്ക് ഒന്നും കണ്ടില്ല "

എന്റെ തോളതോന്നു തട്ടിയുള്ള ഡയലോഗിനു ഞാൻ ഒന്ന് ചിരിച്ചു

" ഇവിടയൊക്കെ ഉണ്ടായിരുന്നു,, അഹ് നിങ്ങളും ഉണ്ടായിരുന്നോ... "

www.kkstories.com

അവളുടെ കൂടെ പുറകെ വരുന്ന കൂട്ടുകാരികളോട് ഞാൻ അത് ചോദിച്ചപ്പോ അവരിൽ ഒന്ന് രണ്ട് പേര് ചിരിച്ചു അതെ ഫ്ലോയിൽ തലയറിയാതെ ചുറ്റും നോക്കി എന്റെ തോളിന് മുകളിൽ ഇരിക്കുന്ന കൈകളെ വെട്ടിയരിയാൻ ആ കണ്ണുകൾക്ക് കഴിയും എന്നെനിക്ക് തോന്നി,

" ഇടക്കൊക്കെ നമ്മളേം നോക്കണം മാഷേ അപ്പൊ കാണും...

അതെങ്ങനെയാ ഇവിടെ ഒരാൾക്ക് കാണണ്ട ആളെ കണ്ടില്ലേ... അല്ലേടി...."

ആരാര്..... എതേത്... ഇവളുമാര് എന്തൊക്കെയാ പറയണേ....ആ പറഞ്ഞവളെ നോക്കിയപ്പോ നമ്മടെ പുച്ഛക്കണി അവളെ നോക്കി ദഹിപ്പിക്കുന്നത് കണ്ടപ്പോ ഏകദേശം

കാര്യം എനിക്ക് മനസിലായി തുടങ്ങി, ഞാൻ വീണ്ടും ആ മുഖത്തേക്ക് നോക്കി എന്നെ നോക്കി നില്കുവാണ് പക്ഷെ ദയനീയം ആയിരുന്നു ആ നോട്ടം.

" ഓ .. ഗയ്സ് വിട്ട് പോയി .. മീറ്റ് മൈ വൈഫ് മ്ർസ് അനാമിക അർജുൻ "

പെട്ടെന്ന് എന്തോ ഓർത്തെന്ന പോലെ ഒരു ചിരിയോടെ എന്റെ അടുത്ത് നിൽക്കുന്ന എന്റെ പാതിയെ എന്നോട് ചേർത്ത് നിർത്തി അത് പറഞ്ഞപ്പോ അപ്പുറത്ത് ഒരു കൂട്ട ഞെട്ടൽ അത് ഞാൻ പ്രതീക്ഷിച്ചിരുന്നു. അത് മാറാൻ കുറച്ചതിക സമയം വേണ്ടിവന്നു...

www.kkstories.com

" എന്താടോ.. ഏഹ് എന്തെങ്കിലും പ്രോബ്ലം ഉണ്ടോ ...? ".

" ഏയ്യ്... ഒന്നുല്ല കല്യാണം എന്ന്.. "?

അതിന് മുഴുവപ്പിക്കാതെ ഞാൻ ചാടികേറി പറഞ്ഞു

" രണ്ടീസം ആയേള്ളൂ "

ഞാൻ അവരോട് പറഞ്ഞപ്പോ ഒന്ന് ചിരിച്ചെന്ന് വരുത്തി ആ പൂച്ചക്കണ്ണി അനാമികക്ക് നേരെ നിന്ന്.തന്റെ വലതുകൈ ആമിക് നേരെ നീട്ടിയപ്പോ

" ഹലോ.... "

എന്നെ ഒന്ന് നോക്കി.. ഞാൻ കൈകൊടുക്കാൻ കണ്ണുകൊണ്ട് പറഞ്ഞപ്പോ ചിരിച്ചോണ്ട് ആ കൈകൾക്കു മേലെ അവളുടെ കൈ അനാവരണം ചെയ്തു.

www.kkstories.com

" എന്ത് ചെയ്യുന്നു.... വർക്ക് ചെയ്യുവാണോ.. "

. അതിന് അവൾ എന്നെ ഒന്ന് നോക്കി ഞാൻ അവർക്ക് വേണ്ട മറുപടികൾ കൊടുത്ത് അവളേം കൂട്ടി നേരെ റെസ്റ്റോറന്റ് സെക്ഷനിലേക്ക് നടന്നു അവിടെ ഇരുപ്പുറപ്പിച്ചു

" അതാരാ നുമ്പേ നമ്മള് കണ്ട ആ ചേച്ചി."

" അത് ഏട്ടത്തിയുടെ കോളേജിൽ പഠിക്കണ കുട്ട്യാ."

ഞാൻ മെനുവിലേക്ക് ശ്രദ്ധകേന്ദ്രികരിച്ചു, ഇവിടെ വയറ് തന്തക്കു വിളിച്ചു തൊടങ്ങി അപ്പോള.

" മം, ആ കുട്ടിക്ക് ഏട്ടനെ ഇഷ്ടയിരുന്നല്ലേ.... "

പുറത്ത് ചിരിക്കുണ്ടേലും അകത്തു ഉരുക്കുകയാണെന്ന് എനിക്ക് അറിയാം..ഞാൻ എങ്ങനും ഉപേക്ഷിച്ചു അവളുടെ പുറകെ പോകുവോന്നുള്ള തോന്നല് കാണും പാവത്തിന്

www.kkstories.com

" ആ... എനിക്കറില്ല.,,, ഈ വെയ്റ്റർ എവിടെ പോയി കിടക്കണ് ... ശേ"

ഞാൻ ചുറ്റും നോക്കി ഒരു വെയ്റ്റർനെ തിരഞ്ഞു

" അത്രയ്ക്കും വിശപ്പുണ്ടോ "

" അല്ലാതെ പിന്നെ, വിശക്കാതെ ഇരിക്കാൻ എന്റെ അമാശയം പട്ടികൊണ്ടോയികുവാണല്ലോ... "

അതിന് പെണ്ണ് കുടു കുട ചിരിച്ചു കൊണ്ടിരുന്നപ്പോ വൈറ്റർ വന്ന്,പെട്ടെന്ന് പെണ്ണ് ഡീസന്റ് ആയി

അങ്ങനെ ഫുടൊക്കെ കഴിച്ചു അവിടുന്ന് ഇറങ്ങി , നേരെ പാർക്കിലേക്ക് വണ്ടി വിട്ടു. അവിടെ ഒരു വാകമരത്തിന്റെ ചോട്ടിലായി തണലും കാറ്റും കൊണ്ട് വെള്ളത്തിന്റെ ഓളവും എണ്ണി അങ്ങനെ ഇരുന്നു... ഞങ്ങൾക് രണ്ടാൾക്കും പരസ്പരം അറിയണമായിരുന്നു...! പറയണമായിരുന്നു, സ്നേഹികണമായിരുന്നു.. അതിന് സാക്ഷിയായി ചുവന്നു പട്ടുവിരിക്കുന്ന വാക സാക്ഷിയായി.

www.kkstories.com

" എന്താണ് നിന്റെ മുന്നോട്ട് ഉള്ള തീരുമാനങ്ങൾ....? "

വെള്ളത്തിലേക്ക് കല്ലുകൾ ഇട്ട് ഓളം സൃഷിട്ടിക്കുന്ന ഞാൻ ഒരു വേള അവളിൽ നിന്നും മറുപടി ലഭിക്കാതെ വന്നപ്പോ അവളെ ശ്രദിച്ചു. പുള്ളികാരിയുടെ കണ്ണുകൾ കുറച്ചു ദൂരെയായി നിൽക്കുന്ന ഐസ് ക്രീം വണ്ടിയിൽ ആണെന്ന് അറിഞ്ഞതോടെ ഒരു ചിരിയോടെ രണ്ടു കോൺഉം വാങ്ങി തിരിച്ചു വന്ന് അവൾക്കു നേരെ നീട്ടിയപ്പോ പെണ്ണിന്റെമുഖം വിടർന്നു.

ഒന്നിന്റെ അംഗം കഴിഞ്ഞോ എന്റീശോയേ.... അടുത്തതിനായി എന്റെ തൊളിൽ തോണ്ടിയ അവളെ നോക്കുമ്പോ കുറുമ്പോടെ ഉള്ള മുഖം കണ്ടു. ചിരിച്ചു കൊണ്ട് തന്നെ എന്റെ പാതിയും അവൾ സ്വന്തം ആക്കികഴിഞ്ഞിരുന്നു,

" അഹ് ഇനി പറ എന്താണ് എന്റെ പെണ്ണിന്റെ ഭാവി പരുപാടി "

"എന്ത് പരുപാടിയാ.... എനിക്ക് ഏട്ടന്റെ കൂടെ ഇങ്ങനെ എന്നും സന്തോഷത്തോടെ ജീവിച്ചാൽ മതി.. "

www.kkstories.com

കോൺ ഐസ്ക്രീംന്റെ മുകളിൽ താജ്മഹൽ തീർക്കുന്നതിന്റെ ഇടയിൽ എന്റെ മുഖത്തേക്ക് നോക്കിയാണ് പെണ്ണ് സംസാരിക്കുന്നത്

ഓ അങ്ങനെ ആണല്ലേ... അഹ് കാണിച്ചുതരാം

" നിനക്ക് ഇപ്പോ എത്രവയസ്സുണ്ട് "

വീണ്ടും ആ മുഖത്തു കളിയാക്കലിന്റെ ചിരി

"എനിക്ക് 20 ആയി... എന്തിനായേട്ടാ... "

" നിന്നെ ഒന്നുടെ കെട്ടിക്കാൻ എന്തേ... നമ്മക്ക് ഒന്നുടെ ആലോജിക്കന്നെ... "

പെട്ടന്ന് കഴിപ്പ് നിർത്തി എന്നെ നോക്കി ഞാൻ ചിരിക്കുന്നത് കണ്ടതും പെണ്ണിനെ കളിയാകുവാണെന്ന് മനസ്സിലായി

www.kkstories.com

" നല്ല ഒരാളെ കിട്ടുവാണെകിൽ നോക്കിക്കോ... എല്ലാം ഏട്ടന്റെ ഇഷ്ടംപോലെ,''

നാക്ക് കടിച്ചുകൊണ്ട് ഇടങ്കണ്ണിട്ട് എന്നെ പാളിനോക്കുണ്ട് പെണ്ണ്, ഇപ്പോ അവൾക്കു ഒരു കുഴപ്പവും ഇല്ല

" ആടി നിന്നെ കെട്ടിക്കടി ഞാൻ... ദേ ഒരണം വെച്ച് തന്നാലുണ്ടല്ലും. ആഹ്ഹ്....അത്പോട്ടെ ഇത് പറ,

നിനക്ക് എന്താകാൻ ആയിരുന്നു ആഗ്രഹം..? "

" അതിപ്പോ... നേരത്തെയൊക്ക ഡോക്ടർ ആകാൻ ആഗ്രഹം ഉണ്ടായിരുന്നു അപ്പുറത്തെ വീട്ടിലെ മീനാക്ഷിയേച്ചി ഒക്കെ ഡോക്ടറ്ന് പഠിക്കുമ്പോ ഒരുപാട് ആഗ്രഹിച്ചതാ പിന്നെ അതൊന്നും നമ്മടെ കൈയിൽ അല്ലലോ ഏട്ടാ. "

www.kkstories.com

ഇപ്പോളും ഐസ്ക്രീം കഴിപ്പിൽ തന്നെയാണ് കക്ഷി

" എന്നാൽ ചിലതൊക്കെ നമ്മടെ കൈയിൽ തന്നെയാണ് പെണ്ണെ.... "

ആറ്റിലേക് ഒരു കല്ല് പെയ്ച്ചു ഞാൻ അവൾക് നേരെ ഇരുന്നു. പുള്ളിക്കാരത്തി ഒന്നും മനസിലാകാതെ ഇരിക്കുണ്ട്

" അതായത് ഉത്തമാ... നീ ഇനി പഠിക്കാൻ പോകുന്നുണ്ടെന്നു, മനസ്സിലായോ..?? "

" ഒന്ന് പോ ഏട്ടാ ചുമ്മാ ഓരോന്ന് പറയാതെ.."

എന്നെ പിടിച്ചു ചെറുതായി തള്ളി അവൾ എണ്ണിറ്റു, മൈര് ഇപ്പോ വെള്ളത്തിൽ പോയേനെ പുല്ല്.. ഇപോത്തന്നെ അവളുടെ വിധവ പെൻക്ഷനുള്ള അപേക്ഷ കൊടുക്കേണ്ടി വന്നേനെ

" ഒന്നവിടെ നിന്നെ മോള്.... "

അവൾ തിരിഞ്ഞുനിന്ന് എന്തെന്ന് ഉള്ള ഭാവത്തിൽ പുരികം മുകളിലേക്ക് ഉയർത്തി

www.kkstories.com

" ഞാൻ തമാശ പറഞ്ഞതല്ലെടോ.. താൻ ഇനി പഠിപ്പ് കംപ്ലീറ്റ് ചെയ്യണം, പിന്നെ നീ എന്നോട് പത്തുവരെ പോയിട്ടുള്ളൂ എന്ന് പറഞ്ഞത് നൊണയാണെന്ന് എനിക്ക് മനസിലായി. എന്തിനങ്ങനെ പറഞ്ഞു എന്നെനിക് അറിയണ്ട പക്ഷെ എന്റെ മോള് ഇനി പഠിക്കും അത് എന്റെ വാശിയ... "

ഇത്രേം പറഞ്ഞു ഞാൻ അവളുടെ അടുത്തേക്ക് നടന്നു കണ്ണുകൾ കലങ്ങിട്ടുണ്ട് ആ ഉണ്ടക്കണ്ണിൽ എന്നോട് ഉള്ള നന്ദിയറിയിക്കുന്നതായി എനിക്ക് തോന്നി

"" ഏട്ടാ.... "

എന്റെ നെഞ്ചിലേക്ക് ചാരി നിന്നവൾ മിഴികൾ വാർത്തു

" അത്പോലെ നിന്റെ... അല്ല നമ്മടെ അഞ്ജുവും പഠിപ്പ് തുടരും.. അവള് എന്റെ കൂടെ അനിയത്തിയല്ലെടി.. "

അതുപറയുമ്പോ എന്നിൽ ഇതുവരെ ഞാൻ പോലും അറിയാത്ത ഭാവം ആയിരുന്നു എന്തൊക്കയോ തീരുമാനിച്ചത് പോലെ.. അവളുടെ പിടി ഒന്നുടെ മുറുകി

www.kkstories.com

" ദൈവം എന്നൊരാൾ ഉണ്ടെന്നെനിക്കു മനസിലായി ആ ദൈവാ എനിക്ക് ഈ ചെക്കനെ തന്നെ... പക്ഷെ എന്നാലും., ഏട്ടാ അത്..."

"നീ ഒന്നും പറയണ്ട ഞാൻ എല്ലാം തീരുമാനിച്ചു.. എല്ലാരോടും ഞാൻ പറഞ്ഞോളാം."

അവളുടെ വാക്കുകൾക്കു പൂർണ്ണത വരുത്താതെ എന്റെ മറുപടിയിൽ അവൾ ഒന്നും മിണ്ടാതെ നിന്നു,

പിന്നീട് വീട്ടിലെക്ക് ഉള്ളയാത്രയിൽ ആരും ഒന്നും മിണ്ടില്ല... അമ്മ താമസിച്ചത് എന്താണെന്ന് ചോദിച്ചപ്പോ ഓരോന്ന് പറഞ്ഞു ഒഴിഞ്ഞു. അങ്ങനെ അടുക്കളയിൽ

എല്ലാരും കാര്യമായ പണിയിൽ ആണെന്ന് കണ്ടതും ഞാൻ ഹാളിൽ അച്ഛന്റെയും ഏട്ടന്റെയും അടുത്തായിരുന്നു ഒറക്കെ എല്ലാരേം വിളിച്ചു...

" എന്തിനാടാ കിടന്ന് ഒച്ചയിടുന്നെ... ഏഹ് "

തന്തപ്പടിയാണ് കാര്യമായിട്ട് പത്രം വായിക്കുവാണ് കാർണോർ. ഇങ്ങേർക്ക് നാളെ വല്ല പരീക്ഷയും ഉണ്ടോ ഇങ്ങനെ കിടന്ന് വയ്ക്കാൻ. ഞാൻ ആണെകിൽ അങ്ങാടി ചരമക്കോളത്തിന്റെ നിലവാരം നോക്കാൻ മാത്രെ പത്രം എടുക്കു.. ആർക്കാണ് സെഞ്ചുറീ എന്നറിയണമല്ലോ.

www.kkstories.com

സോറി.... ബൈ ദി ബൈ....ഞാൻ വിഷയത്തിൽ നിന്നും തെന്നിമാറിയോ..

അങ്ങനെ എല്ലാരും ഹാളിൽ ഹജർ ആയി

" ഞാൻ എല്ലാരേം വിളിച്ചതെ ഒരു കാര്യം പറയാനാ... "

ഞാൻ എല്ലാരുടേം മുഖത്തേക്ക് നോക്കി എല്ലാരിലും ഞാൻ എന്താണ് പറയാൻ പോകുന്നത് എന്നുള്ള ആകാംഷ

" അഹ് നീ കിടന്ന് ആശ്വമേധം കളിക്കാതെ കാര്യം പറയ്... "

ഞാൻ ലാഗ് അടിപ്പിക്കുന്നത് ഏട്ടന് സുഖിച്ചില്ല അതിന്റെയാണ്,

ഞാൻ അവളെ പഠിപ്പിക്കുന്ന കാര്യവും അഞ്ജുവിനെ പഠിപ്പിക്കുന്ന കാര്യവും പറഞ്ഞു. അവൾ അപ്പോളും തല കുമ്പിട്ടിരിപ്പാണ്

www.kkstories.com

" അത് നല്ലൊരു കാര്യമാണല്ലോ.... എന്നാൽ അങ്ങനെതന്നെ നടക്കട്ടെ എന്തേ... "

അച്ഛന്റ്റെ അതെ അഭിപ്രായമായിരുന്നു എല്ലാർക്കും

" മോൾക്ക് എന്തേലും പറയാൻ ഉണ്ടോടാ.... "

ഏട്ടൻ അങ്ങനെ ചോദിച്ചപ്പോ പെണ്ണ് നിന്ന് കരയാൻ തുടങ്ങി

" നിക്ക്.... നിക്കൊന്നും വേണ്ടെട്ടാ.... നിങ്ങള് എന്നോട്.. ഈ കാണിക്കണ സ്നേഹം കാണുമ്പോ.. എന്തോ ഒരു വിഷമം... വെഷമം പോലെത്തൊന്നാ.. അർഹതയില്ലാത്തത് ആഗ്രക്കുന്നത് പോലെ, നിക്ക് ഒന്നുഅറിയുല്ല.. "

എന്റെ നെഞ്ചിൽ ഒരു കല്ലെടുത്തു വെച്ചപോലെ തോന്നി. അച്ഛന്റ്റെ കണ്ണുവരെ നനഞ്ഞത് എന്നെ അത്ഭുതപെടുത്തി കാരണം അച്ഛൻ കരയുന്നത് ഞാൻ ഇത് വരെ കണ്ടിട്ടില്ല.അപ്പൊ അത്രത്തോളം അച്ഛൻ അവളെ സ്നേഹിക്കുണ്ട്..

www.kkstories.com

" മോളെ... നിന്നെ ഞങ്ങള് സ്വന്തം മോളായിട്ടാണ് കാണുന്നെ അതുകൊണ്ട് ഇനി അങ്ങനെ ഉള്ള ഒരു ചിന്തയും വേണ്ടാട്ടോ... "

അവളുടെ നെറുകിൽതലോടിയ കൈകൾ അവളുടെ മുഖത്തുടെ ഒലിച്ചിറങ്ങിയ കണ്ണീർച്ചാൽ തുടച്ചുമാറ്റുമ്പോളും പെണ്ണിന്റെ മുഖം എന്നിലായിരുന്നു, ഒരു ചിരിയോടെ കണ്ണുകൾ അടച്ചു കാണിച്ചു ഞാൻ അവിടെ നിന്നും എണ്ണിറ്റ്. ഫുഡും കഴിച്ചു ഒരു ബെഡിൽ രണ്ടുപ്പുറമായി തിരിഞ്ഞു കിടന്നു, എപ്പോളോ ഉറക്കത്തിലേക്ക് വീണ ഞാൻ ഉറക്കം ഉണ്ടാർന്നപ്പോ കാണുന്ന കാഴ്ച ഇന്നലെ വാങ്ങിയ കറുത്ത ചുരുദാറും ഇട്ട് ഇറനായി നിൽക്കണ പെണ്ണിനെയാണ്. ബ്ലാക്കിൽ വൈറ്റ് ഷെഡ് വരുന്ന മോഡൽ ഒന്നാണ് അവൾ ധരിച്ചിരിക്കുന്നെ, പൂർണ്ണചന്ദ്രന്റെ തെളിച്ചമുള്ള ആ ഓമനമുഖത്തിന് ഭംഗി കൂട്ടുന്ന അഞ്ജനം എഴുതിയ ഉണ്ടകണ്ണുകളും ചുവന്നു തുടുത്ത തത്തമ്മ അധരങ്ങളും നെറ്റിയിൽ ഒരു കുഞ്ഞുപൊട്ടിനു അതിന് പുറമെ ചന്ദനകുറിയും, സീമന്തരേഖയിൽ ചോര ചലിച്ചതുപോലെയുള്ള ചുവപ്പും തൊട്ട് എന്റെ മുന്നിൽ നിൽക്കുന്ന എന്റെ പെണ്ണിനെ ഞാൻ ഒരു നിമിഷം നോക്കി നിന്നു പൊയി.

" എന്തേ... നോക്കണേ പോണ്ടേ നമ്മക്ക്. "

കൈവിരൽ ഞൊടിച്ചു അവൾ വിളിച്ചപ്പോ പെട്ടന്ന് സ്വബോധം വീണ്ടെടുത്തു

"ഏട്ടന്റെ ഡ്രസ്സ് ഞാൻ തേച്ചുവെച്ചിട്ടുണ്ടേ.. അഹ് പിന്നെ.."

www.kkstories.com

അത്രേം പറഞ്ഞു തിരിഞ്ഞു നടന്ന പെണ്ണ് പെട്ടെന്നു തിരിഞ്ഞു നോക്കി

" കുഞ്ഞു വീടാട്ടോ എന്റേ.ഒരു സൗകര്യവും ഇല്ല ഏട്ടന് ഇഷ്ടവില്ല അവിടെ... അച്ഛനോട് പറഞ്ഞപ്പോ അതൊന്നും മോള് ചിന്തിക്കണ്ട ഏട്ടനേം കൂട്ടി പോയി വരാൻപറഞ്ഞു ... "

ഞാൻ ഒന്നും മിണ്ടാതെ അവളുടെ അടുത്തേക്ക് നടന്നു അവളുടെ ഇടുപ്പിലൂടെ കൈയിട്ട് എന്നിലേക്ക് അടുപ്പിച്ചു പെണ്ണ് ഒന്ന് വിറച്ചു.. പെട്ടെന്ന് നാണം ഇരച്ചു കയറിയ കവിളിൽ ഒരു മുത്തം കൊടുത്ത് ഞാൻ ബാത്റൂമിലേക്ക് കേറി അവൾ അതെ നിൽപ്പ് തന്നെ... എന്താ ചെയ്യാ..

--------- ---------

എല്ലാരോടും യാത്രയും പറഞ്ഞു ഞാൻ എന്റെ ബൈക്ക്നു തന്നെ പോകാൻ ആയി റെഡിയായി

www.kkstories.com

" എനിക്ക് പേടിയാ... ഞാൻ ഇല്ല ഇതില് "

പുറകിൽ കേറാതെ പേടിച്ചു നില്കുവാണ് പെണ്ണ്...

" എന്റെ അജു നീ നിന്റെ മറ്റേ ബൈക്കിനു പോ.ആല്ലേൽ കാറിനു പോ... ചുമ്മാ ആ കൊച്ചിനെ ഇട്ട് വട്ടുകളിപ്പിക്കാതെ.. "

അമ്മ എന്നോടായി പറഞ്ഞിട്ട് വെളിയിലേക്ക് ഇറങ്ങി

" അമ്മ ഇത് എങ്ങോട്ടാ...? "

" നിങ്ങള് പൊക്കോ.ഞാൻ രമണിയെ ഒന്ന് കണ്ടിട്ട് വരാം... പോയിട്ട് വാ മോളെ..."

www.kkstories.com

കണ്ണൂരണ്ടും അടച്ചുകാട്ടി അമ്മ ഗേറ്റ് കടന്നു വെളിയിൽ ഇറങ്ങി

അതോടെ ഞാൻ പോയി ഹിമാലയൻ തന്നെ എടുത്ത് അതിലും കേറാൻ ശംകിച്ചു നിന്നവളെ രണ്ടു പറഞ്ഞപ്പോ ഒറ്റചാട്ടത്തിന് പിറകിൽ കേറി

" ഇനിപ്പോ മറ്റേ ബൈക്ക് തൂക്കി വിൽക്കാം അല്ലാണ്ടിപ്പം എന്തോചെയ്യാനാ.. "

താക്കോൽ ഇട്ട് വണ്ടി സ്റ്റാർട്ടാക്കുന്നതിനു ഇടയിൽ ഞാൻ ആരോടെന്നില്ലാതെ പറഞ്ഞതും പെണ്ണ് ചാടി ഇറങ്ങി

" എന്താടി... വാ കേറ് പോവാം "

അവളുടെ ആ പ്രവർത്തിയിൽ സംശയം തോന്നിയഞാൻ അവളെ നോക്കി ചോദിച്ചു

" എനിക്ക് മറ്റേതില് പോയാ മതി... "

www.kkstories.com

R6 ന്റെ ഭാഗത്തേക്ക് ചൂണ്ടി കാട്ടിയവൾ ചിണുങ്ങി

" ചിണുങ്ങല്ലേ പെണ്ണെ മോന്തകിട്ട് ഒരു കുത്ത് വെച്ച് തരും പറഞ്ഞേക്കാം... "

ഓരോന്ന് പറഞ്ഞു ലാസ്റ്റ് ഹിമാലയനിൽ തന്നെ പോകാൻ തീരുമാനിച്ചു അവൾക്കും അതായിരുന്നു കംഫർട്... ഈശ്വര പുതിയ വണ്ടി ഏട്ടന് കൊടുത്തിട്ട് പഴയത് തന്നെ ഉപയോഗിക്കണ്ട വരുവോ... അതിന് മുന്നെ ഇതിനുള്ള വഴി കാണണം

വഴിനീളെ എന്നോട് നിർത്താതെ സംസാരിച്ചാണ് പെണ്ണ് എന്നെ പറ്റി ചേർന്ന് ഇരിക്കുന്നെ.വീട്ടിലെക്ക് അവൾ പറഞ്ഞ വഴി പോകാതെ വേറെ വഴി വണ്ടി പോകുന്നത്

കണ്ടതെ പെണ്ണ് എന്റെ തൊളിൽ തോണ്ടി എങ്ങോട്ടാ വീട്ടിലോട്ട് പോകണ്ടേ എന്നൊക്കെ ഉള്ള സേതുരമായ്യർ കളിക്കാൻ തുടങ്ങിയപ്പോ.

" മിണ്ടാതെ ഇരുന്നില്ലേൽ ഇവിടെ ഇറക്കിവിടും നിന്നെ... അതുവേണ്ടങ്കിൽ മിണ്ടാതെ ഇരുന്നോ... "

എന്ന് പറയണ്ട താമസം പെണ്ണ് പിന്നെ ഒന്നും മിണ്ടില്ല, ബൈക്കിൽ ഇരുന്നിട്ടില്ല എന്ന് പറഞ്ഞപ്പോ ഇത്രേം പരിതാപകരം ആയിരിക്കും എന്നാര് കണ്ടു, അല്ലേലും ജീവിക്കാൻ നെട്ടോട്ടം ഓടുന്ന ആ വൃദ്ധന് വണ്ടിവാങ്ങാൻ എവിടുന്നാ പൈസ ...

www.kkstories.com

" ബാ ഇറങ്ങ് "

വലിയ ഒരു തുണികടയുടെ മുന്നിൽ വണ്ടിനിർത്തി അവളോട് ഇറങ്ങാനായി പറഞ്ഞതും പെണ്ണ് ചുറ്റും നോക്കികൊണ്ട് തന്നെ വണ്ടിയിൽ നിന്നിറങ്ങി,

" എന്തിനാ ഇവിടെ നിർത്തിയെ. ഇന്നലെ ഒരുപാട് വാങ്ങിയില്ലേ... "

മുന്നിലേക്ക് നീങ്ങിയ എന്റെ കൈയിൽ ബലമായി പിടിച്ചു നിർത്തികൊണ്ട് അവൾ ചുറ്റിനും കണ്ണോടിച്ചു

" നിനക്ക് അല്ല പെണ്ണെ.. അച്ഛനും അമ്മക്കും പിന്നെ അഞ്ചുനും ആ... നീ എന്റെ കൈയ്യന്നു വിട്.. "

www.kkstories.com

ഞാൻ ഒരു ചെറുചിരിയോടെ തന്നെ അവളേം കൂട്ടി അകത്തേക്ക് കേറി അവളാണ് എല്ലാർക്കും ഉള്ളത് എടുത്തത് ഞാൻ അവളോടൊപ്പം തന്നെ എല്ലാം നോക്കി കണ്ടു അങ്ങനെ എല്ലാർക്കും ഈരണ്ടു ജോഡി വീതം വാങ്ങി, പാർക്കിങ്ങിലേക്ക് അവളെ പറഞ്ഞു വിട്ടിട്ട് ഞാൻ ബില്ല് പേ ചെയ്യാനായി പോയി... പേ ചെയ്ത് തിരിച്ചു വന്നപ്പോ കണ്ട കാഴ്ച

വണ്ടിയുടെ ഹാൻഡ്ലിൽ പിടിച്ചു അങ്ങോട്ടും ഇങ്ങോട്ടും തിരിക്കണ പെണ്ണിനെയാണ്, ചുണ്ട് വിറപ്പിച്ചു വണ്ടി ഓടുന്നതായി ശബ്ദവും ഉണ്ടാക്കുന്നുണ്ട് പെണ്ണ്

പാർക്കിങ്ങിൽ ഉള്ള ആളുകൾ എല്ലാം അവളെ ഒരു ചിരിയോടെ നോക്കുന്നതും കണ്ട് ചിരിച്ചോണ്ട് ഞാൻ അവളുടെ അരികിലേക്ക് നടന്നു, ഞാൻ വരുണ്ടെന്നു മനസിലായപ്പോ പെണ്ണ് കളിയൊക്കെ നിർത്തി മിടുക്കിയായി

ഞാൻ ഒന്നും പറയാതെ വണ്ടിയിൽ കേറി, എന്നിട്ട് അവളെ തലചരിച്ചു നോക്കി

" നിന്റെ കളിയൊക്കെ കഴിഞ്ഞോ അതോ.... "

www.kkstories.com

ഞാൻ ഒന്ന് നിർത്തിട്ടു അവളെ പിന്നേം നോക്കി പെണ്ണ് ചമ്മി നില്കുവാണ്

" ചമ്മണ്ട.. ഇനി ആരും ഇല്ല ഇവിടെ കാണാൻ.ദേ അവരെല്ലാം കണ്ട് നിന്റെ കലപരുപാടി"

ഞാൻ അവളോട് അത് പറഞ്ഞപ്പോ പെണ്ണ് ഒന്ന് ഞെട്ടി ചുറ്റിനും ഇടം കണ്ണിട്ട് നോക്കി എല്ലാരും അവളെ തന്നെ നോക്കുന്നെന്ന് അറിഞ്ഞപോ പെണ്ണ് അങ്ങ് ഇല്ലാണ്ടായി , എന്നിട്ട് എന്നെ നോക്കി ഞാൻ ചിരിച്ചോണ്ട് കണ്ണടച്ച് കേറാൻ പറഞ്ഞു,അപ്പോ അവൾ വീണ്ടും ഹാപ്പിയായി പിന്നെ നേരെ അവളുടെ വീട്ടിലേക്കു പോകുന്ന പൊക്കിൽ ബേക്കറി സാധനങ്ങളും വാങ്ങി നിറച്ചു

. " അതെ എനിക്ക് നിന്റെ വീട്ടുകാരെ ഒന്നും അത്ര പരിജയം ഇല്ല ഒന്ന് കൂടെ നിന്നോണേ.. "

സത്യം പറഞ്ഞാൽ നല്ല ടെൻഷൻ ഉണ്ട് എനിക്ക് ആണെങ്കിൽ അവിടെ അത്യവശ്യം പരിജയം ഉള്ളത് അഞ്ചുനേയാണ്, പിന്നെ ആയാലൊക്കകരുടെ വരവും കൂടെ ആകുമ്പോ എന്റെ ഗ്യാസ് പോവും

" ഒരിക്കലും നിൽക്കില്ലാട്ടോ.. അവിടെ. നമ്മടെ വീട്ടിൽ ആദ്യം എനിക്കും ആരേം പരിജയം ഇല്ലായിരുന്നല്ലോ, എന്നിട്ട് എന്റെ കൂടെ നിന്നോ ഇല്ലല്ലോ ... "

www.kkstories.com

അവള് ചുണ്ട് രണ്ടും കടിച്ചു പിടിച്ചാണ് പറയുന്നത് എന്നെ ആക്കാൻ കിട്ടണ ഒരവസരവും പെണ്ണ് പാഴാക്കില്ല.

" സജി..... "

ഞാൻ വണ്ടിയോടിച്ചോണ്ട് തന്നെ വിളിച്ചതും പെണ്ണ് ഒന്നുടെ എന്നെ ചുറ്റിവരിഞ്ഞു

" അതിപ്പോ എനിക്കറിയാട്ടോ ചേച്ചി ആ സിനിമ കാണിച്ചുതന്നല്ലോ... പിന്നെ ഞാൻ വെറുതെ പറഞ്ഞതാണേ..., ഞാൻ കൂടെ തന്നെ കാണും എന്നും "

ആ വാക്കുകൾക്ക് എന്തോ ഭയങ്കര ബലം ഉള്ളതുപോലെ തോന്നിയെനിക്ക്, ഒരിക്കലും മരണം കൊണ്ടല്ലാതെ വിട്ടകലില്ല എന്നൊരു ഉറപ്പ് ആ വാക്കുകളിൽ ഉണ്ട്

" നിനക്ക് വല്ലതും വേണോ കുടിക്കാനോ മറ്റോ....?? "

www.kkstories.com

" എന്തേലും കുടിച്ചാൽ കൊള്ളായിരുന്നു.. "

" ആർക് കൊള്ളായിരുന്നുന്നു... എടി പെണ്ണെ നിനക്ക് വേണോ.. വേണ്ടയോ..? "

" എന്റെ ദൈവമേ ഇത്പോലെ ഒരണ്ണം... വേണമെന്നാ മനുഷ്യാ പറഞ്ഞെ.... "

പുറത്ത് രണ്ട് കുത്തൊക്കെ കിട്ടിയെങ്കിലും ആ മനുഷ്യാ വിളി എനിക്ക് അങ്ങട് സുഖിച്ചു.

വഴിയിൽ കണ്ട ഒരു ചെറിയ കടയിൽ വണ്ടി നിർത്തി ചൂടായിട്ട് രണ്ട് നാരങ്ങവെള്ളം അങ്ങ് പറഞ്ഞു.

" അല്ല ഇതാരാ... കല്യാണം കഴിഞ്ഞു വിരുന്നിനു വീട്ടിലെക്ക് പോവായിരിക്കും അല്ലെ. "

www.kkstories.com

മുൻവശത്തു രണ്ട് പല്ല് മാത്രം ഉള്ള ഒരു ഓൾഡ് ജന്റിൽമാൻ അവളോട് കുശലം തിരക്കി

" അതെ ഗോവിന്ദട്ടാ വീട്ടിലെക്ക് പോണ വഴിയാ... "

അതിനായാൾ മോണകാട്ടി ഒന്ന് ചിരിച്ചു ഏത് ഈ ക്ലോസപ്പിന്റെ പരസ്യത്തിൽ ഒക്കെ ചിരിക്കണ പോലെ

" അല്ല ദിവരാ... നിനക്ക് ഈ പയ്യനെ മനസിലായ... "

അടുത്തിരുന്ന സ്ടൂളിൽ പത്രം വായിച്ചോണ്ട് ഇരിക്കുന്ന കണ്ടാൽ അൻപത് അൻപതഞ്ചു പ്രായം തോന്നിക്കണ ആൾ എന്നെ ഒന്ന് നോക്കി ചിരിച്ചു ഞാനും അങ്ങ് ചിരിച്ചു ..

" പിന്നെ വിശ്വേട്ടന്റെ മോനല്ലേ..മോൻ ഇവിടെ അല്ലായിരുന്നല്ലേ... "

" അല്ല ചേട്ടാ എനിക്ക് എറണാകുളം ആണ് ജോലി അപ്പൊ അവിടെത്തന്നെയാണ് സ്റ്റേയും.."

www.kkstories.com

വീണ്ടും എന്നെ നോക്കി ഒരു ചിരിയായിരുന്നു മറുപടി . പിന്നെ ആമിയെ നോക്കി

" മോൾക്ക് സുഖല്ലേ...സതീശൻ ഇറങ്ങിട്ടുണ്ടെന് കെട്ട് മോളെ വന്നു കണ്ടായിരുന്നോ.... "

അത് അവൾ പറഞ്ഞ് നിർത്തിയപ്പോ പെണ്ണ് ഒന്ന് ഞെട്ടുന്നത് കണ്ടു, കുടിച്ച ഗ്ലാസ്സ് അവിടെ ഒരു മിട്ടായി ഭരണിയുടെ മുകളിൽ വെച്ചിട്ട് എന്റെ കൈയിൽ പിടിച്ചു തിരിച്ചു നടന്നു ഞാൻ ഗ്ലാസും അവിടെ വെച്ച് പൈസയും കൊടുത്ത് അവൾക്കു ഒപ്പം നടന്നു,,

" സുഖയിട്ട് പോണു... വാ ഏട്ടാ നമ്മക്ക് പോകാം "

" . മ്.. ഞങ്ങള് എന്നാ ഇറങ്ങുവാ .. "

ഞാൻ അവരോട് അതും പറഞ്ഞ് ബൈക്ക് സ്റ്റാർട്ട് ചെയ്ത്.. കുറച്ചുമുന്നേ വരെ കലപില എന്നാലച്ച പെണ്ണാ .. ദേ ഇരിക്കണ നോക്കിയേ...! "

www.kkstories.com

ഞാൻ വണ്ടി ഒരത്തിൽ നിർത്തി അവളെ തലചരിച്ചൊന്നു നോക്കി

" ഇങ്ങനെ അങ്ങോട്ട് കേറിച്ചെല്ലാനാണെ ഞാൻ ഇല്ലാട്ടോ എങ്ങോട്ടും.... അല്ല നിനക്ക് ഇപ്പോ എന്നാ പറ്റിയെ ഏഹ്... ആരാ ഈ സതീശൻ...?"

ഞാൻ ചോദ്യങ്ങൾക്ക് മേൽ ചോദ്യം ഏയ്തപ്പോ പെണ്ണ് കുഴുങ്ങി

" അത്... ഞാൻ.. "

" വേണ്ട എനിക്ക് ഇപ്പോ ഒന്നും അറിയണ്ട സമയമുള്ളപോലെ പറഞ്ഞാ മതി നീ.. പക്ഷെ ഇപ്പോ ഹാപ്പിയായി ഇരിക്ക് ആല്ലേൽ അവര് എന്ത് കരുതും നിനക്ക് അവടെ ബുദ്ധിമുട്ടുണ്ടന്നല്ലേ കരുതു... "

www.kkstories.com

പെണ്ണ് എന്തോ ആലോചിച്ചിട്ട് പഴേപോലെ ആയി പുറകിൽ ഇരുന്ന് നുള്ളാനും മാന്തനും ഒക്കെ തുടങ്ങി... അങ്ങനെ ഒടുക്കം അവളുടെ വീട്ടിൽ ഞങ്ങൾ എത്തി..

വണ്ടിയുടെ സൗണ്ട് കേട്ടപ്പോളെ അകത്തുനിന്ന് അഞ്ചു ഇറങ്ങിവരുന്നത് കണ്ട്. കാര്യമായ പണിയിൽ ആണെന്ന് തോന്നുന്നു മുടി ഒക്കെ പറപ്പിച്ചു യക്ഷിയെ പോലെ നിൽക്കുന്ന അവളെ കണ്ട് ഞാൻ ആമിയെ ഒന്ന് നോക്കി അവൾ ചുണ്ട് കടിച്ചുപിടിച്ചു ചിരിക്കുണ്ട്..

" ചേച്ചി..... "

ഒറ്റ ചാട്ടത്തിന് അവൾ ഞങ്ങളുടെ അടുത്തെത്തി. ഇതെന്തോന്ന് കുതിരയോ... ഇവള് റബ്ബർ പലാണോ കുടിക്കണത്

ഇവിടെ കെട്ടിപിടിത്തം നടന്നോണ്ടിരുന്നപ്പോ അവര് (വീട്ടുകാർ) അകത്തുനിന്ന് വെളിയിലേക്ക് ഇറങ്ങി ഞങ്ങളുടെ അടുത്തേക്ക് വന്നു

" മോളെ.... സുഖമാണോ നിനക്ക്... അഹ് മോനെ കേറിവാ.... "

അവളോട് സുഖവിവരം അന്വേഷിക്കുന്ന കുട്ടത്തിൽ എന്നേയും അകത്തേക്ക് ആ അമ്മ ഐ മീൻ എന്റെ അമ്മായിയമ്മ സ്വീകരിച്ചു..

www.kkstories.com

അച്ഛന് എന്നോട് സംസാരിക്കാൻ ഒരു ബുദ്ധിമുട്ടുള്ളത് പോലെ അത്കൊണ്ട് ഞാൻ തന്നെ അങ്ങോട്ട് കേറി മിണ്ടി

" അച്ഛൻ ഇന്ന് പോയില്ലേ.. അതോ പണി കുറവാണോ... "

എന്തെകിലും ചോദിക്കണമല്ലോ എന്നോർത്തു ഞാൻ ചോദിച്ചു

" അഹ് മോനെ പണിയൊക്കെ കഷ്ടണന്നെ.."

ഉമ്മറത്തിണ്ണയിൽ ഇരുപ്പുറപ്പിച്ചു തോളിൽ കിടന്ന തോർത്തെടുത്തു മുഖത്തിന് ചുറ്റും കറക്കി ഒന്ന് നെടുവീർപ്പിട്ടു, എനിക്കും എന്താ ഇനി മിണ്ടണ്ടെ എന്നൊരു നിച്ചയം ഇല്ല.. കൈയിലെ സ്റ്റോക്ക് തീർന്നു എന്ന് മനസിലായതേ ഞാൻ ആമിക് മുഖം കൂടുത്തു.

" ഹാ.. നി ഇങ്ങനെ നില്കാതെ കവറ് അവർക്ക് എല്ലാർക്കും കൊട്... "

www.kkstories.com

" അയ്യോ.. ഞാൻ അതങ്ങ് വിട്ട് പോയി... ദാ... "

അവളുടെ കൈയിൽ ഇരുന്ന കവറിലേക്ക് നോക്കി ഞാൻ പറഞ്ഞതും പെട്ടെന്ന് കവർ എല്ലാർക്കും കൊടുക്കാൻ തുടങ്ങി..

എല്ലാരുടേം കണ്ണുകൾ നിറയുണ്ട്. അത് കണ്ടപ്പോളെ ഞാൻ പറഞ്ഞു

" ദേ കരഞ്ഞു സെന്റി സീൻ ആകാൻ ആണ് പ്ലാനെങ്കിൽ അഹ് ... എന്തിനാണാനെന്നെ കരയുന്നെ വേറെ ആരും അല്ലലോ നിങ്ങടെ മോൻ അല്ലെ ഞാനും. ".

ഞാൻ ചെറുചിരിയോടെ തന്നെ അമ്മേടെ തോളിലൂടെ കൈയിട്ട് അകത്തേക്ക് കേറി അമ്മയും ചിരിക്കുന്നുണ്ട് പോകുന്ന പൊക്കിൽ അവളെ നോക്കി ഒന്ന് കണ്ണിറുക്കാനും ഞാൻ മറന്നില്ല.

എന്തോ എല്ലാരും ആയി ഞാൻ പെട്ടെന്നു തന്നെ അടുത്തു, ആദ്യം എന്നോട് എങ്ങനെ മിണ്ടും എന്നൊക്കെയുള്ള എല്ലാരുടെയും സംശയത്തെപാടെ മാറ്റിക്കുറിച്ചു ഞാൻ എല്ലാരുമായി കമ്പനിയായി.

www.kkstories.com

" ഇന്നാ.. നിങ്ങൾ ഇന്ന് വരണുണ്ട് എന്ന് കേട്ടപ്പോളെ ഞാൻ അച്ഛനെക്കൊണ്ട് ഇടിച്ചതാ ചക്ക. മോൾക്ക് ഇഷ്ട്ടാ കുമ്പളപ്പം "

ഒരു സ്റ്റീൽ പത്രത്തിൽ കൊണ്ട് വെച്ച കുമ്പളപ്പത്തിനെയും അവളെയും ഞാൻ നോക്കി..

" അമ്മ എന്തിനാ ഈ പത്രത്തിൽ എടുത്തേ.... മറ്റേ എടുക്ക് "

എന്റെ നോട്ടം വന്നതേ പെണ്ണ് അമ്മക്ക് നേരെ അഞ്ജന അറിയിച്ചു, എന്നാൽ അതിന് പുല്ല് വില കൊടുത്ത് പ്ലേറ്റ് എന്റെ നേരെ നീക്കി വെച്ച് ഇല പൊളിച്ചുമാറ്റി ഞാൻ അതെടുത്തു കഴിക്കാൻ തുടങ്ങി.. അതിനിടക് അവളെ നോക്കി "പോടി " എന്നും ഞാൻ പറഞ്ഞു അത് കണ്ടിട്ട് എല്ലാരും ചിരിക്കുന്നും ഉണ്ട്

" ഇന്നാ മോളും കഴിക്ക്... "

ഞാൻ പ്ലേറ്റ് അഞ്ജുവിന് നേരെ നീട്ടിയപ്പോ അവൾ എല്ലാരേം നോക്കിട്ട് ഒന്ന് ചിരിച്ചു അതെടുത്തു കഴിക്കാൻ തുടങ്ങി..

www.kkstories.com

" എന്നാ ഞാൻ പോയി ഒന്ന് കുളിച്ചിട്ട് വരവേ.. "

ഞാൻ ഇരുന്നടത്തു നിന്നെണിറ്റ്

" മോളെ നി മോന് സോപ്പും തോർത്തും എടുത്ത് കൊടുക്കു... "

" അഹ്.

എന്നും പറഞ്ഞു എന്റെ പുറകിലായി അവൾ നടന്നു. എനിക്ക് ബാത്രൂം കാണിച്ചു തന്നിട്ട് കുളിച്ചോ എന്ന് പറഞ്ഞ് തിരിഞ്ഞു നടന്നവളെ ഒറ്റ പിടുത്തതിന് അകത്തേക്ക് വലിച്ചതും ഒന്നിച്ചായിരുന്നു ഞെട്ടിയെങ്കിലും എന്റെ വഷളൻ ചിരികണ്ടപ്പോ പെണ്ണിന് പേടിയും നാണവും ഒക്കെ ഒരേ സമയം ഉണ്ടായി.

" ശോ എന്തോന്നാ ഈ കാണിക്കണേ... ശേ വീടെട്ടാ... ദേ അമ്മവരുട്ടോ... "

എന്റെ കൈയിൽ കിടന്ന് കുതറാൻ ശ്രമിക്കുന്ന പെണ്ണിന്റെ ബലം കുറവുന്നത് ഞാൻ കണ്ടു വെറുതെ പതിഞ്ഞ സ്വരം മാത്രം

www.kkstories.com

" നി എന്തൊക്കെ പറഞ്ഞാലും നമ്മൾ ഒന്നിച്ചാ കുളിക്കണേ... "

ഞാൻ അവളുടെ മുക്കിനു മുകളിൽ മുക്കുരുമ്മി അവളോടത്തു പറഞ്ഞപ്പോ വിശ്വാസം വരാത്ത രീതിയിൽ അവൾ എന്റെ മുഖത്തേക്ക് ഒന്ന് നോക്കി

" പിന്നെ ഒന്നിച്ചു കുളിച്ചു.. വിട്ടേ... തന്നതാനങ്ങ് കുളിച്ചേച്ചാ മതി... "

പറയുന്നുണ്ടെങ്കിലും യാതൊരു എതിർപ്പും അവളുടെ ഭാഗത്തുനിന്നില്ല ഞാൻ പതിയെ മഗ്ഗിൽ നിന്ന് വെള്ളം എടുത്ത് ഞങ്ങളുടെ ദേഹത്തേക്ക് ഒഴിക്കാൻ തുടങ്ങി അവൾ എന്നോട് കുറച്ച് ചേർന്ന് എന്നെ ചുറ്റിവരിഞ്ഞു. ആ നനഞ്ഞ പതുപ്പതുത്ത ശരീരം എന്റെ മേൽ അമരുമ്പോളും ഞാൻ വേറെ ഏതോ ലോകത്തെന്നപോലെയായിരുന്നു . ഞാൻ അവളുടെ കഴുത്തിലേക്ക് ചുണ്ടുകൾ അടുപ്പിച്ചതെ പെണ്ണ് വലതുകൈ കൊണ്ട് എന്റെ മുടിയിൽ പിടുത്തം ഇട്ടു, ഞങ്ങൾ പതിയെ ചുംബനത്തിലേക്ക് കടന്നു ഞാൻ അവളുടെ പനിനീർ ചുണ്ടുകളെ ചപ്പിവലിച്ചു ഞങ്ങളുടെ പല്ലുകളും നാവും മത്സരിച്ചോണ്ടിരുന്നു.എനിക്ക് എന്തെന്നില്ലാത്ത ഒരു ഫീൽ ആയിരുന്നു അവളുടെ കാര്യവും മറിച്ചാല്ലായിരുന്നു മുൻപരിജയം ഇല്ലാത്തതിനാൽ ഉള്ള ബുദ്ധിമുട്ട് ഞങ്ങൾക് രണ്ടാക്കും ഉണ്ടായിരുന്നു.. അവസാനം കിതാപ്പോടെ എന്നെ വിട്ടക്കന്ന അവളിൽ ഞാൻ ആദ്യമായി ഒരു പെണ്ണിന്റ വശ്യതയുടെ സൗദര്യം കണ്ടു.. നനഞ്ഞോട്ടിയ ചുരുദറിൽ ചെറുമുഴുപ്പിൽ തെറിച്ചു നിൽക്കുന്ന മാർക്കുടങ്ങളിലേക്ക് എന്റെ നോട്ടം പോയതും പെണ്ണ് നാണംകൊണ്ട് എന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി..

www.kkstories.com

" മോളെ..... ഈ പെണ്ണ് ഇതെവിടെ പോയി... "

അകത്തുനിന്നുള്ള അമ്മയുടെ വിളികേട്ടതും അവൾ പെട്ടെന്ന് നെഞ്ചിൽ നിന്ന് മാറാൻ നോക്കി ഞാൻ വിടാതെ മുറുകെ പിടിച്ചു നിർത്തി

" മോനെ.... "

ബാത്റൂമിന്റെ വെളിയിൽ നിന്നുള്ള അമ്മയുടെ വിളി എനിക്ക് നേരെ വന്നപ്പോ അവളെ ഒന്നുടെ മുറുക്കി ആ വിളിക്കു വിളി കേട്ടു

" മോൻ അവളെ കണ്ടായിരുന്നോ .. "

എന്നൊരു ചോദ്യം വന്നപ്പോ എന്റെ നെഞ്ചിൽ പതുങ്ങികിടക്കണ പെണ്ണിനെ ഞാൻ നോക്കി ഇല്ലെന്ന് പറഞ്ഞു പെണ്ണ് ചുണ്ട് കടിച്ചമർത്തി പിടിച്ചു ചിരിക്കുണ്ട് ഞാൻ കണ്ണുരുട്ടിയപ്പോ ഒറ്റ കുത്ത് കവിളത്തു...

www.kkstories.com

" ഈ പെണ്ണിതു എവിടെ പോയതാ... "

എന്നും പറഞ്ഞു അമ്മ അകത്തേക്ക് കയറി പോകുന്ന ശബ്ദം കേട്ട് ഞങ്ങൾ പെട്ടെന്നു തന്നെ കുളിച്ചിറങ്ങി.

അവൾപ്പോയി കഴിഞ്ഞാണ് ഞാൻ ഇറങ്ങിയത് ഞാൻ റൂമിൽ എത്തിയപ്പോളേക്കും അവൾ ഡ്രസ്സ് എല്ലാം മാറി മുടി ചീകുകയായിരുന്നു

ഞാൻ അകത്തേക്ക് കേറി ഒരു ഡാർക്ക് ഷെഡ് ഗ്രീൻ ഷർട്ടും ഒരു കാവി കൈലിയും എടുത്തിട്ട് അവളുടെ കൂടെ നിന്ന് കണ്ണാടിക്ക് മുന്നിൽ മുടി ചീകിഒതുക്കി, അവളും ഒരു ഡാർക്ക് ബ്ലൂ ചുരുദാർ ആയിരുന്നു.

ഞാൻ അവളുടെ ചുരുദറിന് മുകളിലൂടെ ആ വയറിൽ ചുട്ടിപിടിച്ചു എന്നോടാടുപ്പിച്ചു, പെണ്ണ് തിരിഞ്ഞു നിന്ന് എന്റെ മുഖത്തേക്ക് നോക്കി നിൽപ്പാ

" ഉം.... ഡോർ അടച്ചിട്ടില്ല.. "

www.kkstories.com

എന്റെ നോട്ടം പന്തിയല്ല എന്ന് മനസിലായ അവൾ ചെറു കുറുമ്പോടെ കതകിലെക്കു കണ്ണുകൾ പെയിച്ചു അത് പറഞ്ഞപ്പോ ആ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി ഉണ്ടായിരുന്നു

" ശേ.... എന്നാ ഒരു ഉമ്മ മതി തത്കാലം "

ഞാൻ എന്റെ കവിളിൽ അവളുടെ ചുണ്ടോടാടുപ്പിച്ചതെ പെണ്ണ് ചിരിച്ചോണ്ട് എന്റെ കവിളിൽ അമർത്തിയോരുമ്മ

" ബാ നമ്മക്ക് അഞ്ചുന്റെ പഠിപ്പിന്റെ കാര്യം എല്ലാരോടും പറയണ്ടേ.... "

ഉമ്മ കിട്ടിയ സന്തോഷത്തിൽ തിരിഞ്ഞു നടന്ന ഞാൻ പെട്ടെന്നു തിരിഞ്ഞു നിന്ന് അവളോട് ഓർമിപ്പിച്ചപോലെ പറഞ്ഞതും പെണ്ണ് മുടിയൊക്കെ നിവർത്തിയിട്ട് നെറുകിൽ ചാർത്താൻ സിന്ദൂരം എടുത്തപ്പോളെ ഞാൻ അത് വാങ്ങി തൊടുവിച്ചു, അവൾ അത് ആഗ്രഹിച്ചന്നപ്പോലെ എന്റെ കവിളിൽ വീണ്ടും ഒരു മുത്തം തന്നു..

" ഇനി നിന്നാൽ വേറെ പലതും നടക്കും അതുകൊണ്ട് ബാ പോവാം... "

www.kkstories.com

അവളുടെ തോളിലൂടെ കൈയിട്ട് ചേർന്ന് നടന്നു ഞങ്ങൾ ഉമ്മറത്ത് എത്തി അഞ്ചു വെളിയിൽ തുക്കുവാണ് .

" മോളെ... ഒന്നിങ്ങു വന്നെടാ.. "

എന്ന് ഞാൻ വിളിച്ചതെ അവള് ചുലൊക്കെ താഴെയിട്ട് കൈ പാവാടയിൽ തൂത്ത് ഞങ്ങളുടെ അടുത്തേക്ക് വന്നു ഞങ്ങളുടെ നിൽപ്പ് ഒക്കെ കണ്ടിട്ട് പെണ്ണിന് ചിരിയൊക്കെ വരണുണ്ട്

" എന്തേട്ടാ... എന്തിനാ വിളിച്ചേ "

" എടി അത് നിനക്ക്... "

www.kkstories.com

ആമിയെ പറഞ്ഞ് മുഴുവപ്പിക്കാൻ സമ്മതിക്കാതെ ഞാൻ ഇടക്ക് കേറി വേലക്കിട്ടു

" അമ്മോയി.... അച്ചോ..... ഒന്നിങ്ങു വന്നേ..."

തല ചരിച്ചു അകത്തേക്ക് നീട്ടി വിളിച്ചതെ പെണ്ണുങ്ങൾ രണ്ടും ചിരിക്കാൻ തുടങ്ങി അതിന് കണ്ണുരുട്ടി പേടിപ്പിച്ചതെ അഞ്ചു ഒന്ന് പേടിച്ചു ഞാൻ ഒരു ചിരിയോടെ ഇടതു കൈ അവൾക് നേരെ നീട്ടിയതും പെണ്ണ് മടിച്ചു എന്റെ അരികിലായി വന്നു

" മോൻ വിളിച്ചോ..."

ഉമ്മറത്തേക്കു ഇറങ്ങി വന്നാ രണ്ടാളും ഞങ്ങളെ മാറി മാറി നോക്കി

" അതെ രണ്ടാളോടും ഒരു കാര്യം പറയാനാണ് വിളിച്ചേ... "

www.kkstories.com

എല്ലാരുടേം മുഖത്ത് ഞാൻ എന്താണ് പറയാൻ പോകുന്നത് എന്നുള്ള ഒരു അങ്കലാപ്പ് ഉണ്ട് ഇനി ഇവൻ വല്ല കിഡ്നി യും ചോദിക്കുമോ എന്ന് കരുതിക്കാണും

" ഇനി മുതൽ ആമിയും അഞ്ചുമോളും പഠിത്തം തുടരും... അതിന് നിങ്ങൾക് എന്തെങ്കിലും എതിർപ്പ് ഉണ്ടേലും സമ്മതിച്ചേ പറ്റു.. "

ഞാൻ ഒന്ന് നിർത്തി, എല്ലാരും വല്ലാത്തൊരു ഭാവത്തോടെ എന്നെ നോക്കി നിൽക്കുന്നു

" അഞ്ജന അല്ല ഒരു റിക്വസ്റ്റ് ആണെന്ന് കുട്ടിയാ മതി... "

" മോനെ അതിനൊക്കെ വലിയ കാശ് ആകില്ലേ "

" ആകും.. "

ഞാൻ അതെ രീതിയിൽ തന്നെ മറുപടി കൊടുത്തതും

www.kkstories.com

" അല്ല ഇത്രേം കാശ്ശൊക്കെ എവിടുന്ന്... "

ആ തല കുഞ്ഞിനു ആമിയുടെ കണ്ണുകൾ നനവ് വന്നപ്പോ എന്നെ ഒന്ന് നോക്കി

" എന്റെ അച്ഛാ.. ഇവരുടെ പഠിപ്പിന്റെ കാര്യം ഒന്നും ഓർത്ത് ആരും വിഷമിക്കണ്ട ഞാൻ നോക്കിക്കോളാം "

ഞാൻ അഞ്ചുനേ ഒന്നുടെ ചേർത്ത് പിടിച്ചു പാവം അത് കരയുവാണ്

" മോനെ.. മോനിപ്പോ ഞങ്ങളോടും എന്റെ കുഞ്ഞിനോടും കാണിക്കുന്ന സ്നേഹം അതിന് തന്നെ ഞങ്ങൾക് എന്ത് യോഗ്യത ഉണ്ടോന്നുപോലും ഞങ്ങൾക്കറിയില്ല . ആ വലിയ മനുഷ്യന്റെ കാരുണ്യത്തിൽ ആണ് ഞങ്ങൾക് ഇതെല്ലാം ഇതെല്ലാം..."

അവിടെ പിന്നെ കരച്ചിലിന്റെ പേമാരി ആയിരുന്നു.. മൈര് ആരെക്കിലും വിഷമിച്ചാൽ എനിക്കും സങ്കടാവും മനുഫെക്ചറിങ് ഡിഫുൾട് ആണ്..

www.kkstories.com

" ഒന്നും ഇനി പറയണ്ട അഞ്ചുന് നെക്സ്റ്റ് വീക്ക് തൊട്ട് ക്ലാസ്സ് തുടങ്ങും.. "

അവൾ എന്നെ മുറുക്കെ കെട്ടിപിടിച്ചു കരഞ്ഞു ഒരു പെങ്ങൾ ഇല്ലാത്ത എനിക്ക് ഒരു അനിയത്തികുട്ട്യേ കിട്ടിയതിന്റെ സന്തോഷത്തിൽ എന്റെ കണ്ണും നിറഞ്ഞു ഇതെല്ലാം നോക്കി നിറഞ്ഞു തുളുമ്പിയ ഉണ്ടാക്കണ്ണുകളിൽ എന്നോടുള്ള പ്രണയം കാണാനിക് കഴിഞ്ഞു

കുറച്ച് നേരം അഞ്ചുന്റെ കൂടെ എന്റെ ഫോണിൽ എന്തൊക്കെയോ കണ്ടുകൊണ്ടിരുന്നു അവൾ ഇപ്പോ ഫുൾ ടിം എന്റെ തോളിൽ തുങ്ങി നടപ്പാ, അച്ഛൻ വിളിച്ചപ്പോ ഫോൺ അവൾക് കൊടുത്ത് ഞാൻ അച്ഛന്റെ കൂടെ കവലയിലേക്ക് ഇറങ്ങി അവിടെ മുപ്പരുടെ കുറെ ഫ്രണ്ട്സ് ഒക്കെ ഉണ്ടായിരുന്നു അവർക്ക് എന്നെ പരിഞ്ചയപെടുത്തേണ്ട കാര്യം ഇല്ല വിശ്വനാഥൻറെ മകൻ എന്ന് എല്ലാർക്കും അറിയായിരുന്നു ഈ തന്ത ആളൊരു സംഭവം തന്നെ... കുറച്ചുനേരം സംസാരിച്ചിരുന്നിട്ട് ഉച്ച അടുകാറായപ്പോ ഞങ്ങൾ വീട്ടിലെക്ക് നടന്നു. വരുന്നവരവിലും ഞങ്ങൾ ഓരോന്ന് സംസാരിച്ചു പുള്ളിക് നല്ല പോസറ്റീവ് മൈൻഡ് ആണ്.ഫുൾ ഒൺ ഫുൾ പവർ,കുറച്ച് ഉണങ്ങി പോയെന്നെ ഉള്ളൂട്ടോ

വരുന്ന വഴിക് ഞങ്ങളുടെ തന്നെ സ്ഥലം കണ്ട് അവിടേം കേറി പണിക്കാർ ഒക്കെ എന്നെ നോക്കി ചിരിച്ചു.. ഞാനും. എന്തിനോ വേണ്ടി

അവിടുന്ന് തിരിച്ചു വരുന്ന വഴിക്ക് ഞങ്ങൾ രണ്ടു നാരങ്ങ വെള്ളോം കാച്ചി വീട്ടിലെക്ക് വെച്ചുപിടിച്ചു,വീട്ടിൽ എത്തിയപ്പോ ഒരു സദ്യ തന്നെ ഉണ്ടായിരുന്നു.. അതല്ല എന്റെ പെണ്ണിന്റെ മുഖം കടന്നല് കുത്തിയത് പോലെ ഉണ്ട് എന്നെ ഒന്ന് നോക്കുന്നുകൂടിയില്ല,കൈ കഴുകാൻ പോയപ്പോ പെണ്ണിന്റ ഇടുപ്പിൽ ഒരു നുള്ള് കൊടുത്തതിനു എന്നെ ഒന്ന് നോക്കി ദഹിപ്പിച്ചിട്ട് കൈയിൽ ഉണ്ടായിരുന്ന തോർത്തു എന്റെ കൈയിൽ തന്നിട്ട് ഒറ്റ പോക്ക്,ഇതിപ്പോ എന്താ സംഭവം എന്നോർത്തു ഞാൻ കഴിക്കാൻ ഇരുന്നപ്പോളും അവസ്ഥ മറിച്ചായിരുന്നില്ല. അഞ്ചു ഇതെല്ലാം കണ്ട് ചിരിക്കുണ്ട് എന്താണെന്ന് ചോദിച്ചപ്പോ പിന്നെ പറയാം എന്ന് പറഞ്ഞു അവൾ കഴിക്കാൻ തുടങ്ങി, എന്റെ അടുത്ത് നിന്ന് എല്ലാം വിളമ്പി തരുണ്ടങ്കിലും ഒന്ന് നോക്കുന്നുകൂടിയില്ല

കഴിച്ചു കഴിഞ്ഞു ഉമ്മറത്ത് പാ വിരിച്ചു ഇരിക്കുമ്പോ ദാ വരാണ് എന്റെ പുന്നാര അനിയത്തി, അവൾ വന്നു എന്റെ അടുത്തായി ഇരുന്നു എന്റെ ഫോണിൽ കളിച്ചോണ്ടിരിക്കുന്നു

" ഏട്ടാ... "

മുഖം ഫോണിൽ തന്നെ വെച്ചാണ് വിളി

" മ് എന്താടാ.. "

ഞാൻ കണ്ണടച്ചിരുന്ന ഇരുപ്പിൽ തന്നെ വിളിയും കേട്ടു

" ഏട്ടന് എത്ര മസിൽ ആ... "

www.kkstories.com

ഏഹ്... മസിലൊ ഇനി എന്നെ ഇറച്ചി വിലക്ക് തൂക്കി വിൽക്കാൻ പോവണോ ഈശ്വരാ ...

" എന്തോന്ന്.. "

ഞാൻ കണ്ണുതുറന്നു അവളെ നോക്കി അപ്പോ എന്റെ ഒരു ഫോട്ടോ അവൾ ഫോണിൽ കാണിച്ചു ഓ സിസ്പാകിന്റെ കാര്യവാ.. ഓ.

" അത് ഒരു ഇട്ടേണ്ണം ഉണ്ട് എന്നതാകാര്യം .. "

" ഏട്ടന് അവിടെ ഫാഷൻ മോഡൽ ആയിട്ടാണോ ജോലി... "

" അതേല്ലോ.. "

" എന്റെ ഒരു കൂട്ടുകാരി പറഞ്ഞായിരുന്നു ഏട്ടനെ ടീവിയിൽ കാണിച്ചെന്ന്.പക്ഷെ ഞാൻ കണ്ടിട്ടില്ല ."

www.kkstories.com

"അതിപ്പോയെന്താ ഞാൻ മോളുടെ അടുത്തില്ല ദേ കണ്ടോ..."

ഞാൻ അത് പറഞ്ഞു നേരെ ഇരുന്നപ്പോ പെണ്ണ് ചിരിക്കാൻ തുടങ്ങി

അപ്പോളാണ് എനിക്ക് വേറെ ഒരു കാര്യം ഓർമ്മ വന്നേ

" അല്ല നിന്റെ ചേച്ചി എന്തിനാ നുമ്പേ മുഖവും വീർപ്പിച്ചു നിന്നെ "

ഞാൻ എന്തോ ഓർത്തെന്ന പോലെ അവളോട് ചോദിച്ചപ്പോ പെണ്ണ് പറയാൻ തുടങ്ങി

ഞാൻ പോയപ്പോ ആമിയും അവളുടെ കൂടെ ഇരുന്നു എന്റെ ഫോണിൽ തോണ്ടാൻ തുടങ്ങി അപ്പോ അവൾ എന്റെ ഇൻസ്റ്റാഗ്രാം ഒൺ ചെയ്തു നോക്കി അതിൽ ബീച്ചിൽ ഞാൻ ഒരു പെണ്ണും ആയി പോസ് ചെയുന്ന ഒരു പിക് കണ്ടു അയിനാണ്. പിന്നെ മൊബൈൽ വാങ്ങി ഫുൾ നോക്കി പെൺപിള്ളേരുടെ കൂടെ ഉള്ള പിക്സ് എല്ലാം അഞ്ചുനേ കൊണ്ട് ഡിലീറ്റ് ആകുകയും ചെയ്തുന്നു പറഞ്ഞപ്പോ എന്റെ വാ പൊളിഞ്ഞു പോയി

" എന്നാലും പെൺപിളരുടെ കൂടെ ഇങ്ങനെ ഷർട്ട് ഒന്നും ഇല്ലാണ്ട് നിക്കണ നല്ലതല്ല കേട്ടല്ലോ.. "

www.kkstories.com

എന്റെ നിൽപ്പ് കണ്ട് ചിരിച്ചോണ്ട് നിന്ന അവൾ അതുടെ പറഞ്ഞപ്പോ ഞാൻ തല്ലാനായി കൈ ഓങ്ങിയതേ പെണ്ണ് ഒറ്റ ഓട്ടം.. നുമ്പേ പറഞ്ഞത് സത്യാ ഇവള് റബ്ബറിന് പാലാ കുടിക്കണേ..

ഓടി വെളിയിൽ ചാടിയപ്പോ ദേ വരാണ് ഒരുകൂട്ടം പട കോളേജ് ഒക്കെ ഉണ്ടോ ഇവിടെ

" ഹാ ഡി അഞ്ചു... "

അതിലൊരുത്തി അഞ്ചുനേ കൈ പൊക്കി കാണിച്ചപ്പോ ഞാൻ അവളുടെ അടുത്തെത്തിതിരുന്നു

" ഇതാരാ ."

അതിലൊരു കൊച്ച് അഞ്ജുനോട് ചോദിച്ചപ്പോ ഞാൻ പറയാൻ വന്നത് കണ്ടപോളെ പെണ്ണ് ചാടികേറി

" കസിൻ ആണ്... വലിയ ഫാഷൻ മോഡൽ ആണെന്നെ എറണാകുളത്തു.. "

www.kkstories.com

തലചാരിച്ചു എന്നെ ഒന്ന് കണ്ണിറുക്കി കാട്ടി അത് പറഞ്ഞപ്പോ ഞാൻ ചിരിച്ചോണ്ട് എല്ലാർക്കും ഒരു ഹായ് കൊടുത്ത്

" അത് കണ്ടാലും തോന്നും "

എന്നെ മൊത്തത്തിൽ ഒന്നുഴിഞ്ഞു നോക്കി അതിലൊരുത്തി പറഞ്ഞപ്പോ.. ഇവൾ ഇനിയെന്നെ ആക്കിയതാണോ എന്ന് തോന്നിപ്പോയി കണ്ടാൽ മനസ്സിലാകുന്ന വേറെ പലതും ഉണ്ടെടി ന്ന് പറയാൻ വന്നതാ പിന്നെ കൊച്ച് നില്കുന്നത് കൊണ്ട് വേണ്ടെന്ന് വെച്ച് , അത് മനസിലാക്കിയ അഞ്ചു ചിരിക്കുണ്ട്

" അല്ല ഈ ചേട്ടനെ ഞാൻ കണ്ടിട്ടുണ്ട്.. എവിടെയാണെന്ന് ഒര്കാണില്ല "

അതിലൊരുത്തി നെറ്റിയിൽ കൈവെച്ചു പറയുന്നത് കേട്ട് അഞ്ചു കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് പിന്നെ പെൺപിള്ളാര് കോഴികൾ ആണെന്ന് പിന്നീട് അങ്ങോട്ട് എനിക്ക് മനസിലായി

" നിങ്ങൾ ഒക്കെ അഞ്ചുന്റെ കൂടെ പഠിച്ചവരാണോ .. "

www.kkstories.com

" അതെ പക്ഷെ ഇവൾ ഇപ്പോ ക്ലാസിൽ ഒന്നും വരണില്ല "

ഒരു വിഷമം പറയുന്നത് പോലെയാണ് അവര് പറയുന്നത്

" അഹ് ഇനി നെക്സ്റ്റ് വീക്ക് തൊട്ട് വരും ഇവള്.. കേട്ടോ "

അതിന് അവർക്ക് എല്ലാർക്കും സന്തോഷം ആയെന്ന് എനിക്ക് മനസിലായി പിന്നെ

" ചേച്ചി എവിടെ... അല്ല നിന്റെ ചേച്ചിടെ കല്യാണം കഴിഞ്ഞിട്ട് എങ്ങോട്ടേങ്ങും വന്നില്ലേ "

വീട്ടിലെക്ക് എത്തിനോക്കി കുട്ടത്തിൽ ഒരുത്തി പറഞ്ഞപ്പോ അഞ്ചു എന്നെയൊന്ന് നോക്കി

www.kkstories.com

" അവൾ കല്യാണം കഴിഞ്ഞു പിന്നെ വന്നില്ല.. ഇനി ഇപ്പോ എന്നാണാവോ... "

ഞാൻ ആരോടെന്നില്ലാതെ പറഞ്ഞതും അഞ്ചു ഒറ്റ ചിരി

" നി എന്തിനാ ചിരിക്കണേ... അടിപൊളി ഒരു ചേട്ടനാണെന്നാണ് വീട്ടിൽ എല്ലാരും പറയണ കേട്ടെ രണ്ടുപേരും നല്ല ചേർച്ച ഉണ്ടെന്നും പറഞ്ഞല്ലോ "

അങ്ങനെ പറഞ്ഞപ്പോ ഞാൻ ഒന്ന് പൊങ്ങി, ഞനോ അടിപൊളിയോ എനിച്ചു വയ്യാ.

" അല്ല ചേട്ടനെ കുറിച്ച് ഒന്നും പറഞ്ഞില്ലാലോ... "

പിന്നെ കുറച്ചുമുന്നേ എന്നെ കുറിച്ച് പറഞ്ഞത് നിന്റെ തന്തയാണല്ലോ എന്ന് ചോദിക്കാൻ നാവ് തരിച്ചതാ പിന്നെ വേണ്ടെന്നു വെച്ച്

" അങ്ങനെ ഒന്നും ഇല്ല ഫാഷൻ മേഖലയിൽ ആണ് ജോലി.. ഇടക്ക് നാട്ടിൽ വരും അങ്ങനെ അങ്ങനെ "

www.kkstories.com

" അപ്പൊ ഗേൾഫ്രണ്ട്സ് ഒന്നും ഇല്ലേ "

എനിക്ക് രണ്ടാമതൊന്നു ചിന്തിക്കണ്ട വന്നില്ല

" ഏയ്യ് എനിക്കോ.... നെവർ ഐ സ്റ്റിൽ സിംഗിൾ "

എന്നും ഒരു ചിരിയോടെ പറഞ്ഞ് തീരലും അഞ്ചുനേ നോക്കിയ ഞാൻ കാണുന്നത് പുറകിലേക്ക് നോക്കി പെട്ടെല്ലോ ഈശ്വര എന്നാ മുഖത്തോടെ നിൽക്കുന്ന അഞ്ജുവിനെയാണ്

അമ്മേ.... ആമി

" ഹാ ചേച്ചി ഇവിടെ ഉണ്ടായിരുന്നോ... ഇവര് പറഞ്ഞ് കല്യാണം കഴിഞ്ഞു ഇങ്ങോട്ടേക്ക് വന്നില്ലെന്ന്.. "

www.kkstories.com

അഹ് തൃപ്തി ആയി ഇവൾക്ക് കാര്യം തിരക്കിയാൽ പോരെ അത് എന്തിനാ ഞങ്ങളുടെ തലേൽ ഇടുന്നെ , ഞാൻ അഞ്ചുനേ നോക്കി പെട്ടല്ലോ എന്ന് കണ്ണുകൊണ്ട് കാണിച്ചു അവിടേം ഇതേ അവസ്ഥ

" ആര് ഇവര് പറഞ്ഞോ നിങ്ങളോട്.... വേറെ എന്താ പറഞ്ഞെ "

ഇപ്പോ പോയ അടുത്ത ബസിനു വീട് പിടിക്കാം ഇല്ലേൽ നേരെ പരലോകത്തേക്ക് ടിക്കറ്റ് ഇവളെടുത്തു തരും

" ചേച്ചിക്ക് കല്യാണം കഴിഞ്ഞു പോയപ്പോ ഭയങ്കര മാറ്റവാണെന്നു പിന്നെ പിന്നെ അഹ് ഈ ചേട്ടൻ നിങ്ങളുടെ കസിൻ ആണെന്നും സിംഗിൾ ആണെന്നും ഒക്കെ അല്ലേട്ടാ... "

ഒക്കെ ബൈ.....!! അവസാനം പറഞ്ഞപ്പോ എന്നെ നോക്കി അവൾ ഒരു കള്ളച്ചിരി ചിരിച്ചു അത് കണ്ടപ്പോ ഇപ്പൊ കാലൻ വിളിച്ചാൽ പൊത്തിനുള്ള പോച്ചയും പറിച്ചുകൊടുത്തു മൂപരുടെ കൂടെ പോകാം എന്നൊരു പ്ലാനിൽ ആയിരുന്നു ആ സമയം ഞാൻ,

അവളുടെ ചിരിയുടെ അർത്ഥം മനസിലായ ആമി എന്നെ ഒന്ന് നോക്കി ദഹിപ്പിച്ചിട്ട് അഞ്ചുനേ പിടിച്ചു മുന്നിൽ നിർത്തി

www.kkstories.com

" ഇത് നിന്റെ ആരാ....? "

എന്നെ ചൂണ്ടി കാണിച്ചു ആമി അത് ചോദിച്ചപ്പോ അഞ്ചു നിന്ന് വിയർത്തു

" ചോദിച്ചത് കെട്ടില്ലെടി ആരാണെന്ന് "

അവിടെ നിന്ന എല്ലാരും ഒന്ന് ഞെട്ടി എന്തിന് ഞാൻ വരെ ഇവൾക്ക് ഇങ്ങനേം ഒരു മുഖം ഉണ്ടായിരുന്നോ..ഈശ്വര മൂർഖനെയാണല്ലോ ചവിട്ടിയത്

" ഏട്ടൻ "

" മ് "

www.kkstories.com

" ഇങ്ങേര് എന്റെ ആരാ...? "

അടുത്ത ചോദ്യം..,ചോദ്യങ്ങൾക്ക് മേലെ ചോദ്യം ഇവളാര് ജോൺ ബ്രിട്ടസോ..

" ചേച്ചിടെ ഭർത്താവ് "

തലകുനിച്ചു നിന്ന് എല്ലാരേം പാളി നോക്കി അത് പറഞ്ഞപ്പോ എല്ലാരും ഒന്ന് ഞെട്ടി പിന്നെ അത് ഒരുമാതിരി കളിയാക്കൽ ആയി. നാണമുണ്ടൂടാ മൈരേ എന്നൊരു ഭാവം.എന്നാൽ

അതിൽ ഒരു മുഖത്ത് വിഷമം ഞാൻ കണ്ട് പക്ഷെ സന്ദർഫം ശെരിയല്ലാത്തത് കൊണ്ടും എന്റെ പെമ്പറന്നോതിയുടെ മൂഡ് ശെരിയല്ലാത്തതു കൊണ്ടും ഞാൻ ഒന്നും മിണ്ടില്ല..

എന്നാൽ ആ മുഖഭാവം കാണേണ്ടവർ കണ്ടെന്നു എന്നെ നോക്കുന്ന നോട്ടത്തിൽ നിന്നെനിക്കു മനസിലായി..

" നിങ്ങള് എന്നാ ചെല്ല് എനിക്ക് കുറച്ച് പണിയുണ്ട്... രണ്ടാളും അകത്തേക്ക് വട്ടോ... "

അതിൽ ഒരു ഭീഷണി ഇല്ലേ. ദൈവമേ ഇന്നങ്ങോട്ട് എല്ലാം മിന്നിച്ചു തൊടങ്ങിയെ ഉള്ളു അതിന് മുന്നെ ഷട്ടർ ഇടുവോ...

www.kkstories.com

അവളുടെ വാക്ക് കേട്ട് തിരിച്ചു നടന്ന കുട്ടത്തിൽ രണ്ട് കണ്ണുകൾ എന്നെ ഒന്ന് നോക്കി ഞാൻ ഒരു അളിഞ്ഞ ചിരി കൊടുത്തു അതും ഒന്ന് ചിരിച്ചു

" കണ്ട പെണ്ണുങ്ങളെ നോക്കി നില്കാതെ കേറി പോ മനുഷ്യാ... "

എന്റെയും അവളുടെയും നോട്ടം കണ്ടപ്പോ പെണ്ണിന് വലിഞ്ഞു കേറി

" ഞാൻ വരുല്ല.. "

ഞാൻ വെളിയിൽ നിന്നുകൊണ്ട് തന്നെ കുറച്ച് ചിണുങ്ങി

" കേറുന്നതാ നിങ്ങൾക് നല്ലേ ഇല്ലേൽഞാൻ വടി എടുക്കും "

അടുത്തുള്ള മുല്ലയുടെ ചെടികരികിലേക്ക് ചെന്നു ഒരു കമ്പോടിച്ചു ഇല കളഞ്ഞു എന്റെ നേരെ നിൽക്കുന്ന പെണ്ണിനെ ഞാൻ ഒന്ന് നോക്കി അഞ്ചു അവളുടെ പുറകിൽ നിന്ന് വാ പൊത്തി ചൊരിക്കുന്നുണ്ട് എന്നെ ഈ അവസ്ഥയിൽ അക്കിട്ട് ചിരിക്കുന്നത് കണ്ടില്ലേ കുട്ടിപിശാശ്

ഇനിയിവൾ എല്ലാരുടേം മുന്നിലിട്ട് തല്ലുവോ.. ഈശ്വര എന്റെ ഫോളോവെർസ് കണ്ടാൽ എന്റെ സ്ഥിതി എന്തായിരിക്കും

www.kkstories.com

" നി വടി കള എന്നാ ഞാൻ വരാം... "

ഞാൻ ഒന്ന് ചുറ്റും നോക്കി ആളുകൾ കുറച്ചുപേർ നോക്കുണ്ട് അതോടെ അകത്തേക്ക് കേറി കിട്ടാനുള്ളത് വാങ്ങിക്കം എന്ന് ഞാനും കരുതി വെറുതെ എന്തിനാ നാട്ടുകാരെ കൊണ്ട് പറയിപ്പിക്കണേ

" അത് വേണ്ട നിങ്ങള് കേറ് എന്നിട്ട് ഞാൻ വടി കളയാം.. "

" ആമി ആളുകൾ എല്ലാം നോക്കുന്നുണ്ട്.. ഞാൻ നിന്റെ ഭർത്താവാണ് അത് നി മറക്കരുത്.. പ്ലീസ് ഞാൻ വരാം അടിക്കരുത്. വടികളയെടി "

ഞാൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു മുന്നോട്ട് നടന്നതെ

www.kkstories.com

" എടി നീ ഇതെന്തോന്നാ കാണിക്കുന്നേ.. ചെറുക്കനെ അകത്തേക്ക് കേറ്റാൻ "

പുറകിൽ നിന്ന് അമ്മ ചിരിയോടെ അവളുടെ കൈയിൽ നിന്ന് വടി വാങ്ങാൻ നോക്കി പറഞ്ഞു

" ശെരി ഞാൻ തല്ലില്ല കേറി വരാൻ പറ... "

എന്നും പറഞ്ഞു അവൾ തിരിഞ്ഞു നിന്ന്, അമ്മ എന്നോട് കേറിക്കോ എന്ന് ആഗ്യം കാട്ടിയപ്പോ ഞാൻ ഉളിലേക്ക് ഓടി, അവളുടെ അടുത്തെത്തിയതും

ആഹ്ഹ് .... ഒറ്റയടി ചന്തിക്കെട്ട് ചന്തിയും തിരുമ്മി ഒറ്റ ഓട്ടം അത് കണ്ട് എല്ലാരും ഒന്ന് ചിരിച്ചു പിന്നെ വെളിയിൽ അഞ്ചുന്റെ നേരെ എന്തൊക്കയോ പറയുന്ന കേട്ട്,, ആ യുദ്ധവും കഴിഞ്ഞു അകത്തേക്ക് കേറിയാതെ

" ശ്രീങ്കരിക്കാൻ പോയിരിക്കുന്നു..അല്ലേലും എന്നെ കെട്ടിയത് ഇഷ്ടണ്ടായിട്ടൊന്നും അല്ലലോ.. നമ്മള് പാവപെട്ടവരല്ലേ നാളെ എന്നെ ഇട്ടേച്ചു പോകാതില്ലെന്ന് ആര് കണ്ടു .. "

www.kkstories.com

പെണ്ണ് കലിച്ചുതുള്ളി നിൽകുവാ ലാസ്റ്റ് പറഞ്ഞത് എനിക്ക് നന്നായി തന്നെ കൊണ്ട്

" ഇനി ഇത്പോലെ എന്തേലും നിന്റെ വായിൽ നിന്ന് വന്നാ പിന്നെ പറയാൻ നി ഉണ്ടാവില്ല... "

എന്റെ ഇതുവരെ കാണാത്ത ഭാവം കണ്ട് പേടിച്ച പെണ്ണ് ഓടി എന്നെ കെട്ടിപിടിച്ചു ഞാൻ തിരിച്ചു പിടിക്കാനോ സമാധാനിപ്പിക്കാനോ ശ്രമിച്ചില്ല

" എനിക്ക്.. നിക്ക് പേടിയാ എന്നെ ഇട്ടിട്ട് പോവോന്നു, എന്റയാ ആർക്കും കൊടുക്കൂല ഞാൻ.. "

ബോധം ഇല്ലാതെ പുലമ്പുന്ന അവളെ ചേർത്ത് പിടിക്കാനേ ആയുള്ളൂ എനിക്ക്, ഞാൻ അവളെ ഉപേക്ഷിച്ചു വേറെ പോകുമോ എന്നുള്ള പേടിയാണ് പാവത്തിന്

" ഞാൻ നിന്നെ വിട്ട് പോകണം എങ്കിൽ എന്റെ ജീവന്റെ തുടിപ്പ് നിലയ്ക്കണം, അങ്ങനെയല്ലാതെ അതുണ്ടാവില്ല ആമി."

www.kkstories.com

മറുപടി ഒന്നും പറയാതെ കുറെ നേരം എന്റെ നെഞ്ചിൽ കിടന്ന് കരഞ്ഞു, ഞാൻ എതിർക്കാനും പോയില്ലാ.

പെട്ടെന്ന് എന്തോ ഓർത്തെന്നപോലെ നെഞ്ചിൽ നിന്ന് ചാടി എണ്ണിറ്റ്

" നിങ്ങള് കണ്ട പെണ്ണുങ്ങളുടെ കൂടെ ഷർട്ട് ഇല്ലാണ്ട് ഫോട്ടോ എടുക്കും അല്ലെ... "

എന്റെ നെഞ്ചിൽ പൊതിരെ തല്ലുന്ന കുട്ടത്തിൽ വേറെ എന്തൊക്കയോ പറയുന്നും ഉണ്ട്.

" എടി അത് എന്റെ ജോലി യല്ലേ... "

" എന്ത് കണ്ടപ്പെണ്ണുങ്ങളുടെ കൂടെ തുണില്ലാണ്ട് നില്കുന്നതോ.. അതോ ആ പെണ്ണൊക്കെ ഇട്ടേക്കുന്നത് കണ്ടാൽ ഹോ പറയാൻ കൂടെ വയ്യാ..."

നക്കൊക്കെ പുറത്തേക്ക് ചാടിച്ചു ശർദിക്കുന്ന ഒരു പോസും തന്നു പെണ്ണ് അത് പറഞ്ഞപ്പോ ഞാൻ ചിരിച്ചു പോയി...

" ഡോ പരട്ട കെളവാ... എവിടെ തന്റെ പുന്നാര മരുമോൻ ഏഹ്... അകത്തു ഒളുപ്പിച്ചേക്കുവാന്നൊ ഞാൻ വന്നേനും കരുതി... ഇറക്കി വിടെടോ... "

www.kkstories.com

ഏതോ ഒരു ശബ്ദം പുറത്തുനിന്നു കേൾക്കാം. ആമി പെട്ടെന്നു ഞെട്ടി എന്നിൽ നിന്ന് മാറി

" ഏട്ടാ പോയി ഡ്രസ്സ് മറു ഞാൻ ഞാൻ.ഞാനിപ്പോ വരാം ഞാൻ വന്നിട്ട് പുറത്തേക്ക് പോയാമതി. "

അതും പറഞ്ഞവൾ വെളിയിലേക്ക് ഇറങ്ങി. ഞാൻ ഡ്രസ്സ് മാറ്റാനായി ഒരു വൈറ്റ് ടി ഷർട്ട് എടുത്തിട്ട്, അപ്പോളേക്കും

" ഓ തമ്പുരാട്ടി ഉണ്ടായിരുന്നോ ഇവിടെ.. എവിടെടി നിന്റെ മറ്റവൻ.. ഇറക്കി വിടെടി അവനെ "

" സതീശാ നി ഇപ്പോ പോ.. മോൻ അകത്തുണ്ട് ദയവു ചെയ്തു ഒന്ന് പോ .."

www.kkstories.com

അച്ഛന്റെ പേടിയോടുകുടിയ സ്വരം. ഈ പേര് ഞാൻ എവിടോ സതീശൻ....?

"ഓ... ഒരു മോൻ അവനുംകൂടെ കേൾക്കാനായിയാണ് പറയുന്നേ..ഇവളെ എന്റെ പെണ്ണാ എന്റെ... വടി ഇവിടെ...."

"എന്റെ പെണ്ണോ.... ച്ചി കൈയെടുക്കെടാ.."

എന്തോ കാര്യമായ സംഭവം ആണെന്ന് മനസിലായതോടെ ഞാൻ വെളിയിലേക്ക് ഇറങ്ങി, കാണുന്നത് എന്റെ പെണ്ണിന്റെ കൈയിൽ പിടിച്ചു വലിക്കുന്ന ഒരുത്തനെയാണ് കുടിച്ചിട്ടുണ്ടെന്ന് അവനെ കണ്ടാൽ തന്നെ അറിയാം

" നീ ആരെ കണ്ടാടി ചാടുന്നെ ഏഹ്...ആ കൊന്തനെയോ... അവനോട് പോകാൻ പറഞ്ഞിട്ട് എന്റെ കൂടെ വാ ഞാൻ നിന്നെ നോക്കിക്കോളാം.. "

എന്ന് പറഞ്ഞതെ ഓർമ്മയുള്ളു അവന് മുന്നിൽ നിന്ന അച്ഛനെ മാറ്റി എന്റെ വളത്തുകാൽ അവന്റെ നെഞ്ചിൽ പതിഞ്ഞത് നിമിഷനേരം കൊണ്ടാണ് അവന്റെ പിടി അവളുടെ കൈയിൽ ആയതിനാലും അവൾ ഒന്ന് വെച്ചുപോയി ഞാൻ അവളെ പെട്ടെന്നു തന്നെ എന്നോടടുപ്പിച്ചു

www.kkstories.com

അവൻ കിടന്നിടത്തുനിന്ന് ചാടി എന്നിറ്റ് എടാ... എന്ന് വിളിച്ചതെ ഉള്ളൂ എന്നെ കണ്ട് അവൻ ഒന്ന് ഭയന്നു എല്ലാരേം മാറി മാറി നോക്കി .. അവനെ വെക്തമായി കണ്ടതെ എന്റെ മുഖത്ത് ഒരു ക്രൂരച്ചിരി ഉണ്ടായിരുന്നപ്പോ... എല്ലാരും ഞങ്ങളെ നോക്കി അത്ഭുതത്തോടെ നിൽക്കുന്നു.

" അർജുൻ സർ.... "

അവന്റെ വായിൽ നിന്ന് വീണ എന്റെ പേര് അവിടെ ഉള്ളവരെ എല്ലാം സംശയത്തിന്റെ മുൻ മുനയിൽ നിർത്തി

സെക്കന്റ് പാർട്ട് ഒന്ന് റിവയിസ് ചെയുന്നത് നല്ലതായിരിക്കും...

വൺസ് എഗൈൻ ലവ് യു ഗുയ്സ്...

" അർജുൻ സാർ... സാർ സാറെന്താ ഇവിടെ..?? "

എന്നെ അവിടെക്കണ്ട വെപ്രാളത്തിൽ അവൻ ഒന്ന് വിയർത്തു ശേഷം...

www.kkstories.com

" സാറാണോ ഇവളെ... അല്ല അനാമിക മോളെ വിവാഹം ചെയ്തേ... "

എന്നും കൂടെ കുട്ടിച്ചേർത്തതും അവിടെ നിന്നവർ എല്ലാം മിഴിച്ചു ഞങ്ങളെ നോക്കി.. കാരണം സ്വഭാവികം, ഒന്ന് എന്നെ കണ്ട് അവൻ എന്തിന് ഭയന്നു രണ്ട് വഴിയെ കൂടെ പോലും സംസ്കാരം ന്നൊരു വാക്ക് കടന്നുപോകാത്ത അവന്റെ വായിൽനിന്ന് ഇങ്ങനെ കേട്ടതിൽ ഉള്ള അമ്പരപ്പ് രണ്ട്

അവന്റ അമ്മേടെ ഒരു എളിമ.. ഇപ്പോളത്തെ പിള്ളേർ കണ്ട് പഠിക്കുകെ ചെയ്യരുതാത്ത ഒരു ജന്മമാണ് ഇവൻ.. പത്തു തന്തയാ ഇവന് തനി തന്തയില്ലാത്തവൻ.. എന്നൊക്കെ വേണേൽ വിശേഷിപ്പികാം..

" ഇവനെന്താ ഇവിടെ..! "

അവന്റെ ചോദ്യങ്ങൾ പാടെ പുച്ഛിച്ചു എന്ന് ഞാൻ തിരിഞ്ഞ് എല്ലാരോടും ചോദിക്കുമ്പോ ഉടനെ

" അത് ഞാൻ പറയാം സാർ.. ഞാൻ ഇവരുടെ ഒരു ബന്ധുവാ..അല്ലെ അമ്മവാ.. "

എന്നും പറഞ്ഞു അച്ഛനെ നോക്കിയപ്പോ

oപ്പേ..

www.kkstories.com

ഒന്നങ്ങിട് പൊട്ടിച്ചു എന്തിനാണ് എന്നല്ലേ.. പറയാം..

അവൾ എന്റെ തോളിൽ തട്ടിവിളിച്ചിലായിരുന്നു എങ്കിൽ ചിലപ്പോ ഞാൻ ആ ഒരു അവസ്ഥായിലേക്ക് ചെക്കറുമായിരുന്നു... ഞാൻ ഒന്നും മിണ്ടിയില്ല പതിയെ അവളുടെ മടിയിൽ കിടന്നു കാലുകൾ നീട്ടി ആ സ്റ്റീൽ ബെഞ്ചിൽ കിടക്കുമ്പോൾ ആശ്വാസത്തിനെന്ന്നോണം അവളുടെ കൈകൾ എന്റെ തലയിലൂടെ തലോടുണ്ടായിരുന്നു... അപ്പോളാണ് എന്റെ ഫോൺ പിനേം അടിച്ചത് മാഗിയാണ് അറ്റൻഡ് ചെയ്തത് എന്തൊക്കെയോ പറഞ്ഞു എനിക്ക് ഒന്നും കേൾക്കാൻ കഴിയുന്നില്ല ഒരു മൂളക്കം മാത്രം

©©©

അങ്ങനെ സമയം ആർക്കും വേണ്ടി കാത്തിരിക്കില്ല എന്ന് പറയുന്നപോലെ ആർക്കോവേണ്ടി ക്ലോക്കിന്റെ സൂചികൾ മത്സരിച്ചു ഓടി.., നങ്ങൾക്കരികിലൂടെ കടന്നുപോകുന്നവർ ഞങ്ങളെ നോക്കുന്നത് ഞാൻ കാണുണ്ടായിരുന്നു, കാരണം കണ്ണുകൾ അടക്കാൻ വയ്യാ അടച്ചാൽ കാണുന്നത് ചോരയിൽ കിടക്കുന്ന എന്റെ ആമിയെയാണ്..

"" പോട്ടെടാ അന്നേരത്തെ ആ ഒരു വിഷമത്തിൽ പറ്റിപോയതാ.കുറച്ച് മുന്നെ വരെ എന്റെ കൂടെ ഉണ്ടായിരുന്ന നിനക്കും അവൾക്കും ആക്സിഡന്റ് ആയെന്നറിഞ്ഞപ്പോ സഹിക്കാൻ പറ്റില്ല ... നീ വിളിച്ചു പറഞ്ഞപ്പോ എന്റെ ജീവൻ പോണ പൊലയായിരുന്നു, അതാ ഞാൻ അങ്ങനെ.. സോറിഡാ..""

www.kkstories.com

എന്റെ നെറ്റിയിൽ തലോടി എന്നെ അശ്വസിപ്പിക്കുന്ന അവളുടെ കൈ ചേർത്ത് പിടിച്ചു കിടന്നു. അടിച്ചു കരണം പൊട്ടിച്ചിട്ട് പരനാറി പറയുന്നത് കേട്ടില്ലേ... ഏതായാലും സമയം ശെരിയല്ല മിണ്ടാതെ കിടക്കാം

ഇടക്ക് അവൾക്ക് ഫോൺ വരുന്നുണ്ടായിരുന്നത് ഞാൻ അറിഞ്ഞു, എങ്ങോട്ടോ ഉള്ള വഴിഒക്കെ. അറിയില്ല ഒന്നും കേൾക്കാൻ ഉള്ള അവസ്ഥയല്ല എനിക്ക്,, ഇനി ഇവൾ എന്നെ പോലീസിൽ പിടിച്ച് കൊടുക്കാൻ ഉള്ള പ്ലാൻ വല്ലതും... ഏഹ്ഹ്..

, കണ്ണുകൾ ഒന്നടഞ്ഞു ഇരുട്ടിൽ ആമിയുടെ മുഖം മാത്രമായി അവൾ എന്നോട് എന്തോ പറയാൻ അടുത്തേക്ക് വരുന്നുണ്ട് എന്നാൽ ആ നിമിഷം എന്നെ ആരോ വിളിച്ചു കണ്ണുകൾ തുറന്നപ്പോ മാഗിയാണ്, ഞാൻ ഒന്നുടെ അവളെ നോക്കി.

"" എടാ ആമിക്ക് ബോധം വീണ്... നിന്നെ തിരക്കുന്നെന്ന്.. ദേ അവള് അകത്ത് കിടന്ന് ബഹളം വൈകുന്നെന്ന്... ""

"" അതെ നീ അവളുടെ മുന്നിൽ നിന്ന് കരയാൻ ഒന്നും നിൽക്കണ്ട അത് ചിലപ്പോ പെണ്ണിന് സഹിച്ചെന്ന് വരില്ല.. ""

കേറുന്നതിനു മുന്നായി അതുടെ പറഞ്ഞെല്പിച്ചവൾ പുറത്ത് നിന്ന് . അവളുടെ മുഖത്തും സന്തോഷത്തിന്റെ നീഴ്ഉറവകൾ കണ്ടപ്പോ ഞാൻ ഒന്ന് ചിരിച്ചു കാരണം എന്റെ ജീവന് ഒന്നും പറ്റില്ലോ കണ്ണുതുറന്നല്ലോ. ഞാൻ അകത്തേക്ക് നടന്നു നീല ബെഡ്ഷീറ്റു കൊണ്ട് പുതച്ചു കിടക്കുന്ന അവളെ ഞാൻ ഒന്ന് നോക്കി പെണ്ണ് കരഞ്ഞു ബഹളം വെച്ചെന്ന് പറഞ്ഞത് ഉള്ളതാ മുഖത്തെല്ലാം ഉണങ്ങിയ കണ്ണീറിന്റെ പാടുകൾ കാണാം ഞാൻ അവളുടെ അടുത്തേക്ക് ഇരുന്നു

സൂചി കൊണ്ട് മുറിവേൽപ്പിച്ച കൈകളിൽ ഞാൻ മൃദുലമായി തലോടി, ചെറിയ ഒരു ഞരുക്കത്തോടെ അവൾ കണ്ണുകൾ തുറന്നു എന്നെ കണ്ടതും പെണ്ണ് ആകെ അലമ്പാക്കി കരഞ്ഞു കരഞ്ഞു ഒരു പരുവമാക്കി..

"" ഏട്ടന് ഒന്നും പറ്റില്ലലോ... ""

അവൾ വലതുകയ്യൽ എന്റെ നെറ്റിയിലെ മുറിവിൽ കൈ വച്ച്,, അപ്പോളും ആ കണ്ണുകൾ ഈറനണിയുണ്ട്

"" നിനക്കും ഒന്നും പറ്റില്ല ല്ലേ... ""

www.kkstories.com

എന്ന് തിരിച്ചു ചോദിച്ചപ്പോ പെണ്ണ് ചിരിച്ചുകൊണ്ട്

"" ദേ... നോക്കിയേ നിക്കൊരു കുഴപ്പോം ഇല്ലന്നെ.. എനിക്ക് ഏട്ടന് വല്ലോ പറ്റിയൊന്നായിരുന്നു പേടി. ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു എന്നെ എടുത്തിട്ട് ഏട്ടന് ഒന്നും വരുത്തരുതെന്ന്... """

അത് കേട്ട് മനസ്സൊന്നു പിടഞ്ഞെങ്കിലും, ഉറപ്പൊട്ടിവന്ന കണ്ണീരിനെ പിടിച്ച് നിർത്തുമ്പോൾ എന്റെ ഉള്ളിൽ വല്ലാത്ത സന്തോഷവും നിറഞ്ഞിരുന്നു.. എന്നെ ഇത്രെയേറെ സ്നേഹിക്കുന്നവൾ ആണല്ലോ എന്റെ പെണ്ണ് , ഞാൻ അത് കാര്യമാക്കാതെ തന്നെ അവളെ ഒന്ന് ഓൺ ആക്കാൻ തന്നെ തീരുമാനിച്ചു.. കുറച്ച് തറ ആകാൻ തന്നെ.. എനിക്ക് അതിനു വലിയ പാടില്ല.

www.kkstories.com

"" ശേ.. ഞാൻ കരുതി നിനക്ക് വല്ലതും പറ്റി ക്കാണുന്ന്.. എല്ലാം കൊളവാക്കി """

ഇതിയിപ്പോ എന്താ ഇങ്ങനെ പറയണേയെന്ന് ചോദിച്ച പെണ്ണിനോട് ഞാൻ തുടർന്ന്

www.kkstories.com

"" നിനക്ക് വെല്ലോം പറ്റിയിരുന്നേൽ വേറെ കൊച്ചിനേം കെട്ടി സുഖമായിട്ട് ജീവിക്കാന്നു കരുതിയതാ എല്ലാം നശിപ്പിച്ചില്ലേ.. സമാധാനമായില്ലേ.. """

എന്ന് പറഞ്ഞു മുഖം തിരിച്ചതും പെണ്ണ് എടാ ദുഷ്ടന്നും പറഞ്ഞു വലത്തേ കൈയാൽ എന്നെ എന്തെലാം ചെയ്യാമോ അതെല്ലാം ചെയ്യാൻ തുടങ്ങി,, കൂടെ അവളുടെ ആരെയും കൊതിപ്പിക്കുന്ന കുണുങ്ങി ചിരിയും,

"" ഹാ.. എന്തോന്നാ ഈ കാണിക്കുന്നേ ശരിരീം അനക്കാൻ പാടില്ലെന്ന് അറിയാവുന്നതല്ലേ. ""

www.kkstories.com

ഞങ്ങളുടെ അടിപിടി കണ്ടങ്ങോട്ടേക്ക് വന്ന നേഴ്സ് കൊച്ച് പറഞ്ഞതും.

"" വല്ല ബോധം കെടുത്താനുള്ള മരുന്നും കുത്തിവെച്ചു കൊട് സിസ്റ്ററെ... മനുഷ്യന്റെ ഒന്നര കിലോ ഇറച്ചിയാ അവള് പറിച്ചെടുത്തെ... ""

പിച്ചു കിട്ടിയ കൈയും തടവി അവളെ നോക്കി കോക്കിരി കാണിച്ചു ഞാൻ അത് പറയുമ്പോൾ പെണ്ണ് വാ പൊത്തി ചിരിക്കുണ്ടായിരുന്നു.. എന്നാൽ അതിലും നന്നായി ചിരിക്കാൻ ആ സിസ്റ്റർ അവള്ക്കു വക ഒപ്പിച്ചിട്ടുണ്ടായിരുന്നു

www.kkstories.com

"" തന്നെയാ ആദ്യം കുത്തിവെച്ചു കിടത്തണ്ടത്... തൻ ഇവിടെ എന്തെല്ലാം പുകിലാ ഉണ്ടാക്കിയെ എന്ന് വല്ല ബോധവും ഉണ്ടോ

... പാവം ആ ഡോക്ടറെയും കുറെ ചീത്ത വിളിച്ചു...

എനിക്ക് അറിയാത്തോണ്ട് ചോദിക്കുവാ തനിക്ക് മഞ്ഞക്കാർഡ് വല്ലോം ഉണ്ടോ... ""

മഞ്ഞകാർഡോ അതെന്തോന്നാ,, വീട്ടിൽ റേഷൻ കടേയിലെ നീലകാർഡ് ഉണ്ട് അല്ലാതെ...

'ഓ ആ മഞ്ഞ...'

ഉണ്ടെടി പട്ടി കുണ്ണേ നിന്റെ തന്തക്ക് വയ്ക്കരി ഇടാനുള്ള അരി വാങ്ങിക്കാൻ കൊടുത്ത് വിട്ട് എന്ന് മനസ്സിൽ ഒരായിരം തെറി പറഞ്ഞു അവരെ നോക്കി നന്നായി പുഞ്ചിരിക്കുമ്പോൾ, കാര്യങ്ങൾ ഒന്നും അറിയാതെ അവരും ചിരിച്ചു കുറച്ചൂടെ കഴിഞ്ഞാൽ റൂമിലേക്ക് മാറ്റമെന്നും പറഞ്ഞു, അപ്പോളും ചിരിച്ചോണ്ടിരിക്കുന്ന ആമിയുടെ അടുത്തേക്ക് നീങ്ങി നിന്ന് ചെവിയോടടുപ്പിച്ചു

www.kkstories.com

"" എന്നെ തീ തീറ്റിച്ചിട്ട്... മോള് കൂടുതല് ചിരിച്ചാൽ, വീട്ടിൽ വരുമ്പോൾ നിന്റെ മൂത്രമൊഴിക്കുന്ന സാമാനം ഞാൻ കോലിട്ടടക്കും കേട്ടല്ലോ... ""

" ച്ചീ..... പോ... ""

എന്നും പറഞ്ഞു ഒറ്റ തള്ളൂ..ആ ഒരു തള്ളിൽ ഞാൻ അവിടെ നിന്നും എണ്ണിറ്റു

"" അപ്പൊ ഒക്കെ... ഞാൻ വെളിയിൽ പോയി കുറച്ച് നേഴ്സ് പിള്ളാരേം സെറ്റ് ആക്കാൻ പറ്റുവൊന്ന് നോക്കട്ടെ., ഭാവിയിൽ ആവശ്യം വന്നാലോ.. ""

www.kkstories.com

. "" ശു.ശു... എവിടെ പോണ്,!

ആരേം നോക്കുന്നില്ല.. അയ്യടാ കെട്ടിയോള് വയ്യാതെ കിടക്കുമ്പോൾ വായിനോക്കാൻ പോകാൻ നാണമില്ലേ മനുഷ്യാ നിങ്ങൾക്ക്.. '"

അതിന് ഞാൻ ഇല്ലെന്ന് ചുമൽകുച്ചി, അതോടെ പെണ്ണ് വീണ്ടും കലിപ്പായി എന്നെ വേറെ ആരും നോക്കുന്നതോ ഞാൻ നോക്കുന്നതോ അവൾക്കിഷ്ടമാല്ലാ..

"" അതെനിക്കറിയല്ലോ കാണില്ലെന്ന്... ഇപ്പോ മോൻ എങ്ങും പോണില്ല എന്റെ കൂടെ ഇരുന്നാ മതി... ഇത് കഴിഞ്ഞു നമ്മക്ക് ഒന്നിച്ചു പോകാം.. ഇപ്പോ എന്റെ മോൻ മാഗി ചേച്ചിയെ അകത്തേക്ക് വിളി... പാവം ഒരുപാട് ടെൻഷൻ അടിച്ചു... ""

www.kkstories.com

നിന്റെ കൂടെ പോയി വായിനോക്കുന്നതിലും ഭേദം കടലിൽ ചാടി ആത്മഹത്യാ ചെയുന്നതാ... അതും പൊറു പൊറുത്തു മാഗിയെ ഉള്ളിലേക്ക് വിളിച്ചു..അവള് കേൾക്കേണ്ട താമസം എന്നേം തള്ളിമാറ്റി അകത്തേക്ക് ഒറ്റ ഓട്ടം. ഇവടെ ഓട്ടം കണ്ടാൽ തോന്നും " കല്യാൺ സിൽക്ക്സിൽ ആടി സെയിൽ തുടങ്ങിയെന്നു... "" ഇനി ഇരട്ടി വാങ്ങാനാകുമോ...

അതോടെ ഞാൻ കാന്റീനിലേക്ക് പോയി..മനസ്സിന് എന്തോ വല്ലാത്തൊരു ആശ്വാസം.. സ്വന്തം ജീവൻ തിരിച്ചുകിട്ടിയപോലെയൊരു തോന്നൽ, അങ്ങനെ കാറ്റീനിനു ഫ്ലാസ്കും അതിൽ ചായയും,കഴിക്കാൻ അപ്പവും ഒക്കെയായി തിരിച്ചു റൂമിലേക്ക് വന്നു ഒപ്പം പല്ല് തേക്കാനുള്ള പേസ്റ്റും ബ്രഷും കൂടെ വാങ്ങിയതും കൊണ്ട് ഉള്ളിലേക്ക് കേറി

"" മ്മ് വാ തുറക്ക്.. ""

www.kkstories.com

ബ്രഷിൽ തേച്ച പേസ്റ്റും ആയി ഞാൻ അവളുടെ അടുത്തേക്ക് നീങ്ങി ഇരുന്ന്, ഞാൻ പല്ലുതേപ്പികുമ്പോളും അവൾ എന്നെ തന്നെ നോക്കി നില്കുവായിരുന്നു,മാഗിയാണെകിൽ എന്റെ പ്രവർത്തി ഒക്കെ കണ്ടിട്ട് കിളി പോയ രീതിയിലും.. കൈക്ക് കുഴപ്പമോന്മുമില്ലെങ്കിലും ഞാൻ അങ്ങ് ചെയ്തു കൊടുത്ത്.അങ്ങനെ അത് കഴിഞ്ഞു കൊണ്ട് വന്ന മൂന്ന് പൊതിയിൽ രണ്ട് പൊതി എടുത്ത് ഒന്ന് മാഗിക്ക് കൊടുക്കുമ്പോൾ അവൾ അത് തുറന്ന് കഴിക്കാൻ ആരംഭിച്ചു,അതിന് പിന്നെ ഫുഡ് കണ്ടാൽ വേറെ ഒന്നും വേണ്ട.. അങ്ങനെ ആമിക്ക് വാരി കൊടുക്കുന്ന ടൈംമിൽ അവളുടെ കണ്ണുകൾ ഈറനണിയുണ്ട്,,

എന്തിനാ എന്ന് ചോദിച്ചപ്പോ ഒന്നുല്ല എന്ന് ആ കണ്ണീരിലും അവൾ ചിരിച്ചറിയിച്ചു,,

അങ്ങനെ മാഗിയെ ഓഫീസിൽ പറഞ്ഞു വിട്ട് ഒരു വീക്ക് കൂടെ ഉള്ള ലീവ് അപേക്ഷിക്കാൻ പറഞ്ഞു, കല്യാണത്തിന്റെ കാര്യം ആരോടും പറയണ്ടാ ഞാൻ പറഞ്ഞളമെന്ന് മാഗിയോട് പറഞ്ഞിട്ട് ഞാൻ അവൾക്കൊപ്പം ഇരുന്ന്

"" ന്തിനാ ന്നെ ഇങ്ങനെ സ്നേഹിക്കുന്നെ... ""

www.kkstories.com

അവള്ക്ക് കൊണ്ട് വച്ച ഓറഞ്ച് അവൾക്കും ഒപ്പം എനിക്കും കൊടുത്കൊണ്ടിരിക്കുവായിരുന്നു ഞാൻ അപ്പോളാണ് ആ ചോദ്യം

"" എന്തെ അങ്ങനെ ഒരു ടോക്ക്... ഓറഞ്ച് തന്നോണ്ടാണോ... അത് പിന്നെ നിനക്ക് കൊണ്ട് വച്ചത് എങ്ങനയാ ഒറ്റക്ക് തിന്നുന്നെ എന്നോർത്തല്ലേ നിനക്കൂടെ തരുന്നേ ആ ഒരു ഫ്ലോയിൽ എനിക്കും തിന്നാലോ..അല്ലാതെ വേറെ ഒന്നും കരുതിയില്ല..""

ചിരിച്ചോണ്ട് അത് പറഞ്ഞതും അടുത്തിരുന്നു ഓറഞ്ച് എടുത്ത് ഒറ്റ ഏറു ഒഴിഞ്ഞു മാറാൻ പറ്റില്ല നേരെ എന്റെ മുക്കിൽ.. അത് കണ്ടവൾ ചിരിച്ചോണ്ട് നിൽകുമ്പോളാണ് ഡോർ വെട്ടിത്തുറക്കുന്നത്

www.kkstories.com

"" ചേച്ചി..... ""

"" മോളെ...""

ന്നും പറഞ്ഞു അവൾക്കരികിലേക്ക് ഓടിചെല്ലുന്ന ഏട്ടത്തി നന്നായി ഭയപ്പെട്ടിരുന്നു അത് ആ മുഖത്ത് നന്നായി തന്നെ കാണാമായിരുന്നു, അങ്ങനെ ഏട്ടത്തിയും അവളും ആയി സംസാരിക്കുന്ന നേരത്താണ് ഞാൻ ഏട്ടനോട് നടന്ന കാര്യങ്ങൾ എല്ലാ പറഞ്ഞത്.. അവര് നന്നായി ഭയന്നെന്നാണ് അവര് പറഞ്ഞത് എന്റെ അപ്പോളത്തെ ഫോൺ വിളിയും എല്ലാം ആയപ്പോ അവര് ടെൻഷൻ അടിച്ചു പോയിന്ന്, അതുമല്ല വരുന്ന വഴിക്ക് ഞങ്ങളുടെ ബൈക്ക് കൂടെ കണ്ടതും രണ്ടാൾക്കും പേടി ഇരട്ടിച്ചു,,

"" എന്റെ പതിനഞ്ചു ലക്ഷം വെള്ളത്തിലായാലോ.... ""

www.kkstories.com

ഞാൻ നെഞ്ചത്ത് കൈ വെച്ചുപോയി ഇപ്പോളാണ് ബൈക്കിന്റെ കാര്യം മനസ്സിലേക്ക് വന്നത്, ഓടിച്ചിട്ട് പോട്ടെ..,, കണ്ട് കൊതിതീർന്നില്ല,

"" അവന്റെ ബൈക്ക്...

എന്തേലും പറ്റിരിരുന്നെലോ.. ഓ അറിഞ്ഞപ്പോ തൊട്ട് പ്രണൻ പോണപോലെയായിരുന്നു.., വീട്ടിൽ എന്തൊക്കെയോ പറഞ്ഞാ നങ്ങള് ഇങ്ങോട്ട് വന്നേ.. ""

"" അത് നന്നായി ഇല്ലേൽ അങ്ങേരുടെ വായിൽ ഇരിക്കുനത് കൂടെ കേൾക്കാൻ വയ്യാ.. ആല്ലേൽ ഇപ്പോ തുടങ്ങും നിനക്ക് അങ്ങനെയാണ് ഇങ്ങനെയാണ്.. നോക്കി ഓടിക്കണം ഹോ.. ""

"" അജ്ജു..... ""

www.kkstories.com

ഏട്ടത്തിയുടെ ആ വിളിയിൽ എല്ലാമുണ്ട് പിന്നെ ഞാൻ ഒന്നും മിണ്ടില്ല... ഏട്ടനോട് കുറച്ച് സംസാരിച്ചു പിന്നെ ഷോറൂമിൽ വിളിച്ചു കാര്യങ്ങൾ പറഞ്ഞു, അവര് വന്ന് വണ്ടി എടുത്തോളമെന്ന്.. അഹ് ഹാ എന്താ സ്നേഹം. ബില്ല് വരുമ്പോളും ഈ സ്നേഹം കണ്ടാൽ മതിയായിരുന്നു..,,

പിന്നെ ഡോക്ടർ വന്ന് നോക്കി കാര്യമായ കുഴപ്പങ്ങൾ ഇല്ല കാലിനു ചെറിയ ഒരു ഫ്രക്റ്റർ.അത് ഓര്ഴച്ച പിടിക്കും.. പിന്നെ നെറ്റിയിലെ മുറിവ് കാര്യമായി ഇല്ല. അത് കൊണ്ട് ഒരാഴ്ച ഇവിടെ തന്നെ കിടക്കം എന്ന് വെച്ചു.. ഫ്ലാറ്റിൽ ഉള്ളതിനേക്കാളും നല്ലത് ഇവിടെയാണന്നെന്ന് ഞാൻ പറഞ്ഞു.. അങ്ങനെ മാഗിയെ വിളിച്ചു കാര്യം പറഞ്ഞു അവൾ ലീവ് ഒരാഴ്ച കൂടെ വേണം എന്ന് പറയാമെന്നു പറഞ്ഞു,, ഡാഡിയെ പേടിച്ചു വീട്ടിലെക്ക് വരാതെ ഇരുന്നത് കൊണ്ട് ഇങ്ങനെ കുറെ ഗുണങ്ങൾ, അവൾക്കു കാര്യമായ കുഴപ്പങ്ങൾ ഇല്ലെന്ന് പറഞ്ഞപ്പോ ഏട്ടത്തി പോകാൻ കുട്ടാക്കാതെ നിന്നാപ്പോ ഞാൻ തന്നെയാ പറഞ്ഞെ ലീവ് എടുക്കണ്ട പൊക്കോളാൻ ഏട്ടനും അവളും അത് തന്നെ പറഞ്ഞതും മനസ്സില്ല മനസ്സോടെ അവർ വൈകിട്ട് ഇറങ്ങി.. പോകുമ്പോൾ അവൾക്കും എനിക്കും ഓരോ മുത്തം താരനും മറന്നില്ല, അങ്ങനെ വൈകിട്ട് റൂമിൽ (നമ്മൾ ഒരു പ്രൈവറ്റ് റൂം

ആണ് എടുത്തത്) ഇരിക്കുമ്പോളാണ് ഡ്രിപ്പ് ചെക്ക് ചെയ്യാൻ ഒരു കിളി സുന്ദരി കിളി വന്നത്..

"" ബൈ ദ ബൈ എന്താ പേര്... ""

www.kkstories.com

അതിനവൾ ഗ്ലൊകോസ് കുപ്പിയിൽ ഡ്രിപ്പ് അഡ്ജസ്റ്റ് ചെയ്തിരിക്കുമ്പോൾ തന്നെ എന്നെ ഒന്ന് നോക്കി ചിരിച്ചു.. സെറ്റ് സെറ്റ്... എല്ലാം സെറ്റ്..

"" സ്നേഹാ..സ്നേഹ മാർട്ടിൻ. ഞാൻ തന്നെ എവിടെയോ കണ്ടിട്ടുള്ളപോലെ...,""

ഗ്ലൂക്കോസിൽ നിന്നും ശ്രദ്ധ മാറ്റാതെ തന്നെ എന്നൊരു ഡയലോഗ് നമ്മളെ കുറിച്ച് ഒരു സംശയം വരുമ്പോൾ നമ്മൾ അത് ക്ലാരിഫിയ് ചെയ്തുകൊടുക്കണ്ട ഉത്തരവാദിത്തം നമ്മക്കിലെ അല്ലാതെ ഇവിടെ ഓരോരുത്തരേം പോലെ മുഖവും കെട്ടിപിടിച്ചോണ്ട്.., പിന്നെ ഞാൻ ഒട്ടും വൈകിപ്പിച്ചില്ല എന്റെ പ്രഫഷൻ ഉം എന്നെ ടീവിയിൽ ആയിരിക്കും കണ്ടത് എന്ന് പറഞ്ഞപ്പോ.. അല്ല മകസ്സിനിൽ കണ്ടിരുന്നു എന്നൊക്കെ പറഞ്ഞു ഞങ്ങള് കമ്പനിയായി

www.kkstories.com

"" സ്നേഹ മാരീഡ് ആണോ.... """

നി എപ്പോളാടാ ബ്രോക്കറു പണി തുടങ്ങിയെ എന്ന് ഉള്ളിൽ ഇരുന്നു മോന്റെ മോൻ പറയുന്നുണ്ട്.. എന്റെ ഉള്ളിലെ കോഴിയാണ് ആ ചോദ്യം ചോദിച്ചത്.. അല്ലാതെ ഞാനല്ല, ഒരുനിമിഷം ഞാൻ കെട്ടിയതാണല്ലോ എന്നകാര്യം ഞാൻ മറന്നോയ്...

"" മാരീഡ് അല്ല മാട്രിമോണി... നിങ്ങള് കൊറേ ആയല്ലോ സെൻസസ്സ് എടുക്കാൻ തുടങ്ങിട്ട്,,

നിങ്ങൾക്ക് വേറെ രോഗികളെ ഒന്നും നോക്കാൻ ഇല്ലേ.."

www.kkstories.com

എല്ലാം സഹിച്ചു നിന്നവളുടെ ക്ഷേമ നശിച്ചു അവൾ പൊട്ടിത്തെറിച്ചു എന്നെ നോക്കിയാണ് പറയുന്നതെങ്കിലും ഇടക്ക് കണ്ണ് അവളിലേക്ക് നീളുന്നുണ്ടായിരുന്നു..

"" അഹ് ഹാ ഭയങ്കര ചൂടത്തി ആണല്ലോ..ആരാ ഇത് ഇയ്യാളുടെ പെങ്ങൾ ആണോ. . ""

"" ഞാൻ ചുടത്തി ആകുവോ അല്ലാതെയോ ഇരിക്കും അതിപ്പോ അറിഞ്ഞിട്ട് എന്തോ വേണം.. പറ ഞാൻ നിങ്ങടെ ആരാണെന്ന് പറ... ""

www.kkstories.com

ഇത്രേം നേരം എന്നോട് എന്നോട് മിണ്ടിയതും പോരാഞ്ഞിട്ട് അവളെ എന്റെ സഹോദരി ആക്കിയതിനുള്ള അമർഷമാണ് ഇപ്പോ കണ്ടത്, ഇവളുടെ കാട്ടിക്കൂട്ടലുകൾ കണ്ടിട്ട് ' മാഡംപളളിയിലെ ചിത്രരോഗി '' ഇവളിൽ കുടികൊല്ലുവായിരുന്നോ...

"" ആമി ബീഹെവ് യുവർ സെൽഫ്... ബുദ്ധി ഇല്ലാത്ത കുട്ട്യാ കാര്യമാക്കണ്ട സ്നേഹ പൊക്കോ...""

www.kkstories.com

"" ആർക്ക്. ആർക്കാ ബുദ്ധി ഇല്ലാത്തെ നിക്കോ... ഈ നിക്കോ...അങ്ങനെനാണല്ലേ..

ന്നാ..

അങ്ങനെ ആരും ഇവിടുന്നിപ്പോ പോകണ്ട... ""

സ്നേഹ അന്തം വിട്ട് നോക്കുന്നത് കണ്ടപ്പോ എനിക്ക് ചിരിയാണ് വന്നത്.. സൈക്കോസിന്റെ പല അവസ്ഥകളും കണ്ടിട്ടുണ്ട് പക്ഷെ ഇത്ര ഭയാനകരമായ വേർഷൻ ഇത് ആദ്യ...

"" ഞാൻ ഇങ്ങേരുടെ ഭാര്യാ... അല്ലതെ പെങ്ങളൊന്നുമല്ല.. ""

www.kkstories.com

"" ആയ്യോാ ഇയ്യാള് മാരീഡ് ആണോ... സോറി ഞാൻ അറിഞ്ഞില്ല.., ""

എന്തുചെയ്യാൻ... ബ്രൂറ്റിഷൻ ഞാൻ ചെയ്യാറില്ല..കാർന്നോമ്മാര് കാരണം വൃത്തിയുള്ള ഒരു കൊലമുണ്ട് മുഖമുണ്ട് അതുകൊണ്ട് ഇത് വരെ ബ്രൂറ്റിഷൻ ചെയ്യണ്ട വന്നിട്ടില്ല.. അവൾ എന്നെ നോക്കി ഒരു ക്ഷമാപണം നടത്തി ഞാൻ കൈയും കെട്ടി ചെറു ചിരിയോടെ നോക്കി നിന്നു

www.kkstories.com

"" എന്തു ചെയ്യാം സ്നേഹ അങ്ങനെ ഒന്ന് പറ്റിപ്പോയി .. ""

സ്നേഹയെ കണ്ണിറുക്കി ഞാൻ അത് പറഞ്ഞപ്പോ ആമി ചുണ്ട് കൂർപ്പിച്ചു തിരിഞ്ഞിരുന്നു, അത് കണ്ടതും ചിരിച്ചോണ്ട് സ്നേഹയും അവിടെ നിന്നും യാത്രയായി..

"" പിണങ്ങിയോ എന്റെ പൊന്ന്... ""

സ്നേഹ പോയതും ഞാൻ അവളുടെ പിണക്കം മാറ്റാനാണെന്നോണം അവളുടെ കൈയിൽ പിടിച്ചതും അവളാ കൈ തട്ടി മാറ്റി,, ഇത്തവണ ഞാനവളെ ചേർത്തുപിടിച്ചപ്പോ ആദ്യം പെണ്ണ് എതിർത്തെങ്കിലും പിന്നീട് അതൊന്നും ഉണ്ടായില്ല..

www.kkstories.com

"" ഞാൻ ആരുടേം പൊന്നൊന്നും അല്ല.. ""

"" ഓ അപ്പൊ ഭയങ്കര കലിപ്പാണല്ലോ.. എന്നാ അതിനുള്ള മരുന്നൊക്കെ എന്റൽ ഉണ്ടേ..""

ചുണ്ട് ഉമ്മവയ്ക്കാൻ പാകത്തിന് കൂർപ്പിച്ചുപിടിച്ചു അവളുടെ കവിളൊരം ചെന്നതും

www.kkstories.com

"" ന്നെ ഉമ്മവല്ലോം വെച്ചാ.. അഹ്.. ""

ഏയ്യ് ഭീഷണി.. അതും ഉമ്മക്ക്.. എന്നാൽ ഇന്ന് വച്ചിട്ടെ ഉള്ളൂ ബാക്കി കാര്യം..

.

"" നി എന്നെ ഭീഷണിപെടുത്താറായോ... നിന്നെ ഇന്ന് ഉമ്മവച്ചു കൊല്ലുടി ഉണ്ടക്കണ്ണി.. പിശാചേ..""

"" അതിനു വേണ്ടിയല്ലേടാ ന്റെ കള്ള കുട്ടുസാ ഞാൻ പിണക്കം കാണിച്ചേ.. ""

ഏയ്യ്... ഞെട്ടി ഞാൻ അവളെ നോക്കുമ്പോൾ നാണം കൊണ്ട് പൂത്തു നിൽക്കുന്ന അവളെ ആർദ്രമായി ചുംബനങ്ങൾ കൊണ്ട് ഞാൻ മൂടി.

www.kkstories.com

എന്റെ മുക്കിൽ പിടിച്ച് അങ്ങോട്ടും ഇങ്ങോട്ടും ആട്ടുന്ന കുട്ടത്തിൽ അവളുടെ പാൽപുഞ്ചിരി ആ മുറിയാകെ മുഴങ്ങി കേട്ടുകൊണ്ടിരുന്നു

©©©©©©©©©

"" ഏട്ടാ... ""

ഉറക്കം പിടിച്ച കണ്ണുകൾക്ക് അവളുടെ ആ തേൻകിനിയും മധുര ശബ്ദം മതിയായിരുന്നു അതിൽ നിന്നും മുക്തനാകാൻ..

"" എന്താടി ആമിക്കുട്ടി.. ""

www.kkstories.com

അതിനു അവൾ ഒന്ന് ചിരിച്ചു ഒന്നിളകി കിടന്നു

"" എനിക്ക് ഏട്ടനെ കിട്ടാനും മാത്രം ഞാൻ എന്തു പുണ്യമാണ് ചെയ്തെന്ന് അറിയില്ല ഇപ്പോളും... ""

എന്റെ നെഞ്ചിലെ രോമങ്ങളിൽ വിരൽ ചേർക്കുമ്പോളും അവൾ എന്നെ ഇറുക്കി പുണർന്നു..

www.kkstories.com

""" ഞാൻ നിന്നെ ആദ്യമായി കണ്ട അന്ന് നിന്നെ എനിക്ക് തന്നുടെ എന്ന് ഞാൻ ഈശ്വരനോട് ചോദിച്ചിട്ടുണ്ട്... കാരണം

നമ്മൾ തമ്മിൽ എവിടെയോ വെച്ച് ബന്ധിക്കപ്പെട്ടവരാണെന്ന് എനിക്ക് വെറുതെ തോന്നാ..!!

ഏതോ ജന്മത്തിൽ,, അല്ലങ്കിൽ ഈ കണ്ട നാളുകളിൽ ആർക്കും സാധിക്കാൻ പറ്റാത്തത് നിനക്ക് എങ്ങനെയാ സാധിക്ക്യ..

ഒരു പുതപ്പിനടിയിൽ ഇതുപോലെ നെഞ്ചിലെ മുടിച്ചുരുൾ തീർക്കുന്നതിനു ഇടയിൽ തന്നിലെ കന്യകത്വം നഷ്ടമാക്കി ഒരു സ്ത്രീയിലേക്ക് പ്രവേശിക്കുമ്പോൾ എന്റെ ചുണ്ടുകൾ നിന്റെ സീമന്തരേഖയിൽ പതിയുമ്പോൾ നിനക്ക് എന്താണോ തോന്നിയത് അതാണ്,, നിന്നെ എനിക്ക് കിട്ടാനുള്ള കാരണങ്ങളിൽ ഒന്ന്..

ഓർമിക്കുവാൻ നമുക്കിടയിൽ ഒന്നുമില്ല

പക്ഷെ മറക്കാതെയിരിക്കാൻ എന്തോ ഒന്നുണ്ട്.."

ഒന്നും മിണ്ടില്ല കുറച്ച് നേരം കഴിഞ്ഞു വീണ്ടും എന്നെ വലിഞ്ഞു മുറുക്കുന്ന കൈകളിൽ പതിയെ തലോടി.. ന്റെ നെഞ്ചിൽ ചെറു നനവ്, അതെ ഇതായിരുന്നു അനുയോജ്യമായ മറുപടി..

ഇപ്പൊ കുട്ടത്തിൽ ജോൺസൺ മാഷിന്റെ തൂവാന തുമ്പികളിലെ ആ തീം മ്യൂസിക് കൂടെ ഉണ്ടേൽ ആഹ്ഹ്... അന്തസ്സ്..

www.kkstories.com

എന്റെ പത്മരാജൻ മാഷേ നിങ്ങൾക്ക് നന്ദി..

©©©©©©©©©©

ഉച്ചക്കത്തെ കഞ്ഞികുടിയും കഴിഞ്ഞു അവളേം ഫ്രഷ് ആകാൻ സഹായിച്ചു ഞാനും ഫ്രഷ് ആയി ഓരോന്ന് പറഞ്ഞിരുന്നു.. കുടുതലും അവളുടെ വീട്ടുകാരെ പറ്റിയാണ് ,, അങ്ങനെ വൈകുന്നേരം നടക്കാൻ ഇറങ്ങി കാലിനു ചെറിയയൊരു ഒത്തൽ ഉണ്ടെന്ന് ഒഴിച്ചാൽ പുള്ളി ഒക്കെയാണ്.. അങ്ങനെ എന്റെ തോളിലൂടെ കൈയിട്ട് ചെറുചിരിയോടെ നടക്കുന്ന എന്റെ പെണ്ണിനെ അരക്കെട്ടിൽ ചുറ്റിപിടിച്ചു അങ്ങനെ നടന്ന്...

അങ്ങനെ നടന്നുനീങ്ങുമ്പോളാണ് ആ ഒരു മുഖം ഞാൻ കാണുന്നത് വയ്യാതെ മുടന്തി നടന്ന അവളെ എടുത്ത് പൊക്കി കറങ്ങി ദിശ മാറ്റുമ്പോൾ പെണ്ണ് ചെറുതായി ഒന്നോച്ച വെച്ചു

ആളുകൾ അവളുടെ ആ ഒച്ച കേട്ട് നോക്കുണ്ടേലും ഞാൻ അത് മൈൻഡ് അകതെ അവളേം കൊണ്ട് നടന്നു

www.kkstories.com

"" എന്താ പറ്റിയെ.. പൈയ്യെ പോ കാല് വേദനിക്കാണ്.. ""

എന്റെ കാട്ടിക്കൂട്ടലുകൾ കണ്ട് പ്രാന്ത് പിടിച്ച പെണ്ണ് എന്നെ നോക്കി, അതിനവളോട്

"" പറയാം... എന്തൊക്കെ വന്നാലും തിരിഞ്ഞു നോക്കരുത്..""

www.kkstories.com

അതെന്താ നോക്കിയാല് എന്നും പറഞ്ഞു തിരിഞ്ഞു നോക്കാൻ പോയ അവളുടെ തടിക്ക് പിടിച്ച് നിർത്തി

പുറകിൽ ഒരു പ്രാന്തി ണ്ട് അവള് കണ്ടാൽ നമ്മടെ കാര്യം പോക്കാ.. അതുകൊണ്ട് നീ തിരിഞ്ഞു നോക്കല്ലേ എന്ന്നുംഅവളേം കൊണ്ട് വേഗം മുന്നോട്ട് പോകുമ്പോൾ പെണ്ണിന്റ കഴുത്ത് അവൾപോലുമറിയാതെ തീരിയാണോ...? വേണ്ടായോ....? എന്ന സംശയത്തിൽ ചലിച്ചുകൊണ്ടിരുന്നു.. എത്രെയൊക്കെ വേണ്ടന്ന് പറഞ്ഞിട്ടും അവൾ തിരിഞ്ഞു നോക്കി..

അവളേം കുറ്റം പറയാൻ ഒക്കുകേല അത് നമ്മള് " മലയാളി " കളുടെ ഒരു രീതി ആണല്ലോ എടാ അങ്ങോട്ട് പോകണ്ട അവിടെ പോയാൽ നീ മരിക്കും എന്ന് പറഞ്ഞാൽ.. എന്നാൽ ആ മൈരൊന്ന് കാണണമല്ലോ എന്നും പറഞ്ഞു പോകുന്ന ടീം ആണ് നമ്മൾ.. അഹകാരത്തിന്റെ കാര്യത്തിൽ മലയാളികളെ തോല്പിക്കാൻ ആകില്ല മക്കളെ..

തിരിഞ്ഞു നോക്കിയ അവൾ കാണുന്നത് എന്തോ കണ്ട് മനസിലായിട്ട് ഓടി ഞങ്ങളുടെ അടുത്തേക്ക് വരുന്ന ഒരു പെണ്ണിനെയാണ് അതോടെ പെണ്ണ് എന്റെ കൈയിൽ ബലമായി പിടിച്ച്

"" ഓടിക്കോ അജുവേട്ടാ.. ആ പ്രാന്തി മ്മടെ അടുത്തേക് വരുന്ന്.. ബാ എന്റെ കൂടെ വാ വേഗം രക്ഷപെടാം ""

www.kkstories.com

അഹ് പാസ്റ്റ് അവൾക്ക് നടക്കണമെങ്കിൽ ആരുടേലും സഹായം വേണം ആ അവൾ എന്നെ രക്ഷിക്കാമെന്ന് നല്ല തമാശ.. അപ്പോളേക്കും അവൾ ഞങ്ങളുടെ അതുത്തേക്ക് എത്തിയിരുന്നു

വേറെ നിവർത്തിയില്ലാതെ ഞാൻ തിരിഞ്ഞു നോക്കി അപ്പോളും ആമി എന്റെ കൈ പിടിച്ച് വലിക്കുണ്ട്.. ഞാൻ അവളുടെ മുഖത്തേക്ക് നോക്കി ഒരു മങ്ങിയ ചിരി കൊടുത്തു.

www.kkstories.com

"" അഹ്... ആതിര... എന്തുണ്ട്.. ""

ആ മുഖം എന്റെ ഓർമ്മയിൽ നിന്ന് വിട്ടകന്നിട്ട് വർഷം രണ്ടാകുന്നു, എന്നോ ഉള്ളിൽ കയറി കൂടിയ പെണ്ണ്.മനസ്സറിഞ്ഞു സ്നേഹിച്ച പെണ്ണ്..ഒരു ദിവസം ഒന്നും പറയാതെ ഒരു കല്യാണ കുറി മാത്രം തന്നകന്നവൾ..

"" അപ്പൊ മറന്നിട്ടില്ല ല്ലെ.ഞാൻ കരുതി ന്നെയൊക്കെ മറന്നെന്നു. അല്ല നീ എന്താ ഇവിടെ..
""

www.kkstories.com

അവൾ നന്നായി തന്നെ മാറിയിരിക്കുന്നു,, അവസാനം കണ്ടതിൽ നിന്നും കുറച്ച് തടി വച്ചിട്ടുണ്ട് സംസാരത്തിലും എല്ലാം ഒരു സ്ത്രീ ആയി മാറിയത് പോലെ..ഇടക്ക് അവൾ ഒളിക്കണ്ണിട്ട് ആമിയെ നോക്കുന്നുണ്ട് അവൾ ആണെകിൽ ഏതെടാ ഇവൾ എന്നൊരു ഭാവവും

"" ഇവിടെയോ.. ഇവിടെ ഒന്ന് തൊഴാൻ വന്നതാ പറ്റുമെങ്കിൽ രണ്ട് ഷൈന പ്രതീക്ഷണം കൂടെ നടത്തണം..""

പിന്നല്ലാതെ ഹോസ്പിറ്റലിൽ മനുഷ്യൻ വരുന്നത് എന്തിനാ വയ്യാതെ , അല്ലാതെ ഐസ് ക്രീം കഴിക്കാൻ ആരേലും ഇവിടെ വരുവോ ഏതാടാ ഇവള്.. ഇവൾക്കൊരു മാറ്റോം ഇല്ല, ഞാൻ പറഞ്ഞതെല്ലാം തിരിച്ചെടുത്തു...

അതിനവളെന്നെ ചൂഴ്ന്നു നോക്കി, എന്റെ സൈഡിൽ ഒരാക്കി ചിരിക്കൂടെ കേൾക്കാം എന്റെ പൊന്നിന്റെ.

www.kkstories.com

" ഏയ്യ് ചെറിയൊരു ആക്സിഡന്റ്.. അങ്ങനെ വന്നതാ. നിനക്ക് പിന്നെ എന്തൊക്കെ ഉണ്ട്..,""

"" ആക്സിഡന്റ് ഓ .. എന്നിട്ട് നിനക്ക് എന്തേലും.., എന്താ ഉണ്ടായേ.. ""

അവൾ എന്റെ മുറിവ് വീണ നെറ്റിയിൽ വിരൽ ഓടിച്ചു ചോദിച്ച്. ഹൊ എന്താ സ്നേഹം ഇത് പണ്ട് കാണിച്ചേൽ അന്ന് ചിലവാക്കിയ കാശിന്റലും പലിശ ഇടക്കവായിരുന്നു,,,

പിന്നെ എന്നെ മൊത്തത്തിൽ ഒന്ന് നോക്കാൻ എന്നോണം വന്നതും വേറെ രണ്ടു കൈകൾ അവളുടെ കൈകളെ തടഞ്ഞു.. ഒരു വളിച്ച ചിരിയോടെ അതുകണ്ടെനിക് കുറച്ച് സന്തോഷം തോന്നിയെങ്കിലും ഞാൻ പുറത്ത് കാണിച്ചില്ല..

www.kkstories.com

"" വലിയ കുഴപ്പമൊന്നും ഇല്ല.. ""

എന്റെ ദേഹത്ത് നിന്നും അവളുടെ കൈകൾ ഈർച്ചയോടെ എടുത്ത് മാറ്റുന്നതിനൊപ്പം അവൾക്കുള്ള മറുപടിയും കൊടുത്ത് ആമി കൈയും കെട്ടി നോക്കി നിന്ന് കത്തുന്ന കണ്ണുകളോടെ.. ഇത് ആരാ എന്ന് കണ്ണുകൊണ്ട് കാണിച്ച ആതിരക്ക് ഞാൻ അവളെ പരിചയപ്പെടുത്തി

"" ആഹ് ആതിര ഇതാണ് എന്റെ ഭാര്യ... ആമി.. അനാമിക അർജുൻ.. ""

അതിനവൾ ഒരു കേറുവോടെ ആമിയെ നോക്കിയെങ്കിലും ആമി എന്റെ കൈകൾക്കിടയിലൂടെ കൈകൾ കോർത്തു പിടിച്ച്.. ഇതെന്റേത് മാത്രമാണ് എന്നൊരു തീർച്ചയിൽ.

www.kkstories.com

എന്നിട്ടും ഇവളെന്തിനാ ഇങ്ങനെ നോക്കണേ.. ഈ കുണ്ണക്ക് ഇതെവിടുന്നു പെണ്ണ് കിട്ടിയെന്നാകുവോ..അയാൽ എനിക്ക് മൈരാ,,തെങ്ങ് ഉള്ളടത്തോളം കാലം കുമാരൻ ചെത്താൻ ഇറങ്ങുക തന്നെ ചെയ്യും

അതെന്തിനാ പന്നി നീ ഇത് ഇവിടെ പറഞ്ഞെ... എന്നൊരു ആഷിരീരി..ഏത് മാറ്റവനാ മനസ്സ് അവശമുള്ളപ്പോ ഒന്നും വരൂല ഇല്ലാത്തപ്പോ ഓടിക്കോണച്ചു വന്നോളും. ഉണ്ട ചോറിനു നന്ദില്ലാത്ത നാറി..

അങ്ങനെ ഒന്നും പറയല്ലേ മൊതലാളി... എന്ന് മനസ്സിൽ നിന്നും മറുപടിയും വന്നു.. .

. "" അല്ലെടി നീ എങ്ങനെ ഇവിടെ.. ഹസ്ബൻഡ് എവിടെ.. കണ്ടില്ലല്ലോ.. ""

"" ഓ അങ്ങേര് ദുബായിൽ ആടാ.. അങ്ങേർക്ക് കാശ് മാത്രം മതി...എന്നേം കൊച്ചിനേം ഒന്നും വേണ്ട ""

www.kkstories.com

ആമി ചേർത്തുപിടിച്ചിരിക്കുന്ന കൈകളിൽ നോക്കിയാണ് അവൾ അത് പറഞ്ഞവസാനിപ്പിച്ചത്,, അത് അവൾക്കത്രക്ക് അങ്ങോട്ട് സുഖിച്ചില്ല (ആമിക്ക്)

പണ്ട് കല്യാണത്തിന്റെ ലെറ്ററും തന്ന് ഇവള് പോയപ്പോ ഞാൻ ഒരുപാട് വിഷമിച്ചു..അന്ന് ഇവള് പോയത് വെറും കൊതുമ്പ് വള്ളത്തിലേക്ക് ആണല്ലോ ദൈവമേ..

അന്നെന്താടി നീ പറഞ്ഞെ..കാശിനു കാശ് വേണം ഞാൻ നിന്നെപോലെയല്ല പ്രാക്ടിക്കൽ ആണെന്നല്ലേ..എന്നിട്ട് ഇപ്പോളും പ്രാക്ടിക്കൽ നടക്കുന്നുണ്ടോടി... എന്ന് മനസ്സിൽ ആക്രോശിച്ചു പുറമെ നിരസം മുഖത്തുവരുത്തി നിന്നു.. അഹ് ഇത്തവണത്തെ മികച്ച നടനുള്ള അവാർഡ് മിസ്സായല്ലോ ദൈവമേ

"" ഓ .. എല്ലാം മാറുടി..ഇപ്പൊ എന്താ ഇവിടെ... ""

ഇവളുടെ ഈ തേഞ്ഞ മുഖം കാണുന്നത്തെ ഇപ്പോ എനിക്കൊരു ആശ്വാസം..അല്ലേലും മറ്റുള്ളവരുടെ സങ്കടത്തിൽ പങ്കുചേരാൻ എനിക്ക് പ്രത്തേക കഴിവാ..ഞാൻ ഒരു സോഷ്യലിസ്റ്റ് ആണ്. അപ്പോളെല്ലാം പെണ്ണ് കൈയിൽ പിടിച്ച് ചെറുതായി വലിക്കുണ്ട് അവൾക് ഇതൊന്നും തീരെ പിടിക്കുന്നില്ല.. ഇവളെക്കൊണ്ട് കഷ്ടയല്ലോ.

www.kkstories.com

"" അഹ് ഹാ.... ഇവിടെ അമ്മായിയപ്പനെ കാണിക്കാൻ വന്നതാ.. നിന്റെ പരസ്യവും മാഗസിനും ഒക്കെ ഇടക്ക് കാണാറുണ്ട് ഞാൻ..ഇപ്പൊ നേരിട്ട് കണ്ടപ്പോ അന്ന് അങ്ങനെ ഒന്നും ചെയ്യണ്ടിരുന്നില്ല എന്ന് തോന്നുന്നു.. ""

അതെന്നിൽ കുറച്ചധികം സന്തോഷം തോന്നിപ്പിച്ചു നമ്മളെ വേണ്ടെന്ന് പറഞ്ഞു പോകുന്നവർ തന്നെ തിരിച്ചു വന്ന് നമ്മളെ നഷ്ടമായതിൽ വിഷമം അറിയിക്കുമ്പോൾ അതൊരു വല്ലാത്ത ഫീൽ ആണ്... അത് ഏതോ ഒരു സിനിമയിലും പറഞ്ഞിട്ടുണ്ടല്ലോ..

പക്ഷെ ആ ഫീൽ എനിക്ക് രണ്ടു ഭാഗത്തുനിന്നും അടി വാങ്ങി തരാനുള്ള ഫീൽ ആണ്.. ഒന്ന് കള്ളവെടി വയ്ക്കാൻ പോകുന്നെന്ന് നാട്ടുകാരുടെ വക പിന്നെ എന്റെ ഈ കൈയിൽ പിടിച്ച് വലിക്കുന്നവളുടെ വക..

പിന്നെ എന്തോ പറയാൻ തുടങ്ങിയ അവളുടെ വാക്കുകൾ കേട്ട് നില്കാതെ ആമി എന്നേം കൊണ്ട് അതെ നടപ്പ് തുടങ്ങി

www.kkstories.com

"" പോയിട്ട് കുറച്ച് പണിയുണ്ട് ചേച്ചി.. പിന്നെ എപ്പോളെങ്കിലും കാണാം.. ""

അവളാ പറഞ്ഞതിൽ ഈ അടുത്തൊന്നും കാണണ്ട എന്നല്ലേ..അങ്ങനെയല്ലേ അതിന്റെ അർത്ഥം.. ഈ പെണ്ണ്...

അപ്പോളും ആതിര പറഞ്ഞതിൽ ആയിരുന്നു എന്റെ ശ്രദ്ധ, ഒരടിക്ക് കൊളുണ്ട് വേലയുധേട്ട എന്നല്ലേ അവളുടെ അഷിരീരി

അമ്പടി തയോളി....

അപ്പൊ നീ എന്നെ വീണ്ടും ടുൺ ചെയ്തതാണല്ലേ.. നല്ലോന്നാതരം കിണർ വീട്ടിൽ ഉള്ളപ്പോ ഞാൻ എന്തിന് തോട്ടിൽ പോയി കുളിക്കണം.. പോടീ പുല്ലേ..!!

©©©©©©

റൂമിൽ എത്തിയപ്പോ ഞാൻ അവളോട് എന്തിനാ അങ്ങനെയൊക്കെ പറഞ്ഞതെന്ന് പറഞ്ഞതെ ഉള്ളൂ, പിന്നെ ആ മുലയിൽ ഇരുന്ന ആപ്പിൾ എന്റെ കൈകളിൽ പെട്ടെന്ന് എത്തി,

www.kkstories.com

"" ദേ പെണ്ണെ നിനക്ക് കുറച്ച് കൂടുന്നുണ്ടേ... ""

അവൾ ഒന്നും മിണ്ടില്ല.. കൈയും കെട്ടി മുഖം വലത്തേക്ക് ചെരിച്ചു എന്തൊക്കെയോ പിറുപിറുത്തി

"" എനിക്കൊന്നും മനസിലാവില്ലെന്നാണ് ഇവിടെ ഉള്ളോരുടെ വിചാരം.. ഹാ ഞാൻ പൊട്ടിയാണല്ലോ,കാശില്ലാത്ത വീട്ടിലെ ആണല്ലോല്ലേ ഞാൻ ചത്താലെന്ത്.. ജീവിച്ചാൽ എന്ത്.. ""

"" ദേ ആമി ഇനി നീ ഇമ്മാതിരി വല്ലോം പറഞ്ഞാൽ ചെള്ള അടിച്ചുഞാൻ പൊട്ടിക്കും .പറഞ്ഞില്ലെന്നു വേണ്ട.. ""

"" ഹമ്... ഇനി അതിന്റെ പേരിൽ മുഖം വീർപ്പിക്കണ്ട, ഇനി അങ്ങനെയൊന്നും ഞാൻ പറയില്ല.. ""

www.kkstories.com

ചാടി കേറി എന്റെ കവിളിൽ ഒരുമ്മ. വയ്യാത്ത കാലുമായി ഇവൾ ഇങ്ങനെ ഓടുന്നത് കാണുമ്പോൾ ഒരു പേടി..

"" ഈ പാവത്തിന് അകത്തേക്ക് വരാമോ.. പ്രണയജോഡികൾ പ്രണയിച്ചു കഴിഞ്ഞോ!അതോ ഞാൻ പോയിട്ട് പിന്നെവരാണോ..?? ''

www.kkstories.com

ഡോറിന് അടുത്തു നിന്ന് ഞങ്ങളെ നോക്കുന്ന മാഗിയെ കണ്ടപ്പോ അവൾ എന്നിൽ നിന്നും വിട്ടകന്നു.. പെട്ടെന്ന് പെണ്ണിന്റ മുഖത്ത് രക്തം ഇരച്ചു കേറി ആകെ ചുവന്നു തുടുത്ത്

"" കേറി പോര് വലിയ രീതിയിൽ ഉള്ള റൊമാൻസിലേക്ക് കടന്നിട്ടില്ല ഞങ്ങൾ.. വാ.. ""

ചമ്മി നിൽക്കുന്ന ആമിയെ നോക്കി യാണ് ഞാൻ അത് പറഞ്ഞത് , അതിനുടനെ അവളുടെ കണ്ണുരുട്ടലും കൈയിൽ ഒരടിയും കൂടെയായപ്പോ പൂർത്തിയായി. ഒരു ചിരിയും സമ്മാനിച്ചു മാഗി അകത്തേക്ക് കേറി പിന്നെ ഓഫീസിലെ കാര്യങ്ങളിൽ ആയി ഞങ്ങളുടെ ചർച്ച.. ഞാൻ ഇല്ലാത്തത് കൊണ്ട് രണ്ടു പ്രൊജക്റ്റ് നഷ്ടപെട്ടെന്നും ഓഫീസിൽ നിന്നും ഹൈലി പ്രഷർ ആണെന്നും പറഞ്ഞു.. ഞാൻ ഓഫീസിലേക്ക് വിളിച്ചു മൂന്ന് ദിവസത്തിനുള്ളിൽ എത്തുമെന്ന് പറഞ്ഞു ,, ആമിക് ഇപ്പോ വലിയ കുഴപ്പം ഇല്ല.. കാലിലെ പ്ലാസ്റ്റർ അഴിച്ചാൽ അവൾ ഒക്കെയാണ്..

www.kkstories.com

©©©©

അവളെ ഇന്നലെ ഡിസ്റ്റർജ് ചെയ്തു.. രണ്ടുദിവസം കഴിഞ്ഞാൽ .അവൾക്കു ക്ലാസ്സിലും പോയി തുടങ്ങാം.. അതിന് മുൻപ് അവൾക്ക് കുറച്ച് ഷോപ്പിംഗ് ചെയ്യണം, വലിയ വലിയ ടീംസ്സ് വരുന്ന കോളേജ് അല്ലെ അപ്പൊ നമ്മളായിട്ട് കുറക്കണ്ട.. ഞാൻ ഇന്ന് മുതൽ ഓഫീസിൽ പോകും.. അങ്ങനെ പോകാൻ ഒരുങ്ങി നിൽകുമ്പോളാണ് അവളും വരുന്നു എന്നും പറഞ്ഞു ഒറ്റകലിൽ നിൽക്കാൻ തുടങ്ങിയത്.. പിന്നെ മാഗിയും പറഞ്ഞു ഇവൾ ഇവിടെ ഒറ്റക്കല്ലേടാ പോന്നോട്ടെന്ന് പോരാത്തതിന് കല്യാണം കഴിഞ്ഞ കാര്യം ഓഫീസിൽ ആർക്കും ഇതുവരെയായി അറിയില്ല. അതങ്ങ് പോളികുവേം ചെയ്യാം.. ഞാനും നോക്കിയപ്പോ അതാ നല്ലതെന്ന് തോന്നി.

www.kkstories.com

"" ഏതായാലും ഇവളും കൂടെ വന്നത് നന്നായി..;; ""

കാർ ഡ്രൈവ് ചെയ്യുന്നതിനിടയിൽ എന്നെ ഒന്ന് പാളി നോക്കിയാണ് മാഗി സംസാരിച്ചു തുടങ്ങുന്നത് അതിന് എന്തെ... എന്ന് ചോദിച്ചപ്പോ

'" അല്ല ഓഫീസിലെ ഹാൻഡ്സോം ഗായ് അർജുൻ വിശ്വനാഥൻ വിവാഹിതൻ ആയി എന്നറിയുമ്പോൾ അവിടെ പലർക്കും ഇന്ന് പലതും സംഭവിക്കാം.. ""

www.kkstories.com

ഇത്രേം പറഞ്ഞവസാനിപ്പിച്ച് അവൾ ഒരു കണ്ണിറുക്കി എന്നെയൊന്നു പാളി നോക്കി.. ഞാൻ തിരിഞ്ഞു ബാക്കിലെ സീറ്റിലേക്കും..

കാര്യം അവിടെ ചിലർക്കൊക്കെ എന്നെയൊരു നോട്ടം ഇല്ലാത്തിലാ, എന്നാൽ എന്റെ ഉള്ളിൽ എന്നും ഒരു നാട്ടിൻപുറത്തുകാരിയായിരുന്നു ഉള്ളത്.. പിന്നെ അവള് പറഞ്ഞത് മുഴുവൻ സത്യവൊന്നും അല്ല എന്നെക്കാളും നല്ല ബോയ്സ് അവിടെ ഉണ്ട്., പിന്നെ എന്റെ ക്യാരക്ടർ ന്റെ ആയിരികാം ആളുകൾക്ക് ഇഷ്ടം.

ഹൊ ഭാഗ്യം ദൈവം എന്റെ കുടെയാ അവള് വെളിയിലേക്ക് നോക്കി കാഴ്ചകൾ കാണുന്നു ഒന്നും കെട്ടില്ലെന്ന് തോന്നുന്നു, എന്നിൽ നിന്നും ഒരു ദീർഘനിശ്വാസം ഉയർന്നു

അതിനു മാഗിയെ നോക്കി 'കേട്ടില്ല പൊടി കോപ്പേ എന്ന് ചുണ്ടനക്കിയതും

"' പറഞ്ഞതെല്ലാം ഞാൻ കേട്ടു... എനിക്ക് ചെവിക്കൊരു കുഴപ്പോം ഇല്ലന്നെ..""

പുറകിൽ നിന്നും അവളുടെ ശബ്ദം വീണപ്പോ ഞാൻ ഒന്നിനും പോയില്ല ,, അപ്പോളും വെളിയിലേക്ക് നോക്കി കാഴ്ചകൾ കാണുകയാണ് പെണ്ണ്, ഓഫീസിലെ പാർക്കിംഗ് ൽ വണ്ടി നിർത്തുന്ന വരെ വണ്ടിയിൽ എ ർ റഹ്മാന്റെ പാട്ടുകൾ അല്ലാതെ വേറെ ഒന്നും തന്നെ മിണ്ടില്ല..

www.kkstories.com

"" എടി ഒന്ന് നിന്നെ... ""

മാഗിക്ക് ഒപ്പം നടക്കുന്ന അവളെ പുറകിൽ നിന്നും കൈയിൽ പിടിച്ച് നിർത്തി

""" ദേവസേനെ പെൺകൾ മീത് കൈവച്ചാൽ വെട്ടി എറിയറുതു വിരലുകൾ അല്ലെയ്.. തലയാണ് ധിഷും.... ""

www.kkstories.com

ന്നും പറഞ്ഞു എന്റെ പെടലിക്കെട്ട് ഒറ്റ വെട്ട്. അമ്മോ.. ന്നും വിളിച്ചു ഞാൻ നിന്നിടത്തു നിന്നും ചാടി.. ആമി വെപ്രാളപെട്ട് എന്നെ അശ്വിസിപ്പിക്കുമ്പോൾ.. മതിയെടാ പന്നി നിന്റെ ഓവർ ആക്ടിങ് എന്നും പറഞ്ഞു ന്നെ അടിച്ച കൈ ജയന്റെ മാതിരി ഒഴിയുന്നു..

അതിന് തിരിച്ചു ആമിയുടെ മുഖത്തേക്ക് നോക്കി

"" ദേവസേനെ വിരലുകൾ നാല് തിരിച്ചുപിടിച്ചു ഒറ്റ ഇടി ദാ.. ഇതുപോലെ... 'എയ്യ്...' ""

എനിക്ക് കിട്ടിയ അതെ ഫോഴ്സിൽ തിരിച്ചു അവളുടെ പെടലിക്കെട്ട് ഒന്ന് പൊട്ടിക്കുമ്പോൾ അവളും പെടലിയും തടവി നിൽപ്പായി അതോടെ ആമി ചക്രവ്യൂഹത്തിൽപ്പെട്ട അഭിമന്യുനെ പോലെയായി..

www.kkstories.com

"" നിന്നെ ഇന്ന് ഞാൻ കൊല്ലുട കുരുത്തം കെട്ടവനെ. ""

ക്രോണിക് ബാച്ചിലർ മൂവിയിലെ കള്ളുകുടിയന്റെ ഡയലോഗ് കൊണ്ട് അവൾ എന്റെ കഴുത്തിൽ പിടിക്കാൻ വന്നപ്പോ അതിന്റെ ബാക്കി ഡയലോഗ് കൊണ്ട് ഞാൻ അവളുടെ കഴുത്തിലും പിടുത്തമിട്ടു

"" നിന്നെ ജീവനോടെ പുരുഷ കമ്മീഷനിൽ ഹാജരാക്കൂടി അലവലാതി... ""

""ഹോ ഒന്ന് നിർത്തുന്നുണ്ടോ രണ്ടും.. ""

www.kkstories.com

ഞങ്ങൾ പരസ്പരം ഒന്ന് നോക്കി കൈകൾ പിൻവലിച്ചു.

"" ഇങ്ങനെ ഉണ്ടോ രണ്ടെണ്ണം ഇപ്പോ നോക്കിയാലും അടി.. ഇത് കൊച്ച് കുട്ട്യേളെക്കാളും കഷ്ടാ,""

കുറച്ച് നേരം പരസ്പരം നോക്കി നിന്നു..ഇത് ഇവിടെ ഇടക്ക് നടക്കുന്നതായതിനാൽ അവിടെ ഉള്ളുവർ ഇവനൊക്കെ ഇത് നിർത്താറായില്ലേ എന്നൊരു ലൂക്കും ഇട്ട് പോകുന്നു

www.kkstories.com

©©©©©©

"" നീ നേരെ മാഗിക്ക് ഒപ്പം അവളുടെ കേബിനിലേക്ക് പോയാൽ മതി.. ഞാൻ അങ്ങോട്ടേക്ക് വന്നോളാം.. ഒക്കെ.. ഒക്കെയാല്ലെടി.. ""

എന്ന് പറഞ്ഞു മാഗിയുടെ അനുവാദം കിട്ടിയപ്പോ ഞാൻ തിരിഞ്ഞു നടന്നു.. പുറത്തുള്ള കടയിൽ കേറി കുറച്ച് സ്വീറ്റ്സ് വാങ്ങി തിരികെ ഓഫീസിൽ കേറുമ്പോളാണ് മാഗിയുടെ കൂടെ അകത്തേക്ക് കേറാതെ നിൽക്കുന്ന ആമിയെ കാണുന്നത്..

www.kkstories.com

"" എന്താടി നിങ്ങള് ഇതുവരെ അകത്തേക്ക് കേറില്ലേ..""

അവരുടെ അടുക്കലേക്ക് ചുവടുകൾ വൈകുന്നതിന്റെ കൂടെ ഞാൻ അത് ചോദിച്ചതും

"" നിന്റെ പെമ്പ്രന്നോത്തിക്ക് പേടിയാണെന്ന്.. അതോണ്ട് അകത്തേക്ക് വരണില്ലന്ന്... ""

www.kkstories.com

ആമിയെ നോക്കി കണ്ണുരുട്ടുന്ന മാഗി അവളെ പിടിച്ച് വലിച്ചു

"" നിന്റെ പേടി ഞാൻ ഇന്ന് തീർത്തു തരാം.. ഇങ്ങോട്ട് വാടി ഒണക്ക കമ്പേ... ""

അഗനവാടിയിൽ പിള്ളേരെ കൊണ്ട് പോകുന്ന പോലത്തെ പോക്കും നോക്കി ഒരു ചിരിയോടെ അവർക്ക് പിന്നാലെ ചുവടുകൾ വെച്ചു..

അവളെ മാഗി അവളുടെ സീറ്റ് ലേക്ക് കൊണ്ട് പോയി അതോടെ ഞാൻ MD യെ കാണാനും

www.kkstories.com

" മാഡം മെ ഐ... ""

"" അല്ലിതാര്.. എന്തുപറ്റി ഇങ്ങോട്ടൊക്കെ വരാൻ .. പുറത്തേക്ക് വല്ലോം ഇറങ്ങിയ കുട്ടത്തിൽ വഴി മാറി കേറിയതാണോ... """

ലീവ്നു പുറമെ ലീവ് എടുത്തതിനുള്ള അമർഷമാണ്. അതിനു നന്നായി തന്നെ ഞാൻ ഇളിച്ചു അകത്തേക്ക് പൂർണമായി കേറി.

www.kkstories.com

"" അതുപ്പിന്നെ മാഡം... എന്റെ കല്യാണം ഒക്കെയായായിരുന്നു അതെല്ലാം വന്നപ്പോ പറ്റിപോയത . ""

ഞാൻ എന്റെ സത്യാവസ്ഥ മനസ്സിലാക്കി കൊടുകുവെന്നോണം പറഞ്ഞു മുഴുവപ്പിക്കലും അവിടെ ഒരു ഞെട്ടൽ.. കണ്ണുകൾ അനുസരണയില്ലാതെ ആ ക്യാബിൻ മുഴുവൻ പരത്തി നടന്നു, കണ്ണുകൾ എന്തിനുവേണ്ടി പെടക്കുന്ന പോലെ,ആ ഭാവങ്ങൾ പെട്ടെന്ന് തന്നെ നഷ്ടപ്പെട്ടു

.

"" ഓ കല്യാണമൊക്കെ കഴിഞ്ഞോ.... എങ്കിൽ പിന്നെ കൊച്ചിന്റെ നൂലുകെട്ടൂടെ കഴിഞ്ഞിട്ട് ഇങ്ങോട്ട് എഴുന്നള്ളിയാൽ പോരായിരുന്നോ..""

www.kkstories.com

പൂർവ്വധികം ശക്തിയോടെ അവർ എന്റെ MD ഗായത്രി മേനോൻ നിന്ന് വിറച്ചപ്പോ

എല്ലാം സംയമനമായി കേട്ടുനിന്നു ഉള്ളിൽ ഒരായിരം തെറി വിളിച്ചുകൊണ്ടു ..

"" മാഡം ഞാൻ പറഞ്ഞല്ലോ..പെട്ടെന്ന് ഉണ്ടായ ഒരു മാരേജ് ആണ്... ഞാൻ പോലും ഏറെ വൈകിയാണ് അറിഞ്ഞത്,. സൊ പ്ലീസ് മാഡം.. ""

www.kkstories.com

ഞാൻ കാര്യങ്ങൾ ഏകദേശം വിശദീകരിച്ചു, ഇപ്പൊ ചെറിയ ഒരയവുവന്നപോലെ എന്നാലും മുഖത്തെ ഇരുളിച്ച അങ്ങോട്ട് മാറീട്ടില്ല

"" സീ അർജുൻ, എനിക്ക് മനസിലാകും അവസ്ഥ എന്നാൽ എനിക്ക് മുകളിൽ നിന്നുള്ള പ്രഷർ കൂടുതലാണ് പിന്നെ താൻഇല്ലാത്ത കാരണം ഒരുപാട് ആഡ് നമ്മുക്ക് മിസ്സ് ആയി.,,

ഏതായാലും താൻ വന്നല്ലോ.. ഇനി ഉടനെയൊന്നും ലീവ് പ്രതീക്ഷിക്കണ്ട... ""

ഒരുപാട് നേരത്തെ കലപിലക്കു ശേഷം അവരൊന്നു തണുത്തു, പിന്നീട് കാര്യങ്ങൾ ശാന്തമായി പറഞ്ഞു മനസിലാക്കി തന്നു.

www.kkstories.com

"" വേണ്ട മാഡം ഉടനെയൊന്നും വേണ്ട നാളെ മാത്രം മതി ലീവ്.. ""

എന്ന് എന്നെകൊണ്ട് പറ്റാവുന്ന അത്രേം ദയനീയത മുഖത്ത് കുത്തിനിറച്ചു അതുകുടെ കേട്ടത്തോടെ ഗായത്രി മാഡത്തിന്റെ മുഖം ആകെ വലിഞ്ഞു മുറുകി..

"" മനസിലായി മാഡം... എല്ലാം മനസിലായി, എങ്കിൽ നാളെ രാവിലെ പത്തര ആകുമ്പോൾ വന്നാൽ കുഴപൊണ്ടോ.. ""

www.kkstories.com

"" മ്മ് ആരെകാണാനാ...?? ""

കൈയിൽ ഇട്ട് കറക്കികൊണ്ടിരിക്കുന്ന പേന താടിയിൽ ക്രമദീതമായി തട്ടികളിച്ചായിരുന്നു മറുച്ചോദിയം

"" കാണാനല്ല!! വൈഫിനെ ഇവിടെ ××××××× കോളേജിൽ ചേർക്കനാ..

ലോ....അതാ വൈഫ്.. ""

www.kkstories.com

ഇരുന്നടത്തുനിന്നും എണ്ണിറ്റ് എത്തി മാഗിക്കൊപ്പം നിന്ന് മാഗിയുടെ കൈയിൽ ഇരിക്കുന്ന ഫോണിൽ നോക്കി നിൽക്കുന്ന പെണ്ണിന്റെ നേരെ ഞാൻ കൈ ചൂണ്ടി. എന്റെ കൈകളെ പിന്തുടർന്ന് ഗായത്രിയുടെ കണ്ണുകളും,, ഓഫീസിലെ ഉടനീളം ആളുകൾ അവളെ നോക്കുന്നുണ്ട്, എന്താ ഇവൾ...

ഇവൾ ആരുടെ കൂടെ വന്നു.. എന്നൊക്കെയുള്ള സംശയത്തിന്റെ കണ്ണുകളും സുന്ദരിയായ ഒരു പെൺകുട്ടിയെ കണ്ടതിലുള്ള ആകാംഷ അവിടുത്തെ ആളുകളിലും ഉണ്ട്.. എന്നാൽ പെണ്ണ് മാഗിയുടെ ഫോണിലേക്ക് കുമ്പിട്ടിരിപ്പാണ്,, അപ്പോളാണ് അവൾ തിരിയുന്നത് അപ്പോളേക്കും പല കണ്ണുകളും അവളിൽ നിന്നും വിട്ടകന്നു അതിനു കരണം അവളുടെ സീമന്ത രേഖയിൽ ചുവപ്പിനാൽ ആവരണം ചെയ്ത കുങ്കുമയിരുന്നു,

എന്നാലും ഈ പെണ്ണെതാ.. എന്നൊരു സംസാരം അവിടെ ഇല്ലേ ഉണ്ടാവും.. ഉണ്ടാവണമല്ലോ..

ഉടനെ തന്റെ മേശപ്പുറത്തിരുന്ന ഗായത്രിയുടെ ലാൻഡ് ഫോൺ # ൽ കുത്തി കണക്ട് ചെയ്തു. എന്തോ പറഞ്ഞു തിരികെ വെച്ചു എന്നെ നോക്കി,, എന്തോ ആ മുഖം ഇപ്പോളും തെളിഞ്ഞിട്ടില്ല, ഞാൻ അത് കാര്യമാക്കാൻ പോയില്ല.

"" എന്തൊക്കെയുണ്ട് മാഡം വിശേഷം.. സുഖയിരിക്കുന്നോ... ""

www.kkstories.com

"" ഓ നമ്മക്കൊക്കെ എന്തോന്ന് സുഖം.., നിങ്ങൾക്കല്ലേ സുഖം.,

അല്ലേലും നമ്മളാഗ്രഹിക്കുന്നത് കിട്ടണമെന്നിലല്ലല്ലോ!!. """

"" എന്താ മാഡം പറഞ്ഞെ...? "

അവർ എന്നെ ഒന്നാക്കി, മുഖത്തു ഒരു പുച്ഛച്ചിരിയും ചിരിച്ചു ഞാൻ ചോദിച്ചപ്പോ

www.kkstories.com

"" ഒന്നുല്ലടോ,, ഞാൻ എന്റെ ഒരു കാര്യാവോർത്തത,, അഹ് വരു മാഗി.. ""

എന്തോ ഓർത്തെടുക്കുവാന്നോണം പറഞ്ഞുതുടങ്ങിയ വാചകങ്ങൾ ഡോറിലെ മുരടനക്കത്തിൽ അവർക്ക് നഷ്ടമായി,, പെട്ടെന്ന് മുഖത്തൊരു പുഞ്ചിരി സെറ്റ് ചെയ്തു,, ആർക്കോ വേണ്ടി.. ഞാൻ ഹാപ്പിയാണ് എന്നറിക്കാൻ എന്നോണം. ഇതിനൊക്കെ ഇപ്പോ എന്താ സംഭവിച്ചേ.. എന്നുള്ള ഒരു ആശയകുഴപ്പത്തിൽ ആയിരുന്നു ഞാൻ

"" വാടോ!! അവിടെതന്നെ നില്കാതെ..""

മാഗി അകത്തേക്ക് കയറിയപ്പോ തന്നേക്കൂടെ ചേർത്തണോ ഇവര് അകത്തേക്ക് വിളിച്ചതെന്നറിയാതെ ഡോറിന്റെ അടുത്തുനിന്നു എന്നെതന്നെ നോക്കുന്ന അവളോട് ഗായത്രി മാഡം സംസാരിച്ചപ്പോ.. കണ്ണുകൾ എന്നിലേക്ക് തന്നെ ശ്രദ്ധ കേന്ദ്രികരിച്ചു എന്നോട് ചേർന്നുവന്നു നിന്നു..

www.kkstories.com

"" എന്റെ മാഗി ഇവനോ വിവരം ഇല്ല എന്നാൽ നിനക്കെങ്കിലും കാണുന്നു കരുതി... ""

എന്നെ ഒന്നു പാളി നോക്കുന്ന കുട്ടത്തിൽ മാഗിക്ക് നേരെ ചോദ്യം, അതിപ്പോ ന്താ ഇണ്ടായേ.. എന്നൊരു മുഖഭാവത്തോടെ എന്നെയും ഗായത്രിയെയും മാറി മാറി നോക്കിയവൾ.

"" നീ എന്തായാലും ഇവന്റെ മാരേജ് കഴിഞ്ഞകാര്യം അറിയാതെയിരിക്കാൻ സാധ്യതയില്ല,, ""

www.kkstories.com

"" എന്റെ പൊന്ന് ഗായത്രി മാഡം ഇവൻ... ഈ നിക്കണ ഇവൻ, നിഴലുപോലെ കുടെയുണ്ടായിരുന്ന ഈ പരനാറി... ""

പെട്ടെന്ന് ഗായത്രി അമ്പരന്ന് നോക്കുന്നത് കണ്ട് യഥാർത്ഥ സ്വഭാവം പുറത്തുവന്നതിലുള്ള ചമ്മല് ഉള്ളിലൊതുക്കി വാക്കുകൾ നിർത്തുമ്പോൾ സൈഡിൽ നിന്നും ആമിയുടെ കുണുങ്ങിചിരി കേൾക്കാമായിരുന്നു,, അത് കണ്ട് അവളോട് ചിരിക്കരുത് എന്ന് കണ്ണുകൊണ്ട് കാണിച്ചപ്പോ പെണ്ണ് കൈ കൊണ്ട് വാ പൊത്തി എന്റെ കൈയുടെ ഭാഗം വരുന്ന ഷർട്ടിൽ മുഖമോളുപ്പിച്ചു. എന്നൽ അതിനൊന്നും വിലകൊടുക്കാതെ മാഗി

"" സോറി മാഡം പെട്ടെന്നുണ്ടായ ഫിറ്റസ്റ്റ്ക്ഷനിൽ പറഞ്ഞുപോയതാ.. ""

www.kkstories.com

ഗായത്രിയെ നോക്കി ഒരു ഇളിലും എന്നെ പല്ലുകടിച്ചും കാണിച്ചു അവൾ ന്യായികരണങ്ങൾ നിരത്തുന്നത് നിർത്തി

"" ഓക്കേ ഓക്കേ... അല്ല എന്താ തന്റെ പേര്?.. "

മാഗിയിൽ നിന്നും കണ്ണുകൾ വേർപെടുത്തി ആമിക്ക് നേരെ കൊണ്ടുവന്നതും അവള് ചെറുതായി വിറക്കാൻ തുടങ്ങി, അവളെ സമദനിപ്പിക്കണമെന്നോണം അവളുടെ കൈകളിൽ പതിയെ തട്ടി പേരുപറഞ്ഞു കൊടുക്കാൻ പാഞ്ഞതും അവൾ ചെറു ചിരിയോടെ പേര് പറഞ്ഞു..

ഒന്നിൽ പഠിക്കുന്ന കൊച്ചുകുട്ട്യേ അച്ഛൻ സമദനിപ്പിക്കുന്നപോലത്തെ എന്റേം അവളുടെം പ്രവർത്തിയിൽ ഗായത്രി കൗതുകത്തോടെ നോക്കി നിന്നിട്ട് ഒരു ചിരി അവരിലും വിരിഞ്ഞു മാഗി അവളുടെ നിഷ്കളങ്കത കണ്ടിട്ട് കൈയും കെട്ടി നോക്കി ചിരിച്ചോണ്ട് നില്കുന്നു. എനിക്ക് പിന്നെ പണ്ടേ ക്യൂട്ട്നെസ് ഓവർ ലോഡ് ആണല്ലോ... ഏത്.

' ഉങ്ക സ്മൈൽ ക്യൂട്ടയിരിക്കു '

www.kkstories.com

©©©©©©©

"" നിർത്ത് നിർത്ത്... മതി .കുറെയായല്ലോ... രണ്ടും കൂടെ സ്വന്തം കഥ അങ്ങനെ പറഞ്ഞൊപ്പിക്കുവാ അല്ലെ... ""

എന്റെ നെഞ്ചിലായി കിടക്കുന്ന എന്റെ ജീവനെയും ഞങ്ങളുടെ ജീവന്റെ ജീവനെയും ചേർത്ത് പിടിച്ച് മുടിയിൽ തലോടി കഥ പറഞ്ഞ ഞനും എന്റെ നെഞ്ചിൽ കൈവെച്ചു തലയിണ പോലെ കിടക്കണ ആമിയും മുഖമുയർത്തി എന്നെ നോക്കി

"" അതെന്താ മോളെ നി അങ്ങനെ ചോദിച്ചേ...!!

www.kkstories.com

അങ്ങനെ തോന്നിയോ.. ""

"" തോന്നി ശെരിക്കും തോന്നി..!!

ഏതായാലും നിങ്ങളുടെ പ്രണയകഥ കൊള്ളാം... അമ്മക്ക് നേരത്തെ ഈ കുശുമ്പൊക്കെ ഉണ്ടല്ലേ അപ്പേ... ""

"" പിന്നെ... അതെല്ലെടി അപ്പക്ക് അവളെ ഇത്രേം ഇഷ്ടം വരാനുള്ള കരണവും.. ""

"" അയ്യടാ അപ്പയും മോളും എനിക്കെട്ട് നല്ലരീതിയിൽ പണിയുന്നുണ്ടല്ലോ... ""

www.kkstories.com

അതിന് പോട്ടെ ട്ടോ.. എന്ന് മോള് അവളോട് പറഞ്ഞപ്പോ നി പോടീ ന്നും പറഞ്ഞു ഒരടിയും അവൾക്കിട്ട് കൊടുത്തു.

"" മോളെ അപ്പേടേം അമ്മേടേം കഥ അല്ലാട്ടോ ഇത്.. നി പെട്ടെന്ന് പറഞ്ഞപ്പോ കഥക്ക് ഒരു ഫ്ലോ കിട്ടാൻ ഞങ്ങളുടെ പേര് ചേർത്തെന്നെ ഉള്ളൂ..

ഞങ്ങളുടെ കഥയും ആയി സാമാന്യം ബന്ധം മുള്ളതൊഴിച്ചാൽ വേറെ ഒന്നും തന്നെയില്ല,, പിന്നെ മോൾക്ക് ഡൌട്ട് വന്നത് കഥയിലെ ആമിയുടെ ജോലി അമ്മേടെ ജോലി ഒക്കെയല്ലേ.. അപ്പൊ അപ്പേടെ ജോലിയോ അപ്പ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലിനോക്കുവല്ലേ.. അല്ലാതെ മോഡൽ ഒന്നുല്ലല്ലോ. പിന്നെ അമ്മേടേം അപ്പേടേം അച്ഛനും അമ്മയ്ക്കും അതിലെ സ്വഭാവമാണോ ഒന്നുമല്ലാലോ.

വലിയച്ഛനും ചിറ്റക്കും ഏകദേശം ആ സ്വഭാവമാ അല്ലേടി ആമി.... """

www.kkstories.com

അതിനവൾ പതിഞ്ഞ സ്വരത്തിൽ ഒന്നുമൂളി,,

"" അതാ അപ്പ പറഞ്ഞെ... മനസ്സിലായോ എന്റെ മണ്ടചാർക്ക്.. ""

""മനസിലായെ....."" എന്നെയും ആമിയെയും ആ കുഞ്ഞി കൈകൾ കെട്ടിവരിഞ്ഞു

"" ഇനി കഥയൊക്കെ പിന്നെ!! മോള് ഉറങ്ങിക്കോ... ""

അവളേം പുതപ്പിച്ചു അങ്ങനെ കിടന്നു.,ഉള്ളിൽ ഒരായിരം വേദനയോടെ..

www.kkstories.com

ആമി എന്റെ മുഖത്തേക്ക് ഒന്നുനോക്കി,, ആ കണ്ണുകളിൽ പ്രതിഭലിക്കുന്ന തിരയിളക്കം നിക്ക് അറിയാൻ കഴിയും.. ആ കണ്ണിലെ നനവെനിക്ക് ഒപ്പിയെടുക്കാൻ കഴിയില്ല ,,, അതിനുള്ള അവകാശമേനിക്കു ഈ സന്ദർഭത്തിനാകില്ല, എന്റെ നെഞ്ചിൽ കൊടുമ്പ്ര മുഴക്കുന്ന തീ അവളാറിഞ്ഞിട്ടാകാം എന്റെ നെഞ്ചിൽ അവളുടെ കൈകൾ തഴുകിയിറങ്ങിയത്

എന്തിനായിരുന്നു എല്ലാം.. എന്തിനായിരുന്നു എല്ലാരിലും നിന്നുള്ള ഈ ഒളിച്ചോട്ടം.. പ്രിയപെട്ടവരായിരുന്നില്ലേ എല്ലാരും.. തങ്ങളെ സ്നേഹിച്ചവർ ആയിരുന്നില്ലെ. എന്തിനായിരുന്നു.. അതെ അങ്ങനെ വേണ്ടി വന്നു ഞങ്ങൾക്ക്. അല്ലായിരുന്നു എങ്കിൽ ചിലപ്പോ..., ജീവിതത്തിൽ നമ്മളാഗ്രഹിക്കുന്ന പോലെ നടക്കണം എന്ന് പറഞ്ഞു വാശിപിടിക്കാൻ നമ്മക്കാവില്ലലോ.. ല്ലെ.. എന്തിനായിരുന്നു അവളോടാ കള്ളം പറയണ്ട വന്നത്....!!!"

"" മോളെ എടി.. ""

ഉറങ്ങാൻ കിടന്ന കൊച്ചിനെ തട്ടി വിളിച്ചെണ്ണിപ്പിക്കുന്ന അവളെ ഞാൻ ആശ്ചര്യത്തോടെ നോക്കി, ഇവളുകിതെന്തു വട്ടാ..

"" ന്താ ന്റെ ഡോക്ടറെ... ""

www.kkstories.com

മീനു കാല് ആമിയുടെ മെത്തേക്ക് പൂർണ്ണമായി കെറ്റിവെച്ചു മുറുക്കെ കെട്ടിപിടിച്ചു, അവളതുടനെ തട്ടി മാറ്റി..

"" ഒന്നാതെ ചൂടെടുക്കുന്നു,, അന്നേരമാ പെണ്ണ് കൊഞ്ചാൻ വന്നേക്കുന്നത് മറങ്ങ്ട്.. ""

"" നീ മാറേണ്ടടി... അങ്ങനെ കിടന്നോ ഇവള് ഇവിടെ കിടന്ന് ചൂടെടുത്തു പഴുക്കട്ടെ.. ""

ഞാനും ഒട്ടും വിട്ടുകൊടുത്തില്ല അഹ് ഹാ..

www.kkstories.com

"" ഓ നിങ്ങള് കൂടുതല് സംസാരിക്കേണ്ട.. എടി മീനു... ""

എന്നെ കിടന്നേടത് നിന്ന് തലപൊക്കിനോക്കി മീനുനെ തട്ടി വിളിച്ചു

അവൾ മ്മ് എന്നും പറഞ്ഞു കൈമുട്ടിൽ കുത്തി ഞങ്ങളെ നോക്കി

"" എടി നിന്റെ അപ്പ നിന്നോട് പറഞ്ഞ കഥയില്ലെ .. അത് ഞങ്ങളുടെ കഥ തന്നെയാ.. പിന്നെ... കുറച്ചൊക്കെ ഇയാള് കൈയിന്ന് ഇട്ടതാ.. ""

www.kkstories.com

പൊളിഞ്ഞു.. എല്ലാം പൊളിഞ്ഞു,, ഇക്കണ്ട കള്ളമെല്ലാം പറഞ്ഞൊപ്പിച്ചിട്ട് എല്ലാം ഇല്ലാണ്ടായി.. അവളുടെ അപ്പ ഒരു കോഴിയായിരുന്നു എന്നറിയിക്കാതെ ഇരിക്കാനാ ഞാൻ അങ്ങനെ ഒരു കള്ളം പറഞ്ഞത്

സൊ.. സത്യം അവൾ മനസിലാക്കിയിരിക്കുന്നു.. ഐ ആം ട്രാപ്പ്ഡ്...

"" ഇയാളോ...?? ""

ഞാൻ കണ്ണുമിഴിച്ചു.. ഇതെന്താ ഇപ്പൊ കഥ

"" അത്... അതാ ഫ്ലോയിക്ക് വന്നോയതാ.. ""

www.kkstories.com

അവളത്തിന് നല്ല വെളുക്കണേ ഒന്ന് ചിരിച്ചു..

"" മതി രണ്ടും.. എനിക്ക് അത് നേരത്തെ മനസിലായതാ... ഇതെവിടെ വരെ പോകൂന്ന് നോക്കിയല്ലേ.. എന്റെ അപ്പ ഒരു കോഴിയാണെന്ന് അമ്മ പറഞ്ഞു തന്നു വേണോ ഞാൻ അറിയാൻ.. അതൊക്കെ അച്ഛമ്മ ഒരുപാട് പറഞ്ഞു കേട്ടിട്ടുണ്ട്... ""

അഹ്.. ഇപ്പൊ എങ്ങനെ ഇരിക്കണ്.. പരട്ട തള്ള ... ഒരു കോച്ചായിട്ട് പോലും എന്നെ വെറുതെ വിടില്ലലോ.. ആരുടെ എങ്കിലും മുന്നിൽ നാണം കെടുത്തിയാലേ അവർക്ക് സമാധാനം ആകുന്നു തോന്നുന്നു.. ഞാൻ ചമ്മി അയ്യേ.. ഇനി കൊച്ചിന്റെ മുഖത്ത് എങ്ങനെ നോക്കും.. ആമി ചിരിയോടെ ചിരി..

www.kkstories.com

"" അഹ്, അത് പോട്ടെ ബാക്കി പറ.. എന്തിന് അപ്പ ജോലി ഉപേക്ഷിച്ചു..,, അല്ല അതെല്ലാം അറിയുന്നതിന് മുൻപ് എനിക്ക് മാഗിയാന്റിയെ കുറിച്ചറിയണം ... ഞാൻ കണ്ടിട്ടില്ലാലോ ആന്റിയെ.... ""

"" ഒന്നുല്ല കിടന്നുറങ്ങാൻ നോക്ക് ... ബാക്കിയൊക്കെ നാളെ.. ""

അതങ്ങനെ നൽകുന്നതാണ് നല്ലത്, ഒരു പക്ഷെ അന്ന് അവൾ കാരണമാണോ ഇന്ന് ഇവിടെ എല്ലാരേം ഉപേക്ഷിച്ചു കഴിഞ്ഞ നാലു കൊല്ലമായി ജീവിക്കണ്ട വന്നത്.., അവളോടുള്ള ഇഷ്ടമല്ലേ ഞങ്ങളെ ഇവിടെ പിടിച്ച് നിർത്തിയത് അതെ ഈ ഫ്ലാറ്റ്.. ഈ അന്തരീക്ഷം, അതിനെല്ലാം പുറമെ അവൾ പറഞ്ഞ വാക്കുകൾ...

എന്തിനാണ് പഴയത് എല്ലാം ഇനിയും ഓർക്കുന്നത് മറന്ന് കള.. ന്ന് ആരോ ഉള്ളിൽ നിന്നും പറയുന്ന പോലെ..

അങ്ങനെ എന്തൊക്കെയോ ചിന്തിച്ചു കണക്കുകൂട്ടി എപ്പോളോ ഉറങ്ങിപ്പോയി,

www.kkstories.com

രാവിലെ മുഖത്തിന് മേലെ വീണ വെള്ളത്തുള്ളികൾ ആണ് എന്നെ നിദ്രയിൽ നിന്നും വിളിച്ചുണർത്തിയത് കണ്ണുകൾ തുറക്കുമ്പോൾ കണ്ണാടിക്ക് മുന്നിൽ നിന്ന് മുടി കൊതുന്ന ആമിയെയാണ്..

"" നീ ഇതെങ്ങോട്ടാ ഇത്രേം രാവിലെ.. ""

മൂരിനിവർന്നെണ്ണിറ്റ് പുതപ്പു പോലും മാറ്റാതെ ആ കട്ടിലിൽ ഇരുന്നു..

"" ഇത്രേം രാവിലെയോ സമയം 9 ആയി.. നിങ്ങൾക്ക് ബോധം ഇല്ലെന്ന് വെച്ച്.. ""

www.kkstories.com

"" അല്ല അതിനിപ്പോ എന്താ.. ഇന്ന് നീ ലീവ് അല്ലെ.. ""

"" ആണ് അതുകൊണ്ട്... നേരത്തെ എണ്ണിക്കാൻ പാടില്ലെന്ന് ഉണ്ടോ..?? ""

മൈര്..... രാവിലെ വെറുതെ ചോദിച്ചു വാങ്ങി,,

ബെഡിൽ ഞാൻ മാത്രമേ ഉള്ളൂ.. കൊച്ചേവിടെ പോയി...

www.kkstories.com

"" അവളവളുടെ റൂമിൽ പോയി..., ഫ്രഷ് ആവാൻ.. ""

"" എടി ഇന്നലെ എന്തൊപോലെയായിരുന്നു എനിക്ക്... നേരെചൊവ്വേ ഉറങ്ങാൻ കുടി കഴിഞ്ഞില്ല... ""

"" മ്മ്....

എന്തോപ്പറ്റി നിങ്ങടെ മുട്ടിൽ മൂട്ട കടിച്ചോ.. ഉറങ്ങാതിരിക്കാൻ.. ""

www.kkstories.com

അസ്ഥാനത്തുള്ള ആ കോമഡി എനിക്ക് അങ്ങോട്ട് സുഖിച്ചില്ല, ഒരാള് ഒരു കാര്യം പറയുമ്പോൾ ഇട്ടേളക്കാൻ നിൽക്കരുത്.,

"" അല്ല നിന്റെ തന്തേടെ രണ്ടാം കെട്ടിന് പെണ്ണിനെ എവിടുന്ന് കണ്ടെത്തുവെന്നോർത്ത് കിടക്കുവാരുന്നു.. ""

"" ദേ മനുഷ്യാ എന്റെ അച്ഛനെ പറഞ്ഞാലുണ്ടല്ലോ... ""

www.kkstories.com

"" ആഹാ ഹാ കൈ ചൂണ്ടുന്നോടി ,,

ഊപ്പ ഡോക്ടറെ.. ""

അവളെ പിടിക്കാൻ കൈ അടുക്കലേക്ക് കൊണ്ട് വന്നതേ പെണ്ണ് എന്റെ കൈയിൽ പിടിച്ചൊറ്റക്കടി

""" എടി. വിട്.. ഹാ... കടിക്കല്ലേ..,, നൊന്താ...നൊന്തൽ. അറിയാല്ലോ. എന്റെ സ്വഭാവം.. ""

"" പിന്നെ ഇയ്യാള് ആര്... കൊച്ചിരാജാവിലെ സൂര്യ നാരായണ വർമ്മയോ.!,

ദേഹം നൊന്താൽ സ്വഭാവം മാറാൻ പോടോ. ഹേ...!! .. ""

www.kkstories.com

വീണ്ടും പുച്ഛം.. പുച്ഛങ്ങൾ ഏറ്റുവാങ്ങാൻ എന്റെ ജീവിതമിനിയും ബാക്കി..

പിന്നെ മീനു വന്നാണ് എന്നെ രക്ഷിച്ചത്.. ഇല്ലേൽ കാണായിരുന്നു ഞാൻ ടെറർ ആകുന്നത്,, അല്ലപിന്നെ,

ഞങ്ങൾ വീട്ടിൽ നിന്നും ഇറങ്ങി എല്ലാടത്തുംമോന്ന് കറങ്ങി പിന്നെ ബീച്ചിലേക്ക്.. കാരണം ഈ കണ്ട സമയമെല്ലാം അവൾ കഥ..കഥ.. ന്ന് പറഞ്ഞുള്ള നടപ്പായിരുന്നു, പച്ചക്കുതിര സിനിമയിലെ ദിലീപ് നടക്കില്ലേ.. ഫുഡ്... ഫുഡ്... അത് തന്നെ..

==========

www.kkstories.com

"" അതെന്താ അനാമികക്ക് ഒറ്റക്ക് പേര് പറയാൻ അറിയില്ലേ.. ""

കൈയിലിരുന്ന പേന അനുസരണയില്ലാതെ കറക്കിയാണ് ഗായത്രി അവളുടെ മറുപടിക്ക് കാത്തിരുന്നത്, അതിന് എന്റെ മുഖത്തേക്ക് ഒന്ന് നോക്കിയവൾ

"" അറിയാം.. ""

"" പിന്നെന്താ പേടിയാണോ ഞങ്ങളെ ല്ലാം.. ""

www.kkstories.com

അതിനവൾ ഒന്ന് ചിരിച്ചു.. അവളുടെ ആ ചിരികണ്ടിട്ടോ ന്തോ ഗായത്രി പിന്നൊന്നും ചോദിച്ചില്ല..,

"" അല്ല അതവിടെ നിൽക്കട്ടെ...

നിങ്ങളുടെ കുട്ടത്തിലെ നാലാമൻ എന്തിയെ, ഒരുവിവരോം ഇല്ലാലോ... ""

കഥയിലേക്ക് ഒരാളെ കൂടെ ഉൾപെടുത്തുന്നുണ്ട്..,,

ന്ന് ഗായത്രി ചോദിച്ചപ്പോളാണ് എനിക്ക് എന്റെ നന്പനെ കുറിച്ചോർമ്മ വന്നത്., ഇടക്ക് ഞാൻ പറഞ്ഞില്ലായിരുന്നോ എന്റെ കല്യാണം അറിഞ്ഞ ഒരാളുണ്ടെന്ന് ആ ആളാണ് ഈ ആള്..!!

www.kkstories.com

"" അവൻ നാട്ടിലല്ലേ മാഡം.. വൺ മന്ത് കഴിഞ്ഞാൽ വരുമല്ലോ... അല്ല അതവൻ ഇവിടെ പറഞ്ഞതുമാണല്ലോ.. അവൻ വരാറും ആയി..'" (മാഗി)

"" അഹ്.. ചോദിച്ചന്നെ ഉള്ളു... ന്നാ നിങ്ങള് ചെല്ല്... ഒരുപാട് ജോലിയുള്ളതല്ലേ.. ""

www.kkstories.com

ഞങ്ങൾ ക്യാമ്പിൻ വിട്ട് പുറത്തേക്കിറങ്ങി, ചുറ്റുമുള്ള കണ്ണുകൾ ഞങ്ങൾക് നേരെ വീണു.. അവൾ എന്റെ കൈയിൽ പേടിച്ചിട്ടെന്ന പോലെ കോർത്തുപിടിച്ചിട്ടുണ്ട്..

മാഗി തന്നെയാണ് അവളെ എല്ലാർക്കും പരിചയപെടുത്തിയത്.. എനിക്ക് കുറച്ചതികം പണിയുണ്ടായിരുന്നു.. അവൾ എന്റെ ക്യാമ്പിനിൽ തന്നെ വേറെ ഒരു ചെയറിൽ ഇരിപ്പുറപ്പിച്ചു.. പിന്നെ അവൾക്കൊരു നൂറുക്കൂട്ടം സംശയങ്ങൾ ആയി..

"" ഇതെന്തുവാ ഏട്ടാ..?? ""

കൈയിൽ പിടിച്ചു അങ്ങോട്ടും ഇങ്ങോട്ടും നിരീക്ഷിക്കുന്നതിനിടക്ക് ഒരു ചോദ്യം.

"" അത് കളർ കോഡ് ബുക്ക് ആണ് മോളെ... ""

www.kkstories.com

അതിലേക്ക് ഒന്നുനോക്കി വീണ്ടും ലാപ്പിലേക്ക് ശ്രദ്ധ കേന്ദ്രികരിച്ചു..

"" അപ്പൊ ഇതോ..?? ""

അതും എന്താണെന്ന് പറഞ്ഞു കൊടുത്ത് വീണ്ടും ലാപ്പിൽ നോക്കി.. ഇടക്കിവൾ വിളിക്കുന്നതുകൊണ്ട് പലതും മിസ്സ്ക്ക് വീഴുന്നുണ്ട്

"" എങ്കിൽ പിന്നെ ഇതെന്താണെന്ന് പറ നോക്കട്ടെ... ""

കൈയിൽ ഇരുന്നതവിടെ വെച്ചു വേറെ എന്തോ സുനാപ്പി എടുത്ത് എന്റെ നേരെ കാണിച്ചു.. ഇനി ഞാൻ അതിന്റെ റിവ്യൂ പറയണം അയിനാണ്

www.kkstories.com

"" അത് നിന്റെ അപ്പന്റെ തല.. അതവിടെ വൈകുന്നുണ്ടോ.. ""

പിന്നെ ഒന്നും മിണ്ടില്ല എന്നെ നോക്കുന്നുകൂടെയില്ല, അതോടെ അവളിരുന്ന ചെയർ കൈകൊണ്ട് കറക്കി എനിക്കഫിമുകമായി ഇരുത്തി,

"" സോറി പെണ്ണെ ഏട്ടൻ തിരക്കയോണ്ടല്ലേ... ""

www.kkstories.com

""മ്മ് ""

"" മോൾക്ക് ബോർ അടിക്കുണ്ടാവും അല്ലെ.. ആ ജിൻസിടെ കൈയിൽ മാഗസിൻ കാണും.. പോയി വാങ്ങിച്ചോ.. ""

ഏത് ജിൻസി , എന്ത് മഗസിൻ ല്ലേ.. ഞാൻ തന്നെ അവളുടെ കൈയിൽ നിന്നും ഒരു വനിത വാങ്ങി കൊടുത്തു ,, കുറെ നേരം അതിൽ നോക്കിയപ്പോ ഞാൻ എന്റെ ഫോണിൽ യൂട്യൂബ് എടുത്തു അവൾക് കൊടുത്തു..

"" ഇത് കൊള്ളാമല്ലേ...!!!

ഓ... ഞാൻ എന്നോട് തന്നെ ചോദിച്ചതാണെ.. ""

www.kkstories.com

അതിൽ ഏതോ ഒരു ഫാമിലി വ്ലോഗ്ഗർ റുടെ പ്രോഗ്രാം കാണിച്ചു പെണ്ണ് എന്നെ നോക്കി പെട്ടെന്ന് കണ്ണുകൾ പിൻവലിച്ചു..

"" അയ്യോടി നീ ന്നെ അങ്ങനെ ഒരു അൺറൊമാന്റിക് ആക്കാതെ...

നോക്കട്ടെ..

ന്നും പറഞ്ഞു അവളുടെ കവിളൊരത്തു കവിളിൽ ചേരുമ്പോൾ അവൾ എന്നെ പാളി നോകുനുണ്ടായിരുന്നു ശ്വാസഗതി വർധിച്ചു, ഞാൻ മൊബൈലിയിൽ നോക്കി അവൾക് നേരെ തിരിയുമ്പോ ഞങ്ങളുടെ ചുണ്ടുകൾ തമ്മിൽ തമ്മിൽ ചേർന്ന്.. പെട്ടെന്ന് ബോധം വീണത് കൊണ്ട് നാറിയില്ല.. ശോ ആരേലും കണ്ടായിരുനെലോ.. പെണ്ണ് നാണംകൊണ്ട് പൂത്തുലഞ്ഞു നിൽക്കുന്നു..

www.kkstories.com

"" ആരും കണ്ടില്ല... ""

ഞാൻ സ്വയം ഒന്ന് വീക്ഷിച്ചു ആരോടെന്നില്ലാതെ പറഞ്ഞു.. എനിക്ക് എന്നെ എങ്കിലും ഒന്ന് സമദനിപ്പിക്കണ്ടേ..

www.kkstories.com

"" ശെരിയാ ആരും കണ്ടില്ല... അല്ലേടാ.. ""

കൂടെ വർക്ക് ചെയുന്ന കുറച്ച് പേര് വന്നു എന്നെ തളിച്ചപ്പോ എനിക്ക് ഏതാണ്ട് തൃപ്തിയായി.. ആമിയാണെകിൽ ഇരുന്നിടത് നിന്ന് മുഖമേ ഉയർത്തുന്നില്ല..

"" അതെ ഇത് നിങ്ങളുടെ റൂമല്ല... അതോർമ്മ വേണോട്ടോ.. ""

www.kkstories.com

എന്നും പറഞ്ഞ് ഞാൻ ഇരിക്കുന്ന ടേബിളിന്റെ അടുത്തായി അവരെല്ലാം ഒത്തുകൂടി..

"" അല്ല മോളെങ്ങനെ ഞങ്ങടെ ചെക്കനെ വളച്ചെടുത്തു..

ഇവിടെ എല്ലാരുടേം റൊമാന്റിക് ഹീറോ അർജുൻ വിശ്വനാഥനെ ങ്ങനെ കറക്കിയെടുത്തുന്നു നങ്ങൾക്കറിയണം.. ""

കുടി നിന്നവരിൽ ഒന്നുരണ്ടുപേർക്ക് ചെറിയ ഒരു നീരസം ഉള്ളതായി തോന്നി..

അതിന്റെ കരണം അറിയാവുന്നത് കൊണ്ട് ഞാൻ അതിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രികരിച്ചില്ല,, ഞാൻ അവരെ നോക്കി അവളിലേക്ക് നോക്കുമ്പോൾ ആമി എന്നെ കണ്ണുകൾ കൂർപ്പിച്ചു നോക്കുന്ന്നുണ്ടായിരുന്നു

www.kkstories.com

"" അങ്ങനെ ഒന്നുല്ല ഗായിസ്,,

അർറേൻജ് മാരേജ് ആയിരുന്നു ഞങ്ങളുടെ.. ""

എന്നെ നോക്കി കണ്ണ് കോർപ്പിക്കുന്ന അവളെ ചേർത്ത് പിടിച്ച് ഞാൻ അത് പറയുമ്പോൾ പെണ്ണോന്ന് ചിരിച്ചു.. അതിന് ഞാൻ അവളുടെ നെറ്റിയിൽ നെറ്റിച്ചേർത്തു ഒരിടിയും കൊടുത്തു

www.kkstories.com

"" ഹാ ന്താ പോസ്സ് പൊളി..""

കുട്ടത്തിലെ ക്യാമറ മാൻ ആയ രാഹുൽ ആ മനോഹരമായ ഫോട്ടോ അവന്റെ ക്യാമെറയിൽ പകർത്തി.. നമ്മുടെ 3 മൂവിയിലെ ധനുഷ് ആൻഡ് ശ്രുതി ഹസ്സൻ ന്റെ ഒരു ഫോട്ടോ ഉണ്ടല്ലോ ഏതാണ്ട് അത് പോലെ.. സംഭവം പൊളിയായിട്ടുണ്ട്.

××××××××××

ങ്ങനെ ഫുടൊക്കെ കഴിച്ചു കഴിഞ്ഞപ്പോളും അവൾ എന്നെ തന്നെ വീക്ഷിക്കുന്നുണ്ടായിരുന്നു,, അല്പനേരം കഴിഞ്ഞു എന്റെ അടുത്തേക്ക് വന്നവളുടെ ഭാവം കണ്ടാലറിയാം നല്ല കലിപ്പിലാ,,

എന്റെ ചെയറിൽ പിടിച്ചു അവൾക്ഭിമുഖമായി നിർത്തി, എളിക്ക് കൈയും കൊടുത്ത് ന്നെ വീക്ഷിക്കുന്ന അവളോട് ഞാൻ എന്തെന്ന് അർത്ഥത്തിൽ പുരികമുയർത്തിയതും

www.kkstories.com

"" ദേ.. ഞാനൊരു കാര്യം പറഞ്ഞേകാം ഈ പെൺപിള്ളേര്ക്ക് നിങ്ങളെ കാണുമ്പോളുള്ള ഈ ഇളക്കമുണ്ടല്ലോ അതെനിക് തീരെ പിടിക്കുന്നില്ല..

അഹ് പിന്നെ ഈ ദേഹത്ത് തൊട്ടുള്ള പരിപാടി.. അത് വേണ്ട...!!! ""

എന്റെ കണ്ണുമിഴിഞ്ഞുപ്പോയി,, ദൈവമേ ഇനിയിവൾ ഷമ്മിയളിയന്റെ ബന്തു വല്ലതും ആണോ..

. "" ന്താടി പെണ്ണെ നിനക്ക്... അവര് സ്നേഹകൊണ്ടല്ലേ... ""

www.kkstories.com

""ന്ന അങ്ങനെയുള്ള സ്നേഹമൊന്നും ഇനി വേണ്ടാ ..ട്ടോ..!! ""

"" അതെന്താടി അങ്ങനെയൊരു ടെല്ലിങ്ങ്...,

മാഗി ന്റെ ദേഹത്തൊക്കെ പിടിക്കണോണ്ടല്ലോ അതിന് നിനക്ക് കുഴപ്പമൊന്നുല്ലേ.. ""

"" എയ്യ് .. അതെന്റെ മാജിയേച്ചിയല്ലേ.. ""

www.kkstories.com

ഓ....ന്ന്.. അപ്പൊ വേറെ ആരും പാടില്ല.. നിന്നെ ഞാൻ കാണിച്ചു തരടി ഉണ്ടാക്കണി..

"" നീ ഒന്ന് ചുമ്മാതെ ഇരുന്നേ ആമി.. അടുത്താഴ്ച ഷൂടുള്ളതാ... ""

"" അതിന് കുഴപ്പൊന്നുല്ല,, അതമ്മടെ ജോലിയല്ലെ..!""

ഓ സമാധാനമായി, അതിന് കുഴപ്പൊന്നുല്ലലോ അത് മതി.. എന്നാ അവളുടെ ഡിമാന്റ് കേട്ടപ്പോ ഞാൻ അറിയാതെ ആയാലും ഒന്ന് വിരണ്ടു..

www.kkstories.com

"" ദേഹത്തു തൊടുന്നുണ്ടേലും കാര്യമായിയൊന്നും തൊടണ്ട.., പിന്നെ ഈ തുണി അഴിച്ചുള്ള ശൂട്ടൊന്നും നമ്മക്ക് വേണ്ടെട്ടാ.. ""

ഇവൾക്ക് ചെറുതൊന്നുമല്ല വലിയ ന്തോ വട്ടാ.. ആല്ലേൽ സ്നേഹം മുത്തു ഭ്രാന്തായതാ.. ന്നാലും പാവാ.. ഒരു പൊട്ടത്തി..

"" തുണിയഴിച്ചു ഷൂട്ട് നടത്താൻ ഞാൻ ന്താ ഷകീല യോ.., ഒന്ന് പോയെടി.., ""

www.kkstories.com

"" ഹാ അങ്ങനെയാണെങ്കിൽ ഞാൻ അച്ഛനോട് പറഞ്ഞോടുക്കും.. ""

" ന്ത്...?? "

"" പലതും...! ""

അവൾ കൈകൾ മാറോടു കുട്ടിയിണച്ചു എന്നെ നോക്കി പുച്ഛച്ചിരി ചിരിച്ചു..

www.kkstories.com

"" നീ..നിന്റെ അച്ഛനോട് പറഞ്ഞോ അതിനിപ്പോ എനിക്കെന്താ.. "'

ഞാൻ തീർത്തും പുച്ഛിച്ചു.. അതുകണ്ടവളുടെ മുഖം വലിഞ്ഞു മുറുകുന്നത് ഞാൻ അറിഞ്ഞു

"" എന്റെ അച്ഛനോടല്ല.. നമ്മടെ അച്ഛനോട് പറയൂന്നാ ഞ്ഞാൻ പറഞ്ഞെ മനസ്സിലായോടാ മണ്ടാ.. ""

www.kkstories.com

പുള്ളി പണ്ടേ ന്നെ തഴഞ്ഞതാ,, അല്ലേലും നമ്മക്കെന്ത് പാട്.. ഇല്ലച്ചാ പൊട്ട് പുല്ല്.. അത്രേ ഉള്ളു..

"" നീ പോയി പറയ് നിക്ക് രണ്ട് ഉണ്ടായാ... ""

അങ്ങനെ പറഞ്ഞപ്പോ ആളുടെ മുഖമൊന്ന് താണു.. ഞാൻ ആ സമയം കൊണ്ടവളുടെ ചെവിക്കു പിടുത്തമിട്ടു

www.kkstories.com

"" ന്തായി പെണ്ണെ നീ വിളിച്ചേ.. ടാ..ന്നോ...!!

നിനക്കെവിടുന്ന് കിട്ടി കുട്ടി ഇത്രേം ധൈര്യം..? ''

"" താമ...യോ.. തമാശക്ക് വിളിച്ചാണെ..

മാഗിയേച്ചി ഓടിവായോ ഈ കാലമാടന്നേന്നെ കൊല്ലുന്നേ... ""

"" കാലമാടൻ നിന്റെ മറ്റവൻ... ""

www.kkstories.com

""ആഹ്ഹ് അതിനോടാ ഞാൻ പറഞ്ഞെ ഹൂ.... ""

അവളലച്ചു കൂവി.. എവിടുന്നോ പാഞ്ഞാടുത്തേക്ക് വരുന്ന മാഗിയെ ഞാൻ കണ്ട്..

"" ന്തോന്നാ രണ്ടും..,,!!

എടാ ന്റെ കൊച്ചിനെ വിടാൻ... എടാ വിടെടാ അവൾക് വേദനിക്കുന്ന്.. ""

അവൾ എന്റെ കൈയിൽ പിടിച്ചു മാറ്റി.. അപ്പോൾ തന്നെ ഒന്നുമറിയാത്ത പൂച്ചയെ പോലെ അവൾ മാഗിയുടെ പുറകെ ഒളിച്ചു..

www.kkstories.com

'"" കണ്ടോച്ചി.. ന്റെ ചെവി പൊന്നാക്കി.. ""

മാഗിയുടെ പുറകെ നിന്ന് അവളോട് എന്റെ കുറ്റം പറഞ്ഞു എന്നെ നോക്കി കൊഞ്ഞനം കുത്തി ഇപ്പോ കിട്ടും. ഇപ്പൊ കിട്ടും ന്നൊരു മുഖഭാവവും..

"" നിയ്യ് കൂടുതല് സംസാരിക്കാതെ..നിനക്കാ പെണ്ണെ രണ്ട് തരണ്ടേ.. പാവമാണെന്ന് വെച്ചിരിക്കുന്ന നമ്മള് മസ്ണ്ടന്മാര്, നീയാ അവനെ ദേഷ്യം പിടിപ്പിച്ചെന്ന് എനിക്കറിയരുതോ..""

www.kkstories.com

എനിക്കെട്ട് കിട്ടുമെന്ന് പ്രതീക്ഷിച്ച അവളുടെ ചെവിയിലെ നല്ലൊരു ശതമാനം മാംസം അവൾ നുള്ളിയെടുത്തു.. അതുകണ്ടു അനന്തം കൊള്ളുന്ന എന്നെ മാഗിക്ക് തീരെ പിടിച്ചില്ല

"" പിന്നെ നിന്നെ... ""

എന്നെ മോത്തത്തിൽ പുച്ഛഭാവത്തിൽ ഒന്ന് നോക്കി ശേഷം അവൾ തുടർന്നു,

www.kkstories.com

"" നിനക്ക് പണ്ടേ ബോധമില്ലലോ..കുറെ എണ്ണത്തിനെ പടച്ചു വിട്ടോളും, വല്ല വാഴയിലയിലും അങ്ങേര് അന്ന് തൂത്തു കളഞ്ഞിരുന്നേൽ ഇന്നിതൊന്നും കാണണ്ടവരില്ലായിരുന്നു..ഹൊ ...,,

. അതും പോരാഞ്ഞിട്ട് അവൻ പോയി പെണ്ണും കെട്ടിയേകുന്നു, അതും വിവരമില്ലാത്ത ഒന്നിനെ.. ഇതൊക്കെ നാളെ ഡോക്ടർ ആയാലുള്ള കാര്യം ഓർക്കാൻ കുടി വയ്യേന്റെ കർത്താവെ.. ""

അവളുടെ വായിൽ നിന്നും ഇടക്ക് പച്ചക്ക് കേൾക്കുന്നത് കൊണ്ട് എനിക്ക് വിഷയമായില്ല.. ന്നാൽ ഇപ്പോളും പറഞ്ഞതിനർത്ഥം അറിയാതെ മാഗിക്ക് പുറകിൽ നഖം കടിച്ചുകൊണ്ടിരിക്കുന്ന അവൾ മുന്നോട്ട് വന്നു

www.kkstories.com

"" ന്ത് വാഴയിലയിൽ തുക്കുന്ന കാര്യാ യേച്ചി പറയുന്നേ.. നിക്കൊന്നും പിടികിട്ടില്ല.. ""

അവൾ തലയൊന്ന് ചൊറിഞ്ഞു.. അഹ് ഇനി ഇപ്പൊ പറഞ്ഞ് കൊടുത്താൽ മനസിലാകുന്ന ഒരണ്ണം. മാഗി തലയ്ക്ക് കൈകൊടുത്തു ന്നേ ഒന്ന് നോക്കി.. ഞാൻ അപ്പൊ തന്നെ കൈ മലർത്തി

"" തൊ...അത്.മയോണയിസ്..! അല്ല പിന്നെ...,,

വിളിച്ചോണ്ട് പോടാ ഈ പൊട്ടിയെ... ആല്ലേൽ നിനക്ക് നിന്റെ കെട്ടിയോൻ പറഞ്ഞ് തരും.. അതിനുള്ള അർഹത അവനേയുള്ളു.. ""

www.kkstories.com

"" എന്താ... എന്താ ഇവിടെ,,... ""

ബഹളം കേട്ട് അങ്ങോട്ടേക് കയറി വന്ന ഒരുക്കൂട്ടം ആളുകളുടെ ഇടയിൽ നിന്നും ഗായത്രിയുടെ സ്വരം നങ്ങൾക്കാടുത്തേക് പാഞ്ഞടുത്തു, അതോടെ മാഗി ഒന്നോതുങ്ങി..

"" എയ്യ് ഒന്നുല്ല മാഡം., ""

www.kkstories.com

"" ഒന്നുമില്ലാഞ്ഞിട്ടാണോ ഇവിടുന്ന് ബഹളം കേള്ക്കുന്നെ.... ""

അതിന്ഞങ്ങൾ ബഹളം വച്ചില്ലലോ., ഒച്ച ഉണ്ടാക്കിയതല്ലെ ഉള്ളൂ.. ഞാൻ ഒന്ന് ചിരിച്ചു..

"" ഹാ മാഡം ഇങ്ങനെ ദെഷ്യപ്പെടാതെ,, ഇപ്പൊ തന്നെ മുഖമാകെ ചുവന്നു. ഇതാണ് സൗന്ദര്യമുള്ളവർ ദേഷ്യപെട്ടാൽ ഉള്ള കുഴപ്പം..അല്ലെ മാഗി.. ""

ഞാൻ ചുമ്മാ ഒന്നറിഞ്ഞു നോക്കി, മാഗിക്ക് കാര്യം പെട്ടെന്ന് മനസിലായത് കൊണ്ട് അവൾ കട്ടക്ക് നിന്ന്

www.kkstories.com

"" ഏഹ്..ആഹ്ഹ്.. അതേടാ അജു... ""

ന്നൊന്നു കിളത്തിയതും ഗായത്രി അവിടെ നിന്ന് പൂക്കുമോ ന്നുപോലും ഞാൻ ചിന്തിച്ചു പോയി അതുപോലെ അവര് ചുവന്നു.. അടിയിൽ ഇട്ടിരിക്കുന്ന സാധനം ഒരു വകയായിക്കാണും..!

അയാൽ നിനക്കെന്ത് നീ വാങ്ങിച്ച് കൊടുത്ത പാന്റ്റി ഒന്നുല്ലലോ അത്.... അഹ് അതും ശെരിയാ ഏതായാലും ഇട്ടിട്ടുണ്ട് ഇല്ലേൽ ഒലിച്ചിറങ്ങിയേനെ..

അജു.. നിങ്ങൾ ഒരുപാട് ദൂരം മുന്നോട്ട് പോയിരിക്കുന്നു..!!

എവിടെവരെ,??

മാഗിയുടെ തെറി കേട്ടുകൊണ്ടിരുന്ന നിങ്ങൾ ഇപ്പോൾ ഗായത്രിയുടെ പാന്റ്റി യുടെ എണ്ണത്തിൽ വരെ എത്തിനില്കുന്നു

www.kkstories.com

മനസാക്ഷി അളിയൻ പറഞ്ഞപ്പോൾ ആണ് ഞാൻ ഇതെന്തൊക്കെയാ ചിന്ദിക്കുന്നെ.. എനിക്ക് ഇപ്പോ സ്വന്തമായി ഒരു പ്രോപ്പർട്ടി ഉണ്ടല്ലോ...

അവിടെ നാണം കൊണ്ട് പൂത്തെങ്കിൽ ഇവിടൊരാള് ദേഷ്യകൊണ്ട് കത്തി നിൽക്കുവ.

സന്തോഷകരമായ കുടുംബജീവിതത്തിന് നാവോരു പ്രശ്നം ആണെന്ന് ഏതാണ്ട് ഇപ്പോ എനിക്ക് മനസിലായി.. ഇന്ന് മിക്കവാറും അടുക്കളയിൽ കിടക്കേണ്ട വരുമെന്ന തോന്നണേ..

"" നോക്ക് അജു.. ഒരുപാട് ഒച്ച ഒന്നും വേണ്ട.. മറ്റുള്ളോർക്ക് അതൊരു ബുധിമുട്ടയാലോ.. അതുകൊണ്ട് ഒന്ന് കുറക്കൂട്ടോ.. ""

ഓ എന്താ സ്നേഹം.. പോ അവിടുന്ന്.. ,

ഞാൻ ആമിയെ നോക്കി ഒന്ന് ചിരിച്ചു.. നിങ്ങളല്ലേ സൂക്ഷിക്കേണ്ടത്,, അല്ല ചട്ടിക്കൊക്കെ എന്താ ഇപ്പോ വില അത് പോട്ടെ,, ഇന്നത്തോടെ വീട്ടിലുള്ള സാധനങ്ങൾക്കെല്ലാം തീരുമാനം ആകും.. ആല്ലേൽ ഇവളക്കും..

www.kkstories.com

"" ഒക്കെ മാഡം.. ഞാൻ നോക്കിക്കോളാം പൊക്കോ.. ഓസോം പാളിയിൽ വിളമ്പ് വീണതിനെ കുറിച്ചുടെ ഒന്ന് ചർച്ച ചെയ്യാനുണ്ടെ.""

അതിനവർ ചിരിച്ചോണ്ട് തലയാട്ടി തിരിഞ്ഞു നടന്നു കുട്ടത്തിൽ വേറെയും കലുകളും..

കുറച്ച് കഴിഞ്ഞു അവരെന്നെ കേബിനിലേക്ക് വിളിച്ചു അവര് പറഞ്ഞ ഫയൽയും ആയി ഞാൻ അങ്ങോട്ടേക് ചെന്നു സബ്മിറ്റ് ചെയ്ത് വേറെ ഒന്നുമല്ല ന്യൂ മോഡൽസ് ലിസ്റ്റും കാര്യങ്ങളും ആയിരുന്നു.. അതവർ വെരിഫിയ് ചെയ്ത് ടേബിലിന്റെസൈഡിൽ വച്ച് രണ്ടു കൈകളിലെയും വിരലുകൾ കുട്ടിയിണച്ചെന്നെ നോക്കി.. ഞാൻ പുറകിലേക്കും ഇനി വേറെ ആരേലും ഉണ്ടോ ഇവിടെ..

www.kkstories.com

"" അധികം നോക്കണ്ട.. തന്നെ തന്നെയാണ് നോക്കണേ.. ""

എന്റെ ആ സംശയത്തിന്റെ ഉത്തരം നൽകി അവർ ഒന്നുടെ ചെയറിൽ നിവർന്നിരുന്നു,, ഞാൻ ചുണ്ടുവിരൽ എനിക്ക് നേരെ തന്നെ ഒന്ന് ചുണ്ടി..

"" ന്നെയോ...?? """

"" മ്മ്,, എനിക്കൊരു ഇഷ്ടമുണ്ടായിരുന്നു അർജുൻ, ഒരു കൊല്ലത്തോളമായി ആ ഇഷ്ടം മനസ്സിൽ കയറി കുടിയിട്ട്,, തുറന്നുപറയാൻ മടിയായിരുന്നു എന്തു കരുതും.. അല്ലങ്കിൽ മറ്റുള്ളവർ അറിഞ്ഞാൽ ഉണ്ടാകുന്ന നാണക്കേടുകൾ,, വീട്ടുകാർ..അറിയില്ല എന്തൊക്കെയോ കാരണങ്ങൾ,!!

ഇപ്പോ ആ ഇഷ്ടം പൂർണമായും നഷ്ടമായിനൊരു തോന്നൽ.. അല്ല നഷ്ടമായി.... ഇനി അത് പറഞ്ഞിട്ട് കാര്യവുമില്ല.. അല്ലെ.. ""

www.kkstories.com

ആ ഇഷ്ടം ഞാൻ ആയിരുന്നു എന്നുഹിക്കാൻ എനിയ്ക്കു ഒരു കാണിപ്പയ്ണൂരിന്റെയും ആവശ്യമില്ലായിരുന്നു.. എന്നാലും ഞാൻ ഇവിടെ ഉള്ള ടൈം മിൽ അവർ അതെന്നോട് പറയാതെ ഇരൂന്നതിൽ ഞാൻ ദൈവത്തോട് നന്ദി പറഞ്ഞു, അങ്ങനെ അതവർ പറഞ്ഞിരുന്നെങ്കിൽ ഇന്ന് ആമി എനിക്ക് കിട്ടില്ലായിരുന്നു..

"" മാഡം..! ""

"" അർജുൻ എന്നെ ഒന്ന് ഹ്ഗ് ചെയ്യുമോ... പ്ലീസ്.. പലപ്പോഴും ഞാൻ ആഗ്രഹിച്ചതാണ് ഇനി ഒരിക്കലും നടന്നില്ലെങ്കിലോ .. അതുകൊണ്ട് പ്ലീസ്.. ""

www.kkstories.com

ഞാൻ മറുപടി ഒന്നും പറയാതെ രണ്ടുകകളും അവർക്ക് നേരെ നീട്ടി,, ഒന്ന് ഹ്ഗ് ചെയ്ത് വിട്ടകലുകയും ആമി ആ ഡോർ തുറക്കുകയും ഒന്നിച്ചായിരുന്നു വിട്ടകലുന്ന ഞങ്ങളെ അവൾ നിശ്ചലമായി നോക്കി നിന്ന്,, അവൾക് പുറകെ വന്ന മാഗി ചിരിച്ചോണ്ട് ഉള്ളിലേക്ക് കേറി എന്നാൽ ഞാനും ഗായത്രി യും ആ ഷോക്കിലായിരുന്നു..

****

അതുകഴിഞ്ഞു ആമി എന്നോടൊന്നും മിണ്ടില്ല, കാറിലും നിശബ്ദത ഒന്നും തന്നെ മിണ്ടുന്നില്ല മാഗി ചോദിക്കുമ്പോളും അവൾ ഒഴിഞ്ഞു മാറി, എന്നെ ഒന്ന് നോക്കുന്നുകൂടി യില്ല. ഫ്ലാറ്റിൽ വന്നിട്ടും ഞാൻ സംസാരിക്കാൻ കുട്ടാക്കിയപ്പോ അവളൊന്ന് വക പോലും വച്ചില്ല..

വൈകിട്ട് ഫ്ലാറ്റിൽ

""നിനക്കെന്നോട് ന്തേലും ദേഷ്യം ഉണ്ടേൽ അത് വെറുതെ ആഹാരത്തോട് കാട്ടണ്ട.. മ്മകഴിക്..""

www.kkstories.com

അതിനവൾ എന്നെയൊന്നു നോക്കിയതല്ലാതെ ഒന്നുംതന്നെ മിണ്ടില്ല., ഞാൻ കഴിപ്പ് നിർത്തി അവൾക്ക് അഭിമുഖം ഇരുന്നു

"" ശരി.. ഞാൻ അങ്ങനയൊന്നും പറയാനും പ്രവർത്തിക്കാനുമൊന്നും പാടില്ലായിരുന്നു.. നീ ഒന്ന് ക്ഷമിക്ക്,

ആല്ലേൽ ഞാൻ പറയണതൊന്ന് കേൾക്..എനിക്ക് നിന്നോടല്ലാതെ വേറെ

ആരോടാ ഇതൊക്കെ പറയാൻ ഉള്ളെ.. ""

www.kkstories.com

"" അതിനിപ്പോ നിങ്ങൾക് നിങ്ങടെ മറ്റേ ഗായത്രി മാഡം ഒക്കെ ഇല്ലേ പോ.. പോയി കെട്ടിപിടിക്കുവോ ഉമ്മവയ്ക്കുവോ..എന്താച്ചാ ചെയ്യ്..എന്നോടെന്തിനാ ചോദിക്കുന്നെ.. ന്തിനാ പറയണേ.. ""

കരയുന്ന ശബ്ദത്തിൽ അവൾ നിന്ന് തിളച്ചപ്പോ എനിക്ക് മാറ്റമൊന്നുംടായില കാരണം ഞാൻ ഇത് നേരത്തെ കണ്ടതായിരുന്നു, ഒന്ന് നിർത്തി ശ്വാസമെടുത്ത ശേഷം

"" നിങ്ങൾക് എന്തേലും കാണാനാണോ ചെയ്യണമോ ഉണ്ടേൽ പുറത്ത് പോണ്ട ന്നോട് പറഞ്ഞോ..., ന്നെ എന്തുവേണേലും ചെയ്തോ.. കാട്ടിക്കോ ഞ... ഞാൻ ഒന്നും പറയില്ല.. ""

നീ ഇതെന്തോന്നൊക്കെയാ ആമി ഈ പറയണേ.. നിയ്യ് ആവശ്യമില്ലാണ്ട് ഓരോന്ന് വിളിച്ച് പറയരുത് , ന്നും പിന്നെ തിരിച്ചെടുക്കാൻ പറ്റിന്ന് വരില്ല . ""

www.kkstories.com

ഇവളിതെന്താ ഇങ്ങനെ പെരുമാറുന്നെ.. സംസാരിച്ചാൽ തീരുന്ന പ്രശ്നതെയാണ് ഈ ഊതി വലുതാകുന്നെ,, ആല്ലേൽ ഞാൻ പറയണത് കേൾക്കാൻ കൂട്ടാകണം അതില്ല.. അതിനാൽ ആകണം അതുപറയുമ്പോൾ എന്റെ സ്വരം ഉയർന്നു കണ്ണ് ചുവന്നു,,

"" പറയുന്നതയോ കുറ്റം.. പ്പോ ഞാൻ കണ്ടതോ..

നിങ്ങൾക്കെന്നെ മടുത്തോണ്ടല്ലേ വേറെ നോക്കാനും കാണാനും ക്കെ ഇറങ്ങി തിരിക്കണേ. ഇനിപ്പോ വേറെ പോകില്ലന്നാര് കണ്ടു.. ""

അവളത് പറഞ്ഞ് നാവ് ഉള്ളിലേക്കിട്ടതും ആ മുറി മുഴുവൻ ഒച്ച മുഴങ്ങി, കണ്ണുകൾ പരതി നോക്കുമ്പോൾ കവിളിൽ കൈയും കൂട്ടിപിടിച്ചു ന്നെ നോക്കുന്ന അവളെയാണ്, ന്നാൽ അവളൊന്ന് കരയണോ ബഹളം വയ്ക്കാനോ തുനിഞ്ഞില്ല, അതുകണ്ടെനിക് വേദനിച്ചെങ്കിലും ഉള്ളിലെ ദേഷ്യത്തിന് അതിനെ ഉൾകൊള്ളാൻ കഴിഞ്ഞില്ലെന്ന് പറയുന്നതാവും ശെരി.. ന്നാൽ അവളുടെ അപ്പോളത്തെ പ്രവർത്തിയാണെന്നേ അതിശയിപ്പിച്ചത് ആ മിഴികളിൽ കണ്ണുനീരിന്റെ ഒരു നീർ കണങ്ങൾ ഇണ്ടായിരുന്നില്ല ന്നെ നോക്കി ഇരിക്കുന്ന അവളെ ഞാൻ ബലമായി വലിച്ചെന്നിപ്പിച്ചു.

"" ഒന്നെങ്കിൽ എല്ലാം മനസിലാക്കുക അല്ലാതെ ചുമ്മാ ഓരോന്ന് പറയരുത്.. നിനക്കെന്നോടുള്ള വിശ്വാസം ഇപ്പോ മുതൽ നഷ്ടപ്പെട്ടോ അപ്പോ മുതൽ എനിക്ക് നിന്നോടുള്ള..

നിന്റെ എല്ലാ കുറുമ്പുകളും എല്ലാ പ്രവർത്തികളും ആസ്വാധിച്ചിട്ടേ ഉള്ളൂ ഞാൻ.. ന്നാ നീ പറഞ്ഞ വാക്കുകൾ അതാതിരു കടന്നുപോയി അനാമികെ.. ഇനി.. ഇനിനി എന്റെ മുന്നിൽ വരരുത്.. എടുക്കാൻ ഉള്ളതെല്ലാം നിനക്കെടുകാം.. ""

അവൾ എല്ലാം ഒരു സ്വപ്നം പോലെ കണ്ടുനിൽക്കുന്നതയെനിക് തോന്നി.. മറുതൊന്നും പറയാതെ എന്നെ നോക്കുന്നവളെ വലിച്ചു ഞാൻ പുറത്തേക്ക് ഇട്ട് ഡോർ ചാരി

www.kkstories.com

"" നിന്നെ എനിക്ക് ഇനി കാണണമെന്നില്ല എങ്ങോട്ടെങ്കിലും പൊക്കോ.. എവിടേലും പോ..

പിന്നെ... ഈ താലി..'"

ഞാൻ ഉടനെ താലിയിൽ പിടുത്തമിട്ടു, അതുവരെ നിശ്ചലമായി നിന്നവൾ പെട്ടെന്ന് എന്റെ കൈക്കു മുകളിൽ പിടിച്ച്..

"" അജുവേട്ട നിങ്ങള് പറഞ്ഞാൽ ഈ നിമിഷം ഞാൻ എന്റെ ജീവനവസാനിപ്പികം..

ന്നാ ആ കുട്ടത്തിൽ ന്റെ ജീവനില്ലാതെയാകുന്ന വരെയും ഈ താലിയുടെ അവകാശമേനിക്കു വേണം.. ""

www.kkstories.com

"" വേണ്ട അതിനുള്ള യോഗ്യത നിനക്കില്ല... നീ ആ താലി ഇങ്ങ് ഊരി താ.. "".

"" ഇല്ലേട്ടാ ന്നെ ഇവിടേയിട്ട് തല്ലി കൊന്നാലും നിങ്ങൾക് ഇത് ഞാൻ തരില്ല..

ഞാൻ... ഞാൻ പൊക്കോളാം ഏട്ടൻ പറഞ്ഞപോലെ ഇനിഞാൻ വരില്ല.. ""

"" നാശം..!!

എന്തേലും കാണിക്ക്.. ""

www.kkstories.com

ഞാൻ ഡോർ ശക്തിയിൽ തന്നെ വലിച്ചടച്ചു ഡോറിനപ്പുറത്തുനിന്ന് അവളുടെ തേങ്ങൽ കേൾക്കുന്നുണ്ടായിരുന്നു കുറച്ച് കഴിഞ്ഞേഞെനിക്കതു കേൾക്കാതെയായി, ഞാൻ അടുക്കളയിൽ ചെന്ന് ഫ്രിഡ്ജിൽ നിന്നും അല്പം വെള്ളമെടുത് കുടിച്ച്... മനസൊന്നു അലിഞ്ഞത് പോലെ.. തിരിച്ചു സോഫയിൽ തലവച്ചു കിടന്നു..

അവളിനി പോയിട്ടുണ്ടാവോ.. ഇനി പോയാലും മാഗിയുടെ മുറിവരെ അല്ലാതെ ഇവിടെ പോകാനാ പെണ്ണ്..ഉള്ളിലെ ദേഷ്യയമൊന്നടങ്ങിയപ്പോ ഞാൻ മാഗിയുടെ ഫ്ലാറ്റ് ലക്ഷ്യമാക്കി നടന്നു

ഡോറിന് മുകളിൽ ഞാൻ പ്രയോഗിച്ച താളത്തിന് അവൾ കതകു തുറന്ന് , ഇടയിൽ വച്ച് മുറിഞ്ഞു പോയ ഉറക്കചെടപ്പ് അതിനന്നാക്കിത്തന്നെ അവളുടെ മുഖത്തുണ്ടായിരുന്നു..

www.kkstories.com

"" എന്നതാടാ.. ഈ രാത്രിയിൽ..ഏഹ്..! "

കണ്ണും തിരുമ്മി എണ്ണിറ്റ് വന്നവളെ വകവയ്ക്കാതെ ഞാൻ അകത്തേക്ക് തലയിട്ട് ഒന്ന് നോക്കി.. പുറകിലുണ്ടോ..

.

"" എടി നീ അവളെ വിളി.. നിക്കവളെ കാണണം... ഞാൻ അന്നേരത്തെ ദെഷ്യത്തിലെന്തോ.. നീ വിളി അവളെ വിളിക്കാൻ.. ""

"" ദേ നട്ടപാതിരാതി വീട്ടിൽ കേറി വന്നു ഷോ ഇറക്കിയാൽ ഇടിച്ചു മുക്കാംപെട്ട ഞാൻ പൊട്ടിക്കും.. ""

www.kkstories.com

"" മാഗി നീ തമാശ കളിക്കാതെ അവളെ വിളി.. ""

വരാൻ വൈകുംതോറും എന്റെ ഉള്ളിലെ പേടി കൂടി വന്നു..

"" എടാ ഏത് പെണ്ണ് .നിയിത് ആരുടെ കാര്യമാ.. നീ ഈ നട്ടപാതിരാത്രീ കേറിവന്ന് പിച്ചും പെയ്യും പറയാതെ പൊയി കിടക്കാൻ നോക്ക് ചെക്കാ.. ആ പെണ്ണവിടെ ഒറ്റക്കല്ലേ.. ഒന്നാതെ അവൾക്കിരുട്ട് പേടിയാ.. അപ്പൊ അവളവിടെ ഒറ്റക്കാന്നുടെ അറിഞ്ഞാൽ സബാഷ്.. ""

"" അപ്പൊ.... അപ്പോഅവളിവിടെയില്ലേ..??? ""

www.kkstories.com

""അവളെങ്ങനാടാ നാറി ഇവിടെ വരുന്നേ.. നിന്റെ കൂടെയല്ലേ അവള് വന്നേ..""

അവളിവിടെ ഇല്ലെന്നോ... ഈശ്വര എന്റെ കുഞ്ഞ് , അവൾക്കൊന്നും വരുത്തരുതേ...,, ഞാൻ ഭിത്തിയിൽ ചാരി മാഗിയെ ദയനീയമായിയൊന്ന് നോക്കി..

"" എന്നാടാ... അവളെന്തിയെ..??? ""

www.kkstories.com

പിന്നൊന്നും മറച്ചുവെക്കാതെ നടന്നതും സംഭവിച്ചതുമായ കാര്യങ്ങളെല്ലാം ഞാൻ അവളോട് പറഞ്ഞു..

"" നീ അതിനെയങ്ങ് കൊന്നുകളയെടാ...!!

ന്തിനാ ആ പാവത്തിനെയിങ്ങനെ... അല്ലേൽ തന്നെ നീ കുറച്ചൂടെ പ്രാക്ടിക്കൽ ആയി നിൽക്കണമായിരുന്നു.. പോയിരിക്കുന്നു കെട്ടിപിടിച്ചഅശ്വസിപ്പിക്കാൻ,,, നീയാര് മദർ തെരെസ്സയോ..

അല്ലേലെ അവൾക് നീ വേറെ പെണ്ണുങ്ങളോട് സംസാരിക്കുന്നത് ഇഷ്ടമല്ല.. അപ്പോ പിന്നെ ഇതിന്റെ കാര്യം പ്രതേകിച്ചു പറയണോ.. അതൊരു പൊട്ടിപെണ്ണാണെന്ന് നിനക്ക് ഞാൻ പറഞ്ഞു തന്നു വേണോ അറിയാൻ.. ""

"" മാഗി പറ്റിപോയെടി.. വാക്കുകൾ പൂർത്തീകരിയുന്നതിനു മുന്നേ കണ്ണുകൾ നിറഞ്ഞിരുന്നു..

www.kkstories.com

"" അഹ് പോട്ടെ.. വാ നോക്കാം..

എവിടെയാണോ ന്തോ... ""

എന്റെ കൈയിൽ പിടിച്ചു മുന്നോട്ട് നടക്കുന്നവൾ എന്തൊക്കെയോ പിന്നേം പറഞ്ഞു, അരമുക്കാൽ മണികൂറോളം ഞങ്ങൾ പലയിടങ്ങളിൽ അന്വഷിച്ചു നിരാശയായിരുന്നു

ഫലം.. ഭരിച്ച മനസ്സുമായി മാഗിക്കൊപ്പം തിരിച്ചു ഫ്ലാറ്റിലേക്ക് പോകുമ്പോൾ വണ്ടിയിൽ നിന്ന് ചാടി ചത്താലോ ന്നുപോലും ചിന്തിച്ചുപോയി അതറിഞ്ഞവണം എന്റെ വലതുകൈയിൽ അവൾ മുറുകെ പിടിച്ചിരുന്നു, ഫ്ലാറ്റിന്റെ പാർക്കിങ്ങിലേക്ക് കയറ്റുബോൾ എന്റെ തല ഡാഷ് ബോഡിന് മുകളിൽ ചാരി ഞാൻ ഒന്ന് മയങ്ങിയിരുന്നു ഒരു ചെറു മയക്കം.. ന്നാൽ ആ മയക്കത്തിനു അധിക ദൈർഘ്യം കൊടുക്കാതെ മാഗിയെന്നെ തട്ടിവിളിച്ചു..

"" എടാ.. അത് അതവളല്ലേ... ആമി,.. ""

www.kkstories.com

"" എവിടെ..??? "" എന്റെ കണ്ണുകൾ ചുറ്റിനും പരാതി നടന്നു..

"" ദേ.. ആഹ്ഹ് മൂലക്ക്.. ""

എന്റെ കാലുകളെ പിന്നെനിക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല കാറിൽ നിന്നും എങ്ങനെ ഞാൻ അവൾക്കരികിലെത്തി ന്നൊന്നും എനിക്കറിയില്ല, ന്നാൽ ഞാൻ കണ്ട കാഴ്ച്ച കാലുകൾ കുട്ടിയിണച്ചു കൈകൾ കൊണ്ട് ബാധിപ്പിച്ചു തല മുട്ടിൽ ചാരി ഉറങ്ങുന്ന അവളെ കണ്ടപ്പോ ഉള്ളിൽ നിന്നാരോ കൊളുത്തി വലിക്കണ പോലെ..

"" ആമി...!! ""

www.kkstories.com

എന്റെ സ്വരം ഒന്നിടറിയോ.. കാലുകൾക്കു ബലക്ഷയം തോന്നി തുടങ്ങി .

ഒരു ഞരുക്കത്തോടെ ഞെരുങ്ങിയവൾ കണ്ണുതുറന്നു. മുന്നിൽ നിൽക്കുന്ന ന്നെ അവൾ ഉറ്റുനോക്കി.. കൊല്ലാൻ വന്നതായിരിക്കുമെനോർത്തു കാണും

"" യിനിയെന്നെ തല്ലല്ലെയേട്ടാ.. നേരമൊന്ന് വെളുത്തലുടൻ.. ഞാൻ.. ഞൻപൊക്കോളാം

ഇനി ഞാൻ ഒന്നിനും വരില്ല.. ""

എന്റെ മുന്നിൽ കൈകുപ്പി നിന്നാ അഭേഷിക്കുന്നവാളേ കണ്ടപ്പോ എനിക്കെന്നോട് തന്നെ ദെഷ്യം തോന്നി,, മാഗിയുടെ കണ്ണിൽ നിന്നും കണ്ണുനീർ അല്ലാതെ വേറെയൊന്നുംതന്നെയില്ല അവളും നിഛലമായി നിന്നിരുന്നു.

www.kkstories.com

"" മോളെ... ഏട്ടനോട് ഒന്ന് ക്ഷമിക്കെടാ അങ്ങനെയൊന്നു പറ്റിപ്പോയി.. ""

അവൾക്ക് നേരെ കൈകൾ നീട്ടി ചെന്നതും അവൾ ബാഗിൽ പിടിച്ചിരുന്ന കൈകൾ അയച്ചു എന്നെ തടഞ്ഞു.

""" വേണ്ടെട്ടാ... ഞാൻ നിങ്ങൾക്ക് ചേരില്ല... ഏട്ടൻ പറഞ്ഞപോലെ ഞാൻ പോകുന്നത് തന്നെയാ നല്ലത് """

www.kkstories.com

"" മോളെ ആമി നീ യിതു ന്തൊക്കെയാ പറയണേ,, അവനൊരു ആപത്തം പറ്റിപോയതല്ലേ,, നീ വാ.. ""

അത്രേനേരം കഥ കണ്ടോണ്ടിരുന്ന മാഗി അവളെ സമാധാനിപ്പിക്കുന്നവണ്ണം അവളുടെ അടുത്തേക്ക് ചുവടുകൾ വച്ച്, മരിച്ചെന്തെങ്കിലും ആമി പറയുന്നതിന് മുന്നേ അവൾ ആമിയെ മാറോടണച്ചു, കുറച്ച് മുൻപ് അവളാനുഭവിച്ച വേദന അതിലുണ്ടായിരുന്നു.,,

"" ഇല്ലേച്ചി ഞാൻ ഇല്ല... """

മാഗിയിൽ നിന്നും വിട്ടകന്നവൾ വീണ്ടും കണ്ണീർപൊഴിക്കുന്നകണ്ടതും ഞനൊരു നമ്പറിട്ടു അതിലാവളല്ല അവളുടെ തന്ത വരെ വീഴുമീനെനിക് അറിയാമായിരുന്നു... വിശ്വനാഥന്റെ മോനോടാ അവളുടെ കളി..

www.kkstories.com

"" ചീ എണ്ണിക്കെടി..!!""

ന്നൊറ്റ ചിറ്റലും ആദ്യമൊന്നമ്പരണവൾ ചാടിയെണിറ്റു, തൊട്ടടുത്തു നിന്നും മറ്റൊരു ഞെട്ടലും എനിക്ക് കേൾക്കാൻ കഴിഞ്ഞു..

"" നി എനിക്ക് ചേരില്ല ന്നൊക്കെ പറയാൻ നോക്കി വാങ്ങിയതോന്നുമല്ല നിന്നെ അതുകൊണ്ട് അത് വിട്.. ന്നിട്ട് അകത്തെറി പ്പോ... ""

www.kkstories.com

എന്റെ സ്വരം കേട്ടതും ആദ്യമവൾ നോക്കിയത് മാഗിയുടെ മുഖത്തെക്കാണ് ഇനി എന്ത് ചെയ്യും മലയ്യാ., ന്നൊരു എക്സ്പ്രഷൻ ഇടുമ്പോൾ കേറി പൊക്കോ.. പൊക്കോ ന്നും കണ്ണുകൊണ്ട് കാട്ടി, അതിനവൾ ഇല്ല ഞാൻ കേറില്ല ന്നും തിരിച്ചു കണ്ണുകൊണ്ട് കാട്ടുന്ന കണ്ടപ്പോ.

"" കേറിപ്പൊടി അകത്ത്....!!! "".

ന്തിയെ പെണ്ണെന്തിയെ... ചുറ്റും നോക്കുമ്പോൾ അവളെ കാണുന്നത് കൈയിൽ ഉള്ള ബാഗുമായി സ്റ്റേർ ഓടി കേറുന്നവളെയാണ്, അതുകണ്ടെനിക് ചിരി വന്നുപോയി

www.kkstories.com

കഷ്ട്ടോണ്ടടാ.. ദുഷ്ട... ന്നും പറഞ്ഞു അവൾക്കു പിന്നലെ മാഗിയും നടന്നു.. ഞാൻ തിരിച്ചു ചെന്ന് കാറും പാർക്ക് ചെയ്ത് ലിഫ്റ്റിൽ കേറി, ഫ്ലോർ ആയപ്പോൾ മാഗിയുടെ ഒരു മെസ്സ്..

' ടാ അളിവിടെ എന്റെ ഫ്ലാറ്റിൽ ഉണ്ട്. ഇങ്ങ് പോരെന്നു.. ' അതും വായിച്ചു ഫോൺ ലോക്ക് ആക്കി പോക്കറ്റിൽ ഇടുമ്പോൾ ഞാൻ ഡോറിന് മുന്നിൽ എത്തിയിരുന്നു, ഉള്ളിലേക്ക് കേറുന്നതിന് മുന്നേ കാര്യങ്ങൾ അവളോട് പറഞ്ഞു മനസിലാക്കണം എന്ന് ഞാൻ തീരുമാനിച്ചിരുന്നു.

'"" ന്നെ പേടിപ്പിച്ചു കൊണ്ടൊരാൻ നോക്കിയേകുന്നു,, അങ്ങനെയൊന്നും പേടിക്കുന്നോളല്ല ഈ അനാമിക.. അങ്ങനെയാരും കരുതേം വേണ്ട ഹും. ""

"" ന്നിട്ടെന്താടി നീ ഇതൊന്നും അവനോട് പ്പോയി പറയാഞ്ഞേ... ""

www.kkstories.com

"" അതുപ്പിന്നെ...അതേട്ടൻ തിരിച്ചു വല്ലതും പറയുമോന്നോർത്ത ""

"" അഹ് ഹാ ന്നാലും നിനക്ക് അവനെ പേടിയാണെന്ന് പറയരുത് കേട്ടോ.. എന്നാ എടവാടാണൊ ന്തോ.. ""

"" അതുപ്പിന്നെ ഏട്ടൻ അങ്ങനെ.. ഞാൻ ഞാൻ നേരിട്ട് ജോലി കണ്ടതല്ലേ... ""

www.kkstories.com

"" നീ എന്ത് കണ്ടെന്ന്...?? ""

എന്റെ സ്വരം വീണപ്പോ പെണ്ണൊന്ന് ഞെട്ടി..,, ഡോറിന് വെളിയിൽ നിന്നയെന്റെ മുഖത്തേക്കൊന്ന് നോക്കി പെട്ടെന്ന് മുഖം മാറ്റിക്കളഞ്ഞു പെണ്ണ്.

"" ഏട്ടനും അവരും.. കെട്ടി.. കെട്ടിപിടിക്കണത്.. ""

"" തേങ്ങാക്കുല... നീ കാര്യം അറിയാതെയാണ് ആമി നിന്ന് ചാടുന്നെ.. ""

www.kkstories.com

"" ന്ത്.. ഞാൻ കണ്ണുകൊണ്ട് കണ്ടെത് സത്യമല്ല ന്ന് ഞാൻ വിശ്വസിക്കണമെന്നാണോ നിങ്ങള് രണ്ടാളും പറയണേ.. ""

"" വിശ്വസിക്കേണ്ട നീ അതും ഏറ്റ് പിടിച്ചിരുന്നോ.. കണ്ടാ നീ..,

അവളുടെ അഹങ്കാരത്തിനു യാതൊരു കുറവും ഇല്ല.യിവൾക്ക് രണ്ടെണ്ണത്തിന്റെ കൂടെ കുറവുണ്ടെന്ന നിക്കിപ്പോ തോന്നണേ.. ""

അവളുടെ വർത്തമാനം കേട്ട് കലി കേറിയ ന്റെ മുന്നിൽ വട്ടം നിന്ന മാഗി ന്നെ തടഞ്ഞു..

www.kkstories.com

""ഹാ.. നീയൊന്ന് ചുമ്മായിരിയെന്റെ അജ്ജു..

ആമി... നിനക്ക് നിന്റെ ഭർത്താവിനെ ഇത്രേ വിശ്വാസം ഉള്ളോ... ""

അതിനവൾ എന്തെങ്കിലും പറയും മുന്നെ ക്ഷേമ നഷ്ടപ്പെട്ട ഞാൻ ഒന്നുടെ അവളുടെ അടുത്തേക്ക് ആഞ്ഞു.

"" ആഹ്ഹ് ചോദിക്ക് അങ്ങനെ ചോദിക്ക്.. ഇവള് കാര്യമറിയാതെ ഓരോന്ന് സങ്കല്പിച്ചു കൂട്ടും, ന്നിട്ട് ഓരോന്ന് വരുത്തിയും വൈകും , ഇനി നീ മിണ്ടിയാൽ അടിച്ചുഞ്ഞൻ.. ""

ഞാൻ കൈമുട്ട് മടക്കി അവൾക് മുന്നിൽ ഭീഷണി മുഴക്കി..

www.kkstories.com

"" ആഹ് യിനി ഇങ്ങോട്ട് വാ തല്ലാൻ..,!

ഞാൻ ഗാർഹിക പീഡനത്തിന് കേസോടുക്കും.. കണ്ടോ.. ""!

"" ന്നാ നീ കൊണ്ട് കൊടുക്ക്... കണ്ടാ പെണ്ണിന്റെ തിളപ്പ് കണ്ടാ നീ.. യിവള് പഴയ ആളൊന്നുമല്ല.. കണ്ട പെണ്ണിന്റെ തനി കൊണം.. ""

"" ഭർത്താവിനെ വേറെ ഒരു പെണ്ണിന്റെ.. എന്നെ കൊണ്ട് പറയിപ്പിക്കല് കൂടുതല്..

www.kkstories.com

അങ്ങനെ കണ്ടാ ഏതൊരു ഭാര്യയും ഇതല്ല ഇതിൽ കുടുതലും കാണിച്ചൂന്നു വരും.. ""

അതിനെന്റെ നവടഞ്ഞു.. ശെരിയാ ഞാൻ ആയാലും ഇങ്ങനെ.. അല്ല കൊന്നേനെ രണ്ടിനേം കാര്യം അറിയുന്നതിനും മുന്നെ..

"" രണ്ടും നിർത്താണുണ്ടോ.. എടി ഇത് കേൾക്ക് നീ., കാര്യം ഞാൻ പറയാം.. ""

മാഗി അവളുടെ അടുത്തേക്ക് നടന്നു അവളുടെ കുടെയാ സെറ്റിയിൽ ഇരിപ്പുറപ്പിച്ചു. നടന്ന കാര്യങ്ങൾ അവൾക്ക് വ്യക്തമാക്കി കൊടുത്തതും പെണ്ണെന്നെയൊരു നോട്ടം, അത് കണ്ടെനിക് ചിരി വന്നെങ്കിലും പുറമെ ഞാൻ അത് കാണിച്ചില്ല മുഖത്ത് ഗൗരവം നടിച്ചു , അഭിനയിക്കാൻ എന്നെ കഴിഞ്ഞേ ഉള്ളൂ.. അതുകൊണ്ട് തന്നെ പെണ്ണ് വീണ്ടും വീമുകയായി., ഞാൻ കുറച്ച് ഡിമാന്റ് ഇട്ട് തന്നെ നിന്ന്..

അഹ് വരണുണ്ട്.. വരട്ടെ.. മാപ്പ് പറഞ്ഞെന്റെ കാലുപിടിക്കട്ടെ.., ശമിക്കാൻ പറ്റൊന്ന് അപ്പൊ നോകന്നെ..

www.kkstories.com

"" അതെ പോട്ടെ.. എനിക്കൊരു അബദ്ധം പറ്റിപ്പോയി.. സോറി..!!

പിന്നെ കെട്ടിപ്പിച്ചത്... ""

അവളൊന്ന് നിർത്തി എന്റെ നെഞ്ചിൽ കൈകൾ ചേർത്ത് അങ്ങനെ നിന്നു, പാവം ഒരുപാട് നൊന്തു ന്ന് തോന്നുന്നു., ഞാൻ അങ്ങനെ യൊന്നും പെരുമാറാൻ പാടില്ലായിരുന്നു.. ന്റെ ഭാഗത്തും തെറ്റുണ്ട്..

അധികനേരം വേണ്ടിവന്നില്ല ആ പ്രസ്താവന എന്നിൽ നിന്നും മാറാൻ, നെഞ്ചിൽ ഒരു നോവ് ഹൂ.... എരിവ് വലിച്ചു പോയി ഞാൻ

"" അതൊരിക്കലും ഞാൻ ക്ഷേമികില്ലെടാ പട്ടി...!!

www.kkstories.com

യിനി അങ്ങനെ വല്ലോം ഞാൻ കണ്ടാൽ കൊല്ലും ഞാൻ പറഞ്ഞേക്കാം.. ""

ആരാ.. ആരാപറഞ്ഞെ കള്ളിയാം കാട്ടുനീലിയെ തളച്ചെന്ന്,, ദേ നിക്കാണ് ന്റെ മുന്നിൽ കത്തുന്ന ചുവന്ന കണ്ണുകൾ നീട്ടി കർകുന്തൽ പറപ്പിച്ചു.. ന്നാൽ അവളുടെ ആ ദേഷ്യത്തിനും ആ നോവിനും വല്ലാത്തൊരു സുഖം., ഞാൻ അവളെ ഇരുകൈകളാൽ കവർന്നെടുക്കുമ്പോൾ ഒരു മടിയും കൂടാതെ അവൾ എന്റെ കൈയിൽ അങ്ങനെ ഒതുങ്ങി കിടന്നേൻറെ കണ്ണുകൾ സ്വന്തമാക്കി..

"" മാഗി... ഞങ്ങള് അങ്ങോട്ട് പോയേക്കുവാ., എനിക്കെന്റെ പെണ്ണിന്റെ പിണക്കമൊന്നു മാറ്റണം.. ""

www.kkstories.com

"" ഹാ ന്നാ വിട്ടോ.. രണ്ടും സ്ഥലം കാലിയാക്കിക്കോ...ഹാ പോട്ടെ വണ്ടി.. എനിക്കൊന്ന് ഉറങ്ങണേ.. ""

ഞാനവളുമായി മുന്നോട്ടേക്ക് നടന്നു, ഞങ്ങളുടെ ഫ്ലാറ്റിന്റെ ഡോർ തുറന്നകത്തേക്ക് കേറി.. അവൾ എന്റെ കഴുത്തിലൂടെ കൈയിട്ട് മുഖത്തേക്ക് കൂർപ്പിച്ച് നോക്കുണ്ട്, അതുകണ്ടെന്റെ ചുണ്ടിൽ ഒരു ചിരി വീഴാതിരുന്നില്ല.

"" ചിരിക്കണ കണ്ടില്ലേ കാമദേവൻ ,,

കണ്ട പെണ്ണുങ്ങളെ കെട്ടിപിടിച്ചശ്വസിപ്പിക്കാൻ പോയിരിക്കുന്നു.., ന്നാൽ സ്വന്തം ഭാര്യ യിവിടെ ഒരിറ്റ് സ്നേഹത്തിനായി കാത്തിരിക്കുന്നു.

ങേ ഹേ.. ആരറിയാൻ..?? . ആരോട് പറയാൻ..?? ""

www.kkstories.com

"" നിന്നെ മൊത്തത്തിൽ ഒന്ന് കാണാൻ തന്നെയാ പോണേ..! നീയിന്ന് ന്നെ തീതിറ്റിച്ചെന് കൈയും കണക്കും ഇല്ല.. ""

"" അയ്യോ..ന്റെ വാവക്ക് സങ്കടായോ.. അമ്മ ചുമ്മാ പറഞ്ഞതല്ലേ.. പിണക്കം മാറാൻ ന്താ ഞാൻ എന്റെ കൊച്ചിന് തരാ... ""

അവൾ ചൂണ്ടുവിരൽ താടിക്ക് കൊടുത്ത് ഒന്നാലോചിച്ചു ഒരു കണ്ണിറുക്കി എന്നെ നോക്കി..

"" പാപ്പം മതിയോ എന്റെ കുഞ്ഞിന്.. ബാ.. ""

www.kkstories.com

അവളെന്നെ ആ വിരിഞ്ഞ മാറോട് ചേർത്ത് പിടിച്ച് ഞാൻ അവയെ താലോലിച്ചു തുടങ്ങി..

"" പാപ്പവും കുടിച്ചെന്റെ കള്ളൻ കിടന്നോറങ്ങിക്കോണം ട്ടോ..ന്നെ ഷിണിപ്പിക്കാൻ നിൽക്കല്..ന്നിക്ക് നാളെ ക്ലാസ്വടങ്ങുവാ..""

ഞാൻ അവയിലൊന്നിനെ നുണഞ്ഞു കൊണ്ടുതന്നെ തലയാട്ടി സമ്മതം മൂളി, അങ്ങനെ കിടന്ന് ഇപ്പോ കണ്ണടഞ്ഞെന്ന് അറിയില്ല. അവൾ എന്നെ വലിഞ്ഞു മുറിക്കിയിരുന്നു ആ പിടി ഇടക്ക് അയാഞ്ഞതും ഞാൻ അറിഞ്ഞു..

"" നീ യിതു എങ്ങോട്ടാ... ""

www.kkstories.com

ന്നെ വിട്ടേണ്ട് പോകുന്ന അവളോട് ഞാൻ ചോദിച്ചു..

"" ഉറങ്ങില്ലേ.. ഞാൻ ഇപ്പോ വരാം മോനെ..""

ന്നവൾ പറഞ്ഞ് ബാത്റൂമിൽ കേറി.. ഞാൻ നിവർന്നു കിടന്ന് കുറച്ച് കഴിഞ്ഞു ന്റെ നെഞ്ചിൽ ഭാരം തോന്നി..ആ ഭാരം ഒന്നുടെ കെറ്റികിടത്തി,

"" പൊന്നെ.. ""

ഞാൻ അവളെ കാതോരം വിളിച്ചതിനവൾ ഒന്നിളക്കി കിടന്നു കളിപ്പിക്കുന്ന ചിരിയോടെ ന്നെ നോക്കി

www.kkstories.com

"" പൊന്നോ..?? ഏത് പൊന്ന് ഈ വെളുപ്പങ്കാലത്തു നിങ്ങളാരെയോർത്ത ഈ കിടക്കുന്നേ ഏഹ് .. ഹൊ... നിങ്ങളുടെ മറ്റേ ഗായത്രിയെ ആണോ.. ""

അതെനിക് തീരെ പിടിച്ചില്ല, അല്ലേലും ന്നെ റൊമാന്റിക് ആകാൻ ഈ നായിന്റെ മോള് സമ്മതിക്കില്ലെന്നു..

"" അല്ല നിന്റെ അമ്മേടെ നായരേ ഓർത്തിരിക്കുവായിരുന്നു.. ""

www.kkstories.com

"" അയ്യേ... നാണമുണ്ടോ മനുഷ്യാ അമ്മായിയാപ്പനെ ആരേലും ഈ വെളുപ്പാൻ കാലത്തോർക്കുവോ.. ആഹ്ഹ് പോട്ടെ ന്റെ കള്ളകെട്ടിയോൻ എന്തുവാ പറയാൻ വന്നേ ""

അവൾ ന്നോട് കുറച്ച് ചേർന്ന് കിടന്ന്,ആ കൈകൾ എന്റെ കൈകളിൽ കോർത്തു.

"" എടി നീ നന്നായിട്ട് പഠിച്ചോണം കേട്ടോ.. നിന്റെ അച്ഛനും അമ്മയ്ക്കും ഞാൻ കൊടുത്ത വാക്കിലൊന്നാ നിങ്ങളെ പഠിപ്പിച്ചു നല്ലനിലയിൽ എത്തിക്കുന്നു.. അല്ലാതെ അവടെ ചെന്ന് കണ്ട ആൺപിള്ളാരേം നോക്കി നടനെനിക് ചീത്തപ്പേരു കേൾപ്പിക്കരുത്. ""

അതുവരെ ന്റെ വെട്ടിനിർത്തിയ താടിയിൽ ഒഴിഞ്ഞിരുന്ന അവൾ എന്റെ വയറിൽ ഒറ്റ കുത്ത്

www.kkstories.com

"" അനാവശ്യം പറഞ്ഞാൽ താലികെട്ടിയവനാ., ഭർത്താവാ ന്നൊന്നും നോക്കില്ല ഞാൻ തലയടിച്ചു പൊട്ടിക്കും പറഞ്ഞേകാം.,, പിന്നേ ന്റെ കെട്ടിയോൻ ന്നെ വായിനോക്കാനല്ല വിടുന്നെ പഠിക്കാനാ.. കേട്ടലോ ""

യിവൾ പഴയ ഞാൻ അന്ന് കണ്ട എന്റെ കാന്താരിയായി.. എന്താ പെണ്ണിന്റെ നെഗളിപ്പ് ആ കണ്ണുരുട്ടൽ കാണുമ്പോളെ പിടിച്ചൊരു ഉമ്മവയ്ക്കാൻ തോന്നും..

"" ആ പഠിച്ചാ മതി.. പിന്നെ വേറെ പിള്ളേരെ കാണുമ്പോൾ ഈ പാവം കെട്ടിയോനെ മറക്കാതെ യിരിക്കാനും.. ""

www.kkstories.com

"" നിങ്ങള് ഏട്ടത്തിയുടെ കൂടെ കുടി സീരിയൽ കണ്ട് വഷളായി.. ഏതായാലും നിങ്ങളല്ല ഞാൻ,, ഞാൻ ന്റെ ചെക്കനെ മറക്കണമെങ്കിൽ ഞാൻ മരിക്കണം.. ""

അതിന് ഞാൻ എന്റെ സ്നേഹ കാണിച്ചത് അവളെ മുറുക്കെ കെട്ടിപിടിച്ചാണ്.. ശ്വാസം മുട്ടികാണും ന്നാലും അവളനങ്ങിയില്ല, തിരിച്ചും ന്നെ കൈകളാൽ വലിഞ്ഞു മുറുക്കി.

അങ്ങനെ ഒരാഴ്ചയിക്ക് ശേഷമൊരു വൈകുന്നേരം.. അവളിപ്പോ ക്ലാസ്സിൽ പോയി തുടങ്ങിട്ട് ഏഴു ദിനങ്ങൾ കഴിയുന്നു.. നിക്ക് ഫ്രൈഡേ യും സാറ്റർഡേ യും ലീവ് ആയതിനാൽ അവളും ലീവ് എടുത്തു അവൾക്ക് അമ്മയേയും ഏട്ടത്തിയെയും എല്ലാരേം മിസ്സ് ആകുന്നെന്ന് പിന്നൊന്നും നോക്കില്ല എന്റെ പെണ്ണ് ഒരു ആവശ്യം പറഞ്ഞാൽ ഞാൻ കേൾക്കാതെയിരിക്കുമോ..

www.kkstories.com

"" എടി.. നീ വരാനുണ്ടോന്ന്..?? ""

"" ദാ..വരണു... ഒരഞ്ചു മിനിറ്റ്... ""

"" അത് നീ സമയമുള്ളപോലെ ഇറങ്.. ഞാൻ പോണ്.. ""

ഞാൻ അതും പറഞ്ഞ് ബാക്കി ബാഗും കാര്യങ്ങളുമായി വെളിയിലേക്ക് നടന്ന് വെളിയിൽ മാഗിയും വിഷ്ണുവും ഉണ്ടായിരുന്നു.. (അവനാണ് ഞാൻ പറഞ്ഞ ലീവ് എടുത്തു ട്രിപ്പ് പോകുന്ന എന്റെ നൻപൻ)അവൻ ഞാൻ കെട്ടി ന്നുള്ള കാര്യം അറിഞ്ഞപ്പോൾ തന്നെ അവൻ അവിടെ തന്നെ വാടകയ്ക്ക് വേറെ ഫ്ലാറ്റ് എടുത്ത് അവനവന്റെ മര്യാദ കാണിച്ചു..

വെളിയിലേക്കിറങ്ങിയ ഞാൻ അവർക്ക് നേരെ നിന്നു

www.kkstories.com

"" എടി ന്നാ താക്കോല്... ഞാൻ തിരിച്ചു വരുമ്പോളും ഇതെല്ലാം ഇതുപോലെ തന്നെ കാണണം കേട്ടോ.. രണ്ടിനോടും കൂടാ.. ഇല്ലേൽ അവളുടെ സ്വഭാവം അറിയാല്ലോ.. ""

"" നീ ധൈര്യമായിട്ട് പോയിട്ട് വാടാ.. ഞങ്ങളില്ലേ പിന്നെ അവള്.. അവളെ ഞങ്ങൾക്കറിയില്ലേ... നീ ചെല്ല്.. ""

"" പോയിട്ട് വാടാ.. ""

ന്ന് മാഗിയും പറഞ്ഞ് കഴിഞ്ഞതും എല്ലാരോടും യാത്രയും ചോദിച്ച് പോകാം ന്ന് പറഞ്ഞെന്റെ കൈകളിൽ ആമി തൂങ്ങി.. പാർക്കിങ്ങിലേക്ക് നടക്കുന്നതിടയിൽ അവൾ മണിയെ വിളിച്ചു അവന് ഓരഞ്ഞുറു രൂപ കൊടുത്തു.. അവൾ കോളേജിൽ നിന്നും വന്നാൽ അവനായിപ്പോ ന്തേലും വാങ്ങും.. അതൊരു പതിവായി അവനെ അവൾക്ക് വലിയ ഇഷ്ടമാ.. ഞാൻ കാരണമാ ഇല്ലേൽ ഈ പോക്കിന് അവനും കണ്ടേനെ ഞങ്ങളുടെ കൂടെ..

www.kkstories.com

××××××××××××××××××××××××

ഇന്നിപ്പോ ഇങ്ങനെയൊരു യാത്ര ഉണ്ടാകാൻ കാരണം എല്ലാരേം കാണാൻ വേണ്ടി മാത്രമല്ല ഞങ്ങൾ ഒന്നിച്ചിട്ടുള്ള ആദ്യത്തെ ഓണമല്ലേ അത് തറവാട്ടിൽ വചഘോഷികം ന്ന് കരുതി അതിന് ആദ്യം അവളുടെ വീട്ടിൽ പോണം എല്ലാരേം കുട്ടണം,

യാത്രയിൽ ഉടനീളം ഞങ്ങൾ ഒന്നും തന്നെ മിണ്ടില്ല, അതിന് കാരണം വേറൊന്നുമല്ല കേറിയത് മുതൽ എന്റെ കെട്ടിയോള് ഭയങ്കര ഉറക്കമാ ഇങ്ങനേം ഉണ്ടോ ഒരുറക്കം,, വെട്ടിയിട്ട ചക്ക കണക്കെ കിടന്നുറങ്ങുന്ന പെണ്ണിനെ നോക്കിയിരിക്കാൻ തോന്നിപോവും.. എല്ലാം മറന്നുള്ള ഉറക്കം വെളിയിൽ നിന്നും വീശി അകലുന്ന കാറ്റുപൊലും അവളുടെ ആ നിദ്രയെ തടസ്സപ്പെടുത്തിയിരുന്നില്ല,

കാറിന്റെ ചലനം നഷ്ടമായതുകൊണ്ടാകാം ആ മിഴികൾ മെല്ലെത്തുറന്നെന്നെ നോക്കിയത്... എന്താണെന്ന് ആ മിഴികൾ എന്നിൽ ചലനമറിയിച്ചപ്പോളും പൂർണ്ണമായി ഉറക്കത്തിന്റെ അലസത്തിൽ നിന്നും അവൾ മോചിത ആയിരുന്നില്ല.. ഞാൻ വെളിയിലേക്ക് ഇറങ്ങാൻ പറഞ്ഞപ്പോ കണ്ണുകൾ കൂട്ടി ഇരുമ്മി ആലസമായി പറന്നു കിടന്ന മുടിയിഴകൾ ചെവിക്ക് പിന്നിൽ മാടിയൊതുക്കുമ്പോൾ ഞാൻ വെളിയിൽ ഇറങ്ങാൻ ഡോർ തുറന്നിരുന്നു. ന്നാൽ അടുത്ത നിമിഷം അവളെന്റെ കൈൽ പിടിച്ചവിടെ തന്നെ ഇരുത്തി.

www.kkstories.com

"" എടി ഓണമല്ലേ അവർക്കെന്തേലും വാങ്ങാതെ എങ്ങനാ കേറിചെല്ലുന്നേ... പോരാഞ്ഞിട്ട് നമ്മടെ ആദ്യത്തെ ഓണവും.. ""

"" അയ്യോ അത് ശെരിയല്ലേ.. ഞാനത് പാടെ മറന്നോയ്.. ""

അതുപറഞ്ഞവൾ കൈയും വീടിവിച്ചു കാറിനു വെളിയിൽ ഇറങ്ങി,

"" മറന്നെന്നല്ല ഉറക്കം നിന്നെക്കൊണ്ട് മറക്കാൻ പ്രേരിപ്പിച്ചു ന്ന് വേണം പറയാൻ.. ""

ഞാനും വണ്ടി ലോക്ക് ആക്കി മുന്നോട്ടേക്ക് നടന്ന്, പിന്നാലെ എന്തൊക്കെയോ പിറുപിറുത് ഓടിയെന്റെ കൈകളിൽ തുങ്ങിയവൾ.. കുറച്ച് മുന്നോട്ട് നടന്ന് അവൾ ബാത്റൂമിൽ കേറി ഒന്ന് മുഖം കഴുകി വന്നു.തിരിച്ചു വന്നു ഒന്നിച്ചാണ് അകത്തേക്ക് കയറിയത്,, അവളെ വിടുവിച്ചു ഞാൻ ഒന്ന് അകത്തേക്ക് നോക്കി പോയി ഇതെന്തോന്ന് ബീനലെയോ..

"" നീ തന്നെ എല്ലാർക്കുമുള്ളത് എടുത്തോ.! ഞാൻ എടുത്താൽ അച്ഛൻ നൈറ്റിയും അമ്മ കൈലിയും ഉടുക്കണ്ട വരും. അതുകൊണ്ടെന്തിനാ വെറുതെ റിസ്ക് എടുക്കുന്നെ.. ല്ലെ.. " "

അതിനവൾ ചിരിച്ചുകൊണ്ട് തലയാട്ടി ന്റെ വയറിൽ ഒരു കുത്തും തന്നവൾ മുന്നോട്ട് നടന്ന് അവൾക്കു പിറകിൽ ഞാൻ ഒരു ചെയറിൽ ഇരിപ്പുറപ്പിച്ചു.

ഇടയ്ക്കവൾ ഓരോന്ന് സെലക്ട് ചെയ്തേന്നെ കാണിക്കും, എനിക്ക് പിന്നെ എല്ലാം നല്ലതായതുകൊണ്ട് ഞാൻ ഒക്കെ പറയും,എനിക്ക് ഷൂട്ട് ന് ഉള്ള ഡ്രസ്സ് സെലക്ട് ചെയുന്നത് അവരായത് കൊണ്ട് ഞാൻ അതിലൊന്നും കൂടുതൽ ശ്രദ്ധ കേന്ദ്രികഴിച്ചിരുന്നില്ല, അതുകൊണ്ട് തന്നെ എനിക്ക് പ്രതേകിച്ചു പണിയൊന്നും ഉണ്ടായിരുന്നില്ല ന്നാൽ ന്നെ കുഴപ്പിക്കാൻ പെണ്ണ് കച്ചക്കെട്ടി ഇറങ്ങിയേക്കുവായിരുന്നു.., ഇടയ്ക്കിടെ തിരിഞ്ഞിരുന്നു എനിക്ക് ഉമ്മ തരുന്ന പോലെ കാണിക്കും, അതുപിന്നെ എനിക്ക് ഇഷ്ടമായി കൊള്ളാലോ കളി.

അങ്ങനെ ഈ കളി തുടർന്നുപോകുന്നതിടയിൽ അവൾ ഏയ്ത്ത ഉമ്മ അമ്പിനു തിരിച്ചും ബാഹുബലിയിൽ പ്രഭാസ് എയ്ത പോലെ യൊന്ന് തിരിച്ചു കൊടുക്കവേ അത് ചെന്ന് തറഞ്ഞത് അതുവഴി കടന്നുപോയ വേറെ ഏതോ ഒരു പെണ്ണിൽ ആയിരുന്നു.. ഈശ്വര കണ്ട് കാണുവോ എന്തോ... രസമതല്ല ആ ടൈം ൽ തന്നെ ആമി തിരിഞ്ഞിരുന്നു, ഉമ്മ വച്ചത് ആ പെണ്ണ് കാണുകയും ചെയ്ത് തൃപ്തി ആയി.

അത് കണ്ട് തറഞ്ഞവിടെ നിന്നവളെ പിന്നാലെ വന്ന ഒരു സ്ത്രീ (അവളുടെ അമ്മ ആണെന്ന് തോന്നുന്നു) വരാൻ പറഞ്ഞ് അവളുടെ കൈപ്പിച്ചു മുന്നോട്ടാഞ്ഞ അവരോട് അവൾ എന്തോ പറഞ്ഞ് ന്നെ ചൂണ്ടി.. ഖത്തം....ടാറ്റ ഗുഡ് ബൈ..

www.kkstories.com

ന്തിനാ കൂട്ടി ആവശ്യമില്ലാത്തതൊരോന്ന് പറഞ്ഞുകൊടുക്കാൻ പോണേ.. തീർന്ന് ഇന്നെന്റെ കട്ടേം പടവും മടങ്ങും, കത്തുന്ന കണ്ണുകളുമായി എന്റെ അരികിലേക്ക് ചുവടുകൾ വൈകുന്ന ആ മാംസം ബിണ്ടത്തെ കണ്ടെന്റെ സർവ്വ നാടികളും തളർന്നുപോയി, അതെ ഏതാനും നിമിഷങ്ങൾക്കകം ഞാൻ നാറി നാണം കെടാൻ പോവാണ്,അവരുടെ ആ വരവും ഭാവവും എല്ലാം കണ്ടെന്നിൽ ഭീതി നിറഞ്ഞു. "ALBERT FISH LETTER "" ൽ പറയുന്ന പോലെ ഇവരെന്നെ തിന്നുവോ.. ന്ന് പോലും തോന്നിപ്പോയി അവരുടെ ആ പാതങ്ങളുടെ ശബ്ദം അവിടെ ഉള്ള തിരക്കിനിടയിലും എനിക്ക് നന്നായി തന്നെ കേൾക്കാൻ കഴിഞ്ഞു.ആ സ്പന്ദനങ്ങൾ ക്രമദീതമായി എന്റെ ഹൃദയത്തിന്റെ വേഗത വർധിപ്പിച്ചു.. ഒരു വേള ഞാൻ എന്റെ ആമിയെ നോക്കി എന്റെ ഈ ഭംഗിയുള്ള മുഖം അവസാനമായി അവളെലും കണ്ടോട്ടെ ന്ന് നിക്ക് തോന്നിപോയി. അതറിഞ്ഞിട്ടാണോ അതോ ആ കാഴ്ച കാണിച്ചു കൊടുക്കാനാണോ അവളും അടുത്ത ഉമ്മായിക്കായുള്ള തയാറെടുപ്പിപിൽ ചുണ്ടുകൾ കൂർപ്പിച്ചുന്നാൽ എന്റെ ഭാവം കണ്ടും എന്റെ അടുത്തേക്ക് വരുന്നവരെ കണ്ടും പെണ്ണിന്റെ ചുണ്ടിലെ ചിരി മാഞ്ഞു അവൾ എന്നിലേക്ക് ഓടി എത്താൻ നോക്കുന്നുണ്ടായിരുന്നു ന്നാൽ അതിന് മുന്നെ എന്റെ മുന്നിൽ അവർ രണ്ടാളും എത്തിയിരുന്നു, അതിന് പുറമെ അവർ അവരുടെ മര്യാദ കാണിച്ചു കഴിഞ്ഞിരുന്നു..

"" നീ എന്താടാ ന്റെ കൊച്ചിനോട് കാണിച്ചേ... """

വന്നതേ ഇതായിരുന്നു അവരുടെ ചോദ്യം.. ഞാനൊന്ന് ഞെട്ടി,അത്യാവശ്യം നന്നായി തന്നെയാണ് അവരത് പറഞ്ഞത് എല്ലാരും കേട്ട് കാണും എന്നതിൽ എനിക്ക് യാതൊരു സംശയവും ഉണ്ടായിരുന്നില്ല.

www.kkstories.com

"" ആന്റി.. ആന്റി കരുതുന്ന പോലെയല്ല.. നിക്കൊരു അബത്തം പറ്റിപോയതാ..!!""

നിറഞ്ഞ പേടിയിലും ആളുകൾ നോക്കുന്നതിലുള്ള ചമ്മലിലും ഞാൻ എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

"" ന്താ... ന്താ ഏട്ടാ പ്രശ്നം.. ആരാ ഇവരൊക്കെ...!! ""

www.kkstories.com

എന്റെ മുന്നിൽ കേറി നിന്നവൾ ചോദിച്ച ചോദ്യത്തിന് അവരാണ് ഉത്തരം നൽകിയത്.

"" ചുമ്മാ കടന്നുപോയ ന്റെ കൊച്ചിന് ഇവൻ ഉമ്മ കൊടുത്തിരിക്കുന്നു.. ന്നിട്ടവൻ പറയണത് കേട്ടില്ലെ ഒരബദ്ധം പറ്റിയതാണെന്ന് പോലും.. ""

""ഉമ്മയോ... ആദ്യമൊന്ന് ഞെട്ടിയ ആമിയുടെ കിളി എന്റെ ചമ്മിയ മുഖഭാവത്തിൽ നിന്നും ഇല്ലാതായി, കാര്യമാവൾക് മനസിലായതും എന്നെ നോക്കി ഒന്നാക്കി ചിരിച്ചു.

" " അഹ് അത്പോട്ടേച്ചി ഇത്തവണത്തേക്ക് ക്ഷമിക്ക് ഇനി ആവർത്തിച്ചാൽ നമ്മക് നല്ലിടി കൊടുക്കന്നെ.. ""

www.kkstories.com

14-)o വാർഡ് മെമ്പറുടെ ലകവത്തിൽ പറഞ്ഞുതുടങ്ങിയ ആമിയുടെ പ്രസ്താവനയെ അവർ പാടെ ഇല്ലാതാക്കി, ന്നത് മാത്രമല്ല തീർത്തും പുച്ഛിച്ചു

"" അതൊക്കെ പറയാൻ നീ ആരാ ഇവന്റെ.. അല്ലെ... ഇതുകൊള്ളാം.. ""

അതിനവൾ ഒന്നും മിണ്ടില്ല കൊല്ലാനുള്ള നോട്ടം മാത്രം.. കുടി നിന്നവരും അവരോട് എന്തൊക്കെയോ പറഞ്ഞ് തുടങ്ങിയിരുന്നു.. അല്ലേലും ഇതൊക്കെ വലിയ സീൻ ആക്കണ്ട കാര്യങ്ങൾ ആണോ.. ല്ലെ..

എന്തൊക്കെയോ പ്രസ്താവനകൊടുവിൽ അവർ എന്റെ അടുത്തേക്ക് എത്തി

"" ശരി നിങ്ങൾ എല്ലാം പറഞ്ഞത് കൊണ്ട് ഇവൻ എന്റെ മോളോട് മാപ്പ് പറഞ്ഞിട്ട് പോകോട്ടെ.. ""

www.kkstories.com

മാപ്പല്ല വേണേൽ ഞാൻ തന്നെ നിങ്ങളെ വീട്ടിൽ കൊണ്ടാക്കാം നൊരാവസ്ഥായിലായിരുന്നു ഞാൻ.ന്നാൽ ന്റെ പ്ലാനുകളും അവരുടെ ആഗ്രഹവും തച്ചുടച്ചുകൊണ്ട് ആമിയെന്ന പടയാളി അവടെ ഉടലെടുക്കുക ആയിരുന്നു സുഹൃത്തുക്കളെ.. അവൾ അവളുടെ ഭർത്താവിനെ വേറെ ഒരു പെണ്ണിന്റെ മുന്നിൽ അറിഞ്ഞു കൊണ്ട് ചെയ്യാത്ത തെറ്റിന് മാപ്പ് പറയാൻ അനുവദിക്കൻ തയ്യാർ അല്ലായിരുന്നു..

""" ദേ ചേച്ചി കാര്യമറിയാതെയാണ് ഓരോന്ന് പറയണത്,, ശെരിയാ ഉമ്മ വൈകുന്നപോലെ കാണിച്ചു.., ന്നും കരുതി അത് ഈ കൊച്ചിനാകണം എന്നുണ്ടോ... ഉണ്ടോ ചേട്ടാ..??""

www.kkstories.com

അടുത്തുനിന്നൊരു ചേട്ടനോട് അവൾ ശബ്ദം ഉയർത്തിയപ്പോ ഇല്ലെന്ന് ആ പാവം തലയാട്ടിന്നാലും അവര് വിട്ട് കൊടുക്കാൻ തയാർ ആയിരുന്നില്ല..

"" അല്ല നീ കുറെയായല്ലോ ഓരോന്ന് പറഞ്ഞ് വരാൻ തുടങ്ങിട്ട്., അല്ലെന്ന്ഇത്ര ഉറപ്പിച്ചു പറയാൻ ആ ഉമ്മ നിനക്ക് ആണോ അവൻ തന്നെ.. ""

"" അതെ നിക്ക് തന്നാ തന്നേ,, ചേച്ചിക്കെന്തേലും കുഴപ്പമുണ്ടോ ഹേ..!! .. പിന്നെ എന്റെ ഭർത്താവ് എനിക്ക് അല്ലാതെ വേറെ ആർക്കാ ഉമ്മ കൊടുക്കണ്ടേ.. ""

"" ഓ അപ്പൊ ഭർത്താവും ഭാര്യയും കൂടെ ബാക്കിയുള്ളവരെ ഉമ്മവയ്ക്കാൻ ഇറങ്ങിയതാണോ അത് കൊള്ളാം... ""

www.kkstories.com

ആ ഒന്ന് എനിക്ക് തീരെ പിടിച്ചില്ല പെണ്ണായിപ്പോയി ഇല്ലേൽ ഒന്ന് കൊടുത്തേനെ, ആളുകൾ ചിരിക്കുന്നതുടെ കണ്ടതുകൊണ്ട് അവളുടെം ടെമ്പർ പൊട്ടി. ന്നാ ലത്തിനു നല്ലസാല് മറുപടി ആമിതന്നെ കൊടുത്തുകഴിഞ്ഞിരുന്നു

"" ആണേൽ തന്നെ നിനക്കെന്തോ..,,!! ഓന്തിന്റെ മോന്തയുള്ള നിന്നെ ഇത്രേം ഗ്ലാമർ ഉള്ള എന്റെ കെട്ടിയോൻ നോക്കിയെന്ന്.., ഇങ്ങേർക്കെട്ടാ രണ്ടെണ്ണം കൊടുക്കണ്ടേ,.. നിങ്ങൾക്ക് കണ്ണ് കണ്ടൂടെ മനുഷ്യാ.. ""

അവളത് പറഞ്ഞതും ചുറ്റിനും ചിരി അലയടിച്ചു ഞാൻ പോലും ചിരിച്ചുപോയി.. ഇപ്പോ പെണ്ണിന്റെ മുഖത്ത് വിജയിച്ച ഭവമാണ്,, അവർക്ക് രണ്ടാൾക്കും നാക്കില്ലപ്പോ വല്ല കാര്യവും ഉണ്ടായിരുന്നോ.. ഞാനൊരു ആയിരം വട്ടം പറഞ്ഞില്ലേ വായിൽ തോന്നിയതൊരോന്ന് വിളിച്ചു പറയല്ലേ പറയല്ലെ ന്ന് ന്നിട്ടിപ്പോ ന്തായി.. എത്തിയിരുന്നോരു ഉമ്പ് കൊട് അല്ല പിന്നെ..

പല്ലുകൾ കൂട്ടി ഇരുമ്മുന്ന ശബ്ദം അവിടെ നന്നായി തന്നെ കേട്ട്.. ഏതായാലും ഡെന്റൽ ഡോക്ടർ ക്ക് പണിയായി.., ആമിക്ക് നേരെ അവൾ ചൂണ്ടിയാ കൈകൾ ഞാൻ പിടിച്ച് താഴ്ത്തി,,

www.kkstories.com

'" രണ്ടിനേം ഞാൻ കാണിച്ചു തരാം.. നിയൊക്കെ നോക്കിക്കോ... ""

ഇവളാര് ഹണി ബീ യിലെ ലാലോ..മാസ്സ് ഡയലോഗ് അടിക്കാൻ.., നിയൊക്കെ കളിച്ചത് ചെകുത്താനോടടാ ന്നൊരു ടോൺ.. ഭീഷണി നമ്മക്ക് പണ്ടേ മാറ്റാതാണല്ലോ.. ഇനിയവൾ ഗുണ്ടകളെ കൊണ്ടങ്ങാനും ഏഹ്.. വരോ...!!

അങ്ങനെ അവിടുന്ന് ഡ്രെസ്സും എടുത്ത് പുറത്തേക്ക് ഇറങ്ങുമ്പോൾ പെണ്ണിന് ഐസ്ക്രീം വേണമെന്ന്, അങ്ങനെ പാർലർ ലിൽ കേറി ഐസ്ക്രീം കേറ്റി തിരിച്ചിറങ്ങുമ്പോൾ മഴ ചെറുതായി പൊടിയുന്നുണ്ടായിരുന്നു.. പാർക്കിംഗ് ലേക്ക് കയറി സാധനം ബാക്ക് ഡോറിൽ വച്ച് തിരിയുമ്പോൾ എനിക്കഭിമുകമായി നുമ്പേ കണ്ട പെണ്ണ് തള്ള യില്ല ഇനിയവൾ പകരം വിട്ടാൻ വന്നതാണോ.. ഏയ് ഒറ്റക്കൊക്കെ വരോ.

"" ഡ്രസ്സ് ഒന്നും വാങ്ങിയില്ലേ.. അമ്മ എന്തിയെ പോയോ.. ""

www.kkstories.com

അവരുടെ രണ്ട് സൈഡിലും ഒന്ന് നോക്കി ഞാൻ കാര്യമാന്വസിക്കുമ്പോൾ അവർക്കൊരു പുച്ഛചിരി ഉണ്ടായിരുന്നു മുഖത്ത്,

"" കണ്ടതിനോടൊക്കെ സംസാരിച്ചു നില്കാതെ

അജുവേട്ട നിങ്ങള് വണ്ടി എടുക്കുണ്ടോ... നിക്ക് പോണം.. ""

അവളെ കണ്ട കലിപ്പിൽ ആമി കുറച്ച് കടുപ്പിച്ചാണ് അത് പറഞ്ഞത് .

www.kkstories.com

"" മനസിലൊന്നും വയ്ക്കണ്ട അറിയാതെ പറ്റിപോയത വിട്ട് കള.. അപ്പൊ ശെരി പോവാ കുറച്ച് ദൃതി ഉണ്ടേ.. ""

അല്ല അതല്ലേ അതിന്റെ മര്യാദ ഒന്നുല്ലേലും ഒരു പെണ്ണല്ലേ അറിയാതെ ആണേലും നമ്മള് കാണിച്ചതും മോശമല്ലേ.. അതും പറഞ്ഞു ഡോർ തുറക്കാൻ അഞ്ജന എന്റെ കൈയിൽ അവൾ കേറി പിടിച്ച് അത് തടഞ്ഞു. അത് ഉള്ളിൽ ഇരുന്ന മാഗി കണ്ട് ഡോർ വെളിയിലേക്ക് ഇറങ്ങി..

"" അങ്ങനെ രണ്ടാളും പോയാൽ ദാ.. അവർക്കതു വിഷമാകമാകില്ലേ.. ""

പാർക്കിങ്ന്റെ ഒരു മൂലയിലേക്ക് ചൂണ്ടി അവൾ ചോദിച്ചപ്പോ ഞാൻ ഒന്ന് നോക്കി ആരൊക്കെയോ വരുന്നുണ്ടല്ലോ, ജാഥ ക്കാരനോ എല്ലാരും വെള്ളയാണല്ലോ അഹ് വന്നാൽ 50 ന്റെ ഒരു കൂപ്പൺ എടുത്തേക്കാം പാവങ്ങൾ..

www.kkstories.com

"" നീ ന്താ ആളെ ഭീഷണി പെടുത്തുവാ... മര്യാദക്കെന്റെ ഭർത്താവിന്റ കൈന്ന് കൈയെടുകേടി.. """

പിടിവിട്ട് പോയ ആമി കറങ്ങി എന്റെ കൈയിൽ പിടിച്ച അവളുടെ കൈ എടുത്തു മാറ്റി.. അപ്പോളും ഞാൻ അവരെ നോക്കുവായിരുന്നു ഇവരിതുവരെ വരാറായില്ലേ Big B യിലെ

ബിലാൽ ലിനു ഇല്ല ഇത്രേം സ്ലോമോഷൻ എന്റെ പള്ളി.. അവരൊന്നും വന്നിട്ട് വേണം ബാക്കിയുള്ളവന് വീട്ടിൽ പോകാൻ..

"" കൈയിൽ മാത്രമല്ലെടി വേണേൽ നിന്റെ മുന്നിലിട്ട് നിന്റെ കെട്ടിയോന് ഉമ്മയും കൊടുക്കും കാണണോ നിനക്ക്... ""

www.kkstories.com

ഞാൻ പെട്ടെന്ന് തല ചെരിച്ചു അവളെ നോക്കി.. തള്ളേ ബലാത്സംഗമോ.. അതും ന്നേ..

ദൈവമേ നൂറ്റൊന്ന് തേങ്ങ ഞാൻ ഉടച്ചോളാമേ ഇവൾക്കങ്ങനെയൊരു ബുദ്ധി തോന്നിക്കണേ..

ശേ... ന്ന് ആമി മുഖം കൊട്ടിയപ്പോ, ഞാൻ ആ ചിന്തയിൽ ആയിരുന്നു.. ഹൊ ബലാത്സംഗം ഓ.. ഇന്ന് ഞാൻ പൂന്ത് വിളയാടും,, അങ്ങനെ ഒക്കെ ഷക്കീല ചേച്ചിടെ സിനിമയിലെ കണ്ടിട്ടുള്ളു ഇന്നത് എന്നിൽ സഭലമാകാൻ പോകുന്നു.. ഞാൻ കൃതക്തൻ നായി..

"" നിന്നെ കണ്ടാൽ അറിയാടി നി അങ്ങനത്തെ ടൈപ്പ് ആണെന്ന്.. പക്ഷെ എന്റെ ഭർത്താവിനെ അതിന് കിട്ടില്ല.. ""

ശേ.. ഇവളിതെന്തിനാ ഇങ്ങനെ ഒക്കെ പറയണേ.. സ്വന്തം കാര്യമാങ് പറഞ്ഞാൽ പോരെ ന്തിനാ ന്നേ ഇതിലൊട്ട് വലിച്ചിടുന്നെ.. എനിക്ക് നല്ല താല്പര്യം ഉണ്ടെന്ന്.. സത്യം..

www.kkstories.com

"" അനാവശ്യം പറയുന്നോടി. ചൂലേ.. ""

ന്ന് അമറി ആമിക്ക് നേരെ പാഞ്ഞ കൈയിൽ ഞാൻ മുറുകെ പിടിച്ച് ഒന്ന് ഞെരിച്ചു അവളവിടെ കിടന്ന് ഞെരിപിരി കൊണ്ട്..

"" ഹാ ചുമ്മാ നിന്ന് തിളക്കാതെ പെണ്ണെ.. ആളെയൊക്കെ കൂട്ടി വരാൻ നിയര് ഏജന്റ് ടീന യോ.. ഇവന്മാരുതുവരെ വന്നില്ലേ ദൈവമേ..!!

ചേട്ടന്മാരെ ഒന്നോടിവാ പോയിട്ട് വേറെ പണിയുണ്ടെ.. ""

"" വിട്... വിടെടാ പട്ടി... ന്റെ കൈയിന്ന് വിടാൻ ""

www.kkstories.com

അവർ കുറച്ചധികം ദൂരം ആയതിനാൽ ആണെന്ന് തോന്നുന്നു ലാഗ് ആകുന്നത് ഏതായാലും എത്താറായി.. ഞാൻ ന്റെ കൈ വിട്ട് അവൾ കൈയും കുടഞ്ഞു കുറച്ച് മാറി നിന്ന്.. ഞാൻ അവളെയൊന്ന് നോക്കി ചിരിച്ചു..കൈക്ക് നന്നായി തന്നെ പണി കിട്ടിയിട്ടുണ്ട് എനിക്ക് അത് മതി..

"" അവരാരൊക്കെയാ.. ഏട്ടാ വാ പോവാം നമ്മക്.. എനിക്ക് പേടി യാ.. ""

ഇത്രം നേരം കിടന്ന് ഷോ ഇറക്കിയവളാ ദേ കിടന്ന് കയറ് പൊട്ടിക്കുന്നെ..

"" അതെങ്ങനാ മോളെ ഈ ചേച്ചി നമ്മക്കായി കൊണ്ട് വന്ന ചേട്ടമ്മാരല്ലേ യത്.. ഒന്ന് കണ്ടിട്ട് പോകാന്നെ..

പിന്നെ കുറെ ആയില്ലേ അവര് നടക്കാൻ തുടങ്ങിട്ട് അപ്പോ അവരിവിടേ വരെ വരുമ്പോൾ നമ്മളെ കണ്ടില്ലേൽ മോശമല്ലേ.. """

www.kkstories.com

ല്ലാം ന്റെ ഷർട്ടിന്റെ തുണിയിൽ പിടിച്ച് വലിക്കുന്ന പെണ്ണെന്നെ ന്തോ അനിയഗ്രഹ ജീവിയെ പോലെ നോക്കി നിന്ന് ഞാൻ കണ്ണടച്ച് മാറി നിന്നോളൻ കണ്ണ്കാണിച്ചു, അവൾ പോകില്ല ന്നും പറഞ്ഞ് എന്റെ കൂടെ നിന്നവളെ ഞാൻ മാറ്റി നിർത്തി ഇവിടെ നിന്നോണമെന്നും പറഞ്ഞ്.. ആ ഭാഗത്തു ആരും തന്നെയില്ല വണ്ടികളും ഇല്ല..

അവർ നടന്നടുത്തെത്തിയപ്പോ ദണ്ടേ നമ്മടെ ചെക്കൻ അവരുടെ കുട്ടത്തിൽ..

"" അമ്മായിടെ മോനെ സതീശാ..!! ആമി ദേ ടി നിന്റെ ബന്തു..""

ഞാൻ ആ നാറിയെ (സതീശൻ) ആമിയെ കാണിച്ചപ്പോ അവൾ പേടിച്ചു ന്നേ നോക്കി,, ഞാൻ കണ്ണിറുക്കി ഒന്നുല ന്ന് കാണിച്ചതും പെണ്ണിന് കുറച്ച് സമാധാനം ആയത് പോലെ.. ഞാൻ വീണ്ടും നേരെ തിരിഞ്ഞു..

www.kkstories.com

അളിയാ.. എവിടായിരുന്നു.. സുഖമല്ലേ എന്റെ അളിയന്..""

"" സുഖമൊക്കെ ഞാൻ മാറ്റി താരാടാ.. നിന്റെ ന്നേ ആൾക്കാരുടെ മുന്നിലിട്ട് തല്ലും അല്ലേടാ നായെ.. ""

അവൻ അവിടെ നിന്ന് കുരച്ചു.. അപ്പോ പ്രതികാർ ആണ് ഉദ്ദേശം, കൊള്ളാം മോനെ നിന്നെ ഞാൻ നിരുത്സാഹപ്പെടുത്തുന്നില്ല..

"" അപ്പൊ ന്റെ അളിയൻ ന്നേ തട്ടാൻ തന്നെ വന്നതാ അല്ലെ.. നി കേട്ടില്ലേ ആമി.. ""

www.kkstories.com

തിരിഞ്ഞു നോക്കിയതേ ആ പൊട്ടി ഇരുന്ന് കരയുന്നു.. സാരീ യുടെ തുമ്പ് കൊണ്ട് വാ പൊത്തിയാണ് കരയുന്നെ.. പാവം ഇവമ്മാര് ന്നേ തല്ലും ന്ന് പേടിച്ചയിരിക്കും .

"" ന്റെ പെണ്ണെ നീ എന്തിനാ കരയുന്നെ..നിന്റെ ഏട്ടനെ കൊല്ലാനുള്ള മുഴുപ്പൊന്നും ഈ കുടി നില്കുന്നവമാർക്കൊന്നിനും ഇല്ല.. അതോർത്തെന്റെ പൊട്ടത്തി പേടിക്കണ്ടാട്ടൊ.. കണ്ണ് തുടച്ചു ബാക്കി കാണ് .. ""

"" അളിയ സതീശാ..... നീ എങ്ങനെ ഇവിടെ വന്നു.. ദേ നിൽക്കുന്ന ഇവളെ എങ്ങനെ അറിയാം ന്നൊന്നും എനിക്കറിയണ്ട., അതൊന്നും അറിയാനും കേൾക്കാനുമുള്ള സമയമെനിക്കില്ല.. അതുകൊണ്ട് സതീശന്റെ മോനല്ലേ., നിന്നെ ഞാൻ കോളേജില് കണ്ടതല്ലേ..

മരയോന്തിൻ നിറമില്ലെടാ നിന്നെ ഞാൻ പഞ്ഞിക്കിട്ടതല്ലെടാ... വാടാ... ""

www.kkstories.com

പറഞ്ഞ് തീരലും ഡാ.... ന്നും അലറി അവൻ എന്റെ നേരെ ചാടി കൈ മുട്ട് മടക്കി ഒറ്റ ഇടി അവന്റെ താടിക്ക് ക്രക് ന്നൊരു ശബ്ദം കേട്ട് എല്ല് പൊട്ടിയതാകനെ വഴിയുള്ളു.. അവൻ വീണിടത്തേക്ക് നോക്കി നിന്ന ബാക്കി രണ്ടെണ്ണത്തിനെ ഞാൻ ഒന്ന് നോക്കി.

"" ഇയ്യോ ചേട്ടന്മാരെ നോക്കി നില്കാൻ നേരമില്ല ..ഇരുട്ടും മുന്നേ വീട്ടിൽ കേറണ്ടതാ.. അതോണ്ട് ബാ.."

ന്ന് പറഞ്ഞിട്ടും വീണു കിടക്കുന്നവനെ നോക്കുന്ന അവന്മാരെ നോക്കി ചിരിച്ചോണ്ട് ഞാൻ

"" ഇത് നിങ്ങള് കാര്യമാക്കണ്ട.. ഇവനിത് സ്ഥിരമാ. നിങ്ങള് വാ..""

www.kkstories.com

അടുത്തവന്റെ കാലിനിട്ട് ഒരു ചവിട്ട് കൊടുത്തതും അവൻ അലറി കരഞ്ഞു കൊണ്ട് പിന്നോക്കം വലിഞ്ഞു ആ ഒരു ടൈം മിൽ തന്നെ അവന്റെ നെഞ്ചിൽ ആഞ്ഞൊരു ചവിട്ടും കൊടുത്തതും ദാണ്ടേ കിടക്കണ് രണ്ടും.പിന്നൊരു മേളമായിരുന്നു, എടുത്തിട്ട് കൊടുത്തു എല്ലാത്തിനേം,ചറ പറാന്ന് പറഞ്ഞെല്ലാത്തിനേം പൊട്ടിച്ചു,

ഇതെല്ലാം കണ്ണിമ്മ വെട്ടാതെ അന്തം വിട്ട് നോക്കി നിൽക്കുന്ന ആമിയെ കണ്ടത് കൊണ്ട് അധികം ചോര ഞാൻ പോടിച്ചില്ല,, ഇത്രയും നേരത്തെ റസ്റ്റ് ന് ശേഷം വീണ്ടും അരങ്ങിലേക്ക് എത്തിയാ മിസ്റ്റർ സതീശൻ അവറുകൾക്ക് ഞാൻ പൊന്നാട അണിയിച്ചു സ്വീകരിച്ചു.

ഇത്രയും ആയിട്ടും എന്നെ തല്ലാൻ കൈയൊങ്ങി വന്ന അവന്റെ ഇടത്തെ കൈയിൽ ഞാൻ പിടുത്തമിട്ട്

"" മറ്റേത് ഞാൻ ഒന്നോടിച്ചതാ..ന്നിട്ടും നിനക്ക് കഴപ്പ് മാറില്ലെങ്കിൽ ഞാൻ എന്ത് ചെയ്യും എന്റെ സതീശാ.. ""

"" അയ്യോ സാറേ.. ന്നേ വിട്ടേക്ക് ഞാൻ ഇനി ഒന്നിനും വരില്ല..ആമി ഒന്ന് പറയ്.. ""

"" ഏട്ടാ വിട്ടേക്ക്... മതി പോകാം.. വാ ഏട്ടാ എനിക്ക് വയ്യേ ന്റിഈശ്വര.. ""

www.kkstories.com

"" ആഹ്ഹ് വിടുവാ.. വിടുവാ.. നീയാ കണ്ണോന്നടച്ചേ...

ഇനി എന്തിനാ ന്ന് കരഞ്ഞു കൊണ്ട് ചോദിച്ചവളോട്

അടക്കാൻ നിന്നോടല്ലേ പറഞ്ഞെ.. ... ന്ന് പറഞ്ഞതും ഒറ്റ അട.. ""

"" വേറെ ഒന്നുടെ ഉണ്ടായിരുന്നല്ലോ.. അഹ് ചേച്ചി ... ""

കിളി പോയി മൂലക്ക് കൈയും തിരുമ്മി ന്നേ നോക്കിയ അവളുടെ ആ ഗുണ്ട ചേച്ചിയുടെ കണ്ണിൽ ഭീതി നിറഞ്ഞിരുന്നു,

www.kkstories.com

"" ചേച്ചി ആ കണ്ണോനടച്ചേക്ക്,, ഞാൻ ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ഐറ്റം ആരും വീട്ടിൽ പോയി അനുകരിക്കരുതേ ന്നൊരു അഭിർത്ഥന മാത്രേ ഉള്ളൂ പ്രതേകിച്ചു കൊച്ച് കുട്ടികൾ..""

ട്രെൻഡിങ് ൽ നിൽക്കുന്ന ആ ഡയലോഗ് ഇപ്പോൾ എന്തിന് ഞാൻ ഇവിടെ പറഞ്ഞെന്ന് എനിക്ക് അറിയില്ല, ഏതായാലും അതാ സന്ദർഫത്തിനു കറക്റ്റ് ആണെന്ന് എനിക്ക് തോന്നി.. കേൾക്കണ്ട താമസം അവളും കണ്ണുപൊത്തി

"" വേണ്ട സാറേ.. ഞാൻ പൊക്കോളാം..""

"" സോറി ഡാ തമ്പി ഉനക്ക് തന്ത ടൈ മുടിഞ്ചിറിച്ചു.ടാ... ""

പറഞ്ഞ് തീരലും ആ കൈ ഞാൻ രണ്ടായിട്ട് ഒടിച്ചു എല്ല് പൊട്ടുന്ന ശബ്ദംവും അവന്റെ അലർച്ചെയും ആയപ്പോ രണ്ടു പെണ്ണുങ്ങൾ അതിലും ശബ്ദത്തിലലറി..

"" ഇതിന്റെ പുറകെ ഇനി നീ വന്നാൽ... ഇതുപോലെ നീ തിരിച്ചു പോകില്ല കൊല്ലും ഞാൻ.സതീശാ ഞാൻ കൊല്ലും.., മനസിലായോടാ പന്ന.. ""

www.kkstories.com

അവനോട് അതും പറഞ്ഞ് ആമിക്ക് അഭിമുകമായി ചെന്നിരുന്ന്, ഇപ്പോളും എങ്ങലടി കേൾകാം എനിക്ക്,, അവളെ ഞാൻ വിളിച്ചെണ്ണീപ്പിച്ചു, അവളൊരു

ഞെട്ടലോടെ കണ്ണുകൾ തുറന്ന് മുന്നിൽ ന്നേ കണ്ടതും അർതലച്ചു ന്റെ ഞെഞ്ചിലേക്ക് ഒറ്റ വീഴ്ച.. അവിടെ ഇനി നിന്നാൽ ശെരിയാകില്ല ന്ന് തോന്നിയതിനാൽ,, മാറ്റവൾക്കൊരു സലാമും കൊടുത്ത് ഞാൻ അവളേം കൊണ്ട് കാറിൽ കേറി.. പെണ്ണിപ്പോളും കരച്ചില് നിർത്തിട്ടില്ല.. ഞാൻ വണ്ടി സൈഡ് ആക്കി

"" എടി നീ ചുമ്മാ കിടന്ന് കരയാതെ.. ""

ന്ത് പറഞ്ഞിട്ടും അവൾക്ക് യാതൊരു മാറ്റവും ഉണ്ടായില്ല അതെന്നിൽ കുടുതൽ ദേഷ്യം കൊണ്ട് വരികയാണ് ചെയ്തത്, അവസാനം എന്റെ കൈവിട്ട് പോയി

"" ഇങ്ങനെ കിടന്ന് തൊള്ളതുറക്കാൻ മാത്രം ഞാൻ ചത്തിട്ടൊന്നുമില്ലലോ.. കോപ്പ്.. ""

www.kkstories.com

ഞാൻ സ്റ്റിറിംഗ് ൽ അഞ്ചിടിച്ചു ആ നിമിഷം എന്റെ ഇടത്തെ കവിളിൽ ഒരു പുകച്ചില് ഞാനൊന്ന് കണ്ണ് മുറുക്കെ തുറന്ന്.. എന്റെ ഇടത്തെ ഭാഗത്തേക്ക് നോക്കുമ്പോൾ ചുവന്നു നിറഞ്ഞ കണ്ണുകൾ എന്നെ നോക്കി കൊല്ലുണ്ടായിരുന്നു..

"" വേണ്ടത്തീനം പറയുന്നോ പട്ടി... ""

ന്നും പറഞ്ഞ് ന്റെ നെഞ്ചിൽ രണ്ടിടിയും തന്നവൾ എന്നെ മുറുക്കെ കെട്ടിപിടിച്ചു കിടന്ന് കരഞ്ഞു. അവളുടെ പുറത്തൂടെ എന്റെ കൈ ഒരാശ്വാസമെന്നപോലെ തഴുകുന്നുണ്ടായിരുന്നു, അപ്പോൾ എന്റെ ചുണ്ടിൽ ഒരു ചിരി ഉണ്ടായിരുന്നു എന്നതാണ് സത്യം.. ആ അടിക്ക് നല്ല സുഖം.. കുറച്ച് നേരം കിടന്നവൾ നെഞ്ചിൽ നിന്നും എണ്ണിറ്റ് എന്റെ കവിളിൽ തലോടി

"" നൊന്തോ..""

www.kkstories.com

ആ നിറഞ്ഞ കരിംകൂവള മിഴികളിൽ പരിഭവവും എന്നോടുള്ള സ്നേഹവും അണെനിക്ക് കാണാൻ കഴിഞ്ഞത്. ഞാൻ ഇല്ലെന്ന് കണ്ണിറുക്കി കാട്ടി, അതിനവൾ മുഖമുയർത്തി ന്റെ കവിളിൽ ഒരുമ്മ തന്നു. ഒരു നനവാർന്ന ചുംബനം .

"" അങ്ങനെ പറഞ്ഞോണ്ടല്ലേ ഞാൻ തല്ലിയെ.. ഏട്ടനെന്തേലും പറ്റിയാൽ എനിക്ക് ആരാ ഉള്ളെള.. ഇനി അങ്ങനെയൊന്നും പറയല്ലേ.. നിക്കതു സഹിക്കാനാവില്ല,, പോണേൽ ന്നേ കൂടെ കൊണ്ടോണം.. ""

ഞാൻ ഒന്നും മിണ്ടില്ല ആ നെറ്റിയിൽ എന്റെ ചുണ്ടുകൾ ചേർത്തവളോട് ഒരു മാപ്പ് പറഞ്ഞ്.. തിരിച്ചാ ഇരു കണ്ണിലും മുത്തമിടുമ്പോൾ അവളുടെ മിഴികൾ നിറയുണ്ടായിരുന്നു..

"" പേടിച്ചു പോയോ.. ന്റെ പൊന്ന്.. ""

www.kkstories.com

"" പിന്നില്ലാതെ എല്ലൊക്കെ ഓടിയണ സ്വരം കേട്ടെനിക് ന്തൊപോലായി.. എത്രയൊക്കെ അയാലും എങ്ങനെയാ ഏട്ടാ ഒരാളോട് ഇങ്ങനെയൊക്കെ ചെയ്യാൻ ഒക്കാ.. ""

അതിന് ഞാൻ ഒന്ന് ചിരിച്ചു ചുമ്മാ ന്ന് കണ്ണിറുക്കി

"" ചിരിച്ചോ.. ന്ത് പറഞ്ഞാലും ഈ ചിരിയുണ്ടല്ലോ ആളെ കൊല്ലണ ഈ ചിരി.. ഇയ്യോ എന്റെ ദൈവമെ.. ഇതിനെ ഞാൻ കടിച്ചങ് കൊല്ലട്ടെ.. ""

കൈകൊണ്ട് എന്നെ കൊല്ലാൻ വരണ പെണ്ണെന്റെ കവിളിൽ പിടുത്തമിട്ട് കവിളിൽ ഒരൊറ്റ കടി.. വേദനിപ്പിച്ചോനുല്ല ട്ടോ ന്റെ പെണ്ണ്, ഞാൻ പതിയെ വണ്ടി എടുത്തു ഇരുട്ട് വീണു തുടങ്ങിയിരുന്നു.. ഇനി ഒരു കാൽ കിലോമീറ്റർ അത്രേ ഉള്ളൂ ഇവളുടെ വീട്ടിലെക്ക്

"" പണ്ടും ഇങ്ങനെ ആയിരിക്കും ഇല്ലേ.. ""

www.kkstories.com

മുന്നോട്ട് വണ്ടി നീങ്ങി തുടങ്ങിയതും പെണ്ണ് വീണ്ടും ഫോം ആയി..

"" എങ്ങനെ.. ""

"" ആളെ തല്ലണ കാര്യത്തിൽ.. ""

അവളൊരു പിരികം പൊക്കി ന്നേ സംശയത്തോടെ നോക്കി.. ഇവളിതെന്തോന്ന് ചില സമയം പെണ്ണ് കൊച്ച് കുട്ടികളെക്കൾ കഷ്ട.. അതിന് ഏയ് ന്ന് പറഞ്ഞ് ഞാൻ ഒഴിവായി..

"" നിക്കറിയാം എല്ലാം.. ന്നേ അങ്ങനെ പൊട്ടിയാക്കാൻ നോക്കുവൊന്നും വേണ്ട... ""

www.kkstories.com

"" പിന്നേ.. എനിക്കറിയില്ലേ ന്റെ കൊച്ചിനെ.. ഒരു പൊട്ടിയെ പിന്നേം എങ്ങനെയാ പൊട്ടിയാക്കുന്നെ.. അല്ലെ.. ""

ആഹ്ഹ് ന്ന് പറഞ്ഞത് മറുപടി തന്നവൾ പെട്ടെന്ന് റിലെ തിരിച്ചു കൊണ്ട് വന്ന്.. പിന്നേ നുള്ളും പിച്ചുമായി വീടെത്തിയതറിഞ്ഞില്ല. ഞങ്ങൾ വരുമെന്ന് വിളിച്ചു പറഞ്ഞില്ല രണ്ടിടത്തും എനിക്ക് ലീവ് ഇല്ല ഇവൾക്ക് ക്ലാസ്സ് തുടങ്ങിയത് കൊണ്ട് ഇപ്പോ ലീവ്

എടുക്കാൻ പറ്റില്ല എന്നൊക്കെ പറഞ്ഞപ്പോ കുറെ വഴക്ക് കേട്ട്.. ന്നാൽ ഒരു സർപ്രൈസ് കൊടുക്കണമെന്നേ ഉണ്ടായിരുന്നു..

കാർ ഇരുട്ട് വീണ് തുടങ്ങിയ മണ്ണിട്ട വഴിയിലൂടെ അകത്തേക്ക് നടക്കുമ്പോൾ ഉമ്മറത്ത് അമ്മയും അഞ്ജുവും നാമം ജപിക്കുന്നുണ്ടായിരുന്നു.. പതിവില്ലാതെ കാർ കണ്ടതുകൊണ്ട് ഒരു സംശയം അവരിൽ ഉണ്ടായിരുന്നു. അഞ്ചു നാമം ജപിക്കുന്നതിനിടയിലും എത്തി വലിഞ്ഞു നോക്കുണ്ടായിരുന്നു. ഓണത്തിന് ഒരു ലോഡ് സാധനങ്ങളുടെ ലിസ്റ്റ് ആണ് പെണ്ണെനിക് വാട്സ്ആപ്പ് ൽ ഇട്ടിരിക്കുന്നെ. വരുന്നില്ലെന്ന് പറഞ്ഞപ്പോ അവളുടെ സ്വരം മാറിയത് കേൾക്കണമായിരുന്നു.. ഏതായാലും അച്ഛൻ ഇവിടെ ഇല്ലെന്ന് നിക്ക് മനസിലായി.

ഡോർ തുറന്ന് വെളിയിലേക്ക് ഇറങ്ങിയ ആമിയെ കണ്ടപ്പോ രണ്ടാൾക്കും സങ്കടവും സന്തോഷവും. അമ്മെന്ന് വിളിച്ചോടിയ ആമി അമ്മയെ കെട്ടിപ്പുണർന്നു

അഞ്ചും അമ്മയും അവളും തമ്മിൽ വരുന്നില്ല ന്ന് പറഞ്ഞതിന്റെ പരിഭവമാ ഉണ്ടായതെങ്കിൽ അഞ്ജുനോട് കള്ളം പറഞ്ഞതിന്റെ പ്രതിഫലം കിട്ടിയത് എനിക്കായിരുന്നു.. വന്നപാടെ എന്റെ വയറു നോക്കി ഒറ്റ ഇടി..ഈ ചേച്ചിയും അനിയത്തിയും എന്നെ കൊല്ലുന്ന തോന്നണേ.. അതിനൊരു നൂറ് സോറിയും പറഞ്ഞാണ് ഞങ്ങൾ അകത്തേക്ക് കയറുന്നത്..

"" മോനിരിക്ക് ഞാൻ കാപ്പി എടുകാം..""

"" വേണ്ട ഏട്ടന് ഞാൻ കാപ്പി എടുകാം.. ""

അമ്മ പറഞ്ഞതിന് നിഷേദമെന്നേ അഞ്ചു അതുംപറഞ്ഞകാതെക്കൊടി.. ആമിയും അമ്മയും അകത്തേക്ക് കയറിയപ്പോ ഞാൻ ഒന്ന് കുളിച്ചിട്ട് വരാം ന്നും പറഞ്ഞു അയയിൽ കിടന്ന തോർത്തും ഒരു കാവി കൈലിയും എടുത്ത് വെളിയിലത്തെ കുളുമുറിയിൽ കയറി. കുളികഴിഞ്ഞു വെളിയിൽ ഇറങ്ങുമ്പോൾ അഞ്ജുവും ആമിയും ഉണ്ടായിരുന്നു വെളിയിൽ രണ്ടാളും എന്തോ കുശലം പറച്ചിലാണ്..

"" ധാ ഏട്ടാ കാപ്പി.. ""

www.kkstories.com

അഞ്ചുന്റെ കൈയിൽ നിന്നും കാപ്പിയും വാങ്ങി ഞാൻ ഉമ്മറത്തെ ചാരുപടിയിൽ കയറിയിരുന്നു.,

"" അച്ഛൻ വരാറായില്ലേ അമ്മാ .. ""

കാപ്പിയിൽ ഒരിറ്റ് ഇറക്കി വെളിയിലേക്ക് നടക്കുന്ന അമ്മയോട് ഞാൻ അത് ചോദിച്ചപ്പോ, അയയിലെ ബാക്കി തുണികൾ ഓരോന്നായി എടുത്ത് തോളത്തിട്ട് അതിനുള്ള മറുപടി ഉം എനിക്ക് നൽകി അമ്മ ഉമ്മറതെക്ക് കയറി

"" ഇല്ല മോനെ.. അച്ഛൻ ആ തെക്കേലെ സുകുണൻ വിളിച്ചെന്, കവലകോട്ട് ഇറങ്ങിയത.. ""

www.kkstories.com

"" അഹ്.. നിന്റെ പടുത്തം എങ്ങനെ പൊന്നേടി.. ""

അമ്മയുടെ മറുപടി കിട്ടിയിട്ട് ഞാൻ തലച്ചേരിച്ചു അഞ്ചുനേ നോക്കി.. അമിയും കുളി കഴിഞ്ഞിട്ടുണ്ട് വീട്ടിൽ ഇടണ നൈറ്റി യാണ് വേഷം, തലയിൽ തോർത്തും കെട്ടിവെച്ചിട്ടുണ്ട്..

"" നന്നായിട്ട് പോണുണ്ടേട്ടാ.. ""

"" ന്റെ മോനെ.. നീ വാങ്ങി കൊടുത്ത ആ കമ്പുട്ടറും നോക്കിയിരിപ്പാ സാധാ സമയവും.

അത് കിട്ടിയാ പെണ്ണിന് ഊണും വേണ്ട ഉറക്കോം വേണ്ട.. ""

www.kkstories.com

ഞാൻ ഒന്ന് സൂക്ഷിച്ചു നോക്കി.. അതിനവൾ ഒന്നിളിച്ചു കാണിച്ചു.. "" അതൊക്കെ എന്റെ കൊച്ച് പഠിച്ചോളും അല്ലെടാ.. ""

ന്ന് ഞാൻ പറഞ്ഞപ്പോ, അമ്മ ചിരിച്ചോണ്ട് എണ്ണിറ്റ് പൊയി, പിന്നല്ല എന്റെ പുന്നാര ഏട്ടന്നും പറഞ്ഞെന്റെ കവിളിൽ ഒരു ഉമ്മ കൂടെ തന്നവൾ..

"" അപ്പോ ഏട്ടന് മാത്ര ഉള്ളോ ഉമ്മ ഈ പാവം ചേച്ചിക്കില്ലേ... ""

ന്നും പറഞ്ഞു ആമി കുശുമ്പ് കുത്തിപ്പം ഇന്നാ പിടിച്ചോ ന്നും പറഞ്ഞൊരുമ്മ അവൾക്കും കൊടുത്തു ഞങ്ങടെ കൊച്ചു..

www.kkstories.com

"" യാത്ര യൊക്കെ എങ്ങനെ ഉണ്ടായിരുന്നു ചേച്ചി.. ""

എന്റെ ഫോണിൽ തോണ്ടുവാണ് രണ്ടും. അത് കേട്ടപ്പോ ആമി ന്നെയൊരു നോട്ടം.. ഞാൻ വേണ്ട പറയല്ലെന്നു കണ്ണ് കാണിച്ചു.. എവിടെ..

"" എന്റടി.. ഇങ്ങോട്ട് വരണ വരവിനു ഡ്രെസ്സെടുക്കാൻ ഞങ്ങളൊരു കടേൽ കേറി.. അവിടെ വച്ചൊരു പെണ്ണുമായി ചെറിയ പ്രശ്നമായി.. അവൾക്കുള്ളത് കൊടുത്ത് വിട്ടപ്പോൾ.. ""

www.kkstories.com

"" വിട്ടപ്പോ.. എന്നിട്ട്.. ""

അഞ്ചു കൈയിൽ ഇരുന്ന ഫോൺ മാറ്റി ആമിയെ നോക്കി ഇരിപ്പായി.. അവൾ നടന്നതെല്ലാം പറഞ്ഞു കൊടുത്തു കഴിഞ്ഞപ്പോ അഞ്ചു ന്നെ ഒരു നോട്ടം..

"" കൈ ഓടിച്ചോ.. ""

"" അഹ് ഡി മോളെ.. ആ ഒച്ചയുണ്ടല്ലോ ഇയ്യോ.. പറയുമ്പോ തന്നെ, എന്റെ മേല് പെരുക്കുന്നു.. ""

"" ശേ അവനിട്ടു രണ്ട് കൊടുക്കണത് കാണാൻ പറ്റില്ലാലോ എന്റെ കൃഷ്ണ.. ""

www.kkstories.com

"" അഞ്ചു നീ ചുമ്മായിരി. നീ കൃഷ്ണനെ വിളിച്ചപ്പോളാ നാളെ രാവിലെ നമ്മക് മൂന്നാൾക്കും ഒന്നമ്പലത്തിൽ പോണേ.. ""

"" അതെന്നാ അവിടെ അമ്പലമൊന്നും ഇല്ലേ.. ""

എന്നായിരുന്നു ന്റെ മറുപടി..,

"" ഓ ഉണ്ടേൽ കൂടെ വരണ ഒരാള്.. ഇങ്ങേര് അമ്പലത്തിൽ വരത്തില്ലെടി.. ""

"" അതെന്ന ഏട്ടാ..അമ്പലത്തിൽ പോകാത്തെ .. ""

www.kkstories.com

ശെടാ ഈ പിളർക്കെന്തെല്ലാം അറിയണം..,

"" പോകൂടി വല്ലപ്പോളെ ഉള്ളുന്നു മാത്രം.. ഞാൻ പോയില്ലേൽ എന്താ ആ പാവം മാഗിയെ കുത്തി എണ്ണിപ്പിച്ചു ഇവള് പോണുണ്ടല്ലോ.. ""

അതിനൊരു പിച്ചേനിക് കിട്ടി.. സ്വഭാവികം..

"" അത് പറഞ്ഞപ്പോളാ ഇനി വരുമ്പോ മാജിയേച്ചിയെ കൊണ്ട് വരണേ.. ""

"" അതിനെന്തിനാ അടുത്ത തവണയാക്കണേ .. ഞങ്ങള് തിരിച്ചു പോകുമ്പോൾ നീയും കൂടെ കാണുല്ലോ അപ്പൊ കാണാല്ലോ മാഗിയേച്ചിയെ.. അല്ലെയേട്ടാ.. ""

www.kkstories.com

അതാമി പറഞ്ഞപ്പോ പെണ്ണിന്റെ മുഖമൊന്ന് കാണണം ഒരു സെക്കന്റ് കൊണ്ട് ആ മുഖത്ത് സങ്കടം സന്തോഷം നിങ്ങനെ എല്ലാം മിന്നിമറന്നു..

"" സത്യായിട്ടും കൊടുപോകുവോ.. ""

ന്നെ നോക്കിയായിരുന്നു അതവൾ ചോദിച്ചത്..

"" പിന്നെ നിന്റെ ഏട്ടനാണെന്ന് പറഞ്ഞു നടക്കുന്നേൽ എന്ത് അർത്ഥമാ ഉള്ളെ.. ""

www.kkstories.com

"" അയ്യടാ.. അതൊന്നുമല്ലെടി ഞാൻ പറഞ്ഞിട്ടാ അഞ്ജുവേട്ടൻ സമ്മതിക്കുന്നെ.. ഇന്നിട്ടിപ്പോ ക്രെഡിറ്റ് മൊത്തം ഏട്ടന്.. ഹോ.. ""

"" ഓ ഷെമി എന്റെ ചേച്ചി.. നിറഞ്ഞ കണ്ണുകളിൽ അവളൊന്ന് ചിരിച്ചു..

അല്ല അമ്മയും അച്ഛയും സമ്മതിക്കുവോ.. ""

"" അതൊക്കെ നമ്മക്,, ശെരിയാക്കടി പെണ്ണെ.ഏതായാലും നിനക്ക് ലീവ് അല്ലെ, അത്രേം നാൾ നമ്മകവിടെ കൂടാം ന്തേ.. ""

അതും പറഞ്ഞു അവര് രണ്ടാളും പരസ്പരം കെട്ടിപിടിച്ചു. അപ്പോളേക്കും അച്ഛൻ വരുന്നത് കണ്ട് ഞാൻ എണ്ണിറ്റ് കൂടെ അവരും..

www.kkstories.com

"" നിങ്ങള് വരില്ലെന്ന് പറഞ്ഞിട്ട് .. ഇരിക്ക് മോനെ.. ന്തിനാ നിക്കണേ.. മോളെ സുഖമല്ലേടാ.. ""

പിന്നോരോരോ കാര്യങ്ങൾ പറഞ്ഞങ്ങനെ ഇരിപ്പായി.. എനിക്കും പുള്ളിക്കും ഒരുപാട് കാര്യങ്ങൾ ചർച്ചക്കായി വന്നു.. കൃഷി, ആഗോള വ്യവസ്ഥിതി,, മഴ

നിങ്ങനെ ഉള്ള കാര്യങ്ങൾ ഞങ്ങൾക്കിടയിൽ എത്തിയിരുന്നു..

"" ആമി നീ ഒക്കെ ആണെങ്കിൽ നമ്മള് വാങ്ങിയ കവർ ഇങ്ങനെടുകാവോ.. ""

"" അയ്യോ ഞനത് മറന്നു.. ഇപ്പോ എടുക്കാവേ.. ന്നും പറഞ്ഞു അവളോടി കാറിൽ നിന്നും ഇവർക്ക് മൂന്നാൾക്കും വാങ്ങിയ കവർ എടുത്ത് ഡോർ അടക്കാൻ നോക്കുമ്പോൾ ഞാൻ അവളെ തടഞ്ഞു..

www.kkstories.com

"" ആമി അതില് ഒരു ചുവന്ന കവറ് കൂടെ ഉണ്ട് അതുമെടുത്തോ.. ""

ഒന്നും മിണ്ടാതെ അവളാ കവറും ആയി തിരികെ വന്ന് എല്ലാർക്കും ഓരോന്ന് വീതം കൊടുത്ത് കഴിഞ്ഞപ്പോ ഒരു കവർ ബാക്കി വന്നു ആ കവറും പിടിച്ചു ന്നെ നോക്കി നിൽക്കുന്ന ആമിയെ നോക്കാതെ അഞ്ചുനേ ഞാൻ ഒന്നും നോക്കി കവറിലേക്ക് കണ്ണ് കാണിച്ചു.. ആണോന്ന് ചോദിച്ചവള് ആമിയുടെ കൈയിൽ നിന്ന് കാവറും തട്ടിപിടിച്ചു ഒറ്റ ഓട്ടം.

"" അതെന്താ അതില്... ഞാൻ കണ്ടില്ലല്ലോ അത്.. ""

"" അതൊക്കെ ഉണ്ട് അവളൊന്ന് വന്നോട്ടെ നീ ഒന്ന് ക്ഷമിക് ... എങ്ങനെ ഉണ്ടമേ കൊള്ളാവോ എല്ലാം.. ക്കെ ഇവളെടുത്തതാ.. ""

www.kkstories.com

"" മ്മ് കൊള്ളാം മോനെ.. നന്നായിട്ടുണ്ട്.. ""

നിറഞ്ഞ മിഴികൾ തുടകുനകണ്ടപ്പോളെ ഞാൻ വഴക്ക് പറഞ്ഞത് കൊണ്ട് ചിരിച്ചുകൊണ്ട് എന്റെ മുഖം ആ കൈകൊണ്ട് ന്ന് ഒഴിഞ്ഞു,

"" അമ്മേ നമ്മള് നാളെ എല്ലാരും കൂടെ തറവാട്ടിലാ ഓണം ആഘോഷിക്കുന്നെ.. ""

"" അയ്യോ അത്.. അതുവേണ്ട മോനെ., നിങ്ങള് മൂന്നാലും പോയാൽ മതി.. ""

www.kkstories.com

അച്ഛനായിരുന്നു അത്.. തറവാട്ടിന്റെ നിലയ്ക്ക് തങ്ങൾ ചേർന്നില്ലെങ്കിലോ ന്നോർത്തു കാണും

"" അഹ് ന്നാ നന്നായിരിക്കും,, ഞാൻ കൊണ്ട് പോയില്ലെങ്കിൽ നാളെ രാവിലെ അച്ഛൻ ആയിരിക്കും നേരിട്ട് വരാ.. അച്ഛനാ പറഞ്ഞെ ഇത്തവണത്തെ ഓണം ഒന്നിച്ചാകം ന്ന് ""

പിന്നൊന്നും മിണ്ടാൻ ഞാൻ അനുവദിച്ചില്ല.. എന്റെ തീരുമാനം അവിടെ എല്ലാരും ഉൾകൊള്ളുന്നുണ്ടായിരുന്നു..അപ്പോളേക്കും അകത്തേക്ക് പോയ അഞ്ചു തിരിച്ചെത്തിയിരുന്നു.

പണ്ടൊക്കെ എന്തേലും അഭിപ്രായം പറഞ്ഞാൽ പുല്ല് വില തരുന്ന എനിക്ക് ഒരു കല്യാണം കഴിഞത്തൊടുകുടി വില തരാൻ തുടങ്ങിയിരിക്കുന്നു.. ഇതറിഞ്ഞായിരുനെനിക്കിൽ പത്തിൽ പഠിക്കുമ്പോളെ ഏതേലും കാന്താരിയെ കേട്ടായിരുന്നു.. ശേ ലേറ്റ് ആയി പോയല്ലോ.,

"" ടങ് ടാ ഡാ... ""

www.kkstories.com

അവളയച്ച മോഡൽ, Gown with Ruffle Layer party occasion മോഡൽ ഒരു ഗൗൺ ഇട്ട് മുഖത്ത് വാങ്ങിക്കൊണ്ട് വന്ന മേക്കപ്പ് ബോക്സ് ഇൽ നിന്ന് മേക്കപ്പ്ഉം ഇട്ട് , മാലയും ഇട്ട് നിൽക്കുന്ന അവളെ കണ്ടപ്പോ ഉള്ളിൽ ഒരു സന്തോഷം.. ആ കണ്ണിലെ തിളക്കം കാണുമ്പോൾ എന്തൊക്കെയോ പോലെ,, പണ്ട് കുട്ടുകാർ അനിയത്തിക്ക് ഓരോന്ന് വാങ്ങി കൊടുക്കുമ്പോൾ അവരുടെ സന്തോഷം കണ്ടെന്നിൽ നിറഞ്ഞ വിഷമത്തിന് ഇന്നെനിക് മാറ്റമുണ്ടാക്കി.. അതെ ഇന്നെനിക്കും ഒരനിയത്തി ഉണ്ട്..

"" ഇത് ഇതെപ്പോ.. ""

അവളെ കണ്ട് എന്റെ നേരെ നോക്കിയ ആമിയുടെ കണ്ണിൽ ആകാംഷ നിറഞ്ഞിരുന്നു..

www.kkstories.com

"" അതൊക്കെ നമ്മള് സെറ്റ് ആക്കിയല്ലേടാ... ""

അവളുടെ ചോദ്യത്തിന് ഒരു കണ്ണിറുക്കി അഞ്ചുനേ നോക്കി ചിരിക്കുമ്പോൾ അവളോടി വന്നെന്റെ കവിളിൽ പിടിച്ച് കൊച്ച് കുട്ടികളെ പോലെട്ടുമ്പോൾ ഒരടി കൊടുത്ത് ഞാൻ അവളെ വേർപിടിപ്പിച്ചു.., ചേച്ചിയും അനിയത്തിയും കണക്കാ..

"" എന്തിനാ അജു വെറുതെ പൈസ കളയുന്നെ ഇവളെന്തേലും പറഞ്ഞുന്നു വെച്ച്... ഇപ്പോ തന്നെ നങ്ങൾക്കെല്ലാർക്കും എടുത്ത് കൊറേ പൈസ അതിനായില്ലേ.. ""

www.kkstories.com

"" ദേ അമ്മേ.. ഞാൻ പറഞ്ഞിട്ടുണ്ട്.., ഞാൻ ന്റെ കൊച്ചിനല്ലേ വാങ്ങിയേ അതിന് നിങ്ങൾക്കെല്ലാം ന്താ.. "'

അത് ചോദിക്കുമ്പോൾ അവർ രണ്ടാളും ഒന്ന് ചിരിച്ചതെ ഉള്ളൂ..

"" ന്നാലും അജുവേട്ട.. ""

എന്തോ പറയാൻ വന്നവളെ ഞാൻ കൈ ഉയർത്തി ആദ്യമേ തടഞ്ഞു.

"" പൈസ ഉള്ളപ്പോ ഉള്ളപോളെ ജീവിക്കണം.. അത്രേം ഉള്ളുന്ന്..

പിന്നെ മോളെ ഇതൊക്കെ ഏട്ടൻ വാങ്ങി തരുന്നത് മോള് നന്നായി പഠിക്കാനാ അതോർമ്മ വേണം.. ""

www.kkstories.com

അതിനവൾ നന്നായി ചിരിച്ചു എന്റെ അരികിൽ വന്നിരുന്നു തലയാട്ടി..

"" അല്ല ഇത് കൊള്ളാലോ.. നന്നായിട്ട് തിളങ്ങുന്നുമുണ്ട്.. ഇതിനെത്രയായി എനിക്കുടെ ഒന്ന് വാങ്ങിക്കാനാ . ""

അഞ്ചുന്റെ കഴുത്തിൽ കിടക്കണ മാല പിടിച്ച് മാറ്റ് നോക്കി അവൾ ചോദിച്ച ചോദ്യത്തിന് അഞ്ജുവും ചോദിച്ച് സെയിം ചോദ്യം..

www.kkstories.com

"" അതിന് രണ്ട് രണ്ടര ലക്ഷം ആയി.. ""

ങേ... നിന്നിടത് നിന്ന് എല്ലാമോന്ന് നിവർന്നിരുന്നു.. അഞ്ചു മാലയുടെ ഫോട്ടോ ഇട്ടെങ്കിലും പത്തോ എണ്ണുറോ ഉള്ളതെ വാങ്ങുള്ളുന്നു തോന്നിക്കാണും..

ഇപ്പോ നിങ്ങളോർക്കും ഇവനെവിടുന്നു ഇത്രേം പൈസ ന്ന്, ന്റെ സാലറി പീരിയഡ് കൂട്ടി ഒന്നാമത്തെ കാര്യം പോരാഞ്ഞു അച്ഛൻ ഓണത്തിന് കുറച്ച് ക്യാഷ് ന്ന് വച്ചാൽ അഞ്ചു

ലക്ഷം രൂപ ഓളം ഇട്ട് തന്നിരുന്നു.. അത് എല്ലാകൊല്ലവും 2 ആണെകിൽ ഇക്കൊല്ലം 5 ആക്കി ന്നേ ഉള്ളൂ.. അപ്പോ അത് ക്ലാരിഫിയ് ആയില്ലേ..

"" രണ്ടര ലക്ഷമോ.. നിങ്ങൾക്ക് വട്ടുണ്ടോ മനുഷ്യാ.. പെണ്ണെ ന്തേലും പറഞ്ഞെന്ന് കരുതി..""

www.kkstories.com

"" ഇല്ലേച്ചി ഞാൻ ഇത്രേം പൈസയുടെ ഒന്നും വേണമെന്ന് പറഞ്ഞില്ല.. ""

ആമി യുടെ ആ ചോദ്യത്തിന് താൻ കാരണമാണോ ഇത്രയും പൈസ പോയതെന്ന് ഉള്ള വിഷമം അവൾ കണ്ണീർ ആയി പൊഴിക്കുമ്പോൾ എന്റെ നെഞ്ച് പൊട്ടുണ്ടായിരുന്നു. അമ്മയും അച്ഛനും ഇനി പറയാത്തതയി ഒന്നുല്ല, ഒക്കെ ശെരി....!! പൈസ ആയി ന്നും പറഞ്ഞ് അനാവശ്യമായി ഒന്നുമല്ലാലോ ചിലവാക്കിയേ..

"" ശെടാ ഇതെന്തോന്ന് കൂത്താ.. ഒന്നുകലെലും ഞാൻ അവൾക്കല്ലേ വാങ്ങി കൊടുത്തത്.. അവൾക്കല്ലാതെ വേറെ ആർക്കാ.. ""

"" ന്നാലും ഇത് വേണ്ടായിരുന്നു ഏട്ടാ..

വിലകുറഞ്ഞ മാല വാങ്ങാനല്ലേ ഞാൻ പറഞ്ഞെ.. "

www.kkstories.com

"" എന്റെ കൊച്ചങ്ങനെ വില കുറഞ്ഞതൊന്നും ഇട്ടോണ്ട് ങ്ങും പോകുന്നില്ല... നീ അതെടുത്ത് അകത്തു കൊണ്ടോയി വയ്ക്ക് ചെല്ല്.. ""

അവൾ നിറഞ്ഞ കണ്ണുകൾ കൈത്തണ്ട കൊണ്ട് ഒപ്പി അകത്തേക്ക് ചുവടുകൾ വച്ച്.. അച്ഛനും അമ്മയും എന്തെല്ലാമോ പറയണമെന്നുണ്ടായിരുന്നു, ന്നാൽ പറഞ്ഞാൽ കാര്യമില്ലെന്ന് കണ്ടാകും അവരും അകത്തേക്ക് കയറി പോയി. ഞാൻ ആമിക്ക് അടുത്തായി ഇരുന്ന് കൈ അവളുടെ തോളിലൂടെ ഇട്ടങ്ങനെ ഇരുന്ന്

"" ന്താടി നിന്റെ മോന്ത വീർത്ത് കെട്ടിയിരിക്കുന്നേ.. ഏഹ്.""

"" ഒന്നുല്ല.. ""

www.kkstories.com

"" ഹാ പറയെടി.. പൊന്നെ.. ""

"" ന്നോട് ഒരു വാക്ക് ചോദിച്ചിട്ട് വാങ്ങാൻ തോന്നില്ലല്ലോ.. ഹും പോ.. ""

"" ആഹ്.. ന്നാൽ ഇത് ഉറപ്പായും വാങ്ങിയേനെ..., എടി അവൾക്കും കാണില്ലേ ഇതൊക്കെ ഇടണമെന്ന്.. അന്നാ പിള്ളാര്.. അവളുടെ കൂട്ടുകാരികൾ വന്നപ്പോ കണ്ടതല്ലേ എല്ലാത്തിനേം.. ന്താ ഭംഗി ല്ലെ എല്ലാത്തിനും.. ""

ഞാൻ എല്ലാമോന്ന് ഓർക്കണ പോലെ അങ്ങിരുന്നു.. ആ കൊച്ചൊക്കെ എവിടാണോ എന്തോ..

www.kkstories.com

"" ഹോ പ്പൊ അതാണിപ്പോളും ഇല്ലേ..

വെറുതെ യല്ല അതുപോലത്തെ തന്നെ മാല വാങ്ങികൊടുത്ത്.. ന്നിട്ട് ഒന്നുമറിയാത്ത പോലെ ഇരിക്കണ കണ്ടില്ലേ.. വിട്... ""

ഏയ് ഇതെന്താ ഇപ്പോ കഥ.. ഞാൻ അത് ഒരു ചിരിയോടെ നോക്കികണ്ടു അവൾ ഉള്ളിലേക്ക് കയറിയതും, ഞാൻ വെളിയിലേക്ക് ഇറങ്ങി നിന്ന് ,കുറച്ച് കഴിഞ്ഞ് അച്ഛനിറങ്ങി വന്ന്..

"" അവള് തല്ലി പൊള്ളിച്ചു അകത്തേക്ക് കയറി പോണ കണ്ടല്ലോ.. ന്താ പറ്റെയെ.. ""

www.kkstories.com

"" അത് ഒന്നുല്ലച്ച ഇടക്ക് ഉള്ളത് തന്നെ.. കുറച്ച് കഴിഞ്ഞ് ഞാൻ മിണ്ടുമ്പോൾ അതങ്ങ് മാറും.. ""

"" കൊള്ളാം രണ്ടും.. മോനെ നമ്മക്കൊന്ന് നടന്നാലോ... ""

അതിനെന്താ അച്ഛാ ന്ന് പറഞ്ഞ് ആമിയെ വിളിച്ചെന്റ ഒരു ടി ഷർട്ടും എടുത്ത്,അപ്പോളേക്കും എങ്ങോട്ടാ ന്നുള്ള അവളുടെ ചോദ്യം ഇപ്പോ വരാമെന്ന് പറഞ്ഞ് ഞങ്ങൾ രണ്ടാളും വെളിയിലേക്ക് നടന്ന്..

"" ന്ന പതിവുണ്ടെൽ ഒന്നാകാം.. ""

www.kkstories.com

കീശയിൽ കിടന്ന ഒരു ഗോൾഡ് ന്റെ പാക്ക് എന്റെ നേരെ നീട്ടിയ ആ മനുഷ്യനിൽ ഞാൻ ഒരു സുഹൃത്തിനെയാണ് കണ്ടത്,

"" ഇടക്ക് ഉണ്ടായിരുന്നു ഇപ്പൊ അവള് നിർത്തിച്ചു.. ""

ഒരു ചമ്മലോടെയാണ് ഞാൻ അത് പറഞ്ഞത് .. ഉടനെ പുള്ളി ഒന്ന് ചിരിച്ചു

"" നിനക്ക് ഒരു കാര്യമറിയോ ന്റെ അജ്ജു.. ഞാൻ സിഗരറ് വലി ന്റെ മുപ്പതാം വയസ്സിൽ നിർത്തിയതാ ന്നാ ആമിടെ അമ്മേടെ കരുതല്..

നല്ലതാണെന്ന് പറയില്ല.. ഇടക്കൊക്കെ വേണോടോ ഇല്ലേൽ അതിനൊരു രസം കാണില്ല..""

www.kkstories.com

പിന്നേം സംസാരിപ്പിക്കാൻ നില്കാതെ ഞാൻ ഒന്നെടുത്ത് കത്തിച്ചു, അങ്ങനെ ഞങ്ങൾ ഓരോന്ന് പറഞ്ഞ് നടന്ന്..ഞാൻ ആ വീട്ടിൽ ഉണ്ടാക്കുന്ന സന്തോഷവുമെല്ലാം ആ മനുഷ്യനെ വല്ലാതെ വിഷമിപ്പിക്കുണ്ടായിരുന്നു മ്. ന്നാൽ അതോർത്തു വിഷമിക്കണ്ട അതെന്നും അങ്ങനെ കാണുമെന്ന് ആ കൈയിൽ വാക്ക് കൊടുക്കുമ്പോൾ എനിക്ക് രണ്ടാമതൊന്നു ചിന്തിക്കണ്ട കാര്യമില്ലായിരുന്നു..കഷ്ടപ്പാടും ദുരിതവും എല്ലാം.. ഒടുവിൽ ന്റെ അച്ഛന്റെ സുഹൃത് ആയിരുന്നു ന്ന് പോലും.. ഒരുപാട് സഹായിച്ചിയുണ്ട് ത്രെ, വേണ്ടന്ന് പറഞ്ഞാലും സഹായിക്കും..കൂടെ പഠിച്ച ഒരു കൂട്ടുകാരനെ കാണുമ്പോൾ കാണിക്കുന്ന കുസൃതി കൾ ഇവരും കാണിക്കുന്ന്.. ന്റെ കാര്യം ഇവരോട് അച്ഛൻ തന്നെയാണ് വന്ന് പറഞ്ഞത്.. ന്റെ കുട്ടിക്ക് നിന്റെ മോളെ കൊടുക്കുമോന്ന്.. അങ്ങനെയാണ് ന്റെ ആമിയെ നിക്ക് എന്റെ അച്ഛൻ കണ്ട് പിടിച്ച് തരുന്നത്..

പാൽവാൽ ദേവനോടുള്ള എന്റെ കാഴ്ചപ്പാടുകൾ ഈ കണ്ട കാലയളവിൽ ഇല്ലാതാകുകയാണല്ലോ ഈശ്വര.. തിരിച്ചു നടന്ന് ഞങ്ങൾ വീട്ടിൽ കയറുമ്പോൾ അകത്തു സീരിയൽ ലിന്റെ മേളയായിരുന്നു. ഞാൻ കുരച്ചു നേരം അഞ്ചുന്റെ കൂടെ ലാപ്പിൽ ചിലവഴിച്ചു, പിന്നെ റൂമിൽ പോയി..

ന്നു ഞാൻ പറഞ്ഞതും ല്ലാരേം നോക്കി ഒന്ന് വീണ്ടും ചിരിച്ചു ന്നിട്ട് ആരും കാണാതെ ന്റെ വയറിനൊരു പിച്ച്.. ഹു....

ഞാൻ ഒന്ന് വിറച്ചു പൊങ്ങി പ്പോയി

"" ന്തുവാ ആമി , അവന് വേദനിച്ചു കാണില്ലേ..

അല്ലേലും പെണ്ണിന് കളി കുറച്ച് കുടന്നുണ്ട്.. ""

അവളുടെ അമ്മ ശകാരമായി വന്നതും പെണ്ണ് തല താഴ്ത്തി, അത് ന്റെ അമ്മക്ക്ഉം ഏട്ടത്തിക്കും ഇഷ്ടപ്പെട്ടില്ല നീ അവനെ ന്തോ വേണേലും ചെയ്തോടി ന്നു ഒരു കമന്റ് ഉം..

ഈ രണ്ട് പെണ്ണുമ്പുള്ളകും വലിയ കുഴപ്പമാണല്ലോ.. ബാക്കി ഒള്ളോൻറെ നെഞ്ചത് കേറാൻ നടക്കുന്നു..

"" ദേ തള്ളേ.. കോട്ടക്ഷൻ ഒക്കെ കൊടുക്കുന്ന കൊള്ളാം, പിന്നേ മോനെ കണ്ടില്ലേ.. അവൻ ന്തിയെന്നൊന്നും പറഞ്ഞ്.. വന്നേക്കല്ല്... ""

www.kkstories.com

പോടാ... ന്നും പറഞ്ഞ് ല്ലാരും ചിരിച്ചു. ചിരി ചിരി.. ബാക്കിയുള്ളോന് പ്രണവേദന ഇവിടെ വീണ വായന..

രണ്ട് ദിവസത്തിന് ശേഷം

"" ന്നാ പോട്ടെ മ്മേ... !!

ഏട്ടത്തി....!! ""

വിതുമ്പലിനിടയിലും അവളൊന്ന് തെളിച്ചമില്ലാത്ത ചിരി ചിരിച്ചു, കരഞ്ഞുന്നു തന്നെ പറയാം.അപ്പോളേക്കും അവർക്കിടയിലൂടെ ബാഗുമായി ഞാൻ വെളിയിൽ ഇറങ്ങിയിരുന്നു., മാഗിരണ്ട് ദിവസം മുന്നെ തിരിച്ചുപോയിരുന്നു അവരുടെ ഒപ്പം ആമിയുടെ ഫാമിലിയും, വിഷ്ണു ന്റെ R6 ഉം ആയി തിരിച്ചിരുന്നു, അതിവിടെ ഇരുന്നാൽ ചിലപ്പോ കാർന്നോർക്ക് പല വിചാരോം തോന്നിയേക്കാം...

"" പോയിട്ട് വരാമെന്ന് പറ മോളെ...! ""

അമ്മയും എങ്ങലോടെ അവളെ ചുറ്റിപ്പിടിച്ചു, ഏട്ടത്തിയും കരഞ്ഞോണ്ട് അവർക്കടുത്തേക്ക് വലിഞ്ഞു. ഞാനും ഏട്ടനും ലാകേജ് സെറ്റ് ചെയുന്ന ദൃത്യയിലായിരുന്നു, ഒരുപാട് നേരത്തെ കരച്ചിലിനോടുവിൽ അച്ഛനോടും യാത്ര

പറഞ്ഞവൾ വന്ന്. അമ്മ യോടും ഏട്ടത്തിയോടും ഏട്ടനോടും പറഞ്ഞ് നിൽകുമ്പോൾ അമ്മ അച്ഛനോട് പറയെടാ ന്നു പറഞ്ഞെന്നെ തള്ളി വിട്ട്..

"" അച്ഛാ... ഞങ്ങള് ന്നാ ഇറങ്ങിക്കോട്ടെ.. !! " "

അങ്ങേര് ന്റെ അടുത്തേക്ക് നീങ്ങി ന്റെ കഴുത്തിലൂടെ കൈയിട്ട് മുന്നോട്ട് നടന്നു.

"" എടാ അച്ഛൻ നിന്നെ ഒരുപാട് ശകരിഷിട്ടുണ്ട് വഴക്കും പറഞ്ഞിട്ടുണ്ട്., അതെല്ലാം നിന്റെ നല്ലതിനായിരുന്നു ദേ നിന്റെ കല്യാണം പോലും.. പിന്നെ ഈ സ്നേഹം ഒന്നും എനിക്ക് എല്ലാരേം പോലെ പുറത്ത് കാണിക്കാൻ അറിയാനും മേലട.. നിന്റെ ഓരോ കാര്യം അമ്മ പറയുമ്പോളും ഞാൻ അതിൽ ഒരുപാട് സന്തോഷം കണ്ടിരുന്നു.. അല്ലാതെ നീ കരുതുന്ന പോലെ എനിക്ക് നിന്നോട് ദെഷ്യാവോ പിണക്കമോ ഒന്നുമില്ലാട്ടോ..

പിന്നെ മോള് പാവാട.. എനിക്ക് ന്റെ മോളെ പിരിയാൻ ഒട്ടും മനസ്സ് വരണുമില്ല, എല്ലാരുടേം സ്റ്റിഥി ഇതന്നെയാ നീയും കണ്ടതല്ലേ.. മ്മ് പിന്നെ ഇവിടെ നിന്നിട്ട് എന്താകാനാ പഠിപ്പൊക്കെ അവിടെയല്ലേ അവള്ടെ.. അതോണ്ട് ഇടക്ക് ഇടക്ക് ഇറങ്ങിക്കോളൂ രണ്ടാളും, ന്നാ ഇനി വൈകിപ്പിക്കണ്ട.. ""

അന്ന് വരെ അച്ഛനോടുള്ള ന്റെ എല്ലാ ദെഷ്യവും അവിടെ ഇല്ലാണ്ടായി.അങ്ങനെ അവിടുന്നു ഇറങ്ങി ഞങ്ങൾ നേരെ പോയത് എറണാകുളം ന്റെ ഫ്ലാറ്റിലേക്കാണ്. വൈകിട്ടത്തേകിനു ന്തേലും വാങ്ങാം ന്നു പറഞ്ഞതും അവള് സമ്മതിച്ചില്ല, ഞാൻ ഉണ്ടാക്കിക്കോളാമെന്ന് , എനിക്ക് നല്ലപോലെ വിശന്നതുകൊണ്ട് ഞാൻ പൊയി രണ്ട് പാർസൽ വാങ്ങി.. തിരിച്ചു ഫ്ലാറ്റിൽ വരുമ്പോ പെണ്ണ് ദാണ്ടേ ചാടി കുലുക്കി പോണ് , ഞാൻ വണ്ടിയും ഒതുക്കി പുറകെ ചെന്ന്, സമയം ആറാകുന്നു ഇരുള് വീണു തുടങ്ങി, ഫ്ലാറ്റിലെ ലൈറ്റ് ന്റെ ശോഭയിൽ ഒന്ന് കണ്ണ് മിന്നി, ഇത്രേം നാളും ഇല്ലാത്ത എന്തൊക്കെയോ മിസ്സിംഗ് ഇവിടെ, സ്വന്തം നാടിനെയും വിട്ടാരേം ഇപ്പോ വല്ലാണ്ട് മിസ്സ് ആക്കുന്നു.

"" അക്കാ... അക്ക നില്ല്... ""

അവളുടെ പുറകെ നടക്കുന്ന ന്നേ ഒന്ന് തിരിഞ്ഞു നോക്കി, ഞാൻ പുറകെ ഉണ്ടോന്ന് അറിയണമല്ലോ. അതിന് പുറമെ മണിക്കൂട്ടനും ചാടി അവളുടെ പിന്നാലെ ഓടിയെത്തി.,

"" അക്ക അല്ല..ചക്ക... പോടാ അവിടുന്ന്.. ""

അവളുടനെ ചെക്കന്റെ നേരെ രണ്ട് ചാട്ടം, അതോടെ അവനവിടെ തന്നെ നിപ്പായി..

"" ടി നിനക്ക് ന്തേലും ഉണ്ടേൽ ന്നോട് തീർത്താൽ മതി... ചെക്കന്റെ മണ്ടക്കോട്ട് വേർതെ കേറാൻ നിൽക്കണ്ട.. ""

"" പിന്നെ അത് നിങ്ങളാണോ തീരുമാനിക്കുന്നെ..!

ഇവിടാ വാടാ ലുട്ടാപ്പി... ""

ന്നോട് മുഖം കോട്ടി അവൾ ചെക്കന് നേരെ മുട്ടിൽ കുത്തി ഇരുന്നു കൈ വിടർത്തി അവനോടി അവളുടെ അടുത്തേക്ക് ചെന്ന് കെട്ടിപീടിച്ചു..

"" അമ്മാ.. അവ അപ്പടി അഴുക്കാ ഇരിക്കെ, തൊട വേണ്ടാ.. ഡേയ് ആക്കാകിട്ടെന്ന് തള്ളിനില്ലെടാ, ""

ന്ന് പറഞ്ഞോണ്ട് നമ്മടെ അണ്ണൻ വന്നതും അവനായി വാങ്ങിയ കവർ ചെക്കന്റെ കൈയിൽ കൊടുത്തവൾ തിരിച്ചു നടന്നു. ഞാൻ പിന്നെ പുള്ളിയോട് സംസാരിച്ചു നിന്നും പോയി ഒരു പത്തു മിനിറ്റ് കഴിഞ്ഞു

"" ഒന്ന് വരണുണ്ടോ.. ബാക്കിയുള്ളൊനൊന്ന് കിടക്കണമായിരുന്നു.. ""

ഓ അപ്പൊ കേറിപ്പോയില്ലായിരുന്നോ.. പിന്നെ പുള്ളിയോട് പിന്നെ കാണാം ന്നും പറഞ്ഞ് ഞാൻ അവളുടെ പിന്നാലെ നടന്നു.

"" ഇവിടെ ഓരോരുത്തര് വലിയ ആളാണെന്നാ വിചാരം ഹും.. നമ്മക്കെന്തേലും പറഞ്ഞാ കേൾക്കാൻ കൂട്ടാകില്ല, വേണ്ടാ നമ്മളൊന്നും പറയുന്നില്ലേ.. ""

www.kkstories.com

ലിഫ്റ്റ് കയറുമ്പോൾ സ്വയം ന്നോണം എന്തെല്ലാമോ വെച്ച് പറയുന്നുണ്ട്, പുറകിൽ നിന്ന് ഞാൻ ഒരുവിധം ചിരി കടിച്ചമർത്തി.കഴിക്കാൻ ഇരിക്കുമ്പോളും ഇത് തന്നെ അവസാനം കട്ടിലിന്റെ രണ്ട് മൂലയിലായി കിടന്നുറങ്ങി പ്പോയി..

രാവിലെ മുഖത്തേക്ക് വീണ വെള്ളത്തിന്റെ ഒരിത്തിൽ ചാടി എണ്ണിറ്റ്, പിന്നെ പിണക്കം മറത്തോണ്ട് ഞാനും കൂടുതലൊന്നിനും പോയില്ലാ.., മാഗിയും വിഷ്ണുവും രാവിലെ എത്തീട്ടുണ്ട് വീട്ടിവിഴുങ്ങാൻ തന്നെ അല്ലാതെന്ത്..

"" ദേ വിഷ്ണുവേട്ടാ.. വല്ലതും കഴിച്ചിട്ട് എണ്ണിറ്റാൽ മതിയെന്ന് പറഞ്ഞേക്ക് ഇവിടെ ചിലരോട്..''

രണ്ട് ദോശയും കഴിച്ചു മതിയാക്കിയ എന്നോടാണ്.. ഓ നമ്മളോട് മിണ്ടില്ലല്ലോ.. അയിനാണ്.,

അതിന് ഒരേ സമയം രണ്ട് ദോശ കുത്തി കെറ്റിക്കൊണ്ടിരുന്നവൻ ന്നേ ഒന്ന് നോക്കി, ഞാൻ അത് എന്നെ ആടാ ന്നൊരു സിമ്പൽ കൊടുത്തതും ഒന്ന് പുച്ഛിച്ചു വീണ്ടും അടുത്തത് കൈയിലക്കി അവൻ, ഞാൻ രണ്ട് ദോശയും കൂടെ അകത്താക്കി, ഞാൻ കഴിക്കുന്നുണ്ടോന്ന് അറിയാൻ രണ്ട് കണ്ണുകൾ എനിക്ക് നേരെ വട്ടമിട്ടു പറക്കുന്നുണ്ടായിരുന്നു. അങ്ങനെ എല്ലാരും റെഡിയായി ഫ്ലാറ്റും പൂട്ടി ഇറങ്ങി, അവളെ കോളേജിൽ ഇറക്കി അപ്പൊ പെണ്ണ് ഞാൻ കേൾക്കാൻ ന്നോണം അവരോട്

"" അതെ... ആരേലും വേണ്ടപ്പെട്ടവര് വന്നൊന്ന് പറയണം ലീവ് ന്റെ റിസൺ.. ന്നലെ അറ്റൻഡൻസ് കിട്ടു... ""

ഡ്രൈവ് ചെയുന്ന മാഗിയോടാണ് പറയുന്നതെങ്കിലും കോ ഡ്രൈവർ സീറ്റിൽ ഇരിക്കുന്നന്നിലാണ് അവളുടെ കണ്ണ്.. വിഷ്ണു ബൈക്കിനു ആണ് പോയത്.

"" അതിന് ഓണത്തിന് ലീവ് ഉണ്ടായിരുന്നതല്ലെ.."" ന്നൊരു സംശയം അവൾ ഉന്നയിച്ചു, സംഭവം ഓണത്തിന് രണ്ട് ദിവസമേ ഉള്ളായിരുന്നു ലീവ് ന്നാൽ നമ്മടെ കൊച്ച് രണ്ടീസം അല്ലലോ ലീവ് എടുത്തത്.

"" എടാ ചെല്ലേടാ.. ഒന്നുപ്പോയി സംസാരിക്ക് ചെല്ല്.. ""

ന്നോടായി പറഞ്ഞ് മാഗി അവളെ നോക്കി അവൻ വരും എന്ന് കണ്ണുകാണിച്ചു

"" ഓ ഇനി നമ്മളായി ആരുടേം ഡോക്ടർ പടുത്തം മുടക്കുന്നില്ലേ..!!""

ആത്മഗതം പറയുന്നപോലെ പറഞ്ഞ് ഡോറും തുറന്ന് വെളിയിൽ ഇറങ്ങുമ്പോൾ അവളൊന്ന് ഏക്കി ചിരിച്ചു, പിന്നെ അവളുടെ ഒപ്പം അകത്തേക്ക് നടന്നു

"" മനുഷ്യനായി കഴിഞ്ഞാൽ ഇത്ര അഹങ്കാരം പാടില്ല.. അതെങ്ങനെയാ മനുഷ്യനെ കുത്തി കീറാൻ അല്ലെ പടിക്കണേ.. ഗമ... അമ്പോ ഗമക്ക് ഒരു കുറവുമില്ല..""

ന്നും കൂടെഞാൻ പറഞ്ഞതും അവള് വീണ്ടും ചിരി തുടങ്ങി. അതിന് കണ്ണുരുട്ടിപേടിപ്പിച്ചതും

"" ഞാൻ ചിരിച്ചൊന്നുല്ല.. ""

"" കള്ളം പറയുന്നോടി ഉണ്ടക്കണ്ണി.. മത്തങ്ങാ മോറി.. ""

പിന്നതു ഒന്നിച്ചൊരു ചിരിയിലേക്ക് വഴിമാറി, അല്ലേലും അധികാനേരമൊന്നും നീണ്ടുപോകില്ല ഇത്., അങ്ങനെ അവളുടെ പ്രിൻസിപ്പൽനെ കണ്ട് കാര്യവും ബോധിപ്പിച്ചു വെളിയിൽ ഇറങ്ങുമ്പോൾ ഇവളെ കണ്ട് കുറച്ച് പേര് ഞങ്ങളെ വളഞ്ഞു.

"" എവിടായിരുനേടി...! നിന്റെ കറക്കമൊക്കെ കഴിഞ്ഞോ.. ""

കുട്ടത്തിലൊരുത്തൻ അവളോട് ചോദിച്ചതും അവള് തലയനക്കി, ഇവളിത്രെ പെട്ടെന്ന് ഇവിടെ കമ്പനി ആയോ... പിന്നെ അവളുടെ കൂട്ടുകാരികൾ വന്ന് കുശലം ചോദിച്ചു, ദോഷം പറയരുതല്ലോ നല്ല പിള്ളാര്.. ന്താ സ്നേഹം.

"" ഇതാണ് നിങ്ങള് ഇടക്ക് തിരക്കാറുള്ള ന്റെ ഹസ്ബൻഡ് അർജുൻ, ഏട്ടാ ഇതാ ന്റ ഫ്രണ്ട്സ്.""

ഞാൻ എല്ലാരേം നോക്കിയോന്ന് ചിരിച്ചു, അവർ തിരിച്ചും,

"" ഓ ഇതായിരുന്നോ കക്ഷി..! "" ന്നൊരു അടക്കം പറച്ചിലും ഇതിനിടക്ക് ഞാൻ കേട്ട്, കാരണം മാഗിയാണ് ഇവളുടെ അഡ്മിഷൻ ടൈം മിൽ കൂടെ ചെന്നത് അപ്പോ ന്നേ അറിയാൻ ചാൻസ് ഇല്ല..

"" ചേട്ടൻ മോഡലിംഗ് ഫീൽഡിൽ ആണല്ലേ.. ""

ഞനൊന്ന് ചിരിച്ചുകൊണ്ട് തലയനക്കി.,

"" നിങ്ങളെല്ലാം സെയിം ക്ലാസ്സിൽ അല്ലെ.. അതോ വേറെ ഡിപ്പാർട്മെന്റ് ആണോ.. "" ന്തേലും ചോദിക്കണമല്ലോ..

"" അല്ല ഞങ്ങളെല്ലാം ഒരേ ബാച്ച് ആണ്, പിന്നെ ഇവള് പറഞ്ഞ് പറഞ്ഞ് നിങ്ങളെ ഒന്ന് കാണണമെന്നുണ്ടായിരുന്നു അതേതായാലും നടന്നു.., "" കുട്ടത്തിൽ ഒരുത്തൻ ആമിയെ നോക്കി പറഞ്ഞെന്നോട് ചിരിച്ചു, അതിനവൾ കണ്ണുരുട്ടി ന്നേ നോക്കി ഒരു ഇളി,

www.kkstories.com

"" ഓ ഇപ്പൊ കണ്ട് ബോദിച്ചല്ലോ..! ന്നാ ഇറങ്ങട്ടെ ജോബിന് ടൈം ആയി..,, ആമി.... വൈകിട്ട് ഞാൻ വന്ന് പിക്ക് ചെയ്തോളാം.. ക്കെ.. ""

"" മ്മ് "" അതിനവൾ തലകുലുക്കി സമ്മതമറിയിച്ചു തിരിഞ്ഞതും, പിറകിൽ നിന്നൊരു വിളി.

"" അതെ അച്ഛനാകാൻ പോകുന്നെന്ന് ചെലവൊന്നുമില്ല കപ്പിൾസ്... "" അപോളാണ് അത് ഞാൻ ഓർക്കുന്നത് വലിച്ചൊരു ചിരിയോടെ ഞാൻ തിരിഞ്ഞു ആമിയെ വിളിച്ചു, അവളെടുത്തേക്ക് വന്നതും ഞാൻ പേഴ്സ് ൽ നിന്ന് ന്റെ കാർഡ് അവൾക്ക് കൊടുത്തൂ..

"" വേണ്ടെട്ടാ ന്റെൽ ഉണ്ട് പൈസ... ""

"" അതവിടെ ഇരുന്നോട്ടെ,, പിള്ളാർക്ക് ചെലവ് ചെയ്യുമ്പോ കനത്തിലായിക്കോട്ടെ,, പഠിക്കണ പിള്ളേരല്ലെടോ..""

ഞാൻ നേരെ പോയി കാറിൽ കേറി, മാഗി വണ്ടി മുന്നോട്ടേക്ക് എടുത്ത്..

########

"" ഓ സാറുമാര് എത്തിയോ.. ""

കൂടെ ഉള്ള സഹപ്രവർത്തകരിൽ ഒരു കൊണാപ്പൻ ഇവനൊന്നും വേറെ ഒരു പണിയുമില്ലേ,

പിന്നെ വർക്ക് എല്ലാം ഒരുലോഡ് ഉണ്ടായിരുന്നു തീരാൻ നിന്ന് തിരിയാൻ സമയം ഉണ്ടായിരുന്നില്ല. ഹൊ ഒരുവിധം കുറച്ചൊക്കെ ഒതുക്കി, വാച്ച് ലേക്ക് നോക്കിയതും സമയം 4:45 ഓ പണി പാളുമല്ലോ ന്ന് തോന്നിയതും പോവാണെന്നു പറഞ്ഞിറങ്ങി, പാർക്കിംഗ് ൽ നിന്ന് ന്റെ ബൈക്കും എടുത്ത് നേരെ അവളുടെ കോളേജിലേക്ക് വച്ച് പിടിച്ചു

ഒരു നെവി ബ്ലൂ കളർ ഷർട്ടും ബ്ലാക്ക് ജീൻസും വൈറ്റ് ഷൂ ആയിരുന്നു ന്റെ വേഷം, ബൈക്ക് കോളേജിലേക്ക് കയറ്റിയതും അവിടെ അവിടായി നിന്ന പിള്ളേരെല്ലാം ശ്രദിക്കാൻ തുടങ്ങി, ഞാൻ വണ്ടിയും പാർക്ക് ചെയ്ത് ഹെൽമെറ്റ് ഉം ഊരി ഫോണിൽ ആമിയെ ഡയൽ ചെയ്ത്.

"" ഞാൻ പാർക്കിങ്ങിൽ ഉണ്ടേ... "" ഫോണും വച്ച് ഒരഞ്ചു മിനിറ്റ് വെയിറ്റ് ചെയ്തപ്പോ ഒരു ബ്ലാക്ക് ചുരിദാറും ഒരു ഗോൾഡൻ ലാഗ്ഗിൻസ് സും ചെറു ഹീൽ ഉള്ളയൊരു ചെരുപ്പും, നെറ്റിയിൽ കുഞ്ഞൊരു കറുത്ത പൊട്ട് അതിന് മുകളിൽ ചെറിയൊരു സിന്ദൂരം കോണ്ട് കുറുകെ വരച്ചിരിക്കുന്നു ഒരു ചെറു വര. നെറുകിൽ സ്നേഹത്തിൽ ചാലിച്ച ചുവപ്പ്, കണ്ണിൽ അഞ്ജനം മനോഹരമായി വരച്ചിരിക്കുന്നു ആ കണ്ണുകക്ക് ജീവൻ തുടിക്കുന്നപോലെ, കഥകൾ പറയുന്നു..

www.kkstories.com

"" പൂവാം... ""

ന്റെ കൈയിൽ നിന്നും അഡിഷണൽ ഹെൽമെറ്റും വാങ്ങി അവൾ പുറകിൽ കയറി, ഇപ്പോളും കേറാൻ പുള്ളികാരിക്ക് പ്രയാസം ഉണ്ട്.

"" മനുഷ്യന് കേറാൻ ഒക്കുന്ന ഒന്നാണെ വേണ്ടുവില്ല..

ശേ... എല്ലാരും നോക്കുന്നുമുണ്ട്,.. ""

അവൾ പകുതി കേറീട്ടു ഒക്കുന്നില്ലാത്തപോലെ തിരിച്ചിറങ്ങി. അപ്പോളേക്കും പിള്ളാര് കുറച്ച് പേര് വന്ന് ഫോട്ടോസ് എടുക്കണമെന്ന്.. അതും അവളുടെ ഫ്രഡ്സ്.

"" അതിനുമാത്രം പ്പോ ന്താ ഇതിലുള്ളെ ന്നാ എനിക്ക് മനസിലാകാത്തെ .. ""

താടിക്ക് കൈയും കൊടുത്ത് വണ്ടിയെയും അവമാരേം മാറി മാറി നോക്കിയാണ് ചോദ്യം. ഇതിനോട് പറഞ്ഞിട്ട് കാര്യമില്ല ന്ന് തോന്നിയത് കോണ്ട് ഞാൻ ഒന്നും മിണ്ടില്ല, നേരെ അവളേം കൂട്ടി ഫ്ലാറ്റിലേക്ക് തിരിക്കുമ്പോൾ അവളുടെ ഇപ്പോളത്തെ സ്റ്റേജിന് ഈ ബൈക്ക് ശെരിയാകില്ല ന്ന് തോന്നിയിരുന്നു, അപ്പോളാണ് ഫോൺ ബെല്ലടിക്കുന്നത്, മാഗിയാണ് !! കാൾ എടുത്തതും അവൾ കിതച്ചുകൊണ്ട് ഗായത്രി ക്ക് വയ്യെന്നും ഹോസ്പിറ്റലിൽ

ആണെന്നും നിനക്ക് പറ്റുമെങ്കിൽ വരമൊന്നും തിരക്കി, ഞാൻ ഇപ്പോ വരാമെന്ന് പറഞ്ഞ് ഫോൺ വെച്ച്

"" എടി ഗായത്രി മാഡമില്ലേ.. അവർക്ക് വയ്യാതെ ആശുപത്രിയിലാ.. ""

"" യ്യോ.. ന്നാ നോക്കിനില്കാതെ വേഗം വണ്ടി വിട് അങ്ങോട്ട്... ""

"" അതല്ല പെണ്ണെ.. നിന്നെ വീട്ടിൽ ആക്കിത്തരട്ടെ.. ഇപ്പോ നീ അവിടെ വന്നാ.. ""

"" എനിക്കൊരു കുഴപ്പോമില്ല.. മര്യാദക്ക് വണ്ടി എടുക്കാൻ നോക്ക് നിങ്ങള്.. ""

പിന്നൊന്നും നോക്കില്ല നേരെ വിട്ടു.. ഹോസ്പിറ്റലിൽ നിർത്തി ഞങ്ങൾ അകത്തേക്ക് നടന്നു, മുന്നിലെ നീലയിൽ വെള്ള ലെറ്ററിൽ എഴുതിയിരിക്കുന്നതിലൂടെ ഞനൊന്ന് ചുണ്ടോടിച്ചു

"" അവിഹിതം.."""

"" ഹാ ,,,.. അവിഹിതം അല്ല മനുഷ്യാ, അത്യഹിതം, അക്ഷരവും അറിയില്ല നാക്കും വടിക്കില്ലാത്ത ജന്തു.""

www.kkstories.com

"" അക്ഷരഭ്യാസം ഇല്ലാത്തത് നിന്റെ തന്തക്കാടി.. ""

ഞാൻ ഫോൺ എടുത്ത് മാഗിയെ വിളിച്ചു, അവർ സെക്കന്റ് ഫ്ലോറിലെ റൂമിൽ ഉണ്ടെന്ന്, ഞങ്ങൾ അങ്ങോട്ടേക്ക് നടന്നു. അവിടെ ഉണ്ടായിരുന്നു അവർ, ഗായത്രി ആകെ ഷീണിച്ചൊരു പരുവമായിട്ടുണ്ട് വയ്യെന്ന് ഒറ്റ നോട്ടത്തിൽ അറിയാം.. ഞാൻ മാഗിയെ മാറ്റി നിർത്തി കാര്യങ്ങൾ ചോദിച്ചറിഞ്ഞു.,

വർക്ക് കഴിഞ്ഞു ഇറങ്ങിയ ടൈം അവർക്കൊരു തല കറക്കം പ്പോലെ വന്ന് ബോധം നഷ്ടപ്പെട്ട്, ഉടനെ ഇവരെല്ലാം ഹോസ്പിറ്റലിൽ എത്തിച്ചു..

"" പണ്ടേ ബോധമെന്നൊരു സാധനമില്ലായിരുന്നു അതിന്, ഇതിപ്പോ ഉള്ളതുടെ പോയിന്ന് കരുതിയാൽ മതി.... ""

""എട്ടാ... "" അവളെന്റെ കൈയിൽ തല്ലി കണ്ണുരുട്ടി പേടിപ്പിച്ചു., ഞങ്ങൾ പിന്നെ ഓരോന്ന് പറഞ്ഞ് നിൽകുമ്പോൾ അങ്ങോട്ടേക്ക് വിഷ്ണു അഗതനായി വന്നപാടെ..

"" സംഭവം തലകറങ്ങി വീണതാണെങ്കിലും എന്തോ പന്തികേട്... ""

"" ന്ത് പന്തികേട്.. നീ ഒന്ന് പോയെ ന്റെ വിഷ്ണു..!""

മാഗിയോന്നവനെ ഉന്തി, അവൻ വീണ്ടും എന്തോ പറഞ്ഞ് അടുത്തു. അതോടെ അവനെന്താ പറയാൻ പോകുന്നതെന്ന ആകാംഷയിൽ ഞങ്ങളെത്തി

"" ഹാ അങ്ങനല്ലന്നേ... പറയുന്നതൊന്ന് കേൾക് നിങ്ങള്, ""

ഞങ്ങൾ അവന്റെ മുഖത്തേക്ക് നോക്കി, ഉടനെ അവൻ തുടർന്നു.

"" എനിക്ക് തോന്നുന്നു മാഡത്തിന് ഗർഭം ഉണ്ടെന്നാ... ഇല്ലേൽ ഇങ്ങനെ ഒരു തല ചുറ്റൽ., ഇറ്റ്സ്.. ഇമ്പോസിബിൾ,,! ""

"" ഒന്ന് പോടാ.. അവര് മാരീഡ് പോലുമല്ല.. "" ന്ന് ഞാൻ പറഞ്ഞതും

"" അതിന് ഗർഭിണി ആകാൻ കല്യാണം കഴിക്കണമെന്നുണ്ടോ... ""

"" അയ്യേ.. ന്തൊക്കെയാ വിഷ്ണുവേട്ടാ നിങ്ങള് വിളിച്ചു പറയണേ... ഉള്ള ബോദോം പോയോ .. ""

ആമിക് അവൻ പറഞ്ഞത് തീരെ ഇഷ്ടമായില്ല, അല്ലേലും ഈ പുന്നാര മോൻ എന്തൊക്കെയാ പറയുന്നേ..

www.kkstories.com

"" അല്ലേടി മോളെ ഇവിടെ ചെലരോട് അകത്തു കിടക്കുന്ന ചിലർക്ക് എന്തൊക്കെയോ.. ഹും. മ്മ്മ്.. ""

അവനൊന്നു അർത്ഥം വച്ച് ചിരിച്ചു, ശെടാ ഈ കോപ്പൻ ന്ത് നാറിത്തരമാണ് വിളിച്ചു പറയുന്നേ..

"" ഇനി നീയെങ്ങാനും....!!!""

അതുംകൂടെ ചോദിച്ചോന്ന് നിർത്തി, അതിന് ന്റെ മുഖത്ത് ''ഞാനോ... പോടാ....'' ചട്ടമ്പി നാട് മൂവിയിലെ സുരാജ് ഏട്ടന്റെ മുഖമാണ് ഓർമ്മ വന്നത്, എല്ലാർക്കും പ്രതേകിച്ചു മുഖമാറ്റമൊന്നുമില്ല

പിന്നതു ഒരു ചിരിയിലേക്ക് ചേക്കേറി ഓ എനിക്കെട്ട് വച്ചതാ.. അതിന് അവന്റെ തന്തയടക്കം തെറി വിളിച്ചു ഇതിന്റെ ഇടക്ക് ആമി വന്ന്

"" ഇനി അവളെങ്ങാനും നിങ്ങടെ പേര് പറയുമൊന്നാ... ന്റെ പേടി...!"" ന്നൊരു ഡയലോഗും അതിന് അതെ ടോണിൽ തന്നെ മറുപടിയും കൊടുത്ത്

"" പരമ നാറി...പട്ടി കഴുവർടെ മോളെ.. ""

അതിനും ചിരിച്ചാവിടെ നിൽകുമ്പോൾ പെട്ടെന്ന്

"" ഇവിടെകിടന്ന് ബഹളം വയ്ക്കരുതെന്ന് അറിയാൻ മേലെ. ഇതൊരു ഹോസ്പിറ്റലാണ്.."

ന്ന് അത്യവശ്യം പ്രായമായ ഒരു നേഴ്സ് പെണ്ണുമ്പുള്ള വന്ന് ഞങ്ങളുടെ അടുത്ത് രണ്ട് ചാട്ടം.

"" ഇത് ഹോസ്പിറ്റലാണോ....! ഇയ്യോട ഞാൻ കരുതി പാലാരിവട്ടം ജംഗ്ഷൻ ആണെന്ന്.. നിങ്ങളൊന്ന് കേറി പോ പെണ്ണുമ്പുള്ളെ.. !! ഇതോസ്പിറ്റൽ ആണെന്നറിയാതെ ഇരിക്കാൻ ഞങ്ങളെന്നാ പൊട്ടന്മാരാണോ..എല്ലാടത്തും കാണും ഇങ്ങനെ കുറെ എണ്ണം.""

നഴ്സുമാരുടെ സ്ഥിരം ക്ലീഷേയായത്കൊണ്ട് അവനങ്ങ് ചാടി ഏറ്റെടുത്തു, ഉടനെ അവര് റിപ്പോർട്ട് ചെയ്യുമെന്ന് പറഞ്ഞതും കൈയും കാലും പിടിച്ച് ആമിയും മാഗിയും അവരെ സമാദാനപ്പെടുത്തി.

""നീയൊന്ന് അടങ്ങെന്റെ വിഷ്ണു.. "" അവനേം വിളിച്ചു ഗായത്രി കിടക്കുന്ന റൂമിലേക്ക് കയറി.. അവരപ്പോ കണ്ണ് തുറന്നിരുന്നു. ഞങ്ങളെ കണ്ട് പുള്ളിക്കാരി ക്ഷീണത്തിൽ കലർന്നൊരു ചിരി പാസ്സാക്കി.,

"" എല്ലാർക്കുമൊരു ബുദ്ധിമുട്ടായി കാണുല്ലെ. "" മുഖമൊന്നുയർത്തി എല്ലാരേം നോക്കിയവർ ചോദിച്ചതും

"" എയ്യ്.. എന്ത് ബുദ്ധിമുട്ട്.., !! ബി പി ലോ ആയത..അതാ പറ്റിപോയെ..

എങ്ങനെ ഉണ്ട് ഇപ്പൊ, ""

ഞാൻ അവർക്കടുത്തേക്ക് നടന്നു കോണ്ട് ചോദിച്ച്., അപ്പോ അവരെന്റെ മുഖത്തേക്ക് നോക്കി ചെറിയൊരു ഷീണം അത്രേ ഉള്ളൂ ന്ന് മറുപടി തന്നതും വിഷ്ണു വിന്റെ ഒരു ഡയലോഗ്

"" പെട്ടന്ന് തലകറങ്ങിയപ്പോ ഞാൻ കരുതി, മാഡം ഗർഭിണി ആയെന്ന്.... ""

നശിപ്പിച്ചു.....

അവിടെ ഉണ്ടായിരുന്ന ഞങ്ങളും, കൂടെ വർക്ക് ചെയുന്ന കുറച്ച് പേരും ന്തിന് ഗായത്രി പോലും ഒന്ന് ഞെട്ടി,, ന്നിട്ടും എന്നെയും മാഗിയെയും അവൾ മാറി മാറി നോക്കി., ശോ ഈ വെടല എന്തൊക്കെയാ പറയുന്നേ.. ഞാൻ ആമിയോട് അവനേം കോണ്ട് വെളിയിലേക്ക് കോണ്ട് പോകാൻ കണ്ണ് കാണിച്ചു.

www.kkstories.com

"" വിഷ്ണുവേട്ട ദേ.. ഒന്നിങ് വന്നേ .. ഒരു കാര്യം പറയട്ടെ... ""

അവൻ ഗായത്രി യെ നോക്കി ഇപ്പൊ വരാമെന്ന് പറഞ്ഞ് അവളുടെ കൂടെ വെളിയിലേക്ക് ഇറങ്ങി.,

"" മാഡം ഒന്നും കരുതല്ലേ... അവനൊരു കഥയില്ലാത്തവനാ അതാ . അത് പോട്ടെ..

വീട്ടിൽ ആരേലും അറിയിക്കണ്ടേ.., ""

"" ഞാൻ എന്റെ ഒരു ഫ്രണ്ടിനോട് പറഞ്ഞിട്ടുണ്ട്, അവള് 10 ഒക്കെ ആകുമ്പോൾ വരും... ""

ന്ന് ഗായത്രി പറഞ്ഞപ്പോ വീട്ടിൽ അറിയിക്കണ്ടേ ന്ന് ഞാൻ വീണ്ടും ചോദിച്ചപ്പോ ഇപ്പൊ വേണ്ടാ വെറുതെ ടെൻഷൻ ആകേണ്ട ന്ന് പറഞ്ഞു, അത് ഞങ്ങൾ കേട്ടു.

"" ന്നാ ഫ്രണ്ട് വരുന്ന വരെ ഞാൻ നിന്നോളം.. നിങ്ങളെല്ലാം പൊക്കോ.. മാഗി ആമിയെ കൂടെ കുട്ടിക്കോ... ""

കൂടെ നിൽക്കുന്നവരെ ഒക്കെ കണ്ടിട്ട് ആർക്കും സമയം ഇല്ലെന്ന് മനസിലായി പിന്നേ ഉള്ളത് മാഗിയാണ് അവളാണെങ്കിൽ ശെരിയാകില്ല വേറെ വല്ലതും രാത്രിയിൽ വേണമെങ്കിൽ അവളെ കോണ്ട് ഒക്കുവോ.. പിന്നെയുള്ളത് വിഷ്ണു.. ഇയ്യോ അങ്ങോട്ട് ചിന്ത പോലും പോകണ്ട..

"" അത്.. അജുനൊരു ബുദ്ധിമുട്ടാകില്ലേ.. താൻ പൊക്കോഡോ.. ഞാൻ അഡ്ജസ്റ്റ് ചെയ്തോളാം.. ""

ന്നാൽ ഞാൻ അത് ശ്രദ്ധിക്കാതെ മാഗിയോട് കാര്യങ്ങൾ സംസാരിച്ചു. പിന്നെ വെളിയിലേക്ക് ഇറങ്ങി..

"" ദേ പ്രായത്തിനു മൂത്തതാന്നൊന്നും നോക്കില്ലാട്ടോ.. പൊട്ടത്തരം പറഞ്ഞിട്ട് പിന്നേം ന്യായം പറഞ്ഞാൽ ഒറ്റ ചവിട്ട് വെച്ചങ് തരും പറഞ്ഞേക്കാം.. കല്യാണം കഴിക്കാത്ത പെങ്കൊച്ചിനോട് ആരേലും പറയുന്നതാണോ ഇങ്ങനെ.."" ചെന്നതും കേട്ടതിതാണ്, തല കുമ്പിട്ട് നില്കുവാണ് അവൻ, അവനങ്ങനെ ആരേം വക വയ്ക്കാത്തതാണല്ലോ.. ന്ത് പറ്റിയോ ആവോ..

"" അറിയാതെ വന്ന് പോയതല്ലേ മോളെ..

അതിന് നീ ഇപ്പോ തന്നെ എന്നെ കുറെ പറഞ്ഞില്ലേ.. അത് ഒന്ന് വിട്.. ദേ ആളുകൾ നോക്കുന്നെന്ന്. ""

www.kkstories.com

അയ്യേ ഇതവൻ തന്നെയാണോ.. തല താഴ്ത്തി പറഞ്ഞിട്ട് ഇടം കണ്ണിട്ട് ചുറ്റിനും നോക്കുന്നുണ്ട്, അവളുടെ സംസാരം കേട്ടിട്ട് അടുത്തൂടെ പോകുന്നവർ എല്ലാം അവനെ നോക്കി ആക്കി ചിരിക്കുന്നുമുണ്ട്.

"" നോക്കട്ടെ..!! എല്ലാരും അറിയട്ടെ. ഇനി മേലാൽ വേണ്ടാത്ത വല്ലതും വയ്ന്ന് വന്നുന്നു ഞനറിഞ്ഞാൽ,,,.... കേട്ടല്ലോ... ""

അപ്പോളേക്കും ഞാൻ അങ്ങോട്ട് ചെന്ന് രണ്ടിനേം വിളിച്ചക്കതുകേറ്റി, കേറിയ പാടെ ആമി അവനെക്കൊണ്ട് സോറി പറയിപ്പിച്ചു.. പറഞ്ഞതും അവന്റെ തോളിൽ രണ്ട് തട്ട് കൊടുത്ത് ചിരിയോടെ

"" വെൽ ഡൺ മൈ ബോയ്.. വെൽ ഡൺ.. "" ന്നൊരു പ്രശംസയും., ഞാൻ നുമ്പേ പറഞ്ഞ കാര്യം എല്ലാരോടും പറഞ്ഞ് അപ്പൊ

"" ഞാനും കൂടെ നിൽകാം.. "" ന്നായിരുന്നു അവളുടെ മറുപടി, ഉടനെ മാഗി,

"" ആമി, നീ കാരറ്യിങ്ങ് അല്ലെ ഇപ്പോ., അപ്പൊ ഇവിടെ സ്യൂട്ട് ആകില്ല മോളെ.. ചേച്ചിടെ കൂടെ ഫ്ലാറ്റിലേക്ക് പോവാം.. ""

"" അതെ അനാമികെ.., ഇവരുടെ കൂടെ പൊക്കോ, ഇവിടെയിപ്പോ അജ്ജു ഉണ്ടല്ലോ... ""

www.kkstories.com

അതിനവൾ ഒന്നും മിണ്ടില്ല ന്നേ കണ്ണ് കോണ്ട് കെഞ്ചുന്ന പോലെ കാണിച്ചു, അത് കണ്ടോന്ന് ചിരിച്ചു.

"" മാഗി അവളിവിടെ നിന്നോട്ടെ.. നിങ്ങള് ചെല്ല്, പിന്നെ ങ്ങള് രാവിലെ കാണുയിനി. ""

പെണ്ണെന്ന ചുറ്റി പിടിച്ച് നിന്നു, അത് കണ്ടു ചിരിയോടെ എല്ലാരും റൂം വീട്ടിറങ്ങി,

"" നിനക്ക് കുറച്ച് കൂടണുണ്ട് പെണ്ണെ.. " ഞാൻ അവളുടെ കവിളിൽ വലിച്ചു വിട്ട് ഗായത്രിയെ നോക്കി ഒന്ന് ചിരിച്ചു,

"" എങ്കിൽ സഹിച്ചോ . ""ന്നും പറഞ്ഞെന്റെ കവിളിൽ ഒരു കുത്തും തന്നവൾ ഗായത്രി ക്ക് അടുത്തേക്ക് ചെന്നിരുന്ന്,

"" അതെ... ഞാൻ ചേച്ചിന്ന് വിളിക്കണതുകൊണ്ട് കുഴപ്പൊന്നുല്ലലോ.. "".

അവളൊരു മടിയോടെ ആണ് ചോദിച്ചേ, അപ്പോ ഗായത്രിയുടെ കണ്ണുകൾ വിടരുന്നതും ഒരു ചിരി ചുണ്ടിന് കോണിൽ ഉറപൊട്ടുന്നതും ഞാൻ കണ്ടു..

"" എയ്യ്..അതിനെന്താ.!! നിക്ക് സന്തോഷേ ഉള്ളല്ലോ..""

"" ന്റെ ചേച്ചിയും ഞാനും സംസാരിച്ചോണ്ടിരിക്കുന്നടത്തു നിങ്ങളെന്താ മിസ്റ്റർ വായിനോക്കി നിൽക്കണേ.. പോയി ഞങ്ങൾക്ക് വല്ലതും വാങ്ങികോണ്ട് വാ.. മ്മ് ചെല്ല്... ""

അവളുടെ വർത്തമാനം കണ്ട് ഗായത്രി വായ പൊത്തി ചിരിക്കുന്നത് കണ്ട്, പിന്നേ എന്നെ നോക്കി ചിരിക്കും, ഞാൻ അവളെ നോക്കി നിനക്ക് ഞാൻ തരുന്നുണ്ടെടി വായാടി ന്ന് ചുണ്ടനക്കിയപ്പോ പെണ്ണെന്നെ നോക്കി കൊഞ്ഞനം കുത്തി കാട്ടി.. ഞാൻ പോയിട്ട് വരാമെന്ന് പറഞ്ഞതും,

"" അജുവിന് ബുധിമുട്ടാകില്ലെങ്കിൽ എനിക്ക് ലൈറ്റ് ആയിട്ട് ന്തേലും വാങ്ങിയാൽ മതി.. ""

ലൈറ്റ് ആയിട്ട് മതിയെങ്കിൽ രണ്ട് എമർജൻസി ഓഡർ ചെയ്യാം..

ന്നൊരു കാച്ച് കാച്ചിയാലോ.. ഇല്ലേൽ വേണ്ടാ നാറും. ഇവർക്കാർക്കും ശുദ്ധഹാസ്യം പിടിക്കില്ല.

ഒരു മടി എവിടെയൊക്കെയോ ഉള്ളപോലെ, ന്നാൽ ഉടനെ അടുത്ത ഓഡർ പെണ്ണിന്റ ഭാഗത്തു നിന്നും വന്നു,

"" ന്ത് ബുദ്ധിമുട്ട്.. ഏട്ടനൊരു ബുദ്ധിമുട്ടുമില്ല.. പെട്ടെന്ന് പൊയി വാങ്ങിക്കൊണ്ടു വായോ...

ദേ എനിക്ക് ഇപ്പോ തന്നെ വിശക്കാൻ തുടങ്ങി. ""

www.kkstories.com

അപ്പോളാണ് പെണ്ണ് ഇത്രേം നേരമായും ഒന്നും കഴിച്ചില്ലല്ലോ ന്ന് ഓർക്കുന്നെ.. പിന്നെ നിന്നില്ല , അപ്പോളത്തെ ന്റെ വെപ്രാളം കണ്ട് അവിടെ ഒരു ചിരി..

"" പാവാ.....! ഞാനെന്ന് പറഞ്ഞാ ജീവനാ അതിന്... നിക്കും അതെ.. ""

അജു പോയ വഴിയേ നോക്കി ആമി അതും പറഞ്ഞ് തിരിഞ്ഞു ഗായത്രിയെ നോക്കി, അവിടെ അവളെ തന്നെ നോക്കി നിൽക്കുന്ന ഗായത്രിയെയാണ് അവൾ കണ്ടത് ഉടനെ ഒരു ചിരിയോടെ

"" ചേച്ചിക്ക് ഇഷ്ടയിരുന്നല്ലേ ഏട്ടനെ..! ""

ഏഹ്...! പെട്ടെന്ന് അങ്ങനെ യൊന്ന് കേട്ടതും ഗായത്രി ഒന്ന് ഞെട്ടി, പിന്നെ വിക്കി വിക്കി അതിനെ നിരസിച്ചു.

"" വേണ്ട.. വേണ്ടാ. എന്നോടെല്ലാം ഏട്ടൻ പറഞ്ഞായിരുന്നു ട്ടോ.. അതോണ്ട് ന്റെ പുന്നാര ചേച്ചി വീണിടത്തു കിടന്നുരുളണ്ട.. ""

"" അജുവോ..!!. ന്ത്..ന്തുപറഞ്ഞെന്നു..!"" അപ്പോളും ആ മുഖത്തെ ഭാവം വ്യക്തമല്ലായിരുന്നു ആമിക്,

"" അന്ന് ചേച്ചി ഏട്ടനോട് എന്തൊക്കെയോ അവിടേം ഇവിടേം തൊടാതെ പറഞ്ഞില്ലായിരുന്നോ.. അതന്നെ.. ""

അതിനൊരു വിളറിയ ചിരി അവൾക്ക് കൊടുത്തപ്പോ, പിന്നൊന്നും പറയാൻ അവൾക്കും തോന്നിയില്ല, പിന്നെ ആമിയല്ലേ സംസാരിച്ചു സംസാരിച്ചു അവള് ഗായത്രിയെ കറക്കി കൈയിൽ എടുത്ത്.പിന്നങ്ങോട്ട് രണ്ടാളുമായി സംസാരം, ഗായത്രിയും ഒട്ടും മോശമല്ല,

ഡോർ തുറന്ന് അകത്തു കയറുമ്പോൾ അജു കാണുന്നത് രണ്ടാളും തകർത്ത് സംസാരിക്കുന്നതതാണ്. ന്നാൽ താൻ വന്നതൊന്നും ശ്രദിക്കാതെ ഇരുന്ന് സംസാരിക്കുവായിരുന്നു, ഞാൻ അവരെ നോക്കി കഞ്ഞി ഒരു പത്രത്തിലേക്ക് ആക്കി, അതിൽ കുറച്ച് ഉപ്പും അച്ചാറും കുറച്ച് തൈരും സമ്മന്തിയും പയറു തോരനും കൂടെ വച്ച് , പിന്നെ വേറെ ഒരു പ്ലേറ്റിൽ മസാല ദോശയും വടയും ചട്ണി യും വച്ച്, ഞാനും കഞ്ഞി തന്നെ കുടികാം ന്ന് വച്ച്.,

"" ദേ മതി രണ്ടും കത്തി വച്ചത്... ദാ പിടിച്ചേ.. ""

ഞാൻ രണ്ടാൾക്കും പ്ലേറ്റ് കൊടുത്ത് ഞാനും കഴിക്കാൻ എടുത്തു. ഗായത്രി പതിയെയാണ് കഴിക്കുന്നേ.. സമയമെടുത്തു.

www.kkstories.com

ന്നാൽ ആമി നല്ല പോളിംഗ് ആണ് അത് കണ്ടെനിക് കുറച്ച് സങ്കടം തോന്നി,പെണ്ണ് ഇത്രേം വിശന്നിരിക്കുവായിരുന്നോ.. .

"" കഞ്ഞി എങ്ങനെയുണ്ട് കൊള്ളാവോ... ""

മസാല ദോശ തീർന്നതും പെണ്ണ് ന്റെ പ്ലേറ്റ്ലേക്ക് കൈ ഇട്ട് ഒരു പീടി വാരി വായിലാക്കി, ന്നിട്ട് ന്റെന്ന് പ്ലേറ്റ് വാങ്ങി ഗായത്രിയെ നോക്കി ചിരിച്ചു. ഞാൻ എണ്ണിക്കാൻ പോയതും അവളെന്റെ കൈക്ക് പിടിച്ച് നിർത്തിട്ടു ഒരു പീടി എനിക്ക് വാരി തന്നു ഞനത് വായിലാക്കി, പിന്നേ അടുത്ത ഉരുള അവൾ ഗായത്രി ക്ക് നേരെ നീട്ടിയതും അവളൊന്ന് ശംകിച്ചു, ആപ്പോ ആമി കണ്ണുകൊണ്ട് കൊഞ്ചിയപ്പോ ചിരിയോടെ അവളും വാങ്ങി,

"" ടി നിനക്ക് ന്തേലും വേണോ... ഞനൊന്ന് പുറത്ത് പോയിട്ട് വരാം.""

കുറച്ച് നേരം അവിടെ ഇരുന്നപ്പോ ബോറടിച്ചു, ഒന്ന് നടക്കാം ന്ന് കരുതി പെണ്ണുങ്ങൾ നല്ല കത്തി വയ്പ്പാണ്,.

"" നിക്കൊന്നും വേണ്ടാ... പിന്നെ വലിക്കാൻ വല്ലോമാ പോണേ ങ്കിൽ.., അറിയാല്ലോ ന്നേ... ""

അവളൊന്ന് കൂർപ്പിച്ചു നോക്കി, ഞാൻ ചിരിയോടെ ' അറിയാമേ.... ' ന്ന് കൈ കൂപ്പിയതും പെണ്ണ് ആഹ്ഹ് ന്നൊരു ദീർഘ നിശ്വാസം.

"" മാഡത്തിന് വല്ലോം... ""

"" എയ്യ് ഒന്നും വേണ്ടടോ..!""

ഞാൻ വെളിയിലേക്ക് ഇറങ്ങി,ഫോൺ എടുത്ത് അമ്മയെ വിളിച്ചു കാര്യം പറഞ്ഞപ്പോ കുറെ കേട്ട്, സംഭവം അവളെ ഹോസ്പിറ്റലിൽ ഈ അവസ്ഥയിൽ നിർത്തിയത് തന്നെ.. നിനക്ക് പറ്റില്ലേൽ നാളെ തന്നെ ഞാൻ വന്ന് ന്റെ കൊച്ചിനെ തിരിച്ചു കൊണ്ടുപോകുമെന്ന്.. ഒരു വിധം പറഞ്ഞ് സമാധാനപ്പെടുത്തി. ഒന്ന് പുകയ്ക്കണം ന്നുണ്ടേലും അവള് പറഞ്ഞത് കൊണ്ടും അവളുടെ ഇപ്പോളത്തെ അവസ്ഥയിൽ ഇതൊന്നും അവൾ ശ്വസിക്കാൻ പോലും പാടില്ലല്ലോ. നേരെ ചെന്ന് ഒരു ചായയും കടിയും വാങ്ങി കഴിച്ചു, അവിടെ ഇരുന്നു സമയം ആറകുന്നു. , കാന്റീൻ തീരെ പോരാ.... അങ്ങനെ മാഗിയെയും വിളിച്ചു കാര്യം പറഞ്ഞു,പിന്നെ അവിടുത്തെ ചേട്ടൻ മാരോട് ഓരോന്ന് പറഞ്ഞങ്ങനെ ഇരുന്നു, അപ്പോളാണ് ഇടാൻ ഒന്നും കോണ്ട് വന്നില്ലാലോ ന്നോർത്തത് ഞാൻ അടുത്തുള്ള ഒരു പബ്ലിക് ബാത്രൂം മിൽ കേറി കുളിച്ചു,അവിടെ കേറിയപ്പോ അങ്ങനെ ഒരു തീരുമാനം തെറ്റായി പോയിന്ന് തോന്നി. പിന്നെ അടുത്തുള്ള ഒരു ടെസ്റ്റിൽസിൽ കേറി ഒരു ബനിയൻ ഫിറ്റ് ബ്ലാക്ക് ഷർട്ടും ഒരു കാവി മുണ്ടും വാങ്ങി ട്രയൽ റൂമിൽ കേറി ഇട്ടു. ഷോർട്സ് ആണ് ആദ്യം എടുത്തത് ന്നാൽ ഗായത്രി യുടെ മുന്നിൽ ഇനി അതും ഇട്ട് നടന്നെന്ന് പറഞ്ഞവൾ ന്റെ തല എടുക്കും. ആമിക്ക് ഞാൻ ഒരു നൈറ്റ് ഡ്രെസ്സും ഇന്നറും എടുത്തു, അപ്പോളാണ് പണി പാളിയല്ലോ ന്നോർക്കുന്നെ.. ഞാൻ ഫോൺ എടുത്ത് ആമിയെ വിളിച്ചു കാര്യം പറഞ്ഞപ്പോ അവളുടെ സെയിം അളവ് മതിയെന്ന് പറഞ്ഞു പെണ്ണ്, അപ്പോ ഗായത്രി ക്കും വാങ്ങി ഒരു നൈറ്റ് ഡ്രെസ്. അതും വാങ്ങി പൈസയും കൊടുത്ത് തിരിച്ചു ഹോസ്പിറ്റലിൽ കേറി, ഡോറിൽ മുട്ടിയതും, കവർ എല്ലാം ആമിയുടെ കൈയിൽ കൊടുത്തൂ....

'" കൈ നീട്ടിയെ... നോക്കട്ടെ... ""

അവളെന്റെ കൈ പിടിച്ച് മണപ്പിച്ചു നോക്കി,അവളുദേശിച്ചത് ഇല്ലെന്ന് കണ്ടതും പെണ്ണ് നല്ല പോലെ ഒന്ന് ചിരിച്ചു. ന്നിട്ട് തിരിഞ്ഞു നിന്ന് കണ്ണിറുക്കി ചുണ്ട് കോർപ്പിച്ചൊരുമ്മ, ഗായത്രി കാണാതെ..

""കൊള്ളാട്ടോ... അജുന് ചേരുന്നുണ്ട് ഈ വേഷം..""

ഗായത്രി ന്റെ ഡ്രെസ്സിനെ പുകഴ്ത്തിയതും ഞാൻ ഒന്ന് പൊങ്ങി താങ്ക്സ് പറഞ്ഞു, ഉടനെ

'" ഓ പറയത്തക്ക പോലെ ഒന്നുല്ല.. കൊള്ളാം.. അത്രേ ഉള്ളൂ... ""

ഓ..... അങ്ങനെ...!!

"" എടി... എടി നല്ലത് കണ്ടാൽ നല്ലതാണെന്ന് പറയാൻ ആദ്യം കുറച്ച് നന്മ വേണം... ""

""വീണ്ടും തുടങ്ങിയോ രണ്ടും..."" ഗായത്രി ഇടപെട്ടു, ഇല്ലേൽ ഇന്നിവിടെ ആരെങ്കിലും ഒരാളെ ഉണ്ടാവുള്ളു അത് പക്ഷെ ഞാൻ ആയിരിക്കില്ല,

"" നോക്ക് മാഡം.. ഒന്നുല്ലേലും ഞാൻ.. ഞാനവളുടെ കെട്ടിയോനല്ലേ.. അതിന്റ റെസ്പെക്ട് എങ്കിലും കാട്ടണ്ടേ.. ""

. "" ഇങ്ങോട്ട് കിട്ടിയാലേ അങ്ങോട്ടും തരാൻ ഒക്കു... ഗിവ് റെസ്പെക്ട് ആൻഡ് ടേക്ക് റെസ്പെക്ട് ന്നാ..അല്ലെ യേച്ചി..! . ""

"" നീ ആദ്യം കുറച്ചു ഇങ്ങോട്ട് ഗിവ്...!! ന്നിട്ട് എത്ര വേണേലും അങ്ങോട്ട് ടേയ്ക്കിക്കോ...""

ഞാൻ തീർത്തും പുച്ഛിച്ചു അവളുടെ കൈയിൽ നിന്നും കവർ ഗായത്രിക്ക് കൊടുത്ത്, അതികം നില്കാതെ ഞാൻ നേരെ വെളിയിൽ ഇറങ്ങി, പിന്നീട് അടുത്തുള്ള ഒരു ബെഡ് കൂടെ ഞാൻ കരഞ്ഞു കാലുപിടിച്ചു വാങ്ങിയിരുന്നു ഹോസ്പിറ്റലിൽ പറഞ്ഞു. തിരിച്ചു റൂമിൽ എത്തുമ്പോൾ അവർ ഡ്രസ്സ് എല്ലാം മാറി നിൽക്കുകയായിരുന്നു,.

"" എടി നീ ഉറങ്ങുന്നോന്നുമില്ലേ.. നാളെ പോണ്ടേ ക്ലാസ്സിൽ.. ""

www.kkstories.com

ഡോർ തുറന്ന് അകത്ത് കേറിയതും കട്ടിലിൽ ചമ്രം പടിഞ്ഞിരുന്നു കഥ പറയുന്ന പെണ്ണിനെയാണ്, കൈയിൽ ഒരു ഓറഞ്ചുമുണ്ട്,

"" അതൊക്കെ ഞാൻ പൊക്കോളാം.. ഇയ്യാള് കൂടുതല് കിടന്ന് വേവലാതി പെടുവൊന്നും വേണ്ടാ.. ""

ചുണ്ട് രണ്ടും ഇരു സൈഡിലേക്കും നീക്കി പെണ്ണോന്ന് പരിഭവം അറിയിച്ചു, ഉടനെ ഞാൻ അതിനെ പോയാ മതി ന്നൊരു കമന്റ് ഇട്ട് അവിടെ ഉള്ള കസേരയിൽ ഇരുന്നു.

"" ആമി ഡോക്ടറിനാ പടിക്കണേ..ഇല്ലെ..?!""

"" മ്മ് അതെയേച്ചി.. ഡോക്ടർ ആയിട്ട് വേണം ഇവിടെ ചെലരെ ഒക്കെയെനിക് വേണ്ടവിധത്തിലൊന്നു കാണാൻ... ""

കൈയിൽ ഇരുന്ന മാഗസിൻ ഞാൻ ചെറുതായി താഴ്ത്തി അവളെ നോക്കി പെണ്ണ് ഊറി ചിരിക്കുന്നുണ്ട്..ഞാനത് കാര്യമാക്കിലാ,, അല്ലേലും പെണ്ണിന് ഇന്നിതിരി ഇളക്കം കൂടുതലാ.. വച്ചിട്ടുണ്ടെടി.

"" ആരാ ഏട്ടാ.. ഒന്ന് നോക്കിയേ... ""

മേശയുടെ മുകളിലിരുന്ന അവളുടെ മൊബൈൽ ശബ്ദമുണ്ടാക്കിയതും, ഞാൻ ഏന്തി വലിഞ്ഞു എടുത്ത് നോക്കി, അമ്മ...

ഏഹ് ഇതിലേതു അമ്മയാ... ആ

"" എടി അമ്മയാ... " " ഞാൻ ഫോൺ നോക്കികൊണ്ട് തന്നെ അവളുടെ നേരെ നീട്ടി.

"" ഇയ്യോ ഇന്ന് വിളിച്ചില്ല... കൊല്ലുമെന്നേ ന്നമ്മാ.""

അവള് ആരോടെന്നില്ലാതെ പറഞ്ഞെന്നിക്കാൻ പോയതും,

"" ആമിടെ അമ്മയാണോ.. അതോ അജ്ജുന്റെ യോ.. "" ഗായത്രി ക്ക് സംശയം

"" ന്റെ ലക്ഷ്മിമ്മയാ..!! ആഹ്ഹ് കേക്കണുണ്ടമ്മാ പറഞ്ഞോ... ""

അവള് ഫോണും ചെവിയിൽ തിരുകി വെളിയിലേക്ക് നടന്നു.. അപ്പോളും ഗായത്രിയുടെ മുഖത്ത് ഒരു വയ്ക്ലബ്യം,

"" എന്റമ്മയാ...!"" അവള് നില്കുന്നിടത്തോട്ട് നോക്കി ഞാൻ പറഞ്ഞതും അവരും ഒന്ന് ചിരിച്ചു,

www.kkstories.com

കുറച്ചധിക നേരം കഴിഞ്ഞാണ് പെണ്ണ് വന്നത്, വന്നതും മുഖം ഒരു കോട്ട യുണ്ട് നേരെ ന്റെ അടുത്ത് വന്ന് കൈയും കെട്ടി നിന്നെന്നെ നോക്കി, ഞാൻ മാഗസിനിൽ നിന്ന് കണ്ണുകൾ അവളുടെ നേരെ നീട്ടിയതും,

"" കഷ്ട്ടോണ്ട് ട്ടോ അജ്ജുവേട്ടാ.. ന്തിനാന്നെ എല്ലാം അമ്മയോട് പറഞ്ഞെ... ""

എളിയിൽ ഇരു കൈയുംകുത്തി ആ ചുവന്ന തുണ്ടിപ്പഴ ചുണ്ടുകൾ മുന്നോട്ടുന്തി പരിഭവം കാട്ടുന്നവളെ ഞാൻ ഒരു ചിരിയോടെ അടുത്തേക്ക് വിളിച്ചു,

"" എന്നിട്ട് ന്തോ പറഞ്ഞമ്മ...? ""

ഉള്ളിൽ ഊറിയ ചിരി കടിച്ചു പിടിച്ചു ഞനത് ചോദിച്ചതും, പെണ്ണ് ചവിട്ടികുലുക്കി ഗായത്രിക്ക് അടുത്ത് ചെന്നിരുന്ന്,

"" എല്ലാം പറഞ്ഞ് കൊടുത്തിട്ട്.. ഇപ്പൊ ഒന്നുമറിയാത്തപോലെ ചോദിക്കണ കേട്ടില്ലേ..

ന്ത് പറഞ്ഞെന്ന്...!! ഹും.. ""

അവൾ കെറുവിച്ചു തിരിഞ്ഞിരുന്നു, അത് കണ്ട് ഞാനും ഗായത്രി യും മുഖത്തോട് മുഖം നോക്കി, ഞാൻ രണ്ട് കൈയും മലർത്തി ഗായത്രി യെ നോക്കി ചിരിച്ചു.

"" ന്റെലും ഉണ്ട് പറയാൻ ഒരുപാട്... നോക്കിക്കോ ഞാനും പറഞ്ഞ് കൊടുക്കുമല്ലോ.. അപ്പൊ ഞാനും ഇതേ പോലെ ഇരുന്ന് ചിരിക്കും.. അഹ് ഹാ അത്രക്ക് പാടില്ലല്ലോ ""

വീണ്ടും അവൾ എന്തൊക്കെയോ പൊറുപൊരുത്, അത് പിന്നെ അങ്ങനെ നീണ്ടു സമയം ഏകദേശം ഒൻപത് ആകുന്നു, ന്റെ ഫോൺ റിങ് ചെയ്യാൻ തുടങ്ങിയത് കോണ്ട് ഞാൻ പറഞ്ഞോണ്ടിരുന്ന കാര്യം നിർത്തി ഫോൺ എടുത്ത്

""ആഹ്ഹ് പറഞ്ഞോ ഏട്ടത്തി.. ""

"" ന്റെ അജു നീയ്യാ വയ്യാത്ത പെണ്ണിനേം കോണ്ട് ന്തിനാടാ അവിടേക്ക് പോയെ.. വന്ന് വന്ന് നിനക്ക് തീരെ ബോധമില്ലാണ്ടായോ.. ""

"" ഞാൻ എന്ത് ചെയ്തുന്നാ,, പറഞ്ഞാ കേൾക്കണ്ടേ.. ""

"" ന്നിട്ട് പെണ്ണെന്തിയെ...?? ""

"" ഇവിടെ ഉണ്ട്.. നുംമ്പേ അമ്മ വിളിച്ചു നല്ലത് പറഞ്ഞതിന്റെ ദെഷ്യത്തിൽ മുഖം ഒരു കോട്ടയുണ്ട്.. ""

www.kkstories.com

"" ചുമ്മാതാ ഏട്ടത്തി... ഏട്ടൻ ചുമ്മാ ഓരോന്ന് പറയണതാ.. ""

ഫോണിൽ കൂടെ ഞാൻ അവളുടെ കുറ്റം ഏട്ടത്തിക്ക് പറഞ്ഞ് കൊടുക്കുക ആണെന്ന് അരിഞ്ഞതും പെണ്ണ് ചാടി വീണു.. പിന്നെ അവളോടും ന്തോ പറഞ്ഞ് അതാവസാനിപ്പിച്ചു.

"" ന്നാ ഞാൻ പോയി കഴിക്കാൻ വല്ലതും കോണ്ട് വാങ്ങി വരാം.. ""

അതിന് രണ്ടാളും തല യാട്ടി.. ഞാൻ നേരെ വെളിയിൽ പോയി പാർസൽ വാങ്ങി തിരിച്ചു ഹോസ്പിറ്റലിലേക്ക് കടക്കുമ്പോൾ,

"" ഈ ഗായത്രി ****** നെ ഇവിടാ അഡ്മിറ്റ് ആക്കിയിരിക്കുന്നത്.. ഇന്ന് കോണ്ട് വന്ന കേസ് ആ.. ""

"" ഒരു മിനിറ്റ് ഒന്ന് ചെക് ചെയ്തോട്ടെ മാഡം.. ""

അവളുടെ ആവശ്യത്തിന് ആ റിസപ്ഷനിൽ നിൽക്കുന്ന പെണ്ണ് കമ്പ്യൂട്ടറിൽ ന്തോ നോക്കാൻ നില്കുന്നത് കണ്ടാണ് ഞാൻ അങ്ങോട്ടേക് ചെന്നത്.. ഓ ലിവളായിരുന്നോ അവൾ പറഞ്ഞ ലവൾ..!!

കൊള്ളാം തരക്കേടില്ല...,!!

"" അതെ ഗായത്രി യുടെ ഫ്രണ്ട് ആണോ... "

പിന്നിൽ നിന്നും അപരിചിതമായ ശബ്ദം കേട്ടതും അവളൊന്ന് തിരിഞ്ഞു പെട്ടെന്ന് ആ മുഖമൊന്ന് വിടർന്നു.

"" അജുവല്ലേ.. സോറി...അർജുനല്ലേ.... ""

ഞാൻ അതേയെന്ന് തലയിളക്കി,

"" അതെ ഇനി ഡീറ്റെയിൽസ് തിരയണ്ട.""

ആ കൊച്ചിനോട് അത് പറഞ്ഞവൾ മുന്നോട്ടേക്ക് നടന്നു അതിനാ കൊച്ച് ഒന്ന് ചിരിച്ചു..

'" ന്നേ അറിയുവോ.. ഓ ഗായത്രി മാഡം പറഞ്ഞിട്ടുണ്ടാവുമല്ലേ.. ""

പെട്ടന്ന് ഇവൾ അവളുടെ ഫ്രണ്ട് ആണെന്ന് ഓർമ്മ വന്നെനിക്.. ന്നാലും ന്നേ കുറിച്ച് ന്ത് പറഞ്ഞയിരിക്കും മറ്റവൾ പരിചയപെടുത്തിയിരിക്കുന്നെ..

www.kkstories.com

"" എയ്യ് അവളൊന്നും പറഞ്ഞിട്ടില്ല.. ഞാൻ ആഡ് കണ്ട് ഫാൻ ആയതാ.. നേരിട്ട് കാണാൻ ഒക്കുമെന്ന് കരുതിയില്ലട്ടോ.. "

ഫാനോ.....! ന്റെ ദൈവമേ... ആരുമില്ലേ ഇതൊന്ന് കേൾക്കാൻ... അതെ ഞാനും ആരാധകരുള്ള ഒരു തിരക്ക് പിടിച്ച സെലിബ്രേർട്ടി ആയി മാറിയിരിക്കുന്നു.,

ആരാധകരെ ശാന്തരാകുവിൻ....!!!

അങ്ങനെ പറഞ്ഞതും എനിക്ക് ന്നോട് തന്നെ ഒരു ബഹുമാനം തോന്നിട്ട് ഒരു നിമിഷം ഞാൻ ഒന്നുയർന്നു പൊങ്ങി..

"" നേരിട്ട് കാണുന്നതാട്ടോ ഒന്നുടെ ഭംഗി... സുപ്രാ... ""

മതി.... ഇതിൽ കൂടുതൽ ഞാൻ ഒന്നും അർഹിക്കുന്നില്ല ദൈവമേ...,

പാവത്തുങ്കൾക്കെന്തിനിങ്ങനെ സൗന്ദര്യം നീ വാരി കോരി കൊടുക്കുന്നു... ഈ സൗന്ദര്യം എനിക്കൊരു ശാപമാകുമോ...??

"" അല്ല പേര് പറഞ്ഞില്ല..!!"" ഞാൻ തീർത്തുകൊണ്ടിരിക്കുന്ന ചീട്ടുകൊട്ടാരത്തിലേക്ക് ഒരു ചീട്ട് കൂടെ കെട്ടി പണിതു.

"" അയ്യോ ഞാൻ അതങ്ങ് മറന്നു തന്നെ കണ്ട ആ ഒരു ഇതിൽ... അഹ്... ഞാൻ സ്നേഹ... സ്നേഹ സൂസൻ.. ഇവിടെ ****** ബാങ്കിൽ വർക്ക് ചെയുന്നു.. ""

ഞാൻ ഒരു ചിരിയോടെ ന്നേ പരിചയപെടുത്തിയതും അവൾ ന്നേ തടഞ്ഞു.. എനിക്ക് എല്ലാമറിയാം ന്ന് ഓ കിടുങ്ങി പ്പോയി..

തൃപ്തി ആയി... മോളു തൃപ്തി ആയി ...

നേരെ റൂമിന്റെ ഡോർ തുറന്നതും..

"" ഞനൊരു സെൽഫി എടുത്തോട്ടെ... ""

അതിന് തുറന്ന വാതിൽ അങ്ങനെ വച് അവൾക്ക് ഒരു യെസ് കൊടുത്ത് അവളുടനെ ഫോൺ കൈലാക്കി ക്യാമറ ഒന്ന് ചെയ്തു,

"" ഒന്നും കരുതരുത്.. പിന്നെ പറ്റില്ലെലോ ന്നോർത്താ.. ""

www.kkstories.com

ഫോട്ടോസ് എടുത്ത് അകത്തു കേറുമ്പോൾ അവർ രണ്ടാളും തുറന്ന വാതലിൽ നോക്കി നീക്കുണ്ടായിരുന്നു,

"" നിങ്ങളെന്താ അകത്തു കേറഞ്ഞെ.. "" ഗായത്രി യാണ്, സ്നേഹ യോടാണ്, ന്നാൽ ന്നേ അടിമുടി നോക്കുന്ന ആമിയെ നോക്കി നിറഞ്ഞ പുഞ്ചിരി കൊടുത്തതും, പെട്ടെന്ന് ഒരു ചിരി അവിടേം.

"" ആഹ്ഹ് ഞാൻ അർജുനുമായി ഒരു സെൽഫി എടുത്തതാ... ""

ന്നേ ഒന്ന് തിരിഞ്ഞു നോക്കി പറഞ്ഞു ഗായത്രിയിലേക്ക് വീണ്ടും തിരിഞ്ഞവൾ

"" അല്ല നിനിക്ക് എങ്ങനെയുണ്ട് ഇപ്പൊ..??'"

ന്നായി അടുത്ത ചോദ്യം, ഉടനെ കുഴപ്പമൊന്നുമില്ല ന്ന് ഗായത്രി പറഞ്ഞതും അവൾ അവിടെയുള്ള സ്ടൂളിൽ ഇരുന്നു,

"" എടി പെട്ടെന്ന് അജുനെ കണ്ടപ്പോ, ന്റെ കിളി പോയി.. """ അവള് വീണ്ടും എന്തൊക്കെയോ പറഞ്ഞ്, തന്റെ കൂട്ടുകാരി കാണിക്കുന്ന അലമ്പിനു ഗായത്രി കണ്ണുകൊണ്ട് മാപ്പ് പറയുന്നുമുണ്ട്..

"" ന്നാ നിങ്ങള് മിണ്ടിയിരിക്ക് ഞങ്ങളൊന്ന് പുറത്ത് പോയിട്ട് വരാം...!!""

ആമിയാണ് നിറഞ്ഞ പുഞ്ചിരിയിൽ അവരെ നോക്കി അത് പറഞ്ഞ് ന്റെ കൈയിൽ പിടിച്ചു,

"" അല്ല ഞാൻ ചോദിക്കണം ന്ന് വച്ചതാ... ഇതാരാ...?? ""

അമിയിൽ കാണുകൾ നീട്ടി അത് ചോദിക്കുമ്പോൾ ഏറെ സംശയം ആാാ പെണ്ണിൽ ഉണ്ടായിരുന്നു

"" അത് ഞാൻ പറഞ്ഞു കൊടുത്തോളം.. നിങ്ങള് പോയിട്ട് വാ.. ""

അവളുടെ ചോദ്യത്തിന് മറുപടി ന്നോണം ഗായത്രി അത് പറഞ്ഞതും ഞങ്ങൾ വെളിയിലേക്ക് ഇറങ്ങി, ഞാൻ കൈയിൽ ഉണ്ടായിരുന്ന ഫുഡ് അവിടെ വച് ഞാനും അവളുടെ പിന്നാലെ മ്.

"" എന്തായിരുന്നു ഒരു കൊഞ്ചികുഴയൽ അവിടെനിന്ന് ഏഹ്ഹ്.. ""

വെളിയിൽ എത്തണ്ട താമസം അവള് നിന്ന് വിറക്കാൻ തുടങ്ങി, ഇത്രെ നേരം ചിരിച്ചു നിന്നവളാ.. പെണ്ണുങ്ങളെ മനസിലാക്കാൻ വലിയ പാട.. ല്ലെ.. ഇനി ഇവളിൽ ആണോ മാടംപള്ളിയിലെ മനോരോഗി ഒളിഞ്ഞു കിടക്കുന്നത്...

"" ന്ത്.....! കാണാൻ കൊള്ളാവുന്ന ആണ്പിള്ളേരെ കണ്ടാൽ പെണ്ണുങ്ങള് നോക്കും.. അയിന് അസൂയ പെട്ടിട്ട് ഒന്നും കാര്യമില്ല.. ""

"" ഓ ഒരു കാണാൻ കൊള്ളാവുന്ന ചുന്ദരൻ വന്നിരിക്കുന്നു.. ഹും.. ഊള... ""

അവളുടെ ആ മറുപടിയിൽ ചിരിച്ചുപോയി ഞാൻ ന്നാലും അവളത് കാണാതെ ഇരിക്കാൻ നോക്കി ഞാൻ ,

"" ഓരോരുത്തര് ഭാര്യമാരോട് കാണിക്കുന്ന സ്നേഹം കണ്ടാ കൊതിയാവും.. ഇടെ എനിക്കുണ്ട് ഒരു മണുകൂസ്സൻ കെട്ടിയോൻ..

ന്താ ഇപ്പോ പറയാ... ന്റെ വിധി,, പെട്ട് പോയില്ലേ സഹിക്കതന്നെ.. ""

അവളെന്നെ ഇടം കണ്ണിട്ട് നോക്കി അത് മുഴുവപ്പിച്ചതും ഞാൻ ചിരിച്ചു പോയി അതവൾ കണ്ടെന്നു മനസിലാക്കാൻ എനിക്കെധിക നേരമൊന്നും വേണ്ടി വന്നില്ല.

""നിനക്ക് കുറച്ചു കുടന്നുണ്ട് പെണ്ണെ... "" പിച്ച് കിട്ടിയ വയറും തടവി ഞാൻ ഒന്നിരുന്നു പോയി, ഹോ..

"" ഓ പിന്നേ... "" അവളത് പുച്ഛിച്ചു തള്ളി..,

"" ദേ ഒറ്റ വീക് വച്ചങ്ങ് തന്നാലുണ്ടല്ലോ... ""

പറഞ്ഞ് ഞാൻ മുന്നോട്ടേക്ക് നടന്നതും, എതിരെ വന്നൊരു സിസ്റ്ററെ ഞാൻ ഇടിച്ചതും നിലത്തു വീണതും ഒക്കെ ഒരൊറ്റ സെക്കന്റ് ൽ..

"" എവിടെ നോക്കിയാടോ നടക്കണേ... "" ബോധം വീണതും അവര് നിന്ന് ചീറി.. അത് കണ്ട് ആമി ചിരി കടിച്ചു പിടിച്ച് ന്നേ വലിച്ചു പൊക്കാൻ നോക്കി..

"" അവിടെ ആകെ ചോര ആക്കി.. തനിക്ക് കാണ്മില്ലേ.. ""

"" ഇത് പണ്ടേ പൊട്ടകണ്ണനാ സിസ്റ്ററെ... "" അവളത് പറഞ്ഞ് അവർക്ക് നിലത്തു കിടന്ന ബോക്സ് എടുത്ത് കൊടുത്ത്.. ഞാൻ ആമിയെ നോക്കി പല്ല് കടിച് അവരോട് ഒരു സോറി പറഞ്ഞു, ന്റെ മുഖത്തെ ദയനീയത കണ്ടാകണം അവര് അമർത്തി ഒന്ന് മൂളി, പിന്നെ ക്ലീനിങ് ചെയുന്ന ചേച്ചിയെ വിളിച്ചത്.. അവര് സാംബിൾസ് കോണ്ട് പോകുവായിരുന്നു.. അപ്പോളാ ഞാൻ..ശേ... അതുമല്ല ഞാൻ ഇട്ട ഷർട്ട് എല്ലാം ചോര.. പോരാഞ്ഞതിനു അവരുടെ കൈയിൽ ഉണ്ടായിരുന്ന ഇരുമ്പ് പെട്ടി യുടെ സൈഡ് കോണ്ട് ഷർട്ട് ഫുൾ ആയി കീറി,, മൈര്.. അവര് പോയതും അർത്ത് ചിരിക്കുന്ന ആമിയെ ഞാൻ ഒന്ന് കണ്ണുരുട്ടി പേടിപ്പിച്ചു ഞാൻ പുതുതായി വാങ്ങിയ ബനിയൻ ഫിറ്റ് ഷർട്ട് വിഷമത്തോടെ ഞാൻ അവിടെ നിന്നുമൂരി,

www.kkstories.com

"" നിങ്ങള് ഈ ഷർട്ടും ഊരി ഫാഷൻ ഷോക്ക് പോവണ്ണോ.. ""

ഷർട്ട് എടുത്ത് ദേഹത്തുള്ള ബാക്കി ചോര കൂടെ തുടച്ചു, അപ്പോൾ അവൾ അത് ന്റെ കൈയിൽ നിന്നും വാങ്ങി ബാക്കി തുടച്ചു, മുഖം എല്ലാം തുടച്ചു വൃത്തിയാക്കി,

"" ഇയാൾക്കിതെന്ന പറ്റി.. "" ഗായത്രി യെ നോക്കിയ ആ ഡോക്ടർ ആണ്, നടന്നത് പറഞ്ഞതും, അയാളും കൂടെ വന്ന രണ്ടു കൊച്ച് സിസ്റ്റർ പിള്ളാരും ചിരിച്ചു, പിന്നെ അവരുടെ രണ്ടാളുടേം കണ്ണുകൾ വടിച്ചു വൃത്തിയാക്കിയ ന്റെ വിരിഞ്ഞ നെഞ്ചിലേക്കും ശരീരത്തിലേക്കും ആണെന്ന് അറിയാൻ ഞാൻ കുറച്ച് വയ്കി പോയി, ഇടക്കിടെ നീളുന്ന ആ കണ്ണുകൾ ന്റെ ദേഹത്തൂടെ ഓടി നടന്നു അപ്പോളും ഞാനും ആമിയും ആ ഡോക്ടറുഡ് സംസാരിക്കുക ആയിരുന്നു, അവസാനം പോയി ഫ്രഷ് ആക് ന്ന് പറഞ്ഞാ ഡോക്ടർ നടന്നു പോയി, കൂടെ അവരും,

"" ഒറ്റ ഒരണത്തിന്റേം നോട്ടം ശെരിയല്ല.. ഇതുങ്ങള് ആണുങ്ങളെ കണ്ടിട്ടില്ലേ.. നിക്ക് അങ്ങ് ചൊറിഞ്ഞു വന്നതാ.. പിന്നിതൊരു ആശുപത്രി ആയത് കോണ്ട്. ""

അവളൊന്ന് നിർത്തി പിന്നെ ഒന്നും മിണ്ടില്ല ഞാനും ..

ഞങ്ങൾ നേരെ റൂമിലേക്ക് കയറി, ന്നേ അങ്ങനെ കണ്ടോന്ന് ഞെട്ടിയ ഗായത്രി യെ കണ്ടപ്പോ അവളുടെ ചോദ്യം.,

"" ഇയ്യോ ദേഹത്ത് മുഴുവൻ ചോര ആണെല്ലോ ന്നാ ആമി പറ്റിയെ.""

ആമി നടന്നത് പറഞ്ഞതും അവിടെ ഒരു കൂട്ട ചിരി, സ്നേഹ ഇടക്ക് ന്റെ ശരീരത്തിലേക്ക് നോക്കുന്നത് ഞാൻ കണ്ടെങ്കിലും,ഞാൻ അത് കണ്ടില്ലെന്ന് നടിച്ചു, ജിമ്മിൽ പോയി ഉണ്ടാക്കിയ ശരീരം ആയത് കോണ്ട് മസിലുകൾ ഓരോന്നും എടുത്ത് കാട്ടാൻ പോകുന്ന എണ്ണമായിരുന്നു, ഒതുങ്ങിയ ഒരു ബോഡി ഷേപ്പ് ആയിരുന്നു ന്റെ ന്റെ വണ്ണത്തിന് പറ്റിയ ഷേപ്പ്, ഉദാഹരണം പറയുവാണെകിൽ നമ്മടെ ടൈഗർ ഷുർഫ് ഇല്ലേ പുള്ളിടെ ബോഡി പോലെ ഒതുങ്ങിയത് ആ വണ്ണമേ എനിക്കും ഉള്ളൂ..

"" ആഹ് മതി..മതി.. ശരവഞ്ചരത്തിലെ ജയൻ കളിച്ചത്.. പ്പോയി കുളിച്ചു വാ... ""

"" അതിന് ഉടുത്തു മാറാൻ ഒന്നുല്ല ന്റെൽ ആകെ യുള്ളത് ആ മുഷിഞ്ഞ തുണിയാ.. ""

ഞാൻ ന്റെ അവസ്ഥ പറഞ്ഞതും, മുന്നെ ഇട്ടിരുന്ന ആ ഡ്രസ്സ് ആകെ മുഷിഞ്ഞതാണെന്നും ഞാൻ ഓർത്തു.

"" ഞാൻ വേണേൽ വാങ്ങി വരാം..! സൈസ് പറഞ്ഞാ മതി... "" ന്ന് സ്നേഹ പറഞ്ഞപ്പോ ആമി അളവ് പറഞ്ഞു കൊടുത്തു.അവളും വരാമെന്ന് പറഞ്ഞപ്പോ വേണ്ടന്ന് പറഞ്ഞ് അത് ഒരു ചിരിയിൽ നിരസ്കരിച്ചു.,

www.kkstories.com

ഞാൻ കുളിക്കാൻ അകത്തേക്ക് കയറി, കുളിച്ചു കഴിയാറായതും ഡോറിൽ ഒരു മുട്ട് കേട്ട് ആമി ആയിരുന്നു ഡ്രസ്സ് ന്റെൽ തന്നു വേഗന്ന് വരാൻ പറഞ്ഞവൾ പോയി . വിശക്കുണ്ടാവും പാവം..തിരിച്ചു ഇറങ്ങുമ്പോൾ ഞാൻ തന്നെ ഞെട്ടിപ്പോയി, അത്രേ കറക്റ്റ്,! ഒരു വൈറ്റ് ഷർട്ട് യും മുട്ടിന്റെ അത്ര നീളമുള്ള ഒരു ഹാഫ് ജിൻസ് ഉം.. മുടിയും ചീകി ഞാൻ വെളിയിൽ ഇറങ്ങി..

"" ഇത് കൊള്ളാട്ടോ.. അസ്സലായി.. "" ന്ന് സ്നേഹയുടെ കമന്ററി അതിന് ബാക്കിയെല്ലാരും ശരി വച്ചതും ഞങ്ങൾ കഴിക്കാൻ ഇരുന്നു,സ്നേഹ വഴിയിൽ നിന്ന് കഴിച്ചെന്നു പറഞ്ഞു . ഞങ്ങൾ കഴിക്കാൻ തുടങ്ങി, പതിവ് പോലെ ആമിയുടെ പത്രത്തിലെ തീർന്നതും ന്റെ അവൾ കൈക്കലക്കി.. അതെല്ലാം ഗായത്രി യും സ്നേഹംയും അത്ഭുതത്തോടെ നോക്കി നില്കുന്നത് ഞാൻ കണ്ടിരുന്നു.

പിന്നെ ഫുഡ് കഴിച്ചു ഓരോന്ന് പറഞ്ഞു സമയം അങ്ങ് പോയി, ഞാൻ വെളിയിലെ കസേരയിൽ ഇരുന്നു ഉറക്കം പിടിച്ചപ്പോ ഗായത്രിയെ കിടത്തിയ റൂമിൽ രണ്ട് ഡെക് ഉണ്ടായിരുന്നത് കോണ്ട് ആമി അതിൽ കിടന്നു, സ്നേഹ എവിടെ കിടന്നെന്ന് നമ്മളെ ബാധിക്കുന്ന കാര്യമല്ലാത്തത് കോണ്ട് അധികം ശ്രദ്ധിക്കാനോ ചോദിക്കാനോ പോയില്ലാ.

ന്നാൽ അവൾക്ക് ന്നേ നന്നായി പിടിച്ച്.. നിക്കും നല്ലൊരു ഫ്രണ്ട് ആയി മാറിയിരുന്നു ഞങ്ങൾ.

××××××××××××××

എട്ട് മാസങ്ങൾക്ക് ശേഷമോരു ഞാറാഴ്ചയുടെ പകൽ,

അന്ന് രണ്ടാളക്കും പണി ഒന്നുമില്ലാത്തത് കോണ്ട് വീട്ടിൽ തന്നെ കൂടി, അന്ന് പിന്നെ കളിയും ചിരിയും ആയി. ഉച്ചക്കത്തേകിനുള്ള പ്രീപ്രക്ഷനിലാണ് ഞാൻ, കൂടെ ന്റെ അടുത്ത് സ്ലാബിൽ കേറി ഇരുന്ന്

പച്ച പാലിൽ അല്പം വെണ്ണ ഒഴിച്ച് നന്നായി കുറുക്കി അതിൽ രണ്ട് പൂവൻ പഴവും ആപ്പിളും പച്ച മുന്തിരിയും മാതള നാരങ്ങ അല്ലിയും മിട്ട് ചെറുതായി മിക്സ് ചെയ്ത് അതിൽ വാനില ഐസ്ക്രീം ഉം പകർന്ന ആ ബൗളിനു മുകളിൽ അല്പം ഉണക്ക മുന്തിരിയും കുങ്കുമപൂവും ബദാമും ഇട്ട സ്പെഷ്യൽ ഐറ്റം കഴിച്ചുകൊണ്ട് താളത്തിൽ കാലുകൾ ആട്ടി എന്നോട് കോളേജിലെ ഓരോ കാര്യങ്ങളും വള്ളി പുള്ളി തെറ്റാതെ പറഞ്ഞ് കേൾപ്പിക്കുക ആണ്.. അല്ലാതെ പെണ്ണിന് ഉറക്കം വരില്ല..

"" ന്നിട്ട് നീ എന്നാ പറഞ്ഞെ... "".

www.kkstories.com

സാമ്പാറിനുള്ള കഷ്ണങ്ങൾ ചെറുതായി ശെരിയാകുന്ന ഞാൻ ഒരുവേള അവളോടത് ചോദിച്ച്,

'" ഞാൻ ന്തോ പറയാൻ.., നേരിട്ട് അവളോട് തന്നെ ചോദിക്കാൻ പറഞ്ഞ്... ""

അവളുടെ കൂടെ പഠിക്കുന്ന ഏതോ ഒരുത്തന് അവളുടെ കൂടെ തന്നെ പഠിക്കുന്ന അവളുടെ കൂട്ടുകാരിയെ ഇഷ്ടം ആണ് അത് ഇവള് പറഞ്ഞു ശെരിയാക്കി കൊടുക്കണം..

" മ്മ്മ് "" ഞനൊന്ന് അമർത്തി മൂളി, അവൾ വീണ്ടും ഒരു സ്പൂൺ വായിലാക്കി, ചെറുതായി നീങ്ങി നീങ്ങി അടുത്തേക്കെത്തി.

"" കഴിഞ്ഞോ അത്... ""

ന്റെ പുറത്തേക്ക് അവളുടെ നീളൻ വിരലുകളിൽ അവൾ വളർത്തിയ നഖം കോണ്ട് പോറി വിളിച്ചപ്പോ ഞാൻ അവളുടെ പ്ലേറ്റിലേക്ക് നോക്കി ചോദിച്ചു, ഉടനെ ചിണുങ്ങിക്കൊണ്ടവൾ ന്റെ മുതുകിൽ മുഖം ഒളിപ്പിച്ചു

"" ന്തോ ഉണ്ടല്ലോടി കള്ളിപ്പെണ്ണേ.. ! മ്മ് ന്താ കാര്യം...?? ""

ന്നോട് ന്തെങ്കിലും പറയാനോ ല്ലെങ്കിൽ ന്തെങ്കിലും കാര്യസാധ്യത്തിനായി അവൾ കണ്ടെത്തുന്ന പരുപാടി ആയതിനാൽ എനിക്കത് ചോദിക്കാൻ രണ്ടാമത് ഒന്ന് ചിന്തിക്കണ്ട കാര്യമില്ല..

"" അല്ല അവര് ഇല്ലേ... "" അവളെന്റെ ഷർട്ടിൽ എന്തൊക്കെയോ ആ വിരലുകൾ കോണ്ട് കാട്ടി

"" ആര്...?""

"" ഹാ ന്റെ ഫ്രണ്ട്സില്ലേ... അവര്...!""

"" ഓ അവര്...!! ആഹ്ഹ് അവരുണ്ട്.. ""

"" അവര് പറയാ.....'

ആല്ലേൽ വേണ്ടെനിക് നാണാ... ""

പെട്ടെന്ന് ന്നേ തിരിച്ചു നിർത്തി അവളെന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി, ഞാൻ കൈയിലെ കത്തി മാറ്റി വച് അവളെ ന്റെ നെഞ്ചിൽ നിന്നും അടർത്തി, മുഖത്തേക്ക് നോക്കണ്ട താമസം ആ കവിളുകൾ ചുവന്നു തുടുത്തു.നാണമാ മുഖത്തേക്ക് ഇരച്ചു കേറുന്നതായി തോന്നി ഞനൊരു കള്ള ചിരിയോടെ അവളെ നോക്കി.

'" നാണിക്കാതെ പറയെന്റെ പെണ്ണെ...!!""

"" ഒന്നുല്ലന്നെ... "" അവളെന്നിൽ നിന്നും കുതറി വീണ്ടും നെഞ്ചിൽ മുഖം പൂഴ്ത്തി.

"" അഹ് ഒന്നൂല്ലെങ്കിൽ പോ... പോയി പണി നോക്ക്.. ""

നിക്ക് നല്ലപോലെ ദെഷ്യം വന്നു, ഞാൻ അവളെ തള്ളി നീക്കി അവളുടെ സൈഡിൽ ഉണ്ടായിരുന്ന ബൗളിൽ ഉണ്ടായിരുന്ന ആ മിക്സഡ് ഐസ്ക്രീം എടുത്ത് അവളുടെ വായിൽ കുത്തി കെറ്റി.

"" ന്നാ പോ.. ഇനി ഓരോന്ന് പറഞ്ഞെന്റെടുക്കലും വന്നോകരുത്... ""

അവളാ സ്പൂൺ വായിൽ നിന്നും എടുത്ത് ന്നേ നോക്കി കൊഞ്ഞനം കുത്തി തിരിഞ്ഞു നിന്നു,

"" അല്ലേലാര് വരാണ്.. "" ന്ന് പറഞ്ഞു ഞാൻ അവളുടെ ചന്തിയിൽ ഒന്ന് പൊട്ടിച്ച്, ന്നിട്ട് ഒന്നുമറിയാത്തവനെ പോലെ ഞാൻ വീണ്ടും പണി തുടർന്ന്, ഒന്ന് ഞെട്ടിയ അവൾ ന്റെ നേരെ കണ്ണ് കൂർപ്പിച്ചു

"" ഡോ...!! താൻ ന്തിനാടോ ന്റെ ചന്തിയിൽ അടിച്ചേ... "" തിരിച്ചു ന്റെ പുറത്തൊന്നു ഇടിച്ചായിരുന്നു അവളുടെ മറുപടി

"" ഞനോ....! ചന്തിയിലോ...??? ദേ...അനാവശ്യം പറയരുത്...!!""

"" അനാവശ്യവോ...!! നീ പിടിച്ചില്ലെടാ ന്റെ ചന്തിമ്മേൽ... "" അവളൊരു തേല്ലിന് അടങ്ങുന്നില്ല

"" അഹ് പിടിച്ച്... ന്റെ മുന്നിൽ ചന്തി മ്...മോലേം കാട്ടി നടന്നാ ഞാൻ ദേ... ചിലപ്പോ പിടിച്ചെന്ന് വരും... ""

പറയുന്നതിനൊപ്പം ഞാനവളുടെ ഇരു മാറിലും ഹോൺ അടിക്കുന്ന പോലെ ഒന്ന് ഞെക്കി വിട്ടു, ഉടനെ അവളെന്റെ കൈയിൽ തല്ലി..

"" നീ ന്റെ അമ്മിഞ്ഞേൽ പിടിക്കുവോടാ... നിന്നെ ഇന്ന് ഞാൻ... ""

അവളത് പറഞ്ഞു സ്ലാബിൽ നിന്ന് ഇറങ്ങുമ്പോൾ മിഥുനം സിനിമയിൽ തേങ്ങ ഉടക്കുന്ന സീനിൽ ഇന്നസെന്റ് ഏട്ടൻ നിൽക്കുന്ന പോലെ ഒറ്റ നിൽപ്പ്.. ന്നാ ഒന്ന് കാണണമല്ലോ ന്നാ മട്ടിൽ..

www.kkstories.com

അടുത്ത് വന്നവളെന്റെ ടി ഷർട്ട് അഴിച്ചെടുത്തു. ഇവളിതെന്താ ചെയ്യുന്നേ ന്നാ രീതിയിൽ നോക്കി നിൽക്കേ അവളെന്നെ അവളുടെ അയഞ്ഞ പിങ്ക് ടി ഷർട്ടിനുള്ളിൽ കയറ്റി, ഞങ്ങളുടെ രണ്ടാളുടേം ശരീരം ഒരൊറ്റ ചൂടിൽ അലിഞ്ഞു ചേർന്ന്.., ഞാൻ അങ്ങനെ നിന്നെന്റെ ബാക്കി പണി കൂടെ ചെയ്ത് അപ്പോളെല്ലാം അവളെന്റെ ശരീരത്തിലെ വിയർപ്പിന്റെ മണം ആസ്വദിക്കുകയായിരുന്നു. ന്നിട്ട് ന്റെ നെഞ്ചിൽ തല വച്ച് ഹൃദയതാളം കേട്ട് നിൽപ്പായി പിന്നീട്

"" ന്റെ ഏറ്റവും വലിയ ആഗ്രഹം ന്താന്ന് അറിയുവോ വാവാച്ചി ക്ക്... ""

ന്റെ നെഞ്ചിൽ അള്ളിപിടിച്ചു നിക്കണ പെണ്ണിനെ ഒന്ന് നോക്കി അറിയാമെന്നു തല കുലുക്കുന്ന കൂട്ടത്തിൽ ഞനൊന്ന് മൂളി,

"" അഹ്... ന്നാ പറ ന്താന്ന്... നോക്കട്ടെ ന്റെ ചെക്കന്റെ മിടുക്ക്.. ""

അവളിന്ന് ഈ നിമിഷത്തിൽ അല്ല ഈ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും ഒന്നാണ്,

"" ന്റെ പെണ്ണെ നിനക്ക് ന്നുമീ നെഞ്ചിൽ കിടന്ന് ന്റെ നെഞ്ചിലെ ചൂടും താളവും അറിഞ്ഞങ്ങനെ പോണോന്നല്ലേ... ""

അവളൊന്ന് അത്ഭുതത്തോടെ ഞെട്ടി ന്നേ നോക്കി, ഞാൻ തിരിച്ചു അവളുടെ കണ്ണിലും.. നോട്ടം നേരിടാതെ അവളെന്റെ താടിയിൽ പിടിച്ചുന്തി

"" അങ്ങനെ നോക്കല്ലേ വാവേ... നിക്ക് ന്തോ പോലെയാ .. "" അവള് കൊഞ്ചി ന്നോട് കുറച്ചൂടെ ചേർന്ന് നിന്ന്. ന്നാൽ അങ്ങനെ നിന്നാൽ രണ്ടാളും പട്ടിണിയാകും ന്നറിയാവുന്നത് കൊണ്ട്

"" നീ ഇറങ്ങിക്കെ... "" ഇല്ലെന്നവൾ പറഞ്ഞ് ന്നേ വട്ടം പിടിച്ച്,

"" ന്നാ അടങ്ങി നിന്നോണം കേട്ടല്ലോ.. ഇല്ലെലേ ന്റെ കൊച്ചിവിടെ പട്ടിണിയാകും. ""

ഞാൻ അവളുടെ നഗ്നമായ ഉന്തിയ വയറിൽ ഒന്ന് ഊഴിഞ്ഞു, അവളുടനെ ചിണുങ്ങി ന്റെ കഴുത്തിൽ ചുണ്ടുകൾ ചേർത്തങ്ങനെ നിന്നു, അവളേം നെഞ്ചിലേറ്റി ഞാൻ ന്റെ പണികൾ ല്ലാം ഒന്നോതുക്കി,

നല്ല കുത്തരി ചോറും, സാമ്പാറും പയറു മെഴുക്കുപുരട്ടിയും, കിച്ചടിയും പിന്നൊരു സമ്മന്തിയും, ചെറിയൊരു ഊണിനുള്ളത് സെറ്റ് ആക്കി അവളേം കോണ്ട് ഞാൻ മുന്നോട്ട് ആഞ്ഞു.

ന്റെ കൈലില് മുകളിൽ അവളുടെ കാലുകൾ ചേർത്ത്, ആ വിടർന്ന അരക്കെട്ടിലൂടെ വട്ടമ്പിടിച്ചു കുഞ്ഞി പിള്ളേരെ നടത്താൻ പഠിപ്പിക്കുന്ന പോലെ ഞനവളേം കോണ്ട് മുന്നോട്ടേക്ക് നടന്നു, റൂമിലെത്തിയതും ഞാൻ ആ ഡോർ ചാരി കട്ടിലിൽ അവളേം കിടത്തി, ആ ചൂടിൽ നിന്നും അല്പനേരത്തേക്കിന് ഞനൊന്ന് മോചിതനായി, അവളുടെ ടി ഷർട്ട് അഴിച്ചു മാറ്റി, റോസ് നിറത്തിലുള്ള ബ്രയിൽ മാത്രം അവളുടെ ഭംഗി എടുത്ത് നില്കുന്നതായി തോന്നുന്നു,

ഞാൻ അവളുടെ ഉന്തി നിൽക്കുന്ന വയറിൽ പതിയെ മുത്തി, ആ വയറകെ ന്റെ ചുണ്ടുകൾ ഓടി നടന്നു. ആ സമയമെല്ലാം അവളുടെ മുത്തുപോഴിക്കുന്ന ചിരി അവിടെയെല്ലാം നിറഞ്ഞു നിന്നു.

"" അപ്പേട മുത്ത് കേൾക്കാണുണ്ടോ അപ്പ പറയണത്.. ""

ഞാൻ അവളുടെ വയറിൽ ചെവി വെച്ചെങ്ങനെ കിടന്നതും അവിടെ ഒരനക്കം, അവളെന്റെ തലയിൽ വിരലുകൾ കോർത്തങ്ങനെ ന്റെ ഓരോ നീക്കവും ഒരു ചെറു ചിരിയിൽ നോക്കി കണ്ടു.

"" അമ്മേനെ ഒരുപാടൊന്നും നോവികല്ല് കേട്ടോ.. പൈയ്യേ ഇതീന്ന് വരവുള്ളു..അമ്മ പാവല്ലേ... കേൾക്കാണുണ്ടോ നിയ്യ്.. ""

"" മ്മ്.. അതൊക്കെ ന്റെ കുഞ്ഞ് കേട്ടോളും.. നിങ്ങളിങ്ങ് വന്നെടോ കെട്ടിയോനെ... ""

അവളെന്റെ മുടിയിൽ പിടിച്ച് തന്നെ മുകളിലേക്ക് ഉയർത്തി. ന്റെ കണ്ണുകിലേക്ക് അവളുടെ കണ്ണുകൾ കോണ്ട് വന്ന് കൺ പീലികൾ തമ്മിൽ മുട്ടിച്ചനക്കി, ഞാൻ അവളുടെ പവിഴ ചുണ്ടുകൾ വായിലാക്കി നുണഞ്ഞിരുന്നു, ന്നും ആ ചുംബനത്തിൽ നിക്ക് പുതുമ നൽകിയിരുന്നു, അതെന്റെ പെണ്ണിനോടുള്ള സ്നേഹമാകാം അല്ലങ്കിൽ അവളുടെ ഉള്ളിൽ എനിക്കായി മാത്രം അവൾ കാത്തു സൂക്ഷിച്ച അടങ്ങാനാവാത്ത അല്ലെങ്കിൽ ഒരിക്കലും തീരാത്ത പ്രണയമാകാം.

"" ദേ ആ ബ്രാ ക്കെ നനഞ്ഞു ചീത്തയായി... "".

ഞാൻ അവളുടെ ഉയർന്നു തഴുന്ന മാറിടങ്ങളിൽ അമർത്തി ഉടച്ചതു പറഞ്ഞതും ആ ബ്രയിൽ ചെറിയ നവവ് വീണ്ടും വന്നെത്തി, ഞാൻ തന്നെ അത് മാറ്റി കൊടുക്കണ്ട വന്നു.. അല്ലേലും പെണ്ണിന് ഇപ്പൊ എല്ലാ കാര്യവും ഞാൻ തന്നെ ചെയ്ത് കൊടുക്കണം, തലയിൽ എണ്ണ തേപ്പിച്ചു കുളിപ്പിക്കണം, വാരി കൊടുക്കണം, കഥകൾ പറഞ്ഞ് കൊടുക്കണം, നിക്ക് ആണെകിൽ പണ്ട് കാട്ടിൽ പ്പോയി ദോശ ഉണ്ടാക്കി കൊടുത്ത അപ്പൂപ്പന്റെയും അമ്മുമ്മയുടേം കഥ മാത്രേ അറിയൂ താനും.. എല്ലാം പോട്ടെ അവളുടെ മെൻസസിന്റെ പാട് വരെ ഞാൻ മാറ്റി കൊടുത്താലേ പെണ്ണിന് ഇപ്പോ തൃപ്തി വരു.

"" വിശക്കുന്നില്ലേ പെണ്ണെ, കഴിക്കണ്ടേ വല്ലതും.. ""

അവളുടെ തലയിൽ തലോടിയ കൈകൾ പതിയെ ഞാൻ ആ തുടുത്ത കവിളുകളിൽ ചേർത്തു വച്ചു. ന്നാൽ അതവൾ കെട്ടില്ലെന്ന് നിക്ക് മനസിലായി ന്റെ സ്നേഹത്തിൽ മനസ്സറിഞ്ഞു കിടക്കയാണ് പെണ്ണ്..

"" പെണ്ണെ..... ""

അവളൊരു ഞരുക്കത്തോടെ കണ്ണോന്ന് മിന്നിതുറന്നു.

"" ന്റെ ചെക്കാ ന്നേ അങ്ങ് കടിച് കൊല്ലുവോ നിയ്യ്...! "'

"" വൈ നോട്ട്.... "" ഞാനവളുടെ കവിളിൽ ആഞ്ഞൊരു കടി കൊടുത്ത്,

"" പട്ടി.... പറഞ്ഞാ ഉടനെ ഇങ്ങനാ കടിക്കാ... ദുഷ്ടൻ...!!""

ഞാൻ ന്താടി ന്ന് കണ്ണ് കാണിച്ചതും അവളെന്റെ തോളിൽ പല്ലുകൾ ആഴ്ത്തി, വേദനിച്ചെങ്കിലും ആ വേദനക്ക് ഒരു സുഖമുണ്ട്, അതെ അതാണെന്റെ പെണ്ണിനോട് എനിക്കുള്ള സ്നേഹം, ഒരു കരടിന്റെ പോലും കളങ്കമില്ലാത്ത സ്നേഹം...!

മാഗി അവളുടെ അപ്പനെ കാണാൻ കോട്ടയത്തിന് പോയി, വിഷ്ണു അവന്റെ വീട്ടിലും പിന്നെ ഫ്ലാറ്റിൽ ഞാനും ന്റെ പെണ്ണും, അടുത്തുള്ള ഫ്ലാറ്റിലെ പെണ്ണുങ്ങളോട് പഞ്ചാര അടിയാണെന്ന് പറഞ്ഞെന്നും അവളുടെ കൈയിൽ നിന്ന് ഇടക്ക് കണക്കിന് കിട്ടും,

അങ്ങനെ മാസങ്ങൾ കഴിഞ്ഞത് അറിഞ്ഞേ യില്ല.. അല്ലെകിലും ഒന്നും ആർക്കുമെണ്ടി കാത്തിരിക്കില്ലല്ലോ,

അവളുടെ കോളേജിൽ പോയി അവളുടെ ലീവിന്റെ കാര്യങ്ങൾ ശെരിയാക്കി, ന്നാൽ നിക്ക് ഒരു മന്ത് കഴിഞ്ഞേ ലീവ് കിട്ടു., ഗായത്രി ഇടക്കെല്ലാം അവളെ വിളിച്ചു ഓരോ സുഖവിവരം തിരക്കുണ്ടായിരുന്നു, സ്നേഹ അപ്പോളും നീക്കൊരു നല്ല ഫ്രണ്ട് ആയിരുന്നു. വീട്ടിൽ നിന്ന് ഏട്ടത്തി എപ്പോളും വിളിക്കും ഏട്ടത്തി ഇപ്പൊ മൂന്നു മാസം ഗർഭിണിയാണ്,,

അതെ അച്ഛന് പുറമെ ഞനൊരു കൊച്ചച്ചൻ ആകാൻ പോകുന്ന്.. എല്ലാരും വളരെ സന്തോഷത്തിലാണ് ഏതായാലും ന്റെ ഉപദേശം ഏറ്റിട്ടുണ്ട്.. അമ്മയും അച്ഛനും ഇടക്ക് വരും, ഇവളെ നോക്കാൻ വരാൻ ഇരുന്ന അമ്മയെ അവിടെ ഏട്ടത്തിയുടെ കാര്യം നോക്കിയാ മതി ന്റെ ലക്ഷ്മിയമ്മ ന്ന് പറഞ്ഞു തിരുത്തിയത് അവളാണ് ആമി, അവൾക്കിവിടെ ഞാനുണ്ട് ന്ന്.. ന്നാലും അവൾ ഈ സമയത്ത് അവിടെ വേണം ന്നുള്ളത് കോണ്ട് ഞാൻ ആംബുലൻസിൽ അവളെ വീട്ടിൽ എത്തിച്ചു, അവളുടെ വീട്ടിൽ വിടാൻ നിന്നതും. നിക്ക് ന്റെ ലക്ഷ്മിയമ്മേന്റെ അടുത്ത് പോയാ മതിയെന്ന പെണ്ണ് വാശി പിടിച്ചേ, അത് കണ്ടമ്മ കണ്ണിൽ വെള്ളം നിറക്കുമ്പോൾ ചേർത്തു പിടിച്ച നെറുകിൽ മുത്തി സന്തോഷം അറിയിച്ചു, തന്റെ രണ്ട് മരുമക്കളും അമ്മയാകാൻ പോകുന്നതിന്റെ ത്രില്ലിൽ ആണ് തള്ള.. അച്ഛനും മോശമൊന്നുമല്ല.. കൊച്ചിന് വേണ്ട തൊട്ടില് വരെ ശെരിയാക്കിനാ അമ്മ വിളിച്ചപ്പോ പറഞ്ഞെ.

www.kkstories.com

വീട്ടിൽ വണ്ടി നിർത്തി ഇറങ്ങിയതും പെണ്ണ് എല്ലാരേം നോക്കി ഒന്ന് ചിരിച്ചു ചുറ്റും നോക്കി, അന്ന് പോയതിൽ പിന്നേ ഇങ്ങോട്ടേക്കു വന്നിട്ടില്ല, ന്റെ തിരക്കും അവളുടെ പഠിപ്പും അങ്ങനെ പല തിരക്കുകളിൽ പെട്ട് പോയി.

പിന്നെഅവിടൊരു സ്നേഹ പ്രകടന മായിരുന്നു, അന്ന് അവളുടെ വീട്ടുകാരും അവിടെ ഉണ്ടായിരുന്നു, അവർക്കും അവളിവിടെ നിൽക്കുന്നതിൽ ബുദ്ധിമുട്ടൊന്നും കാണിച്ചില്ല.അവളുടെ സന്തോഷം ആണ് അവർക്കും വലുത്.

"" എങ്ങനെ ഇരുന്ന പെണ്ണാ ഇപ്പൊ ഗുണ്ട് മണിപോലായി.. ല്ലെ മ്മേ.. ""

അവളെ കണ്ടതും ഏട്ടത്തിയുടെ വക

"" പിന്നേ.... കളിയാക്കാതെ പോ ഏട്ടത്തി... ""

അവൾ അമ്മയുടെ കൈയിൽ തൂങ്ങി ആ വലിയ വയറുമായി അകത്തേക്ക് കയറി,

"" ഷീണം ഉണ്ടോ പെണ്ണെ നിനക്ക്...!!"" അമ്മ അവളെ സോഫയിലേക്ക് ഇരുത്തികൊണ്ട് ചോദിച്ച്, ആ സമയം ഞാൻ ബാഗും ആയി അകത്തേക്ക് കയറിയിരുന്നു,

"" ഇടക്ക് ഇണ്ടമ്മേ... ഛർദി യാ സഹിക്കാൻ വയ്യാത്തെ.. രാത്രി ഒന്നും ഉറക്കാൻ സമ്മതിക്കില്ല..""

അവളാ സോഫയിൽ കുറച്ചൂടെ കംഫർട് ആയിട്ടിരുന്നുകൊണ്ട് പറഞ്ഞ്..

"" അതെ മനുഷ്യൻ ഒന്നോറങ്ങിട്ട് കാലം കുറെ ആയെ... കണ്ണൊന്നടഞ്ഞു വരുമ്പോ ഇവിടെ ഒരാള് ബാത്റൂമിലക്കോടും.. ""

ഞാൻ അവൾക്ഭിമുഖമായുള്ള കസേരയിൽ ഇരുന്നൊന്ന് മൂരി നിവർന്നു,

"" ആ കെട്ടിയോമ്മാരായാ അങ്ങനാ.., അല്ലാണ്ട് നീ ന്നാ കരുതിയെ.. ""

അമ്മ അടുക്കളയിലേക്ക് നടക്കുന്ന കുട്ടത്തിൽ പറഞ്ഞതിന് ഞാൻ തിരിച്ചു നന്നായി തന്നെ തളർത്തി വിട്ടു, ഉടനെ ആമി ന്നേ നോക്കി കളിയാക്കി ചിരിച്ചു,

"" നീ ചിരിക്കണ്ട ഞാനേ നാളെയങ്ങ് പോകും, പിന്നെ നീ ഇത് തന്നെ പറയണം, രാത്രി അത് വേണം ഇത് വേണമെന്നൊക്കെ പറഞ്ഞാൽ ആര് പോകും... ""

പെട്ടെന്ന് അവളുടെ മുഖം മാറി, ഞാൻ പോകുന്ന കാര്യം അവളോട് പറഞ്ഞിട്ടിലായിരുന്നു അതിന്റെ ആകാം ഒരു ഞെട്ടൻ

www.kkstories.com

"" എവിടെ പോവാന്ന്.. എങ്ങും പോണില്ല..!!

അയ്യാ പോവേ എങ്ങട്.. ""

"" അവൻ നാളെ പോവ ടി... അവന് അടുത്ത മാസെ ലീവുള്ളൂ.. ""

ഏട്ടത്തി നിക്കുള്ള ചായയുമായി വന്നു കൊണ്ട് അവളോട് പറഞ്ഞത് മാത്രം ഓർമ്മയുണ്ട്, പെണ്ണ് പിന്നൊരു ബഹളമായിരുന്നു, വിടില്ലായിരുന്നു പെണ്ണ്..

"" ന്റെ പെണ്ണിന് കാണണമെന്ന് തോന്നുമ്പോ പറന്നെത്തില്ലേ ഞാൻ... "" ഞാൻ അവളെ അനുനയിപ്പിക്കാനായി ശ്രമിക്കുന്നതിനിടയിൽ അവളോട് പറഞ്ഞ്,ന്നിട്ടും വിടില്ലെന്ന മട്ടിൽ നിക്കായ്യാണ് അവൾ,

"" അവൻ പോയിട്ട് വേഗന്ന് വരില്ലേ ആമി..

ടാ പെട്ടെന്ന് വരണട്ടോ... മോളിവിടെ ഒറ്റക്കാ.. ""

അമ്മ അവളെ സമദനിപ്പിക്കാൻ ന്നോണം പറഞ്ഞെന്റെ നേരെ കണ്ണിറുക്കി, പിന്നെയും അവരെല്ലാം ഓരോന്ന് പറഞ്ഞ് പെണ്ണിനെ സമ്മതിപ്പിച്ചു.

"" ഞാൻ വിളിച്ചാ പെട്ടെന്ന് ഇങ്ങ് എത്തിക്കോളണം കേട്ടെല്ലോ.. ""

നെഞ്ചിൽ ചാരി നിന്ന് പറഞ്ഞപ്പോ ഞാൻ എല്ലാരേം നോക്കി അവളെ ചുറ്റിപ്പിടിച്ചു

"" പിന്നല്ലേ.., ന്റെ കൊച്ച് വിളിച്ചാ ഉടനെ ഞാനിങ്ങ് പോരൂല്ലേ.., ""

അതിനവലെനിക്കൊരു ചിരി തന്നു,.. ഹൊ ആ നിറഞ്ഞു തുളുമ്പുന്ന മിഴികളിൽ പ്രണയം ചാലിച്ച ഒരു പുഞ്ചിരി, അപ്പൊ ആ നിമിഷം എനിക്കു തോന്നി അവളാണ് ഈ ലോകത്ത് വച് ഞാൻ കണ്ട ഏറ്റവും വലിയ സുന്ദരി ന്ന്., ഈ അജ്ജുവിന്റ മാത്രം സുന്ദരി... "

നമ്മളെ മനസിലാകുന്നവർ നമ്മുടെ കൂടെ കുടിയാ അതിൽ കൂടുതൽ ന്ത് വേണം ജീവിതത്തിൽ, ന്നാ നമ്മുടെ സന്തോഷം മാത്രം നോക്കുകയും ചെയ്യരുത്, നമ്മൾനമ്മുടെ സന്തോഷവും അനന്തവും കണ്ടെത്തുന്നതിനേക്കാൾ ഏറെ നമ്മുടെ പാർട്ണറുടെ സന്തോഷത്തിനു വേണ്ടി ജീവിക്കണം. അപ്പോ അവര് നമ്മക്ക് ആ ടൈം ൽ തരുന്ന ഓരോ രോ നിമിഷങ്ങൾ ഉണ്ട്, അവർക്ക് മാത്രമേ അത് നമ്മക്ക് താരനും കഴിയു,, നമ്മുടെ ജീവൻ ജീവിതമായി കഴുത്തിലണിഞ്ഞവൾക് മാത്രം തരാൻ കഴിയുന്ന നിമിഷം... അപ്പോൾ ഉണ്ടാകുന്ന ഒരു ഫീൽ ഉണ്ട്.. ന്റെ സാറെ.....!!

"" ദേ പെണ്ണെ കുറുമ്പോന്നും കട്ടരുത് കേട്ടല്ലോ .."""

www.kkstories.com

രാത്രിയിലെ അത്താഴവും കഴിച്ചു കിടക്കുമ്പോളാണ് പെണ്ണ് ചിണുങ്ങി ന്റെ നെഞ്ചിൽ സ്ഥാനം പിടിച്ചത്, നെഞ്ചിൽ തലച്ചേർത്തു ന്റെ ജീവന്റെ മിടുപ്പ് അളക്കുകയാണ് ന്റെ പൊന്ന്, അതാണ് ന്റെ പെണ്ണിന്റെ ഇഷ്ട വിനോദം,

"" കേട്ടോടി ന്റെ വാവേ.. ""

ഞാൻ അവളുടെ ചന്തിയിൽ പതിയെ ഒന്ന് തല്ലി, വേദനിച്ചില്ലകിൽ പോലും അങ്ങനെ ചെയുന്നത് പെണ്ണിന് ഇഷ്ടമായത് കൊണ്ടും വേദനിച്ചപോലെ അവളൊന്ന് എരിവ് വലിച്ചു,

"" മ്മ് കേട്ട് വാവാച്ചി..""

"" വാവാച്ചി....!" കുറച്ച് നേരം കഴിഞ്ഞ് പെണ്ണിന്റെ വിളി,

"" മ്മ്മ്.. ""

"" പോണോ!!.. എനിക്ക് വാവച്ചിയെ കാണണ്ടിരിക്കാൻ ഒക്കില്ല.. അതല്ലേ ഞാൻ പറയണേ ""

ആ സ്വരമൊന്ന് പതറി, അവൾക്കെന്നെ കാണാതെ ഇരിക്കാനോ എനിക്ക് അവളെ കാണാതെ ഇരിക്കാനോ കഴിയില്ല, പക്ഷെ അങ്ങനെ ചെയ്തല്ലേ പറ്റു..

"" കുറച്ചീസം ഒന്ന് സഹികെടാ.. ഞാൻ പോയിട്ട് വേഗന്ന് വരാന്നേ... ""

""മ്മ്മ്,, ന്നാ ഇങ്ങട് ചേർന്ന് കിടക്കെന്റെ വാവാച്ചി..!""

അവൾ കൈ എത്തിച്ചു ന്റെ കൈയിൽ പിടിച്ച് വെളിച്ചെടുപ്പിക്കാൻ ഒന്ന് നോക്കി,

"" ഓ ന്നിട്ട് വേണം നമ്മള് കെട്ടിപിടിച്ചു, കുർക്കം വലിച്ചു ന്നൊക്കെ പറഞ്ഞെന്റെ നടു ചവിട്ടി പൊളിക്കാൻ പോടീ പെണ്ണെ... ""

"" ഓ അത്രക്ക് വല്യ ഡിമാൻഡ് ആണെൽ വേണ്ടേ... അല്ലേ തന്നെ ഞാൻ ഇത് വരെ കുർക്കം വലിക്കുന്നത് ഞാൻ കെട്ടിട്ടില്ല....'"

""" അഹ് പാസ്റ്റ്.. നീ ഇങ്ങ് വന്നേ... ""

ഞാൻ അവളെ ചേർത്തുപിടിച്ചു, അവളെന്നെ കാത്തിരുന്ന പോലെ അവളുമെന്നേ വലിഞ്ഞു മുറുക്കി,

അതിവൾ ഒന്ന് മ്മൂളിയതെയുള്ളൂ. ന്നേ കെട്ടിപിടിച്ചു നെഞ്ചിൽ തല ചാരി തന്നെ ഉറങ്ങി പെണ്ണ്.. ഞാൻ അവളെ തഴുകിയും,

www.kkstories.com

പിറ്റേന്ന് രാവിലെ തന്നെ ഞാൻ യാത്രക്കായി തയാറെടുത്തു, അപ്പോളും ഓരോന്ന് പറഞ്ഞെന്റെ മനസ്സ് മാറ്റാൻ നോക്കയാണ് പെണ്ണ്..,

"" പോകണ്ടിരുന്നൂടെ വാവാച്ചി... ഹും.. "" അവളൊന്ന് ചിണുങ്ങി ന്റടുക്കൽ വന്നു. പെണ്ണെന്റെ ബട്ടൻസിൽ പിടിത്തമിട്ട് ഓരോന്നായി അഴിക്കാൻ തുടങ്ങി.,

"" പെണ്ണെ നീ ചുമ്മാ അടങ്ങി നിന്നെ.. അല്ലേലെ സമയമില്ല അപ്പോളാ അവളുടെ ചിണുങ്ങൽ.. "" അതും പറഞ്ഞവളുടെ കൈ തട്ടി മാറ്റിയതും പെണ്ണ് പിണങ്ങി മാറി നിന്നു.എന്നിട്ടൊരു പോക്കായിരുന്നു വെളിയിലേക്ക് ഞാൻ ഒരു ചിരിയോടെ അവളാഴ്ച ബട്ടൻസ് ഇട്ട് ബാഗുമായി വെളിയിലേക്ക് ഇറങ്ങി,

"" ന്നാ ഞാൻ ഇറങ്ങട്ടെ ഇപ്പോ വിട്ടാ ഉച്ചയോടെ എനിക്കങ്ങ് എത്താം.. ""

എല്ലാരോടുമായി പറഞ്ഞു അവളെ ഒന്ന് നോക്കി ഞാൻ വെളിയിലേക്ക് ഇറങ്ങി, അതുകണ്ടവൾ മുഖം കോട്ടി അത് ശ്രദ്ധിക്കാതെ തിരിഞ്ഞുനിന്നു, ബൈക്കിൽ കയറി എല്ലാരോടും ഒന്നുടെ യാത്ര ചോദിച്ച് വണ്ടി ഞാൻ മുന്നോട്ടേക്ക് എടുത്തു..

****

നീണ്ട യാത്രക്കൊടുവിൽ ഞാൻ ന്റെ ഫ്ലാറ്റിൽ എത്തി വെളിയിൽ കണ്ട ഫ്ലാറ്റിലെ സെക്യൂരിറ്റി ചേട്ടനോടും അവിടുത്തെ ചേച്ചിമാരോടും ഒരു ആഫ്റ്റർ നൂൺ ഉം പറഞ്ഞകത്തേക്ക് കയറാൻ ഒരുങ്ങുമ്പോളാണ് അവളുടെ വിവരം ചോദിച്ചോണ്ട് നമ്മടെ മണിക്കുട്ടൻ വരുന്നത് അവനോട് മറുപടി പറഞ്ഞത് അവിടെ ഉണ്ടായിരുന്ന ഉഷ ചേച്ചിയായിരുന്നുന്ന് മാത്രം.

"" മണിക്കുട്ടന്റെ ആമി അക്ക ഇല്ല്യോ ആഹ്ഹ്.. അക്ക വന്ത് ഉണക്ക്ന്ന് ഒരു തമ്പിയെ തരത്രക്ക്കാകെ പോയിരിക്കെ.. കവലപ്പെടമേ വന്തുടുടാ.. ""

അതിനവനെന്നെ നോക്കി ആണോന്ന് ചോദിച്ചപ്പോ ആ നിഷ്കളങ്കത തുളുമ്പുന്ന ആ മുഖത്തിനെ ഒന്ന് തഴുകി ഞാൻ ഫ്ലാറ്റിലേക്ക് കയറി..

എനിക്ക് അർജന്റ് ആയിട്ട് ഒന്ന് വെളിയിൽ പോകണമായിരുന്നു അതുകൊണ്ട് അവളെ പിന്നേ വിളിച്ചു പിണക്കം മാറ്റാന്ന് കരുതി. വേഗമോന്ന് കുളിച്ചു ഡ്രസ്സ് മാറി ഒരു ഡാർക്ക് ബ്ലൂ ഷർട്ടും ഗ്രേ കളർ പാന്റും എടുത്തിട്ട് അതിന് ഒരു വൈറ്റ് ഷൂ ഉം.. ഫ്ലാറ്റ് പൂട്ടി ഞാൻ പാർക്കിംഗ് ൽ ചെന്നു.. അവിടെ ന്റെ സുന്ദരി ന്നേ കാത്തിരിക്കുന്നുണ്ടായിരുന്നു, അവിടുന്ന് ഇങ്ങോട്ട് വന്നത് കോണ്ട് ആകെ ചെളിയായി പെണ്ണിന്റെ ദേഹത്ത്.. ഒന്ന് വാഷ് ചെയ്യണം.. ഞാൻ പതിയെ പാർക്കിംഗ് ചെന്നു ന്റെ R6 ന്റെ ടാങ്കിലൂടെ കൈ ഓടിച്ചു, എത്ര കൊല്ലത്തെ ആഗ്രമാ ... ഞാൻ ചിരിച്ചോണ്ട് തന്നെ വണ്ടി മുന്നോട്ടേക്ക് എടുത്ത്..

പോകുന്ന വഴിയിൽ ഒരു വാഷിംഗ് ഏരിയ യിൽ വണ്ടിയും കൊടുത്ത് ഞാൻ ഒരു പതിനഞ്ചു മിനിറ്റ് പോസ്റ്റ് ആയെങ്കിലെന്താ കൊച്ച് അങ്ങ് തിളങ്ങി ന്ന് വേണം പറയാൻ., പിന്നൊന്നും ശ്രദിക്കാതെ വണ്ടി ഞാൻ മുന്നോട്ടേക് പായ്ച്ചു, അത് നേരെ ചെന്നുനിന്നത് ന്റെ ഓഫീസിൽ ആയിരുന്നു, അവിടെ ചെന്നതെ ഉള്ളവരെല്ലാം കൂടെ ആകെ ബഹളം, അച്ഛൻ ആകാൻ പോകുന്നതിന്റെ ചെലവ്.. മ്മ് കുറെ ചെലവാ...

അന്നത്തെ ലഞ്ച് അവരെന്നെ കോണ്ട് സ്പോൺസർ ചെയ്യിപ്പിച്ചു നാറികൾ, അങ്ങനെ പരുപാടി എല്ലാമായി ആ ദിവസം അങ്ങനെ പോയി വൈകിട്ട് പെണ്ണിനെ വിളിച്ചു സമാദാനപ്പെടുത്താൻ ഞാൻ പെട്ട പാട്.. ഹൊ.. അങ്ങനെ തിരക്കുകളിൽ പെട്ട് രണ്ട് ദിവസം അങ്ങനെ പോയി, പതിവുപോലെ ജോലിയെല്ലാം കഴിഞ്ഞിറങ്ങി പോകാൻ നിൽകുമ്പോൾ ഗായത്രി എല്ലാരോടുമായി രണ്ട് ദിവസം ഓഫ് ആണെന്നും അത് കഴിഞ്ഞേ ഇനി വർക്ക് കാണു ന്നും ന്നാൽ ഇപ്പോ ഏറ്റവും കൂടുതൽ അതിൽ സന്തോഷം കൊള്ളുന്നത് ഞനയിരുന്നു,ഓഫ് ആയത് കോണ്ട് തന്നെ മാഗി അവളുടെ വീട്ടിലെക്കും അവൻ എങ്ങോട്ടോ ട്രിപ്പ് നും പോയി വരുന്നോ ന്ന് ചോദിച്ചപ്പോ ഞാൻ ഒന്ന് പരുങ്ങി അത് കണ്ട് അവനൊന്നും മിണ്ടാതെ ചിരിച്ചോണ്ട് തലയനക്കി മുന്നോട്ടേക്ക് നീങ്ങി, നേരെ ഫ്ലാറ്റിൽ പോവാ കുളിക്കാ കഴിക്കാ ഇറങ്ങുക അത്രേ തന്നെ. ഫ്ലാറ്റിന്റെ പാർക്കിങ്ങിൽ വണ്ടി നിർത്തി അവിടെ എങ്ങും ആരുമില്ലെന്ന് തോന്നിപ്പോയി സാദാരണ ആരേലും കാണുന്നതാണ് ഇവിടെ... ഓ അപ്പോളാണ് ഓർത്തത് ഇവിടെ അടുത്തൊരു പ്രോഗ്രാം നടക്കുന്നുണ്ട് അങ്ങോട്ടേക്ക് പോയി കാണും എല്ലാം. ഞാൻ മുന്നോട്ടേക് നടക്കാൻ ആഞ്ഞതും

ഫോൺ അനുസരണയില്ലാതെ ശബ്ദിക്കാൻ തുടങ്ങി ഇഷ്ടകേറുവോടെ തന്നെ ഫോൺ ഞാൻ ചെവിയിലേക്ക് വച്ചതും, അനക്കം ഒന്നുമില്ല ആരാപ്പോ ഇത്..

"" ഹെലോ.....ചെവി കേട്ടൂടെ ആരാന്നു... ""

അവിടുന്ന് അനക്കമൊന്നുമുണ്ടായില്ല, ഏതവനാണോ ഫോൺ വിളിച്ചിട്ട് മിണ്ടാതെ നിക്കുന്നെ..

"" ഏത് മാറ്റവനാണോ ന്തോ.. ഫോൺ വിളിച്ചിട്ട് മിണ്ടാണ്ടിരിക്കാൻ ഇവന്റെ വായിലെ പിരി വെട്ടിയോ.. ഹലോ..""

"" ഹെലോ ഇതാരാ ന്നറിയില്ല.. ഒരു മാഗി യെ അറിയാമോ... ""

ന്റെ ഉള്ളൊന്ന് പിടഞ്ഞു മാഗി അവൾക്കെന്ത് പറ്റി.

"" അയ്യോ സോറി സർ... മാഗി... അവൾക്കെന്ന പറ്റി.. ""

ഞാൻ പരിഭമത്തോടെ ചോദിച്ച് നിർത്തിയതും, അയാൾ ന്നേ ഒന്ന് സമാദാനപെടുത്താൻ നോക്കി.

www.kkstories.com

കഥയിൽ കുറച്ച് മാറ്റം വരുത്തിട്ടിട്ടുണ്ട്, ഇവർ ഇത്രേം നാൾ താമസിച്ചത് ചെന്നൈയിലാണ്.

പിന്നെ കഥയിൽ നായികയുടെ പേര് മീര ന്നാണ്, ആമിന്ന് സ്നേഹത്തോടെ മനു (നായകൻ)വിളിക്കും..,

നിങ്ങൾക്ക് ഓർമ്മ ഉണ്ടാവില്ല.. ന്തിന് എനിക്ക് തന്നെ ഓർമ്മ ഇല്ലായിരുന്നു രണ്ടാമത് വയ്ച്ചപ്പോളാ എനിക്ക് തന്നെ നിച്ചയമായത്..)

കഥകൾക്കപ്പുറം എന്നുമ്മാ ഓർമ്മകൾ ന്നിൽ കുളിരണിയിച്ചിരുന്നു. എങ്ങുനിന്നോ വന്നവൾ ന്റെ സ്വന്തം ആയി മാറിയ നിമിഷം എന്നിൽ ഇന്നും മായാതെ നിൽക്കുന്നു.

ന്റെ ജീവന്റെ തുടുപ്പിനെ വയറ്റിലണിഞ്ഞവളെ, നിക്കായി അവളുടെ പ്രാണന്റെ വേദനയെ സഹിച്ചവൾ.. അതെ ഒരു പെണ്ണിനോളം വലിയതൊന്നുമീ മണ്ണിൽ ഇല്ല.., ഒരണ്ണിന്റെ കരുത്തിനേക്കാൾ ബലമാണ് പെണ്ണിന്റെ മനക്കരുതിനു, അവളുടെ സ്നേഹത്തിന്, അതെ അവളെന്നുമൊരു കുത്തഴിക്കപ്പെടാത്ത പുസ്തകമാണ്..

അറിയാതെയെങ്കിലും കൈ ന്റെ ഇടത്തെ തോളിലേക്ക് നീണ്ടു, ഒന്നുമറിയാതെ ആ ഉപ്പേറിയ കടൽക്കാറ്റിൽ ഒഴുകിയിളകുന്ന കർകുന്തൽ മേടഞ്ഞോതുക്കി ഞാൻ ആ നിഷ്കളങ്കമായ ഉറക്കത്തിനു സാക്ഷ്യം വഹിച്ചു ,

"" അമ്മ ഉറങ്ങിയോ അപ്പേ..!!""

തലച്ചേരിച്ചവളോട് മറുപടി പറയാതെ ഒന്ന് നോക്കി, അതെ ഇവള് ശെരിക്കും മീരയാണ്.. അമ്മയെ പറിച്ചു വച്ചിരിക്കുകയാണ് പെണ്ണ്, ന്തോ സ്വഭാവത്തിന് കുറച്ച് മാറ്റം ഉണ്ട്, പൊട്ടിയില്ല ന്റെ മോള്.. ദൈവം അങ്ങനെ ന്നെ ചതിച്ചില്ല..

കാണുന്നോർക്ക് ഡോക്ടറ് ന്നാൽ ആ ഡോക്ടറുടെ മണ്ടത്തരങ്ങൾ വേറെ ആരെക്കാളും നിക്കല്ലേ അറിയൂ.. അവളെ എം ബി ബി എസ് ന് പഠിക്കാൻ വിട്ട നിക്കുവേണം ഡോക്ടറേറ്റ് തരാൻ.

"" എപ്പോളെ നിന്റെമ്മ ഉറക്കം പിടിച്ചെന്റെ മീനുട്ടി...!""

വലത്തേ സൈഡിൽ ഇരിക്കുന്ന അവളുടെ തലയിൽ തലോടി ഞാൻ എണ്ണിക്കാൻ നോക്കിയതും,

"" അപ്പേ.. ബാക്കി പറഞ്ഞില്ല മാഗിയാന്റിക്ക് ന്നാ പറ്റിയതാ... ""

"" പറയമോളെ.. നമ്മക്കിപ്പോ വീട്ടി പോവാം.. നേരം ഒരുപാടായില്ലേ... നോക്കിയേ ഇരുട്ടി.. ""

അതിനവൾ ഒന്ന് മൂളി, ഇവളെ എങ്ങനെയും അനുനയിപ്പിക്കാം ന്നാൽ ന്റെ പെണ്ണിനെ... അതിച്ചിരി പാടാ..

www.kkstories.com

"" ആമി.. മോളെ എണ്ണിക്ക്... ""

ന്റെ സാമിപ്യത്തിൽ ഇപ്പോളും നാണത്തിന്റെ കണികകൾ പൊട്ടിവിരിയുന്ന ആ തടിച്ച കവിളിൽ ഞനൊന്ന് തട്ടി.. ഒരു ഞെരുക്കത്തോടെ അവളൊന്നും ചിമ്മിതുറന്ന മിഴികൾ ന്നെ തേടി ഒരു മാത്ര അലഞ്ഞു.., മുന്നിൽ ഞാൻ ആണെന്ന് കണ്ടതും ചിണുങ്ങിയവൾ ഒന്നുടെ ന്നോട് ചേർന്നു, പെണ്ണിന്റെയൊരു കാര്യം..

"" ആഹ്ഹ് എണ്ണിക്ക് പെണ്ണെ, ദേ നേരം ഇരുട്ടി..""

"" ഹും... ന്നെയെടുക്കുവോ...? ""

കൊച്ചുകുഞ്ഞിനെ പോലെ ന്റെ പെണ്ണ് കൈ രണ്ടും വായുവിലേക്ക് കടത്തി ന്നെ നോക്കി കൊഞ്ചി, .., മുന്നിൽ നിൽക്കുന്ന ഞങ്ങളുടെ മോൾക്ക് ഇതൊന്നുമൊരു പുതുമയായ കാര്യമല്ല, അവൾ അവളുടെ അപ്പേടെയും അമ്മേടേം സ്നേഹം കണ്ടറിഞ്ഞു വളരണം ന്നലെ നാളെ അവളുടെ പാതിയെ അവൾക്ക് മറയില്ലാതെ സ്നേഹിക്കാൻ കഴിയു..

"" ഡീ പെണ്ണ് നിക്കണ്.. പോരാഞ്ഞിട്ട് ഇത് വീടല്ല എടുത്തോണ്ട് നടക്കാൻ.. ഒന്നുല്ലേലും നീയൊരു ഡോക്ടർ അല്ലെ..ഒരു കൊച്ചിന്റെ അമ്മയല്ലേ ആമി. ""

അതവൾക്ക് ഇഷ്ടമായില്ല.., പണ്ട് നിങ്ങള് കണ്ട പെണ്ണ് തന്നെയാണ് അവളിന്നും, കുറച്ചു കുറുമ്പ് കുടിയിട്ടേ ഉള്ളു ഞാൻ നോക്കിട്ട്, എല്ലാം ന്നോട് മാത്രം,. വരുന്ന രോഗികളെ എല്ലാം വളരെ സ്നേഹത്തോടെ പരിപാലിക്കുന്നവൾ, എല്ലാർക്കും ഡോക്ടർ മീര മനുനെ കുറിച്ച് നൂറ് നാവാ..,

വീണ്ടും പ്രതീക്ഷയോടെ എടുക്കാനായി കൈ പൊക്കിയതും ഞാൻ അവളെ ഇരുകൈകളിലും വാരിയെടുത്തു.,

"" നിനക്ക്.... നിനക്കെ കുറച്ച് വെയിറ്റ് കുടിട്ടുണ്ട്... ""

അവളുമായി ആ മണൽത്തരികളോട് മത്സരപ്പെട്ട് നടന്നു നീങ്ങാൻ ഞാൻ കുറച്ച് പ്രയാസപ്പെട്ടു,

ചോദിച്ചതിന് മറുപടി എന്നോണം ന്റെ നെഞ്ചിൽ മോള് കാണാതെ യൊന്നുകടിച്ചു..

""ഹോ.."" ... ന്നൊരു ശബ്ദം എന്നിൽ നിന്നും പുറത്തു വന്നതും അവളുടനെയെന്റെ വാ പൊത്തി.. ഞാൻ കണ്ണ് കൂർപ്പിച്ചു നോക്കിയതിനു ഒന്നിളിച്ചു കാട്ടി പ്രാന്തി..

"" ന്നാ അപ്പേ... ന്നാ പറ്റിയെ... ""

www.kkstories.com

"" ഏയ്യ് ഒന്നുല ടാ.. ന്തോ കുത്തിതാ.. ""

ന്റെ കഴുത്തിലൂടെ വട്ടം പിടിച്ചു ന്റെ കൈകളിൽ തൂങ്ങി ഒരു കുഞ്ഞു കൊച്ചിന്റെ ലകവത്തോടെ ന്റെ കണ്ണിലേക്ക് നോക്കുന്നവളെ നോക്കി പല്ലുരുമ്മി, അതിനും ന്നെ മയക്കുന്ന പുഞ്ചിരി നൽകി ന്നെ അവളുടെ അടിമയാക്കി, വിടർത്തിയിട്ട പനങ്കുലകൾ കൈകൾക്കു താഴെ കടൽകാറ്റിനൊപ്പം വിടർന്നാടി..

"" ആമിന്നല്ലേ അതിന്റെ പേര്... നിക്കറിയാം, ഞാൻ കണ്ട് കടിക്കണത്... അയ്യേ.. നാണോല്ലാത്ത രണ്ടെണ്ണം... ""

അതിനവൾ ശെരിക്കും ചമ്മി, പെണ്ണ് കണ്ടെന്നു അറിഞ്ഞതും പോടീ നല്ലത് കിട്ടുവെ ന്നു ന്റെ കൈയിൽ കിടന്ന് തന്നെ വീരവാക്യം മുഴക്കി, അവിടെയുണ്ട് എക്കണ്, അവസാനം പെണ്ണിന്റെ കളിയാക്കലും സഹിച്ചു ഞങ്ങൾ കാറിലേക്ക് കയറി..

"" കഴിക്കാനും ന്തേലും വാങ്ങാം അല്ലെ.ഇനി ചെന്നിട്ട് ഒന്നും ഉണ്ടാക്കാൻ നിക്കണ്ടല്ലോ..""

"" മ്മ് പക്ഷെ അപ്പേടെ ബിരിയാണി വേണ്ടാട്ടോ..""

അവളത് പറഞ്ഞു കുലുങ്ങി ചിരിച്ചു, കുട്ടത്തിൽ ന്റെ സൈഡിൽ ഇരിക്കണ നാറിയും,, സംഭവം നമ്മള് മലയാളികളുടെ ഇഷ്ട ഭക്ഷണങ്ങളിൽ ഒന്നാണല്ലോ പൊറോട്ടയും ബീഫും,

പിന്നെ ബിരിയാണിയും, നിക്കാണക്കിൽ ഇതില്ലാതേ പറ്റില്ല, ബാക്കി രണ്ടിനും ഇത് ഒട്ട് ഇഷ്ടവുമല്ല, ആമിക്ക് വല്യ ഇഷ്ടക്കുറവൊന്നും ഇല്ല.. ന്റെ ഇഷ്ടമാണ് അവളുടെയും, ഞങ്ങൾ ന്താ ഇങ്ങനെ യല്ലേ... ശോ ഞങ്ങളെകൊണ്ട് ഞങ്ങള് തന്നെ തോറ്റു.

വണ്ടി യെടുത്തു ഫുഡും കഴിച്ചിട്ടാണ് പോയത്, അവിടുന്ന് കഴികാം ന്ന് മീനു ആണ് വാശി പിടിച്ചത്, അങ്ങനെ ഞാൻ ബിരിയാണിയും, അവര് നെയ് റോസ്റ്റും ഓർഡർ ചെയ്തു, അതുകഴിച്ചു വെളിയിൽ ഇറങ്ങുമ്പോൾ ഫോൺ ശബ്ദമുണ്ടാക്കാൻ തുടങ്ങി, പെട്ടെന്നത് കട്ടായി, പിന്നെയും കാറിൽ കയറിയതും വീണ്ടും,, ആരാടാ ഫോൺ വിളിച്ചു കളിക്കുന്നതെന്നും പറഞ്ഞു ഞാൻ ഫോൺ എടുത്തതും,

ഏട്ടത്തി കാളിങ്... ന്നു ഡിസ്പ്ലേയിൽ കണ്ടു, ഏഹ് ഇവരെന്താ ഇപ്പോ വിളിക്കണേ ന്ന് മനസ്സിലോർത്തു കാൾ അറ്റൻഡ് ചെയ്ത് , ഏട്ടത്തിയുടെ ശബ്ദം പ്രതീക്ഷിച്ച എനിക്ക് കേൾക്കാൻ കഴിഞ്ഞത് അമ്മയുടെ സ്വരമാണ്, പതിനഞ്ചു വർഷത്തിന് ശേഷം ആ ശബ്ദം.. ആ സ്നേഹത്തോടെയുള്ള ആ നിശ്വാസം ഒരു കാതം അകലെനിന്ന് ഞാൻ കേട്ടറിഞ്ഞു, ആ സ്വരം വിറക്കുന്നുണ്ടോ... ചിലമ്പിച്ചിരിക്കുമോ... ഏതായാലും മറുതലയിക്കൽ അമ്മയാണെന്നഅറിയാൻ എനിക്കൊരു ചാക്കോ മാഷിന്റെയെടുത്തും ട്യൂഷനു പോകേണ്ട കാര്യമില്ലായിരുന്നു.

"" അമ്മ...?? ""

"" നിന്നെയർക്ക് വേണം...നീ ഫോൺ ആമിടെ കൈയി കൊട്..""

www.kkstories.com

ഏഹ്ഹ്.. ഞാൻ തലയൊന്ന് കുടഞ്ഞെടുത്തു..എവിടെ ഞാൻ കൊതിച്ച ഒരമ്മയുടെകരുതൽ , എവിടെ ന്റെ അമ്മയുടെ സ്നേഹം..

ഹം.. ന്റെ ഭാഗത്തും തെറ്റുണ്ട്, ഒന്നുല്ലേലും ഞാൻ ചിന്തിക്കണമായിരുന്നു അതെന്റെ തള്ളയാണെന്ന്.. ഇത്രേം കൊല്ലമായിട്ട് കാണാത്ത മോനോട് പറഞ്ഞ ഡയലോഗ് നിന്നെയർക്ക് വേണോന്ന്.. ഇതിപ്പോ നാഗകന്യക ചേച്ചിടെ ഡയലോഗ് പോലെയല്ലോ.. ഏതായാലും തുപ്പാനൊന്നും നിന്നല്ലാലോ.. സന്തോഷണ്ട്..

വെട്ടിതിരിഞ്ഞു ഞാൻ ആമിക്ക് നേരെ ചാടി...,

"" നിന്റെ ഫോൺ ന്തിയെടി.. ഇല്ലേൽ അതെവിടന്ന് നോക്ക്, അല്ലേൽ കണ്ടോരൊക്കെ ന്റെ ഫോണിലേക്ക് വിളിക്കും.. അതെനിക് കുറച്ചിലാ.. ""

വല്യ ഗമയിൽ കേട്ടോട്ടെന്ന് വെച്ച് തന്നെയാ അങ്ങനെ പറഞ്ഞത്.. ഹല്ലേ ന്നോടാ കളി.. ദേഷ്യം വന്നാൽ അറഞ്ചം പുറഞ്ചം നാറ്റിച്ചു കളയും ഞാൻ.. ഈ ന്നെ എനിക്ക് തന്നെ ചിലപ്പോ പേടിയാ പ്പോളാ...

ന്നാൽ അവൾക്ക് കാര്യം മനസിലായി അമ്മ ന്താ ഇതിലേക്ക് വിളിച്ചത് ന്നോർത്താവും അവളും ഇരുന്നത്,, അവൾ ഇടക്കെല്ലാം അങ്ങോട്ടേക്കും ഇങ്ങോട്ടേക്കും വിളിച്ചു സുഖവിവരം അന്വഷികാറുണ്ട്.. നമ്മളെ പിന്നെ ഇട്ട വിത്തിനു പോലും വേണ്ടാത്തോണ്ട് ഐഡിയ സെച്ചി മാത്രം വിളിച്ചു സുഖവിവരം അന്വഷിക്കും..

"" കിടന്നോച്ചയിടണ്ട ഞാൻ കേട്ടു.. ഹോ.. ""

അവളത് പറഞ്ഞു ഫോൺ വാങ്ങിയതും കൈകൊണ്ട് ആ ലൗഡ് സ്പീക്കർ ഓൺ ആയതും ഒന്നിച്ചായിരുന്നു,

"" അവന്റെ വായിൽ വല്ലതും കേറ്റി വച്ചോടെടി... അവനെ... അവൻ പണ്ടിവിടെ തൂറ്റികൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും തലങ്ങും വിലങ്ങും ഓടിപ്പം ഞാനെ ഉണ്ടായിരുന്നുള്ളു.. ആ അവനാ ഇപ്പൊ കെടന്ന് ചാടാണേ.. ഒരുപാട് ഒച്ചയിട്ടാ ചന്തിമ്മേൽ ചട്ടുകം വച്ചു തരുന്നു പറഞ്ഞേക്കെടി... ""

പറഞ്ഞു നിർത്തിയതും സി ഐ ഡി മൂസയിൽ പട്ടിടെ കുടെയാ മോന്റെ കളി ന്ന് പറയുമ്പോ ഒടുവിൽ ഉണ്ണികൃഷ്ണൻ അത് തന്നെയാ ഞാൻ ന്റെ മോളോടും പറയണേ ന്ന് പറയുബോൾ ജഗതി ചേട്ടന്റെ ഒരു എക്സ്പ്രഷൻ ഇല്ലേ ആ സെയിം എക്സ്പ്രഷനുമിട്ട് ഞാൻ പുറകിലേക്ക് നോക്കി കൊച്ചിനോട് ചുമ്മതാ ന്ന് കൈകൊണ്ടാനക്കി കണ്ണടച്ച് കാണിച്ചു, ന്നിട്ടും ആമിയും മോളും ആർത്തു ചിരിച്ചു.. പിന്നെയവൾ ചിരിയടക്കി ഫോൺ ചെവിലേക്ക് തിരുകി

www.kkstories.com

"" പരട്ട തള്ള.. " ന്നും പറഞ്ഞു ഞാൻ വണ്ടി മുന്നോട്ടേക് എടുത്ത്. എന്തൊക്കെയോ കുശുകുശുക്കുന്നുണ്ട് രണ്ടും. കുറച്ച് നേരം കഴിഞ്ഞതും അവളാ ഫോൺ നിക്ക് നേരെ നീട്ടി ഞാൻ ന്താ ന്നുള്ള ഭാവത്തിൽ അവളെ നോക്കുമ്പോൾ അവൾ തുടർന്ന്..

"" അമ്മ പറഞ്ഞു തരാൻ... ""

"" ആർക്ക്....നീക്കെട്ട് തരാനാ തള്ള പറഞ്ഞോ...??

അവിടെ ഉണ്ടായിരുന്നപ്പോളോ ന്റെ തല കണ്ടാൽ അവർക്കൊന്നു പൊട്ടിക്കണമായിരുന്നു.. ഇപ്പോളും വിടില്ലെന്ന് വെച്ചാ.. ഇങ്ങ് കൊണ്ടാ.. ""

ഫോൺ വാങ്ങി ഞാൻ ചെവിയിൽ തിരുകി ഒട്ടും താല്പര്യം മില്ലാത്ത മട്ടിൽ ഒരു ഹെലോ പറഞ്ഞു.

"" എടാ എങ്ങനെയാ എന്തിനാ ന്നൊന്നും ചോദിക്കണ്ട.., നാളെ നിങ്ങളെല്ലാം ഇവിടെ ഉണ്ടാവണം.. ""

"" പിന്നെ അത് നിങ്ങ... ഹെലോ.. ഹെലോ.. ""

മറുതലക്കൽ അനക്കമില്ല.., ഫോൺ വച്ചതാണ്. പിന്നെ ഇവര് പറയുമ്പോ പോകാനും വരാനും ഞാൻ ആരാ ഇവരുടെ അടിമായോ.. പിന്നെ ന്റെ പട്ടി പോകും..

അല്ലേൽ പോയേകാം..ഇപ്പൊ വെറുതെ കിടന്ന് ഷോ ഇറക്കിയാൽ ഇപ്പൊ കിട്ടിയപോലെ ഒരവസരം കിട്ടിയിന്ന് വരില്ല. അതല്ല...എന്താണാവോ ഇപ്പോ പെട്ടെന്നു ഇങ്ങനെ തോന്നാൻ.. സ്വത്തു വല്ലതും വീതിക്കാൻ ആയിരിക്കുമോ..! ഏയ്യ് ന്റെ തന്തപ്പടിക്ക് അത്രക്ക് വയ്യഴിക കാണുല്ലാ.. ചെലപ്പോ ഒന്നും തന്നിലെന്നും വരും..

"" അതെ കൂടുതല് തല പുണ്ണാക്കേണ്ട.. സ്വത്തൊന്നും വീതിക്കാൻ പ്ലാൻ ഒന്നും ഇപ്പൊ അവിടെയില്ല. ""

ഇവളിതെങ്ങനെ അറിഞ്ഞെന്നു ഓർത്തു ഞാൻ ഒരു അന്യഗ്രഹ ജീവിയെ പോലെ അവളെ തറഞ്ഞു നോക്കി,

"" നോക്കുവൊന്നും വേണ്ട പത്തു പതിനാറു വർഷമായില്ലേ കൂടെ കൂടിട്ടു അപ്പൊ ന്തവിടെ നിനച്ചാലും നിക്കറിയാൻ പറ്റും.. ""

അവളൊരു പുച്ഛഭാവത്തിൽ പറഞ്ഞു നിർത്തി, പിന്നെ ഇവളാര് കാണിപ്പയ്യൂരോ.. ഉള്ളിലുള്ളത് ചികഞ്ഞെടുക്കാൻ 'ഒന്ന് പോടി'... അതിനെ തീർത്തു പുച്ഛിച്ചു ഞാൻ മുഖം വെട്ടിച്ചു,

www.kkstories.com

"" അമ്മേ...നമ്മളെന്താ ഇത്ര നാളും.. നാട്ടിലേക്കൊന്നും പോകാതെയിരുന്നത്.. ""

"" അതുപിന്നെ മോളെ... ""

ഞാൻ ഉടനെ വിഷയത്തെ ലഘൂകരിക്കാൻ ശ്രമിച്ചു,.., നമ്മടെ ഭാഗം നമ്മള് ന്യായികരിക്കണമല്ലോ.. ഏത്..! ഉടനെ.

"" നിന്റെ അപ്പേടെ കയ്യിലിരിപ്പ് അങ്ങനെയായി പോയൊണ്ടാ മോളെ... ""

പുല്ല് തളർത്തി.., നിനക്ക് ഇപ്പൊ സുഖം അയോടി ന്ന് മനസ്സിൽ പറഞ്ഞവളെ നോക്കുമ്പോൾ അമ്മയും മോളും ന്റെ മുഖംഭാവം കണ്ടു ചിരിയടക്കാൻ പാടുപെടുന്നുണ്ടായിരുന്നു..

"" ന്ത് പാവാ ന്റെ അപ്പാ.. ന്റെ ജീവനാ... "" അവളെന്നെ പുറകിൽ നിന്നും കെട്ടിപിടിച്ചു, അവൾക്കെന്നും അവളുടെ അപ്പ കഴിഞ്ഞേ ആരും ഉള്ളു.. ഈ നിക്കണ അവളുടെ അമ്മ പോലും.

"" പിന്നെ പാവം.. നിനക്ക് നിന്റെ അപ്പനെ അറിയാത്ത കൊണ്ടാ ന്റെ മോളെ.. ഇങ്ങേരുടെ കൂടെ ജീവിച്ചതിനു നിക്ക് വല്ല ജംഗിൾ ബുക്ക് അവാർഡും തരണം.. ""

ഏഹ്ഹ് അങ്ങനെയും അവാർഡ് ഉണ്ടോ..??ഇവളെ സഹിക്കുന്നതിനു നിക്കാ ബെസ്റ്റ് കുടുംബസ്സ്ഥൻ ഓഫ് ദി ഇയർ അവാർഡ് തരണ്ടേ..

"" ജംഗിൾ ബുക്ക് അവാർഡ് കൊണ്ടോയ് നിന്റെ തന്തക്ക് കൊണ്ടുകൊട്.. ""

ഞാൻ വണ്ടി ആഞ്ഞു ചവിട്ടി, ആക്സിലേറ്ററിൽ പതിഞ്ഞ കാലുകൾ വണ്ടിയുടെ മീറ്ററിൽ മാറ്റങ്ങൾ സൃഷ്ടിച്ചു മുന്നോട്ടേക്ക് കുതിച്ചു.

****

"" ഏട്ടാ.. അമ്മ പറഞ്ഞകാര്യം എങ്ങനെയാ..?? "

റൂമിൽ ചെന്ന് ഡ്രസ്സ് മാറുന്നതിനിടക്ക് അവൾ നിന്ന് തത്തി കളിക്കുന്നത് കണ്ടതെ നിക്ക് മനസിലായിരുന്നു കാര്യം.. ഷർട്ട് ഊരികൊണ്ട് ഞാൻ അവളോടായി പറഞ്ഞു,

"" നീ വേണ്ടതെല്ലാം പാക്ക് ആക്കി, നിന്റെ ഹോസ്പിറ്റലിലേക്കും, മീനുട്ടീടെ മിസ്സിംനേം വിളിച്ചു കുറച്ച് നാളത്തേക്ക് ലീവ് പറ.. ന്തായാലും അമ്മ വിളിച്ചതല്ലേ പോകാം..""

മറുപടിയവൾ കെട്ടിപിടിച്ചൊരു ഉമ്മയിലായിരുന്നു അറിയിച്ചത്. പിന്നെവളവിടൊരു ബഹളം തന്നെയായിരുന്നു, ഡ്രെസ് പാക്ക് ചെയുന്നു, ഓരോരുത്തർക്കും വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് എടുക്കുന്നു.. ഹോ ഒരു മേളം തന്നെയായിരുന്നു, ഞാനും വിളിച്ചു കുറച്ച് നാളത്തേക്ക് ലീവ് പറഞ്ഞു.. പിന്നെ ആകെ ഒരാശ്വാസം മീനുട്ടിക്ക് വൺ മന്ത് ലീവ് ആണ് ബട്ട് വൺ വീക്ക് കഴിഞ്ഞേ ഉള്ളു.. പിന്നെ ഈ വീക്ക് പോകുന്നില്ല ന്നു വച്ചു.. അതിൽ കുറച്ച് പഠിച്ചാൽ മതി ന്നായിരുന്നു ആമിടെ കല്പന,,, പുള്ളികാരത്തി ഭയങ്കര സന്തോഷത്തിലാണ്, കാരണം അവരെ എല്ലാം കണ്ടിട്ട് കുറെ ആയി, ഫോണിലൂടെ ന്നും വിളിച്ചു കാര്യങ്ങൾ പറയുമെങ്കിലും അതൊന്നും നേരിട്ട് കാണുന്നതുപോലെയല്ലലോ., അവളുടെ വീട്ടിൽ പോകുന്നതിലും സന്തോഷം ന്റെ വീട്ടിലെക്ക് പോകുന്നതാണ്., അവരുടേ അവസ്ഥയും മറിച്ചായിരുന്നില്ല, മീനുട്ട്യേ കൊച്ചിലെ കണ്ടതാണ്, പിന്നെ ഇടക്ക് അവളും അവരെ കാണാൻ വീഡിയോ കാളിൽ വരും.. മോൾക്കും അതിന്റ ഒരു ചമ്മലുണ്ട്.

****

അങ്ങനെ വൈകിട്ട് ഒരു 11 മണിയോടെ ഞങ്ങൾ ഫ്ലൈറ്റ് പിടിച്ചു, രാവിലെ 7 ആയപ്പോ കൊച്ചിയിൽ ഇറങ്ങി അവിടുന്നു വിഷ്ണു നെ വിളിച്ചു, അവനിപ്പോ എറണാകുളത്തു ഉണ്ട്, അവൻ അവന്റെ അമ്മായിയപ്പന്റെ റിസോർട് നോക്കി നടത്തുന്നു.. ഭാര്യ അവന്റെ കൂടെ നിഴലായ് ഉണ്ട്.. കാരണം അത്ര നല്ല സോഭാവമാണെ ന്റെ നന്പന്റെ..

അങ്ങനെ അവൻ വിളിച്ചു തന്ന കാറിൽ ലൊക്കേഷനുമിട്ട് ഞങ്ങൾ യാത്രയായി.. എപ്പോളോ നഷ്ടമായ സ്നേഹബന്ധത്തെ തിരിച്ചെടുക്കാൻ, അല്ലെങ്കിൽ നോവിച്ചവരുടെ കാലിൽ വീണോന്ന് മാപ്പ് പറയാൻ.

സിറ്റിയുടെ ആഡംബരങ്ങൾ വിട്ടെറിഞ്ഞു ഗ്രാമം തന്റെ പച്ചപ്പെടുത്തിട്ടു., ചെറിയ ചെറിയ വികസനങ്ങൾ വന്നു ന്നല്ലാതെ ന്റെ നാടിനൊരു മാറ്റവുമില്ല. റോഡുകളിൽ ടാർ വീണു, ചെറിയ കാടമുറികൾ അവ വർണങ്ങൾ കൊണ്ട് ചാലിച്ചു മനോഹരമാക്കിയിരിക്കുന്നു. സ്വന്തം നാടിന്റെ സൗന്ദര്യം ഒരു കൊച്ചുകുട്ടിയുടെ ലകവത്തോടെ കണ്ടസ്വദിക്കാനാണ് നിക്കപ്പോ തോന്നിത്..!

"" ചേട്ടാ വണ്ടി അങ്ങോട്ടേക് നിർത്തിക്കോ... ""

വീടിന്റെ ഗേറ്റ് കടന്നതും ഞാൻ ഡ്രൈവറോടത്തും പറഞ്ഞു ചുറ്റുമോന്ന് നോക്കി, വീട്... ഒരുവേള കുടി ഞാൻ ചുറ്റും കണ്ണോടിച്ചു.ആകെ പൊടി വണ്ടി കൊണ്ട് നിർത്യെന്റെ . ഇയാളെന്താ പോൾ വാൾക്കറോ , കൂടുതൽ നിന്ന് ചികയാതെ അവരെ തട്ടി വിളിച്ചു

"" ഇതെവിടാ... ഇറാക്കോ.. "

കണ്ണ് തുറന്നതേ ആമി ചുറ്റുമോന്ന് നോക്കി, കാർ ബ്രേക്ക് ഇട്ട് നിർത്തിയതിൽ തുടർന്ന് പടർന്ന പൊടിശകലങ്ങൾ വായുവിൽ തത്തി കളിച്ചു,

"" അല്ല കുവൈറ്റ്.. ഇറങ്ങണുണ്ടോ നീ.. ഇല്ലേൽ ഗാലിബൻ തീവ്രവാദികൾക്കിട്ടുകൊടുക്കും ഞാൻ പറഞ്ഞില്ലെന്നു വേണ്ട.. ""

www.kkstories.com

അവളുടനെ കാറിൽ നിന്ന് ഇറങ്ങി,ചുറ്റുമോന്ന് വീക്ഷിച്ചു മൂരി നിവർന്നതും അവൾക്ക് സ്ഥാലകാല ബോധം വീണത്.. പിന്നൊരു ഓട്ടമായിരുന്നു അകത്തേക്ക് അവൾക്കിപ്പോ കൊച്ചിനേം വേണ്ട, ഭർത്താവിനേം വേണ്ട, അലറി വിളിച്ചാണ് പോക്ക്.. അവസാനം കൊച്ചി രാജാവിലെ ദിലീപിന്റെ പെണ്ണുകാണൽ പോലെ ആകാതെയിരുന്നാൽ മതിയായിരുന്നു.

എത്ര വിളിച്ചിട്ടും ഉറക്കമുണരാതെ നിന്ന കൊച്ചിനേം തോളിലിട്ട് ഞാൻ ഒരു ബാഗ് തോളിലിട്ട് മറ്റേത് കൈയിലും പിടിച്ചകത്തേക്ക് കയറി..

"" ഇനി യി പടിച്ചവിട്ടാൻ ന്റെ പട്ടി വരും... ""

ന്റെ പണ്ടത്തെ മാസ്സ് ഡയലോഗ് എങ്ങുനിന്നോ കാതിൽ മുഴങ്ങി കേട്ടു, ഉളുപ്പ് തീരെ തൊട്ട് തീണ്ടാത്ത നമ്മക്കെന്ത് നോക്കാൻ.. വലത് കാല് തന്നെ ആയിക്കോട്ടെ..

അകത്തു കുത്തിയതേ കാറിന്റെ ഒച്ച കേട്ട് അല്ലെങ്കിൽ ആമിയുടെ അല കേട്ട് ഏട്ടൻ ഇറങ്ങി വന്നു, കൈയിലെ ബാഗും വാങ്ങി, ന്റെ തോളിൽ ഒന്ന് തട്ടി വിശേഷങ്ങളും ചോദിച്ചു , അകത്തേക്ക് നീട്ടി വിളിച്ചു.. ഇടക്കെല്ലാം ഞാൻ ഏട്ടനെ കാണുന്നുണ്ടായിരുന്നു അതുകൊണ്ട് കാര്യമായ സംസാരം ഉണ്ടായില്ല,

'" ദേവു.. എടി ഒന്നിങ്ങു വന്നേ.. ""

ഏട്ടന്റെ വാക്കുകൾ പൂർത്തിയാക്കുന്നതിനു മുന്നേ ഓടിയെത്തിയ ഏട്ടത്തി ന്നെ കണ്ടാവിടെയൊന്ന് നിന്നു. കണ്ണിൽ കടലിളകുന്ന പോലെ ജലം എനിക്കാ മുഖത്തേക്ക് നോക്കാൻ പറ്റാത്ത പോലെ,. ആളൊന്ന് തടിച്ചുണ്ട തക്കാളി പോലെയായി, പോണ്ണി.. അവരെന്റെ അടുത്തേക്ക് വരുന്നത് ഞാൻ അറിഞ്ഞു, ന്റെ തോളിൽ നിന്നും മീനുനെ എടുത്താ തോളിലേക്ക് കിടത്തി, ന്നിട്ട് ന്നോട് ഒന്നും മിണ്ടാതെ അകത്തേക്ക് ഒറ്റ പോക്ക്..

ഹും ജാടയിടാണ് തടിച്ചി.. വെറുതെയല്ല ഇവരിങ്ങനെ വീർത്തു വീർത്തു വരണത്.

"" യാത്രയൊക്കെ എങ്ങനെ ഇണ്ടായിരുന്നു ടാ ""

"" ആഹ്ഹ് കുഴപ്പമില്ലെന്ന് പറയാം...ആദ്യം ഒന്ന് കുളിക്കണം, പിന്നെന്തേലും കഴിക്കണം ന്നിട്ട് മതി ചോദ്യം ചെയ്യൽ.. അമ്പോ വയറു കത്തണ്..""

ഞാൻ അകത്തേക്ക് കയറി, ഏട്ടൻ ചിരിയോടെ തന്നെ പുറകെയുണ്ട്, അവിടെ പിന്നെ എന്നുമാ ചിരി നിറഞ്ഞു നില്കും,,

വീടിനകമെല്ലാം അതെപോലെയുണ്ട് എല്ലാം പഴേപോലെ .. ഒന്നിനും ഒരു മാറ്റവുമില്ല.. അല്ലെങ്കിലും മാറിയത് ഞാനല്ലേ..,

അകത്തു കയറിയതെ കേൾക്കാം ആമിയുടെ സ്വരം.. അടുക്കളയിൽ നിന്നുമാണ്, കത്തി അടിക്കാൻ ഇപ്പൊ അവളെ കഴിഞ്ഞേ ഉള്ളു ആള്, അമ്മയുടെ സ്വരവും കേൾക്കാം.. വിശേഷം പറയാവും. അതും നോക്കി നിൽകുമ്പോളാണ് പുറകിൽ ഒരു മുരടനക്കം.

"" ന്താടാ ഒളിഞ്ഞോക്കുവാണോ നിയ്യ്.. ""

കൈ രണ്ടും വയറിനോട് പിണച്ചുകെട്ടി ന്നെ കൂർപ്പിച്ചു നോക്കി നിൽക്കാണ്, ഒന്ന് പതറി ങ്കിലും അത് പുറത്ത് കാണിച്ചില്ല

"" പിന്നേ എനിക്കതല്ലേ പണി.. അകത്തു അന്തരാഷ്ട്രകാര്യമൊന്നുമല്ലോ നടക്കണേ ഒളിഞ്ഞെക്കാൻ.. ""

"" എടാ നോക്കിയെങ്കിൽ നോക്കിന്ന് പറയണം അല്ലാതെ ചുമ്മാ.. വെറുതെ അല്ലേടാ നിന്നെ ഇവിടുന്ന് ഇറക്കിവിട്ടത്. ""

പറയുന്നതിനൊപ്പം ആ ചുണ്ട് കൂട്ടി പിടിച്ചു ചിരി കടിച്ചമർത്തുന്നുണ്ട്, അതുടെ കേട്ടതും നിക്കങ്ങോട്ട് പൊളിഞ്ഞു കേറി.. പക്ഷെ ഇനിയും ഒച്ച ഇട്ടാൽ അമ്മ കത്തി എടുകുമല്ലോ ന്നോർത്ത് ഞാൻ ഒന്നടങ്ങി ഇല്ലേൽ. ഇല്ലേൽ കാണായിരുന്നു,

"" ന്താടാ നീ നിന്ന് തത്തികളിക്കുന്നെ.. ""

"" വെറുതെയല്ല നാശമേ നിങ്ങള് ഇങ്ങനെ വീർത്തു വീർത്തു വരണത്.. പോണ്ണി.. നിങ്ങളിനിയും വീർക്കും,,, ""

പറഞ്ഞു തുടങ്ങിയത് കുറച്ചു കടുപ്പത്തിൽ ആയിരുനെകിലും അവസാനം തൊണ്ട ഇടറി, കൈ വിട്ടുപോയി മുന്നിൽ ചിരിയോടെ കൈയും കേട്ടി നിന്നതിനെ കെട്ടിപ്പിടിച്ചു ആ കവിളിൽ പല്ലുകൾ ആഴ്ത്തിയതും, അവരും കുറുമ്പോടെ ന്റെ മുടിയിൽ തഴുകി നിന്നു, വേദന വന്നതും അവര് കിടന്ന് തുള്ളാൻ തുടങ്ങി, വേദനിക്കട്ടെ.. നോവട്ടെ

"" എടാ പട്ടി കടിക്കല്ലെന്ന്.. വഡ്രാ..""

നല്ലോണം നൊന്തെന്ന് മനസിലായതും ഞാൻ പിടിവിട്ടു, ഇതെല്ലാം കണ്ട് ഹാളിൽ ഏട്ടൻ നിറകണ്ണുകളോടെ ഞങ്ങളെ നോക്കി നിൽപ്പുണ്ടായിരുന്നു

"" നോക്കിയേ പല്ലിറങ്ങി..""

കവിൾ കാണിച്ചോണ്ട് ഏട്ടത്തി നിന്ന് ചിണുങ്ങി,ആ കണ്ണൊക്കെ സങ്കടം കൊണ്ട് നനഞ്ഞിട്ടുണ്ട്. ത്രെ ഉള്ളാ പാവത്തിന്റെ പിണക്കം ചിരിയോടെ തന്നെ കടിച്ചിടത് ചുണ്ട് ചേർത്തോരുമ്മ കൊടുത്ത് ഞാൻ വിട്ടകന്നു.. നിറഞ്ഞ പുഞ്ചിരിയോടെ കണ്ണ് തുടച്ചകത്തേക്ക് കയറിയ ഏട്ടനെ ഞാൻ നോക്കി, പാവം ഒരുപാട് വേദനിപ്പിച്ചിട്ടുണ്ട് ഞാൻ കാരണം., വീട് വീടുവിട്ടിറങ്ങിയ സമയം അയാളെ ഉണ്ടായിരുന്നുള്ളു..

www.kkstories.com

"" നീ കഴിച്ചോ വല്ലോം.. ഇല്ലേൽ പോയി കിളിച്ചു റെഡി ആയി വാ ചെക്കാ ഞാൻ കഴിക്കാൻ എടുകാം..""

ഏട്ടത്തി ന്നോട് അതും പറഞ്ഞകത്തേക്ക് കയറിയതും ഞാൻ റൂമിലേക്ക് നടന്നു അടുക്കളയിൽ ഒച്ച കേൾക്കണ്ണ്ട് അതിപ്പോളെങ്ങും തീരില്ല ന്നറിയാവുന്നത് കൊണ്ട് ഞാൻ റൂമിലേക്ക് കയറി, റൂം എല്ലാം അടുക്കി പെറുക്കി വെച്ചിട്ടുണ്ട്.. ബെഡിൽ മീനുട്ടി ഒറക്കം പിടിച്ചു, ഞാൻ കയറി പല്ലു തേച്ചു ഒന്ന് കുളിച്ചു. തിരിച്ചിറങ്ങുമ്പോൾ ആമി കുളിക്കാൻ ഉള്ള തയാറെടുപ്പിലാണ് മീനുട്ടി ഉണർന്നിട്ടില്ല,

"" തണുപ്പുണ്ടോ വെള്ളത്തിന്... ""

കൈയിൽ മാറി ഇടാനുള്ള ഡ്രെസ്സും എടുത്തവൾ ബാത്റൂമിന്റെ ഡോർ തുറക്കുന്നതിന് മുൻപ് ന്നോടായ് ചോദിച്ചു,

"" ലേശം.. ""

"" ഹ്മ്മ്.. താഴെ അമ്മ തിരക്കണുണ്ടെട്ടനെ, വേഗം ഡ്രെസ്സും മാറി ചെല്ലാൻ നോക്ക്.. ഞാൻ ഒന്ന് കുളിക്കട്ടെ.. ""

ബെഡിൽ കിടന്നുറങ്ങുന്ന മീനുനെ ഒന്ന് നോക്കിട്ടാണ് അവളകത്തു കയറിയത്, ഞാൻ പിന്നെ അവള് ബെഡിൽ എടുത്ത് വച്ചിരുന്ന മെറൂൺ കളർ ഫുൾസ്ലീപ്സ് ഷർട്ടും ഒരു കൈലിയും ഇട്ട്, മുടിയൊന്ന് ചീകിയൊതുക്കി താടിയും ഒന്ന് ലെവൽ ചെയ്ത് മീനുട്ടിക്ക് ഒരു മുത്തവും കൊടുത്ത് താഴേക്ക് ഇറങ്ങി.

എനിക്ക് അധികം ചമ്മലോ, സ്റ്റാർട്ടിങ് ട്രബിളോ ഉണ്ടായിരുന്നില്ല.. നേരെ അടുക്കളയിലേക്ക് കയറി ചെന്ന് എല്ലാരും കേൾക്കാനായി ഒന്നുറക്കെ ചുമച്ചു, അമ്മ ഒന്ന് തിരിഞ്ഞു നോക്കി പിന്നൊരു പുച്ഛഭാവം '' നീ ഏതാടാ നായെ...'' ന്നൊരു ലുക്ക്, അടുത്തുനിന്ന ഏട്ടത്തി ഒന്നുല്ലെടാ ന്ന് കണ്ണ് കാണിക്കുന്നുണ്ട്,,।

"" ഏട്ടത്തി ഇവിടെ ചെലൊര് ന്നെ വിളിച്ചിങ്ങോട്ട് വരാണെന്ന് പറഞ്ഞായിരുന്നേ ന്നീട്ട് ഇപ്പൊ ഒടുക്കത്തെ ജാടയും,, ""

മറുപടി ഒന്നും പറഞ്ഞില്ല ചെയ്തുകൊണ്ടിരിക്കുന്ന ജോലി തുടർന്നതല്ലാതെ,, ഇവരുടെ നാക്കെന്തിയെ...ഇനിയിപ്പോ ഇവരുടെ ഒച്ച റോക്കറ്റ് പോലെ കേറി പോയിട്ടുണ്ടെങ്കിൽ ഇന്നത് ഞാൻ അടിച്ചു താഴെ ഇറക്കും.. അഹ് ഹാ..

"" ഈ തള്ളേടെ ചെവീടെ ഫിലമെന്റ്ടിച്ചു പോയോ.. ""

വല്യ താല്പര്യമില്ലാത്ത മട്ടിൽ ഞാൻ അത് പറഞ്ഞേട്ടത്തിയെ നോക്കി, എന്തിനാടാ ന്ന് കാണ്ണികാണിച്ചിട്ട് അമ്മയെ നോക്കിയ ഏട്ടത്തി ഒന്ന് ഞെട്ടി, പിന്നെ ന്നെ നോക്കി ഓടിക്കൊടാ ന്ന് ശബ്ദമില്ലാതെ ചുണ്ടനക്കി, അതെന്താ സംഭവം ന്ന് നോക്കുമ്പോളേക്കും അമ്മ തിരിഞ്ഞിരുന്നു,

ഹായ് കയ്യിൽ കത്തി.. സബാഷ്...!

"" നാടുവിട്ട് പോന്നോർക്ക് കേറി മേയാനുള്ളതല്ല ഞാൻ..! ദേ ഒരു കാര്യം ഞാൻ പറഞ്ഞേക്കാം ഒരു കൊച്ചിന്റെ തന്തയാണെന്നൊന്നും നോക്കില്ല, കറിക്കത്തിയാ കയ്യിലിരിക്കണത് വരഞ്ഞു തരും.. പൊക്കോ ന്റെ മുന്നിന്ന്...!""

ന്റെ മുന്നിൽ നീട്ടിയ കത്തിയുമായി അമ്മ നിന്ന് പോര് വിളിക്കണത് കണ്ടപ്പോ തന്നെ മനസിലായി ന്റെ കാര്യങ്ങൾക്ക് തീരുമാനം ആയിന്ന്..

ഞാൻ അപ്പോളേ പറഞ്ഞില്ലേ സജിയേട്ടാ.. ഇവിടെ സേഫ് അല്ല.. ഇവിടെ സേഫ്ഫല്ല.

ന്നാലും ചുമ്മാ അവിടെ പണിയെടുത്തോണ്ട് നിന്നൊരാളെ വിളിച്ചു വരുത്തിട്ട് ഈ വീട്ടുകാർ കാണിക്കുന്നത് ശെരിയാണോ...? സംസ്കാരമില്ലാത്തോർ.

"" ആഹ്ഹ ..ങ്ങനെ ന്നെ ഇവിടാരും വേരട്ടുവൊന്നും വേണ്ട, അത് കണ്ട് പേടിക്കുന്നോന്നുമല്ല ഈ ഞാൻ..

ധൈര്യാവോണ്ടകിൽ ഒന്നുടെ കത്തി നീട്ട് പ്പോ കാണാം.. ""

പിന്നെ ദെഷ്യം വരില്ലേ..,

"" പേടിയില്ലെങ്കിൽ പിന്നെന്തിനാടാ നീ അവിടെ പോയിനിന്ന് വെല്ലുവിളിക്കണേ.. ഇങ്ങോട്ട് കേറി നിക്കേടാ നിയ്... ""

ആരെവിടെ പോയിനിന്ന് വെല്ലുവിളിച്ചെന്ന ഇവരി പറയണേ.. ഹേ.., ഞാൻ സ്വയം ഒന്ന് നോക്കി, ശെരിയാണല്ലോ അടുക്കളയിൽ നിന്ന ഞാൻ എങ്ങനെ വാതിൽപ്പടിയിലെത്തി., മാന്നാർ മത്തായി സ്പീകിംഗ് ലെ മുണ്ട് സീനിലെ ഇന്നസെന്റ് നോക്കുന്ന പോലെ ഇരുവരേം നോക്കി ഞാൻ അവിടെ നിന്നളിഞ്ഞു.

"" ഇവനൊരു മാറ്റോമില്ല.. ഇവിടെ വാടാ..""

അമ്മ ഒരു ചിരിയോടെ ന്നെ അടുത്തേക്ക് വിളിച്ചു,

"" കത്തി മാറ്റ്.. ഇല്ലേൽ ചിലപ്പോ നിങ്ങൾക്ക് അതോണ്ട് വരയാൻ തോന്നും.. ""

"" ഇല്ലെടാ നീ വായോ.. ""

www.kkstories.com

പിന്നെ ഞാൻ കാത്തുനിന്നപ്പോലെ അമ്മക്കടുത്തേക്ക് ചെന്നതും, ന്റെ ചെവിൽ അമ്മയുടെ കൈകൾ അമർന്നു, തള്ള പ്ലാനിങ്ങിൽ ആയിരുന്നു.. ഒരുപാട് കെടന്ന് കുതറിട്ട് പോലും അമ്മ പിടിവീട്ടില്ലാ.കൂട്ടത്തിൽ പണ്ട് ഞാൻ ഇവിടിറക്കിയ ഷോ യുടെയും, കാണാൻ വരാത്തതിലുള്ള പദം പറിച്ചിലും കൂടെ ഉണ്ടായിരുന്നു

"" കൊടുക്കമ്മേ നല്ലത്... ന്റെ പേരില് രണ്ട് കൂടുതല് കൊടുത്തോ...!""

വാതൽ പടിയിൽ നിന്ന് അകത്തേക്ക് വരുന്ന ശബ്ദവും രൂപവും ന്റെ മുന്നിൽ ചിരിയോടെ കൈകൾ കെട്ടി നില്കുന്നു..നനഞ്ഞ മുടി തോർത്തിൽ കെട്ടി ഒരു ടോപ്പും ഇട്ടാണ് പെണ്ണിന്റെ നിപ്പ്, നെറുകിൽ സിന്ദൂരം, നെറ്റിയിൽ ചെറിയ മഞ്ഞൾ കുറി, കഴുത്തിൽ താലി അത്രേ ഉള്ളു ഒരുക്കം, പക്ഷെ അവളതിലും സുന്ദരിയായിരുന്നു

"" നിന്റെ പേരിലുള്ളത് ഞാൻ പിന്നെ വിശദമായി എഴുതി തരാട്ടാ... ""

വേദനയിലിടയിലും ഞാൻ ആമിക്ക് നേരെ പല്ലുരുമ്മി, അതോടെ അമ്മ പിടിവിട്ടു, വയറിൽ ഒരു ഇടിയും കിട്ടി സമാധാനം.

"" മീനുട്ടി ഓണർന്നില്ലേ ആമി..?? അവളെയൊന്ന് കാണാഞ്ഞിട്ട്.. ഉറങ്ങുവാണെന്ന് നീ പറഞ്ഞോണ്ട ഞാൻ വന്നു കാണാഞ്ഞേ.. സ്വന്തം പേരക്കുട്ടിയെ നേരിൽ കാണാൻ

കഴിയാത്ത ഒരുത്തിയായിപോയല്ലോ ദൈവമേ ഞാൻ... അതെങ്ങനെ ഉണ്ടാക്കിയ മക്കള് നന്നാകണ്ടെ.!""

ഏട്ടത്തി അരിയുന്ന തക്കാളി യിൽ നിന്ന് ഓരോ കഷ്ണം എടുത്ത് കഴിച്ചതിന് ന്റെ കൈ തണ്ടയിൽ ഒരു തല്ലും തന്നേട്ടത്തി അത് മാറ്റി വെച്ചു, അത് പിടിച്ചു വാങ്ങാൻ ഉള്ള തയാറെടുപ്പിലായിരുന്നു ഞാൻ..അപ്പോളാണ് എനിക്കു നേരെ വന്ന അമ്മയുടെ ആ ചോദ്യം..

"" അതിനിപ്പോ ഞാൻ ന്തോ ചെയ്ത് നിങ്ങള് കണ്ട് പിടിച്ചു കെട്ടുമ്പോൾ നല്ലതിനെ കെട്ടണമായിരുന്നു. പുള്ളിക്ക് ഉണ്ടായതെല്ലാം പുള്ളിടെ സ്വഭാവമല്ലേ കാണിക്കു.. ""

കുറച്ചു നേരത്തത്തെ കൈയാം കളിക്ക് ശേഷം കഷ്ടപ്പെട്ട് പിടിച്ചുവാങ്ങിയ തക്കാളിയുടെ പത്രം ഞാൻ കരസ്ഥമാക്കിയതിൽ ന്നെ നോക്കി ദേഷ്യം കാണിക്കുന്ന ഏട്ടത്തിക്ക് നേരെ കൊഞ്ഞനം കുത്തുകയായിരുന്ന ന്റെ ചന്തിയിൽ പെട്ടന്ന് ഒരു മിന്നലേറ്റ്, പാത്രവും താഴെ വച്ചു ഞാൻ രണ്ട് തവണ തുള്ളിപ്പോയി. മൈര് രണ്ടുത്തുള്ളി മുത്രം പോയിന്നാ തോന്നണേ....

ഇടത്തേക്ക് നോക്കുമ്പോൾ കൈയിൽ ചട്ടുകവും പിടിച്ചു ദേഷ്യത്തിൽ നിൽക്കുന്ന അമ്മ.. അതുകണ്ട് ചിരിക്കാൻ വേറെ രണ്ടെണ്ണവും. ഇവരെന്നെ വിളിച്ചു വരുത്തി മാനസികമായും ശരീരികമായും പീഡിപ്പിക്കാനുള്ള ശ്രമമാണ്.. മിക്കവാറും തള്ളേ ഞാൻ കോടതി കേറ്റും,

www.kkstories.com

"" സ്വന്തം തന്തയെ കുറിച്ചാണോടാ ഇങ്ങനെ പറയണേ... ഏഹ്.. ""

"" സ്വന്തം തന്തയെ പറ്റിയല്ലാതെ കണ്ടവന്റെ തന്തയെ പറ്റി ഞാൻ ന്ത് പറയാനാ... ശെടാ..!""

അടികിട്ടിയ ഭാഗം ഒഴിഞ്ഞു ഞാൻ ദയനീയമായി ചോദിച്ചു.. അത് കണ്ട് ചിരിക്കുന്ന ആമിയെ നോക്കി പല്ലുകടിച്ചു അവൾക്ക് നേരെ തിരിഞ്ഞു.

""കൊച്ചോണർന്നെങ്കിൽ കൊണ്ടോയ് കാണിച്ചു കൊടുകേടി.. ഇല്ലേൽ ഇവരെന്നെ ഇവിടിട്ട് കൊല്ലും.. പിന്നെ നീ ഒറ്റക്ക് പോണ്ട വരും തിരിച്ചു..""

"" നിങ്ങടെ കൊച്ചല്ലേ വേണേൽ കൊണ്ട് കാണിക്ക് ന്നെ കൊണ്ടൊന്നും ഒക്കുകേല... ""

അവളും കൈ മലർത്തി.. ഓഹ് ഹോ ന്നെ തേച്ചതാണല്ലേ..., ന്റെ അവസ്ഥയും സംസാരവും എല്ലാംയതും അവരെല്ലാം ചിരിയായി.. അല്ലേലും ആരാന്റെ അമ്മക്ക് ഭ്രാന്ത് പിടിക്കുമ്പോൾ കാണാൻ നല്ല ചേലാണല്ലോ...

"" വേണ്ടടി വേണ്ട..നീ പോകണ്ട.. അല്ലേലും ഞാൻ ന്നും ഒറ്റകണല്ലോ.., വിഷമമില്ല സന്തോഷേ ഉള്ളു.. ""

തിരിഞ്ഞു നടക്കാൻ ഒരുങ്ങിയ ന്റെ കൈയിൽ ഒരു കൈ മുറുകി.. സംഭവം ഏറ്റ്..! ഹി ഹ്ഹി...

ഇവളെയല്ല... വേണ്ടിവന്നാ ഇവള്ടെ തന്തേ കൊണ്ടുവരെ ഞാൻ പണിയെടുപ്പിക്കും.. ന്നോടാ അവള്ടെ മറ്റേടത്തെ കളി... ദയനീയത മുഖത്തു വരുത്തി തിരിഞ്ഞു ന്താ ന്ന് ചോദിക്കാൻ എനിക്ക് പ്രത്യേകിച്ചോരു ക്ലാസ്സ് എടുക്കണ്ട ആവശ്യവുമില്ലായിരുന്നു.

"" ഏട്ടാ വേഷമായോ... ഞാൻ തമാശക്ക് പറഞ്ഞതല്ലേ.., ന്റെ ഏട്ടൻ ഞാൻ ഉള്ളപ്പോ എങ്ങും പോണ്ടാ ഇവിടെ ഇരുന്നോ.. ഞാൻ വിളിച്ചിട്ട് വരാം മോളെ... ""

ന്റെ കൈ പിടിച്ചാ സ്ലാബിൽ ഇരുത്തി അവളൊരു വേദനയോടെ പറഞ്ഞിട്ട് വെളിയിലേക്ക് പോയി, മണ്ടി....

"" ആ പെണ്ണൊരു പൊട്ടായത് കൊണ്ട് ഇത് നടന്ന്.. അവന്റെ ഒടുക്കത്തെ നാടക ഡയലോഗ്.. ""

ഏട്ടത്തി ഇതെല്ലാം കണ്ട് ആരോടെന്നില്ലാതെ പറഞ്ഞതും ഞാൻ ഒന്നിളിച്ചു കാണിച്ചു ഉടനെ പോടാന്നും പറഞ്ഞോരൊറ്റ ആട്ടും..

"" എനിക്കതല്ലെടി ഇവളെങ്ങനെയാ ഈ ബുദ്ധി വച്ച് ഡോക്ടറായെന്നാ... അല്ലേടാ മോനെ നീ ചുളുവിലക്ക് വല്ലോം വാങ്ങികൊടുത്തതാണോടാ അവൾക്കി ഡോക്ടർ ജോലി... ""

""ഒന്ന് മിണ്ടാതെയിരി ആ പെണ്ണെങ്ങും കേക്കണ്ട..കേട്ടാ പിന്നതു മതി ഇവിടെകിടന്ന് മോങ്ങാൻ..""

"" അവൾക്കൊരു മാറ്റവുമില്ലല്ലേടാ... പഴേയ ആള് തന്നെ.. ""

അവളുപ്പോയ വഴിയേ നോക്കിയമ്മ ഒരു ദീർഘനിശ്വാസം വിട്ടു.

""മ്മ്മ്..., അമ്മേ... യിപ്പോ സിറ്റി ഹോസ്പിറ്റലിലെ വൺ ഓഫ് ദി ബെസ്റ്റ് കാർഡിയോളജിസ്റ്റ് ഡോക്ടറാണെന്നമ്മക്കറിയോ,?? ആ ഒരു ഡോക്ടറിന്റെ ടൈം ഷെഡ്യൂളിനുവേണ്ടി ആളുകൾ വെയിറ്റ് ചെയ്വാണെന്ന് പറഞ്ഞാൽ ഏട്ടത്തി വിശ്വസിക്കുവോ..?

ഇത് രണ്ടും ന്തിനാഞാനിപ്പോ നിങ്ങളോട് പറയണേ ന്നായിരിക്കും നിങ്ങള് ചിന്തിക്കുന്നെ.. പറയാം.. ആ ഡോക്ടറില്ലേ...ആഹ്ഹ് അവരാണ് അമ്മ നുമ്പേ പറഞ്ഞ.., കുറച്ചുമുന്നേ അകത്തോട്ടൊടിപ്പോയ പൊട്ടിപെണ്ണ്.. അമ്മേടെ രണ്ടാമത്തെ മരുമോള്..., ന്റെ ഭാര്യ ഡോക്ടർ മീര മനുവിശ്വനാഥ്. ""

പറയണം ന്ന് കരുതിയതല്ല..., എനിക്കെന്തോ കുറച്ചുമുന്നേ അവളെ പറഞ്ഞത് അങ്ങോട്ട് ഇഷ്ടപ്പെട്ടില്ല.. കാര്യം ഞാൻ ന്റെ പെണ്ണിനെ കളിയാക്കും വട്ടുകളിപ്പിക്കും ബട്ട് മറ്റൊരാൾ..

ഹും ഹും അതുമാത്രം ഞാൻ സഹിക്കില്ല.. ന്തായാലും രണ്ടാളും ഒന്ന് ഞെട്ടി.. മതി എനിക്ക് അത്ര വേണ്ടു.. അതേതായാലും രണ്ടാൾക്കും സന്തോഷമായെന്ന് തോന്നുന്നു, രണ്ടാളുടേം മുഖത്തെ ചിരി മതീല്ലോ അത് മനസിലാക്കാൻ

"" അച്ഛനെന്തിയെ മ്മേ... ""

ചിരിച്ചെന്റെ മുന്നിൽ നിൽക്കണ അമ്മേ കണ്ടപ്പോളാണ് ഞാൻ അച്ഛനെ ഓർത്തത്.. ശെരിയാണല്ലോ പുള്ളി എന്തിയെ..? ന്തായാലും അതിനുള്ള ഉത്തരം കൊടുക്കാൻ ആമി സമ്മതിച്ചില്ല

"" ഇങ്ങോട്ട് വാടി പെണ്ണെ.. ദേ അച്ഛമ്മ ല്ലാം നിന്നെ നോക്കി നിക്കാ വിടെ. അതെങ്ങനെ വന്നപ്പോ കിടന്നതല്ലേ, അച്ഛനും കണക്കാ മോളും കണക്കാ... ""

അതിന്റെടേലും നികേട്ടൊന്നു കൊട്ടി.. ഇവളെ യിനി വളരാൻ അനുവദിചൂടാ നോക്കുമ്പോൾ പിടിച്ചു വലിച്ചു കൊച്ചിനെ കൊണ്ട് വരണ ആമി.., ഇവളെന്താ ഇതിനെ അറക്കാൻ കൊണ്ടോവാണോ.. അമ്മക്കും ഏട്ടത്തിക്കും മുന്നിൽ മാസ്സ് അടിച്ചതെല്ലാം ഈ നാറി കൊളവാക്കുവോ..?

"" ദേണ്ടേ.. അമ്മ തിരക്കിയ ആള്.. ""

www.kkstories.com

അവളെ മുന്നേ നിർത്തി ആമി ഓടി ന്റെ തോളിൽ തൂങ്ങി, സംഭവം നുമ്പേ പുള്ളിക്കാരി ന്നോട് പറഞ്ഞതിന് ഞാൻ റിയാക്ട് ചെയ്തത് കൊണ്ടിട്ടുണ്ട്.. സാധാരണ ഞാൻ അങ്ങനെയൊന്നും പെരുമാറില്ല.. അതാണ്..

ഏതായാലും മീനു നിന്ന് വിയർത്തു, അവരെ ഫോൺ ൽ കണ്ടിട്ടുള്ളതല്ലാതെ നേരിട്ട് കണ്ടിട്ടില്ല..അതിന്റെ എല്ലാ ചടപ്പും ആ മുഖത്തുണ്ട്

"" അച്ഛമ്മേടെ മോക്ക് മനസിലായോടാ... ""

അഹ് പാസ്റ്റ്.. "ഞെട്ടില്ല വട്ടയില പപ്പടം ന്തുവാ" ന്ന് ചോദിക്കുന്ന പോലെയായി കാര്യങ്ങൾ.. അവളെ കെട്ടിപിടിച്ച് മുത്തം കൊടുക്കുന്നതിലുണ്ടായിരുന്നു അമ്മ എത്രയോ കൊതിച്ചെന്ന് ഈ ഒരു നിമിഷത്തിനായി.

ഏട്ടത്തി അവളെ ചേർത്തു പിടിച്ചു , ആ ചുണ്ടുകൾ മീനുന്റെ നെറ്റിയിൽ അമർന്നു ..

"" വലിയമ്മേ അറിയുമോ മോൾക്ക്..? ""

"" എനിക്ക് എല്ലാരേം അറിയാല്ലോ..!"" അവളൊരു ചിരിയോടെ തിരിച്ചു കെട്ടിപ്പിടിച്ചു

"" ആഹ്ഹ് അറിയാവോ... മിടുക്കി "" ഏട്ടത്തി ചിരിയോടെ മറുപടി കൊടുത്തതും

"" നീ പൊടി അവിടുന്ന്... ന്റെ കുഞ്ഞിനെല്ലാരേം അറിയാം ല്ലെടാ...!!

ഒറക്കം കൊണ്ടെന്റെ കുഞ്ഞിന്റെ കോലം കണ്ടോ... സാരല്ലട്ടോ അച്ഛമ്മ കുളിപ്പിക്കവേ...

ടി പിള്ളേരെ എല്ലാം ഒന്ന് നോക്കിയേക്കണം ഞാൻ ന്റെ കുഞ്ഞിനെ ഒന്ന് കുളിപ്പിച്ചേച്ചും വരാം.. ""

"" ന്റെ അമ്മേ അവള് കൊച്ചുകുട്ട്യോന്നും അല്ല.. അവള് തന്നെ കുളിച്ചോളുന്നു.. ""

ആമി അതിനെ തടഞ്ഞുമുന്നോട്ട് വന്നതും കിട്ടി , തവികണ കൊണ്ടൊരു പൊട്ടീര്. അത് കിട്ടിതും അവളടങ്ങി..

"" കിട്ടില്ലേ.... ഇപ്പോ സമാ സമം.. ഒക്കെ., എന്നെപോലെ മിണ്ടാണ്ട് നിന്നോ ഇനി.. ""

ചെവിയോടടുപ്പിച്ചു ഞാൻ രഹസ്യം ന്നോണം പറഞ്ഞതും, അവള് ന്റെ കൈയിൽ ഒരു പിച്ച്..

പിന്നെ വലിഞ്ഞു നിക്കാതെ അവരെ സഹായിച്ചു ഞാൻ അവിടെ കൂടി, ഇടക്ക് ഏട്ടത്തി കാണാതെ ന്റെ പെണ്ണിന്റെ വയറിൽ തഴുകിയും, വിയർപ്പൊട്ടിയ കഴുത്തിൽ മുത്തമിട്ടും ഞാൻ അങ്ങനെ നിന്നു, വേറെയൊനിനുമല്ല അവളുടെയാ കണ്ണുരുട്ടൽ കാണാൻ.

www.kkstories.com

"" ദേ കിട്ടുട്ടോ ന്റേന്ന്... വേണ്ടന്നാണേൽ പൊയ്ക്കോ...!""

ന്റെ പ്രവർത്തി അതിരു കടക്കുമ്പോൾ അവളെന്നെ ശ്വാസിക്കും., അതും നിക്ക് കേൾക്കാൻ പാകത്തിൽ.

"" എടാ അവളെ മണപ്പിച്ചു നടക്കാതെ നീ പുറത്തോട്ട് ചെല്ല്... ആഹ് പെണ്ണവിടെ മനസമാധാനത്തോടെ നിന്നോട്ടേയൊന്ന്..!""

ഛെ... ഏട്ടത്തി ല്ലാം കാറുണ്ടായിരുന്നല്ലേ.ഛെ ഛെ വേണ്ടായിരുന്നു..,പിന്നവിടെ നിന്നില്ല ചമ്മിയ മുഖവുമായി നിൽക്കുന്ന അവളുടെ കവിളിൽ ഏട്ടത്തി കാൺകെ ഒരു മുത്തം കൂടെ കൊടുത്ത് ഞാൻ വെളിയിലേക്ക് ഇറങ്ങി.

"" ഇവന്റെയൊരു കാര്യം.. ""

ചമ്മിനിൽക്കുന്നവളെ നോക്കി ഏട്ടത്തി പണി തുടർന്നു.

****

രണ്ടെണ്ണം അടിക്കാം ന്നുള്ള പ്ലാനിങ്ങിൽ സാധനം എടുക്കാമ്പോവാൻ ഏട്ടനെ കാത്തുനിൽകുവായിരുന്നു ഞാൻ..

"" അപ്പയിതെവിടെ പോവാ... "".

അങ്ങോട്ടേക്ക് വന്ന മീനു നോട് ചോദിച്ചതിന് മറുപടി കൊടുത്തതും, പെണ്ണ് കുളിച്ചു പാട്ടുപാവാടയുമിട്ട് നിപ്പാ..

"" ന്നാ ഞാനും വരാം "" ന്നായി പെണ്ണ്.. ഹോ പിടിച്ച പിടിയിൽ നിൽക്കായിരുന്നവൾ അവസാനം ചോക്ലേറ്റ് വാങ്ങി തരാമെന്ന് പറഞ്ഞപ്പോളാണോന്നടങ്ങിയത്

"" അപ്പയിതാരെയാ നോക്കണേ..? ""

വെളിയിലേക്ക് നോക്കി നഖം കടിച്ചോണ്ടിരുന്ന ന്നോടവൾ ചോദിച്ചതിന് ഞാൻ

"" അത് നിന്റെ വല്യച്ചനെ..! അല്ല മീനുട്ടിക്ക് എല്ലാരേം ഇഷ്ടയോ...? ""

"" മ്മ്.. എല്ലാരേം ഇഷ്ട്ടായി.അച്ഛമ്മക്കും വല്യമ്മക്കും ഒക്കെ ന്താ സ്നേഹം ന്നോട്..പക്ഷെയുണ്ടല്ലോ അപ്പേ അച്ചാച്ചനെ കണ്ടില്ല ഞാൻ.. പിന്നെ ഉണ്ണികുട്ടനേം ""

"" ഹാ അച്ചാച്ചൻ കൃഷിയോഫീസിൽ പോയതാ ടാ.. പിന്നെ ഉണ്ണിക്കുട്ടൻ വരാറായല്ലോ സ്കൂളിന്ന് ""

ഏട്ടൻ വരുന്നത് കണ്ട് മോളോട് കേറിപോക്കോളാൻ പറഞ്ഞു ഞാൻ അവിടെ നിന്നു,

"" മോളെ അപ്പ വെളി പോയകാര്യം നിന്റെ അമ്മയോട് പറയല്ലേ.. ""

"" ഞാൻ പറഞ്ഞത് വാങ്ങിയാൽ പറയില്ല.. ""

"" ഓ ന്തോവേണേലും വാങ്ങി താരമേ..തന്തക്കെട്ട് തന്നെ പണിയെടി പണി.. അതെങ്ങനെ തള്ളേടെ അതെ സ്വഭാവമല്ലേ.. ""

ഏട്ടന്റെ അടുത്തേക്ക് നടന്നോട് ഞാൻ പൊറുപൊറുത്തു, ഏട്ടൻ അടുത്തെത്തിയതും

"" കിട്ടിയാ... "" മുന്നോട്ടേക് കയറിനിന്ന് ചോദിച്ച ചോദ്യത്തിന് പുള്ളി തല കുലുക്കിയതും, ഒന്നും മിണ്ടാതെ നേരത്തെ പോയി റെഡി ആക്കിയ വെള്ളമടി സെറ്റപ്പിലേക്കാണ്, പിന്നെ പറയണ്ടല്ലോ ഒരു ഫുള്ളും ഞങ്ങളു രണ്ടാളും.. ആഹ്ഹ് സഹോദര സ്നേഹമായാൽ ഇങ്ങനെ വേണം... പക്ഷെ വർഷങ്ങൾക്ക് ശേഷം കണ്ട അനിയന് ചേട്ടൻ വാങ്ങിക്കൊണ്ടു വന്ന സാധനം "റം " മോശമായി പോയി.. ഞാനൊരു ജാക്ക് ആ പ്രതീക്ഷിച്ചതു. ഹ്മ്മ് കിട്ടിയത് ആയി..

www.kkstories.com

ചറ പറാന്ന് അടിതുടങ്ങി.. നേരം ഇരുട്ടും തോറും ഫോണിലെ ഡിസ്പ്ലേ ഇടയ്ക്കിടെ മിന്നിമറഞ്ഞു, ഒരു വെളിച്ചതിനെന്നപോലെ...!

പക്ഷെ ഞങ്ങളു രണ്ടാളും കട്ടക്ക് നിന്നു., ഉഫ് ഏട്ടൻ ഒരു മുഴുകുടിയൻ തന്നെ.. ഐ ആം പ്രൌട് ഓഫ് മൈ ബ്രോ..

റോഡിലെ അരണ്ട വെളിച്ചത്തെ കീറിമുറിച്ചു കൈയിലെ ഫോൺ പ്രകാശം വെച്ചു നീട്ടുമ്പോൾ ആ പാത പിന്തുടരാൻ താമസിച്ചില്ല.., നേരെ കേറിച്ചെന്നതും ഉമ്മറത്ത് ഇരുന്ന് ആരൊക്കെയോ പ്രാർത്ഥിക്കുന്നുണ്ട്.. സൂക്ഷിച്ചു നോക്കിയപ്പോ ഏടത്തി യും ന്റെ ഭാര്യയും ഉണ്ണിക്കുട്ടനും ഉണ്ട്..

പിന്നാരാ..... കണ്ണൊന്നു കൂർപ്പിച്ചു ശ്രദ്ധ പിടിച്ചു അത്രേം പേര് തറയിൽ ഇരുന്നു പ്രാർത്ഥന ചെല്ലുമ്പോൾ ഏതാവനടാ കസേരയിൽ ഇരുന്ന് പത്രം വയ്ക്കുന്നെ.. ആരാടാ ഇയ്യാള്...? എന്നാലും അതല്ലല്ലോ..എവിടെയോ വെച്ച് കണ്ട പരിചയമുണ്ട്....?

യാ ഗെറ്റ് ഇറ്റ്.. ദാറ്റ്സ് മൈ തന്തപ്പടി.. കൊച്ചു കള്ളൻ ഇപ്പോളുമുണ്ടല്ലേ..., എന്നെ പണ്ടിറക്കി വിട്ട വല്യ ആളാ.. ഒന്ന് ബഹുമാനിച്ചെകാം ഞാൻ ഉടുത്തിരുന്ന കൈയിലിയുടെ മടിക്കുത്തഴിച്ചു. ബഹുമാനം..ബഹുമാനം. പുള്ളിടെ മടിയിൽ മീനുട്ടിയും ഉണ്ട്,

"" എവിടെയായിരുന്നെടാ ഈ നേരം വരെയും..""

www.kkstories.com

ഇയാളിത്..., പാൽവാൽ ദേവന്റെ ദേഷ്യത്തിന് കുറവൊന്നുമില്ല.. പിന്നെ മിണ്ടാൻ പോയില്ല,ഇനിയും ചിലപ്പോ ന്നെ ഇറക്കി വിട്ടാലോ.. അപ്പോളും ഞങ്ങളെ നോക്കി നിക്കാണ് കള്ള കെളവൻ

ഞാൻ തറയിൽ ഇരിക്കുന്നവരെ ഒന്ന് ഇടം കണ്ണിട്ട് നോക്കി, ഓഹ് സംശയിച്ചപ്പോലെ ആ കണ്ണുകൾ ന്നെ സ്കാൻ ചെയ്യുന്നുണ്ട്.. പ്പൊ ഇന്ന് സുഖമാ..

"" എടാ ചോദിച്ച കേട്ടില്ലേ.. ""

"" ഞങ്ങള് ജംഗ്ഷനിലുണ്ടായിരുന്നു.. ""

"" മ്മ് ഇവന്റെ വായിൽ നാവില്ലേ... അതോ ഇനി മിണ്ടില്ലെന്നുള്ള ശപതം വല്ലതും... ""

"" ഏയ്യ് ഇല്ലച്ചാ.. ഞാൻ ചുമ്മാ കുറെ ആയില്ലേ.അങ്ങോട്ടൊക്കെ പോയിട്ട്.. അച്ഛന് സുഖമല്ലേ..""

അച്ഛന് ചോദ്യത്തിനു പൂർണ്ണത നൽകാതെ ഞാൻ മറുപടി കൊടുത്തതും അച്ഛനൊന്ന് ചിരിച്ചു., പിന്നെ ചുരുക്കം ചില കാര്യങ്ങൾ കൂടെ പറഞ്ഞിട്ട് ഞാൻ കുളിക്കാൻ പോവാ ന്ന് പറഞ്ഞകത്തേക്ക് കേറി.. അവളുടനെ വരില്ലെന്ന് അറിയാവുന്നത് കൊണ്ടും,

അവൾക്കെന്തോ സംശയം ഉള്ളതുപോലെ തോന്നിയതുകൊണ്ടും ഞാൻ മനസ്സില്ലാ മനസ്സോടെയൊന്നു കുളിച്ചു. തിരിച്ചിറങ്ങുമ്പോൾ അവൾ ഇല്ലാത്തതു കാര്യമാക്കി ഞാൻ കേറി കിടന്നു.. ഒരു പത്തുമിനിറ്റ് കഴിഞ്ഞതും അകത്തേക്ക് ആരോ വരുന്നത് പോലെ.. ആരാണെന്ന് അറിയാവുന്നത് കൊണ്ട് നെഞ്ച് പട പാടെന്ന് ഇടിക്കാൻ തുടങ്ങി.

അവളുടെ ശ്വാസം ന്റെ മുഖത്തേക്ക് തട്ടിയകലുമ്പോൾ ഞനൊന്ന് വിറച്ചു,

പുല്ല്..ഇവളിത്ര അടുതെത്തിയോ.. ഇനി രക്ഷയില്ല. മണം പിടിക്കുന്നതിനു മുന്നേ ചത്തപോലെ കിടക്കാം.. ഒരു ഒർജിനാലിറ്റിക്ക് വേണ്ടി കൂർക്കം വലിച്ചാലോ., അല്ലേൽ വേണ്ട പെണ്ണ് ചിലപ്പോ ചേരവവായ്ക്ക് കിറികെട്ട് കുത്തി തരും.,

****

ന്നാൽ കള്ളഉറക്കം നടിച്ചു കിടക്കുന്ന അജുനെ കണ്ടപ്പോ ചെറിയ ചിരി വന്നെങ്കിലും അവളത് പുറത്തു കാട്ടില്ല.എന്തോ ഒപ്പിച്ചിട്ടുള്ള വരവാ അതെന്ന് അവൾക്കറിയാമായിരുന്നു, അതാ ഒന്നുമിണ്ടണ്ട് വന്ന് കിടക്കണേ.. താഴെ കിടന്ന് പരുങ്ങുന്നത് കണ്ടതെയൊരു ഡൌട്ട് അടിച്ചതാ., അവളൊന്ന് ചുറ്റും നോക്കി, ആ ചുണ്ടിലൊരു ചിരി വന്നുചേർന്നു ഒന്നുമറിയാത്ത കുഞ്ഞിനെ കണക്കെ കിടക്കുന്ന അജുവിന്റെ ചന്തി നോക്കി മൂലയിലിരുന്ന ഹങ്കർ കണക്ടർ കൊണ്ടൊന്നു പൊട്ടിച്ചു ,, ഹൌ... ന്നൊരു നിലവിളിയോടെ അവനൊന്ന് തുള്ളിപ്പോയി..,

www.kkstories.com

****

"" ന്താടി പൂതനെ നിനക്ക്.. മനുഷ്യനെ ഉറങ്ങാനും വിടില്ലേ... ""

"" നിങ്ങളെ ഞാനോറക്കിത്തരാം. ഹോ കുളിയൊക്കെ കഴിഞ്ഞോ.. ഹ്മ്മ് ""

നൈറ്റിയുടെ ഒരുഭാഗം ഇടുപ്പിൽ കുത്തി അവളെന്റെ നേരെ വന്നതും. ന്നെയൊന്ന് അടിമുടി നോക്കി, പിന്നെ ഞാൻ പറഞ്ഞപോലെ പട്ടി മണം പിടിക്കണപോലെ ന്റെ മുഖത്തിന് ചുറ്റും മണപ്പിടിച്ചു നോക്കാൻ തുടങ്ങി,

"' ന്താടി....!!"" ഞാൻ അവൾക്ക് നേരെ ഒന്ന് ചാടി,, ചുമ്മാ കാര്യം ഒന്നുമില്ലെന്ന് അറിയാമെങ്കിലും

"" സത്യം പറയണം കുടിച്ചിട്ടുണ്ടോ...? ""

"" കുടിക്കെ.. ഇല്ല.. ""

"" പിന്നെവിടുന്നാ ഈ മണം., ഒന്നുതിയെ...!""

"" പിന്നെ ഊതി.. നിനക്ക് വട്ടാ പെണ്ണെ, ഉറങ്ങിക്കൊണ്ടിരുന്ന ന്നെ വിളിച്ചുണർത്തിയിട്ട്.. മാറ് കിടക്കട്ടെ.. "

"" മ്മ്... ന്തോ ഒപ്പിച്ചിട്ടുണ്ട്.. മ്മ് സാരല്യ ഞാൻ കണ്ട് പിടിച്ചോളാം.. ""

"" ഓ... "" ഞാൻ തലവഴി പുതപ്പിട്ട് മൂടി, ഫുൾ സ്പീഡിൽ കറങ്ങുന്ന ഫാനിന്റെ ശബ്ദം ചെവികളെ നിഛലമാക്കി കണ്ണിലേക്കിരുട്ട് കയറിവന്നു.

****

Flash back

"" ഏയ് പേടിക്കണ്ടാ, എത്രയും പെട്ടെന്ന് നിങ്ങള് st marys ഹോസ്പിറ്റലിൽ എത്തണം.. ""

"" ഹെലോ....! ഹെലോ..?? ""

അത്രേം പറഞ്ഞയാൾ ഫോൺ കട്ടാക്കി., ന്റെ കൈ കാലുകൾ വിറക്കാൻ തുടങ്ങി, മാഗി.. അവൾ..

ഞാൻ ആരെയാ വിളിക്യാ.. ആരോടാ ഒന്ന് പറയാ.. വേണ്ട ഇപ്പൊ ആരേം ഒന്നുമറിയിക്കണ്ട, ഒട്ടും താമസിയാതെ ബൈക്കും സ്റ്റാർട്ടാക്കി ഞാൻ നേരെ ഹോസ്പിറ്റലിലേക്ക് കത്തിച്ചു.. നേരെ റിസപ്ഷനിലേക്ക് ഓടി കയറുവായിരുന്നു ഞാൻ..

"" ഒരു മാഗി.. മാഗിന്ന് പറയുന്ന ഒരു കുട്ട്യേ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഒന്ന്.... ഒന്നുനോക്കി പറയാമോ.? ""

കിതക്കുകയായിരുന്നു ഞാൻ..ന്നാൽ ന്റെ പരവേഷമൊന്നും കണ്ടിട്ട് അവർക്ക് യാതൊരുവിധ മാറ്റവും ഉണ്ടായില്ല.. ഇതിലും എത്രയോ വല്യ കേസുകൾ കാണുന്നവരയതു കൊണ്ടാകും.

അവർ പറഞ്ഞു തന്നിടത്തേക്ക് ഓടുകയായിരുന്നു ഞാൻ.. ചെല്ലുമ്പോ ആ റൂമിന്റെ വാതിലിൽ രണ്ട് പോലീസ്., ന്റെ കണ്ണുകൾ നിറഞ്ഞു, ന്ത് പറഞ്ഞു ഞാൻ ഇനി അവളുടെ അച്ഛനെ സമാധാനിപ്പിക്കും എങ്ങനെ എല്ലാരേം പറഞ്ഞു സമാധാനിപ്പിക്കും,

ഞാൻ അവരോട് കാര്യം പറഞ്ഞപ്പോ ന്നെ അടിമുടി നോക്കി പിന്നെ ഡോർ തുറന്നു.. തുറന്നതും ശെരിക്കും ഞെട്ടി ഞാൻ.

ബെഡിൽ കിടക്കുന്ന മാഗി നോട്ടത്തിൽ കാര്യമായ കുഴപ്പങ്ങൾ ഒന്നും തന്നെയില്ല, അങ്ങനെ വരാൻ സാധ്യതയില്ലല്ലോ.., ഞാൻ അവളുടെ അടുത്തുനിന്നു. എന്തോ എടുത്ത് പുറത്തേക്ക് പോകാൻ നിൽക്കുന്ന ഒരു നേഴ്സ് പെങ്കൊച്ചിനോട് കാര്യം ചോദിച്ചു.

"" അൽക്കഹോളിക് കേസാ,, എവിടെയോ കിടന്ന് ബഹളം വച്ചതിനു പോലീസ് പിടിച്ചോണ്ട് വന്നതാ ടെസ്റ്റ് ചെയ്യാൻ, പക്ഷെ ഹോസ്പിറ്റലിൽ വന്നതും ആള് തലകറങ്ങി വീണ്.."

ഞാനവളെയൊന്നു നോക്കി, ന്താ ആ കിടപ്പ് കൈ ഒക്കെ കൂടിപ്പിടിച്ചു സമാധാനത്തോടെ കിടക്കുന്നു..അടിച്ചോരു ബോധവുമില്ലാണ്ട് കിടക്കണ കിടപ്പ് കണ്ടില്ലേ ചെറ്റ., കാൾ വന്നപ്പോ ന്റെ നല്ല ജീവനങ്ങ് പ്പോയി ഇവളിതുവല്ലതും അറിയുന്നുണ്ടോ.. ഇവൾക്കെവിടുണാവോ സാധനം..?

അവരെ നോക്കി ഒരു നന്ദിയും പറഞ്ഞു ഞാൻ അവൾക്കരികിൽ ഇരുപ്പായി, കുറച്ചു കഴിഞ്ഞതും പുറത്തുണ്ടായിരുന്ന പോലീസ് ഡോർ തുറന്നകത്തേക്ക് വന്നു, അതിലൊരു ലേഡി കോൺസ്റ്റബിൾ ഉണ്ടായിരുന്നു, കൈയും കാലും പിടിച്ചു പറഞ്ഞതുകൊണ്ട് അവർ കേസാകില്ല. ആരോ ജ്യൂസ് ൽ കലർത്തി കൊടുത്തതാണെന്ന് പറഞ്ഞപ്പോ അവർ അത് വിശ്വസിച്ചു.. ഇല്ലേൽ മൂഞ്ചിയേനെ..!

പിന്നെ ഞാനും അവിടെയിരുന്നു ഉറങ്ങിപ്പോയി, രാവിലെ എണ്ണിക്കുമ്പോളും അവളുറക്കമായിരുന്നു ഞാൻ ബാത്റൂമിൽ കേറി ഒന്ന് ഫ്രഷ് ആയി, രാവിലെ അവളെ നോക്കാൻ വന്ന ഡോക്ടറേ കണ്ട് ഡിസ്റ്റർജ് ന്റെ കാര്യവും ശെരിയാക്കി, ഒന്നുണർന്നാൽ പോകാമെന്നു പറഞ്ഞതും ഞാൻ അവൾക്കരികിൽ വീണ്ടും ഇരിപ്പായി.. അപ്പോളാണ് ഫോൺ അടിക്കുന്നത്

www.kkstories.com

"" ഇത് പോലീസ് സ്റ്റേഷനിലിൽ നിന്നാണ് അജുന്ന് പറയുന്ന ആളല്ലേ..?? ""

"" അതെ...!""

"" നിങ്ങളുടെ ഫ്രണ്ട് ഒരു വിഷ്ണു. അയാൾ ഇവിടെ പോലീസ് സ്റ്റേഷനിലുണ്ട്, രാവിലെ ഒരു വക്കിലുമായിവാ..ബാക്കിയൊക്കെ ഇവിടെ വന്നിട്ട്..."

. "" ആഹ്ഹ് വരാം സർ.. ""

ഓ അപ്പോ രണ്ടും കൂടെ അടിച്ചു കോൺ തിരിഞ്ഞു എവിടെയോ പോയ് തല്ലുണ്ടാക്കിയതാ, ന്നിട്ട് കിടക്കണ കണ്ടില്ലേ ശവം..!

"" ഡീ... ഡീ.. ""

"" മ്മ്.. ചേട്ടാ ഒരു പൊന്മ്മാൻ ബീറുടി... ""

ഉറക്കത്തിൽ തന്നെ വലതുകൈ പൊക്കി ഒരണം ന്ന സിംബൽ.. കാണിച്ചു തരാടി നിനക്ക് ഞാൻ പൊന്മ്മാനെ..

"" അവള്ടെ അച്ഛന്റ്റെ പൊന്മ്മാൻ... ച്ചീ എണ്ണിക്കെടി പുല്ലേ...!""

പറഞ്ഞു തീർന്നതും കൊടുത്തു അവള്ടെ ചന്തിക്കെട്ടൊരു ചവിട്ട്,, അതോടെ നിലത്തു കിടന്നു ഒന്ന് ഉരുണ്ട പെണ്ണ് കണ്ണ് തിരുമ്മി ചുറ്റും നോക്കി,

"" അയ്യോ സാറേ ന്നെയിടിക്കല്ലേ ഞാൻ... ഞാനല്ല അവനാ ആദ്യം ന്നെ.. ""

"" ടി പോത്തേ... നീയെന്തൊക്കെയാ പറയണേ...!!""

ഞാൻ ഒന്ന് തട്ടിയതും കണ്ണു തുറന്നു ചുറ്റും നോക്കി, കാര്യം മനസിലായതുകൊണ്ടാകാം ഒന്നും മിണ്ടില്ല, ഒന്ന് നേരെ നിന്ന് ചുറ്റും ഒന്ന് വീക്ഷിച്ചു ന്നിട്ട് നേരെ ബാത്റൂമിൽ കേറി മുഖവും കഴുകി ന്റെ മുന്നിൽ വന്നിട്ട് ഒരു ഡയലോഗ്

"" ബില്ല് സെറ്റിൽ ചെയ്തില്ലേ.. ന്നാ നമ്മക്ക് ഇറങ്ങാം.. ""

മറുപടി ഒന്നും പറയാതെ ഞാൻ അവൾക്കൊപ്പം നടന്നു, ബില്ലും പെ ചെയ്ത് അവളുമായി ഞാൻ നേരെ പോയത് പോലീസ് സ്റ്റേഷനിലേക്കാണ്

"" എടാ അറിയാതെ അടിച്ചൊയത അവനെ.. സത്യം അവൻ ചാകുന്നു കരുതില്ല ന്നെ പോലീസിന് പിടിച്ചു കൊടുക്കല്ലേടാ... ""

പോലീസ് സ്റ്റേഷൻ ന്റെ ബോർഡ് കണ്ടതും പെണ്ണ് പുറകിലിരുന്നു ഞെരിപിരി കൊള്ളാൻ തുടങ്ങി. ആരെ അടിച്ചെന്ന ഇവളി പറയുന്നേ.. ദൈവമേ വിഷ്ണു.....

നേരെ അകത്തേക്ക് വണ്ടി എടുക്കുമ്പോൾ അവളുടെ ഫുൾ ഗ്യാസും പോയിന്ന് പറയാം.. പിന്നേം കിടന്നാലച്ചപ്പോ

"" ഓ ഒന്ന് മിണ്ടാണ്ടിരി മൈരേ.. അവൻ ആ പൊട്ടൻ വിഷ്ണു ഇവിടെ ഉണ്ട് അവനെ ഇറക്കാനാ അല്ലാണ്ട് നിന്നെ പിടിച്ചോടുക്കാനൊന്നുമല്ല.. സംശയം ഉണ്ടേൽ ദേ നോക്ക് വക്കില് വന്നിരിക്കുന്നത് നോക്ക്.. ""

ഹോസ്പിറ്റലിൽ നിന്നിറങ്ങിയപ്പോളെ അറിയാവുന്ന ഒരു ലോയറെ വിളിച്ചിരുന്നു.ഞാൻ വരുന്നത് കണ്ടതും അദ്ദേഹം ന്റെ അടുത്തേക്ക് വന്നു

"" അജു താൻ പറഞ്ഞപോലെ ഇത് വെള്ളമടിച്ചേനല്ല അയാളെ കാസ്റ്റഡിയിലെടുത്തേക്കുന്നെ, ആരുമായോ അടിപിടി ഉണ്ടായതിനാണ്.."

ഞാൻ മാഗിയെ നോക്കി, അവള് പറ്റിപോയെടാ ന്ന് കണ്ണു കാണിക്കുന്നുണ്ട്.. പിന്നെ പോലീസിനോട് പറയല്ലെന്നും.

"" ഇനിയിപ്പോ ന്താ വക്കിലെ ഒരു വഴി..""

"" സീ... അവരിപ്പോ FIR ഇട്ടിട്ടൊന്നുമില്ല, si എനിക്ക് അറിയാവുന്ന ആളാണ്.. ഞാൻ ഒന്ന് പറഞ്ഞു നോക്കാം.. ""

"" വല്യ ഉപകാരം വക്കിലെ..!"".

അതിനയാൾ കനത്തിലൊന്നു മൂളി, അകത്തേക്ക് നടന്നു പുറകെ ഞങ്ങളും..പുള്ളി si യേ കണ്ട് കാര്യങ്ങൾ പറഞ്ഞു, നഷ്ടപരിഹാരമായി ചോദിക്കുന്ന പൈസ കൊടുത്തോളം ന്നുള്ള ഉറപ്പിൽ വിട്ടയച്ചു, നല്ലിടി കിട്ടിട്ടുണ്ട്.. വയ്യവന് , ഇടക്ക് മാഗി പിടികാം ന്ന് പറഞ്ഞപ്പോ നോക്കി ചെറയുന്നുണ്ടായിരുന്നു..പിന്നെ അതൊരു പോലീസ് സ്റ്റേഷൻ ആയത് കൊണ്ട് അവനൊന്നും മിണ്ടില്ലന്ന് മാത്രം,

വക്കിലിന്റെ ഫീസും, അവർക്കുള്ള നഷ്ടപരിഹാരവും കൊടുത്ത് കേസ് സോൾവാക്കി..

നേരെ വണ്ടി വിട്ടത് ന്റെ ഫ്ലാറ്റിലേക്കാണ്, അവന് അവന്റെ ബൈക്ക് ഓടിക്കാൻ വയ്യാത്തത് കൊണ്ട് മാഗിയാണ് അതെടുത്തത് ന്റെ പുറകിൽ അവനും..നേരെ താങ്ങി റൂമിൽ എത്തിച്ചു രണ്ടാൾക്കും കുടിക്കാൻ ജ്യൂസും കൊടുത്ത് ഞാൻ വിടെ കസേരയിൽ ഇരുന്നു.

"" രണ്ടിനേം ഇനി വെളിയിലങ്ങാനും കണ്ടാൽ, കാല് ഞാൻ വെട്ടും..

കൈയും കാലും പിടിച്ചാ ഇപ്പൊ ഇറക്കിയത്.., എടാ... എടാ മറ്റെമോനെ നിനക്ക് ന്നായിരുന്നെടാ ഇത്രക്ക് കഴ അവിടെപ്പോയി തല്ലുണ്ടാക്കാൻ ""

www.kkstories.com

ഞാൻ അതും പറഞ്ഞു രണ്ടിനേം നോക്കി, അത് കേട്ടപ്പോ വിഷ്ണു മാഗിയെ നോക്കി പല്ല് കടിച്ചു, ഇവളെന്തോ ഒപ്പിച്ചതാ..

"" എടാ ഞാനല്ല ഈ പുന്നാര മോളാ രാത്രിയിൽ കിടന്നുറങ്ങിക്കൊണ്ടിരുന്ന ന്നെ വിളിച്ചു കൂട്ടികൊണ്ട് വരാൻ പറഞ്ഞെ.. ഇവള് നാട്ടിൽ പോയിട്ട് വരുന്നതായത്കൊണ്ട് ഞാൻ ചെന്നു. ആപ്പോ ഇവൾക്ക് ബിയർ കുടിക്കണം ന്ന്..പുല്ല്..! നിവർത്തിയില്ലാതെ വാങ്ങികൊടുത്തു, അതും അടിച്ചി അലവലാതി കണ്ണിൽ കണ്ടവന്റെ തന്തക്ക് വിളിച്ചു പിന്നെനിക്കൊന്നും ഓർമ്മയില്ലടാ..കണ്ണിൽ ഒരു വെളിച്ചം വന്നതും ന്റെ ബോധം പോയി പിന്നെ ഞാൻ കണ്ണുതുറക്കുമ്പോൾ പോലീസ് സ്റ്റേഷനിലാ.. ബോധം വീണപ്പോ അവിടുന്നും കിട്ടി കുറെ..ഇയ്യോ മൊത്തത്തിൽ ഇനിയൊന്നു പുഴുങ്ങിഎടുക്കണം ന്നെ..""

"" ന്തായാലും അവന്മാര് കുറച്ച് സീൻ ആണെന്നാ വക്കില് പറഞ്ഞെ.. കേസ് ക്ലോസ് ആക്കിയെങ്കിലും നിങ്ങള് തത്കാലം ഇവിടെ നിക്കണ്ട, പിന്നെ ഞാൻ ഇന്ന് വൈകിട്ട് നാട്ടിപ്പോകും, ആ പെണ്ണെനിക്കൊരു സമാധാനവും തരുന്നില്ല.. ""

"" നീയെന്താ ഇപ്പൊ പറഞ്ഞുവരണേ...? ""

വിഷ്ണുവാണ് ഇടികിട്ടിയ ഭാഗവും ഒഴിഞ്ഞിരിക്കുന്നതു കണ്ടാൽ സഹികൂല, നല്ലിടി കിട്ടിട്ടുണ്ട്. അവനെന്തായാലും റസ്റ്റ് അത്യാവശ്യമാ... ഇവിടെ പിന്നൊരുത്തിടെ നാക്ക് ആ സ്റ്റേഷനിൽ വെച്ചു പോയതാ..സകല കൊള്ളരുതായിമ്മയും കാണിച്ചിട്ട് തല കുമ്പിട്ടു ഇരിക്കണ കണ്ടില്ലേ...! ശവം '

"" ഞാൻ ഇവള്ടെ പപ്പയേ വിളിച്ചു സംസാരിച്ചിട്ടുണ്ട്.. നിങ്ങള് അങ്ങോട്ട് വിട്ടോ.. ഓഫീസിൽ ഞാൻ പറഞ്ഞോളാം.. ""

ആദ്യം കുറെ സമ്മതക്കുറവ് കാണിച്ചെങ്കിലും പിന്നീട് അവർ പോകാൻ തീരുമാനിച്ചു, അങ്ങനെ പാക്ക് ചെയ്യാൻ അവർ അവരുടെ ഫ്ലാറ്റിലേക് പോയതും, ഞാൻ ഓഫീസിലേക്ക് വിളിക്കാൻ ഫോൺ എടുത്തു, എടുത്തപ്പോ കണ്ട് പെണ്ണിന്റെ ഇരുപത്തിയെഴു മിസ്സ് കാൾ ..

ദൈവമേ മിക്കവാറും ഞാനും ഇവരുടെ കൂടെ നാട് വിടണ്ട വരുന്നാ തോന്നണേ. പുള്ളിക്കാരി വിളിക്കുന്ന സ്പോട്ടിൽ ഫോൺ എടുത്തോളാണമെന്നാ കല്പന, ആ ഒരു ഉറപ്പിന്റെ പേരിലാ വിട്ടേക്കുന്നെ., വിളിച്ചാലോ പരിഭവം പറയണതല്ലാതെ പെണ്ണിന് നേരമില്ല., ആ കാട്ടികൂട്ടലുകൾ കണ്ടാ ഞാൻ നേരത്തെ പോകാം ന്ന് വച്ചേ,, അതും അവളോട് പറഞ്ഞിട്ടില്ല.

എന്തായാലും അങ്ങോട്ടേക്കല്ലേ പോണേ..എടുക്കണ്ട ഒരു സർപ്രൈസ് കൊടുകാം ന്ന് കരുതിയതും പിന്നേം ഫോൺ ബെൽ അടിക്കാൻ തുടങ്ങി..

www.kkstories.com

"" ആമി മോളെ... ""

"" മോളല്ല മോൻ.... ദേ മനുഷ്യാ ന്നെക്കൊണ്ടൊന്നും പറയിപ്പിക്കല്.. എവിടായിരുന്നു ഇത്രേം നേരം. ഞാൻ ന്തോരം വിളിച്ചുന്നറിയോ..,? ആ ഫോണോന്ന് എടുക്കാൻ പറ്റാത്തത്ര ന്ത് തിരക്കാ നിങ്ങൾക്കവിടെ ഏഹ്.. ബാക്കിയുള്ളോൻ ഇവിടെ തീ തിന്നുവായിരുന്നു അറിയോനിങ്ങക്ക്.. ഹലോ..""

കാൾ അറ്റൻഡ് ചെയ്തതെ കേട്ടത് ഇതാണ്.. ഞനാണെകിൽ സ്പീക്കർ പൊത്തിപ്പിടിച്ചു നിന്ന് ചിരിയോടെ ചിരി.. അത്രേം പറഞ്ഞിട്ടും മറുതലക്കൽ നിന്നൊന്നുവരാത്ത കൊണ്ട് അവളൊന്നുടെ ഹലോ വച്ചതും..

"" പറഞ്ഞോ കേൾക്കണ്ട്.. ""

"" അഹ് കേൾക്കണുണ്ടോ..? നന്നയി.. ""

അവള് വീണ്ടും കലിപ്പിട്ടതും

"" ഹാ.. ചൂടാവാതെ പെണ്ണെ... രാവിലെ കുറച്ച് അത്യാവശ്യകാര്യത്തിലായി പോയ് അതല്ലേ.. നീ ഒന്ന് ഷെമിക്ക്..!""

"" മ്മ്.. എവിടാ ഇപ്പൊ.. കഴിച്ചോ വല്ലോം..? ""

"" ഈ നിസാര കാര്യം ചോദിക്കാനാണോ നീ ഈ കണ്ട വിളിയെല്ലാം വിളിച്ചേ...!""

"" ആണെങ്കിൽ...!!!! ന്തേ വിളിക്കാൻ പാടില്ലേ...! ങ്കിൽ ഒരു കാര്യം ചെയാം ഇനി വിളികണില്ല, ഞാൻ പോവാ.. ""

മറുപടി പറയുന്നതിന് മുന്നേ പെണ്ണ് കെറുവിച്ചു ഫോൺ വെച്ചു.. തിരിച്ചു വിളിക്കാൻ നിന്നില്ല, ഇനിയിപ്പോ നേരിട്ട് ചെന്ന് പിണക്കം മാറ്റം.. അതാകുമ്പോൾ കിട്ടാനുള്ളത് നേരിട്ട് വാങ്ങാലോ..'

അത് വച്ചതും ഞാൻ ഓഫീസിൽ വിളിച്ചു മൂന്നാളുടെ ലീവ് സെറ്റാക്കി. ഗായത്രി മാഡം ഉയിർ ടാ...

****

ഫ്ലാറ്റും പൂട്ടി മണിക്കുട്ടന്റെ കയ്യിൽ താക്കോലും കൊടുത്തിറങ്ങുമ്പോൾ, വിശേഷം അറിയാൻ കുറച്ചാളുകൾ വന്നു.. പിന്നെ കുറച്ചു നേരം അവരോടും കത്തി വെച്ചു നിന്നു.പിന്നെ താഴേക്ക് ഇറങ്ങി മാഗിയുടെ പോളോ സ്റ്റാർട്ട് ആക്കി,.

www.kkstories.com

ആമിക്ക് വേണ്ട സാധനങ്ങളും പിന്നെ കുഞ്ഞിന് വേണ്ട ഉടുപ്പുകളും , ഇനിയിപ്പോ ഡെലിവറി ക് അധിക ദിവസം ഇല്ലാലോ.. അതോണ്ട് വാങ്ങിച്ചു, ന്തൊകെ വാങ്ങിയാലും പെണ്ണിന് വാങ്ങില്ലേൽ ഇപ്പൊ സീൻ ആകും.. അത്കൊണ്ട് അക്കൗണ്ടിൽ കിടന്ന അതിനയ്യായിരം രൂപ എങ്ങോ പോയി..

ഏറെ നേരത്തെ യാത്രകൊടുവിൽ വീട്ടിലേക്കുള്ള മൺ റോഡ് പിടിക്കുമ്പോൾ, അവളുടെ റിയാക്ഷൻ ആണ് ന്റെ മനസ്സ് മുഴുവൻ, തെണ്ടി സർപ്രൈസ് ആകോ.? അതോ ഇനി ചിരവ എടുക്കോ..?? വണ്ടി ഞാൻ അല്പം വേഗത്തിൽ വിട്ടു. വീട് കാണാൻ പാകത്തിനായതും അയല്പക്കത്തെ രണ്ട് ചേച്ചിമാർ അവിടെ നിൽക്കുന്നത് ഞാൻ കണ്ടു. അമ്മേ കാണാൻ ആവും ന്ന് ഞാനങ് കരുതി..

ന്നാൽ തൊട്ട് പിറകെ ഇട്ടിരുന്ന മാക്സി ക് മുകളിലൂടെ യിട്ട ഷാളിന്റെ തുമ്പ് കടിച്ചു പിടിച്ചൊടി വരുന്ന ഏട്ടത്തിയെ കണ്ടതും ഞാൻ കാർ മുറ്റത്തേക്ക് ചവിട്ടി വിട്ടു, ഗേറ്റിൽ നു താഴെ ഉണ്ടായിരുന്ന ചെറിയ ഫ്പിൽ കേറി വണ്ടിയുടെ നാല് വീലും പൊങ്ങി, ആ ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയതിനു മുന്നേ വണ്ടി ബ്രേക്ക് ഇട്ട് ഡോറും തുറന്ന് അകത്തേക്ക് ഓടുവായിരുന്നു ഞാൻ..,

മുന്നിൽ കൂടി നിന്നവരെയാരെയും നോക്കാതെ ഞാൻ ഓടി, ഏട്ടത്തിയെ മറികടന്ന് അകത്തേക്ക് കയറുമ്പോൾ കണ്ടു ഞാൻ, അമ്മേടെ കയ്യിൽ മുറുകെ പിടിച്ചെന്റെ പെണ്ണ്

നിലവിളിക്കുന്നത്, സർവ്വ നാടികളും തളർന്നുപ്പോയ നിമിഷം, ഒരു നിമിഷം സ്ഥബിച്ചു പ്പോയി.

എന്നെ കണ്ടതും അകത്തേക്ക് വന്ന ഏട്ടത്തിയുടെ കരച്ചിൽ ഒച്ചതിലായി, ഏട്ടത്തിയുടെ ശബ്ദം കേട്ട് തിരിഞ്ഞ അമ്മ,

"" മോനെ... എടാ... "" ന്തോ പറയാൻ ആഞ്ഞ അമ്മയെ മറികടന്നു ഞാൻ ന്റെ പ്രാണനെ കോരി യെടുത്തു പുറത്തേക്ക് ഓടി, അമ്മയും ഏട്ടത്തിയും പുറകെ... പെട്ടെന്ന് കോരി എടുത്തതും അവളാ നനഞ്ഞ കണ്ണുകൾ വിടർത്തി ന്നെ നോക്കി, ഞാൻ വന്നതിലുള്ള സന്തോഷത്തിന്റെ തിളക്കം കണ്ണുകളിൽ ആ വേദന നിറഞ്ഞ നിമിഷവും അവളെനിക് കാട്ടി തന്നു, , ഞാൻ ഒന്നും മിണ്ടാതെ ഓടുവായിരുന്നു, അവളെന്റെ നെഞ്ചിൽ തല ചാരി കിടന്ന് കണ്ണീർ പൊഴിച്ചു.മുറ്റത്തേക്ക് ഇറങ്ങിയതും ഏട്ടൻ കാറുമായി വെളിയിൽ വന്നതും എല്ലാം നിമിഷ നേരം കൊണ്ട്, ആരോ തുറന്നു തന്ന ഡോറും മറികടന്നു ഞാൻ അവളുമായി പുറകിൽ കേറി, ന്റെ പുറകെ അമ്മയും, ഏട്ടനും ഏട്ടത്തിയും മുന്നിൽ,

"" ഏട്ടാ നിക്ക് വയ്യ ഈ വേദന സഹിക്കാൻ..അമ്മേ.....! ""

അവളെന്റെ കയ്യിൽ മുറുകെ പിടിച്ചു.., അവളുടെ ഓരോ വേദന നിറഞ്ഞ നിലവിളിയിലും ന്റെ ഹൃദയത്തിന്റെ താളം തെറ്റിക്കുന്നുണ്ടായിരുന്നു .,

www.kkstories.com

"" ഏയ്യ് ഒന്നുല്ല ന്റെ കൊച്ചിന്. ഒന്നുല്ലേ...! ദേ മോൾടെ...മോൾട്ടെട്ടൻ വന്നില്ലേ.. ഒന്നുല്ലാട്ടോ ന്റെ വാവക്ക്... ഏട്ടാ ഒന്ന്....പെട്ടെന്ന് പോ..'"

ഏട്ടൻ കാർ കത്തിച്ചു വിട്ടു, എതിരെ വരുന്നവരെ എല്ലാം എന്തൊക്കെയോ ചീത്ത വിളിക്കുന്നതും കേട്ടു, ഏട്ടത്തി ഏട്ടന്റെ കയ്യിൽ മുറുകെ പിടിച്ചിട്ടുണ്ട്,

"" അമ്മേടെ മോള് കരയല്ലേ... ദേ അവനും വന്നില്ലേ പിന്നെന്നാ.. ഒന്നുല്ലട്ട്യോ ന്റെ കുട്ടിക്ക്.. നമ്മള്... നമ്മള് ഇപ്പോ ത്തുട്ടോ ആശുത്രില്,""

കൈ എത്തിച്ചു അവളുടെ നെറുകിൽ ഒന്ന് തലോടി അമ്മ കരച്ചിലോടെ പറഞ്ഞതും, അവള് വേദനയിലും ഒന്ന് തലയാട്ടി.

"" ഏട്ടാ... ഏട്ടനെന്നോട് പിണ..ക്കണോ..? രാവിലെ ഞ... ഞനെ..ന്തോ പറ.. ഞായിരുന്നു.."

"" പിണക്കൊ ന്തിന്..? നിക്ക്... നിക്കെന്റെ മോളോട് പിണങ്ങാൻ പറ്റോ.. ഒന്നുല്ലടാ...ന്റെ മോള് വേറെയൊന്നും ഓർക്കേണ്ടട്ടോ.. ""

"" ആമി മോളെ.. ഒന്നുല നമ്മള് ഇപ്പോ എത്തും.. പേടിക്കണ്ടട്ടോടാ...!""

ആ കരച്ചിലിനിടക്കും ഏട്ടത്തി അവളെ സമാധാനിപ്പിക്കാൻ നോക്കി, അവളക്കട്ടെ ന്നോട് എന്തൊക്കെയോ പറഞ്ഞോണ്ടിരിക്കുന്നു,അവളുടെ വേദന തൊട്ടറിയുമ്പോൾ ന്റെ നെഞ്ചാ വേദനിക്കണെ.

വേഗന്ന് തന്നെ ഹോസ്പിറ്റലിൽ എത്തി, അവളെ സ്ട്രേച്ചറിൽ കിടത്തി അകത്തേക്ക് കൊണ്ട് പോകാൻ തുടങ്ങിയതും.

"" ഏട്ടാ നിക്ക്.. നിക്ക് പേടിയാവണ്,, നിക്ക്.. നിക്ക് പ്രസവിക്കണ്ടെ... അമ്മാ.... ""

"" ഒന്നുല്ല.. ഒന്നുല്ലെന്റെ മോള് ചെല്ല്, ഒന്നും പറ്റില്ലാട്ടോ.. ന്തേലും ഉണ്ടേൽ ഏട്ടനെ.. ഏട്ടനെ വിളിച്ച മതി.. ഏട്ടൻ എങ്ങും പോകില്ല.. ഇവിടെ.. ഇവിടെ കാണും.. ""

എനിക്ക് മുന്നിൽ ആ ഓപറേഷൻ റൂമിന്റെ ഡോർ അടയുന്നത് വരെ ന്റെ സ്വരം അവിടെ കേട്ടുള്ളു..

പിന്നെ ഞാൻ മിണ്ടിട്ടില്ല ആരോടും. ഇടക്ക് വിവരം അറിഞ്ഞു അച്ഛന്റെ കൂടെ എത്തിയ അവളുടെ അച്ഛനെയോ അമ്മയെയോ.. സംഭവം അറിഞ്ഞപോ ക്ലാസ്സ് മുടക്കി വന്ന അഞ്ചുനേയടക്കം ആരോടും ഞാൻ മിണ്ടില്ല,, കണ്ടതായിപ്പോലും ഗവനിച്ചില്ല,..ഏട്ടനും രണ്ടച്ചന്മാരും എന്തൊക്കെയോ ഫോര്മാലിറ്റി തീർക്കാൻ വെളിയിലേക്ക് പോയി.

www.kkstories.com

"" അനാമികയുടെ ഹസ്ബൻഡ് ആരാ.. ? ""

വെളിയിലേക്ക് നീണ്ട ആ മുഖം ചുറ്റും സംശയത്തിന്റെ നിഴൽ പരത്തി., അപ്പോളും ഒന്നും മിണ്ടാതെ തലയിൽ കൈ താങ്ങി നിലത്തേക്ക് നോക്കി നിന്ന ന്റെ അരികിൽ ഏട്ടത്തിയും അഞ്ജുവും ഉണ്ടായിരുന്നു, അമ്മ തൊട്ട് മുന്നിൽ കൈകൾ കൂപ്പി പ്രാർത്ഥനയിൽ മുഴുകി ഇരിപ്പുണ്ട്, അവളുടെ അമ്മയെ കണ്ടില്ല അതും എവിടേലും മാറിനിന്നു പ്രാർത്ഥിക്കുന്നുണ്ടാവും. അവരുടെ സ്വരം കെട്ടതെ ചാടി എണ്ണിറ്റു.

"" ആ കുട്ടി അകത്തു കിടന്ന് ഭയങ്കര ബഹളം.., തന്നോട് അകത്തേക്ക് വരാൻ ഡോക്ടർ പറഞ്ഞു.. ""

പറഞ്ഞു മുഴുവപ്പിച്ചതും ഞാൻ അവരോട് (വീട്ടുകാർ)പറഞ്ഞിട്ട് അകത്തേക്ക് കയറി ന്റെ അന്നേരത്തെ വെപ്രാളം കണ്ടാകും ആ സിസ്റ്റർ ന്നോട്

"" ഏയ്യ് താൻ ഇങ്ങനെ വറിയാകണ്ട.. ആ കുട്ടി സ്റ്റേബിളാണ്. """

അവരെന്റെ കയ്യിൽ എന്തോ ലോഷിനൊഴിച്ചു കൈ ക്ലീനക്കാൻ പറഞ്ഞു, പിന്നെ ഓപ്പറേഷൻ ഗൗണുമിടിപ്പിച്ചു , ഗ്ലോവ്സ്,അങ്ങനെ വേണ്ട സഹലതും ന്റെ മേലിൽ കുത്തി നിറച്ചു, എന്തായാലും വേണ്ടുവില്ല അവളെ കാണാല്ലോ..

കയറിച്ചെന്നതെ കേൾക്കാം പെണ്ണിന്റെ നിലവിളി. ന്നെ കണ്ട് നിറഞ്ഞ മിഴികൾ ന്നിലേക്കണച്ചടുത്തേക്ക് വേഗത്തിൽ കൈ നീട്ടി വിളിച്ചതും നീട്ടിയ കൈയിൽ ഒന്ന് മുത്തി ചെന്നവൾക്കരികികിലായി നിൽകുമ്പോളും അവളെന്റെ കൈയിൽ പിടിമുറുക്കി കണ്ണീർ പൊഴികുന്നുണ്ടായിരുന്നു

"" എ..നിക്ക്... വ.. വയ്യേട്ടാ..""

"" അയ്യേ.. ന്റെ വായാടി ഇത്രേ ഉള്ളോ.. നമ്മടെ വാവക്ക് വേണ്ടിയല്ലേ... സാരമില്ലാട്ടോ... ""

അവിടെ കുടി നിൽക്കുന്ന ഗൗൺ ഇട്ടവർ ഞങ്ങളെ നോക്കുന്നുണ്ടോ ന്നൊന്നും ശ്രദ്ധിക്കാതെ ഞനാവൾക്ക് കൂട്ടായിരുന്നു.

വേദന നിറഞ്ഞ ശബ്ദം അവിടെയാകെ താളം ചെയ്തു. കുറച്ചു നേരത്തെ കരച്ചിലിനോടുവിൽ അവളെന്റെ കൈയിലെ പിടി മുറുക്കി ഒന്നുയർന്നുപോങ്ങി, ന്നീട്ടൊരു ദീർഘ നിശ്വാസവും അതിന് കൂട്ടുപിടിച്ചൊരു കുഞ്ഞി കരച്ചിലും,

കണ്ണുനിറഞ്ഞവളെ നോക്കുമ്പോ ഷീണംബാധിച്ചയാ മുഖത്ത് ഒരു നിറപുഞ്ചിരി, തല താഴ്ത്തി അവളുടെ നെറുകിൽ പ്രണയദ്രമായി ചുംബിക്കുമ്പോൾ തളർന്ന കണ്ണുകൾ കൂമ്പിയടച്ചവൾ അതിനെ സ്വീകരിച്ചു., കൂടെ തളർന്ന മുഖത്തേക്ക് അവൾ കൊണ്ടുവന്ന പുഞ്ചിരിയും, ഞാൻ കണ്ടതിൽ വച്ചേറ്റവും വല്യ സുന്ദരിയാണവളെന്ന് ന്നെ അടിയുറച്ചു വിശ്വസിപ്പിക്കാൻ പാകത്തിനൊരു പുഞ്ചിരി.

www.kkstories.com

****

മുറിക്ക് പുറത്തേക്ക് ഇറങ്ങിയ ന്റെ കൈകളിൽ ചാഞ്ഞുറങ്ങുന്ന ന്റെ കുഞ്ഞ്., ഞാൻ ഏറ്റവും കൂടുതൽ സന്തോഷിച്ച ദിവസം. പുറത്തു നിൽക്കുന്നവരെ എല്ലാം നോക്കി ഞാൻ കുഞ്ഞിനെ അമ്മയുടെ കൈയിൽ കൊടുക്കുമ്പോൾ അമ്മയുടെ മിഴികൾ ഈറനണിഞ്ഞിരുന്നു.

"" പെൺകുട്ട്യാ... ""

കൈയിൽ കൊടുക്കുന്ന കുട്ടത്തിൽ അമ്മയോട് അത് പറഞ്ഞതും ന്നെയൊന്ന് നോക്കി അമ്മ അവളെ വാങ്ങി, ശേഷം ല്ലാരേം കാണിച്ചു അച്ഛനൊക്കെ കരഞ്ഞു..ശേ... ഇങ്ങേര് കരയുമായിരുന്നോ..? ചിലപ്പോ അനന്തസ്രു ആയിരിക്കും. അമ്മയുടെ കൈയിൽ നിന്ന് കുഞ്ഞിനെ അവളുടെ അമ്മയും ഒന്നെടുത്തു

"" അവൾക്കെങ്ങ്നെയുണ്ടെടാ..? ""

അമ്മയുടേം ഏട്ടത്തിയുടേം ചോദ്യത്തിന് അവളൊക്കെയാണ് ന്ന് മറുപടിയും കൊടുത്ത് ഞാൻ എല്ലാരേം നോക്കി, എല്ലാരുടേം മുഖത്ത് നിറഞ്ഞ പുഞ്ചിരി,, ഏട്ടത്തിയെ നോക്കി കണ്ടാ... ന്ന് കണ്ണുകാണികുമ്പോൾ 'പോടാ' ന്ന് നിറഞ്ഞ മിഴികളിൽ അവരൊന്ന് ചിരിച്ചു,

കുട്ട്യേ വാങ്ങാൻ വന്ന നേഴ്സിന്റെ കൈയിൽ കുഞ്ഞിനെ കൊടുത്ത് ഞാൻ അകത്തേക്ക് കയറി,

തിരിച്ചു ഓപ്പറേഷൻ തിയേറ്ററിൽ കയറാൻ തുടങ്ങിയ ന്നെ അവരൊന്ന് നോക്കി.

"" അതെ താൻ ഇതെങ്ങോട്ടാ.. ഇനി അങ്ങോട്ടേക്ക് കേറ്റില്ലാ.. ദാണ്ടേ അവിടെയ ചൈഗിംഗ് റൂം.. ""

അവരതും പറഞ്ഞു അകത്തേക്ക് പോയതും ഞാൻ അവിടെ നിന്ന് പോയി..

ഓ എല്ലാം നടക്കണമെങ്കിൽ നമ്മള് ആണുങ്ങള് വേണം. നടന്നാലോ നമ്മക്ക് പട്ടി വിലയും.., ഓരോന്ന് പിറുപിറുത് ഞാൻ ഡ്രസ്സ് മാറി വെളിയിലേക്ക് ഇറങ്ങി. പിന്നെ കുഞ്ഞിനേം അവളേം റൂമിലേക്ക് മാറ്റി ന്ന് പറഞ്ഞൊരു നേഴ്സ് വന്നതും അവരെല്ലാം അങ്ങോട്ടേക്ക് പോയി., ഞാൻ ഒന്നുരണ്ട് കാൾ ചെയ്യാൻ പുറത്തേക്കും,.

എല്ലാരേം വിളിച്ചു പറഞ്ഞതും അവരെല്ലാം ഒരേ സ്വരത്തിൽ മൊഴിഞ്ഞു ചെലവ് വേണമെന്ന്.. അപ്പോ അതിന്റെ കാര്യത്തിലും തീരുമാനമായി. മാഗിയോടും വിഷ്ണു പറഞ്ഞപ്പോ കുഞ്ഞിനെ കാണണമെന്നായി രണ്ടും ഏതായാലും കുറച്ചു ദിവസം കഴിഞ്ഞു വരാൻ പറഞ്ഞു ഫോൺ വയ്ക്കുമ്പോൾ പുറത്തൊരു തോണ്ടൽ..

"" അഹ് നിയായിരുന്നോ.. ന്താടി കുരുപ്പേ..? ""

"" അല്ല കെട്ടിയോളേം കൊച്ചിനേം അവുടെയിട്ടേച്ചു ഇവിടെ വന്നെന്തോ പരുപാടിയാന്ന് നോക്കർന്നു.. ""

അഞ്ചുന്റെ ചൂർന്നുള്ള നോട്ടം കണ്ടപ്പോളെ കാര്യം പിടികിട്ടി, അതിനുമപ്പുറം ന്റെ മുഖത്തെ സന്തോഷം കണ്ടവൾ ന്റെ കവിളിൽ പിടിച്ചെങ്ങിടും ഇങ്ങിടും ആട്ടി, അവള് ന്റെ പെണ്ണിന്റെ രഹസ്യ ദൂതുമായി വന്നതാണ് ന്നെ വിളിക്കാൻ... അവളേം കൂട്ടി നേരെ പോയത് കാന്റീനിലേക്കാണ് എല്ലാർക്കുമുള്ള ചായയും വാങ്ങി ഞങ്ങളും ഈരണ്ട് ചായയും കുടിച്ചു തിരിച്ചു റൂമിൽ കേറുമ്പോൾ എല്ലാരും അവിടെ ഉണ്ട്.. ബെഡിൽ അവളും കുഞ്ഞും,, ന്നെ കണ്ടതും കെറുവ് കുത്തിയ പെണ്ണിന്റെ മുഖം കണ്ടെനിക് ചിരി വന്നുപോയി,.

"" നീയിതെവിടെയായിരുന്നെടാ..? ""

www.kkstories.com

ചായ ഫ്ലാസ്ക് ഏട്ടത്തിടെ കൈയിൽ കൊടുത്ത് കട്ടിലിന്റെ ഒരത് ചെർന്നിരുന്നുഞാനെന്റെ പോന്നോമനക്കുള്ള ആദ്യത്തെ ചുംബനം നൽകി,. കണ്ണുകൾ ഉയർത്തി ന്റെ ആദ്യത്തെ പോന്നോമനയെ നോക്കുമ്പോൾ ന്റെ ചെയ്തികൾ നോക്കി കിടക്കാണവൾ

അങ്ങനെ അവളോടൊന്ന് മനസ്സറിഞ്ഞു സംസാരിക്കാൻ കഴിയാതെ ഞാൻ അവിടെ നിന്ന് വിരകി, ചായ കുടിച്ചോണ്ടിരുന്ന ഏട്ടൻ ഇതെല്ലാം ശ്രദ്ധിക്കുണ്ടായിരുന്നു

"" എല്ലാരും വാ നമ്മക് പുറത്തേക്ക് ഇരിക്കാം. എല്ലാരും കൂടെ ഇവിടെ നിന്നാ അമ്മയ്ക്കും കൊച്ചിനും ചൂടെടുക്കും.. ""

Ac യിൽ കുളിർന്നു കിടക്കുന്ന ആ റൂമിൽ ഇതെവിടുന്നു ചൂട് ന്ന് ആലോചിക്കാൻ വല്യ തലയൊന്നും വേണ്ട. ന്നാൽ ന്റെ അവസ്ഥാ അറിഞ്ഞാ യിരിക്കും എല്ലാരും ന്നെ നോക്കിയോന്ന് ചിരിച്ചിട്ട് ചായയുമായി പുറത്തേക്ക് ഇറങ്ങാൻ നിന്നത് അപ്പോ ദാണ്ടേ

"" അതിനിവിടെവിടെ ചൂട്, AC ഇട്ടേക്കുവല്ലേ..? ""

വല്യന്തോ കണ്ടെത്തിയ ലകവത്തോടെ അഞ്ചു എല്ലാരേം മാറി മാറി നോക്കി, ഞാൻ നോക്കിയത് ആമിയെയാണ്.. കണ്ടോടി നിന്റെ പെങ്ങളുടെ വിവരം ന്ന്.. അതിനവൾ ചിരിച്ചായിരുന്നു മറുപടി നൽകിയത്..

www.kkstories.com

"" ഹ്മ്മ് അതൊക്കെ ഉണ്ടാവും നീ എങ്ങോട്ട് വായെന്റെ പെണ്ണെ.. ""

അവളുടെ അമ്മ അവൾക്കിട്ടൊന്നു പൊട്ടിച്ചു വെളിയിലേക്ക് ഇറങ്ങുമ്പോൾ ഏട്ടൻ ഡോർ അടച്ചിരുന്നു.

അവളോടൊപ്പം കിടന്ന് ന്റെ കുഞ്ഞിനെ ഒന്ന് തലോടി ഞാൻ ന്റെ പെണ്ണിന്റെ നെറ്റിയിൽ ചുണ്ട് ചേർത്തു,

""ദെഷ്യമോണ്ടോ പെണ്ണെ നിനക്കെന്നോട്..??""

അവളെന്തിന് ന്നർത്ഥത്തിൽ പുരികം വളച്ചതും,

"" അല്ല ഞാൻ നിയഗ്രഹിക്കുന്ന സമയത്ത് നിന്റെ കൂടെ ഇല്ലായിരുന്നല്ലോ.. ""

"" ആരുപറഞ്ഞു ന്റെ കൂടെ ഇല്ലായിരുനെന്ന്..?. ന്റെ കൂടെ വേണമെന്ന് ഞാൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ച നേരത്ത് ഏട്ടനെന്റെയൊപ്പം ഇവിടെ ഉണ്ടായിരുന്നല്ലോ.. ""

"" ന്നാലും...? ""

"" ഒരേന്നാലുമില്ല.. ദേ നോകിയെ നമ്മടെ വാവേനെ... ""

അവളെന്റെ മുഖതോന്നു തട്ടി വിഷയം മാറ്റി,

"" അപ്പെടെ മോളെന്നാ നോക്കുന്നെ... ഏഹ് പറയെടി ചുന്ദരിപ്പെണ്ണേ.. ""

ന്നെ നോക്കി കിടക്കുന്ന ആ കുഞ്ഞ് മാലാഖയെ ഞാൻ കൈയിൽ പിടിച്ചു കൊഞ്ചിച്ചു, ഇതെല്ലാം നോക്കി അവള് കിടപ്പുണ്ട്..

"" അച്ചേടെ പൊന്ന് അമ്മേനെ ഒരുപാട് വേദനിപ്പിച്ചുട്ടോ.. സാരല്ല ഞങ്ങടെ പൊന്നിങ്ങ് വന്നില്ലേ...!""

"" മോൾക്ക് പേര് വല്ലതും കണ്ട് വച്ചിട്ടുണ്ടോ..? ""

കുഞ്ഞിനെ കളിപ്പിക്കുന്നതുടയിൽ അവളെന്റെ മുഖത്തേക്ക് നോക്കാതെ പറഞ്ഞു..

"" അതിന് നമ്മള് രണ്ടാളും കൂടെയല്ലേ നിഹാരിക ന്നുള്ള പേര് സെലക്ട് ചെയ്തേ പിന്നിപ്പോ ന്നാ അങ്ങനെയൊരു ചോദ്യം. ""

"" അത്.. അതില്ലേ അജുവേട്ടാ.. ""

അവളെന്തോ പറയാൻ തുനിഞ്ഞു, ന്തോ ഉണ്ട് ഇല്ലേൽ കാര്യം പറയാൻ പെണ്ണിങ്ങനെ കഷ്ടപ്പെടില്ല.

www.kkstories.com

"" അഹ് അതുണ്ട്.. നീ പറയെന്റെ പെണ്ണേ.. ""

"" ഹും.. അതില്ലേ അമ്മ ഇയടെ പറയുന്ന കേട്ടെ.. കുഞ്ഞിന്റെ പേരോരണം അമ്മ നോക്കി വച്ചിട്ടുണ്ട് പക്ഷെ നമ്മക് അത് ഇഷ്ടവോ ന്ന്..""

"" ന്നിട്ട് നിയെന്ത് പറഞ്ഞു..? ""

"" എന്നോടല്ല മണ്ടുസേ പറഞ്ഞെ.. ഞാൻ അതൊഴി പോയപ്പോ കെട്ടുന്നേ ഉള്ളു.. ""

ഓ അങ്ങനെ... അമ്മക്ക് അങ്ങനെ ന്തേലും ആഗ്രഹം ഉണ്ടേൽ ന്നോട് പറയുന്നതിന് ന്താ...

"" നിനക്കെന്തോ തോന്നണേ...!"" അവളുടെ മുഖത്തേക്ക് നോക്കി നില്കുമ്പോ അവളൊന്ന് അടുത്തേക്ക് നീങ്ങി

"" അമ്മ പറയുന്ന പ്പേരിടാം, അടുത്ത കൊച്ചിന് നമ്മക് നമ്മള് കണ്ടുപിടിച്ച ആ പേരിടാം.. ""

"" ഓ അപ്പോ ഒന്നിലൊന്നും നിർത്താൻ നീ ഉദ്ദേശിക്കുന്നില്ല ല്ലേ... ""

"" ഏയ്യ്.. ഇല്ല.. പക്ഷെ ഇനിയൊടനെ കാണില്ല.. എനിക്കെന്റെ കൊച്ചിന് മുഴുവൻ സ്നേഹോം കൊടുത്ത് വേണം വളർത്താൻ. ""

അതോടെ ഞങ്ങളു രണ്ടാളും ഞങ്ങളുടെ ജീവിതത്തിലെ പുതിയ അനുഭൂതിയെ തൊട്ടറിയുവായിരുന്നു, ഇടക്കിടെ നീളുന്ന ആ കണ്ണുകളോടെ കാന്തികത, ആ ചെഞ്ചുണ്ടിൽ വിരിയുന്ന നാണത്തിന്റെ ആണുനാമ്പുകൾ എല്ലാം ന്നെ വിവശനാക്കി, കള്ളച്ചിരിയോടെ ന്റെ നേർക്ക് വരുന്ന ആ ചെഞ്ചുണ്ടിൽ മുത്തമിടുമ്പോൾ പഴേ നാണക്കാരി പെണ്ണായി മാറായിരുന്നവൾ, രാത്രി കുറച്ചാളുകൾ മാത്രേ പറ്റു ന്ന് പറഞ്ഞപ്പോ അമ്മയും അഞ്ജുവും അവളുടെ അമ്മയും ഏട്ടത്തിയും നിന്നോളം ന്നായി.ഞാൻ പിന്നെ അവിടെ ഉണ്ടല്ലോ ആൾറെഡി.. അവർക്കെല്ലാം അടുത്തു തന്നെയൊരു റൂമും എടുത്ത്,. ഞനും അമ്മയും അവളുടെ റൂമിൽ കിടന്നു. അമ്മ വേറെ സപ്രറ്റ് ബെഡിലും ഞാൻ തറയിലും.

"" ദേ ചെക്കാ.. രാത്രി ഇറങ്ങി പോണേൽ ആ കതകടച്ചിട്ടു പോണം കൊച്ചുള്ളതാ.. ""

കിടക്കാൻ നേരമുള്ള പ്രാർത്ഥനയും കഴിഞ്ഞമ്മ എനിക്കുള്ള വാണിംഗ് ഉം തന്നു

"" ഓ മ്പ്രാട്ടി... ""

www.kkstories.com

അതിന് ഒരു ചിരിയും തന്നമ്മ കിടന്നുറങ്ങി, അമ്മ ഉറങ്ങിയതും

"" ഏട്ടാ.... അമ്മ ഉറങ്ങിയോ...? ""

"" ഹ്മ്മ് ന്തെടി.. കാല് വേദനിക്കുന്നുണ്ടോ...?? ""

അതിനവൾ ഉണ്ടെന്ന് കുറച്ചു പൊങ്ങി തലയനകുമ്പോൾ ഞാൻ എണ്ണിറ്റ് നേരെ അവളുടെ അടുത്തിരുന്നു.., നീട്ടിവെച്ച കാലുകളുഴിഞ്ഞു ഞാൻ അവൾക്കൊപ്പമിരുന്നു അവളും ആ സുഖത്തിൽ എപ്പോളോ നിദ്രയിലേക്ക് പോയതും ഞാനും എപ്പോളോ ഉറങ്ങിപ്പോയിരുന്നു..

പിന്നെ പുലർച്ചെ ന്റടുക്കൽ നിന്നും കേൾക്കുന്ന ചില സ്വരങ്ങളാണ് ന്നെ ഉണർത്തിയത്. കണ്ണുതുറക്കുമ്പോൾ അഹ് ഹാ ല്ലാരുമുണ്ടല്ലോ..? എന്നെന്നോക്കി ചിരിക്കുന്ന അമ്മയെയും ഏട്ടത്തിയെയും ആവളുടെ അമ്മയെയും അഞ്ചുന്റെയും ചിരി കണ്ടാണ് ഞാൻ കണ്ണ് തുറക്കുന്നെ.. ന്താണോ ന്നെ നോക്കി ചിരിക്കാൻ മാത്രം ഇത്ര വല്യ കോമഡി..

. അപ്പോളാണ് ഇന്നലെ ഞാൻ കിടന്നതിനെ കുറിച്ചോർത്തത്, അവളുടെ കാലിൽ തല ചാരി എപ്പോളോ ഇന്നലെ ഉറക്കം പിടിച്ചിരുന്നു..

"" ഇന്നലെ നിലത്തു കിടന്നുറങ്ങിയ നീയെങ്ങനെയടാ അവളുടെ കട്ടിലിൽ വന്നേ..""

ന്നെ തളിക്കാൻ മാത്രം വായ തുറക്കുന്ന ന്റെ അമ്മയായിരുന്നു അത്,

"" അജുവേട്ട മസാജിങ് ഒക്കെ കഴിഞ്ഞെപ്പോളാ ഉറങ്ങിയേ.. ""

കുട്ടിനായി ആ തെണ്ടി അഞ്ജുവും ഉണ്ട്.. ഏട്ടത്തിയും അമ്മയും ഒന്നും മിണ്ടില്ല അവിടെ ചിരി മാത്രം..

പിന്നെ അവരെ മൈൻഡ് ചെയ്യാതെ ഞാൻ പുറത്തേക്ക് ഇറങ്ങി ഫ്രഷ് ആകാനുള്ള പരുപാടി നോക്കി,. ഫ്രഷായി തിരിച്ചുവരുമ്പോൾ ന്നെ കാത്തൊരു അമ്മയും മോളുമുണ്ടായിരുന്നു.. ഞാൻ ചെന്നതും അവരെല്ലാം വീട്ടിൽ പോയിട്ട് വരാമെന്നുള്ള നിലപാടിലായി,

അങ്ങനെ റൂമിൽ ഇരിക്കുമ്പോൾ അവൾക്കുള്ള മെഡിസിനും എത്തി അതും കഴിച്ചു കുഞ്ഞിനും എന്തോ തുള്ളിമരുന്നും കൊടുത്ത് പോയതും. കുഞ്ഞ് കിടന്ന് കാരയാൻ തുടങ്ങി.

അതോടെ അവളേം എടുത്ത് അങ്ങോട്ടും എങ്ങോട്ടും നടന്നിട്ടും രക്ഷയില്ലെന്ന് കണ്ട ഞാൻ അവളെ നോക്കി

"" കൊച്ചിന് വിശക്കുണ്ടാവും മനുഷ്യാ ഇങ്ങ് കൊണ്ടാ ""

www.kkstories.com

അവള് കൈ നീട്ടിയതും കൊച്ചിനേം കൊടുത്ത് ഞാൻ വെളിയിലേക്ക് ഇറങ്ങാൻ തുടങ്ങി

"" മ്മ് എങ്ങോട്ട് പോവാ...? ""

നൈറ്റിയുടെ സിപ് അഴിച്ചോണ്ട് അവളത് ചോദിച്ചതും ചമ്മി നിൽക്കുന്ന ന്നെ കണ്ടപ്പോ കാര്യം ആശത്തിക്ക് പിടികിട്ടി.

"" കൂടുതല് ചമ്മുവൊന്നും വേണ്ട..! നിങ്ങളെ ന്റെ കെട്ടിയോനാ..നിങ്ങള് കാണാത്തതൊന്നുമെനിക്കില്ല അതോണ്ടെന്റെ മോനെങ്ങും പോണ്ട ഇവിടെ ഇരുന്നോ...""

അവളൊരു ചിരിയോടെ പറഞ്ഞു കുഞ്ഞിന് പാല് കൊടുക്കാൻ തുടങ്ങി,

"" നാണമുണ്ടോ മനുഷ്യ നിങ്ങക്ക്, സ്വന്തം ഭാര്യ കുഞ്ഞിന് പാല് കൊടുക്കുന്നടത്തുനിന്ന് പോകാൻ നിക്കുന്നു അയ്യേ.. ഇതുപോലെ ഒരു കോന്തൻ ""

ചിരിയോളുപ്പിച്ചു അവളല്പം ഗൗരവത്തിൽ പറഞ്ഞതും ഞാൻ വീണ്ടും അവിടെത്തന്നെ ഇരുന്ന്.. ഇടക്ക് ആ നൈറ്റിയിൽ നിറഞ്ഞു നിൽക്കുന്ന മാറിടങ്ങളിലേക്ക് നോട്ടം പോയതും അവള് നോക്കിയതുമെല്ലാം ഒരേ നിമിഷം.. പെട്ടെന്ന് നോട്ടം മാറ്റിയതും അവളൊറ്റ ചിരി.. ന്നിട്ടൊരു ചോദിയോം

"" ന്തേ നോക്കണേ....! പാല് വേണോ ന്റെ കുഞ്ഞാവക്ക്.. ""

കുഞ്ഞി കുട്ടികളോട് ചോദിക്കുന്ന പോലെ അവളെന്നോട് കൊഞ്ചി ചോദിച്ചതും.

"" കൊണ്ടോയ് നിന്റെ മറ്റവന് കൊടുക്കേടി പട്ടി..""

അതുംകൂടെ കേട്ടതും അവളാർത്തു ചിരിക്കാൻ തുടങ്ങി.പാല് കുടിച്ചു മതിയായതും കുഞ്ഞിനെ തിരിച്ചു നിർത്തി മുതുകിൽ തട്ടി ഗ്യാസ് കളഞ്ഞവൾ ന്റെ നേർക്ക് കുഞ്ഞിനെ നീട്ടി..ന്നാൽ ആ നേരമെല്ലാം അവളെ നോക്കിന്നിക്കായിരുന്നു ഞാൻ, ഒരു സ്ത്രീ ന്ത് പെട്ടെന്നാണ് സാഹചര്യങ്ങളോടടുത്തു പെരുമാറുന്നത്..!

"" ന്നാ.... ഇനിയച്ഛനും മോളും എന്താന്ന് വെച്ചാ ആയിക്കോ.. നിക്കൊന്നുറങ്ങണം.. ""

മറുപടിയായി കുഞ്ഞിനേം കയ്യിൽ എടുത്ത് അവളുടെ കവിളിൽ ഒരു ഉമ്മയും കൊടുത്ത് ഞാൻ ആ മുറിക്ക് ചുറ്റും ന്റെ സുന്ദരിക്കുട്ടിയുമായി നടന്നു, കുട്ടിനെന്റെ രണ്ടു കുഞ്ഞുങ്ങളേം ഉറക്കാനായിയൊരു പാട്ടും പാടി .

കാർമേഘമലിഞ്ഞു മനമിതളാർന്നു ഈറൻ കാലമായി തൂമോഹമെഴുന്നു തരളിതഭാവം എങ്ങോ മാഞ്ഞുപോയി അരുണിമയുടെ മാനം പ്രിയമാർന്നിടുമ്പോൾ എന്നുള്ളിലെതോ ലയം മതിമോഹന രൂപൻ ചാഞ്ചാടിടുമ്പോൾ എന്നുള്ളില്ലേതോ മദം

www.kkstories.com

എൻ കണിമലരെ മമ മനസ്സിൻ ആലോലം എൻ കണിമലരെ ചായുറങ്ങാൻ ആലോലം കഥമൊഴിയായി പാടാം നിൻ മോഹഗാനം മന്ദാര തേൻകുരുന്നേ കഥമൊഴിയായി പാടാം നിൻ മോഹഗാനം എന്നോമൽ പൂനിനവേ നീ കണ്മനിയല്ലേ മണിമുത്തല്ലേ വെൺകനവേ..

പാടി നിൽക്കവേ ഡോറിൽ മുട്ട് കേട്ടു കുഞ്ഞുമായി നേരെ ഡോർ തുറന്നതും ഒരു ലേഡി ഡോക്ടർ ആയിരുന്നു കൂടെ ഒരു നേഴ്സും.

"" ആഹ് ഹാ അമ്മയും മോളും പാട്ടേട്ടോറങ്ങിയല്ലോ... ന്തായാലും പാട്ട്കൊള്ളാട്ടോ... ""

തോളിൽ കിടക്കുന്ന കുഞ്ഞിനെ നോക്കി അവർ ഉറക്കം പിടിച്ച ആമിക്ക് നേരെ നടക്കുമ്പോൾ അവർ ഒരു ചിരിയോടെ പറഞ്ഞു.അതിന് തിരിച്ചൊരു ചിരി കൊടുക്കുമ്പോൾ, അവർ അവളെ നോക്കാൻ തുടങ്ങിയിരുന്നു

"" വിളിക്കണ്ട ഷീണം നല്ലപോലെ കാണും.. ന്തായാലും ആള് നോർമലാണ്,.. പിന്നെ ഉണരുമ്പോൾ കൊടുക്കാനുള്ള മരുന്നുമായി സിസ്റ്റർ വരും.. പ്പൊ പോട്ടെ.. പാട്ട് നിർത്തണ്ട നടക്കട്ടെ.... ""

"" ഏയ്യ് അവര് ഉറങ്ങിയില്ലേ. യിനിയെന്തിനാ പാട്ട്.. ""

അതിനും രണ്ടാളും ഒന്ന് ചിരിച്ചു വെളിയിലേക്കിറങ്ങി.., അതോടെ ഡോറും ലോക്ക് ചെയ്ത് ഞാൻ കസേര നീക്കിയിട്ട് കുഞ്ഞുമായി ഒന്ന് മയങ്ങി., ചെറിയ അനക്കം കെട്ടേണ്ണിക്കുമ്പോൾ മുന്നിൽ കട്ടിലിൽ ഇരുന്ന് കൈ താടിയിൽ കുത്തി ന്നെ നോക്കി ഇരിക്കാണ് പെണ്ണ്. ആളൊന്ന് കുളിച്ച മട്ടുണ്ട്

""മ്മ്മ് ന്താടി.., നീയുണർന്നെങ്കിൽ വിളിക്കായിരുന്നില്ലേ ""

ഉറക്കംവിട്ട മുഖഭാവത്തോടെ ഞാൻ കുഞ്ഞിനെ ചേർത്തു പിടിച്ചു, മോളെ തൊട്ടിലിൽ കിടത്തി തിരിയുമ്പോ അവളെന്നെ പുറകിന്ന് കെട്ടിപ്പുണർന്നു,

"" ഹാ അപ്പടി വിയർപ്പാ പെണ്ണെ.. മ്മാറ് കുളിക്കട്ടെ.. ""

"" ഹും ഹ്മ്മ്.. ഈ വേർപ്പണം നിക്കിഷ്ടാ.. ""

തിരിഞ്ഞവളെ കട്ടിലിന്റെ ഒരത്തിരുത്തി,പൊൻ ചെമ്പകം തോൽക്കും മുഖമഴകും ചെൻന്നാമ്പു കതിര് കൊയ്യും മുടിയഴകും, വിരിഞ്ഞ നെൽക്കതിർ വിടരും നേത്ര കൂമ്പവും എനിക്കുമുന്നിൽ തിളങ്ങി.

"" ന്താടി.. ഏഹ് നിനക്കെന്നോട് വല്ലതും പറയാനുണ്ടോ..? ""

www.kkstories.com

"" ഹമ്ഹും ഒന്നുല. നിക്കിങ്ങനെ കിടന്നാ മതി... ""

അവളെന്റെ നെഞ്ചിൽ സ്ഥാനം പിടിച്ചു..

"" കളിക്കാതെ കാര്യം പറയെന്റെ പെണ്ണെ.. ""

നെഞ്ചിൽ ചാരി നിൽക്കുന്ന അവളുടെ മുടി മാടിയൊതുക്കി ഞാൻ ചോദിച്ചതും പെണ്ണൊന്നുടെ ചിണുങ്ങി അടുത്തേക്ക് വന്നു.

"" അതെ... ന്റെകൂടെ പഠിക്കണ സുചിത്ര വിളിച്ചേ അവര് നാളെ വരോന്നു പറഞ്ഞു.. ""

അവളെന്റെ ബട്ടൻസിൽ പിടുത്തമിട്ടു,അതവിടുന്ന് അഴികുകേം ഇടുകേം ചെയുന്നുണ്ട്.. ഇവൾക്ക് വട്ടായോ..!

"" അതിനെന്താ അവര് വന്ന് കൊച്ചിനേം നിന്നേം കണ്ടിട്ട് പോട്ടെ., നല്ല കാര്യമല്ലേ.. ""

"" ഹോ ഞാൻ പറഞ്ഞു തീർന്നില്ല പൊട്ടക്കണ്ണാ... ബാക്കിയുടി കേക്ക്.. ""

"" ഹാ ന്നാ പറയ് കേക്കട്ടെ... ""

"" അവള് പിന്നെ ഉണ്ടല്ലോ.. അവളെ.. അവളുപറയാ ഏട്ടനെ അവൾക്ക് കൊടുക്കൊന്ന്.. ""

"" ഏഹ്ഹ്.. ന്താന്ന് ""

ഞാൻ അവളെ അടർത്തി മാറ്റാൻ നോക്കി, എവിടെ അതറിഞ്ഞപോലെ അവള് ആള്ളി പിടിച്ചിരിക്കയാണ്

"" നിക്ക്.. നിക്ക് പറയട്ടെ ഞാൻ.. ""

അവളൊന്ന് സമാധാനപ്പെടുത്താൻ നോക്കി, അതോടെ ഞനൊന്ന് അടങ്ങി

"" അവളുടെ ഹസ്ബൻഡ് ഒരു മുരടനാന്ന്, അവളോട് ഒരു സ്നേഹോമില്ലെന്ന്.. അപ്പൊ അപ്പൊ ഞാൻ ഏട്ടനെ കുറിച്ച് പറയുമ്പോ, ഏട്ടന് ന്നോടുള്ള സ്നേഹം കാണുമ്പോ അവള് ചുമ്മാ ചോദിക്കും നിക്ക് തരാമോ നിന്റെ കെട്ടിയോനെന്ന്.. ""

പറഞ്ഞു നിർത്തിയതും അവള് തല പൊക്കി ന്നെ നോക്കി,

"" ന്നിട്ട് നിയെന്നാ പറഞ്ഞ്.. നാളെ വന്നെടുത്തോണ്ട് പൊക്കോളാനോ..? ""

"" ദേ... ഹാ.. ഒറ്റ കുത്തു വച്ചുതന്നാലുണ്ടല്ലോ..!! ഞാൻ പറഞ്ഞു നിക്കെന്റെ ചെക്കനില്ലാതെ ഒരു നിമിഷം പോലും ജീവിക്കാൻ ഒക്കില്ല, അങ്ങേരെ കെട്ടിപിടിച്ചുറങ്ങില്ലേൽ നികോറക്കം വരുല്ല.. ന്നൊക്കെ പറഞ്ഞു....പിന്നെ.. പിന്നെ.. ആഹ്ഹ് ന്റെ ചെക്കനെന്റെ ജീവനാണെന്ന് പറഞ്ഞു.. അപ്പൊ അവള് പറയാ..""

"" മ്മ്.. പറയാ....??

എനിക്ക് വേണ്ട നിന്റെ കെട്ടിയോനെ നീ തന്നെ കൊണ്ടോക്കോളാൻ..! ന്റെ കണ്ണൻ നിക്കായി കാത്തു വച്ചതാ ഈ പൊട്ടക്കണ്ണനെ അറിയോ....?? ആർക്കും കൊടുക്കൂല ഞാൻ..""

"" വേണ്ടന്നെ.. ആർക്കും കൊടുക്കണ്ടേ ..""

അവളുമായി കാട്ടിലിലേക്ക് കിടക്കുമ്പോൾ, അവളുടെ മുത്തുപോഴിക്കുന്ന പവിഴപുഞ്ചിരിയും കൂട്ടായി ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നു, അവിടെ കാമമില്ല, നിഷിദ്ധമില്ല.,, എന്റെ പെണ്ണിനോടുള്ള ന്റെ അടങ്ങാത്ത പ്രണയം മാത്രം.

****

ഇന്നവളെ വീട്ടിലേക്ക് മാറ്റി, റൂമിൽ ഷീണത്തോടെ കിടന്നുറങ്ങിയ അവളെ വിളിക്കണ്ട ന്നോർത്ത് കുഞ്ഞുമായി അമ്മ പോയ വഴിയേ ഞാനും ചെന്നു. അവളുടെ കൂട്ടുകാരികൾ

ഇന്ന് വരാമെന്ന് പറഞ്ഞിട്ടുണ്ട്, ഹോസ്പിറ്റലിൽ വെച്ച് അവർക്ക് വന്ന് കാണാൻ കഴിയാഞ്ഞതിലുള്ള നീരസം അവരറിയിച്ചു, അവര് വന്നാൽ എല്ലാം അടിപൊളിയായി ചെയ്യണമെന്ന് പറഞ്ഞവളുടെ ഉറക്കവും നോക്കി കുറച്ചുനേരം നിന്നിട്ടാണ് ഞാൻ അമ്മക്കൊപ്പം പോയത്

"" എടാ ഈ വരണ തിങ്കളാഴ്ച കുഞ്ഞിന്റെ പേരിടീൽ ചടങ്ങ് നടത്തന്നാ അച്ഛൻ പറയണേ... ""

തോളിൽ കിടക്കണ കുഞ്ഞിനെ ആട്ടി അമ്മ ഉറക്കുന്ന കുട്ടത്തിൽ മുറ്റത്തെ മാവിലേക്ക് കല്ലെറിഞ്ഞൊടിരുന്ന ഞാൻ ഒന്ന് മൂളി,

"" എടാ അമ്മക്കൊരു മോഹം...!!""

അമ്മ ഒന്ന് നിർത്തി, പറയാൻ പോകുന്നതെന്താണെന്ന് അറിയാവുന്നത് കൊണ്ട് ഞാൻ വിഷയം മാറ്റി..

"" മരത്തെ കേറണ.... ""

"" അതല്ലേടാ കഴുതേ.. കുഞ്ഞിനൊരു പേര് ഞാൻ.. കണ്ടുവച്ചിട്ടുണ്ടായിരുന്നു... നിങ്ങൾക്ക് എതിർ... ""

www.kkstories.com

"" അമ്മേ മതി....!!""

ഞാൻ അമ്മയോട് നിർത്താൻ കൈ കാണിച്ചു..,

"" അവളെന്നോട് അമ്മ പറയാൻ പോകുന്ന ഈ കാര്യം നേരത്തെ പറഞ്ഞിരുന്നു.. അന്നേ ഞങ്ങളു രണ്ടാളും ഇത് തീരുമാനിച്ചതുമാ.. ""

അമ്മയുടെ കവിളിൽ പിടിച്ചു വലിച്ചുകൊണ്ട് ഞാൻ താഴെ വീണ മാങ്ങ എല്ലാം കൈപ്പിടിയിലാക്കി അകത്തേക്ക് നടന്നു.. അമ്മയുടെ അവസ്ഥാ എന്തായിരിക്കും ന്നെനിക്കു ഊഹിക്കാം

****

ഉച്ചതിരിഞ്ഞു വന്ന അവളുടെ ഫ്രണ്ട്സിനെ സ്വീകരിച്ചതും അവരെ അകത്തേക്ക് കയറ്റിയതും എല്ലാം ഞാൻ ആണ്, കുട്ടത്തിൽ അറിയാവുന്ന കുറച്ചുപേർ ഉള്ളത്കൊണ്ട് വല്യ പ്രശ്നമായില്ല, പിന്നെ അവർ ഇത്രേം ദൂരം അവളെയും കുഞ്ഞിനേയും കാണാൻ വന്നതല്ലേ സ്വീകരണം ഒട്ടും കുറക്കണ്ട ന്ന് തന്നെ വെച്ചു, അവൾക്ക് രണ്ട് മാസത്തെ ബെഡ് റസ്റ്റ് പറഞ്ഞത് കൊണ്ട് വല്യ ഇറക്കം ഒന്നുമില്ല, ന്നാലും അവളും ന്റെ കയ്യിൽ തൂങ്ങി ഹാളിൽ അവരുടെയൊപ്പം ഇരുന്നു, കുഞ്ഞിനെ അവരായി പിന്നീട് ഏറ്റെടുത്തത്,

"" ഇവള്... അനാമിക തന്നെ,,, അല്ലേടി.. ""

കുഞ്ഞിനെ മറ്റുള്ളവരെ കാണിച്ചുകൊണ്ട് കുട്ടത്തിൽ ഒരാൾ എണ്ണിറ്റതും ആമി ചിരിയോടെ ന്റെ കൈയിൽ കൈ കോർത്തു, ഞാൻ അവളിരിക്കുന്ന സോഫയിക്ക് സൈഡിൽ നിൽക്കുകയാണ്,

"" അമ്മേ എല്ലാർക്കും ന്തേലും കുടിക്കാൻ എടുക്കെ... ""

ഞാൻ അമ്മയോട് പറഞ്ഞതും ഇപ്പൊ എടുക്കാമെന്നും പറഞ്ഞു അമ്മ അടുക്കളയിലേക്ക് പോയി..

"" അമ്മ ഒറ്റക്ക് പോണ്ട ഞാനും വരാം.. ""

അമ്മക്ക് പിന്നാലെ ഉടുത്തിരുന്ന സാരീ എളിയിൽ കുത്തി ഒരു സുന്ദരി എണ്ണിറ്റു,. ന്നെ ഒന്ന് കണ്ണ് ചിമ്മി കാട്ടി അവളകത്തേക്ക് ചെന്നതും

"" ആഹ്ഹ്.. ന്നാ വായോ.. ""

അമ്മ തിരിഞ്ഞുനിന്ന് അവളോട് ചിരിയോടെ ക്ഷണിച്ചു.ആ പോക്കും നോക്കി നിന്ന ന്റെ കൈയിൽ അവളൊന്ന് നുള്ളി.

www.kkstories.com

"" മ്മ്മ്.. "" നിക്കുനേരെ പുരികം ഉയർത്തുമ്പോൾ ഇടക്ക് കൂട്ടുകാർക്കിടയിലേക്കും കണ്ണ് പോകുന്നുണ്ട്

"" ഏയ് ഞാൻ വെറുതെ നോക്കിയതാ.. ""

കുനിഞ്ഞു അവൾക്കായി മാത്രം ശബ്ദം അനക്കുമ്പോൾ, അവളെന്നെ ചുഴിഞ്ഞോന്ന് നോക്കി

"" അഹ് ന്നാ ആ നോട്ടം വേണ്ട .അതെനിക്കങ്ങോട്ട് ഇഷ്ടപ്പെടുന്നില്ല.. ""

"" ഇവള്..!! അല്ല ആരാ അത്..?? "'

"" അവളാ.. ഞാൻ പറഞ്ഞ സുചിത്ര.. ""

""ഓ അവളായിരുന്നോ സുചിത്ര.. ഹ്മ്മ് സൂപ്പർ ആയിട്ടുണ്ട്.. ""

പറഞ്ഞു തീരലും കൈയിൽ അവളുടെ നഖം ആഴ്ന്നതും എല്ലാം ഒന്നിച്ചു, വേദന കടിച്ചുപിടിച്ചു നിൽകുമ്പോൾ കുട്ടത്തിൽ ആരോ ന്തോ കാണിച്ചതിന് കുഞ്ഞു കരയാൻ തുടങ്ങി, ഉടനെ അവളേം വാങ്ങി ഞാൻ വെളിയിലേക്ക് ഇറങ്ങി..

അവളേം കളിപ്പിച്ചു വെളിയിൽ നിൽകുമ്പോളാണ് സുചിത്ര അങ്ങോട്ടേക്ക് വരുന്നത്, പിന്നെ കുറച്ച് നേരം ഞങ്ങളു ഓരോന്ന് സംസാരിച്ചിരുന്നു.. കുടുതലും ക്ലാസ്സിലെ ആമിടെ കാര്യം.. എപ്പോളും അവളുടെ അജുവേട്ടനെ കുറിച്ചുള്ള സംസാരം എനിക്ക് പറഞ്ഞു തന്നു ചിരിക്കുന്ന സുചിത്രയുടെ കൂടെ ഞാനും കൂടി.നല്ല കാര്യപ്രാപ്തിയുള്ള കുട്ടി, അതവളുടെ സംസാരത്തിലും പെരുമാറ്റത്തിലും വ്യക്തമാണ്,.

"" നിങ്ങളിവിടെ നിക്കണോ.ഞാൻ അവിടെല്ലാം തിരക്കി..""

വെളിയിൽ നിന്ന് സംസാരിക്കുന്ന ഞങ്ങളുടെഅടുത്തേക്ക് ആമി ഒരു ചിരിയോടെ എത്തി.അടുത്തേക്ക് വന്ന് ന്റെ കയ്യിൽ ഇരുന്ന കുഞ്ഞിനേം വാങ്ങി അവൾ സുചിത്രയോട് കാര്യം ചോദിച്ചറിഞ്ഞു നിന്നു, കുട്ടത്തിൽ അവളുടെ മുടങ്ങിയ ക്ലാസ്സിന്റെ പൊഷൻ അയച്ചു കൊടുക്കണം എന്നൊക്കെ യുള്ള സംസാരം.

"" ന്നാ നീ അകത്തേക്ക് ചെല്ല്, ഊണിനുള്ളത് പാകമായി.. ""

ചിരിയോടെ അവളെ കഴിക്കാൻ വിളിച്ചവൾ കുഞ്ഞിനെ കളിപ്പിക്കാൻ തുടങ്ങി..

"" ഹ്മ്മ്,, വഴക്കുണ്ടോടി... "" കയ്യിൽ ഇരിക്കുന്ന കുഞ്ഞിനെ തലോടി അവൾ പറയുമ്പോൾ,

"" ഏയ്യ് അവളൊരു പ്രശ്നത്തിനുമില്ല,, ഇങ്ങേരെ പോലെയാ.. ""

www.kkstories.com

ചിരിയോടെ തന്നെ ആമി യവൾക്ക് മറുപടിയും കൊടുത്തു, അവളകത്തേക്ക് കയറുന്നത് നോക്കി നിൽകുമ്പോൾ

"" ന്തായിരുന്നു രണ്ടാൾക്കും ഇത്രേം നേരം പറയാൻ.. ""

ഒരു പുച്ഛത്തോടെയാണ് അവളത് ചോദിച്ചത്..

"" വേറെന്ത് നിന്നെ കുറിച്.. ""

"" ന്നെക്കുറിച്ചോ...?? ന്നെക്കുറിച്ചെന്ത്..?? ""

"" ഓഹ് നീ കോളേജിൽ കിടന്ന് കാണിക്കുന്ന മണ്ടത്തരങ്ങളും, തല്ലുകൊള്ളിത്തരവും ല്ലാം അവളെന്നോട് പറഞ്ഞു.. ""

"" അയ്യേ ആ പെണ്ണ് മൊത്തം പറഞ്ഞോ.. ""

ഞാൻ അതേയെന്ന് തലയനക്കി, പിന്നേം പെണ്ണ് ചമ്മി ന്റെ തോളിൽ തൂങ്ങി, തിരിച്ചവളുമായി അകത്തേക്ക് കയറിയതും അവര് കഴിക്കാൻ ഇരുന്നിരുന്നു, പിന്നെ

അവർക്കെല്ലാം വിളമ്പി കൊടുത്ത് അവിടെ ചുറ്റി പറ്റി നിന്നു, കഴിച്ചു കഴിഞ്ഞേണിറ്റതും കുഞ്ഞിനെ അവർ വാങ്ങി,

കുറച്ചു നേരത്തെ സംസ്കാരത്തിന് ശേഷം അവർ ഇറങ്ങാനുള്ള തയാറെടുപ്പെടുത്തു.ഇന്നിനി പോകണ്ടാന്നു ഒരുപാട് പറഞ്ഞതാ ന്നാൽ അവർ എല്ലാം അതിനെ സ്നേഹപൂർവ്വം നിരസ്കരിച്ചു,.

****

അങ്ങനെ കുഞ്ഞിന്റെ ഇരുപത്തിയേട്ടുകേട്ടത്തി അതിന്റ ആഘോഷത്തിലാണ് എല്ലാരും, ഓഫീസിൽ നിന്ന് കോളിഗ്സ് എല്ലാരും വന്നിട്ടുണ്ട് ഒപ്പം ഗായത്രി യും, സൺഡേ ആയത്കൊണ്ട് എല്ലാരും ഇങ്ങ് പോണു,. പേരിടിൽ ചടങ്ങും കഴിഞ്ഞ് നിൽകുമ്പോൾ. അമ്മ പറഞ്ഞപ്പേരു തന്നെയാണ് കുഞ്ഞിന് ഇട്ടത്,മീനാക്ഷി .. കുഞ്ഞിനെ മടിയിൽ ഇരുത്തി പേര് ചോലുമ്പോൾ എനിക്കരികിൽ സെറ്റ് സാരിയിൽ സുന്ദരിയായി ന്റെ പെണ്ണും ഉണ്ടായിരുന്നു..

അങ്ങനെ ചടങ്ങെല്ലാം കഴിഞ്ഞു വെളിയിലേക്ക് ഇറങ്ങി അവരോട് സംസാരിച്ചു നിൽകുമ്പോളാണ് ഏട്ടത്തി അങ്ങോട്ടേക്ക് വരുന്നത്.,

"" ഹാ നിങ്ങള് കഴിച്ചായിരുന്നോ..? ""

www.kkstories.com

ഏട്ടത്തിയും സെറ്റ് സാരിയിൽ ആണ്, അവരോട് ചോദിച്ചതിന് പിന്നെ ആകാം ന്നവർ മറുപടി പറഞ്ഞതും ഏട്ടത്തി അകത്തേക്ക് കയറാൻ നിൽകുമ്പോൾ ആമി കുഞ്ഞുമായി അങ്ങോട്ടേക്ക് എത്തി..

"" ഏട്ടത്തി ഇവളെയൊന്നെടുത്തെ പെണ്ണ് ആകെ വശം കെടുത്തി.. ""

മുന്നോട്ടേക് നടക്കാൻ നിന്ന ഏട്ടത്തിയുടെ കൈയിലേക്ക് കുഞ്ഞിനെ ചോദിക്ക പോലും ചെയ്യാതെ കൊടുത്തിട്ട് ആമി ചുളുങ്ങിയ സാരീ നേരെയാക്കി,.

"" ഇങ്ങോണ്ടാ ന്റെ കുഞ്ഞിനെ..! വല്യമ്മേടെ ചുന്ദരിക്കുട്ടി ഇങ്ങ് വാ.. ഹ്മ്മ് ""

ഏട്ടത്തി കുഞ്ഞിനേം വാങ്ങി കളിപ്പിച്ചോണ്ട് അകത്തേക്ക് കയറി ഏട്ടത്തിക്ക് അധിക മാസം ഒന്നുമായില്ല, പക്ഷെ പുള്ളിക്കാരി ഭയങ്കര ശ്രദ്ധയിലാണ് നടപ്പ്, ഇപ്പോ കോളേജിൽ ഏട്ടൻ കൊണ്ട് വിടാതെ പോകില്ല ന്നായി..

അത് വിട്...!

കുഞ്ഞിനേം കൈമാറി ന്റെ അടുത്തേക്ക് വന്ന ആമി എല്ലാരേം നോക്കി യൊന്ന് ചിരിച്ചു, ന്നിട്ട് പതിയെ ന്റെ ചെവിയിൽ

"" മാഗിയേച്ചിയെയും വിഷ്ണുവേട്ടനെയും കണ്ടില്ലലോയെട്ടാ.. ""

""അവരിപ്പോ എത്തുടി..""

"" മ്മ് ഇങ്ങ് വരട്ടെ രണ്ടും ശെരിയാക്കി കൊടുക്കണ്ട്ണ്ട് ഞാൻ..

അല്ല ഇവര് വല്ലോം കഴിച്ചായിരുന്നോ...?""

ന്നോട് പിറുപിറുക്കുന്ന കൂട്ടത്തിൽ അവളുടെ ചെഷ്ടകൾ കണ്ട് പലരും പതുങ്ങി ചിരിക്കുന്ന കാര്യം പെണ്ണ് കണ്ടില്ല..

"" ന്താണ് ഡോക്ടർക്കൊരു കുശലം പറച്ചില്..ങേ..""

അതോടെ പെണ്ണൊരു ചമ്മിയ ചിരിയും നൽകി അവിടുന്ന് സ്ഥലം വിട്ടു.

"" അർജുൻ ചെലവൊന്നുമില്ലേ... ""

കൂട്ടത്തിൽ ഒരുത്തൻ കൈകൊണ്ട് കുപ്പിയുടെ ആഗ്യം കാട്ടിയതും, ഞാൻ ശെരിയാക്കാം ന്നും പറഞ്ഞു മുറിയിലേക്ക് പോയി, നേരത്തെ പ്പോയി വാങ്ങിയിരുന്നു സാധനം, ഇവന്മാരൊക്കെ ഇത് പ്രതീക്ഷിച്ചു വന്നതാണെന്ന് നിക്കറിയില്ലേ.. അങ്ങനെ സാധനം കൊടുത്ത് സ്ഥലവും പറഞ്ഞു കൊടുത്ത് ഞാൻ ഗായത്രി യും മറ്റുമായി സംസാരിച്ചോണ്ട് നിൽകുമ്പോളാണ് വിഷ്ണുവും മാഗിയും വന്നത്..

ഇടക്കവരുടെ ആളുകൾ കുറച്ച് സീൻ ആക്കിയിരുന്നു,, മാഗിയുടെ വീട്ടിൽ ചെന്ന് ചെറിയ കച്ചറ ആക്കി, പിന്നെ അവളുടെ അപ്പന്റെ ഹോൾഡ് ഒന്നുകൊണ്ടു മാത്രം എല്ലാം ഒതുക്കി തീർത്തു.. അന്ന് കേറിയതാ രണ്ടും പിന്നിപ്പോള പുറത്തിറങ്ങുന്നേ..ഇവിടെ ആർക്കും അറിയില്ല കാര്യങ്ങൾ അതോണ്ട് കുഞ്ഞിനെ കാണാൻ മനഃപൂർവം വരാത്തതാണ് ന്നും പറഞ്ഞു ആമി എന്നും ബഹളമായിരുന്നു

അടുത്തേക്ക് വന്നവർ എന്നോടും ഗായത്രിയോടും മറ്റുള്ള സ്റ്റാഫിനോട് എല്ലാം സംസാരിച്ചു നിൽകുമ്പോൾ ഞാൻ ആമിയെ അകത്തുനിന്ന് വിളിച്ചു..അവള് വെളിയിലേക്ക് വന്നതും

"" ആരാ ഇവരൊക്കെ...? ഇവരെ കാണാൻ ന്തിനാന്നെ ന്നെ വിളിച്ചേ..."" ന്നായിരുന്നു അവളുടെ മറുപടി, കൂടെ വന്ന അമ്മയും അവളുടെ സംസാരം കേട്ട് അവളുടെ കയ്യിൽ ഒന്ന് പൊട്ടിച്ചു, എല്ലാരും ഒന്ന് ചിരിച്ചെങ്കിലും അവളുടെ മുഖം മാത്രം തെളിഞ്ഞിട്ടില്ല

"" മിണ്ടാണ്ടിരി പെണ്ണെ... നിങ്ങളകത്തേക്ക് വായോ.. മാഗി മോളെ വാ.. എടാ വിഷ്ണു കേറി വാടാ.. ""

അമ്മ അകത്തേക്ക് വിളിച്ചതും അവർ അകത്തേക്ക് കയറി,അവരെടുത്തെത്തിയപ്പോൾ അവള് മുഖം വെട്ടിച്ചു, അതിന് വിഷ്ണു മുഖം കൊണ്ട് ജാഡ ന്ന് കാണിച്ചതും, പെണ്ണവന്റെ വയറ്റിൽ ഒറ്റ കുത്ത് ന്നിട്ടകത്തേക്കൊരു പോക്കും.. കുറച്ചു മുൻപോട്ട് നടന്നവൾ തിരിഞ്ഞു നോക്കി

"" വീട്ടി വീട്ടി കേറിക്കോ പക്ഷെങ്കില് ന്റെ കുഞ്ഞിനെ കാണാൻ ഞാൻ സമ്മതിക്കില്ല... ""

"" ന്തോന്നാ ചേച്ചി നീ പറയണേ.. അവര് പിന്നെ ആരെ കാണാനാ ഇപ്പോ വന്നേ ""

അഞ്ചു കൈയും ഷാളിൽ തൂത്തുകൊണ്ട് അങ്ങോട്ടേക്ക് വന്നതും, ഇവളിത് എവിടെപോയിരുന്നെടാ ന്നായിരുന്നു ന്റെ ഡൌട്ട്, പുള്ളികാരത്തിയെ കാണാംടായിട്ട് ഒരുപാട് നേരയെ..

"" ആഹ്ഹ് എനിക്കെങ്ങും അറിയാൻ മേല, അവരെന്തിനാ വന്നെന്ന്.. ഹും."" അവരെ നോക്കി ഒന്ന് അമർത്തി മൂളി പെണ്ണ് മുകളിലേക്ക് കയറി, അത് കണ്ടതും എല്ലാരുമൊന്ന് ചിരിച്ചു,

"" അല്ല നീയെവിടെയിരുനേടി കാന്താരി ഇത്രേം നേരം.. ""

അവള് പോയ വഴി നോക്കി നിന്ന അഞ്ചുന്റെ ചെവിക്ക് പിടുത്തമിട്ടായിരുന്നു ൻറെ ചോദ്യം

www.kkstories.com

"" ഹാ ഏട്ടാ വിട്.. ഞാൻ.. ഞാനവിടെ അടുക്കളേൽ ഉണ്ടായിരുന്നു ന്ന്.. ഇയ്യോ വീടോ.""

"" ഇതാരാ...? ""

ഗായത്രിയാണ്.., അവർക്ക് ഇവളെ അറിയില്ല പിന്നെ പരിചയപ്പെടുത്തി കൊടുത്തു,. പിന്നീട് ലീവിന്റെ കാര്യം പ്രത്യേകം ഓർമ്മിപ്പിച്ചാണ് ഗായത്രിയും കൂട്ടരും ഇറങ്ങിയത്, അവരെ യാത്രയാക്കി ഞാനും അഞ്ജുവും അകത്തേക്ക് കയറുമ്പോൾ അടുക്കളയിൽ ഒരു ബഹളം, വന്നുടനെ രണ്ടും അങ്ങോട്ടേക്ക് ചെന്ന് കേറീട്ടുണ്ട്, കുഞ്ഞുമായി ആമിയുടെ അമ്മ തലങ്ങും വിലങ്ങും നടക്കുന്നുണ്ട്, അതിന് കൂട്ടായി ന്റെ അമ്മായിയച്ഛനും, ന്റെ തന്തപ്പടി ന്തിയെ ന്തോ...? കൊച്ചിനുള്ള പേരും പറഞ്ഞു തന്നപ്പോ കണ്ടതാ പിന്നെ കണ്ടില്ല, ഏട്ടൻ പിന്നെ തണ്ണിയടിക്കാൻ പോയിക്കാണും, എനിക്ക് പിന്നെ പ്രത്യേക വിലക്കുള്ളതാ ഇന്നത്തെ ദിവസം,,

****

"" എടി പെണ്ണെ നിയാ കുഞ്ഞിനെ അവരെയൊന്ന് കാണിക്ക്..

ശെടാ ഇതുപോലൊരു കൊച്ച്.""

കുഞ്ഞിന് മേലെ വിഴുന്ന അവരുടെ കണ്ണുകളിൽ നിന്ന് കുഞ്ഞിനെ പൊതിഞ്ഞു പിടിച്ചു ആമി തന്റെ നിലപാട് വ്യക്തമാക്കി,

"" പിന്നെ...നീ കാണിച്ചിട്ട് വേണോല്ലോ ഞങ്ങൾക്ക് ഞങ്ങടെ അജ്ജുന്റെ കുഞ്ഞിനെ കാണാൻ.. മാറി കുഞ്ഞിനെയെടുക്കെടി..!""

അവളുടെ കാട്ടിക്കൂട്ടലുകൾ കണ്ട് ചിരി കടിച്ചുപിടിച്ച വിഷ്ണു മാറിയോടതുപറയുമ്പോൾ അവളും ചിരി കഷ്ടപ്പെട്ട് ഒളിക്കുന്നുണ്ടായിരുന്നു.,

അതോടെ കുഞ്ഞിനെ എടുക്കാൻ ന്നപോലെ മാറി ആക്ഷൻ ഇട്ടതും, പെണ്ണിന്റെ വിധം മാറി..

"" ന്നാ അതൊന്ന് കാണണമല്ലോ.. ഇത്രേം നാളും വരാൻ പറ്റാത്തൊരാരും ന്റെ കുഞ്ഞിനേയും കാണണ്ടന്നെ.. ""

ന്നവൾ വാശിപിടിച്ചപ്പോ ഓരോന്ന് പറഞ്ഞു സമാധാനിപ്പിക്കാൻ അവരാകുന്നത് നോക്കുന്നുണ്ട്, എവിടെ അതുവല്ലോം ഇവളുണ്ട് കേക്കുന്നോ.. ന്നിട്ടും നില ഇല്ലാണ്ടായപ്പോ

"" ആമി.....!! മാറിയെ.. ""

www.kkstories.com

ന്റെ സ്വരം വീണതും പെണ്ണ് മുഖവും വീർപ്പിച്ചു കുഞ്ഞിനെ അവർക്ക് കാണാൻ പാകത്തിൽ മാറി കൊടുത്തു..,കുഞ്ഞിനേം എടുത്തവര് വെളിയിലേക്ക് ഇറങ്ങുമ്പോൾ ഡോറും അടച്ചു ഞാൻ ന്റെ പെണ്ണിന്റെ അടുത്തേക്ക് വന്ന് വേദനിക്കാതെ ആ മടിയിൽ കിടന്നു, സാധാരണ ഇങ്ങനെ കിടക്കുമ്പോൾ ഒരു മെസ്സേജിങ് പതിവുള്ളതാ ഇന്നത്തുണ്ടായില്ല, ഹ്മ്മ് പെണ്ണ് കലിപ്പാ...

"" ഒന്ന് പെറ്റെണ്ണിറ്റിട്ടും നിന്റെ കൊഞ്ചലു മാറിയില്ലേ പെണ്ണെ..""

അവളുടെ കവിളിൽ വലിച്ചു വിട്ട് ഞാൻ ചോദിച്ചതെ പെണ്ണെന്റെ കൈ തട്ടി മാറ്റി.

"" ഹാ...ന്റെ പെണ്ണിനെന്നോട് പിണക്കമാണോ..??""

"" നിക്കാരോടും പെണ്ണാക്കോമില്ല ദേഷ്യോമില്ല. ""

"" ആ പറഞ്ഞതിൽ തന്നെയൊരു പിണക്കമുണ്ടല്ലോ അനാമികെ.. ""

ഒരു മിനിറ്റ് കഴിഞ്ഞില്ല ന്റെ കഴുത്തിൽ അവളുടെ കൈ വീണു, പെണ്ണിന് അവളെ ഞാൻ പേര് കൂട്ടി വിളിക്കുന്നതിഷ്ടമല്ല, ഞാൻ അങ്ങനെ വല്ലോം വിളിച്ചാൽ പിന്നെ ന്റെ കയ്യിൽ നിറയെ പാടുകളായിരിക്കും.

"" ദേ യേട്ടാ ഞാൻ പറഞ്ഞിട്ടുണ്ട് അങ്ങനെ വിളിക്കല്ലെന്ന്. ""

"" ഹാഹ്ഹ... അതിന്.. അതിനത് നിന്റെ പേരുതന്നെയല്ലെടി കോപ്പേ... ""

പിച്ചു കിട്ടിയ ഭാഗം ഉഴിഞ്ഞു ഞാൻ അവളെ നോക്കി,

"" ആണ്.. പക്ഷെങ്കില് നിങ്ങളെന്നെയാ പേര് വിളിക്കണ്ട.. സാധാരണ വിളിക്കണപ്പോലെയങ്ങ് വിളിച്ചോണ്ടാ മതി.. ""

"" ഹോ സമ്മതിച്ചെന്റെ പെണ്ണെ... ""

അവളെ ഞാൻ വട്ടം കുട്ടിച്ചുരുണ്ടു, അവളെന്റെ തലയിൽ തലോടിയും.

"" ഒരു ലിപ്ലോക്ക് തരോ.. ""

കുറച്ചുനേരത്തെ കിടപ്പുതുടർന്നു ഞാൻ തലയുയർത്തി അവളോട് ചോദിച്ചതും, പെണ്ണ് കണ്ണുതുറന്നെന്നെ നോക്കി ,

"" ഹ്മ്മ്.. ഈ കിടപ്പ് കണ്ടപ്പോളെ എനിക്കൊരു സ്പെല്ലിങ് മിസ്റ്റേക്ക് അടിച്ചതാ... അപ്പൊ ഇതായിരുന്നല്ലേ ഉദ്ദേശം..? ""

www.kkstories.com

കവിളിൽ പിടിച്ചാട്ടി കളിപ്പിച്ചവസാനം അവളുത്തന്നെ ന്റെ ചുണ്ടിനു മീതെ അവളുടെ ചുണ്ടു ചേർത്തു..

ഏറെ നേരം നീണ്ടുനിന്നയാ സ്നേഹം ഞങ്ങളു രണ്ടാളും ആസ്വദിക്കുകയായിരുന്നു.എന്നിലെ ഇവളിലുള്ള പ്രണയം ഒരിറ്റുപോലും കുറയാതെ എന്നുമിങ്ങനെ കാക്കണേ ന്നൊരു പ്രാർത്ഥന മാത്രേ ഉള്ളു..

****

പുറത്തുനിന്നു കുഞ്ഞിന്റെ കരച്ചില് കേട്ടതും

"" ന്റെ കുഞ്ഞ്... "" ന്നും പറഞ്ഞു ചാടി എണ്ണിറ്റവൾ വെളിയിലേക്ക് ഇറങ്ങി., പുറകിൽ നിന്ന് ഞാൻ പറഞ്ഞതൊന്നും അവള് കെട്ടില്ലെന്ന് എനിക്കിതിനോടകം മനസിലായി., പുറത്തേക്ക് ചെല്ലുമ്പോ കേൾക്കാം കുറച്ചു സംസാരം

"" നുമ്പേ കണ്ടപോലെയല്ലല്ലോടി പെണ്ണെ നിന്റെ മുഖമിപ്പോ ആകെയൊന്ന് ചുവന്നല്ലോ.. മ്മ് ന്തേ അവൻ ചുമക്കാൻ പാകത്തിന് വല്ലതും തന്നോ..? ""

കുഞ്ഞിനെ തോളിലിട്ട് കരച്ചില് നിർത്തുന്ന മാഗിയുടെ മുന്നിൽ കെണിയിൽ അകപ്പെട്ട വെരുകിനെ പോലെ നിക്കാണ് ആമി, ഞാൻ പറഞ്ഞത് കേൾക്കാതെ ഓടിച്ചെന്നു കേറി കൊടുത്തതല്ലേ കുറച്ച് വെള്ളം കുടിക്കട്ടെ, വിഷ്ണു വില്ല,അവിടെ ആ നാറി അടുക്കളയിൽ പോയ് കാണും കേറ്റാൻ.

"" പിന്നെ.. ചുവക്കാൻ അങ്ങ് മരുന്നിരിക്കയല്ലേ.. കളിക്കാതെ പോയേച്ചി.. ""

"" അമ്പടി നിയെങ്ങനെയങ്ങ് പോകാൻ വരട്ടെ.. പറഞ്ഞോ.. സത്യം പറഞ്ഞോ ഇല്ലേൽ ഇപ്പൊ ഞാൻ എല്ലാരേം വിളിച്ചുകൂട്ടും..""

ഇനിയും ഇടപെട്ടില്ലേൽ ഇവളിത് എല്ലാരേം അറിയിക്കുമെന്ന് ഉറപ്പുള്ളതിനാൽ ചാടി മുന്നിൽ കയറി,

"" ഹാ സ്പോൺസറൂം എത്തി.. പറയെടാ ഇവളിത്രേം ചുമക്കാനും മാത്രം ന്താ നി കൊടുത്തേ.. ""

"" പൊന്ന് മാഗി നീ നാറ്റിക്കല്ലേ..!""

"" ഹ ഹ.. ഹാ ഇല്ല..സത്യം പറഞ്ഞാ ഞാൻ ആരേം നാറ്റിക്കില്ല.. "" അവളൊന്നിളിച്ചു, ചവിട്ടാനാ തോന്നിയെ..

www.kkstories.com

"" അതൊരുമ്മേടെ പവറാടി..""

പറഞ്ഞതും ആമി ന്റെ കയ്യിൽ ഒരു പിച്ച്, ന്നിട്ട് മുഖം ന്റെ തോളിലേക്ക് അമർത്തി.,

"" എവിടെ...? ചുണ്ടിലാ..??"" മാഗി വിടുന്ന ലക്ഷണമില്ല..,കളിയാക്കയാണ് നാറി

"" അല്ല നെറ്റിലാ... അല്ലെട്ടാ..."" ഇനി നിന്നാ പുഴുങ്ങുമെന്ന് അറിയാവുന്നത് കൊണ്ടാകണം അവളതും പറഞ്ഞു ന്നെയും വലിച്ചു റൂമിലേക്ക് നടന്നത്..

"" മ്മ് എവിടെയാന്ന് എനിക്കിപ്പോ മനസിലായിട്ടോടാ.. ഹ്മ് ഹ്മ് നടക്കട്ടെ..."

"" ഈ ചേച്ചി..""

"" ടി പെണ്ണെ ഇതിനെ വേണ്ടേ..? ""

തിരിഞ്ഞു നോക്കുമ്പോൾ കുഞ്ഞിനെയാണ്.. അവളുറക്കം പിടിച്ചിരുന്നു..

"" വേണ്ട വെച്ചോ.. പിന്നെടുത്തോളം.. ""

ന്നും മറുപടി പറയാൻ സമ്മതിച്ചില്ല അതിന് മുന്നേ ഡോർ അടഞ്ഞു..മുന്നിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന അവളെയും നോക്കി ഞാനാ കട്ടിലിൽ ഇരുന്നു..

"" നീയെന്താ കൊച്ചിനുവെച്ച വേര മരുന്നെടുത്ത് കഴിച്ചോ..?? ""

"" തമാശിക്കല്ലേ... ആകെ ചമ്മി ഐസ് ആയി നിക്കുമ്പോളാ അങ്ങേരുടെയൊരു ഒണക്ക തമാശ.. ""

"" നിന്നോടരേലും പറഞ്ഞോ ചാടിത്തുള്ളി അവളുടെ വായിലോട്ടു ചെന്ന് കേറിക്കൊടുക്കാൻ.. ന്നിട്ടിപ്പോ ന്റെ തമാശക്കയോ കുഴപ്പം..ഹല്ലേ ""

"" നിങ്ങള് പോ.. ന്നോടൊന്നിനുമിനി വരണ്ട. ""

"" അല്ലേല്ലാരു വരണ്...! പെണ്ണുങ്ങളായാ ഇത്രേം അഹങ്കാരം പാടില്ല.. ""

ഞാൻ ഡോറും തുറന്ന് വെളിയിലേക്ക് ഇറങ്ങി, നേരെ വിഷ്ണുനെയും വിളിച്ചു ആറിന്റെ കരയിലേക്ക് നടക്കുമ്പോൾ അടുത്തുള്ള കുമാരേട്ടന്റെ കടയിൽ നിന്ന് ഈരണ്ടു ഗോൾഡും വാങ്ങി കത്തിച്ചു, ഒരു പുക ആഞ്ഞു അകത്തേക്കെടുത്തപ്പൊ ന്തൊരു സുഖം., ആ കരയിൽ ഇരിക്കുമ്പോൾ സദ്യയാകുന്നതറിയില്ല, ഓരോന്ന് വിളിച്ചുചൊല്ലി കാക്കകൾ കൂടണയുമ്പോൾ, ഞാനാ കൽവെട്ടിൽ തലചായ്ച്ചു.. വൈകിട്ടത്തെ ദീപാരാധന തൊഴാൻ കുളിച്ചു പട്ടുപാവാടയിലും സാരീയിലും നനഞ്ഞ മുടിയിൽ തുളസിക്കതിര് ചൂടി അമ്പലത്തിലേക്ക് വരണ പെൺകുട്ടികൾ, ചെളിയിലെ കളികഴിഞ്ഞു അമ്പലകുളത്തിൽ കുളിക്കാൻ വരുന്ന കുട്ടികൾ, നാട്ടുവിശേഷം പറയാൻ ഒത്തുകൂടുന്ന അമ്മാവന്മാർ അങ്ങനെയാ നാട്ടുവഴിയിലെ വിശേഷങ്ങൾ നീണ്ടുപോകുന്നു..

"" ഒന്നുടെ പോകാച്ചാലോ... ""

ന്ന അവന്റെ തീരുമാനത്തെ തള്ളികളയാൻ തോന്നില്ല ഓരോന്നുടെ വലിച്ചു കേറ്റി. മനസിലെ ഭാരം ന്നപോലെ പുകഞ്ഞാൻ പുറത്തേക്ക് കളഞ്ഞുകൊണ്ടിരുന്നു., കുറച്ചു നേരം കൂടെ അവിടിരുന്നു,, അപ്പോളേക്കും വീട്ടിൽന്ന് വിളിയെത്തി, ഞാനവിടെ പോയിന്ന് അറിയാതെയുള്ള പരാക്രമമാണ് പെണ്ണ്, കടയിൽ നിന്ന് ഓരോ സെന്റർ ഫ്രഷും വാങ്ങി ചവച്ചു, കൈയിൽ കമ്യൂണിസ്റ് പച്ച തൂത്തു മണം കളഞ്ഞു ഞങ്ങൾ വീട്ടിലെക്ക് നടന്നു.. പോകുന്ന വഴിയിൽ തമിഴ് അണ്ണന്മാർ നടത്തുന്ന ചായക്കടയിൽ കയറി ചായയും കുടിച്ചു, എല്ലാർക്കുമുള്ള കടിയും ന്റെ പെണ്ണിന്നുള്ള ത് പ്രത്യേകവും പൊതിഞ്ഞു വാങ്ങി വീട് പിടിക്കുമ്പോൾ നേരിയ ഇരുട്ട് വീണിരുന്നു.

"" എവിടെ തെണ്ടാൻ പോയതാടാ രണ്ടും.. ""

അമ്മയാണ്.. ഉമ്മറത്തെ കത്തുന്ന തിരിക്കുമുന്നിൽ ഏട്ടത്തിയും, അഞ്ജുവും, മാഗിയും അവളുടെ അമ്മയും ഇരിപ്പുണ്ട്, ന്റെ തള്ള മുറത്തിൽ എന്തോ പാക്കുകയാണ്..

www.kkstories.com

"" ഈ പരദൂഷണം പറഞ്ഞുനടക്കാതെ നിങ്ങൾക്കുടെ വല്ലോം പ്രാർത്ഥികരുതോ..? ""

""ഹ്മ്മ് ഊവ്വ ഊവ്വ.. നിയദ്യം നന്നാവു ന്നിട്ട് ഇങ്ങോട്ട് വരണതിനെ കുറിച്ചാലോചിച്ചാ മതിട്ടോ.. അല്ല നിന്റെ കൈയിൽ ന്താ ഒരു പൊതി.""

"" അതവൾക്കാ... ""

"" അതെന്തേ നമ്മള് തിന്നാ തൊള്ളെന്നിറങ്ങില്ലേ... ""

ഉടനെ മാഗി ശബ്ദമിട്ടു.. വിഷ്ണുവാണെകിൽ ഉള്ള സിഗരറ്റും വലിച്ചു, അവിടെ കിടന്ന് കണ്ണ് പൊട്ടണ തെറിയും വിളിച്ചുവന്നിട്ട് ഇപ്പോ നാമം ജപിക്കാൻ ഇരിക്കുന്നു,, കുലപുരുഷൻ.. ഊള..

"" നാമംജപികുമ്പോളാണോ പെണ്ണെ വേണ്ടാത്തത് പറയണേ.. മര്യാദക്കിരുന്ന് ചൊല്ലാൻ നോക്കിക്കോ നി.. "" തൊട്ടടുത്തിരുന്ന ഏട്ടത്തി അവളുടെ തുടയിൽ ഒന്ന് പൊട്ടിച്ചപ്പോ അവളൊക്കെയായി..

""കിടന്നോച്ചായിടണ്ട എല്ലാർക്കുംകൂടെയ വാങ്ങിയേ.. ദേ അമ്മേടെൽ കൊടുത്തേക്കാമെൻറെ പൊന്നോ., ഏട്ടത്തി ഏട്ടത്തിക്ക് അതിനകത്തു പ്രത്യേകമൊരു പൊതിയുണ്ടേ..""

www.kkstories.com

അതിനേട്ടത്തി പ്രാർത്ഥനയിലും തലയനക്കി ഞാൻ അകത്തേക്ക് കയറുമ്പോൾ പെണ്ണവിടെ കുഞ്ഞിനേയും ഉറക്കി ചാരി ഇരിപ്പുണ്ട് ന്തോ പുസ്തക വായനയിലാണ്, ഞാൻ വന്നതറിഞ്ഞിട്ടും മൈൻഡ് ആക്കില്ല, വിളിച്ചിട്ട് എടുക്കാഞ്ഞതിന്റെയാകും ,,

"" അപ്പേടെ പോന്നോറങ്ങിയോടി കള്ളിപ്പെണ്ണേ..""

ഞാനവളെ വകവയ്ക്കാതെ കുഞ്ഞിന് നേരെ ചെന്നതും

"" കള്ളിപ്പെണ്ണ് കളിച്ചു കൊച്ചിനെ ഉണർത്തിയാലാ അജുവേട്ട ന്റെ വിധം മാറുന്നെ..""

"' പിന്നെ നിന്റെ വിധം ഞാൻ കാണാത്തതൊന്നുമല്ലോ..""

"" ന്താ...!""

പതിയെയാണ് പറഞ്ഞതെങ്കിലും അവളത് കെട്ടേന്ന് എനിക്കറിയായിരുന്നു. അതിന്റെ കാരണമെന്നോണം പെണ്ണിന്റെ മുഖത്തൊരു കള്ളച്ചിരി ഓടിയെത്തി. അതിന് ഞാൻ ഒന്നുല്ല ന്ന് പറഞ്ഞു അവളുടെ അടുത്തിരുന്നതും അവളെന്നെ മൊത്തത്തിൽ ഒന്ന് നോക്കി, ഈശ്വരാ...

"" അതെന്താ കയ്യില്..? ""

"" അത് നിനക്കുള്ളതല്ല.. അത് ഞാനെന്റെ പെമ്പറന്നോത്തിക്ക് വാങ്ങിതാ.. ""

ഞാനാ കവർ പതിയെ കയ്യിലെടുത്തു ചുമ്മാ അവളെ ചൂടാക്കി,

"" നിങ്ങൾക്ക് ഞാനല്ലാതെ വേറൊരു പെമ്പാറന്നോത്തി യില്ലെന്ന് നിങ്ങളെക്കാളെറെ നിക്കറിയാം.. അതോണ്ടെന്റെ പുന്നാര കെട്ടിയോൻ കളിക്കാതെ ആ പൊതി ഈ പെമ്പറന്നോത്തിടെ കയ്യിലോട്ട് താ... ഹ്മ്മ് വേഗം സമയമില്ല '"

ന്റെ കയ്യിൽ നിന്ന് തട്ടിപ്പറിച്ച ആ പൊതി ന്നെയൊരു നോട്ടം നോക്കിയവളഴിച്ചു, അകത്തെ പരിപ്പുവട കണ്ടതെ വരണ്ട ചുണ്ടിൽ വെള്ളം ചലിച്ചെത്തിയ ചിരിയോടെയവൾ ന്നെ നോക്കി

"" ഉമ്മ്ഹഹ... "" ഒന്നെടുത്തൊരു കടി കടിച്ചവൾ ൻറെ കവിളിൽ അമർത്തിയൊരു ഉമ്മ വയ്ക്കുമ്പോൾ അവളെ നെഞ്ചോടടക്കി പ്പിടിച്ചു ഞനും ഇരുന്നു,

"" പ്രമിച്ചു കഴിഞ്ഞെങ്കിൽ ഞങ്ങൾക്കകത്തേക് വരവോ..""

ഡോറിൽ വീണ കൊട്ടിൽ പുറത്തു നിൽക്കുന്നത് ആരാണെന്ന് മനസിലായി, കേറിപ്പോരോന്ന് പറയണ്ട താമസം അവരെല്ലാം അകത്തേക്ക് കയറി പൊന്നു., മാഗികും അഞ്ചുവിനും പുറകെ ഏട്ടത്തിയും എത്തിയായതോടെ പിന്നെ അവിടൊരു ബഹളം ആയിരുന്നു, അവസാനം കൊച്ചിന്റെ കരച്ചില് വീണപ്പോ പിന്നാർക്കും മിണ്ടാട്ടമില്ല.

"" ന്നാ കൊണ്ടൊക്കോ.. നിക്കും എന്റെ ഭാര്യക്കും കുറച്ചുനേരം പ്രേമിക്കണം.. അതോണ്ട് ഓണർത്തിയവര് തന്നെ ഉറക്കിക്കോ.. ""

കുഞ്ഞിനെ ഏട്ടത്തിയുടെ കൈയിലേക്ക് കൊടുത്തോണ്ട് ഞാൻ പറഞ്ഞതും, ആമി ഇതെന്തൊരു ജന്തു ന്നാ രീതിയിൽ ന്നെ നോക്കി കുട്ടിനൊരു പിച്ചും. അഞ്ചു നിൽക്കുനെന്ന്, അതോടെ ഞാനും ന്റെ പെണ്ണും ഒറ്റക്കായി... അവരിറങ്ങിയതും ഞാൻ ഓടിപ്പോയി വാതിൽ അടച്ചു.. അവൾ കൈയിലെ പരിപ്പുവട കഴിച്ചോണ്ട് തന്നെ ന്നെ നോക്കി നിക്കാണ്..

"" ന്റെ എല്ലാമെല്ലമല്ലേ.. ന്റെ ചേലോത്ത ചെമ്പരുന്തല്ലേ.. നിന്റെ കാലിലെ കാണാ പാദസരം ഞാനല്ലേ.. ഞാനല്ലേ...!""

ഉടുത്തിരുന്ന കയ്ലിയും മടക്കിയുടുത്തു മീശ മാധവനിൽ ദിലീപ്പേട്ടൻ വരണ സ്റ്റൈലിൽ ഞാനവൾക്കടുത്തേക്ക് ചുവടുവച്ചു, അവളുണ്ട് ന്റെ പ്രവർത്തികൾ കണ്ട് കുലുങ്ങി ചിരിക്കുന്നു.. അടുത്തെത്തി അവളുടെ രണ്ട് കയ്യിൽ പിടിച്ചു രണ്ട് വശത്തേക്ക് വകഞ്ഞു മാറ്റുമ്പോൾ ഞങ്ങളുടെ കണ്ണുകൾ പരസ്പരം പിടഞ്ഞിരുന്നു,

"" നിന്റെ മാറിലെ മായാ ചന്തനപോട്ടെനിക്കല്ലേ.. എനിക്കല്ലേ... ""

ഞാനവളുടെ മാറിലേക്ക് മുഖം പൂഴ്ത്തി, ഒന്നിക്കിളി യാക്കി.. ഉടനെ..

"" അയ്യടാ.. "" സീനിലെ കാവ്യാ മാധവനെ പോലെ അവളൊരു തള്ള്.. ന്നിട്ടും പിടിവിടതെ ഞനവളുമായി കട്ടിലിലേക്ക് ചാഞ്ഞു., അവളുടെ മുഖത്തിന് മീതെ ഞാനെന്റെ ചൂണ്ടുവിരൽ ഉരസ്സികൊണ്ടിരുന്നു. ഞാനെന്റെ ചൂണ്ടുവിരൽ അവളുടെ മൂക്കിലൂടെ നീക്കി ചുണ്ടിലെത്തി അതിൽ രണ്ടുവിരലുകൾ കൊണ്ട് ചേർത്തു പിടിച്ചു,

"" പനിനീർപൂവിനൊത്തഴകു തോൽക്കും ഇന്ദ്രറാണി .. !! നീയേതു ഗന്ധർവ്വനിലാണ് അടിമപ്പെട്ടുപോയത്... ""

"" സ്വർഗ്ഗത്തിന്റെയും,, ദേവന്മാരുടെയും ദേവനായ ഇന്ദ്ര.. ഞാൻ നിന്നിലടിമപ്പെട്ടവളാണ്, ഈ ഇന്ദ്രന്റെ സ്വന്തം ഇന്ദ്രണി, അവിടെമറ്റൊരു ഗന്ധർവ്വനും പ്രവേശനമില്ല..""

"" അങ്ങനെയോ റാണി..നീ എന്നിൽ ആകിഷ്ടയായവളാണോ..? ""

"" അതിലെന്താ നാഥാ നിനക്കിന്നും ആശങ്ക?? ""

"" നിന്നിലെനിക്കുള്ളത് ആശങ്കയല്ല,, പ്രണയമാണ്, അടങ്ങാത്ത പ്രണയം.. അതിന്റെ പ്രതീകമെന്നോണമാണ് ഞാൻ നിന്നിൽ മഴയായി പെയ്തൊഴിയുന്നത്.. ""

www.kkstories.com

ഞാനവളുടെ നെറുകിൽ ചുണ്ടുചേർത്തു., ആ കരിങ്കൂവള മിഴിയിൽ, തേങ്കിണിയും ചെഞ്ചുണ്ടുകളിൽ..

"" ന്താണ് ന്റെ ഇന്ദ്ര ദേവന് ഇന്നി ഇന്ദ്രണിയോട് വല്ലാത്തൊരു ചെനേഗം... ""

അവളെന്റെ മീശപിരിച്ചു വച്ചുകൊണ്ട് ചോദ്യമെന്നിലെറിഞ്ഞു..

"" എനിക്കെന്റെ ഇന്ദ്രണിയോട് ന്നും സ്നേഹമല്ലയുള്ളൂ.. "" മുഖത്തേക്ക് വീഴുന്ന മുടിയിഴകളെ ചെവിക്ക് പിന്നിലേക്ക് മാടിയൊതുക്കി ഞാൻ അവളിലെ വശ്യ സൗന്ദര്യത്തിന്റെ മുന്നിൽ അകിഷ്ടനായി.

"" അതെ.. ന്റെ ദേവൻ ന്നും എന്നെ മാത്രമേ പ്രണയിക്കാവു.. ശ്വാസം പോലും നിക്കായി മാത്രമാകണം..'"

അവളെന്റെ മുഖത്തെക്ക് പ്രണയദ്രനായി നോക്കി,

"" ഇടക്ക് ഇന്ദ്രാണിയറിയാതെ മുള്ളാൻ പോവാൻ പറ്റോ.. ""

"" ന്താ....?? ""

"" ഹല്ല നീയല്ലേ പറഞ്ഞെ ശ്വാസം പോലും നിന്റെയാവണമെന്ന്.. അതോണ്ട് ചോദിച്ചുപോയതാ.. ""

അവള് കുറച്ചു നേരം ന്നെ നോക്കി പല്ലുരുമ്മി. ന്നിട്ട് കിറികെട്ടൊരു കുത്തും ചാടി എണ്ണിക്കാൻ ഒരു നോക്കലും.

"" കാലൻ ല്ലാം നശിപ്പിച്ചു.. ഞനൊന്ന് റൊമാന്റിക്കായി മൂടുപിടിച്ചു വരുവായിരുന്നു.. പോ... മാറ്,, ""

അവളെന്നെ തള്ളി മാറ്റാനായി ഒരു പാഴ്ശ്രമം നടതുന്നതിനിടയിൽ പറഞ്ഞു നിർത്തി

"" ഹാ അങ്ങനെയങ്ങ് പോകാതെടി ഇന്ദ്രാണി..""

ഞാനവളുടെ വയറിലൊന്ന് തൊട്ടു, പതിയെ..പതിയെന്ന് പറഞ്ഞാൽ വളരെ പതിയെ.. അതോടെ പെണ്ണ് പൂപോലെ ന്നോട് ചേർന്നങ്ങനെ കിടപ്പായി

കുറച്ചു നേരം അതെ കിടപ്പ്, ഒന്നും മിണ്ടണില്ല..

www.kkstories.com

"" ന്റെ വാവക്ക് ഏട്ടനോട് പിണക്കാ... ""

മ്മ്ഹും.. അവളില്ലെന്ന് തലയനക്കിയതും, ന്റെ കവിളിൽ ഒരു മുത്തം വീണതും ഒന്നിച്ച്..

"" എടി ഇങ്ങനെ കിടക്കാതെമ്മടെ കുഞ്ഞിനെപ്പോയി വിളിച്ചോണ്ട് വാടി. ""

"" ഹ്മ്.. അവളവരുടെ കയ്യിലിരുന്നോളുമെട്ടാ.. നികേങ്ങും പോകാൻ തോന്നണില്ല.. ഇവിടിപ്പോ നമ്മള് മാത്രം മതി.. നമ്മള് മാത്രം.. ""

അവളെന്നെയാ വാക്കൊടെ അണച്ചുപിടിച്ചു , സ്നേഹമെല്ലാം ഉള്ളിലൊതുക്കി ഞാനവളുടെ മാറിലേക്ക് മുഖം പൂഴ്ത്തി, അമ്മ തന്റെ കുഞ്ഞിനെ ചേർത്തുപ്പിടിക്കുന്നപ്പോൽ അവളെന്നെ അവളുടെ കുഞ്ഞാക്കി മാറോടണച്ചു.

****

"" ആമിസേ.... എടി ദേ കുഞ്ഞ് കരയണ്.., വാതല് തുറന്നെ നീ.. ""

ഡോറിന് അപ്പുറത്ത് നിന്ന് ഏട്ടത്തി ഒച്ചതിൽ വിളിക്കുമ്പോൾ ഞാനതെ കിടപ്പ് തന്നെയായിരുന്നു, ഞാൻ ചെറുതായി ഒന്ന് മയങ്ങിയോ, അതിനാലാക്കണം കണ്ണൊന്നു

തുറക്കാൻ പ്രയാസം.., അവളെന്നെ ഉണർത്താതെ ദേഹത്തുനിന്നെന്നെ ഇറക്കി കിടത്തി, ഡോറിനരികിലേക്ക് ചെന്ന്,

"" നീയെവിടെയിരുന്നു... ന്ത് വിളിവിളിച്ചു?? ""

ഏട്ടത്തി കുറച്ചു കടുപ്പത്തിലാണ്, അതുകൊണ്ട് മൈൻഡ് ആകാൻ നിന്നില്ല കണ്ണടച്ച് കിടന്ന്.

"" ഉറങ്ങിപ്പോയി ഏട്ടത്തി..?? ""

ചെറു കൊട്ടുവായിട്ടവൾ ഉറക്കത്തിന്റെ അലസ്യം കാട്ടി.

"" അവനോ...?? "" ഒന്നെത്തി നോക്കിയെന്ന് തോന്നുന്നു, പിന്നൊരു നിശ്വാസം കേട്ടു

"" ഓ മ്മടെ സാറും ഉറക്കമായിരുന്നോ.. ആഹ്ഹ് ഈ കള്ളിപ്പെണ്ണിതുവരെ ന്റെൽ കുറുമ്പോന്നുമിലായിരുന്നു.ഇപ്പോ ഭയങ്കര കരച്ചില് വിശന്നിട്ടാവും നീ പാല് കൊട്,, ""

ശെരിയെന്നും പറഞ്ഞു ഏട്ടത്തി ഡോറും ചാരി വെളിയിലേക്ക് ഇറങ്ങി, അവൾ കുഞ്ഞിനേം വാങ്ങി ഡോറും അടച്ചു കട്ടിലിൽ വന്നിരുന്നു, കുഞ്ഞപോളും ചെറിയ കരച്ചിലുണ്ട്,

www.kkstories.com

"" ഹാ തരാടി പെണ്ണെ.. അല്ലേലും നിന്റെ അപ്പക്കും അവിടെ കളിക്കുന്നതാ ഇഷ്ടം, അപ്പയും കൊള്ളാം മോളും കൊള്ളാം.. ""

അവള് പാലുകൊടുക്കാൻ നൈറ്റി താക്കുന്ന കൂട്ടത്തിൽ നികെട്ടൊരു തട്ട്..

"" കിടക്കണ കണ്ടില്ലേ.. കള്ളനാടി നിന്റെ അപ്പാ, പക്ഷെ പാവമാ, ഇച്ചിരി കള്ളത്തരം കയ്യിലുണ്ട് ന്നാലും നമ്മളെ ജീവനാ പാവത്തിന്., ഇതുപോലൊരു ഭർത്താവിനെ കിട്ടാൻ ഞാനും, ഇതുപോലൊരു നല്ല അച്ഛനെ കിട്ടാൻ നീയും ഭാഗ്യം ചെയ്തവരാ.. ""

അവളെന്റെ കവിളിൽ ഒന്ന് മുത്തി,കുഞ്ഞിനെ മാറിൽ നിന്ന് മാറ്റാതെതന്നെ.അവളുടെ മിഴികളിൽ നിന്ന് പൊഴിഞ്ഞ ശകലം ന്റെ കവിളിനെ നനയിക്കുമ്പോൾ, നിക്കും ഉള്ളിലൊരു സന്തോഷത്തിന്റെ പിടച്ചിൽ,

കുഞ്ഞിന് പാലും കൊടുത്ത് അവൾ കുളിക്കാൻ കയറി, അപ്പോളേക്കും ഞാൻ രണ്ടാമത്തെ ഉറക്കം പിടിച്ചിരുന്നു, അവളിറങ്ങുമ്പോളും ഞാൻ ഉറക്കത്തിലായിരുന്നു, അതുകൊണ്ടു അവളിറങ്ങിയതൊന്നും ഞാൻ അറിഞ്ഞില്ല.

"" ഏട്ടാ എണ്ണിറ്റെ.. ദേ സമയം കുറെയായി.. ""

അതും പറഞ്ഞവൾ കണ്ണാടിക്ക് മുന്നിൽ നിന്ന് കണ്ണിൽ കൺമഷി കൊണ്ടൊന്നു വരച്ചു നെറുകിൽ ചാർത്തിയ സിന്ദൂരതിന് പുറമെ നെറ്റിയിലും അവൾ ഒരു ചെറു കളഭക്കുറി വരച്ചു..

""കുഞ്ഞേന്തിയെടി...?? "" ഒരു കൈ തലക്ക് താങ്ങിക്കൊണ്ട് ഞാൻ അവളെ നോക്കി

"" കുഞ്ഞ് അമ്മേടെ കയ്യിലാ.. ""

"" സമയമെന്തായി... ""

ഞനൊന്ന് മൂരി നിവർന്നു,

"" ആറര കഴിഞ്ഞു ...."

"" ഏഹ് അതെങ്ങനെ ഞാൻ കിടന്നപ്പോ ആറായിരുന്നല്ലോ സമയം..!"" എനിക്ക് സംശയം..

"" എടൊ മനുഷ്യ അത് വൈകുന്നേരം ആറു.. ഇത് വെളുപ്പിന് ആറ്.."

"" വെളുപ്പിനെയോ..!!! ""

www.kkstories.com

ഞാനവളെ നോക്കുമ്പോൾ അവൾ അതേയെന്ന് തലയനക്കി താഴേക്ക് നടന്നു, ശെരിയാ രാവിലെ.. എന്നാലും അതെന്തൊരുറക്കമാട., ഉറക്കം വിട്ട മുഖവുമായി ഞാൻ ഒന്ന് ഫ്രഷ്യായി താഴേക്ക് ഇറങ്ങി, ഞാൻ ചെല്ലുമ്പോ കുഞ്ഞ് അച്ഛന്റെ കയ്യിൽ ആണ്, അവളുടെ വീട്ടുകാർ എല്ലാം തിരിച്ചു പോയിരുന്നു, അഞ്ചുന്റെ ക്ലാസ്സിന്റെ ന്തോ,, അച്ഛന്റെ കയ്യിലിരിക്കുന്ന കുഞ്ഞിനൊരുമ്മയും കൊടുത്ത് ഞാൻ വെളിയിലേക്ക് ഇറങ്ങി, കുറച്ചുനേരം ഇരുന്നതും അവളെനിക് കട്ടനുമായി വന്നു അതും കുടിച്ചിരിക്കുമ്പോളാണ് അച്ഛൻ കുഞ്ഞുമായി കട്ടള പടിയിൽ വന്നത്,

"" നിനക്കെന്ന ഇനി പോണ്ടേ.. ""

"" മ്മ്ഹ്ഹ്.. "" കാപ്പികുടിയോടെ തന്നെ ഞാൻ അച്ഛന്റെ മുഖത്തേക്ക് നോക്കി,

"" മോൾക്കൊരു തുലഭാരം നേർന്നിരുന്നു ഞാൻ.. ""

"" അതിനെന്താ പോകാം. അത് കഴിഞ്ഞേ ഞാനും പോണുള്ളൂ.. ""

"" ഹ്മ്മ്... ആഹ്ഹ്....ശേഖരാ ഒന്ന് നിന്നെടോ..!!

അവനെ ഇപ്പോ കണ്ടത് നന്നായി ആ തൊടിയിലെ തേങ്ങ ഇടറായി,, ഇപ്പോ പറഞ്ഞില്ലച്ച അവനെ പിന്നെ കിട്ടില്ല..

നീ മോളെയൊന്ന് പിടിച്ചേ.. ""

കുഞ്ഞിനെ ന്റെ കയ്യിൽ തന്നിട്ട് അച്ഛൻ സോപനത്തിൽ വിരിച്ച തോർത്തും തോളിലിട്ട് വെളിയിലേക്ക് ഇറങ്ങി,, അതോടെ ഞാനും ന്റെ മോളും മാത്രമായി അവിടെ.. കുറച്ചു നേരം കുഞ്ഞിനെ കളിപ്പിച്ചവിടെ ഇരിക്കുമ്പോൾ തോളിലോരടി..

"" മഞ്ഞത്ത് കുഞ്ഞിനേം കൊണ്ടിരിക്കാതെ കേറി പോടാ അകത്ത്.. ""

അകത്തേക്ക് വിരൽ ചൂണ്ടി ഏട്ടത്തി ഒച്ചയിടുമ്പോൾ സ്വാഭാവികമായും ഞാൻ അകത്തേക്ക് കുഞ്ഞുമായി ഓടിക്കയറി,

****

അങ്ങനെ വീണ്ടും ദിനങ്ങൾ പൊഴിഞ്ഞുകൊണ്ടിരിക്കെ കുഞ്ഞിന്റെ വളർച്ചയിലും മാറ്റങ്ങൾ വന്ന് തുടങ്ങി.., അവളുടെ തുലഭാരം കഴിഞ്ഞാണ് ഞാൻ തിരിച്ചു ഓഫീസിലേക്ക് മടങ്ങുന്നത്, ഗുരുവായൂരിൽ വച്ചായിരുന്നു ചടങ്ങ്, വീട്ടിൽ നിന്ന് എല്ലാരും ഉണ്ടായിരുന്നു,

ഞാൻ സ്വർണ്ണക്കര മുണ്ടും തോളിലൊരു കസവു മുണ്ടും, അവള് പച്ച ബ്ലൗസ്യിൽ സ്വർണ്ണക്കര സെറ്റ് സാരീ ഒരു ചന്ദനക്കുറി നെറുകിൽ സിന്ദൂരരേഖ, കണ്ണിൽ നേർത്ത കറുപ്പ് വരകൾ, അത് മതിയായിരുന്നു അവളെ സുന്ദരിയാക്കാൻ,, ഞാനും അവളും ഒന്നിച്ചാണ് കുഞ്ഞിനെ തുലഭാരം തൂക്കിയത്., അതങ്ങനെ കഴിഞ്ഞു. ഇപ്പോ വീട്ടിൽ നിന്ന് വന്നിട്ട് ഒരു മാസം ആകുന്നു, അവൾക്കും കുഞ്ഞിനും പൂർണ്ണ റസ്റ്റ് വേണമെന്ന് അമ്മ പറഞ്ഞത് കൊണ്ട് ഞാൻ മാത്രമാണ് തിരികെ പോന്നത്.., ഈ യാത്ര കുഞ്ഞിനേം അവളേം തിരിച്ചു എറണാകുളത്തേക്ക് കൊണ്ട് വരനാണ്, അതിനുള്ള യാത്രയിലാണ് ഞാൻ, അവളുടെ ക്ലാസ്സ് ഒരുപാട് മിസ്സ് അയക്കിലും നോട്സും കാര്യങ്ങളും അയച്ചു തന്നും പറഞ്ഞു തന്നും അവളെ സഹായിക്കാൻ കുട്ടികളെ പോലെ ടീച്ചേർസിനും മടുപ്പൊന്നുമില്ലായിരുന്നു.,

ജോലി കഴിഞ്ഞുള്ള ശനിയഴ്ച്ചത്തെ മടക്കയാത്രയിൽ ചെവിതല തരാതെ അവള് വിളിച്ചുകൊണ്ടേ ഇരുന്നു., വിശപ്പുണ്ടായിട്ടും കഴിക്കാതെ ഞാൻ വീട് പിടിച്ചു, ചെന്നിട്ട് അവിടുന്ന് അവളുണ്ടാക്കിയത് കഴിച്ചില്ലേൽ തല അടിച്ചു പൊട്ടിച്ചു കളയും പെണ്ണ്.., പോരാത്തതിന് രണ്ട് ദിവസം അവളുടെ വീട്ടിൽ കൂടെ നിൽക്കണം ന്നും ആള് പറഞ്ഞിട്ടുണ്ട് , ഡെലിവറി കഴിഞ്ഞ് പിന്നങ്ങോട്ട് പോയിട്ടില്ലയോ, സാധാരണയിലും വിപരിതമായി ആണല്ലോ ഇവിടെ കാര്യങ്ങൾ, അതോണ്ട് പോകാൻ ന്ന് വാക്കും കൊടുത്താണ് ഫോൺ വെച്ചത്,

വീട്ടിൽ എത്തി കതകിൽ മുട്ടിയപ്പോ അവളാണ് തുറന്നു തന്നത്,നേരം കുറച്ച് ഇരുട്ടിയിരുന്നു, ഏകദേശം 1 മണി.. ഈൗ... നിപ്പ് കണ്ടാലറിയാം കാത്തിരിക്കായിരുന്നുന്ന്

"" നീ ഉറങ്ങിയില്ലായിരുന്നോ...?'"

www.kkstories.com

ഷൂ അഴിച്ചു സൈഡിലേക്ക് നീക്കുന്ന കുട്ടത്തിൽ ബാഗ് ഞാൻ അവളുടെ കയ്യിലേക്ക് കൊടുത്തു,,

"" ഇല്ല.. ഇപ്പോളാ മോളുറങ്ങിയെ.. ""

അവളും ന്റെ കൂടെ അകത്തേക്ക് കയറി,

"" മ്മ്... നീ കഴിച്ചോ.. ഇല്ലാലോ ഞാൻ ദേ ഒന്ന് ഫ്രഷ് ആയിട്ട് ഓടി വരണ്... നീ എടുത്ത് വയ്ക്ക്.""

അതും പറഞ്ഞു ഞാൻ വെളിയിലേക്ക് ഇറങ്ങി, യാത്ര ചെയ്ത വന്നതുകൊണ്ട് കുഞ്ഞിനെ കിടത്തിയ മുറിയിലേക്ക് കയറിയില്ല അതാണ് കുളി പുറത്താക്കിയത്..

കുളിച്ചു കഴിഞ്ഞു അവള് തന്നെ എടുത്ത് തന്ന കൈലിയും ഉടുത്തു ഞാൻ വെളിയിലേക്ക് ഇറങ്ങി,

"" പത്തു പതിനൊന്നു മണിവരെ എല്ലാരും നോക്കിയിരിക്കയായിരുന്നു.. പിന്നെ വിളിച്ചപ്പോ വരാൻ വൈകുന്നും പറഞ്ഞത് കൊണ്ടാ എല്ലാരോടും പോയി കിടന്നോളാൻ പറഞ്ഞെ..""

"" അതേതായാലും നന്നായി, ന്റെ പെണ്ണിനോട് എനിക്ക് കുറച്ചു റൊമാന്റിക് ആയിട്ട് സംസാരിക്കലോ..?? ""

ഞാൻ അവളുടെ താടിതുമ്പിൽ പിടിച്ചട്ടി അവളോടൊത് കൊഞ്ചി

"" മ്മ് ന്താ മോന്റെ ഉദ്ദേശം.. കുച്ചിനൊരു വയസ്സ് പോലും ആയിട്ടില്ല.. അതിന് മുന്നേ നിങ്ങള് ന്നെ വീണ്ടും ചെന പിടിപ്പിക്കൊ.. ""

"" ആഹ്ഹ് ചിലപ്പോ.. ""

പിന്നെ അവളും ഞാനും അങ്ങോട്ടുമിങ്ങോട്ടും വിളമ്പികൊടുത്തും വാരിയുമാണ് കഴിച്ചത്..

****

ഡോറിൽ ശക്തമായ മുട്ട് കേട്ടാണ് ഞാൻ കണ്ണ് തുറക്കുന്നെ.. ഉണർന്നതേ നോക്കിയത് തൊട്ടിലിൽ ആണ്,, മ്മ് ചുന്ദരി പെണ്ണുറക്കമാ.. പിന്നേം മുട്ട് കേട്ടപ്പോ

"" ദാ വരണു..."" ഇട്ടിരുന്ന ചുരിദാർ ടോപ് വലിച്ചു താത്തു, പടർന്നു വീണ മുടികൾ കൈകൊണ്ടോന്ന് മാടിയൊതുക്കി, തിരിഞ്ഞു ബെഡിലേക്ക് നോക്കുമ്പോൾ ന്തൊരുറക്കമാണെന്ന് നോക്കിയേ ദുഷ്ടൻ.. ഇന്നലെ ഒറങ്ങാൻ കൂടി കൂട്ടാക്കില.., രാത്രിയിൽ എപ്പോളോ ഊരി എറിഞ്ഞ തുണികൾ എടുത്തിടുന്നത് ഓർമ്മയുണ്ട്,

ചെന്ന് ഡോർ തുറന്നപ്പോ ഏട്ടത്തി ആണ്, ചായ ന്റെ കൈയിൽ തന്നിട്ട് ന്നെ ഒന്ന് നോക്കി ചിരിച്ചു,

"" ന്തിനാ ഏട്ടത്തി ഇത്രേം രാവിലെ ചായ കൊണ്ട് വന്നേ കുറച്ചൂടെ കഴിഞ്ഞിരുന്നേൽ ഞാൻ അടുക്കളയിലോട്ട് തന്നെ വരാതില്ലായിരുന്നോ..""

അതിനേട്ടത്തി ന്നെ ഒന്ന് നോക്കി, ന്നിട്ട് എന്തോ മനസിലായപോലെ തലയൊന്നിളക്കി കാട്ടി

"" എടി പെണ്ണെ സമയമെന്തായിന്നാ നിന്റെ വിചാരം ഏഹ്.... ""

"" അഞ്ചു മണി...ആ നേരത്തല്ലേ ഞാൻ സാധാരണ എണ്ണിക്കാറു.. പിന്നെന്താ.. ""

"" എടി പെണ്ണെ സമയം നോക്ക് എട്ടായി..""

അതും പറഞ്ഞേട്ടത്തി തിരിഞ്ഞതും എട്ടോ.. ന്നും ചോദിച്ചു ഞാൻ അലറി.., ഉടനെ

"" ദേ... പിന്നെ ദൃതി പ്പിടിച്ചോടി വരുന്നതൊക്കെ കൊള്ളാം ആ ചുരിദാറ് നേരെ ചൊവ്വേ ഇട്ടിട്ടങ്ങോട്ട് വന്ന മതി.. ""

അപ്പോളാണ് ഞാൻ കണ്ണാടിയിലൊന്ന് നോക്കുന്നെ,, സത്യം പറയാലോ അവിടെ നിന്നങ്ങ് തീർന്ന മതിന്നായിപ്പോയി, രാവിലെ കേറ്റി ഇട്ടപ്പോ ചുരിദാറിന്റെ തല തിരിഞ്ഞു പോയ്, മുഖത്താകെ സിന്ദൂരം പടർന്നിരിക്കുന്നു,, ഞാൻ അപ്പോളേ പറഞ്ഞതാ സിന്ദൂരം രാത്രി തൊടണ്ട ന്ന് ആരു കേൾക്കാൻ..ന്തായാലും മാനം പ്പോയി. ശെടാ ഇനി ഞാൻ എങ്ങനെ ഏട്ടത്തിയുടെ മുഖത്തു നോക്കും. സമയം ഇത്രേം ആയെന്നറിഞ്ഞപ്പോ തന്നെ പകുതി ഗ്യാസ് പ്പോയി , നേരെ പ്പോയി കുളിച്ചു ഡ്രെസ്സും ഇട്ട് താഴേക്ക് ഇറങ്ങുമ്പോൾ ആകെയൊരു ചമ്മൽ ആയിരുന്നു, ന്നാൽ ഏട്ടത്തി പിന്നീട് അത് പറഞ്ഞൊന്നു കളിയാക്കുകയോ ഒന്നും ചെയ്തില്ല.. പിന്നെ പഴേ പോലെ തന്നെ അങ്ങോട്ട് പണിയിൽ ഇടപെടാൻ തുടങ്ങി, ഏട്ടന് ചായ ഇതിനിടക്ക് കൊണ്ടോയ് കൊടുത്തിരുന്നു.

അങ്ങനെ ഒരു മൂന്നുമണിയോടെ ഞങ്ങൾ ന്റെ വീട്ടിലെക്ക് യാത്രയായി, കാറിൽ ആയിരുന്നു ഞങ്ങൾ പോയത്, കുഞ്ഞുടുപ്പിട്ട് ഞങ്ങളുടെ ചുന്ദരിയും ഉണ്ടായിരുന്നു കൂടെ, അവൾക്കുള്ള വെള്ളം ബോട്ടിലിൽ ആക്കി എടുത്തിരുന്നു, അതും കുടിച്ചാണ് പെണ്ണ് ന്റെ മടിയിൽ ഇരിക്കുന്നെ.., ഒരു നാലരയോടടുത്തു ഞങ്ങൾ വീട്ടിൽ എത്താൻ, ചെന്നതും ആമിയുടെ തോളിൽ ഉറക്കം തൂങ്ങിയ കൊച്ചിനേം എടുത്ത് അഞ്ചു മുന്നേ നടന്നു,

"" ആ ലെഗെജ് മാത്രമല്ല.. ദോണ്ടേ ഇതുമുണ്ട്.. ""

കാറിന്റെ ഡിക്കി തുറന്നു അടുക്കി വെച്ചിരുന്ന പെട്ടികൾ കാണിച്ചു ഞാൻ പറഞ്ഞതും

"" ഓ തല്കാലം ഈ ലെഗെജ് മാത്രമേ എന്നെകൊണ്ട് എടുക്കാൻ പറ്റു.. ""

അവളതും പറഞ്ഞു അകത്തേക്ക് ഓടി, കുട്ടത്തിൽ അമ്മേ ന്ന് പറഞ്ഞു കാറുന്നുമുണ്ട്, ഞാൻ പെട്ടി എടുക്കാൻ കുനിഞ്ഞപ്പോ ന്റെ കൂടെ ഒരാളുടെ കുനിയുന്നു, മുഖത്തേക്ക് നോക്കി ന്താ.. ന്ന് പുരികം അനക്കുമ്പോൾ

"" അല്ല.. പെട്ടി എടുക്കാൻ... ""

"" ആര്... നിയോ..? ""

അതേയെന്ന് തലയനക്കി ന്റെ അടുത്ത നീക്കത്തിനായി കാത്തിരിക്കയാണ് പെണ്ണ്.

"" കേറിപ്പൊക്കോണം... അവള് പെട്ടി ഉണ്ടാക്കാൻ വന്നേക്കുന്നു . ""

ന്റെ ശബ്ദം വീണില്ല അതിന് മുന്നേ അവളകത്തു കയറി.. ചിരിയോടെ പെട്ടിയും എടുത്ത് അകത്തേക്ക് കയറുമ്പോൾ കുഞ്ഞിനേം കളിപ്പിച്ചു അമ്മായിയമ്മയും അഞ്ജുവും വെളിയിലേക്ക് വന്ന്..

"" ചെറിയമ്മേടെ മീനൂട്ടി ചിരിക്കയാണോടാ.. ""

അഞ്ചു കുഞ്ഞിന്റെ കയ്യിൽ പിടിച്ചാട്ടി കളിപ്പിക്കുമ്പോൾ, ന്ത് മനസിലായിട്ടാണെന്ന് അറിയില്ല കുഞ്ഞു ചിരിക്കുന്നുണ്ട്.,

www.kkstories.com

"" ഹാ ഇനി അതിനെ പറഞ്ഞു കരയിക്കണം.. ഇവളെന്റെന്ന് വാങ്ങിക്കും.. ""

"" താൻ പോടോ.. ""

"" പോടോന്നോ..?? ""

ബാഗും അവിടെ വെച്ച് അവൾക്ക് പിന്നാലെ ഓടുമ്പോൾ അവൾ കുഞ്ഞിനെ അമ്മയുടെ കയ്യിൽ കൊടുത്തകത്തേക്ക് ഒറ്റ ഓട്ടം ഞാൻ അറിഞ്ഞില്ല ഈൗ പന്നിക്ക് ഇത്രേം സ്റ്റാമിന ഉണ്ടെന്ന്,, പുല്ല് വേണ്ടായിരുന്നു.. അവസാനം അവള് തന്നെ പൊക്കി ന്നെ അകത്തേക്ക് കൊണ്ട് പ്പോയി.., ചുമ്മാതൊന്നുമല്ല ചുമട്ടു കൂലിയായിട്ട് 500 ന്റെ ഒരു താളാണ് പെണ്ണ് പോക്കറ്റിൽ നിന്ന് വലിച്ചത്., ഇങ്ങെനെ പോയാൽ ഇവിടെ ചുമട്ടു തൊഴിലാളികളുടെ എണ്ണം കൂടും.

****

ന്നെ റൂമിലാക്കി തിരിച്ചു ചാടി തുള്ളി പോകുന്നവളെ നോക്കി കണ്ണ് മിഴിക്കുമ്പോൾ, ഇവളല്ലേ നുമ്പേ റബ്ബർ പന്തുപ്പോലെ പാഞ്ഞത് എന്നോർത്ത് പോയി, ന്റെ അന്തം വിട്ടുള്ള നോക്ക് കണ്ടപ്പോളെ ആമി ചിരി കടിച്ചു പിടിക്കുന്നത് കേൾകാം.

"" വല്ല കാര്യോം ഉണ്ടായിരുന്നോ നിങ്ങൾക്ക്,. ""

"" പൊടി.. പൊടി.. ""

ഞാൻ ബെഡിലേക്ക് മറിഞ്ഞു, ഹോ ഇപ്പോ ഒരു സുഖമൊക്കെ ഉണ്ട് അമ്പോ...!

"" ന്നാ ഞാൻ പ്പോയൊരു ചായ ഇടാം,, ഉറങ്ങി കളയരുതേ... "".

അതിനൊരു മൂളലിൽ വാക്കുകൾ ഒതുക്കി ഞാൻ എഴുനേറ്റു ബാത്റൂമിൽ കയറി ഒന്ന് കുളിച്ചു, തിരിച്ചിറങ്ങുമ്പോൾ ചായ അടച്ചു വച്ചിട്ടുണ്ട്, ബ്ലാക്ക് കളർ ഷർട്ടും ഒരു കൈലിയും ഇട്ട് മുടിയും ചീകി ഞാൻ ചായയുമായി വെളിയിലേക്ക് ഇറങ്ങി, അടുത്തുള്ള കുറച്ചാളുകൾ കുഞ്ഞിനേം അവളേം കാണാൻ എത്തിയിരുന്നു,

""ആഹ്ഹ് അജു മോനെ എന്തൊക്കെയുണ്ട് വിശേഷം..""

അടുത്തുള്ള ഒരു ചേച്ചി, എന്താണെന്ന് അറിയില്ല നിക്കിവരെ കാണുമ്പോൾ കലി വരും ഒരുമാതിരി ഓന്തിനുണ്ടായ പച്ചില വാണം, ആരുടെ എന്താ ന്ന് ആലോചിച്ചു നടക്കുന്ന ടീം ആണ്,

"" അഹ് ഒരു കൊച്ചോണ്ടായി..അതാ ലേറ്റസ്റ്റ് ആയിട്ടുള്ള വിശേഷം...ന്തേ..""

www.kkstories.com

ഒരു കോമഡി രീതിയിൽ പറഞ്ഞതാണെങ്കിലും അതവർക്കിട്ട് കൊണ്ടു ന്നെനിക് അവരുടെമുഖഭാവത്തിലൂടെ മനസിലായി. ന്നാൽ അടുത്തുള്ള ബാക്കിയാളോളുകൾ ചിരിക്കുന്ന കണ്ടപ്പോ അവര് ഒന്ന് ചമ്മുന്നതായി തോന്നി, ആമി ന്നെ നോക്കി കണ്ണുരുട്ടുണ്ട് ആഹ്ഹ് പോ..

_____

വന്നതുമുതൽ കുഞ്ഞിനെ താഴെ വച്ചിട്ടില്ല അവരാരും, കളിപ്പിച്ചും കൊഞ്ചിച്ചും കൊതി തീരാത്തപ്പോലെ, അതെല്ലാം കണ്ടുകൊണ്ട് ഞാനും ന്റെ സഹദർമ്മിണിയും ആ നിമിഷത്തിന് സാക്ഷ്യം വഹിച്ചോണ്ടിരുന്നു.

"" ആമി പറ്റുമെങ്കിൽ നീപ്പോയൊരു ചായയിട്ടോണ്ട് വരോ.. ""

എറേനേരമായി ആരുടെ കളിക്കണ്ടുകൊണ്ടിരുന്ന ആമിയെ ഞ്ഞോടി വിളിച്ചു ഞാൻ,

"" ദേ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട് ന്നോട് ഒരുമാതിരി അപേക്ഷ പോലെ പറയരുതെന്ന്, ഇട്ട് തരാനങ്ങ് പറഞ്ഞാ പോരെ, ഇനി പറ വായ്യില് കനല് കോരിയിട്ടുതരും ഞാൻ.. ""

അവളോരോന്ന് പറഞ്ഞു അകത്തേക്ക് പോയി, അത് കണ്ട് ന്താന്ന് ചോദിച്ച അഞ്ജുനോട് ഒന്നുമില്ലെന്ന് ചിരിയോടെ മുരടനക്കി ഞാൻ വീണ്ടും അവിടിരുന്നു, കുറച്ചു കഴിഞ്ഞതും എല്ലാർകുമായുള്ള ചായയുമായിയാണ് അവള് വന്നത് ആദ്യം ന്റെൽ തന്നു അവളും ഒന്നെടുത്തു, പിന്നെ അവരെ വിളിച്ചു അവർക്കും കൊടുത്തോരോന്ന്.. അഞ്ചു കയ്യിലെ ചായ ഊതി കുടിക്കുന്നതും നോക്കി അവളുടെ തന്നെ എളിയിൽ ഇരിക്കയാണ് കുഞ്ഞി പെണ്ണ്..

"" ചെറിയമ്മേടെ പൊന്നിനിതു കുച്ചാൻ പറ്റില്ലെടാ.. വേണേൽ ഇച്ചിരി തരാട്ടോ..., ""

അവളൊരു വിരൽ കാപ്പിയിൽ മുക്കി കുഞ്ഞിന് നാവിൽ തോട്ടുകൊടുത്തു, അവളത് ചുണ്ടു മുഴുവനായും ഉറിഞ്ചിനുണഞ്ഞു,.

"" കുച്ചനോ..?? ന്തോന്ന് കുച്ചാൻ..!? ഒന്നുല്ലേലും നീയൊരു ഡിഗ്രി വിദ്യാർത്ഥി അല്ലേടി.. അതിന്റെ അന്തസ്സെങ്കിലും കാണിക്ക്.. ചെ..."" ഞാൻ പരിഹസിച്ചോണ്ട് അഞ്ചുനേ നോക്കുമ്പോൾ

"" ചേച്ചിയിത് കണ്ടോ വെറുതെ കളിയാക്കുന്നെ..""

"" അഹ് ഏട്ടാ ചുമ്മായിരുന്നേ.. അവളെ ചുമ്മാ കളിയാക്കല്ലേ.. ""

"" ടി... നീയിങ്ങ് വന്നേ..!!"" ഞാൻ അഞ്ചുനേ അടുത്തേക്ക് വിളിച്ചു, അവള് ഉടനെ അടുത്തേക്ക് വരുകേം ചെയ്ത്..

"" നിനക്ക് ബിയർ വേണോ..?? ""

ഞാനത് പറഞ്ഞതും രണ്ടും ഒറ്റ ഞെട്ട്.., ന്നാൽ അടുത്ത നിമിഷം

